# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 05, ചൊവ്വ

## ഔദ്യോഗിക റിപ്പോർട്ട്

വാല്യം 188 - നമ്പർ 5

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 05, ചൊവ്വ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II അടിയന്തരപ്രമേയം**

ആവിക്കൽതോട് മാലിന്യസംസ്കരണ പ്ലാന്റിനെതിരെയുള്ള പ്രതിഷേധസമരം
- ഡോ. എം. കെ. മുനീർ
(അവതരണാനുമതി നിഷേധിച്ചു.)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന നടപടി തിരുത്തൽ
- ശ്രീ. പി. നന്ദകുമാർ

(2) മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി
- ശ്രീ. കെ. പി. എ. മജീദ്

**IV സബ്മിഷൻ**

(1) വെള്ളയിൽ പോലീസ് സ്റ്റേഷൻ നിർമ്മാണം
- ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

(2) സുൽത്താൻ കനാലിന്റെ പാർശ്വഭിത്തി പുനർനിർമ്മാണം
- ശ്രീ. എം. വിജിൻ

(3) പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജിലെ ഭൂമിക്ക് കരം
- ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

(4) സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കാൻ നടപടി
- ശ്രീ. പി. ടി. എ. റഹീം

(5) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി
- ശ്രീ. തോമസ് കെ. തോമസ്

(6) യാത്രാനിരോധനം
- ശ്രീ. എൻ. ഷംസുദ്ദീൻ

(7) മാധ്യമ പ്രവർത്തകർക്കുള്ള പെൻഷൻ
- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(8) വടകര മോഡൽ പോളിടെക്നിക്കിന്റെ പ്രവർത്തനം
- ശ്രീമതി കെ. കെ. രമ

(9) പി.എസ്.സി. വഴി നിയമനം
- ശ്രീ. എ. എൻ. ഷംസീർ

(10) ചാത്തന്നൂരിൽ സബ് ആർ.ടി. ഓഫീസ്
- ശ്രീ. ജി. എസ്. ജയലാൽ

## V ധനകാര്യം

2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ
ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം
ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 05, ചൊവ്വ

---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 5

---

നിയമസഭ 2022 ജൂലൈ മാസം 05-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ......... ചോദ്യം നമ്പർ (*121)

### കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്

1(*121) ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ വിഭജിച്ച് കെ-സ്വിഫ്റ്റ് എന്ന പേരിൽ ഒരു ഗതാഗത കമ്പനി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കമ്പനിയുടെ കീഴിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനുപകരം കെ-സ്വിഫ്റ്റ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിച്ചത് കെ.എസ്.ആർ.ടി.സി.-യുടെ തകർച്ചയ്ക്ക് ആക്കം കൂട്ടുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ,

(എ & ബി) കെ.എസ്.ആർ.ടി.സി.-യെ വിഭജിച്ച് കെ-സ്വിഫ്റ്റ് എന്ന പേരിൽ ഒരു ഗതാഗത കമ്പനി രൂപീകരിച്ചിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക, കിഫ്ബി ലോൺ മുഖാന്തരവും പ്ലാൻ ഫണ്ട് ഉപയോഗിച്ചും വാങ്ങുന്ന പുതിയ ബസ്സുകൾ, നിലവിലെ ദീർഘദൂര ബസ്സുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിനുകീഴിൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന സ്വതന്ത്ര കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി 'വാഹന വ്യൂഹങ്ങളുടെ നവീകരണവും ആധുനികവത്കരണവും' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനായി 116 ബസ്സുകൾ വാങ്ങുകയുണ്ടായി. ഇത്തരത്തിൽ ലഭ്യമാക്കിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ പേരിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് അന്തർസംസ്ഥാന സർവ്വീസുകളുൾപ്പെടെയുള്ള ദീർഘദൂര സർവ്വീസുകളുടെ നടത്തിപ്പിനായി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്

കൈമാറുകയും ചെയ്തിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

20 Semi Premium Fully Built AC Seater ബസ്സുകളും 8 Premium Class Fully Built Multi Axle AC Sleeper ബസ്സുകളും 88 Fully Built Non-AC Air Suspension ബസ്സുകളുമാണവ.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് 10 വർഷത്തേയ്ക്കുള്ള ഒരു താത്കാലിക കമ്പനിയാണ്. ആയതിനാൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ എല്ലാ നിയമനങ്ങളും കരാറടിസ്ഥാനത്തിൽ മാത്രമാണ് നടത്തുന്നത്. യാതൊരു വിധത്തിലും സ്ഥിരനിയമനങ്ങൾ ഉണ്ടായിരിക്കുന്നതല്ല. മാനേജ്മെന്റ്തലത്തിലുള്ള പുതിയ 5 തസ്തികകളിൽ 5 വർഷത്തെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 19-02-2021-ലെ സ.ഉ.(കൈ) നം. 7/2021/TRANS പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ബസ്സുകൾ ഓടിക്കുന്നതിനാവശ്യമായ ഡ്രൈവർ-കം-കണ്ടക്ടർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുപ്രകാരം 489 ഡ്രൈവർ-കം-കണ്ടക്ടർമാരെ നിയോഗിച്ചിട്ടുണ്ട്.

(സി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ കാര്യക്ഷമമാക്കാനാണ് സ്വിഫ്റ്റ് രൂപീകരിച്ചത്. ഈ ബസ്സുകളിൽനിന്നുള്ള

വരുമാനം കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിലേയ്ക്കാണ് അടയ്ക്കുന്നത്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, കെ-സ്വിഫ്റ്റ് പ്രവർത്തനമാരംഭിച്ച് നാളുകളേറെയായിട്ടും കെ.എസ്.ആർ.ടി.സി.-യിലെ സർവ്വീസുകൾ വർദ്ധിപ്പിക്കുകയോ പുനരുജ്ജീവന പദ്ധതികൾ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. അതേസമയം ലാഭത്തിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര റൂട്ടുകൾ കെ-സ്വിഫ്റ്റിനായി പിടിച്ചെടുത്തതോടെ ഈ റൂട്ടുകൾ കൈകാര്യം ചെയ്തിരുന്ന ജീവനക്കാർ വെറുതെയിരുന്ന് ശമ്പളം വാങ്ങുന്ന സാഹചര്യമാണ്. ഇത് സ്വാഭാവികമായി കോർപ്പറേഷൻ അടച്ചുപൂട്ടുന്നതിലേയ്ക്ക് നയിക്കുമോ; ഇല്ലെങ്കിൽ കോർപ്പറേഷൻ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

<u>ശ്രീ. ആന്റണി രാജു</u>: സർ, കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടുകൂടിയാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് രൂപീകരിച്ചിട്ടുള്ളത്. കെ-സ്വിഫ്റ്റ് എന്ന കമ്പനി കെ.എസ്.ആർ.ടി.സി.-ക്ക് ഇല്ല; കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റാണുള്ളത്. കെ.എസ്.ആർ.ടി.സി.-ക്ക് Average salary per person 34,723/- രൂപയാണെങ്കിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ Average salary per person 13,786/-

രൂപയാണ്, അതായത് ഏതാണ്ട് മൂന്നിൽ ഒന്ന്. ക്രൂ വേജസ് per kilometer കെ.എസ്.ആർ.ടി.സി.-ക്ക് 17.90 രൂപയാണെങ്കിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് വെറും 5.90 രൂപയാണ്. പ്രൊഡക്ടിവിറ്റി അതായത്, kilometer run by crew കെ.എസ്.ആർ.ടി.സി.-യിൽ 1940 kilometer per person ആണെങ്കിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ 2709 ആണ്. ആവറേജ് ബസ് യൂട്ടിലൈസേഷൻ കെ.എസ്.ആർ.ടി.സി.-യിൽ 340 കിലോമീറ്റർ ആണെങ്കിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ 492 കിലോമീറ്ററാണ്. ഭാവിയിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമാകുന്നതിനുവേണ്ടിയാണ് ഇങ്ങനെയുള്ള മെച്ചപ്പെട്ട സംവിധാനം കൊണ്ടുവന്നത്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ എല്ലാ ലാഭവും ആസ്തിയും പത്തുവർഷം കഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യിലേയ്ക്കുതന്നെ വന്നുചേരും. നിലവിലുള്ള സംവിധാനമനുസരിച്ച് കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാനുള്ള സാധ്യത വളരെ പരിമിതമാണ്. കാരണം, നിലവിലുള്ള സ്റ്റാഫ്-ബസ് റേഷ്യോ വളരെ കൂടുതലാണ്. കർണ്ണാടകത്തിൽ സ്റ്റാഫ്-ബസ് റേഷ്യോ 4.93 ആണെങ്കിൽ കേരളത്തിൽ 6.93 ആണ്. നാഷണൽ ആവറേജ് 5.5 ആണ്. മാത്രമല്ല, സാധാരണഗതിയിൽ സംസ്ഥാന ഭാരവാഹികളായ രണ്ടോമൂന്നോ പേർക്കാണ് ട്രേഡ് യൂണിയൻ പ്രൊട്ടക്ഷൻ

കൊടുക്കുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ ഒരു യൂണിറ്റിൽ മൂന്നുപേർക്ക് പ്രൊട്ടക്ഷൻ കിട്ടുന്നുണ്ട്. ഏതാണ്ട് നാനൂറോളം യൂണിയൻ നേതാക്കന്മാർക്ക് പ്രൊട്ടക്ഷൻ കൊടുത്താൽ എങ്ങനെയാണ് യൂണിറ്റ് തലത്തിൽ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കാൻ കഴിയുക? എന്തുചെയ്താലും അവർക്ക് പ്രൊട്ടക്ഷൻ ലഭിക്കുന്നുണ്ട്. അംഗീകൃത യൂണിയനുകൾക്കെല്ലാം പ്രൊട്ടക്ഷൻ കിട്ടുന്ന കേരളത്തിലെ ഏക സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. അത്തരം കാര്യങ്ങളിൽ മാറ്റം വരുത്താനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള ചർച്ചകൾ ഉടൻ ആരംഭിക്കും. നിലവിലുള്ള സംവിധാനത്തിൽ കെ.എസ്.ആർ.ടി.സി.-യെ ഒരുദിവസംകൊണ്ട് അഴിച്ചുപണിയുക എളുപ്പമല്ല. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസുകൾ മെച്ചപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന സ്വതന്ത്ര കമ്പനി രൂപീകരിച്ച് പ്രവർത്തനം നടത്തിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ പരിപൂർണ്ണമായി കോൺട്രാക്ട് അടിസ്ഥാനത്തിലാണ് ഡ്രൈവർ-കം-കണ്ടക്ടറെ നിയമിക്കുന്നത്. എട്ട് മണിക്കൂർ ഡ്യൂട്ടിക്ക് ഡ്രൈവർക്ക് 715/- രൂപയാണ് ലഭിക്കുന്നത്. ഒരു മണിക്കൂർ അധികം ഡ്യൂട്ടി ചെയ്താൽ 75-100 രൂപയേ ലഭിക്കുന്നുള്ളൂ. ഇത്തരം വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടാണ്

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുന്നത്. ഇപ്രകാരമല്ലാതെ പൊതുഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി.-യെ നിലനിർത്താനും ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താനും കഴിയില്ല.

ശ്രീമതി കെ. കെ. രമ: സർ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനുവേണ്ടി 700 പുതിയ സി.എൻ.ജി. ബസ്സുകൾ വാങ്ങാൻ തീരുമാനമുണ്ടായതായി അറിയുന്നു. മറ്റ് പല സംസ്ഥാനങ്ങളിലും സി.എൻ.ജി. ബസ്സുകൾ നഷ്ടമെന്ന് കരുതി ഉപേക്ഷിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇതിനേക്കാൾ ഇരട്ടി എണ്ണം ഡീസൽ ബസ്സുകൾ വാങ്ങാവുന്ന വിലകൊടുത്ത് സി.എൻ.ജി. ബസ്സുകൾ വാങ്ങിക്കൊണ്ടിരിക്കുന്നത്. സി.എൻ.ജി. പമ്പുകൾ ഇവിടെ സുലഭമല്ല. ഈ സാഹചര്യത്തിൽ പുതിയതായി വാങ്ങുന്ന ബസ്സുകൾക്ക് സി.എൻ.ജി. ഇന്ധന ലഭ്യത ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ആന്റണി രാജു: സർ, അടുത്ത ചോദ്യം സി.എൻ.ജി.-യെക്കുറിച്ചാണ്. ആ ചോദ്യത്തിനോടൊപ്പം ഇതിന് ഉത്തരം പറഞ്ഞാൽ മതിയോ?

മി. സ്പീക്കർ: അടുത്ത ചോദ്യത്തിന് പറയാനുള്ള ഉത്തരം അടുത്ത ചോദ്യത്തിന് നൽകുക. ഇതിന് ഉത്തരം പറയാനുണ്ടെങ്കിൽ ഇപ്പോൾ

പറയുക.

<u>ശ്രീ. ആന്റണി രാജു</u>: സർ, സ്വിഫ്റ്റിനുവേണ്ടി 700 സി.എൻ.ജി. ബസ്സുകൾ വാങ്ങാനുള്ള തീരുമാനമെടുത്തെങ്കിലും പ്രസ്തുത നിർദ്ദേശം വന്ന 2021 ഡിസംബറിൽ സി.എൻ.ജി.-യുടെ വില 54.62 രൂപയായിരുന്നു. ആറ് മാസം കഴിഞ്ഞപ്പോൾ സി.എൻ.ജി.-യുടെ വില 83/- രൂപയായി. ആറ് മാസംകൊണ്ട് സി.എൻ.ജി.-ക്ക് ഒരു കിലോഗ്രാമിന് 30/- രൂപയാണ് വർദ്ധിച്ചത്. അതേസമയം ഡീസലിന് ഈ കാലയളവിൽ വെറും 12/- രൂപയാണ് വർദ്ധിച്ചത്. അതുകൊണ്ട് ഇതിനെക്കുറിച്ച് ഗൗരവമായി പരിശോധിക്കുകയാണ്. സി.എൻ.ജി.-യിലേയ്ക്ക് മാറുമ്പോൾ ഡീസലിനേക്കാൾ വിലയാണ് വരുന്നതെങ്കിൽ നഷ്ടമുണ്ടാകും. സി.എൻ.ജി. ബസ്സുകൾക്ക് ഡീസൽ ബസ്സുകളേക്കാൾ വില ഇരട്ടിയല്ല. ഡീസൽ ബസ്സുകൾക്ക് 30-35 ലക്ഷം രൂപയാണെങ്കിൽ സി.എൻ.ജി. ബസ്സുകൾക്ക് 37-40 ലക്ഷം രൂപ വരെയാണ്. ഇലക്ട്രിക് ബസ്സുകൾക്കാണ് ഇരട്ടിയിൽ കൂടുതൽ വില വരുന്നത്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര ബസ്സുകളിൽ ലാഭകരമായി പ്രവർത്തിക്കുന്ന ബസ്സുകളാണ് ഇപ്പോൾ കെ-സ്വിഫ്റ്റ് എന്ന കമ്പനിക്ക്

കൈമാറിയിട്ടുള്ളതെന്ന് പറഞ്ഞു. ഇതിലൂടെ കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യുടെ സ്വാഭാവിക മരണത്തിലേയ്ക്കാണ് ഗവൺമെന്റ് കൊണ്ടെത്തിച്ചിരിക്കുന്നത്. കെ-സ്വിഫ്റ്റിലെ ഡ്രൈവർക്ക് 750/- രൂപയാണ് പ്രതിദിന വേതനമായി കൊടുക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. പരിജ്ഞാനമുള്ള ഡ്രൈവർമാരുടെ സേവനം ലഭ്യമാകാത്തതുമൂലം എത്ര ബസ്സുകൾ അപകടത്തിൽപ്പെട്ടു; എത്രപേർ മരണപ്പെട്ടു; ഇതുമൂലം കെ-സ്വിഫ്റ്റ് കമ്പനിക്ക് നാളിതുവരെ എന്ത് നഷ്ടമാണുണ്ടായിട്ടുള്ളത്?

<u>ശ്രീ. ആന്റണി രാജു</u>: സർ, ഇതൊക്കെ പെരുപ്പിച്ച് പറയുന്ന കണക്കുകളാണ്. കേരളത്തിലെ സ്വകാര്യ ബസപകടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്, കെ.എസ്.ആർ.ടി.സി. ബസ്സുകൾ എന്നിവ അപകടത്തിൽപ്പെടുന്നതിന്റെ എണ്ണം വളരെ കുറവാണ്. കെ.എസ്.ആർ.ടി.സി. കേരളത്തിലെ സ്വകാര്യ ബസ്സുടമകളുടെ വരുമാനം കുറയ്ക്കുമെന്ന് കണ്ടപ്പോൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനെതിരെ പ്രചരണവുമായി ചില ശക്തികൾ രംഗത്തുവന്നു. ബസ്സിന്റെ മിററോ സൈഡോ ഒന്ന് തട്ടിയാൽ അത് പത്രത്തിന്റെ മുൻപേജ് വാർത്തയും ചാനലുകളുടെ ബ്രേക്കിംഗ് ന്യൂസുമാകും. കെ.എസ്.ആർ.ടി.സി. സ്വഫ്റ്റ് ബസ്

മുഖേനയുള്ള അപകടത്തിൽ ഒന്നോ രണ്ടോ മരണം സംഭവിച്ചിട്ടുണ്ടാകാം. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകളുടെ മുൻവശത്ത് ക്യാമറയുണ്ട്. അപകടത്തിൽപ്പെട്ട സ്വിഫ്റ്റ് ബസ്സിന്റെ ക്യാമറ പരിശോധിച്ചപ്പോൾ കെ.എസ്.ആർ.ടി.സി. ബസ് പോയ പാതയിലൂടെ എതിർദിശയിൽ മറുവശത്തുകൂടി പോകേണ്ട കാർ ബസ്സിലേയ്ക്ക് വന്നിടിച്ച് കയറുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. ആ ദൃശ്യങ്ങൾ ചാനലുകളിലൂടെയെല്ലാം കണ്ടല്ലോ. ആരിടിച്ചാലും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇടിച്ചുവെന്ന വാർത്തയാണ് വരുന്നത്. മറ്റൊരു സംഭവം തൃശ്ശൂർ ജില്ലയിലുണ്ടായി. കെ.എസ്.ആർ.ടി.സി.-യുടെ മുന്നിലൂടെപോയ ഒരു പിക്കപ്പ് വാൻ ഒരു വ്യക്തിയെ റോഡിൽ തട്ടിയിട്ടു. പിക്കപ്പ് വാനിന്റെ തൊട്ടുപുറകിലൂടെയാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് പോയത്. സ്വാഭാവികമായും പത്ത് മീറ്റർ ദൂരത്തിൽ പോകുന്ന ഒരു വാഹനത്തിന്റെ ബ്രേക്ക് എത്ര ചവിട്ടിയാലും നിൽക്കില്ല. ഹൈവേകളിൽക്കൂടി പോകുന്ന വാഹനത്തിന്റെ കാര്യത്തെ സംബന്ധിച്ച് നമുക്കറിയാമല്ലോ? ഇവിടെ പിക്കപ്പ് വാനാണ് തട്ടിയിട്ടത്, എന്നാൽ വാർത്ത വന്നത് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ പേരിലാണ്. ഇത്തരം വ്യാജപ്രചരണങ്ങളെയെല്ലാം ഉയർത്തിപ്പിടിച്ച് ആഘോഷിക്കാനും വിമർശിക്കാനും തുടങ്ങിയാൽ ഈ പൊതുമേഖലാ സ്ഥാപനം

എങ്ങനെയാണ് നന്നാകുന്നത്; അതുകൊണ്ട് നമുക്കെങ്കിലും ഒരു ചിന്ത വേണ്ടേ? ഭരണം അങ്ങോട്ടുമിങ്ങോട്ടുമൊക്കെ മാറും. എന്നേക്കാളും പ്രഗല്ഭനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ ഭരിച്ചിട്ടും കെ.എസ്.ആർ.ടി.സി. ഈ അവസ്ഥയിലല്ലേ എത്തിയത്? ഇപ്പോൾ ഈ സ്ഥാപനത്തെ നന്നാക്കിയെടുക്കാൻ നോക്കുമ്പോൾ ഇത്തരം പ്രചരണങ്ങൾ നടത്തുകയാണ്. അദ്ദേഹം ഇത്തരം ചോദ്യമൊന്നും ചോദിക്കില്ല. അദ്ദേഹത്തിന് നല്ലതുപോലെ അറിയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങും ശ്രീ. എം. എം. മണിയുടെ ക്ലബ്ബിൽ ആണോ?

മി. സ്പീക്കർ: അദ്ദേഹം ഒരവസരം ലഭിക്കുന്നതിനുവേണ്ടി കാത്തിരിക്കുകയാണ്. അങ്ങ് മറുപടി പറയൂ.

ശ്രീ. ആന്റണി രാജു: സർ, അദ്ദേഹത്തിന് ഞാൻ മന:പൂർവ്വം അവസരം നൽകിയതാണ്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ നന്നാക്കേണ്ടത് എല്ലാവരുടേയും ആവശ്യമാണ്. യൂണിയനുകൾ നിലനിൽക്കേണ്ടത് യൂണിയനുകളുടെ ആവശ്യവും തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കേണ്ടത് തൊഴിലാളികളുടെ ആവശ്യവുമാണ്. കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തുക എന്നതിനാണ് ഗവൺമെന്റ്

പ്രഥമ പരിഗണന നൽകുന്നത്. സർക്കാർ അതിനുള്ള പരിശ്രമത്തിലാണ്.

<u>ശ്രീമതി ഉമ തോമസ്</u>: സർ, കെ-സ്വിഫ്റ്റ് സ്വകാര്യ കമ്പനിയാണെങ്കിൽ എന്തുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.-യുടെ ഗ്യാരേജും ഫെസിലിറ്റീസും ഉപയോഗിക്കുന്നത്; കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി അനുവദിച്ചിരിക്കുന്ന ഇന്റർസ്റ്റേറ്റ് പെർമിറ്റുകൾ എങ്ങനെയാണ് മറ്റൊരു കമ്പനിയുടെ ബസ്സുകൾ ഉപയോഗിക്കുന്നത്; ആരെല്ലാമാണ് ഇതിന്റെ ഡയറക്ടർമാർ എന്ന് വിശദമാക്കാമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ഒരു സ്വകാര്യ കമ്പനിയല്ല. ഗവൺമെന്റ് രൂപീകരിച്ച ഒരു ഇൻഡിപെൻഡന്റ് കമ്പനിയാണ്. ഇത് സ്വകാര്യ കമ്പനിയാണെന്ന തെറ്റായ വാർത്ത നമ്മൾതന്നെ പ്രചരിപ്പിക്കരുത്. ഇതിന്റെ ഡയറക്ടർമാരെ നിശ്ചയിക്കുന്നത് ഗവൺമെന്റാണ്. കെ.എസ്.ആർ.ടി.സി.-യുടെ സി.എം.ഡി. തന്നെയാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെയും സി.എം.ഡി. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ ഡയറക്ടർമാർ ട്രാൻസ്പോർട്ട് വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരാണ്. ഇതൊരു സ്വകാര്യ കമ്പനിയാണെന്ന തെറ്റിദ്ധാരണയിലാണ് പല ആക്ഷേപങ്ങളും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിനെതിരെ പലരും ഉന്നയിക്കുന്നത്. അത്തരം കെണിയിൽ നമ്മളും

വീണുപോകരുത്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽനിന്നും പിരിച്ചുവിടപ്പെട്ട എംപാനൽ ജീവനക്കാരെ കെ-സ്വിഫ്റ്റിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ഇത് കെ-സ്വിഫ്റ്റ് അല്ല, കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റാണെന്ന് ഞാൻ വീണ്ടും പറയുന്നു. വളരെ പ്രധാനപ്പെട്ട ചോദ്യമാണ് അദ്ദേഹം ചോദിച്ചത്. എംപാനൽ ജീവനക്കാരെ പുനരധിവസിപ്പിക്കുകയെന്ന ലക്ഷ്യം കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരിക്കുമ്പോൾ ഉണ്ടായിരുന്നു. അക്കാര്യം ഗവൺമെന്റ് ആദ്യം വ്യക്തമാക്കിയിരുന്നു. അതിനാണ് പ്രഥമ പരിഗണന നൽകാൻ സർക്കാർ ആഗ്രഹിച്ചിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിലപാട് ഇതിന് പ്രതികൂലമാണ്. വളഞ്ഞ വഴിയിലൂടെ എംപാനലുകാരെ നിയമിക്കാൻ രൂപീകരിക്കുന്നതാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി തടസ്സം നിൽക്കുകയാണ് ചെയ്തത്. അതേസമയം കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്

എന്നത് അനിവാര്യമായതുകൊണ്ട് അത്തരം തടസ്സങ്ങളുടെ മുന്നിൽ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് നിലച്ചുപോകരുത്, അതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയാതെ പോകരുതെന്നതുകൊണ്ട് എംപാനൽ ജീവനക്കാരുടെ പുനരധിവാസം എന്ന ലക്ഷ്യത്തിന് പ്രഥമ പരിഗണന നൽകുന്നത് മാറ്റിവച്ചു. എന്നാൽ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുമ്പോൾ അർഹരായ എംപാനൽ ജീവനക്കാരുണ്ടെങ്കിൽ അവർക്ക് ജോലി നൽകുന്നതിന് പരിഗണന നൽകുന്നുണ്ട്. യോഗ്യതയുള്ള ഡ്രൈവർ-കം-കണ്ടക്ടർമാർ എംപാനലിൽ കുറവാണ്. എന്നാൽ അപേക്ഷ സമർപ്പിച്ച യോഗ്യതയുള്ള എംപാനൽ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ നിയമനം ലഭിക്കാൻ തടസ്സമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇതൊരു സർക്കാർ ഇൻഡിപെൻഡന്റ് കമ്പനിയാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയത്. അതിന്റെ സ്റ്റാറ്റസ് എനിക്ക് ഇതുവരെ മനസ്സിലായിട്ടില്ല. കെ.എസ്.ആർ.ടി.സി. ഏറ്റവും വലിയൊരു പൊതുമേഖലാ സ്ഥാപനമാണ്. തൊഴിൽ സ്ഥിരതയില്ലായ്മയുണ്ടാക്കുന്ന പുതിയ കോർപ്പറേറ്റ് നയത്തെ, ശൈലിയെ രൂക്ഷമായി വിമർശിക്കുന്നവരാണ് നമ്മളെല്ലാവരും.

കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തിലെ ഏറ്റവും ലാഭകരമായ ദീർഘദൂര സർവ്വീസുകളെ മാറ്റി കമ്പനി രൂപീകരിക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. മാത്രമല്ല, കരാർ തൊഴിലാളികളെയാണ് ഇവിടെ നിയമിച്ചിരിക്കുന്നത്. Per labour-ന് 34,000/- രൂപ കൊടുത്തിരുന്ന സ്ഥാനത്ത് 13,000/- രൂപയായി കുറച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി അഭിമാനത്തോടുകൂടി പറഞ്ഞു. ഒരു പൊതുമേഖലാ സ്ഥാപനത്തെ ദുർബ്ബലപ്പെടുത്തി തൊഴിലാളി വിരുദ്ധ, തൊഴിൽ സ്ഥിരതയില്ലാതാക്കുന്ന ഈ നയം കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ മുന്നണിയുടെ നയമാണോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ഇത് സർക്കാർ രൂപീകരിച്ചിട്ടുള്ള ഒരു സ്വതന്ത്ര കമ്പനിയാണ്. സർക്കാരാണ് ഇതിന്റെ ഡയറക്ടർമാരെ നിശ്ചയിക്കുന്നത്. കെ.എസ്.ആർ.ടി.സി. നിലനിന്നാലല്ലേ തൊഴിലാളികളുള്ളൂ; ഇവിടെ പൊതുഗതാഗത സംവിധാനം നിലനിൽക്കണ്ടേ? കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസ് ഓടിക്കുന്നത് മുതലാളിമാരല്ല, തൊഴിലാളികളാണ്. ഇന്നത്തെ സേവന-വേതന വ്യവസ്ഥവച്ച് കെ.എസ്.ആർ.ടി.സി.-ക്ക് മുന്നോട്ടുപോകാൻ കഴിയില്ലെന്നത് യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യത്തിന് മുന്നിൽ മറ്റുവർത്തമാനം

പറഞ്ഞിട്ട് കാര്യമുണ്ടോ? കെ.എസ്.ആർ.ടി.സി.-യുടെ നിലനിൽപ്പാണ് പ്രധാനം. കോടിക്കണക്കിന് ജനങ്ങൾക്ക് പൊതുഗതാഗത സൗകര്യമൊരുക്കിക്കൊടുക്കുകയെന്നതാണ് പ്രധാന ലക്ഷ്യം. മറ്റുകാര്യങ്ങൾ അതിന് അനുബന്ധമായി വരുന്നതാണ്. തൊഴിലാളികളുടെ വേതനത്തിനും സ്ഥിരതയ്ക്കും പ്രാധാന്യം നൽകുന്നതിന് മറ്റ് മാർഗ്ഗങ്ങളുണ്ടാക്കാം. അതിന്റെ പേരിൽ കേരളത്തിലെ കോടിക്കണക്കിന് ജനങ്ങൾക്ക് ഉപകാരപ്രദമായ പൊതുഗതാഗത സംവിധാനത്തെ തുലയ്ക്കാൻ കഴിയുമോ? മാത്രമല്ല, കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലൂടെ ലഭിക്കുന്ന മുഴുവൻ വരുമാനവും പത്തുവർഷം കഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് തിരിച്ചുവരുന്നതോടുകൂടി കെ.എസ്.ആർ.ടി.സി. കൂടുതൽ ശക്തിപ്പെടുകയാണ് ചെയ്യുന്നത്. കെ.എസ്.ആർ.ടി.സി.-യെ തകർച്ചയിൽനിന്നും രക്ഷിക്കാൻ ഇതല്ലാതെ മറ്റുമാർഗ്ഗമില്ലെന്ന് കണ്ടതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരിച്ചത്. ദീർഘദൂര സർവ്വീസിനുമാത്രമല്ല, കിഫ്ബിപോലുള്ള ഏജൻസികൾ ഫണ്ട് ചെയ്യുന്ന ബസ്സുകളുപയോഗിച്ച് കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി ബസ്സുകളും ഓർഡിനറി ബസ്സുകളും നഷ്ടത്തിലോടുന്ന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസ് സർവ്വീസ് നടത്തി ലാഭത്തിലാക്കാൻ പരിശ്രമിക്കും. അതുകൊണ്ട് ലാഭത്തിലോടുന്ന

റൂട്ടുകൾ മാത്രമെടുത്ത് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ഓടിക്കുകയാണെന്ന തരത്തിലുള്ള ധാരണ ശരിയല്ല. സിറ്റി സർക്കുലറിലേയ്ക്ക് 50 പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിലാദ്യമായാണ് സ്വന്തമായി ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നത്. ഭീമമായ നഷ്ടത്തിൽ മുൻകാലങ്ങളിൽ ഇലക്ട്രിക് ബസ്സുകൾ വാടകയ്ക്കെടുത്തിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. സിറ്റി സർക്കുലർ ലാഭത്തിലെത്തിയിട്ടില്ലെങ്കിലും കൂടുതൽ മെച്ചപ്പെട്ടിട്ടുണ്ട്. ആദ്യകാലങ്ങളിൽ ആയിരംപേർ മാത്രം യാത്ര ചെയ്തിരുന്ന സിറ്റി സർക്കുലറിൽ കഴിഞ്ഞ ദിവസത്തെ കണക്കുപ്രകാരം 28,000 പേർ യാത്ര ചെയ്തിട്ടുണ്ട്. ഇത് വലിയ മാറ്റമല്ലേ? കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ കീഴിൽ ഇലക്ട്രിക് ബസ്സുകൾ സിറ്റി സർക്കുലറിലേയ്ക്ക് വരികയാണ്. ജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനും കെ.എസ്.ആർ.ടി.സി.-.യെ ലാഭകരമാക്കുന്നതിനും ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുന്നതിനാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരിച്ചത്. ഇതൊരു സ്വകാര്യ ഏർപ്പാടാണെന്ന ധാരണ മാറ്റണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, കോവിഡ് കാലയളവിൽ കെ.എസ്.ആർ.ടി.സി.-യുടെ പല ബസ് സർവ്വീസുകളും കട്ട് ചെയ്തിരുന്നു. ലാഭകരമായി ഓടിയിരുന്ന റൂട്ടുകളിൽപ്പോലും പിന്നീട് ബസുകൾ

ഓടുന്നില്ലെന്ന നിലയുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കിയ ഒരു യൂണിറ്റാണ് കോഴിക്കോട് ജില്ലയിലെ തൊട്ടിൽപ്പാലം ഡിപ്പോ. ആ ഡിപ്പോ സ്ഥിതിചെയ്യുന്ന രണ്ടേക്കർ സ്ഥലം പഞ്ചായത്ത് മുൻകയ്യെടുത്ത് സൗജന്യമായി നൽകിയതാണ്. ഇപ്പോൾ ഈ ഗ്യാരേജും ഓഫീസും മാറുന്നുവെന്നാണ് മനസ്സിലാക്കുന്നത്. എല്ലാമാസവും എം.എൽ.എ.-യുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടികൾ, ട്രേഡ് യൂണിയനുകൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേർന്നിരുന്നു. പക്ഷേ കോവിഡിനുശേഷം വലിയതോതിൽ ബസുകൾ റദ്ദ് ചെയ്തിരിക്കുകയാണ്. മലയോര മേഖലയിലെ തൊഴിലാളികൾ, ജീവനക്കാർ, വിദ്യാർത്ഥികൾ, രോഗികൾ എന്നിവർക്ക് ഗതാഗതത്തിനുള്ള ഏക ആശ്രയം കെ.എസ്.ആർ.ടി.സി. ബസ്സാണ്. അത്യാവശ്യ സമയങ്ങളിൽ അതായത്, രാവിലെയും വൈകിട്ടും ഒരു സർവ്വീസ് എന്ന നിലയ്ക്ക് ഈ മേഖലകളിലേയ്ക്ക് ബസ് സർവ്വീസ് നടത്താനുള്ള നടപടി സ്വീകരിച്ച് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കാൻ സംവിധാനമുണ്ടാക്കണം.

ശ്രീ. ആന്റണി രാജു: സർ, സാമൂഹിക പ്രതിബദ്ധതയുള്ള റൂട്ടുകളിലെ ഒരു ബസ് സർവ്വീസുപോലും നിർത്തരുതെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ......(ബഹളം)...........

<u>മി. സ്പീക്കർ</u>: മന്ത്രി മറുപടി പറയുകയല്ലേ? സഭയിൽ ഒരു രീതിയുണ്ട്. എല്ലാവരുംകൂടി കൂട്ടത്തോടെ സംസാരിക്കുകയാണോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, കോവിഡിനുമുമ്പ് 28 ലക്ഷം മുതൽ 30 ലക്ഷംവരെ യാത്രക്കാരാണ് കെ.എസ്.ആർ.ടി.സി. ബസിനെ ആശ്രയിച്ചിരുന്നത്. എന്നാൽ കോവിഡിനുശേഷം അത് ഏതാണ്ട് പകുതി അല്ലെങ്കിൽ മൂന്നിൽ രണ്ടായി കുറഞ്ഞു. അങ്ങനെ വന്നപ്പോൾ പല ബസുകൾക്കും നേരത്തെയുണ്ടായിരുന്ന വരുമാനമില്ലാതായി. ബസുകളുടെ എണ്ണം കുറയ്ക്കുന്നതും റൂട്ടുകൾ കട്ട് ചെയ്യുന്നതും വെറുതെ എന്തെങ്കിലും ശിപാർശയുടെ അടിസ്ഥാനത്തിലല്ല. Earnings Per Kilometer (EPKM) ആണ് നോക്കുന്നത്. ഓരോ ബസിന്റെയും റൂട്ടിന്റെയും വസ്തുതകൾ ശാസ്ത്രീയമായി അവലോകനം ചെയ്യാറുണ്ട്. ഡീസലിനുപോലും പണം കണ്ടെത്താൻ കഴിയാത്ത സർവ്വീസ് റൂട്ടുകളിൽ ബസ് ഓടിക്കാൻ സാധിക്കില്ല. എം.എൽ.എ.-മാർക്കും ലോക്കൽ ബോഡികൾക്കും താൽപ്പര്യമുണ്ടെങ്കിൽ എന്ത് നഷ്ടം സഹിച്ചും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്താൻ തയ്യാറാണ്, 'ഗ്രാമവണ്ടി' പദ്ധതിയിൽ അംഗമായാൽ ഏത് റൂട്ടിലേയ്ക്കും സർവ്വീസ് നടത്താൻ കെ.എസ്.ആർ.ടി.സി. തയ്യാറാണ്.

## കെ.എസ്.ആർ.ടി.സി.-ക്ക് സി.എൻ.ജി. ബസ്സുകൾ

2(*122) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഡീസലിന് വിപണി വിലയേക്കാൾ എത്ര രൂപ അധികമായി നൽകേണ്ടിവരുന്നുണ്ടെന്നും പ്രതിമാസം ശരാശരി എത്ര രൂപയുടെ അധിക ചെലവാണ് ഈ ഇനത്തിൽ ഉണ്ടാകുന്നതെന്നും അറിയിക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്വകാര്യ പമ്പുകളിൽനിന്ന് ഇന്ധനം നിറയ്ക്കുന്ന കാര്യം പ്രായോഗികമാണോയെന്ന് വെളിപ്പെടുത്താമോ;

(സി) കിഫ്ബി ഫണ്ടുപയോഗിച്ച് പുതിയ സി.എൻ.ജി. ബസ്സുകൾ വാങ്ങാൻ തീരുമാനമായിട്ടുണ്ടോ;

(ഡി) നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ,

(എ) കെ.എസ്.ആർ.ടി.സി. ബൾക്ക് കൺസ്യൂമർ എന്ന വിഭാഗത്തിലാണ് വരുന്നത്. 2022 ഫെബ്രുവരിക്കുമുമ്പുവരെ ബൾക്ക്

കൺസ്യൂമറിന് എണ്ണക്കമ്പനികൾ ഡീസൽ നൽകിയിരുന്നത് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിലായിരുന്നു. 2022 ഫെബ്രുവരി മാസം മുതൽ ബൾക്ക് കൺസ്യൂമേഴ്സിന് നൽകുന്ന ഡീസലിന് വിപണി വിലയേക്കാൾ കൂടിയ നിരക്കാണ് ഈടാക്കിവരുന്നത്. ജനുവരിയിൽ ലിറ്ററിന് 84.74 രൂപയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന ഡീസലിന്റെ വില 16-06-2022-ൽ ലിറ്ററിന് 132.94 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അതായത് ലിറ്ററിന് 48.20 രൂപ വർദ്ധനവുണ്ടായത് ആറുമാസങ്ങൾക്കുള്ളിലാണ്. പ്രതിദിനം ഏകദേശം മൂന്ന് ലക്ഷം ലിറ്റർ ഡീസൽ വാങ്ങുന്ന കെ.എസ്.ആർ.ടി.സി.-ക്ക് ഇക്കാരണത്താൽ പ്രതിമാസം 43.38 കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമായിരുന്നു. എന്നാൽ അധിക സാമ്പത്തിക ബാദ്ധ്യത നിയന്ത്രിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്‌ലെറ്റുകളിൽനിന്നും സ്വകാര്യ പമ്പുകളിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വകാര്യ പമ്പുകളിൽനിന്ന് കെ.എസ്.ആർ.ടി.സി. ബസുകൾക്ക് ഇന്ധനം നിറയ്ക്കുന്നത് പല കാരണങ്ങൾകൊണ്ടും പ്രായോഗികമല്ല. പ്രധാനമായും അളവിലെ കൃത്യതയും ഗുണനിലവാരവും ഉറപ്പാക്കാൻ

പ്രയാസമാണ്. കൂടാതെ സ്വകാര്യ പമ്പുകളിൽ പോയി ഡീസൽ നിറയ്ക്കുവാൻ അധിക ദൂരം വാഹനം ഓടിക്കേണ്ടിവരുമ്പോൾ പാഴ്ചെലവുകളുമുണ്ടാകുന്നു. ഇതുകൂടാതെ മുൻകൂർ തുക അടച്ചാൽ മാത്രമേ യാത്രാ ഫ്യൂവൽസിലായാലും സ്വകാര്യ പമ്പുകളിലായാലും ഇന്ധനം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. കൺസ്യൂമർ പമ്പിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ക്രെഡിറ്റ് സൗകര്യം ഇത്തരത്തിൽ ഇന്ധനം വാങ്ങുമ്പോൾ ലഭ്യമല്ല.

(സി) 1010 ബസ്സുകൾക്കുള്ള ലോൺ ലഭ്യമായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനുവേണ്ടി 455 കോടി രൂപയും കിഫ്ബി വായ്പയുപയോഗിച്ച് 705 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് 23-05-2022-ലെ സ.ഉ.(കൈ) 25/2022/Trans. പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. എന്നാൽ സി.എൻ.ജി.-യുടെ വലിയ വില വർദ്ധനകാരണം അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റി പ്രവർത്തനം വിലയിരുത്തുന്നതിന്റെ മുന്നോടിയായി പരീക്ഷണാർത്ഥം ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. അതിൻപ്രകാരം വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഒരു ഡീസൽ ബസ് സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തി 09-06-2022 മുതൽ ആലുവ

യൂണിറ്റിൽ പരീക്ഷണാർത്ഥം സർവ്വീസ് നടത്തിവരികയാണ്. വിവിധ ശ്രേണിയിലുള്ള അഞ്ച് ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റാനാണ് ഓർഡർ നൽകിയിരിക്കുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, കെ.എസ്.ആർ.ടി.സി.-യുടെ ബൾക്ക് പർച്ചേസർ എന്ന നിലയ്ക്കുള്ള ഇന്ധന കമ്പനികളുടെ കൊള്ള കെ.എസ്.ആർ.ടി.സി.-ക്ക് വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കിഫ്ബി സഹായത്തോടുകൂടി സി.എൻ.ജി. ബസ്സുകളിലേയ്ക്ക് പോകുമ്പോൾ സി.എൻ.ജി.-യുടെ വിലയും ക്രമാതീതമായി ഉയരുകയാണ്. അത് പുനരാലോചനയിലേയ്ക്ക് പോകുന്ന ഘട്ടത്തിൽ കിഫ്ബിയുടെ ഈ സഹായം ഡീസൽ ബസ്സുകൾ വാങ്ങിക്കുന്നതിനുവേണ്ടി ഉറപ്പുവരുത്താൻ എന്തെങ്കിലും ആലോചനയുണ്ടോ?

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. സി.എൻ.ജി.-യുടെ ഇപ്പോഴത്തെ വില ഒരു കിലോയ്ക്ക് 83 രൂപയാണ്. ബസ് വാങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുന്ന സമയത്ത് 54 രൂപയായിരുന്നു. ഇപ്പോഴത്തെ ഡീസലിന്റെ ബൾക്ക് പർച്ചേസിന്റെ വില 138 രൂപയാണ്. റീട്ടെയിൽ വില 96.2 രൂപയാണ്. ഡീസലിനേക്കാൾ സി.എൻ.ജി.-ക്ക് നിലവിൽ 13.7 ശതമാനം വില കുറവാണ്. ബഹുമാനപ്പെട്ട

അംഗം സൂചിപ്പിച്ചതുപോലെ സി.എൻ.ജി.-യുടെ വില ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. ചുരുങ്ങിയ കാലയളവിനുള്ളിൽ 30 രൂപ വർദ്ധിച്ചു. ഈ രീതിയിലാണ് പോകുന്നതെങ്കിൽ സി.എൻ.ജി. ബസുകൾ വാങ്ങുന്നത് അത്ര ഗുണകരമാകില്ല. ആയതിനാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. അതിനുവേണ്ടി സർക്കാർതലത്തിൽ കൂടുതൽ ചർച്ചകൾ വേണ്ടിവരും. ഡീസൽ ബസുകൾക്ക് ഏകദേശം 30 ലക്ഷം മുതൽ 35 ലക്ഷം രൂപവരെ ആകുമ്പോൾ സി.എൻ.ജി. ബസുകൾക്ക് 37 ലക്ഷം മുതൽ 40 ലക്ഷം രൂപവരെ വിലയുണ്ടാകും. ഇലക്ട്രിക് ബസുകൾക്ക് എ.എം.സി. ഉൾപ്പെടെ ഏതാണ്ട് 90 ലക്ഷം രൂപയിൽ കൂടുതൽവരും. ഈ വസ്തുതകളെല്ലാം വിലയിരുത്തിക്കൊണ്ടുമാത്രമേ കൂടുതൽ ബസുകൾ വാങ്ങുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയുള്ളൂ. ഇതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിലാണ് ഡീസൽ എഞ്ചിൻ കൺവെർട്ട് ചെയ്യുന്നതിനുള്ള പഠനം നടത്തുന്നതും പുതിയ ബസ്സുകൾ ഓടിച്ച് ട്രയൽ നടത്തുന്നതും. ശരിയായ അവലോകനം നടത്തി ലാഭനഷ്ടങ്ങൾ വിലയിരുത്താതെ ഒറ്റയടിക്ക് 700 ബസുകൾ വാങ്ങിയിട്ടാൽ ഭാവിയിൽ ഭീമമായ നഷ്ടമുണ്ടാകാനിടയുണ്ട്. എൽ.എൻ.ജി.-ക്ക് ഇതുവരെ കേന്ദ്ര

ഗവൺമെന്റ് വില നിശ്ചയിച്ചിട്ടില്ല. ഈ വസ്തുതകളെല്ലാം മുന്നിൽ നിൽക്കുമ്പോൾ യാഥാർത്ഥ്യത്തിന്റെ നടുവിൽനിന്നുകൊണ്ടുമാത്രമേ, സി.എൻ.ജി. ആണോ, എൽ.എൻ.ജി. ആണോ ഇലക്ട്രിക് ആണോ ഡീസൽ ആണോ എന്നുള്ള കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ആറ് മാസത്തിനുള്ളിലുണ്ടാകുന്ന ക്രമാതീതമായ മാറ്റം ശരിയായ പഠനത്തിന് വിധേയമാക്കിയതിനുശേഷം മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയൂ.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ലാഭമുണ്ടാക്കാൻവേണ്ടിമാത്രമുള്ള ഒരു പൊതുമേഖലാ സ്ഥാപനമല്ല കെ.എസ്.ആർ.ടി.സി., അതൊരു സേവനം കൂടിയാണ്. കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ അവസ്ഥയിൽ ഈ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം സാമ്പത്തിക സഹായമാണ് ലഭ്യമാക്കിയിട്ടുള്ളത്; ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, പ്രതിമാസം 11 കോടിയോളം രൂപ ടിക്കറ്റിതര വരുമാനം ലഭിച്ചു. ഇത് റെക്കോർഡ് കളക്ഷനാണ്. ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-ക്ക് ഇതുപോലെ സാമ്പത്തിക സഹായം ചെയ്ത കാലഘട്ടമുണ്ടായിട്ടില്ല. റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ അതത്

മാസം കൊടുക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രമാണ്. ഗവൺമെന്റ് നേരിട്ടാണ് പെൻഷൻ കൊടുക്കുന്നത്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്ന ഇന്ത്യയിലെ ഒന്നോ രണ്ടോ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കഴിഞ്ഞവർഷം 2037 കോടി രൂപയാണ് ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത്, ഇത് റെക്കോർഡാണ്. ഒരുപക്ഷേ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ തുടർഭരണം വന്നതുകൊണ്ടുമാത്രമാണ് ഇന്ന് കെ.എസ്.ആർ.ടി.സി. നിലനിൽക്കുന്നത്. അത്രയേറെ സാമ്പത്തിക സഹായം കെ.എസ്.ആർ.ടി.സി.-ക്ക് ഗവൺമെന്റ് ചെയ്യുന്നുണ്ട്. പിണറായി സർക്കാർ നൽകിയ വാഗ്ദാനം പാലിച്ചുകൊണ്ട് കടുത്ത പ്രതിസന്ധിയിലും കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണം നടത്തിയ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ഈ ജനുവരി മുതൽ പതിമൂന്നര കോടിരൂപയാണ് പ്രതിമാസം ശമ്പള പരിഷ്കരണത്തിനായി അധികം കണ്ടെത്തേണ്ടിവരുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നയവും നിലപാടുംമൂലമാണ് ഇതെല്ലാം താളം തെറ്റുന്നത്. ആറുമാസംമുമ്പ് ബൾക്ക് പർച്ചേസ് വില മാറിയപ്പോൾ 43 കോടിയോളം രൂപ അധിക ചെലവുവരുന്ന സംവിധാനത്തിലേയ്ക്ക് മാറി. ഡീസൽ റീട്ടെയിലായി പർച്ചേസ് ചെയ്യുമ്പോൾ

ചെലവുകൂടുന്നു, സ്പെയർപാർട്ട്സിന് വില കൂടുന്നു. അപ്രതീക്ഷിതമായുണ്ടാകുന്ന ഇത്തരം ചെലവുകളാണ് കെ.എസ്.ആർ.ടി.സി.-യുടെ കണക്കുകൂട്ടലുകളുടെ താളംതെറ്റിക്കുന്നത്. അല്ലാതെ മാനേജ്മെന്റിന്റെ കുഴപ്പമല്ല. ഗവൺമെന്റിന്റെ സപ്പോർട്ടുള്ളത് കൊണ്ടുമാത്രമാണ് കെ.എസ്.ആർ.ടി.സി. ഇന്ന് നിലനിൽക്കുന്നത്.

ശ്രീ. എം. മുകേഷ്: സർ, ഡീസൽ ബസുകളുമായി താരതമ്യം ചെയ്യുമ്പോൾ സി.എൻ.ജി. ബസുകളുടെ പ്രവർത്തനച്ചെലവ് എപ്രകാരമാണ്; സി.എൻ.ജി.-യുടെ ലഭ്യതക്കുറവ് ബസ് സർവ്വീസുകളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

ശ്രീ. ആന്റണി രാജു: സർ, ഡീസൽ ബസുകൾക്ക് ഒരു കിലോമീറ്ററിന് ഏകദേശം 27 മുതൽ 29 രൂപവരെ ചെലവുവരും. എന്നാൽ സി.എൻ.ജി. ബസുകൾക്ക് ഒരു കിലോമീറ്ററിന് 20 മുതൽ 22 രൂപവരെയാണ് ചെലവ്. ഇലക്ട്രിക് ബസുകൾക്ക് കിലോമീറ്ററിന് 17 മുതൽ 18 രൂപവരെയാണ് ചെലവുവരുന്നത്.

ശ്രീ. പി. നന്ദകുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ യൂണിയൻ ഭാരവാഹികൾക്ക് യൂണിറ്റടിസ്ഥാനത്തിൽ പ്രൊട്ടക്ഷനുണ്ടെന്ന് പറയുകയുണ്ടായി. അക്കാര്യം എഗ്രിമെന്റിലുണ്ടോയെന്ന കാര്യം

വ്യക്തമാക്കാമോ? സി.എൻ.ജി.-ക്ക് ഇപ്പോൾ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സി.എൻ.ജി. ബസുകൾക്കും വിലക്കൂടുതലാണ്. ഈ പശ്ചാത്തലത്തിൽ ധൃതിപിടിച്ച് അതിലിടപെടാതെ സിറ്റി, കോസ്റ്റൽ, മലയോരം എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ? മലയോര മേഖലയിൽ ഫ്യൂവൽ കൺസംപ്ഷൻ കൂടുമെന്നതിനാൽ സ്വാഭാവികമായും അവിടെ ഡീസലാണ് കൂടുതൽ അഭികാമ്യം. ഡീസൽ, ഇലക്ട്രിക്കൽ, സി.എൻ.ജി. എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് ഏതാണ് ലാഭകരമെന്ന് മനസ്സിലാക്കി ആ രൂപത്തിലാക്കാനുള്ള സംവിധാനമുണ്ടാക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ഇവിടെ യൂണിയനുകളുടെ പ്രൊട്ടക്ഷൻ സംബന്ധിച്ച പ്രധാനപ്പെട്ട ചോദ്യമാണ് ചോദിച്ചത്. Long Term agreement-ന്റെ ഭാഗമായി വളരെക്കാലമായി നിലനിൽക്കുന്ന വ്യവസ്ഥയാണ്. അംഗീകൃത ട്രേഡ് യൂണിയനുകളിലെ ഭാരവാഹികൾ നിശ്ചയിച്ച് മാനേജ്മെന്റിന് എഴുതിക്കൊടുക്കുന്നയാളുകൾക്ക് പ്രൊട്ടക്ഷൻ നൽകുകയാണ്. ഇപ്പോൾ സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., ബി.എം.എസ്. എന്നിങ്ങനെ മൂന്ന് അംഗീകൃത യൂണിയനുകളാണുള്ളത്.

ഓരോ അംഗീകൃത യൂണിയനിലെയും ഓരോ ആൾക്കുവീതം ഓരോ യൂണിറ്റിലും പ്രൊട്ടക്ഷൻ എന്ന രീതിയാണ്. 92 യൂണിറ്റുകളിലായി ഏകദേശം മുന്നൂറോളം നേതാക്കന്മാർക്കിപ്പോൾ ഓരോ യൂണിറ്റിലും പ്രൊട്ടക്ഷൻ നൽകുന്നുണ്ട്. കാരണം ഇവർ അവിടെ സ്ഥിരമാണ്, ഇവരെ മാറ്റാൻ സാധിക്കില്ല. എ.ടി.ഒ., ഡി.ടി.ഒ., മറ്റ് ജീവനക്കാർ, കാന്റീൻ കോൺട്രാക്ടർ എന്നിവർ മാറും, പക്ഷേ ഇവർക്ക് മാത്രം മാറ്റമില്ല. ഇത് കേരളത്തിൽ മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിലുമില്ല. ഇലക്ട്രിസിറ്റി ബോർഡിൽ ഓരോ സെക്ഷനിലും ഓഫീസുകളിലും പ്രൊട്ടക്ഷൻ നൽകാൻ തുടങ്ങിയാൽ എന്തായിരിക്കും അവസ്ഥ? ഇത് മാറാതെ ഈ സ്ഥാപനത്തെ നന്നാക്കിയെടുക്കാൻ ബുദ്ധിമുട്ടാണ്. ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സി.എൻ.ജി., എൽ.എൻ.ജി., കോസ്റ്റൽ ഏരിയ, മലയോരം എന്നിങ്ങനെ വേർതിരിക്കാൻ ബുദ്ധിമുട്ടാണ്. ദീർഘദൂര ബസുകൾ ഒരറ്റത്തുനിന്നും മറ്റേയറ്റത്തേയ്ക്കാണ് പോകുന്നത്. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ....

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞവസാനിപ്പിക്കാൻ തുടങ്ങിയ വാചകമാണ് എനിക്ക്

പറയാനുള്ളത്. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കേണ്ടതാണെന്ന പൊതുവികാരമാണുള്ളത്. അതുതന്നെയാണ് സർക്കാരിനുമുള്ളത്. അവിടെയുള്ള പ്രശ്നങ്ങൾ പഠിച്ച് സമർപ്പിച്ച 'സുശീൽ ഖന്ന റിപ്പോർട്ട്' നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട പി. നന്ദകുമാറിന്റെ ചോദ്യമാണ് മറുപടി പറയാൻ എന്നെ പ്രേരിപ്പിച്ചത്. സുശീൽ ഖന്ന റിപ്പോർട്ടിലുള്ള ശിപാർശകൾ നടപ്പിലാക്കുകയെന്നത് വളരെ പ്രധാനമാണ്. അത് നടപ്പിലാക്കിക്കൊണ്ടുമാത്രമേ കെ.എസ്.ആർ.ടി.സി.-യുടെ സംരക്ഷണം ശരിയായ രീതിയിൽ ഉറപ്പുവരുത്താനാവുകയുള്ളൂ. നേരത്തെ അതിനായൊരു ശ്രമം നടത്തിയിരുന്നു. പക്ഷേ, പൂർണ്ണ വിജയത്തിലെത്തിയില്ല. അത് വീണ്ടും ആരംഭിക്കേണ്ടതുണ്ട്. ഈ ഘട്ടത്തിൽ ഗവൺമെന്റ് അതിന് മുൻഗണന നൽകുകയാണ്. എല്ലാ തൊഴിലാളി സംഘടനകളുമായും വീണ്ടും ചർച്ച ചെയ്യണമെന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. കൃത്യമായി ആ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്ന നടപടികൾ മുന്നോട്ടുകൊണ്ടുപോകേണ്ടതായിട്ടുണ്ട്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, നഷ്ടം സഹിച്ചാണെങ്കിലും കേരളത്തിലെ പൊതുഗതാഗത സംവിധാനത്തിന് താങ്ങും തണലുമായി നിൽക്കുന്ന കെ.എസ്.ആർ.ടി.സി.-യെ പ്രത്യേകം അഭിനന്ദിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഏകദേശം 20 ലക്ഷം ജനങ്ങൾ കെ.എസ്.ആർ.ടി.സി.-യെ ഉപയോഗിക്കുന്നുണ്ട്. ഇത്തരം ആളുകൾക്ക് ഒരു വർഷം കേരളത്തിലെങ്ങും യാത്ര ചെയ്യാനായി ഉപയോഗിക്കാൻ കഴിയുന്നരീതിയിൽ ഗിഫ്റ്റ് കാർഡ് അവതരിപ്പിക്കുന്ന തരത്തിലുള്ള പദ്ധതി കെ.എസ്.ആർ.ടി.സി.-യിൽ ആവിഷ്ക്കരിക്കാൻ കഴിയുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ഇത്തരം പദ്ധതിയെക്കുറിച്ചുള്ള പഠനവും അത് നടപ്പിലാക്കുന്നതിനുള്ള പരിശ്രമവും കെ.എസ്.ആർ.ടി.സി.-യിൽ നടന്നുവരികയാണ്. ഇത് നടപ്പിലാക്കണമെങ്കിൽ ഇ.ടി.എം. (Electronic Ticketing Machine)-കളിൽ അതനുസരിച്ചുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്യുകയും ഇ.ടി.എം. ആ രീതിയിൽ പുന:ക്രമീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അതൊരു ബൃഹത്തായ പദ്ധതിയാണ്. ഇപ്പോൾ പുതിയതായി വാങ്ങുന്ന ഇ.ടി.എം.-കളിൽ ഇത്തരത്തിലുള്ള ക്രമീകരണം നടത്തിയതിനുശേഷംമാത്രമേ ഇത്തരം കാർഡുകളെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളൂ. എങ്കിലും ഘട്ടംഘട്ടമായി സിറ്റി സർക്കുലറിൽ ആരംഭിച്ചിട്ടുണ്ട്. അത് മറ്റ് മേഖലകളിൽ വ്യാപിപ്പിക്കുന്ന കാര്യത്തിലുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ നയപരമായ

വസ്തുത വ്യക്തമാക്കിയതുകൊണ്ട് ഇനി ഈ ചോദ്യത്തിന്റെ ഉപചോദ്യത്തിലേയ്ക്ക് പോകേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കാം.

**ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ**

3(*123) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മീഷന്റെ പഠന റിപ്പോർട്ടുകൾ ലഭ്യമാണോ; വിശദമാക്കാമോ;

(ബി) ക്ലാസുകളിൽ നേരിട്ടുള്ള വിദ്യാഭ്യാസവും കോവിഡ് കാലത്ത് നടത്തിയ ഓൺലൈൻ വിദ്യാഭ്യാസവും സംയോജിപ്പിച്ചുള്ള ടീച്ചിംഗ് - ലേണിംഗ് സമ്പ്രദായം പഠനാനുഭവത്തെ എങ്ങനെ ബാധിക്കുമെന്ന് പഠിക്കാൻ പ്രസ്തുത കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണത്തിലൂടെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിഷയ-ശാഖാന്തരമില്ലാതെ അറിവും

നൈപുണ്യവും നേടിയെടുക്കാവുന്ന വിധത്തിൽ പാഠ്യപദ്ധതി രൂപപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) യൂ ട്യൂബ് വഴിയുള്ളത് ഉൾപ്പെടെ ഓൺലൈനായി ക്ലാസുകൾ ലഭ്യമാകുന്നത് ക്ലാസ് മുറികളിലെ നേരിട്ടുള്ള അദ്ധ്യാപനത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുണ്ടെന്ന് കണ്ടെത്തുവാൻ പ്രസ്തുത കമ്മീഷന് നിർദ്ദേശം നൽകുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ അതിന്റെ ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അന്തിമറിപ്പോർട്ട് ഉടൻ സമർപ്പിക്കുമെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(ബി) ഡോ. ശ്യാം ബി. മേനോൻ ചെയർമാനായ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനോട് പരമ്പരാഗത പഠന-ബോധന രൂപങ്ങളും അവയുടെ ഓൺലൈൻ രൂപങ്ങളും പഠിതാവിന്റെ അറിവുൽപ്പാദന ലക്ഷ്യങ്ങൾക്ക് ഏറ്റവും യോജിച്ച വിധത്തിൽ സംയോജിപ്പിക്കുന്നതിന്

യുക്തിസഹമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി & ഡി) ഒന്നിലധികം വിഷയങ്ങൾ ഉൾപ്പെടുത്തി മൾട്ടി മേജർ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് അതിലേത് വിഷയവും പഠിക്കാൻ കഴിയുന്നവിധത്തിൽ നിയമങ്ങൾ ലഘൂകരിക്കുന്ന കാര്യവും യു.ജി.സി.-യുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് പരിശോധിക്കാനായി കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇന്റർഡിസിപ്ലിനറിയായി കൂടുതൽ കോഴ്സുകൾ ആരംഭിക്കാനും അതിനനുസൃതമായ രീതിയിൽ പാഠ്യപദ്ധതി രൂപപ്പെടുത്താനും കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സമഗ്രമായ കരിക്കുലം സിലബസ് പരിഷ്കരണം നടത്താൻ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കരിക്കുലം പരിഷ്കരിക്കുന്നതിനുള്ള സമഗ്രപരിപാടികൾ നടപ്പിലാക്കുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. ക്ലാസ് റൂമുകളിൽ മെച്ചപ്പെട്ട ഡിജിറ്റൽ സംവിധാനങ്ങളൊരുക്കാൻ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. LMS അടക്കമുള്ള സംവിധാനങ്ങളിൽ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന പരിപാടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, ന്യൂ നോർമൽ എന്ന് വിശേഷിപ്പിക്കാവുന്ന കോവിഡാനന്തര വിദ്യാഭ്യാസ കാലഘട്ടത്തിൽ ഓഫ് ലൈൻ വിദ്യാഭ്യാസത്തോടൊപ്പം സെൽഫ് ലേണിംഗും ഓൺലൈൻ ലേണിംഗുമാണ് ഇനി ലോകത്തിന്റെ വഴി. ഇതിനാവശ്യമായ ഡിജിറ്റൽ ഉള്ളടക്കത്തിന്റെ നിർമ്മിതിയിൽ ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തേക്കാളും മുന്നിൽ വരാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലാൽ കഴിഞ്ഞിട്ടുണ്ട്. പ്രധാനപ്പെട്ട പ്രശ്നം, കോളേജ് അദ്ധ്യാപകർ രൂപപ്പെടുത്തുന്ന ഡിജിറ്റൽ ഉള്ളടക്കത്തിന്റെ ശേഖരണമാണ്. ഇതിനാവശ്യമായ സർവ്വർ സ്പേസ് കണ്ടെത്തുക എന്നത് ഭാരിച്ച പണച്ചെലവുള്ള കാര്യമാണ്. സ്റ്റേറ്റ് ഡാറ്റാ സെന്ററിനുമാത്രം ഇതിന്റെ ഉള്ളടക്കം ശേഖരിക്കാൻ കഴിയില്ല. നമ്മുടെ കോളേജുകളെ സഹായിക്കുന്നതരത്തിൽ അമൂല്യവും സൃഷ്ടിപരവുമായ വിവരങ്ങൾ ശേഖരിക്കാൻ ഒരു കോമൺ സർവ്വർ സ്പേസ് സജ്ജമാക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, അദ്ധ്യാപകർ തയ്യാറാക്കുന്ന കോഴ്സ് മെറ്റീരിയൽസ് സമാഹരിച്ച് ശേഖരിക്കുന്നതിന് ഒരു ഡിജിറ്റൽ റിപ്പോസിറ്ററി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ ശാക്തീകരണ കർമ്മപദ്ധതിയുടെ ഭാഗമായി അതും ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. 3500-ലേറെ കോഴ്സ് മെറ്റീരിയൽസ് ഇതിനകം ലഭ്യമായിട്ടുണ്ട്. തുടർന്നും സംസ്ഥാനത്തെ വിവിധ കോളേജുകളിലും സർവ്വകലാശാലകളിലും പഠിപ്പിക്കുന്ന അദ്ധ്യാപകർ തയ്യാറാക്കുന്ന കോഴ്സ് മെറ്റീരിയൽസ് റെപ്പോസിറ്ററിയിലേയ്ക്ക് സമാഹരിക്കാൻ കഴിയും. അതിനുള്ള എല്ലാ സാങ്കേതിക കാര്യങ്ങളും ചെയ്തിട്ടുണ്ട്. ബ്ലൻഡഡ് ലേണിംഗ് മോഡിൽ മുന്നോട്ടുപോകാൻതന്നെയാണ് തീരുമാനം. അതിനാവശ്യമായ ക്രമീകരണങ്ങൾ കരിക്കുലം ഫ്രെയിംവർക്കിലും സിലബസിലും ഉണ്ടാക്കേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ലോകമെമ്പാടുമുള്ള വിദ്യാർത്ഥികളെ ആകർഷിക്കുന്നതരത്തിൽ നോളഡ്ജ് ഹബ്ബായി മാറുകയെന്നത് കേരളത്തിന്റെ സ്വപ്നവും ഇനിയുള്ള സഞ്ചാരപാതയുമാണ്. ആവശ്യമായ തരത്തിൽ എല്ലാ സർവ്വകലാശാലകളുടെയും കോളേജുകളുടെയും കോഴ്സുകളുടെ ഡിസൈനിംഗ് പ്രധാനമാണ്. സയൻസിലും മറ്റ് വൈജ്ഞാനിക ശാഖകളിലും മാനവശേഷിയുമായി ബന്ധപ്പെട്ട ഗവേഷണ സംവിധാനവും പ്രധാനമാണ്. യു.ജി.സി.-യുടെ ആക്സിലറേറ്റർ മാതൃകയിൽ

അന്തർസർവ്വകലാശാലകളെ സഹായിക്കാൻ കഴിയുന്ന പൊതുകേന്ദ്രം സജ്ജമാക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇപ്പോൾ ഉന്നത വിദ്യാഭ്യാസ കൗൺസിലാണ് വിവിധ സർവ്വകലാശാലകളെയും കോളേജുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള കേന്ദ്രങ്ങളെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ബഡ്ജറ്റ് അവതരണവേളയിൽ അതിലേയ്ക്കുള്ള സൂചനകളുണ്ടായിട്ടുണ്ട്. അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് കരുതുന്നത്. ഇന്റർഡിസിപ്ലിനറിയായതും നൂതന വൈജ്ഞാനിക ശാഖകളുമായി ബന്ധപ്പെട്ടതുമായ കോഴ്സുകൾ കുട്ടികൾക്ക് നൽകാൻ കഴിയണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. 30 ഇന്റർഡിസിപ്ലിനറി റിസർച്ച് കേന്ദ്രങ്ങൾ മികവിന്റെ കേന്ദ്രങ്ങളെന്ന രീതിയിൽ ആരംഭിക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ 6 എണ്ണം ഉടൻ ആരംഭിക്കാനായി സജ്ജമായിട്ടുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങളിൽ ജനങ്ങൾ വലിയ പ്രതീക്ഷയാണ് അർപ്പിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി 1000

കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ മേഖലയിൽ ഉന്നതനിലവാരം പുലർത്തുന്ന ചങ്ങനാശ്ശേരി സെന്റ് ബെർക്ക്മാൻസ് കോളേജ് പ്രവർത്തനമാരംഭിച്ചിട്ട് 100 വർഷങ്ങൾ പിന്നിടുകയാണ്. കേരളത്തിനകത്തും പുറത്തും അനവധി പ്രഗത്ഭരെ സൃഷ്ടിച്ച ഈ കോളേജിനെ റൂസ-3-ൽ (Rashtriya Uchchatar Shiksha Abhiyan-3) ഉൾപ്പെടുത്തി ഗവേഷണരംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ചങ്ങനാശ്ശേരി എസ്.ബി. കോളേജ് വളരെ ശ്ലാഘനീയ പാരമ്പര്യമുള്ള 100 വർഷത്തിലേറെക്കാലത്തെ മഹിതമായ ചരിത്രമുള്ള കലാലയംതന്നെയാണ്. റൂസ 3-ാം സൈക്കിളിൽ കോളേജിന്റെ ഗവേഷണപരമായ പ്രവർത്തനങ്ങൾക്ക് സഹായം ചെയ്യാൻ കഴിയും. റൂസ പദ്ധതിപ്രകാരം സ്വകാര്യ കോളേജുകൾക്കും എയ്ഡഡ് കോളേജുകൾക്കും സഹായം നൽകാൻ കഴിയുമെന്ന സാദ്ധ്യത ഉപയോഗിച്ചുകൊണ്ട് ഗവേഷണാത്മക പ്രവർത്തനങ്ങൾക്ക് ആ കലാലയത്തെ സഹായിക്കാൻ കഴിയും.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഡോ. ശ്യാം ബി. മേനോന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ ഒരു ഇടക്കാല റിപ്പോർട്ട് ഗവൺമെന്റിന്

സമർപ്പിച്ചുവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ പ്രധാനപ്പെട്ടതും ഘടനാപരവും കരിക്കുലവുമായി ബന്ധപ്പെട്ടതുമായ മാറ്റങ്ങളാണ് പ്രധാനമായും വരുന്നത്. വിവിധ സർവ്വകലാശാലകളുടെ നിയമങ്ങൾ യഥാർത്ഥത്തിൽ ക്രോഡീകരിച്ച രീതിയിലല്ല. പലതും വ്യത്യസ്ത നിയമങ്ങളായി നിൽക്കുകയാണ്. അതിന്റേതായ ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. പുതിയ കേന്ദ്ര വിദ്യാഭ്യാസനയം വരുന്നതോടുകൂടി നിലവിലുള്ള സർവ്വകലാശാലകളുടെ സ്വഭാവത്തിൽ മാറ്റമുണ്ടാകുന്നതാണ്. കേരളത്തിലെ സർവ്വകലാശാലകളിലെ നിയമങ്ങളിലും അതിനനുസൃതമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. അത്തരം നിർദ്ദേശങ്ങൾ റിപ്പോർട്ടിന്റെ ഭാഗമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സമർപ്പിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, അംബേദ്കർ സർവ്വകലാശാലയുടെ സ്ഥാപക വൈസ് ചാൻസലറും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിലെ പ്രൊഫസർ ഓഫ് എഡ്യൂക്കേഷനുമായ ഡോ. ശ്യാം ബി. മേനോനാണ് ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ചെയർമാനായി പ്രവർത്തിക്കുന്നത്. കമ്മീഷനിലെ അംഗങ്ങളെല്ലാം വിദ്യാഭ്യാസരംഗത്ത് വളരെയധികം അനുഭവസമ്പത്തുള്ളവരാണ്. അവർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് നിലവിൽ സർവ്വകലാശാലകളുമായി

ബന്ധപ്പെട്ട നിയമങ്ങളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നവിധത്തിൽ കാലാനുസൃതമായി അവയെ പരിഷ്കരിക്കാനുതകുന്ന രീതിയിൽ നിയമ പരിഷ്കരണ കമ്മീഷനെ നിയോഗിച്ചിട്ടുള്ളതാണ്. ഈ നിയമ പരിഷ്കരണ കമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ഏകദേശം 1500-ഓളം പേജുകളുള്ള വിശദമായ റിപ്പോർട്ട് ഉടൻതന്നെ സർക്കാരിന് സമർപ്പിക്കുമെന്നാണ് കമ്മീഷൻ അറിയിച്ചിട്ടുള്ളത്. NUALS-ന്റെ മുൻ വൈസ് ചാൻസലറായിരുന്ന ഡോ. എൻ. കെ. ജയകുമാറാണ് അതിന്റെ അദ്ധ്യക്ഷൻ. നിയമരംഗത്ത് വളരെയധികം അനുഭവസമ്പത്തുള്ള വ്യക്തികളാണ് ആ കമ്മീഷന്റെ അംഗങ്ങൾ. കേരളത്തിലെ സർവ്വകലാശാല നിയമങ്ങൾ കാലഹരണപ്പെട്ട സ്ഥിതിയാണ് ഇന്നുള്ളത്. അതിനെ കാലാനുസൃതമായ രീതിയിൽ മാറ്റിയെഴുതാൻ നല്ല രീതിയിലുള്ള ഇടപെടലാണ് കമ്മീഷന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാല രൂപീകരിച്ചുകൊണ്ട് നടത്തുന്ന ശ്രദ്ധേയമായ ഇടപെടലുകൾ ഏറെ അഭിനന്ദനാർഹമാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രിയേയും വകുപ്പിനേയും പ്രത്യേകം അഭിനന്ദിക്കുന്നു. കേന്ദ്ര വിദ്യാഭ്യാസ പരിഷ്കരണങ്ങളുടെ ഭാഗമായി ബി.എഡ്. അദ്ധ്യാപക

യോഗ്യതാ കോഴ്സ് നാലുവർഷ ഇന്റഗ്രേറ്റഡ് കോഴ്സായി മാറ്റാനാണ് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് സംസ്ഥാനത്ത് നടപ്പിലാക്കാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്ക്; അതിന്റെ നടപടിക്രമമെന്താണെന്ന് വിശദമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, നാലുവർഷ കോഴ്സ് ആരംഭിക്കേണ്ടത് അനിവാര്യമായ കാര്യമാണ്. അതിനായി കരിക്കുലം റീ-ഡിസൈൻ ചെയ്യേണ്ടതുണ്ട്. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് അംഗീകാരത്തിന്റെ കാര്യത്തിൽ പ്രശ്നമില്ല. പക്ഷേ നാലുവർഷത്തെ കോഴ്സാക്കി മാറ്റുന്നതിനെ സംബന്ധിച്ചുള്ള ആലോചനകൾ നടത്തിവരികയാണ്. അടുത്തവർഷമാകുമ്പോൾ ഇക്കാര്യങ്ങളിലെല്ലാം വ്യക്തമായ ദിശാബോധമുണ്ടാക്കി സുനിശ്ചിതമായ നിലപാട് സ്വീകരിച്ച് കുട്ടികൾക്ക് ബുദ്ധിമുട്ടില്ലാത്തവിധത്തിൽ കൈകാര്യം ചെയ്യേണ്ടതുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾക്കിടവരുത്തുന്ന തരത്തിലുള്ള മാറ്റങ്ങൾ വരുത്താൻ ശ്രമിക്കുന്നുവെന്ന് ഇന്നലെയും ഇന്നും ബഹുമാനപ്പെട്ട മന്ത്രി ആവർത്തിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇന്നലെ അക്കാര്യം

സൂചിപ്പിച്ചു. സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ ഒരുപാട് പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പിഎച്ച്.ഡി. രജിസ്ട്രേഷനുവേണ്ടി കുട്ടികൾ സമർപ്പിക്കുന്ന അപേക്ഷ അവിടത്തെ ഗൈഡും ഡിപ്പാർട്ട്മെന്റും സ്വീകരിച്ച് ഷോർട്ട് ലിസ്റ്റുണ്ടാക്കി അതിൽനിന്ന് കുട്ടികളെ തെരഞ്ഞെടുക്കുമ്പോൾ പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അവഗണന നേരിടേണ്ടി വരുന്ന അവസ്ഥ മഹാത്മാഗാന്ധി, കാലിക്കട്ട് യൂണിവേഴ്സിറ്റികളിലുണ്ടായി. യഥാർത്ഥത്തിൽ അവർക്കതിൽ സംവരണമുണ്ട്. സംവരണം കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. അവരുടെ അപേക്ഷ സ്വീകരിച്ച് അവർക്ക് ഈ രജിസ്ട്രേഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള കൃത്യമായ ഇടപെടലും നടപടികളുമുണ്ടായാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. അതിനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഈ വിഷയത്തെ സാമാന്യവത്കരിച്ച് പറയാൻ കഴിയില്ല. ഒറ്റപ്പെട്ട കേസ്സുകളിൽ നീതി നിഷേധമുണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കാം. സാമൂഹ്യനീതിക്ക് പ്രാധാന്യം കൊടുക്കുന്ന നിലപാടാണ് സർക്കാരിനുള്ളത്. ഏതെങ്കിലും വിധത്തിൽ പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കാനുള്ള നിലപാട്

തീർച്ചയായുമുണ്ടാകും.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, പുതിയ ദേശീയ വിദ്യാഭ്യാസ നയം ഉന്നതവിദ്യാഭ്യാസ രംഗത്തെ കച്ചവടകേന്ദ്രമാക്കി മാറ്റുമെന്നും അതിലൂടെ കേരളം ഇതുവരെ നേടിയ സാമൂഹ്യനീതിയുടെ അടിത്തറ ഇല്ലായ്മ ചെയ്യപ്പെടുമെന്നുമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം സാഹചര്യത്തിൽ സാമൂഹ്യനീതിയിലൂന്നിയ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ഡോ. ആർ. ബിന്ദു</u>: സർ, ദേശീയ വിദ്യാഭ്യാസ നയം 2020 സംബന്ധിച്ച് വിശദമായ പഠനവും പരിശോധനയും പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായ ആറംഗ സമിതി നടത്തി 'ദേശീയ വിദ്യാഭ്യാസ നയവും കേരളവും' എന്ന ശീർഷകത്തിൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. സാമൂഹ്യനീതി നിഷേധത്തിന്റെ ഭാഗം വളരെ കൃത്യമായി പരിശോധിച്ചുകൊണ്ടാണ് കേരളം നിലപാട് സ്വീകരിക്കുന്നത്. സംസ്ഥാനത്ത് കേന്ദ്രനയത്തിന് വ്യത്യസ്തമായി പ്രാന്തവൽകൃത വിഭാഗങ്ങളെ മുൻനിരയിലേയ്ക്കുകൊണ്ടുവരാൻ കഴിയുന്ന വിധത്തിലുള്ള ക്രമീകരണങ്ങളെടുക്കാനാണ് സർക്കാർ ശ്രദ്ധിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേന്ദ്ര വിദ്യാഭ്യാസ നയത്തിൽ 'റിസർവേഷൻ' എന്ന പദം

പോലുമില്ലായെന്നത് വളരെ പ്രാധാന്യത്തോടുകൂടി നാം കാണേണ്ടതുണ്ട്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, തൃശ്ശൂർ ജില്ലയിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രചോദനമാകേണ്ട ചാലക്കുടിയിലെ ശാസ്ത്രസാങ്കേതിക മ്യൂസിയം നിർമ്മാണ തകരാറുമൂലം ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. പ്ലാനറ്റോറിയത്തിന്റെ ആവശ്യത്തിനായി രണ്ടുവർഷം മുമ്പ് ഇറക്കുമതി ചെയ്ത 7 കോടി രൂപ ചെലവുവന്ന ഉപകരണങ്ങൾ ഗ്യാരന്റി കാലാവധി തീരുന്ന അവസ്ഥയിലാണ്. ടി മ്യൂസിയത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, പ്രസ്തുത മ്യൂസിയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിരവധി യോഗങ്ങൾ ചേർന്ന് പരിഹരിക്കാനുള്ള ശ്രമങ്ങളിലൂടെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. യന്ത്രങ്ങൾ ഇൻസ്റ്റാൾ ചെയ്തതിനുശേഷം മാത്രമാണ് വാറന്റി പീരീഡ് ആരംഭിക്കുന്നത്. അതിനാൽ അത്തരത്തിലുള്ള സാങ്കേതിക പ്രശ്നമില്ല.

<u>ശ്രീമതി ദെലീമ</u>: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാന സർക്കാർ അഭിനന്ദനാർഹമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ചേർത്തല ഐ.എച്ച്.ആർ.ഡി. കോളേജിലെ

ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം കുറവാണ്. കൂടാതെ ടോയ്‌ലറ്റ് സൗകര്യത്തിന്റെ അഭാവവുമുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ദേശീയ വിദ്യാഭ്യാസ നയം**

4(*124) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എച്ച്. സലാം:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഫലമായി ഉന്നതവിദ്യാഭ്യാസം പണമുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നുവെന്ന ആശങ്ക നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ പുതിയ നയത്തിന്റെ ചുവടുപിടിച്ച് യു.ജി.സി. പുറത്തിറക്കിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധനാവിധേയമാക്കിയിരുന്നോ;

(ബി) അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് സംവിധാനം എല്ലാ

കോളേജുകളെയും സർട്ടിഫിക്കറ്റ് അനുവദിക്കാൻ അധികാരത്തോടുകൂടിയ സ്വയംഭരണ കോളേജുകളായി പരിവർത്തിപ്പിക്കാൻ നിർബന്ധിതമാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നാല് വർഷ ബിരുദം ആരംഭിക്കുന്നതും ഏത് സമയവും കോഴ്സ് പൂർത്തിയാക്കാതെ പുറത്തുപോകാമെന്നതും അത്തരക്കാർക്ക് സർട്ടിഫിക്കറ്റോ ഡിപ്ലോമയോ ലഭിക്കുമെന്നതും താഴ്ന്ന വരുമാനക്കാർ കോഴ്സ് പൂർത്തിയാക്കാതെ കൊഴിഞ്ഞുപോകുന്ന നിരക്ക് വർദ്ധിപ്പിക്കാനിടയാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നയം തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ) ദേശീയ വിദ്യാഭ്യാസ നയത്തെ സമഗ്രമായി പരിശോധിക്കുന്നതിനും പഠനം നടത്തുന്നതിനും പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി ആറംഗ സമിതിയെ നിയോഗിക്കുകയും 'ദേശീയ വിദ്യാഭ്യാസ നയവും കേരളവും' എന്ന ശീർഷകത്തിൽ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 04-05-2022-ൽ വിദ്യാഭ്യാസ രംഗത്തെ വിദഗ്ദ്ധർ, വിവിധ യൂണിവേഴ്സിറ്റികളിലെ വൈസ് ചാൻസലർമാർ,

യൂണിവേഴ്സിറ്റികളിലേയും കോളേജുകളിലേയും സർവ്വീസ് സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ദേശീയ വിദ്യാഭ്യാസ നയം 2020-ഉം യു.ജി.സി. നിർദ്ദേശങ്ങളും സംബന്ധിച്ച ശില്പശാല സംഘടിപ്പിച്ചിരുന്നു.

(ബി) ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് നടപ്പിലാക്കുന്നതുമൂലം വിദ്യാഭ്യാസ രീതിയിലുണ്ടാകുന്ന സമൂല മാറ്റങ്ങൾ ശില്പശാലയിൽ ചർച്ചചെയ്തിരുന്നു. ഇതുസംബന്ധിച്ച മേൽ നടപടികൾ പരിശോധിച്ചുവരികയാണ്.

(സി) നിലവിൽ പ്രൊഫഷണൽ പ്രോഗ്രാമുകൾ മിക്കവാറും 4 വർഷ ദൈർഘ്യമുള്ളവയാണ്. 4 വർഷ ഡിഗ്രി കോഴ്സുകൾക്കാവശ്യമായ കരിക്കുലം ചട്ടക്കൂട്/സിലബസ് യു.ജി.സി. നിർദ്ദേശങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ സർവ്വകലാശാലകൾ രൂപകല്പന ചെയ്യേണ്ടതുണ്ട്. നിലവിലെ 3 വർഷ ബിരുദ പ്രോഗ്രാമുകൾ 4 വർഷ ബിരുദ പ്രോഗ്രാമുകളായി യാന്ത്രികമായി മാറ്റാൻ കഴിയില്ല. ഇതിനാവശ്യമായ അക്കാദമിക് പശ്ചാത്തല സൗകര്യങ്ങൾ സർവ്വകലാശാലകളിലും കോളേജുകളിലും അധികമായി കണ്ടെത്തേണ്ടിവരും. ഇത് വിദ്യാർത്ഥികളുടെ പഠനചെലവ് വർദ്ധിക്കാനും

പഠനം പൂർത്തീകരിക്കാതെയുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനും ഇടയാക്കിയേക്കാം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കേന്ദ്രം ഭരിക്കുന്ന എൻ.ഡി.എ. സർക്കാർ ഉന്നതവിദ്യാഭ്യാസ മേഖലയിലുൾപ്പെടെ വർഗ്ഗീയ-കോർപ്പറേറ്റ്-വരേണ്യവത്കരണം നടപ്പിലാക്കുമ്പോൾ അതിന് ബദലായി ഉന്നത വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ ജനാധിപത്യ രൂപത്തിൽ എല്ലാവർക്കും വിദ്യാഭ്യാസമെത്തിക്കാൻ നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. കോളേജുകളെ സ്വയംഭരണ കോളേജുകളാക്കി മാറ്റി അഫിലിയേഷൻ രീതി പൂർണ്ണമായും അവസാനിപ്പിക്കുകയെന്നതാണ് ദേശീയ വിദ്യാഭ്യാസ നയത്തിലെ ഒരു പ്രധാന നിർദ്ദേശം. എന്നാൽ അങ്ങനെ സംഭവിച്ചാൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലടക്കം വിദ്യാഭ്യാസമെത്തിക്കുന്നതിൽ അഫിലിയേറ്റഡ് കോളേജുകൾ വഹിച്ച പങ്ക് നഷ്ടപ്പെടുത്തി അത്തരം പ്രദേശങ്ങളിൽ ഉന്നതവിദ്യാഭ്യാസ സൗകര്യം ഇല്ലാതാകുന്നതിന് കാരണമാകുമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് അനുവദിക്കാൻ സർക്കാർ തയ്യാറാകുമോ?

ഡോ. ആർ. ബിന്ദു: സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2030-ഓടെ അഫിലിയേഷൻ സമ്പ്രദായം പൂർണ്ണമായും ഡിസ്മാന്റിൽ

ചെയ്യണമെന്നാണ് കേന്ദ്ര വിദ്യാഭ്യാസ നയം ആവശ്യപ്പെടുന്നത്. അത്തരം അവസ്ഥയുണ്ടാകുമ്പോൾ മലയോര മേഖലയിലും തീരദേശ മേഖലയിലുമുള്ള പാവപ്പെട്ട കുട്ടികളും ആദിവാസി കുട്ടികളും ആശ്രയിക്കുന്ന കൊച്ചുകലാലയങ്ങൾ ഇല്ലാതായിത്തീരുമെന്ന സ്ഥിതിയാണുണ്ടാകാൻ പോകുന്നത്. അതിന്റെ ഭാഗമായി, സാമൂഹ്യനീതി നിഷേധത്തിന്റെതലങ്ങൾ വളരെ ശക്തമായി ഉയർന്നുവരും. അഫിലിയേറ്റിംഗ് സംവിധാനം പെട്ടെന്ന് നിർത്തുകയെന്നുള്ളത് കേരളംപോലുള്ള സംസ്ഥാനങ്ങളിൽ പ്രതിലോമകരമായ സ്ഥിതിയുണ്ടാക്കുമെന്നാണ് കരുതുന്നത്. പ്രാന്തവത്കൃത വിഭാഗങ്ങളെ എങ്ങനെയാണ് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കും നേതൃനിരയിലേയ്ക്കും കൊണ്ടുവരേണ്ടത് എന്നതിനെ സംബന്ധിച്ച് യാതൊരു പരിശോധനയോ നിർദ്ദേശങ്ങളോ കേന്ദ്ര വിദ്യാഭ്യാസ നയത്തിലില്ല. അതിന്റെ നേരെ എതിർദിശയിൽ, ഈ കാര്യത്തിന് വലിയ പരിഗണന കൊടുത്തുകൊണ്ടുള്ള സമീപനമാണ് നാം ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. ഇനിയും അങ്ങനെതന്നെയാണ് മുന്നോട്ടുപോകാൻ ശ്രമിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ അഖിലേന്ത്യാ എൻറോൾമെന്റ് റേഷ്യോ ശരാശരി 26 ശതമാനവും കേരളത്തിന്റേത് 37 ശതമാനവുമാണ്. എൻറോൾമെന്റ് റേഷ്യോ 75

ശതമാനമായി ഉയർത്തുമെന്ന സർക്കാർ പ്രഖ്യാപനത്തെ അഭിനന്ദിക്കുന്നു. അതിനാവശ്യമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് 2021-22-ലും തുടർന്നുള്ള വർഷങ്ങളിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്?

ഡോ. ആർ. ബിന്ദു: സർ, എല്ലാ മേഖലയിലും കുട്ടികൾക്ക് സൗകര്യപ്രദമായ വിധത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ അക്സസിബിളാകാൻ കഴിയുന്നവിധത്തിൽ വ്യാപകമായി സ്ഥാപനങ്ങളും പുതിയ കോഴ്സുകളും ഉണ്ടാകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് കൃത്യമായും കാര്യക്ഷമമായും ഭൗതിക സാഹചര്യങ്ങളും പഠനാന്തരീക്ഷവും ഒരുക്കാൻ തയ്യാറാകുന്ന എല്ലാ വിദ്യാഭ്യാസ ഏജൻസികൾക്കും പിന്തുണനൽകാൻ സർക്കാർ തയ്യാറാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ലോകോത്തര സ്ഥാപനങ്ങളുണ്ടാക്കിയെടുക്കുകയും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കൂടുതൽ കുട്ടികളെ ഉൾക്കൊള്ളാൻ കഴിയുന്നരീതിയിൽ അവയുടെ സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് ഇതിനായി നടപടി സ്വീകരിക്കാമെന്നാണ് കരുതുന്നത്. ഇതുവരെയില്ലാത്ത മേഖലകളിൽക്കൂടി കോഴ്സുകൾ ആരംഭിക്കാവുന്നരീതിയിലുള്ള നടപടിയും സ്വീകരിക്കേണ്ടതുണ്ട്.

ശ്രീ. എച്ച്. സലാം: സർ, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ രംഗത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ കേന്ദ്ര ഗവൺമെന്റ് സ്ഥാപിക്കുന്ന ഏജൻസികളിൽ നിക്ഷിപ്തമാകുന്ന സാഹചര്യമാണ്. ഫെഡറൽ ഘടനയിലൂടെയുള്ള കടന്നുകയറ്റമായ ഈ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് മറികടക്കാൻ സർക്കാരിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ കഴിയുന്നത്?

ഡോ. ആർ. ബിന്ദു: സർ, അങ്കണവാടി മുതൽ റിസർച്ച് വരെയുള്ള എല്ലാ പഠന പ്രവർത്തനങ്ങളെയും കേന്ദ്രീകരിക്കുന്നരീതിയിൽ നിയന്ത്രിക്കുന്ന സമിതിയെന്ന നിലയിൽ പ്രധാനമന്ത്രി അദ്ധ്യക്ഷനായ രാഷ്ട്രീയ ശിക്ഷാ ആയോഗിനുകീഴിൽ കൊണ്ടുവരണമെന്ന രീതിയിലുള്ള സമീപനമാണ് കേന്ദ്ര വിദ്യാഭ്യാസ നയരേഖയ്ക്കുള്ളത്. അത് വലിയ രീതിയിലുള്ള കേന്ദ്രീകരണത്തിനും ഫെഡറൽ തത്വങ്ങളുടെ ലംഘനത്തിനും വഴിതെളിക്കുമെന്ന കാര്യത്തിൽ യാതൊരുതർക്കവുമില്ല. റിസർച്ചിനുപോലും റെഗുലേറ്റിംഗ് അതോറിറ്റിയെന്ന രീതിയിൽ റിസർച്ച് കൗൺസിൽ അതിൽ പ്രൊപ്പോസ് ചെയ്യുന്നുണ്ട്. ഏത് വിഷയമാണ് ഗവേഷണം ചെയ്യേണ്ടതെന്നുപോലും ആ സമിതി നിർദ്ദേശിക്കുമെന്ന രീതിയിലാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. തീർത്തും നിർഭാഗ്യകരമായ

കാര്യമാണത്. എല്ലാ രീതിയിലും അമിതമായ കേന്ദ്രീകരണ പരിശ്രമങ്ങൾക്കുള്ള നീക്കമാണ് കേന്ദ്ര വിദ്യാഭ്യാസ നയത്തിലുള്ളത്. ഓരോ സർവ്വകലാശാലയ്ക്കും അതിന്റേതായ ജൈവപ്രകൃതിയുണ്ട്. പ്രാദേശിക ജനതയുടെ ആവശ്യങ്ങളോട് സംവദിച്ചുകൊണ്ടുമാത്രമേ സർവ്വകലാശാലകൾക്കും കലാലയങ്ങൾക്കും നിലനിൽക്കാനാവുകയുള്ളൂ. അതിനെല്ലാം വിഘാതം സൃഷ്ടിക്കുന്നരീതിയിലുള്ള പരാമർശങ്ങളാണ് കേന്ദ്ര വിദ്യാഭ്യാസ നയത്തിലുള്ളത്. അതിനെ മറികടക്കാൻ കഴിയുന്ന നിലപാടുകൾ സ്വീകരിക്കാനാണ് കേരളം ശ്രമിക്കുന്നത്.

ശ്രീ. ഐ. ബി. സതീഷ് ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ രംഗത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ കേന്ദ്ര സർക്കാർ സ്ഥാപിക്കുന്ന ഏജൻസികളിൽ നിക്ഷിപ്തമാകുന്നത് ഫെഡറൽ ഘടനയിലുള്ള കടന്നുകയറ്റമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാന ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

<u>ഡോ. ആർ. ബിന്ദു</u>: സർ, ഈ ചോദ്യത്തിനുള്ള മറുപടിയാണ് ഞാൻ നേരത്തെ പറഞ്ഞത്. വലിയരീതിയിലുള്ള കേന്ദ്രീകരണ പരിശ്രമങ്ങളാണ്

വിദ്യാഭ്യാസ നയരേഖയുടെ ഭാഗമായി മുന്നോട്ടുവച്ചിട്ടുള്ളത്. എല്ലാ കാര്യങ്ങൾക്കും കേന്ദ്രീകൃത സമിതിയുടെ അംഗീകാരം വേണമെന്ന നിലയും ആ കേന്ദ്രീകൃത സമിതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രീ-പ്രൈമറിതലം മുതൽ ഗവേഷണ തലംവരെ എല്ലാ വിശദാംശങ്ങളും ആ സമിതിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ചെയ്യണമെന്നുള്ള രീതി വരുമ്പോൾ അത് വലിയരീതിയിൽ ഏകശിലാ രൂപിയായിട്ടുള്ള ഒരു ഘടനയായി ഉന്നതവിദ്യാഭ്യാസ മേഖലയെ മാറ്റും.

മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വേഗ റെയിൽപ്പാതകളുടെ ആവശ്യകത

5 (*125) ശ്രീ. വി. ജോയി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രെയിൻ ഗതാഗതത്തിന്റെ ശരാശരി വേഗത 40-50 കിലോമീറ്റർ മാത്രമാണെന്നത് വസ്തുതയാണോ; വണ്ടികളുടെ വേഗതക്കുറവും ആവശ്യത്തിന് വണ്ടികളില്ലെന്നതും സംസ്ഥാനത്ത് ട്രെയിൻ യാത്രാദുരിതം സൃഷ്ടിക്കുന്നതിന് പരിഹാരമായി റെയിൽവേയുടെ സഹകരണത്തോടെ സംസ്ഥാനം സ്വന്തം നിലയിൽ വേഗപാതകൾ നിർമ്മിക്കാനുള്ള പദ്ധതിയുടെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുമോ?

വിവിധതരം ട്രെയിനുകളുടെ ശരാശരി വേഗം വ്യത്യസ്തമാണ്. പാസഞ്ചർ ട്രെയിനുകളുടെ ശരാശരി വേഗം മണിക്കൂറിൽ 40 കിലോമീറ്ററും എക്സ്പ്രസ് ട്രെയിനുകൾക്ക് മണിക്കൂറിൽ 55 മുതൽ 60 കിലോമീറ്ററുമാണ്. തിരുവനന്തപുരം ഡിവിഷനുകീഴിലുള്ള ട്രാക്കുകളിൽ മണിക്കൂറിൽ 70 കിലോമീറ്റർ മുതൽ 110 കിലോമീറ്റർ വരെ വേഗതയിൽ ട്രെയിൻ ഓടിക്കാനാണ് അനുമതിയുള്ളത്. ട്രെയിനുകളുടെ ശരാശരി വേഗത കുറയുന്നതിനുള്ള പ്രധാന കാരണം ട്രെയിനുകളുടെ സ്റ്റോപ്പുകളുടെ ബാഹുല്യമാണ്. കേരളത്തിലെ സ്റ്റേഷനുകൾക്കിടയിലുള്ള ശരാശരി ദൂരം 10 കിലോമീറ്റർ മാത്രമാണ്. ഏറ്റവും തിരക്കുള്ള എറണാകുളം-ഷൊർണ്ണൂർ

മൂന്നാംപാതയുടെ സർവ്വേ നടപടികൾ അവസാനഘട്ടത്തിലാണ്. മൂന്നാംപാത യാഥാർത്ഥ്യമായാൽ ആ സെക്ഷനിൽ വേഗത ഗണ്യമായി വർദ്ധിക്കുന്നതാണ്. നിലവിൽ കേരളത്തിലെ ട്രാക്കുകൾക്ക് മണിക്കൂറിൽ 70 കിലോമീറ്റർ മുതൽ 110 കിലോമീറ്റർ വരെ മാത്രമേ വേഗത കൈവരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ മണിക്കൂറിൽ 200 കിലോമീറ്റർ വേഗത കൈവരിച്ചുകൊണ്ട് നാല് മണിക്കൂറിനുള്ളിൽ സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തുനിന്ന് വടക്കേ അറ്റത്തേയ്ക്ക് യാത്ര ചെയ്യാൻ സാധ്യമാകുന്ന അർദ്ധ അതിവേഗ പദ്ധതിയാണ് സിൽവർലൈൻ. സൗകര്യപ്രദവും ലോകത്തെ ഏറ്റവും മലിനീകരണം കുറഞ്ഞതുമായ ഈ പൊതുഗതാഗത സംവിധാനത്തെ പ്രവർത്തനവർഷംതന്നെ ഡി.പി.ആർ. പ്രകാരം പ്രതിദിനം 80,000 പേർ ആശ്രയിക്കും. പദ്ധതിയുടെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പാത കടന്നുപോകുന്ന സ്ഥലങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ഹാളിൽ 2019 ഫെബ്രുവരി 10-ന് സിൽവർലൈനിനെക്കുറിച്ച് ഒരു വിശദീകരണ യോഗം നടത്തിയിരുന്നു. ഇതുകൂടാതെ 'ജനസമക്ഷം സിൽവർലൈൻ' എന്ന പേരിൽ വിശദീകരണ യോഗങ്ങൾ പാത കടന്നുപോകുന്ന ജില്ലകളിൽ നടത്തുകയും ചെയ്തു. ടി

അവസരത്തിൽ പദ്ധതിയുടെ പുനരധിവാസ പാക്കേജ്, നഷ്ടപരിഹാരത്തുക എന്നിവ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുകയുണ്ടായി. ചേംബർ ഓഫ് കൊമേഴ്സ്, ഗ്രേറ്റർ കൊച്ചി, ട്രിവാൻഡ്രം മാനേജ്മെന്റ് അസോസിയേഷൻ, കിഫ്ബി വഴി നടത്തിയ സർക്കാരിന്റെ അഭിമാന പദ്ധതികളുടെ അവതരണം എന്ന സംഗമത്തിലും കൂടാതെ എല്ലാ സാംസ്കാരിക സാമൂഹിക പരിസ്ഥിതി പ്രവർത്തകരുമായും വെബിനാറുകളും സെമിനാറുകളും നടത്തിയിരുന്നു. നിയമസഭാ സാമാജികരുമായി ശങ്കരനാരായണൻ തമ്പി ഹാളിൽ 2022 മാർച്ച് 16-ന് സിൽവർലൈനിനെക്കുറിച്ച് ഒരു വിശദീകരണ യോഗവും നടത്തിയിരുന്നു.

(ബി) റെയിൽ പാതയിരട്ടിപ്പ് 615 കിലോമീറ്റർ പൂർത്തിയായിട്ടും യാത്രാ വേഗത്തിൽ യാതൊരു വർദ്ധനവുമില്ലെന്നത് യാഥാർത്ഥ്യമാണോ?

അല്ല. പാതയിരട്ടിപ്പിക്കൽ നടപടികൾ ദീർഘകാലമായി നടന്നുവരികയും ട്രെയിൻ സർവ്വീസുകളുടെ ശരാശരി വേഗതയിൽ ക്രമമായ വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്. ചിങ്ങവനം-ഏറ്റുമാനൂർ പാതയിരട്ടിപ്പിക്കൽ പൂർത്തിയായതിനെ തുടർന്ന് ഏതാനും ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

(സി) ട്രെയിൻ വേഗതക്കുറവിന് കാരണം പാതയിലെ വളവുകൾ ആണെന്നതും കഴിഞ്ഞ 45 വർഷത്തിനുള്ളിൽ ഇത്തരം വളവുകളിൽ ഒന്നുപോലും നിവർത്തപ്പെട്ടില്ലെന്നതും സിൽവർലൈനിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 626 വളവുകളുണ്ട്. വളവുകളുള്ള ഭാഗത്ത് മണിക്കൂറിൽ 200 കിലോമീറ്റർ മുതൽ 110 കിലോമീറ്റർ വരെ വേഗ നിയന്ത്രണമുണ്ട്. മണിക്കൂറിൽ 110 കിലോമീറ്ററിലേറെ വേഗതയിൽ പാത അനുയോജ്യമാക്കണമെങ്കിൽ ഈ വളവുകളെല്ലാം നേരെയാക്കേണ്ടതുണ്ട്. 576 കിലോമീറ്റർ പാതയിൽ 36% പാതയും വളവുകളുള്ളതാണ്. ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലൂടെയാണ് പാത കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ വളവുകൾ നേരെയാക്കുന്നത് ജനങ്ങളേയും ജനവാസ കേന്ദ്രങ്ങളേയും ബാധിക്കും. വളവുകളിലുള്ള അനവധി സ്റ്റേഷനുകളും ഉപേക്ഷിക്കേണ്ടിവരും. നിലവിലെ സാഹചര്യത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 560 കിലോമീറ്റർ ദൂരം യാത്ര ചെയ്യാൻ റെയിൽ മാർഗ്ഗവും റോഡ് മാർഗ്ഗവും 10-12 മണിക്കൂർ വരെ സമയമെടുക്കും. നിരവധി സ്റ്റോപ്പുകളും വളവുകളുമുള്ള ഈ റൂട്ടിൽ എറണാകുളം-തിരുവനന്തപുരം യാത്രയ്ക്ക് ശരാശരി 5 മണിക്കൂർ

വരെയെടുക്കും. ഇവിടെയാണ് സിൽവർലൈൻ പദ്ധതിയുടെ പ്രാധാന്യം വർദ്ധിക്കുന്നത്. പ്രസ്തുത പദ്ധതി പരമാവധി ജനവാസം കുറഞ്ഞ മേഖലകളിലൂടെയാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ പരമാവധി വളവുകൾ കുറച്ചുകൊണ്ടാണ് സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമായാൽ എറണാകുളം-തിരുവനന്തപുരം യാത്രയ്ക്ക് ഒന്നര മണിക്കൂർ മതിയാകും. കാസർഗോഡുനിന്ന് തിരുവനന്തപുരത്ത് എത്താൻ മൂന്ന് മണിക്കൂറും 54 മിനിറ്റും മാത്രമേ എടുക്കൂ.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് നൂതന പദ്ധതികൾ

6 (*126) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) നവകേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ചാലക ശക്തിയാകുംവിധം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

നവകേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ചാലക ശക്തിയാകുംവിധം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

<u>പ്രധാന പദ്ധതികളുടെ സംഗ്രഹം</u>

1. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന്
2. ഇ-ജേർണൽ കൺസോർഷ്യം
3. ഡിജികോൾ
4. ഓൺലൈൻ ഡിജിറ്റൽ ശേഖരം
5. ഉന്നത വിദ്യാഭ്യാസ സർവ്വേ
6. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
7. അദ്ധ്യാപക പരിശീലന പദ്ധതി
8. സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC)
9. ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡാറ്റാബേസ്)

10. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി (കാസർഗോഡ്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ)

11. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം

12. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

വൈജ്ഞാനിക മേഖലയിൽ കുതിച്ചുചാട്ടം ഉണ്ടാക്കുന്നതിനായി കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂ ജനറേഷൻ കോഴ്സുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ ട്രെയിനിംഗ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ച് നൽകിയിട്ടുണ്ട്. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ക്ലാസുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസ് റൂം ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റൈസേഷൻ, ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ശാസ്ത്ര, സാങ്കേതികശാസ്ത്ര രംഗത്തെ വളർച്ചയും പഠന ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നതിന് നൂതന പഠന വകുപ്പുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശാസ്ത്ര-സാങ്കേതിക ശാസ്ത്ര രംഗത്തെ വളർച്ചയും പഠന ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നതിനായി താഴെപ്പറയുന്ന 9 നൂതന പഠന വകുപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള സർവ്വകലാശാലയിൽ സ്വീകരിച്ചുവരുന്നുണ്ട്.

1. Atmospheric Science
2. Design
3. Communication Science and Electronics
4. Artificial Intelligence and Robotics
5. Data Science
6. Functional Organic Materials
7. Oceanography and Blue Economy
8. Renewable Energy
9. Integrative Biology

കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുള്ള പുതുതലമുറ കോഴ്സുകൾ/ഫ്യൂച്ചർ സ്റ്റഡീസ് പഠനകേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നവയാണ്:

1. M.Tech Civil Structural Engineering
2. M.Tech in Data Science and Analytics
3. M.Sc. Computer Science with Specialization in Data Science
4. M.Sc. Forensic Science
5. M.Sc. Econometrics and Financial Technology
6. M.Tech in Defence Technology
7. M.Sc. Computer Science with Specialization in Artificial Intelligence.
8. Master of Bio Ethics.
9. M.Sc. (5 year Integrated) in Computer Science (Artificial Intelligence & Data Science)

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ താഴെപ്പറയുന്ന സ്കൂളുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്:

1. School of Mechanical Sciences and Technology
2. School of Building Sciences and Technology
3. School of Electrical Sciences and Technology
4. School of Communication Sciences and Technology
5. School of Computer Sciences and Technology
6. School of Inter Disciplinary Studies and Research
7. School of Basic Sciences and Humanities

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന സാങ്കേതികവിദ്യകളിൽ അറിവും വ്യവസായത്തിനാവശ്യമായ തൊഴിൽ വൈദഗ്ദ്ധ്യവും ആർജ്ജിക്കുന്നതിനായി താഴെപ്പറയുന്ന പഠന വകുപ്പുകൾ തുടങ്ങിയിട്ടുണ്ട്:

1. School of Artificial Intelligence and Robotics

2. School of Data Analytics

3. School of Nano Science and Technology

4. School of Food Science and Technology

5. School of Energy Materials

(സി) സർവ്വകലാശാലകൾക്കുള്ളിൽ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

കേരള സർവ്വകലാശാലയിൽ Thanu Padmanabhan Centre for Excellence in Astronomy and Astrophysics, Inter University Centre for Translational Research എന്നീ സെന്ററുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽ നാല് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2019-ൽ സർവ്വകലാശാലയ്ക്ക് അനുവദിച്ച N. R. Madhava Menon Inter-disciplinary Centre for Research Ethics & Protocols (ICREP)-നെ ഇന്റർ യൂണിവേഴ്സിറ്റി സെന്ററായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ

കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ ആരംഭിക്കുവാനുള്ള അക്കാദമിക് സമിതികൾ ചിട്ടപ്പെടുത്തിവരികയാണ്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പുതിയതായി ആരംഭിച്ച താഴെപ്പറയുന്ന അന്തർ സർവ്വകലാശാല സെന്ററുകൾ നിലവിലുണ്ട്:

1. International Inter University Centre for Nanoscience & Nanotechnology (IIUCN)
2. Advanced Centre of Environmental Studies & Sustainable Development (ACESSD)
3. Inter University Centre for Disability Studies ((IUCDS)
4. Inter University Centre for Social Science Research and Extension(IUSSRE)
5. Inter University Centre for Bio Medical Research & Super Speciality Hospital (IUCBR & SSH)
6. Inter University Instrumentation Centre(IUIC)

7. Inter University Centre for Studies in Science of Music (IUCSSM)

8. Inter University Centre for Organic farming & Sustainable Agriculture (IUCOFSA)

ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 30 അന്തർ സർവ്വകലാശാലാ ഓട്ടോണമസ് കേന്ദ്രങ്ങളിൽ 6 എണ്ണം ഉന്നത വിദ്യാഭ്യാസ കൗൺസിൽ തെരഞ്ഞെടുത്ത് അടിയന്തരമായി നടപ്പിലാക്കുന്നതിന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ പരിഗണിച്ചുവരുന്നു.

**കർഷകരുടെ വരുമാന വർദ്ധനവിന് നടപടി**

7 (*127) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ വരുമാനത്തിൽ അഞ്ചുവർഷംകൊണ്ട് അൻപത് ശതമാനം വർദ്ധന സൃഷ്ടിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് (2022-27) സംസ്ഥാനത്തെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുവാനുള്ള താഴെപ്പറയുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടുവരുന്നു.

1. ഉല്പാദനം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ.

2. കേരളത്തിലെ പ്രധാന വിളകളായ നെല്ല്, തേങ്ങ, പച്ചക്കറി, സുഗന്ധവിളകൾ എന്നിവയുടെ വിസ്തൃതിയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കൽ.

3. നവീന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കൃഷിരീതികൾ, യന്ത്രവൽകൃത കൃഷിരീതികൾ അനുവർത്തിക്കൽ.

4. കൂടാതെ 'ഞങ്ങളും കൃഷിയിലേയ്ക്ക് ' പദ്ധതിയുടെ ഭാഗമായുണ്ടാകുന്ന കൃഷിക്കൂട്ടങ്ങളുടെ 80% ഉല്പാദനമേഖലയിലും 20% സേവന സംഭരണ മൂല്യവർദ്ധനവ് മേഖലയിലും ആരംഭിക്കുന്നു. ഈ കൃഷിക്കൂട്ടങ്ങളുടെ ഫലപ്രദമായ ഇടപെടലിലൂടെ കർഷക വരുമാനത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു. ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും

ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനം.

5. സംസ്കരണം, മൂല്യവർദ്ധനവ്, വിപണന പിന്തുണ എന്നീ മേഖല സജീവമാക്കുന്നതിന് സ്റ്റാർട്ട് അപ്പുകൾ, എഫ്.പി.ഒ.-കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവയിലൂടെയുള്ള ഇടപെടലുകൾ.

6. വിവര സാങ്കേതികവിദ്യ അധിഷ്ഠിതമാക്കി കൃഷിരീതികൾ പ്രോത്സാഹിപ്പിക്കൽ.

7. വിള ഇൻഷ്വറൻസ് പദ്ധതികൾ കർഷക സൗഹൃദവും ആകർഷകവുമാക്കുവാനുള്ള നടപടികൾ.

8. പ്രമുഖമായ വിളകൾ കേന്ദ്രീകരിച്ചും മേഖലകൾ കേന്ദ്രീകരിച്ചുമുള്ള പ്രത്യേക പദ്ധതികൾ.

9. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ.

10. കർഷകർക്കാവശ്യമായ സാങ്കേതിക ഉപദേശം കൃത്യമായി നൽകുവാനുള്ള ആസൂത്രിത ഇടപെടലുകൾ.

(ബി) കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകിവരുന്നത്; വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020, 2021-2022 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശുനില കൃഷി, പച്ചക്കറി കൃഷിയിൽ മഴമറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ പ്രോത്സാഹനം, ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റ് പദ്ധതികളായ നെൽകൃഷി വികസനം, പച്ചക്കറി വികസനം, പയർ-കിഴങ്ങുവർഗ്ഗങ്ങളുടെ വികസനം, പഴവർഗ്ഗങ്ങളുടെ വികസനം എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന്

ഇപ്പോൾ പിന്തുടരുന്ന വിള കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വർഷം തുടക്കമിട്ടു. ഓരോ കൃഷിയിടത്തിനും യോജിച്ച കാർഷികോൽപ്പാദന പദ്ധതി ആസൂത്രണ രേഖ (ഫാം പ്ലാൻ) തയ്യാറാക്കി അത് പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷിമുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷിവകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ദീർഘകാലാടിസ്ഥാനത്തിൽ വാർഷിക വരുമാനം പരമാവധിയാക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ്. ഈ വർഷം 10,760 ഇത്തരം യൂണിറ്റുകൾ പദ്ധതിക്കുകീഴിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി

നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് ‘ കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി’ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമാവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. ഇത് ലക്ഷ്യംവച്ച് കാർഷിക മൂല്യവർദ്ധന സംസ്കരണ മിഷൻ ഈ പഞ്ചവത്സര പദ്ധതി കാലത്ത് ആരംഭിക്കുന്നതാണ്. മേൽപ്പറഞ്ഞ സംസ്ഥാന പദ്ധതികൾക്കുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ, സബ്-മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM), പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന (PMKSY), സോയിൽ ഹെൽത്ത് കാർഡ് പദ്ധതി, നാളികേര വികസനത്തിനായുള്ള പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവയിലൂടെയും കർഷകർക്ക് സഹായങ്ങൾ നൽകിവരുന്നു.

(സി) മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള

പ്രോത്സാഹന പദ്ധതി. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി.) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി 2022-23 വർഷത്തിൽ 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.-ക്കായി വകയിരുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം സംരംഭങ്ങൾക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് സഹായം നൽകുന്നു. 2021-2022 സാമ്പത്തിക വർഷത്തിൽ 17 സംരംഭകർക്ക് 2,47,74,519/- രൂപയാണ് സബ്സിഡിയായി എസ്.എഫ്.എ.സി. വഴി പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുള്ളത്. കൃഷി വകുപ്പ് 2021-22 സാമ്പത്തിക വർഷത്തിൽ 80.10 ലക്ഷം രൂപ മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി അനുവദിച്ചു. 3 യൂണിറ്റുകൾക്കായി പ്രാഥമിക സഹകരണ സംഘങ്ങൾവഴി 39.28 ലക്ഷം രൂപയും 4 യൂണിറ്റുകൾക്കായി മറ്റ് വഴി 40.82 ലക്ഷം രൂപയും അനുവദിച്ചു. കൂടാതെ 105 വ്യക്തിഗത മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി 82.82 ലക്ഷം രൂപയും നൽകുകയുണ്ടായി. FPO-കൾ വഴി

കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. നബാർഡ്, നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി.), നാഫെഡ്, കേന്ദ്ര എസ്.എഫ്.എ.സി. മുഖേന 51 എഫ്.പി.ഒ-കളും എസ്.എൽ.എസ്.സി. അംഗീകാരം ലഭിച്ച 45 എഫ്.പി.ഒ.-കളിൽനിന്നും 38 എണ്ണം എസ്.എഫ്.എ.സി. മുഖേനയും കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 40 എഫ്.പി.ഒ-കളും രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഓരോ വിളയെ അടിസ്ഥാനമാക്കി നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയാണ് അഗ്രോപാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ (2022-23) മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി 200 ലക്ഷം രൂപയും സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ.-കൾ എന്നിവയ്ക്ക്

140 ലക്ഷം രൂപയും കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ, കാർഷിക കർമ്മ സേന, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 480 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഓരോ വിളയുടെയും ഉല്പാദനക്ഷമതയ്ക്ക് ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ടോ; ടാർജറ്റ് കൈവരിക്കുന്നതിനായി ശാസ്ത്രീയമായ എന്തെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. ഓരോ വിളയുടെയും ഉല്പാദനശേഷി വർദ്ധിപ്പിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ എത്തിച്ചേരേണ്ട ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്. ലക്ഷ്യം കൈവരിക്കുന്നതിനായി താഴെപ്പറയുന്ന ശാസ്ത്രീയമായ ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നത്.

1. കാർഷിക പാരിസ്ഥിതിക മേഖല ആധാരമാക്കി കേരളത്തെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളായും 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും വിഭജിച്ചുള്ള കൃഷിരീതി നടപ്പിലാക്കും.

2. ഉല്പാദനക്ഷമത കൂടിയ വിത്തിനങ്ങളും തൈകളും പ്രോത്സാഹിപ്പിക്കും.

3. ശാസ്ത്രീയമായ മണ്ണ് പരിശോധനയും ഫലപ്രദമായ ഇടപെടലുകളുമുണ്ടാകും.

4. കാർഷിക ലബോറട്ടറികളുടെ പ്രവർത്തനം ആധുനികവൽക്കരിക്കും. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തും.

5. വള പ്രയോഗം/കീടനാശിനി പ്രയോഗം എന്നിവ ശാസ്ത്രീയമാക്കും.

6. നൂതന കൃഷിരീതികൾ അവലംബിക്കും.

7. യന്ത്രവൽക്കരണം ഫലപ്രദമായി ഉപയോഗിക്കും.

8. വിളവെടുപ്പ്, സംഭരണം, സംസ്കരണം എന്നിവയിൽ ആധുനിക സംവിധാനം ഉപയോഗപ്പെടുത്തും.

9. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷിരീതി മെച്ചപ്പെടുത്തും.

10. കൃഷി വകുപ്പിന്റെ ബഡ്ജറ്റ് മേൽ ലക്ഷ്യങ്ങൾക്കനുസൃതമായി പരിഷ്കരിക്കും.

**സി.എൻ.ജി. ബസ്സുകൾ**

8 (*128) <u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. കെ. പി. എ. മജീദ്:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ-സ്വിഫ്റ്റ് കമ്പനിക്കുവേണ്ടി 455 കോടി രൂപയുടെ കിഫ്ബി വായ്പ ഉപയോഗിച്ച് 700 സി.എൻ.ജി. ബസ്സുകൾ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ?

തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*. 40 ലക്ഷം രൂപ വിലയും 7 വർഷത്തേയ്ക്ക് 25 ലക്ഷം രൂപ AMC-യും ഉൾപ്പെടെ ബസ്സ് ഒന്നിന് 65 ലക്ഷം രൂപ കണക്കാക്കിയിരിക്കുന്നു.

(ബി) ഇതര സംസ്ഥാനങ്ങൾ ഇത്തരം ബസ്സുകൾ നഷ്ടമെന്ന് കണ്ടെത്തി ഉപേക്ഷിച്ചതാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടില്ല. എന്നാൽ ഡൽഹിപോലുള്ള സംസ്ഥാനങ്ങൾ 2002 മുതൽ CNG ബസുകൾ മാത്രമാണ് സർവ്വീസിനായി ഉപയോഗിക്കുന്നത്. CNG വില അമിതമായി വർദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ പരിശോധന നടത്തുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് മുൻപ് വിശദപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ പരീക്ഷണാർത്ഥം ഒരു 4 സിലിണ്ടർ സി.എൻ.ജി; ബസ് (അശോക് ലൈലാന്റ്) 2018 മുതൽ സർവ്വീസ് നടത്തി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Period | KM operated | CNG consumed | Km/Kg |
|---|---|---|---|---|
| 1 | 2018-22 (May) | 2,86,063 | 59,902 | 4.78 |

ഈ ബസ് ഉപയോഗിച്ചുവരുമ്പോൾ കാര്യമായ അറ്റകുറ്റപ്പണികൾ, ബ്രേക്ക് ഡൗൺ എന്നിവ ഇതുവരെ ഉണ്ടായിട്ടില്ല.

**കന്നുകാലികൾക്കും ക്ഷീര കർഷക കുടുംബങ്ങൾക്കും ഇൻഷ്വറൻസ്**

9 (*129) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയ്ക്ക് അടുത്തെത്താൻ കഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനും ക്ഷീരോല്പാദനത്തിലെ ചെലവ് കുറയ്ക്കുന്നതിനും ക്ഷീരസംഭരണം കാര്യക്ഷമമാക്കുന്നതിനും മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയ്ക്ക് അടുത്തെത്താൻ കഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. കർഷകർക്ക് ക്ഷീരോല്പാദനത്തിലെ ചെലവ് കുറയ്ക്കുന്നതിനായി മിൽക്ക് ഇൻസെന്റീവ് ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുല്ലും വൈക്കോലും നൽകുന്ന പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ

നിർമ്മിച്ചുവരുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. കൂടാതെ ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകിവരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര സംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിപണനം ചെയ്തുവരുന്നുണ്ട്.

(ബി) കന്നുകാലികൾക്കും ക്ഷീര കർഷക കുടുംബങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ക്ഷീരസാന്ത്വനം-സമഗ്ര ഇൻഷ്വറൻസ് പദ്ധതിപ്രകാരം ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ ആരോഗ്യ സുരക്ഷാ പോളിസി, അപകട സുരക്ഷാ പോളിസി, ലൈഫ് ഇൻഷ്വറൻസ് പോളിസി, ഗോസുരക്ഷാ പോളിസി എന്നീ ഘടകങ്ങളാണുള്ളത്. കൂടാതെ മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോസമൃദ്ധി- എൻ.എൽ.എം. എന്ന പേരിൽ ഒരു വർഷം, മൂന്നുവർഷം എന്നീ കാലയളവുകളിലായി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെ പ്രീമിയം നിരക്ക് ഒരു വർഷത്തേയ്ക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 1.95 ശതമാനവും മൂന്ന് വർഷത്തേയ്ക്ക് 4.85% ശതമാനവുമാണ്. 65,000/- രൂപ വരെ മതിപ്പ് വിലയ്ക്ക് പ്രീമിയം തുകയിൽ 50% സബ്സിഡി, എസ്.സി./എസ്.ടി. വിഭാഗത്തിന് 70% സബ്സിഡിയും ലഭ്യമാക്കുന്നു. ഉരുക്കളുടെ മരണം, പാലുത്പാദനക്ഷമതയിലും പ്രത്യുൽപ്പാദനക്ഷമതയിലുമുണ്ടാകുന്ന നഷ്ടം (PTD) എന്നിവയ്ക്ക് ഈ പദ്ധതി മുഖേന പരിരക്ഷ ലഭിക്കുന്നു. ഉരുവിന്റെ ഉടമയായ കർഷകന് സംഭവിക്കുന്ന അപകട മരണത്തിനും പൂർണ്ണമോ

ഭാഗികമോ ആയ അംഗവൈകല്യത്തിനും 5 ലക്ഷം രൂപവരെ ഇൻഷ്വറൻസ് നഷ്ടപരിഹാരത്തുക ഈ പദ്ധതിയിലൂടെ ലഭ്യമാകും.

(സി) തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്?

ക്ഷീരോല്പാദന മേഖലയിൽ ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റ വില വർദ്ധനവാണ്. തീറ്റപ്പുൽകൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് വിവിധ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സബ്സിഡിയോടെ 20 സെന്റിന് മുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ, യന്ത്രവൽക്കരണത്തിനുള്ള പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, സ്വയം സഹായസംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾ, 20 സെന്റിന് താഴെയുള്ളവർക്ക് സൗജന്യ പുൽക്കടവിതരണം, വൃക്ഷവിളകൾ വിതരണം ചെയ്യുന്ന പദ്ധതി, തരിശുനിലങ്ങളിലെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതികൾ, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നീ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. വനിതാ സ്വയംസഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാന

മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. കൂടാതെ, തരിശുഭൂമിയിലെ തീറ്റപ്പുൽക്കൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽക്കൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) മൃഗചികിത്സാ സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ വിപുലപ്പെടുത്തുന്നതിന് ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ?

മൃഗചികിത്സാ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

**(1) രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി**

മൃഗാശുപത്രികളുടെ പ്രവർത്തന സമയശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കാവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുവാനാണ് രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതിവഴി ലക്ഷ്യമിടുന്നത്. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 3 കോർപ്പറേഷനുകളിലും

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ 156 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ജീവനക്കാരുടെ നിയമനം കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. വൈകുന്നേരം 6 മണി മുതൽ പിറ്റേന്ന് രാവിലെ 6 മണിവരെയാണ് ഈ സേവനം ലഭിക്കുക. അടിയന്തര ജീവൻരക്ഷാ മരുന്നുകളും മറ്റ് അടിയന്തര ഉപകരണങ്ങളും വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തുന്നു. പദ്ധതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധനയും മേൽനോട്ടവും നടത്തുന്നു. കൂടാതെ പൊതുജനങ്ങളുടെ പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നു. പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 13 ജില്ലകളിൽ ആമ്പുലേറ്ററി സർവ്വീസ് പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം ജില്ലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ടെലിവെറ്ററിനറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഏർപ്പെടുത്താൻ തീരുമാനിച്ച് നടപടി സ്വീകരിച്ചുവരുന്നു. ആയതുപ്രകാരം ആദ്യഘട്ടമെന്ന നിലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ LH&DC-യുടെ കീഴിലുള്ള മൊബൈൽ യൂണിറ്റ് പദ്ധതിയിൽ 29 വെറ്ററിനറി യൂണിറ്റുകൾക്ക് ഭരണാനുമതിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വാഹനം വാങ്ങി ഉപകരണങ്ങൾ ഘടിപ്പിച്ച് പ്രവർത്തനം

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. RKVY പദ്ധതിയുടെ കീഴിൽ 3 വെറ്ററിനറി യൂണിറ്റുകൾ പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ സ്ഥാപിച്ചുകഴിഞ്ഞു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ കണ്ണൂർ, എറണാകുളം ജില്ലകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞു.

**(2) മൃഗാശുപത്രികളിൽ ജൂനിയർ റസിഡന്റുമാരെ നിയമിക്കുന്നതിനുള്ള പദ്ധതി**

വെറ്ററിനറി ബിരുദധാരികളായ ഡോക്ടർമാരെ വിവിധ ചികിൽസാ സ്ഥാപനങ്ങളിൽ നിയമിക്കുന്നു. അതുവഴി തൊഴിൽ പരിശീലനം നേടുന്നതിനും ഇവരുടെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതുപ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 50 വെറ്ററിനറി ഡോക്ടർമാരെ നിയമിച്ചതിൽ 38 പേർ നിലവിൽ സേവനം നൽകിവരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം**

10 (*130) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>
<u>ശ്രീ. എം. നൗഷാദ്:</u>

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിരുന്നോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽഖന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തന രീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നിലവിൽ യഥാസമയം ശമ്പളം നൽകാൻ കഴിയാത്ത സാമ്പത്തിക സ്ഥിതി സംജാതമായിട്ടുണ്ടോ എന്നറിയിക്കുമോ?

കോവിഡ് മഹാമാരിയുടെ ഒന്നും രണ്ടും തരംഗങ്ങൾ ഏൽപ്പിച്ച ഗുരുതര സാമ്പത്തികാഘാതത്തിനുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയും പ്രതിദിന വരുമാനം ഘട്ടംഘട്ടമായി ഉയർത്തി ശരാശരി 6 കോടി രൂപ ദിവസേന

ലഭ്യമാകുന്ന അവസ്ഥയിലെത്തുകയുണ്ടായി. ഏകദേശം കോവിഡിന് മുന്നേയുള്ള വരുമാനം ലഭ്യമാക്കിയ സാഹചര്യത്തിൽ ദീർഘനാളായി മുടങ്ങിക്കിടന്നിരുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം 2022 ജനുവരി മാസം മുതൽ നടപ്പിലാക്കുകയും ഇതുവഴി പ്രതിമാസം ഏകദേശം 13.50 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകുകയും ചെയ്തു. ഇതിനുപുറമെ ദിനംപ്രതി ഡീസൽ വിലയിലുണ്ടാകുന്ന അനിയന്ത്രിതമായ വർദ്ധനവ് സൃഷ്ടിക്കുന്ന അധിക ചെലവും പ്രതിദിന കൺസോർഷ്യം വായ്പയുടെ തിരിച്ചടവും ശമ്പള വിതരണത്തിനായി സർക്കാർ നൽകിവന്നിരുന്ന സാമ്പത്തിക സഹായത്തിൽ ഗണ്യമായ കുറവ് വരുത്തിയതും നിമിത്തം ദൈനംദിന വരുമാനത്തിൽനിന്നും ശമ്പള വിതരണത്തിനായി തുകയൊന്നും മിച്ചം പിടിക്കാൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്.

(സി) പ്രതിവാഹന ജീവനക്കാരുടെ എണ്ണവും ഇന്ധനക്ഷമതയും ദേശീയ ശരാശരിയിലേയ്ക്കുയർത്താൻ കഴിഞ്ഞിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി.-യിൽ പുതിയതായി നടപ്പിലാക്കിവരുന്ന പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ജില്ലാ വർക്ക്ഷോപ്പുകൾ, ജില്ലാ അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ, സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം മുതലായവയുടെ അടിസ്ഥാനത്തിൽ 4250 ബസുകൾക്ക് ഇപ്രകാരം

ക്രമീകരിക്കുമ്പോൾ വേണ്ടിവരുന്ന 20938 ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+. മേൽ പരാമർശിച്ച തരത്തിൽ ജീവനക്കാരെ ക്രമീകരിക്കുന്നത് മുഖേന ഓരോ തസ്തികയിലും വേണ്ടിവരുന്ന ജീവനക്കാരുടെ എണ്ണം ക്രമീകരിച്ച് അധികമുള്ള തസ്തികകളിൽനിന്നും കുറവുള്ള തസ്തികകളിലേയ്ക്ക് ജീവനക്കാരെ നിയമാനുസൃതം, താൽക്കാലികമായോ സ്ഥിരമായോ പുനർവിന്യസിക്കുവാൻ കഴിയും. അധികമുള്ള ജീവനക്കാർക്ക് കോർപ്പറേഷൻ നിലവിൽ അവലംബിച്ചിട്ടുള്ള furlough leave അനുവദിക്കാനും കഴിയും. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഓവർ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാധ്യമാകുകയും തദ്വാര ബസ് ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ്-സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 72 സിംഗിൾ ഡ്യൂട്ടികളും 1300 എണ്ണം 12 മണിക്കൂർ സ്പ്രെഡ് ഓവർ ഡ്യൂട്ടികളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തിവരുന്നുണ്ട്. പ്രതിവാഹന ജീവനക്കാരുടെ എണ്ണവും ഇന്ധനക്ഷമതയും ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി മെക്കാനിക്കൽ വിഭാഗത്തിൽ ത്രീ ടയർ മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തി 22 ജില്ല/സബ് ജില്ലാ വർക്ക്ഷോപ്പുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫ്യൂവൽ ഡിവിഷൻ മുഖാന്തരം എല്ലാ യൂണിറ്റുകൾ കേന്ദ്രീകരിച്ചും പ്രവർത്തനം നടത്തിവരുന്നു. തൽഫലമായി 2019-2020-ൽ ഇന്ധനക്ഷമത 4.19 കി.മീ/ലിറ്റർ ആയിരുന്നു. 2021-2022-ൽ ഇന്ധനക്ഷമത 4.28 കിമീ/ലിറ്റർ ആയി വർദ്ധിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ആകെയുള്ള വാഹനങ്ങളുടേയും അവയിൽ ഓപ്പറേറ്റ് ചെയ്യുന്നവയുടേയും ആകെ ജീവനക്കാരുടേയും എണ്ണം എത്രയെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഉപയോഗിക്കുവാൻ കഴിയുന്ന ബസ്സുകളുടെ എണ്ണം 5,255 എണ്ണമാണ്. 20-06-2022-ന് 3776 ബസ്സുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്.

റോളിലുള്ള ആകെ ജീവനക്കാരുടെ എണ്ണം 26,036 ആണ്.

(ഇ) വാഹന വിനിയോഗം മെച്ചപ്പെടുത്തി സർവ്വീസ് വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഓവർ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാവുകയും തദ്വാര ബസ് ഇ.പി.കെ.എം. (Earnings per Kilometer) വർദ്ധിക്കുകയും ബസ്-സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 72 സിംഗിൾ ഡ്യൂട്ടികളും 1300 പന്ത്രണ്ട് ഡ്യൂട്ടികളും നടത്തിവരുന്നുണ്ട്. സാങ്കേതിക വിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ് വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ കഴിഞ്ഞു. ഇത്തരത്തിൽ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ

പ്ലാറ്റ്ഫോമുമുള്ള ലോ ഫ്ലോർ ബസ്സുകൾ ഉപയോഗിക്കുന്നതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുന്നുണ്ട്. മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് പുറത്തുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകവഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാകുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും അന്തരീക്ഷ മലിനീകരണവും ഒഴിവാക്കുന്നതിനും കഴിഞ്ഞു. ദീർഘദൂര സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യ സർവ്വീസുകൾ കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും ചെയ്തതിൽനിന്നും എല്ലാ സൂപ്പർക്ലാസ് ബസ്സുകളുടേയും യാത്രക്കാർ വർദ്ധിക്കുകയും അനാവശ്യ ബസ്സുകളും കിലോമീറ്ററും കുറയ്ക്കുകയും തദ്വാര ഡീസൽ ഉപയോഗം കുറക്കുകയും ചെയ്തു. ഒരു ദിവസം 8 മണിക്കൂർ സ്റ്റിയറിംഗ് സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കുന്ന സിംഗിൾ ഡ്യൂട്ടി സമ്പ്രദായം പ്രാരംഭഘട്ടത്തിൽ

വളരെയധികം വരുമാനക്കുറവുള്ള സർവ്വീസുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നത് ഉൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 71 ശതമാനത്തിൽനിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര - തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ നിലവിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇത്തരം പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ-കം-കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കാൻ നിലവിൽ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ്, ലൊക്കേഷൻ

ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.ടി.എം., വി.എൽ.ടി.ഡി. എന്നിവ ബസ്സുകളിൽ സ്ഥാപിക്കുക വഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാകുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നോടെ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാദ്ധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം നിലവിലുള്ള എല്ലാ ഷെഡ്യൂളുകളും സിംഗിൾ ഡ്യൂട്ടികളായി

ക്രമീകരിക്കുകയും അതുപ്രകാരം ആറ്റിങ്ങൽ യൂണിറ്റിൽ നിലവിലുള്ള 39 ഷെഡ്യൂളുകൾ 62 ഷെഡ്യൂളുകളായി വർദ്ധിക്കുകയും ബസ് കിലോമീറ്റർ 231-ൽനിന്നും 310 ആയി വർദ്ധിക്കുകയും ചെയ്യും. ഇതുകൂടാതെ ഒരു ഡ്യൂട്ടിയിൽ അനുഷ്ഠിക്കുന്ന കിലോമീറ്റർ 134-ൽനിന്ന് 165 ആയി മാറുകയും ചെയ്യും. ഇതുകൂടാതെ 39 ഷെഡ്യൂളുകൾ മോഡിഫൈ ചെയ്യുമ്പോൾ കൂടുതൽ ജീവനക്കാരെ സർവ്വീസ് ഓപ്പറേഷനായി ലഭ്യമാക്കുകയും ചെയ്യും. മേൽ നടപടികളിലൂടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ കണ്ടക്ടർ) റേഷ്യോ 4.56-ൽനിന്നും 2.68 ആയി കുറയുന്നതാണ്. ആറ്റിങ്ങൽ ഡിപ്പോയിലെ ക്രമീകരണംപ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ഓർഡിനറി സർവ്വീസുകളും സിംഗിൾ ഡ്യൂട്ടിയിലേയ്ക്ക് പുനഃക്രമീകരിക്കുക വഴി ഉദ്ദേശം 14 കോടി രൂപയുടെ വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്. കണിയാപുരം ഡിപ്പോയിലെ നിലവിലുള്ള ഓർഡിനറി ഡ്യൂട്ടികൾ പരിഷ്കരിക്കുമ്പോൾ നിലവിലുള്ള 36 ഓർഡിനറി ഷെഡ്യൂളുകൾ 46 ഷെഡ്യൂളുകളായി വർദ്ധിക്കുകയും ഒരു ക്രൂവിന്റെ ഡ്യൂട്ടിയിൽ ലഭ്യമാകുന്ന കിലോമീറ്റർ 143-ൽ നിന്നും 202 ആയി വർദ്ധിക്കുകയും ചെയ്യും. ഇപ്രകാരം മോഡിഫൈ ചെയ്യുമ്പോൾ നിയമപ്രകാരം ജീവനക്കാർക്ക് നൽകേണ്ട ഓവർ ടൈം വേതനം (ഇരട്ടി വേതനം) നൽകേണ്ടതായുണ്ട്. ഇപ്രകാരം നൽകുമ്പോൾ

പോലും 46 ജീവനക്കാരെ അധികമായി ലഭിക്കുകയും കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് സാധിക്കുകയും ചെയ്യും. ഇപ്രകാരം മോഡിഫൈ ചെയ്യുന്നതിലൂടെ ഓവർ ടൈം വേജസ് നൽകിയാൽപ്പോലും കെ.എസ്.ആർ.ടി.സി.-യുടെ 2400 ഓർഡിനറി ബസ്സുകൾ മോഡിഫൈ ചെയ്ത് അധിക ബസ്സുകൾ ഉപയോഗിക്കുന്നതിലൂടെ (ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധന ഇല്ലാതെ) പ്രതിമാസം 25 കോടി രൂപയുടെ വരുമാന വർദ്ധനവ് ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

മേൽ നടപടികളിലൂടെ കണിയാപുരം ഡിപ്പോയിലെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ, കണ്ടക്ടർ) റേഷ്യോ 4.67-ൽനിന്നും 2.65 ആയി കുറയുന്നതാണ്. ഈ പദ്ധതി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് എത്രയും വേഗം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ സർവ്വീസ് ഓപ്പറേഷൻ ക്രമീകരിച്ചതിനാൽ ബസ്സുകളും സർവ്വീസുകളും ജനോപകാരപ്രദമാക്കിയും അധിക ബസ്സുകൾ ഒഴിവാക്കിയും ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ചും കുറഞ്ഞ ബസ്സുകളും ജീവനക്കാരും എന്ന രീതിയിൽ പ്രധാന റൂട്ടുകൾ ശാസ്ത്രീയമായി ക്രമീകരിക്കുകയും ഇത്തരത്തിൽ പരിഷ്കരിക്കുമ്പോൾ അധികമാകുന്ന ബസ്സും ജീവനക്കാരെയും ഉപയോഗിച്ച് തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ എന്ന പേരിൽ നാളിതുവരെ

ബസ് ഓപ്പറേറ്റ് ചെയ്യാതിരുന്ന റൂട്ടിലും സർവ്വീസ് ആരംഭിക്കുകയും പുതുതായി ഏകദേശം 28,000 യാത്രക്കാർ സർവ്വീസിനെ ആശ്രയിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ നിന്നുപോയതും പുതിയതുമായ സർവ്വീസുകൾ ഗ്രാമീണ റൂട്ടുകളിലും പ്രധാന റൂട്ടുകളിലും ക്രമാനുഗതമായി വിപുലീകരിച്ചുവരികയാണ്.

## വാതിൽപ്പടി മൃഗചികിത്സാ സേവനങ്ങൾ

11 (*131) <u>ശ്രീ. പി. ബാലചന്ദ്രൻ:</u>
<u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് രാത്രികാലങ്ങളിൽ ചികിത്സാ സേവനം കർഷകർക്ക് ആവശ്യമായി വരുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിയന്തര സാഹചര്യങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും രാത്രി സമയങ്ങളിൽ അടിയന്തര മൃഗചികിത്സ നൽകുന്നതിനായും കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിനായും രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നിലവിൽ നടപ്പിലാക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മൃഗാശുപത്രികളുടെ പ്രവർത്തന സമയശേഷം മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ വീട്ടുപടിക്കൽ നൽകുവാനുമാണ് രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര

മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ 156 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ജീവനക്കാരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ പദ്ധതിപ്രകാരം സേവനം ലഭിക്കുന്നത്. അടിയന്തര ജീവൻരക്ഷാ മരുന്നുകൾ വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തുന്നു. കർഷകരുമായി ബന്ധപ്പെടുന്നതിനുള്ള ടെലഫോൺ അലവൻസ് അനുവദിക്കുന്നു. പദ്ധതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധന, മേൽനോട്ടം, കൂടാതെ പൊതുജനങ്ങളുടെ പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ വിലയിരുത്തി പദ്ധതി ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(ഡി) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ഏറെ ആശ്വാസകരമാകുന്ന ഈ പദ്ധതി കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, മൊബൈൽ സർജറി യൂണിറ്റുകൾ മുതലായ സേവനങ്ങൾകൂടി ഉൾപ്പെടുത്തി വാതിൽപ്പടി സേവനം കൂടുതൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

## നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കാൻ നടപടി

12 (*132) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവ് കർഷകരെ കടുത്ത ദുരിതത്തിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം ഇടപെടൽ നടത്തിവരുന്നുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ചില ജില്ലകളിൽ നാളികേരത്തിന്റെ വിലയിടിവ് കർഷകരെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പച്ചത്തേങ്ങയുടെ താങ്ങുവില കിലോയ്ക്ക് 27/- രൂപയിൽനിന്നും 32/- രൂപയാക്കി വർദ്ധിപ്പിക്കുകയും കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ പച്ചത്തേങ്ങ സംഭരണത്തിനായിട്ടുള്ള നോഡൽ ഏജൻസികളായി തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2022 ജൂൺ മാസം മുതൽ കേരഫെഡ് നേരിട്ടും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ

കൗൺസിൽ, കേരളം (VFPCK) മുഖേനയും കർഷകരിൽനിന്നും പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ നിരക്കിൽ സംഭരിച്ചുവരുന്നു.

(ബി) പച്ചത്തേങ്ങയ്ക്കുള്ള വിപണി വില 26 രൂപയിൽ താഴെ മാത്രമായിരിക്കെ കിലോയ്ക്ക് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 14-01-2022-ൽ സർക്കാർ ഉത്തരവായിരുന്നു. കിലോഗ്രാമിന് 32 രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. ആദ്യഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചിന്നിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിംഗ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. സംഭരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ണൂർ

ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ടും മറ്റിടങ്ങളിൽ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (VFPCK)-ത്തിന്റെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ വി.എഫ്.പി.സി.കെ.-യുടെ 15 വിപണികൾ വഴിയും മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് ഈ സംഭരണം നടക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

(സി) താങ്ങുവിലയ്ക്ക് കൊപ്ര സംഭരിക്കുന്നതിൽ കേരഫെഡിനെ നാഫെഡ് ഒഴിവാക്കിയത് കർഷകർക്ക് പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതിനാൽ പകരം ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ?

കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്) പദ്ധതി 2022 പ്രകാരം, സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ നാഫെഡിന് കൊപ്ര

സംഭരിച്ച് നൽകുന്നതിനായി സംസ്ഥാനതല സംഭരണ ഏജൻസികൾ വെളിച്ചെണ്ണ ഉൽപ്പാദനത്തിനായി സ്വന്തം നിലയിൽ സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കാൻ പാടുള്ളതല്ലെന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥചെയ്ത സാഹചര്യത്തിൽ കേര ഫെഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റികളെ മാർക്കറ്റ്ഫെഡിന്റെ കീഴിൽ പുനർരജിസ്ട്രേഷൻ നടത്തി, മാർക്കറ്റ്ഫെഡ് മുഖേന കൊപ്ര സംഭരണം നടത്തി, നാഫെഡിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

**കാർഷിക വിപണിയെക്കുറിച്ചുള്ള വിവര ശേഖരണം**

13 (*133) <u>ശ്രീ. സി. സി. മുകുന്ദൻ:</u>
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. വാഴൂർ സോമൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖല ആശ്രയിക്കുന്ന പൊതു കമ്പോളങ്ങളെയും അവയുടെ പ്രവർത്തന രീതികളെയും കുറിച്ചുള്ള സമഗ്രമായ സർവ്വേ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കൃഷി വകുപ്പ് സർവ്വേ നടത്തിയിട്ടില്ല. എന്നാൽ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ദേശീയ സാമ്പിൾ സർവ്വേയുടെ ഭാഗമായി കേരളത്തിലെ കാർഷിക മേഖല ആശ്രയിക്കുന്ന പൊതു കമ്പോളങ്ങളെയും അവയുടെ നിലവിലെ പ്രവർത്തന രീതികളെയും കുറിച്ചുള്ള സമഗ്ര പഠനം 2021-22 സാമ്പത്തിക വർഷം ആരംഭിക്കുകയും സർവ്വേയുടെ ഫീൽഡുതല പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സർവ്വെ ഷെഡ്യൂളുകളുടെ പ്രാഥമിക, ദ്വിതീയതല പരിശോധനകളും ഡാറ്റാ എൻട്രിയും പുരോഗമിക്കുന്നു.

(ബി) പ്രസ്തുത സർവ്വേയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സർവ്വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നതും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്നതുമായ കാർഷിക ഉല്പന്നങ്ങളുടെ മൊത്ത/ചില്ലറ വ്യാപാരം നടക്കുന്ന പൊതു കമ്പോളങ്ങളുടെ ഡയറക്ടറി തയ്യാറാക്കുക

2. പശ്ചാത്തല സൗകര്യങ്ങളുടെ ലഭ്യത വിലയിരുത്തുക

3. അടിസ്ഥാന സൗകര്യങ്ങളുടെയും അനുബന്ധ സേവനങ്ങളുടെയും ലഭ്യത മനസിലാക്കുക

4. ശുചിത്വ പരിപാലനം വിലയിരുത്തുക

5. മൊത്ത കച്ചവടം നടത്തുന്ന വ്യാപാരികളുടെ വിവരങ്ങൾ ശേഖരിക്കുക

6. കമ്പോളത്തിലെ വ്യാപാരികൾ ആശ്രയിക്കുന്ന സംഭരണശാലകളുടെ വിവരം ശേഖരിക്കുക

7. കാർഷിക ഉല്പന്നങ്ങളുടെ വിപണന രീതിയെക്കുറിച്ച് മനസിലാക്കുന്നതിനും അതുവഴി മാർക്കറ്റ് ഇന്റലിജൻസ് വിഭാഗത്തിന്റെ കമ്പോള പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുക.

8. കേരളത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന മാളുകൾ ഷോപ്പിംഗ് കോംപ്ലക്സുകൾ, സൂപ്പർമാർക്കറ്റുകൾ, ഹൈപ്പർമാർക്കറ്റുകൾ എന്നിവയുടെ ഡയറക്ടറി തയ്യാറാക്കുക.

(സി) പ്രസ്തുത സർവ്വേയിലൂടെ സംസ്ഥാനത്തെ കർഷകരുടെ ഉല്പന്നങ്ങൾക്ക് അനുയോജ്യമായ വിപണി കണ്ടെത്തുവാൻ കഴിയുമോ; വിശദമാക്കാമോ?

കാർഷിക ഉല്പന്നങ്ങൾക്ക് അനുയോജ്യമായ വിപണികൾ എവിടെയൊക്കെയാണെന്ന് സർവ്വേയിലൂടെ കണ്ടെത്തുവാൻ സാധിക്കും. വിപണികളിലേയ്ക്ക് എത്തിച്ചേരുന്ന ഉല്പന്നങ്ങളിൽ പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്ന ഇനങ്ങളുടെ വിവരവും അന്യജില്ലകളിൽനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്നവയുടെ വിവരവും അത്തരം ഉല്പന്നങ്ങളുടെ ക്രയവിക്രയത്തിന്റെ ഭാഗമാകുന്ന വ്യാപാരികളുടെ വിവരവും പഠനത്തിന്റെ ഭാഗമായി ശേഖരിക്കുന്നുണ്ട്. കൂടാതെ കാർഷിക ഉല്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതും എന്നാൽ പൊതുകമ്പോളങ്ങളിൽനിന്നും അകന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്ന പ്രമുഖരായ മൊത്ത വ്യാപാരികളുടെ വിവരവും അവർ ക്രയവിക്രയം നടത്തുന്ന ഉല്പന്നങ്ങളുടെ വിവരവും സർവ്വേയിലൂടെ കണ്ടെത്തുന്നുണ്ട്. ഇവയുടെ വിശകലനത്തിലൂടെ സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങൾക്ക് അനുയോജ്യമായ വിപണികൾ കണ്ടെത്താൻ കഴിയും.

(ഡി) കാർഷിക വിപണിയെക്കുറിച്ചുള്ള വിവര ശേഖരണംവഴി വിപണിക്ക് അനുയോജ്യമായ ഉല്പന്നങ്ങൾ ഏതെല്ലാമാണെന്ന് കർഷകർക്ക് അവബോധം നൽകുന്നതിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ?

വിപണികൾക്ക് അനുയോജ്യമായ ഉല്പന്നങ്ങളെക്കുറിച്ച് കർഷകർക്ക് അവബോധം നൽകുന്നതിന് സർവ്വേയിലൂടെ കഴിയും. ഒരു പൊതു കമ്പോളത്തിന്റെ വ്യാപാര പരിധിയിൽ കച്ചവടം നടത്തിവരുന്ന മൊത്ത വ്യാപാരികളുടെയും അവർ കൈകാര്യം ചെയ്തുവരുന്ന ഉല്പന്നങ്ങളുടെ വിവരവും പഠനത്തിന്റെ ഭാഗമായി ശേഖരിക്കുന്നുണ്ട്. ഇതിലൂടെ വിപണിക്ക് അനുയോജ്യമായ കാർഷിക ഉല്പന്നങ്ങളെക്കുറിച്ച് മനസിലാക്കാൻ സാധിക്കും.

**സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ**

14 (*134) ശ്രീ. പി. അബ്ദുൽ ഹമീദ് :
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയമിച്ച പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ

മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതാത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിക്കുക വഴി മാനേജ്മെന്റ് ശാക്തികരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ (F&A), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻ) എന്നീ തസ്തികകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരെ നിയോഗിച്ചിരുന്നു. ഐ.ടി., ഫിനാൻസ്, എച്ച്.ആർ. എന്നീ വിഭാഗങ്ങളിലേയ്ക്ക് ഡെപ്യൂട്ടി ജനറൽ മാനേജർമാർ, ജനറൽ മാനേജർ (ടെക്നിക്കൽ) എന്നീ തസ്തികകളിലും 3 ചാർട്ടേർഡ് അക്കൗണ്ടന്റ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നീ നിയമനങ്ങളും നടത്തിയിട്ടുണ്ട്. കൂടാതെ ജനറൽ മാനേജർ (ഫിനാൻസ്) തസ്തികയിലേയ്ക്ക് നിയമനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു. ഇത്തരത്തിൽ

മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയം പര്യാപ്ത ലാഭ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ആയതിൻ പ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | സെൻട്രൽ വർക്സ്, പാപ്പനംകോട് |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

വരുമാന വർദ്ധനവ് വരുത്തുക എന്നതിനോടൊപ്പം കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണം കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശം മൾട്ടിപ്പിൾ ഡ്യൂട്ടികൾ, സിംഗിൾ ഡ്യൂട്ടികളായി ക്രമീകരിക്കണം,

ബസ് യൂട്ടിലൈസേഷനും ക്രൂ യൂട്ടിലൈസേഷനും വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കണം, പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കണം എന്നതാണ്. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+. കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിരം ആസ്തികൾ കൈമാറ്റം ചെയ്തോ, വിൽപ്പന നടത്തിയോ (swapping or sale of assets) ബാദ്ധ്യത കുറയ്ക്കാവുന്നതാണ് എന്ന് റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്. [Chapter 6, Para 1 of Prof. Sushil Khanna Report].

(ബി) ഇവയിൽ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ?

കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോട് അനുബന്ധിച്ച് പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജിൻപ്രകാരം നടത്തിയ സാമ്പത്തിക പുനക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിരുന്ന കൂടിയ പലിശ നിരക്കിലുള്ള ഹ്രസ്വകാല വായ്പകൾ പുനക്രമീകരിച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘകാല വായ്പകളാക്കി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാറ്റുകയും പെൻഷൻ നൽകാനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതുൾപ്പെടെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്നരീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രാൻ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാവുകയും തദ്വാര ബസ് ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ്-സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 72 സിംഗിൾ ഡ്യൂട്ടികളും 1300 - 12 മണിക്കൂർ സ്പ്രാൻ ഡ്യൂട്ടികളും നടത്തിവരുന്നുണ്ട്. സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ്വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ

എണ്ണത്തിൽ കുറവ് വരുത്തുവാൻ കഴിഞ്ഞു. ഇത്തരത്തിൽ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോ ഫ്ലോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുന്നുണ്ട്. മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അനാവശ്യമായി യാത്രക്കാരില്ലാത്ത റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് പുറത്തുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകവഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാകുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും അന്തരീക്ഷ മലിനീകരണവും ഒഴിവാക്കുവാനും കഴിഞ്ഞു. ദീർഘദൂര സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യ സർവ്വീസുകൾ കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും ചെയ്തതിൽനിന്നും എല്ലാ സൂപ്പർക്ലാസ് ബസ്സുകളുടേയും യാത്രക്കാർ വർദ്ധിക്കുകയും അനാവശ്യ

ബസ്സുകളും കിലോമീറ്ററും കുറയ്ക്കുകയും തദ്വാര ഡീസൽ ഉപയോഗം കുറയ്ക്കുകയും ചെയ്തു. ഒരു ദിവസം 8 മണിക്കൂർ സ്റ്റിയറിംഗ് സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കുന്ന സിംഗിൾ ഡ്യൂട്ടി സമ്പ്രദായം പ്രാരംഭഘട്ടത്തിൽ വളരെയധികം വരുമാനക്കുറവുള്ള സർവ്വീസുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നതുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 71 ശതമാനത്തിൽനിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റ് അനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര - തിരുവനന്തപുരം റൂട്ടിലും എറണാകുളം - തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ നിലവിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇത്തരം പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ-കം-കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നത് വഴി ബസ്സുകളുടെയും

ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുവാൻ നിലവിൽ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാൻഡ്, ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.ടി.എം., വി.എൽ.ടി.ഡി. എന്നിവ ബസ്സുകളിൽ സ്ഥാപിക്കുക വഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാദ്ധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്.

മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് മെയിന്റനൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റി ആവശ്യാർത്ഥം മാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു.

ഫ്ലീറ്റ് ആൻഡ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതിന്റെ പുരോഗതിയിലാണ്.

വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ജില്ല/സബ്ജില്ല വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

കോവിഡ് മൂലമുള്ള നിയന്ത്രണവും ഗുരുതര സാമ്പത്തിക പ്രതിസന്ധിയും പൂർത്തിയാകുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് ഷെഡ്യൂൾ പരിഷ്കരണം, റണ്ണിംഗ് സമയം, ക്രോണോളജി എന്നിവ ശാസ്ത്രീയമായി പഠിച്ച് ട്രിപ്പുകൾ ക്രമീകരിക്കേണ്ടതുണ്ട്. കൃത്യമായ ഡാറ്റാ ശേഖരണം, ക്രമീകരണം ഇവയ്ക്കായി സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ ആവശ്യമാണ്. ഇതിനായി വിദഗ്ധ ഏജൻസിയായ DIMTS-നെ ചുമതലപ്പെടുത്തി നടപടികൾ പുരോഗമിക്കുന്നതിനാൽ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ജീവനക്കാരെ വിശ്വാസത്തിലെടുത്തുമാത്രമേ ഇന്നത്തെ ഡ്യൂട്ടി പാറ്റേൺ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ എന്തെങ്കിലും പുതിയ നിർദ്ദേശങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുവാൻ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ പ്രസ്താവിച്ച ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം ശാസ്ത്രീയമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി സർക്കാർ സഹായത്തോടെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ നടപടികളും വിദഗ്ധ ഏജൻസിയായ DIMTS-നെ നിയോഗിച്ച് ഡാറ്റാ ശേഖരണം, ക്രമീകരണം എന്നിവ നടത്തിവരുന്നു. ഇത്തരത്തിൽ മൾട്ടിപ്പിൾ ഷെഡ്യൂൾ ഡ്യൂട്ടികൾ പുനഃക്രമീകരിക്കുക വഴി ജീവനക്കാരെ കൂടുതൽ ഉപയോഗിക്കുവാൻ കഴിയുകയും അധിക ബസ് ഓപ്പറേറ്റ് ചെയ്ത് വരുമാന വർദ്ധനവ് ലഭ്യമാക്കുവാൻ സാധിക്കുകയും ചെയ്യും. ഇത് നടപ്പിലാക്കിവരുന്നു. കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി

പ്രകാരം ആറ്റിങ്ങൽ യൂണിറ്റിൽ നിലവിലുള്ള 39 ഷെഡ്യൂളുകൾ സിംഗിൾ ഡ്യൂട്ടികളായി പുനഃക്രമീകരിക്കുമ്പോൾ 62 ഷെഡ്യൂളുകളായി വർദ്ധിക്കുകയും ബസ് കിലോമീറ്റർ 231-ൽനിന്നും 310 ആയി വർദ്ധിക്കുകയും ചെയ്യും. ഇതുകൂടാതെ ഒരു ഡ്യൂട്ടിയിൽ അനുഷ്ഠിക്കുന്ന കിലോമീറ്റർ 134-ൽനിന്ന് 165 ആയി മാറുകയും ചെയ്യും. കൂടാതെ കൂടുതൽ ജീവനക്കാരെ അധിക സർവ്വീസ് ഓപ്പറേഷനായി ലഭ്യമാക്കുകയും ചെയ്യും. മേൽ നടപടി പ്രായോഗികമാക്കുന്നതോടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ കണ്ടക്ടർ) റേഷ്യോ 4.56-ൽനിന്നും 2.68 ആയി കുറയുന്നതാണ്. ഇപ്രകാരം ആറ്റിങ്ങൽ ഡിപ്പോയിലെ പുതിയ ഷെഡ്യൂൾ ക്രമീകരണം കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ഓർഡിനറി സർവ്വീസുകളും പ്രായോഗികമാക്കി സിംഗിൾ ഡ്യൂട്ടിയിലേയ്ക്ക് പുനഃക്രമീകരിക്കുക വഴി ഉദ്ദേശം 13.5 കോടി രൂപയുടെ വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്. കണിയാപുരം ഡിപ്പോയിലെ നിലവിലുള്ള 36 ഓർഡിനറി ഷെഡ്യൂൾ ഡ്യൂട്ടികൾ മറ്റൊരു രീതിയിൽ സിംഗിൾ ഡ്യൂട്ടികളായി (മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961 പ്രകാരം) ഓവർ ടൈം നൽകി ക്രമീകരിച്ചാൽ 46 ഷെഡ്യൂളുകളായി വർദ്ധിക്കുകയും ഒരു ക്രൂവിന്റെ ഡ്യൂട്ടിയിൽ ലഭ്യമാകുന്ന കിലോമീറ്റർ 143-ൽ നിന്നും 202 ആയി വർദ്ധിക്കുകയും ചെയ്യും. ഇപ്രകാരം മോഡിഫൈ

ചെയ്യുമ്പോൾ നിയമപ്രകാരം ജീവനക്കാർക്ക് നൽകേണ്ട ഓവർ ടൈം വേതനം (ഇരട്ടി വേതനം) നൽകേണ്ടതായുണ്ട്. ഇപ്രകാരം നൽകുമ്പോൾപ്പോലും 46 ജീവനക്കാരെ അധികമായി ലഭിക്കുകയും കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് സാധിക്കുകയും ചെയ്യും. പദ്ധതിപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ 2400 ഓർഡിനറി ബസ്സുകൾ പ്രായോഗികമായി മോഡിഫൈ ചെയ്ത് അധിക ബസ്സുകളും ജീവനക്കാരെയുംകൂടി ഉപയോഗിക്കുന്നതിലൂടെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവില്ലാതെ പ്രതിമാസം 25 കോടി രൂപയുടെ വരുമാന വർദ്ധനവ് ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. കണിയാപുരം മോഡൽ പ്രായോഗികമാക്കുന്നതോടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ, കണ്ടക്ടർ) റേഷ്യോ 4.67-ൽനിന്നും 2.65 ആയി കുറയുന്നതാണ്. ഈ പദ്ധതികൾ ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് എത്രയുംവേഗം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിലേയ്ക്കായി ടിക്കറ്റിതര വരുമാനം ത്വരിതപ്പെടുത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ആയത് പ്രാവർത്തികമാക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ്

ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(1) <u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-

model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.

വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും.

ബസ് യൂട്ടിലൈസേഷൻ, മൈലേജ്, സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും.

ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകളുടെ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും

അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമായാണ്.

(2) <u>ഇ-ഓഫീസ്</u>

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/എൻ.ഐ.സി. എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

(3) <u>കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്</u>

അംഗവൈകല്യമുള്ളവർ, കാഴ്ചശക്തിയില്ലാത്തവർ, മാധ്യമപ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ കെ.എസ്.ആർ.ടി.സി. നൽകുന്ന സേവനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/എൻ.ഐ.സി. എന്നിവയുമായി

ചേർന്ന് "സർവീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ എവിടെ ഇരുന്നും അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യുവാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും. കൂടാതെ ടി അപേക്ഷകളിന്മേൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഓൺലൈനായിത്തന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

(4) <u>ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ</u>

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുവഴി ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടിയനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാനും സാധിക്കുന്നതാണ്. അതോടൊപ്പംതന്നെ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ,

കുറവ് തകരാറുകൾ എന്നിവ സാധ്യമാകുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു. ടി പദ്ധതിക്കാവശ്യമായ ടെണ്ടർ നടപടികൾ സ്വീകരിച്ച് അവസാനഘട്ടത്തിലാണ്.

(5) <u>ERP സൊല്യൂഷൻ</u>

പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ആസ്തികളിൽ നിന്നും പരസ്യ-പരസ്യേതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ നിലവിൽ എല്ലാ അക്കൗണ്ടിംഗും പ്രവർത്തനങ്ങളും മാനുവലായിട്ടാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല.

അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്തവും സുതാര്യവുമാക്കുവാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കുവാനും സാധിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ്

മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർപാർട്ട്സ്, മറ്റ് സാധന സാമഗ്രികൾ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈയുണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്സ് സ്വീകരിക്കുന്നത് മുതൽ ഇഷ്യൂ ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടെയും കൈകാര്യം ചെയ്യുവാനും ഇതിലൂടെ സാധ്യമാകും.

## ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതി

15 (*135) ശ്രീ. എം. എം. മണി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കി കൃഷിയെ മുഖ്യ ഉപജീവന മാർഗ്ഗമായി രൂപപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ?

കാർഷിക വൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റി നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെയും ഭക്ഷ്യസുരക്ഷയുടെയും മുഖ്യഘടകമാക്കി മാറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പല നൂതന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക, ആരോഗ്യ ഭക്ഷണം ഉറപ്പാക്കുക, തൊഴിലവസരം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ബൃഹത്തായ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്" . ഒരു തുടർപദ്ധതിയായി ആരംഭിക്കുന്ന ഈ പദ്ധതിയിൽ കൂടി ഏറ്റവും കുറഞ്ഞത് 10,000 കാർഷിക ഗ്രൂപ്പുകൾ ഉൽപ്പാദന മേഖലയിലും സംഭരണ, വിപണന, കാർഷിക സഹായ മേഖലയിലും മൂല്യവർദ്ധനവ് മേഖലകളിലുമായി രൂപീകരിച്ച് കേരളത്തിന്റെ കാർഷിക മേഖല ശക്തമാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ

മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിന് ഈ വർഷം തുടക്കംകുറിച്ചു. ഓരോ ഫാമിനും യോജിച്ച കാർഷികോൽപ്പാദന പ്ലാൻ തയ്യാറാക്കി അത് പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷി മുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷി വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ദീർഘകാലാടിസ്ഥാനത്തിൽ വാർഷിക വരുമാനം പരമാവധിയാക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ്. ഈ വർഷം 10,760 ഇത്തരം യൂണിറ്റുകൾ പദ്ധതിക്ക് കീഴിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പരിപാടിയുടെ ഭാഗമായി ഉൽപ്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് എഫ്.പി.ഒ./കമ്പനികൾ രൂപീകരിക്കുന്നതിനായി കർഷക കൂട്ടായ്മകളെയും ഗ്രൂപ്പുകളെയും കണ്ടെത്തും.

(സി) ശാസ്ത്രീയ കൃഷിമുറകൾ വ്യപകമാക്കുന്നതിനൊപ്പം വിപണന ശൃംഖല വിപുലീകരിച്ച് വിളവെടുപ്പുകാലത്തുണ്ടാകുന്ന വിലയിടിവ് തടയുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്, വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യ അടിസ്ഥാനത്തിൽ കൃഷി വ്യാപനത്തിന് തടസ്സമായേക്കുന്നത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ 1-ന് പ്രാബല്യത്തിൽവന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ചിട്ടുള്ള അടിസ്ഥാന വില അനുബന്ധമായി[+] ചേർക്കുന്നു. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ, ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശപ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു. ഈ വിപണികൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. പദ്ധതിപ്രകാരം പഴം-പച്ചക്കറികൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന അടിസ്ഥാന വിലയിൽ, നിലവിലുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് ഡി.ബി.ടി.-യായി നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപയും 2021-22 വർഷത്തിൽ 9763 കർഷകർക്ക് 7.938 കോടി രൂപയും കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രകാരം വിതരണം ചെയ്തു.

## ട്രാൻസ്ജെൻഡറുകൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

16 (*136) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാൻസ്ജെൻഡറുകൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ഉന്നമനത്തിനും ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുംവേണ്ടി ' മഴവില്ല്' എന്ന പേരിൽ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ട്രാൻസ്ജെൻഡർ സമൂഹത്തെക്കുറിച്ചും അത്തരം വ്യക്തികൾ അനുഭവിക്കുന്ന ശാരീരിക-മാനസിക സംഘർഷത്തെക്കുറിച്ചും പൊതുയിടങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന വിവേചനപരമായ ഇടപെടലുകൾ ലഘൂകരിക്കുന്നതിനും പൊതുസമൂഹത്തിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ മാറ്റുന്നതിനും വേണ്ട ഇടപെടലുകൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടന്നുവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ട്രാൻസ്ജെൻഡർ

നയത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ആക്ഷൻ പ്ലാൻ രൂപീകരിക്കുകയും ആയതുപ്രകാരം മഴവിൽ പദ്ധതിയുടെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി വിവിധ ക്ഷേമ പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. ട്രാൻസ്ജെൻഡർ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി സാമൂഹ്യനീതി വകുപ്പിനുകീഴിൽ സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്, ജില്ലാതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റികൾ എന്നിവ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം നടന്നുവരികയും ചെയ്യുന്നുണ്ട്. ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതികളുടെ/പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട് +.

(ബി) വീട്ടിൽനിന്ന് പുറത്താക്കപ്പെട്ട നിരാലംബരായ ട്രാൻസ്ജെൻഡറുകൾക്ക് സ്വന്തമായി ജീവിതോപാധി കണ്ടെത്തുന്നതിനും ട്രാൻസ്ജെൻഡറുകളെ സമൂഹത്തിൽ അംഗീകാരം ലഭിക്കുന്ന തൊഴിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുന്നതിനുമുള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വീട്ടിൽനിന്ന് പുറത്താക്കപ്പെട്ട നിരാലംബരായ ട്രാൻസ്ജെൻഡറുകൾക്ക് സ്വന്തമായി ജീവിതോപാധി കണ്ടെത്തുന്നതിനും ട്രാൻസ്ജെൻഡറുകളെ സമൂഹത്തിൽ അംഗീകാരം ലഭിക്കുന്ന തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുന്നതിനുമുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട് +.

**ക്ഷീര സംഘങ്ങളിലൂടെയുള്ള സേവനങ്ങൾ**

17 (*137) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി " ക്ഷീര സംഘങ്ങൾക്ക് ധനസഹായം" പദ്ധതി വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി എന്നിവ പരിഗണനയിലാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ-കം-ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം എന്നീ പദ്ധതികളും പരിഗണനയിലാണ്. ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും ഗ്രാമീണ മേഖലയിലെ പാൽ സംഭരണ-വിതരണ സംവിധാനം ശക്തിപ്പെടുത്തുവാനും മേൽപ്പറഞ്ഞ പദ്ധതികൾ പ്രയോജനപ്പെടുന്നതാണ്.

(ബി) എല്ലാ ക്ഷീര സംഘങ്ങളിലും പാൽ സംഭരണത്തിനുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളത്തിലെ എല്ലാ ക്ഷീരസഹകരണ സംഘങ്ങളിലും പാൽ സംഭരിക്കുന്നതിനുള്ള ആധുനിക സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സംഘങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ക്ഷീരശ്രീ എന്ന യൂണിഫൈഡ് സോഫ്റ്റ്‌വെയർ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ക്ഷീര കർഷകർക്ക് ആവശ്യമായ എന്തെല്ലാം ഉല്പാദനോപാധികളും ആധുനിക സാങ്കേതികവിദ്യ പരിശീലനവുമാണ് ക്ഷീര സംഘങ്ങൾവഴി നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് കാലിത്തീറ്റ, പച്ചപ്പുല്ല്, ഉണക്കപ്പുല്ല്/വൈക്കോൽ എന്നിവ സബ്സിഡി നിരക്കിൽ നൽകിവരുന്നു. പുൽക്കൃഷിയിലും പശുവളർത്തലിലും വൈദഗ്ധ്യം നേടുന്നതിനായി ക്ഷീര കർഷകർക്ക് ആധുനിക സാങ്കേതികവിദ്യ

പരിശീലനങ്ങൾ ക്ഷീരവികസന വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന നൽകിവരുന്നു.

(ഡി) സംസ്ഥാനത്തെ മികച്ച ക്ഷീര സംഘങ്ങളെ കണ്ടെത്തി പുരസ്കാരം നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ക്ഷീരവികസന വകുപ്പ് എല്ലാ വർഷവും സംസ്ഥാനത്തെ മികച്ച ക്ഷീര സംഘങ്ങളെ കണ്ടെത്തി പുരസ്കാരം നൽകിവരുന്നുണ്ട്. ഡോ. വർഗ്ഗീസ് കുര്യന്റെ പേരിലുള്ള ഈ അവാർഡ് പരമ്പരാഗത സംഘങ്ങൾക്കും ആനന്ദ് മാതൃക സംഘങ്ങൾക്കും പ്രത്യേകം നൽകുന്നു. ഒരു ലക്ഷം രൂപയാണ് മികച്ച സംഘത്തിന് നൽകുന്ന അവാർഡ് തുക.

**കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിന് നടപടി**

18 (*138) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിമാസ ചെലവ് എത്രയെന്ന് ഇനം തിരിച്ച് അറിയിക്കാമോ; മേയ് മാസത്തെ വരുമാനം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

ജീവനക്കാരുടെ ശമ്പളം, ഡീസൽ, കൺസോർഷ്യം വായ്പ തിരിച്ചടവ്, സ്പെയർ പാർട്സ്, മറ്റ് ദൈനംദിന ചെലവുകൾ ഉൾപ്പെടെ ഏകദേശം 236 കോടി രൂപയോളം കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം ചെലവിനായി ആവശ്യമുണ്ട്. ഇതിനുപുറമെ ശമ്പള വിതരണത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും എടുക്കുന്ന വായ്പയുടെ തിരിച്ചടവിനത്തിൽ 58.28 കോടിയിലധികം രൂപയും ചെലവഴിക്കേണ്ടി വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ 2022 മേയ് മാസത്തിലെ ടിക്കറ്റ്, ടിക്കറ്റിതര വരുമാനം 192.67 കോടി രൂപയാണ്. മേയ് മാസത്തിലെ ചെലവ് 289.32 കോടി രൂപ. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് +.

(ബി) സർവ്വീസ് വിപുലീകരിച്ച് പ്രതിദിന കളക്ഷൻ 10 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ?

നിലവിലെ ജീവനക്കാരെക്കൊണ്ടുമാത്രം പ്രതിദിനം 6000 ബസ്സുകൾ ഓടിച്ച് ഇന്നത്തെ വരുമാനം ശരാശരി 5.5 കോടി രൂപ എന്നത് 8 കോടി രൂപ അടയ്ക്കുകയെന്ന ലക്ഷ്യത്തിലാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടേയും ഭാവി സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരവും പുതുക്കിയ സേവന-വേതന കരാർ പ്രകാരവും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 അനുസരിച്ചും ഷെഡ്യൂൾ പരിഷ്കരണം നടപ്പാക്കിയും ജീവനക്കാരുടെ ഉപയോഗം കാര്യക്ഷമമാക്കിയും കൂടുതൽ സർവ്വീസുകൾ തുടങ്ങുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതാണ്. ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ അധികംവരുന്ന ബസ്സുകൾ യൂണിറ്റുകൾക്ക് നൽകിയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം ആറ്റിങ്ങൽ,

കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം ആറ്റിങ്ങൽ യൂണിറ്റിൽ നിലവിലുള്ള 39 ഷെഡ്യൂളുകൾ സിംഗിൾ ഡ്യൂട്ടികളായി പുനഃക്രമീകരിക്കുമ്പോൾ 62 ഷെഡ്യൂളുകളായി വർദ്ധിക്കുകയും ബസ് കിലോമീറ്റർ 231-ൽനിന്നും 310 ആയി വർദ്ധിക്കുകയും ചെയ്യും. ഇതുകൂടാതെ ഒരു ഡ്യൂട്ടിയിൽ അനുഷ്ഠിക്കുന്ന കിലോമീറ്റർ 134-ൽനിന്ന് 165 ആയി മാറുകയും ചെയ്യും. കൂടാതെ കൂടുതൽ ജീവനക്കാരെ അധിക സർവ്വീസ് ഓപ്പറേഷനായി ലഭ്യമാക്കുകയും ചെയ്യും. മേൽനടപടി പ്രായോഗികമാക്കുന്നതോടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ കണ്ടക്ടർ) റേഷ്യോ 4.56-ൽനിന്നും 2.68 ആയി കുറയുന്നതാണ്. ഇപ്രകാരം ആറ്റിങ്ങൽ ഡിപ്പോയിലെ പുതിയ ഷെഡ്യൂൾ ക്രമീകരണം കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ഓർഡിനറി സർവ്വീസുകളും പ്രായോഗികമാക്കി സിംഗിൾ ഡ്യൂട്ടിയിലേയ്ക്ക് പുനഃക്രമീകരിക്കുക വഴി ഉദ്ദേശം 13.5 കോടി രൂപയുടെ വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്. കണിയാപുരം ഡിപ്പോയിലെ നിലവിലുള്ള 36 ഓർഡിനറി ഷെഡ്യൂൾ ഡ്യൂട്ടികൾ മറ്റൊരു രീതിയിൽ സിംഗിൾ ഡ്യൂട്ടികളായി (മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961 പ്രകാരം) ഓവർ ടൈം നൽകി ക്രമീകരിച്ചാൽ 46 ഷെഡ്യൂളുകളായി

വർദ്ധിക്കുകയും ഒരു ക്രൂവിന്റെ ഡ്യൂട്ടിയിൽ ലഭ്യമാകുന്ന കിലോമീറ്റർ 143-ൽ നിന്നും 202 ആയി വർദ്ധിക്കുകയും ചെയ്യും. ഇപ്രകാരം മോഡിഫൈ ചെയ്യുമ്പോൾ നിയമപ്രകാരം ജീവനക്കാർക്ക് നൽകേണ്ട ഓവർ ടൈം വേതനം (ഇരട്ടി വേതനം) നൽകേണ്ടതായുണ്ട്. ഇപ്രകാരം നൽകുമ്പോൾപ്പോലും 46 ജീവനക്കാരെ അധികമായി ലഭിക്കുകയും കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് സാധിക്കുകയും ചെയ്യും. പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ 2400 ഓർഡിനറി ബസ്സുകൾ പ്രായോഗികമായി മോഡിഫൈ ചെയ്ത് അധിക ബസ്സുകളും ജീവനക്കാരെ കൂടി ഉപയോഗിക്കുന്നതിലൂടെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനയില്ലാതെ പ്രതിമാസം 25 കോടി രൂപയുടെ വരുമാന വർദ്ധനവ് ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. കണിയാപുരം മോഡൽ പ്രായോഗികമാക്കുന്നതോടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ, കണ്ടക്ടർ) റേഷ്യോ 4.67-ൽനിന്നും 2.65 ആയി കുറയുന്നതാണ്. ഈ പദ്ധതികൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് എത്രയും വേഗം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(സി) സർവ്വീസ് വൈവിധ്യവൽക്കരണത്തിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന് സാധ്യമായിട്ടുണ്ടോ?

തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു. ഈ സർവ്വീസുകളിൽ പ്രതിദിനം 29,000 യാത്രക്കാർ ആശ്രയിക്കുന്ന നിലയിലേയ്ക്ക് സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യ വാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷ മലിനീകരണവും കുറയ്ക്കുവാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി ആരംഭിച്ച നൂതന ബസ് സർവ്വീസാണ് "സിറ്റി ഷട്ടിൽ" . തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ വെളിച്ചത്തിൽ തിരുവനന്തപുരം നഗരവുമായി ബന്ധപ്പെട്ട് വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതും വിവിധ ആവശ്യങ്ങൾക്കായി അവരുടെ ലക്ഷ്യസ്ഥാനത്ത് നേരിട്ട് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സർവ്വീസ് വർദ്ധിച്ച ജനസമ്മതിയും ഉയർന്ന വരുമാനവും ലഭ്യമാക്കി

വരുന്നത് യാത്രക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സൂചിപ്പിക്കുന്നു. ഇതുകൂടാതെ ആരംഭിച്ച "സിറ്റി റേഡിയൽ" സർവ്വീസ് യാത്രക്കാർക്ക് നേരിട്ട് നഗരത്തിന് വെളിയിലെ രണ്ട് കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങിക്കയറാതെ യാത്ര ചെയ്യുന്നതിന് ലക്ഷ്യമായിട്ടുള്ളതാണ്. ഈ സർവ്വീസിനും വൻജനസമ്മതിയോടെ വർദ്ധിച്ച യാത്രക്കാർ ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരത്തിനും കോഴിക്കോടിനും ഇടയിലുള്ള നഗരങ്ങളിലെ ഗതാഗത കുരുക്കിൽനിന്നും ഒഴിവാക്കി യാത്രക്കാരെ നിശ്ചിത സ്ഥലത്ത് കുറഞ്ഞ സമയത്തിൽ എത്തിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. "ബൈപ്പാസ് റൈഡർ" എന്ന പേരിൽ സർവ്വീസുകൾ ആരംഭിച്ചുവരുന്നു. ഗതാഗതക്കുരുക്ക് ഒഴിവാക്കി ചെലവ് കുറയ്ക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതും ലക്ഷ്യമിട്ട് ആരംഭിച്ചുവരുന്ന ഈ സർവ്വീസുകൾ പ്രധാനമായും നാഷണൽ ഹൈവേയിലേയും എം.സി. റോഡിലേയും സമാന്തര ബൈപ്പാസ് റോഡുകളിലൂടെയാണ് സർവ്വീസ് നടത്തുന്നത്. ബൈപ്പാസുകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ യാത്രക്കാർക്ക് സൗകര്യപ്രദമായി വിശ്രമിക്കുന്നതിനും ബസ് കാത്തിരിക്കുന്നതിനും "ഫീഡർ സ്റ്റേഷനുകൾ" പഴയ ലോ ഫ്ലോർ ബസ്സുകളിൽ ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം ഫീഡർ സ്റ്റേഷനുകളിലേയ്ക്ക് ബന്ധപ്പെട്ട യൂണിറ്റുകളിൽനിന്നും

പ്രത്യേക നിറത്തിലുള്ള "ഫീഡർ സർവ്വീസുകൾ" യാത്രക്കാർക്കായി നടത്തുന്നുമുണ്ട്. ബൈപ്പാസ് റൈഡർ സർവ്വീസുകളിൽ റിസർവ് ചെയ്ത യാത്രക്കാർക്ക് ഫീഡർ ബസ്സുകളിൽ ഫീഡർ സ്റ്റേഷനിലേയ്ക്ക് സൗജന്യമായി യാത്ര ചെയ്യാം. ദീർഘദൂര യാത്രകൾക്കായി ബൈപ്പാസ് റൈഡറുകൾ ഉപയോഗപ്പെടുത്തുന്ന യാത്രക്കാർക്ക് സാധാരണ മറ്റ് റോഡുകളിലൂടെയുള്ള യാത്രാ സമയത്തേക്കാൾ സമയം ലാഭിക്കാമെന്നുള്ളത് ഈ സർവ്വീസിന്റെ പ്രത്യേകതയാണ്. കുറഞ്ഞത് ഓരോ മണിക്കൂർ ഇടവേളകളിൽ ടി സർവ്വീസിന്റെ സേവനം നാഷണൽ ഹൈവേവഴിയും എം.സി. റോഡ് വഴിയും പൂർണ്ണമാക്കുന്നതിനുള്ള പദ്ധതികൾ അന്തിമഘട്ടത്തിലാണ്. നിലവിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സൂപ്പർ ക്ലാസ് ബസ്സുകൾ ഇത്തരത്തിൽ ഓപ്പറേറ്റ് ചെയ്യുകയും വരുമാന വർദ്ധനവും സ്വീകാര്യതയും വർദ്ധിച്ചിട്ടുമുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മറ്റൊരു നൂതന പദ്ധതിയാണ് "ബഡ്ജറ്റ് ടൂറിസം" . ഇതിലൂടെ വലിയ വരുമാന വർദ്ധനവും യാത്രക്കാരെ അധികമായി ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്കായി ആരംഭിച്ച മൂന്ന് സമുദ്ര സർവ്വീസുകൾ സർക്കാർ സഹായത്തോടുകൂടി സൗജന്യമായി നടത്തിവരുന്നു. ഇതിന് വൻജന പ്രീതിയാണുള്ളത്. ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ്

നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചെലവ് പങ്കുവച്ച് സഹകരിച്ച് നൂതന സംരംഭമായ ഗ്രാമവണ്ടി പദ്ധതി ഉടൻ ആരംഭിക്കും. ഇത് ഗ്രാമീണ മേഖലയിലെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കും.

(ഡി) ടിക്കറ്റിതര വരുമാന വർദ്ധനവിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്; ശരാശരി പ്രതിമാസ ടിക്കറ്റിതര വരുമാനം എത്രയാണെന്ന് വെളിപ്പെടുത്താമോ?

കെ.എസ്.ആർ.ടി.സി. ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിലേയ്ക്ക് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തതിൻപ്രകാരം കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ആയതിലൂടെ 10/2021 മുതൽ 5/2022 വരെ ലഭിച്ച തുകയുടെ അടിസ്ഥാനത്തിൽ പ്രതിമാസം ശരാശരി 96,00,000/- രൂപയോളം പ്രതിമാസ വരുമാനം ലഭ്യമായിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. 2021 നവംബർ 1 മുതൽ 2022 മേയ് 31 വരെയുള്ള ആകെ വരുമാനം 5,13,03,389 രൂപയാണ്. ശരാശരി പ്രതിമാസ വരുമാനം 73,29,056 രൂപയാണ്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കം

സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതിലൂടെ ലഭിച്ച ശരാശരി പ്രതിമാസ ടിക്കറ്റിതര വരുമാനം 2,67,24,543/- രൂപയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് യാത്രാ ഫ്യൂവൽസ്, ലൂബ്ഷോപ്പ്, കടമുറികളുടെയും ഷോപ്പുകളുടെയും കാന്റീനുകളുടെയും ലൈസൻസ് ഫീ, ഷോപ്പ് ഓൺ വീൽസ്, പരസ്യം, ലോജിസ്റ്റിക്സ്, ബസ് വാടകയ്ക്ക് നൽകൽ, സ്ക്രാപ്പ് വിൽപ്പന, സ്ലീപ്പർ ബസ്, ടെണ്ടർ ഫീസ് എന്നീ ഇനങ്ങളിൽ ടിക്കറ്റിതര വരുമാനം ലഭ്യമാകുന്നുണ്ട്. കഴിഞ്ഞ 2022 ഫെബ്രുവരി മാസം

മുതൽ മേയ് മാസം വരെയുള്ള ആകെ ടിക്കറ്റിതര വരുമാനം 43,59,53,141/- രൂപയും പ്രതിമാസ ശരാശരി വരുമാനം 10,89,88,285/- രൂപയുമാണ്. കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കിവരുന്നത്.

സമുദ്ര ബസ് പദ്ധതി

മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാ കൂലി ഭാരമാകുന്നു എന്നുമാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽനിന്നും സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വാർഷിക

ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്യുന്നു. ഇതിന് വാർഷിക ഗ്രാന്റായി 67.5 ലക്ഷം രൂപ ഫിഷറീസ് വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്.

<u>വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ)</u>

സർക്കാർതലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദസഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി-ക്ക് പ്രതികിലോമീറ്റർ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകിവരുന്നുണ്ട്.

<u>വിവിധ ടൂർ പാക്കേജുകൾ</u>

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ

ട്രാഫിക് ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അഡീഷണൽ സർവ്വീസുകളും സംഘംചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി സ്പെഷ്യൽ സർവ്വീസുകളും ആവശ്യാനുസരണം അയച്ചുവരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**വയോമിത്രം പദ്ധതി**

19 (*139) <u>ശ്രീ. വാഴൂർ സോമൻ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വയോജനങ്ങൾക്കും സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് എല്ലാ വയോജനങ്ങൾക്കും സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വയോഅമൃതം, വയോരക്ഷ, വയോമധുരം, സെക്കന്റ് ഇന്നിംഗ്സ് ഹോം, വയോമിത്രം, എൽഡർലൈൻ, വയോപോഷണം, സായംപ്രഭ ഹോം, മാതൃകാ സായംപ്രഭാ പദ്ധതി, ഡിമൻഷ്യാ സെന്റർ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) വയോജന ക്ഷേമത്തിനായി ആവിഷ്കരിച്ച വയോമിത്രം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. വയോമിത്രം പദ്ധതിയുടെ പുരോഗതി ധനകാര്യ വകുപ്പും CAG-യുടെ Performance Audit-ഉം വിലയിരുത്തിയിട്ടുണ്ട്. കൂടാതെ നിശ്ചിത ഇടവേളകളിൽ ഉദ്യോഗസ്ഥതലത്തിൽ വിവിധ മീറ്റിംഗുകൾ കൂടിയും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഗുണഫലം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്ക് ടി പദ്ധതി 93 നഗരസഭകളിലും വ്യാപിപ്പിക്കുന്നതിന് തീരുമാനിക്കുകയും 2016 മുതൽ ഘട്ടംഘട്ടമായി 4 ബ്ലോക്ക് പഞ്ചായത്തുകളിലുൾപ്പെടെ 58 വയോമിത്രം യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതി പഞ്ചായത്ത് പരിധികളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നത് ഉൾപ്പെടെയുള്ള വിപുലീകരണ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

വയോമിത്രം പദ്ധതി കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 4 ബ്ലോക്ക് പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പദ്ധതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചുവരുന്നു.

(ഡി) വയോമിത്രം പദ്ധതിവഴി വയോജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുന്നതിനായി വയോമിത്രം സോഫ്റ്റ്വെയർ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വയോമിത്രം ക്ലിനിക്കുകളിലെ ഗുണഭോക്താക്കളുടെ എണ്ണത്തിലും മരുന്നിന്റെ വിതരണത്തിലും പ്രത്യേക ശ്രദ്ധയും നിരീക്ഷണവും നടത്തുന്നതിനായി പദ്ധതി പ്രവർത്തനങ്ങൾ സോഫ്റ്റ്വെയർ സംവിധാനം വഴി കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇപ്രകാരം കമ്പ്യൂട്ടർവത്കരിക്കുന്നതിലൂടെ പദ്ധതി കൂടുതൽ

കാര്യക്ഷമമമാവുകയും സമയലാഭം, ഡാറ്റ സംരക്ഷണം, മരുന്നുകളുടെ സ്റ്റോക്ക്, ശമ്പള വിതരണം, ഗുണഭോക്താക്കളുടെ വിശദാംശം ശേഖരിക്കൽ എന്നീ പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റങ്ങളുണ്ടാകുകയും ചെയ്യും. വയോമിത്രം യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ നിരീക്ഷിക്കുന്നതിനും ജില്ലാ/ആസ്ഥാന ഓഫീസ് തലത്തിൽ പരിശോധിക്കുന്നതിനും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനും വയോമിത്രം സോഫ്റ്റ്വെയർ സഹായകരമാകും. ഈ രീതിയിലുള്ള പ്രവർത്തനത്തിനുവേണ്ടി ഇ-സുരക്ഷ ഗവേർണൻസിൽ ഉൾപ്പെടുത്തി സി-ഡിറ്റിന്റെ സാങ്കേതിക സഹകരണത്തോടെ വെബ് അധിഷ്ഠിത പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്.

## നിർത്തിവച്ച കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

20 (*140) ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗണിനെ തുടർന്ന് നിർത്തിവച്ച എല്ലാ സർവ്വീസുകളും പുനരാരംഭിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലഭ്യമായിരുന്ന പ്രധാന സർവ്വീസുകൾ, ജനകീയ പ്രതിബദ്ധതയിൽ നടത്തിവന്നിരുന്ന സർവ്വീസുകൾ എന്നിവ പുനരാരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഒരേ റൂട്ടിൽ കാര്യക്ഷമമല്ലാതെ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ കാര്യക്ഷമമായി ഒരുമിച്ച് ചേർത്ത് ഗുണകരമാക്കി ആരംഭിക്കുകയും നഷ്ടത്തിലുള്ളതും പ്രയോജനരഹിതവുമായ ട്രിപ്പുകളും സർവ്വീസുകളും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കടുത്ത നഷ്ടത്തിൽ ഓപ്പറേറ്റ് ചെയ്തിരുന്നതും സമാനമായ സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ നടത്തുന്നതുമായ റൂട്ടുകളിൽ അനാവശ്യ മത്സരം ഒഴിവാക്കി കാര്യക്ഷമമായും ജനോപകാരപ്രദമായും ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾക്ക് മുൻഗണന നൽകി പുനരാരംഭിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ

ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ജനപ്രതിനിധികളുടെ സഹകരണത്തോടെ ഡീസൽ തുകമാത്രം ലഭ്യമാക്കിയാൽ ഇത് എത്രയുംവേഗം ആരംഭിക്കുവാൻ കഴിയും. കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കി ഉടൻ നടപ്പാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം ആറ്റിങ്ങൽ യൂണിറ്റിൽ നിലവിലുള്ള 39 ഷെഡ്യൂളുകൾ സിംഗിൾ ഡ്യൂട്ടികളായി പുനഃക്രമീകരിക്കുമ്പോൾ 62 ഷെഡ്യൂളുകളായി വർദ്ധിക്കുകയും ബസ് കിലോമീറ്റർ 231-ൽനിന്നും 310 ആയി വർദ്ധിക്കുകയും ചെയ്യും. ഇതുകൂടാതെ ഒരു ഡ്യൂട്ടിയിൽ അനുഷ്ഠിക്കുന്ന കിലോമീറ്റർ 134-ൽനിന്ന് 165 ആയി മാറുകയും ചെയ്യും. കൂടാതെ കൂടുതൽ ജീവനക്കാരെ അധിക സർവ്വീസ് ഓപ്പറേഷനായി ലഭ്യമാക്കുകയും ചെയ്യും. മേൽനടപടി പ്രായോഗികമാക്കുന്നതോടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ കണ്ടക്ടർ) റേഷ്യോ 4.56-ൽനിന്നും 2.68 ആയി കുറയുന്നതാണ്.

ഇപ്രകാരം സർവ്വീസുകൾ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് വർദ്ധിപ്പിക്കുവാൻ കഴിയും. കണിയാപുരം ഡിപ്പോയിലെ നിലവിലുള്ള 36 ഓർഡിനറി ഷെഡ്യൂൾ ഡ്യൂട്ടികൾ മറ്റൊരു രീതിയിൽ സിംഗിൾ ഡ്യൂട്ടികളായി (മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961 പ്രകാരം) ഓവർ ടൈം നൽകി ക്രമീകരിച്ചാൽ 46 ഷെഡ്യൂളുകളായി വർദ്ധിക്കുകയും ഒരു ക്രൂവിന്റെ ഡ്യൂട്ടിയിൽ ലഭ്യമാകുന്ന കിലോമീറ്റർ 143-ൽനിന്നും 202 ആയി വർദ്ധിക്കുകയും ചെയ്യും. ഇപ്രകാരം മോഡിഫൈ ചെയ്യുമ്പോൾ നിയമപ്രകാരം ജീവനക്കാർക്ക് നൽകേണ്ട ഓവർ ടൈം വേതനം (ഇരട്ടി വേതനം) നൽകേണ്ടതായുണ്ട്. ഇപ്രകാരം നൽകുമ്പോൾപ്പോലും 46 ജീവനക്കാരെ അധികമായി ലഭിക്കുകയും കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് സാധിക്കുകയും ചെയ്യും. പദ്ധതിപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ 2400 ഓർഡിനറി ബസ്സുകൾ പ്രായോഗികമായി മോഡിഫൈചെയ്ത് അധിക ബസ്സുകളും ജീവനക്കാരെയുംകൂടി ഉപയോഗിക്കുന്നതിലൂടെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവില്ലാതെതന്നെ സർവ്വീസുകൾ കാര്യക്ഷമമാക്കാൻ സാധിക്കും. കണിയാപുരം മോഡൽ പ്രായോഗികമാക്കുന്നതോടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ, കണ്ടക്ടർ) റേഷ്യോ 4.67-ൽനിന്നും

2.65 ആയി കുറയുന്നതാണ്. ഈ പദ്ധതികൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് എത്രയുംവേഗം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) നിർത്തിവച്ച എല്ലാ സർവ്വീസുകൾകളും പുനരാരംഭിക്കാൻ സാധിക്കാത്തത് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടിയെന്നത് വസ്തുതയാണോ?

വസ്തുതയല്ല. കോവിഡ് മഹാമാരിക്കുമുമ്പ് കെ.എസ്.ആർ.ടി.സി. നടത്തിയിരുന്നതിൽ ഭൂരിഭാഗം വരുമാനമുള്ള സർവ്വീസുകളും പുനരാരംഭിക്കുകയും വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുകയും അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്നരീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചിട്ടുണ്ട്. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാവുകയും ചെയ്തിട്ടുണ്ട്. സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ്‌വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്താൻ കഴിഞ്ഞു. ദീർഘദൂര സർവ്വീസുകളുടെ

ക്രോണോളജി പരിശോധിച്ച് അനാവശ്യ സർവ്വീസുകൾ കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും ചെയ്തതിൽനിന്നും എല്ലാ സൂപ്പർക്ലാസ് ബസ്സുകളുടേയും യാത്രക്കാർ വർദ്ധിക്കുകയും അനാവശ്യ ബസ്സുകളും കിലോമീറ്ററും കുറയ്ക്കുകയും തദ്വാര ഡീസൽ ഉപയോഗം കുറക്കുകയും ചെയ്തു. ഒരു ദിവസം 8 മണിക്കൂർ സ്റ്റിയറിംഗ് സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കുന്ന സിംഗിൾ ഡ്യൂട്ടി സമ്പ്രദായം വരുമാനക്കുറവുള്ള സർവ്വീസുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. ദീർഘദൂര മുഴുവൻ സർവ്വീസുകളും കൂടുതൽ പഠനം നടത്തി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓപ്റ്റിമൈസേഷൻ നടത്തി കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇപ്രകാരം കുറഞ്ഞ ബസ്സും ജീവനക്കാരും ഉപയോഗിച്ച് ചെലവ് ചുരുക്കി ജനോപകാരപ്രദമായി വരുമാനം വർദ്ധിപ്പിക്കുന്ന നടപടികളാണ് നടത്തിവരുന്നത്. ആയതിനാൽ സർവ്വീസുകൾ മൊത്തത്തിൽ ശാസ്ത്രീയമായി പുനഃക്രമീകരിച്ചതിലൂടെ ചെലവ് ചുരുക്കി കാര്യക്ഷമമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇത്തരം

പ്രവർത്തനത്തിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനച്ചെലവ് കുറയ്ക്കുന്നതിനും കോവിഡ് കാലത്തിനുമുമ്പ് ലഭിച്ചിരുന്നതിനേക്കാൾ മികച്ച വരുമാനം ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഫലത്തിൽ നിലവിലെ കാര്യക്ഷമമായ ഓപ്പറേഷൻ നിമിത്തം 2022 മേയ് മാസം 99.71 കോടി രൂപ ഡീസൽ തുക കിഴിച്ച് മിച്ചം വരുമ്പോൾ 2019 മേയ് മാസത്തെ രീതിയിൽ ഓപ്പറേറ്റ് ചെയ്താൽ നിലവിലെ ഡീസൽ വിലയിൽ 80.44 കോടി രൂപ മാത്രമാണ് ബാക്കിവരുന്നത്. അതായത് 19.27 കോടി രൂപ (23.96 %) അധികം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലെ 15% നിരക്ക് വർദ്ധനവ് കണക്കാക്കിയാൽപ്പോലും മുൻകാലങ്ങളേക്കാൾ വരുമാനം ബാക്കിയുണ്ടായിട്ടുണ്ട്. കൂടാതെ സർവ്വീസ് ഓപ്റ്റിമൈഷേൻ മുഖാന്തരം 13,326/- രൂപ ശരാശരി ബസ് വരുമാനം ഉണ്ടായിരുന്നത് ഇപ്പോൾ 17,454/- രൂപയാണ്. (അതായത് 30.98% വർദ്ധന) ഇതിൽനിന്നും മുമ്പ് ഓപ്പറേറ്റ് ചെയ്തതിനേക്കാൾ വരുമാനവും കാര്യക്ഷമതയും ഉണ്ടായിട്ടുണ്ടെന്ന് കാണാവുന്നതാണ്.

(സി) ലോക്ഡൗൺ സമയത്ത് ബസ്സുകൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്നത് നിർത്തലാക്കാനുള്ള കാരണം വെളിപ്പെടുത്താമോ?

നിലവിൽ സർവ്വീസുകൾ ലോക്ക്ഡൗൺ കാലത്തേതിനേക്കാൾ വർദ്ധിച്ചിട്ടുണ്ട്. ആയതിനാൽ ലോക്ക്ഡൗൺ കാലത്ത് നടത്തിയ രീതിയിൽ റൊട്ടേഷൻ സമ്പ്രദായം നിലവിൽ പൂർണ്ണമായും ആവശ്യമില്ല. ലോക്ഡൗൺ കാലയളവിൽ കെ.എസ്.ആർ.ടി.സി.-ക്ക് സർവ്വീസ് ഓപ്പറേഷൻ പൂർണ്ണതോതിൽ നടത്തുവാൻ നിയന്ത്രണങ്ങൾമൂലം സാധിച്ചിരുന്നില്ല. ഇത് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതിയെ വളരെയധികം ബാധിച്ചു. തന്മൂലം ബസ്സുകളുടെ പരിപാലനം നടത്തുന്നതിനായി സ്പെയർ പാർട്ട്സുകൾ വാങ്ങുന്നതിനും വാഹന ഇൻഷ്വറൻസ് പുതുക്കുന്നതിനും ആവശ്യമായ തുക കണ്ടെത്തുന്നതിനും സാധിച്ചിരുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ വിവിധ ഡിപ്പോകളിലായി സ്പെയർ പാട്സുകൾക്കും അറ്റകുറ്റപ്പണികൾക്കുമായി ഡോക്ക് ചെയ്തിരുന്നതിൽനിന്നും കോവിഡ് സാഹചര്യത്തിൽ സർവ്വീസിന് ആവശ്യമില്ലാത്തതും കാലപ്പഴക്കം ചെന്നതുമായ ഓർഡിനറി ബസ്സുകളിൽ 1736 എണ്ണം വിവിധ സ്ഥലങ്ങളിൽ സൂക്ഷിച്ചിരുന്നു. ഇവയിൽ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് സർവ്വീസിന് യോഗ്യമാക്കുന്നതിന് ലാഭകരമല്ലാത്ത 920 ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിനും ബാക്കി 816 ബസ്സുകൾ യാത്രക്കാരുടെ ആവശ്യാനുസരണം ബസ്സുകളുടെ

ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് നിരത്തിലിറക്കിവരുന്നു.

(ഡി) ഡീസൽ ബസ്സുകൾ ദീർഘനാൾ ഓടിക്കാതിരുന്നാൽ തകരാറിലാകുമെന്നിരിക്കെ റൊട്ടേഷൻ സംവിധാനം അവസാനിപ്പിച്ചത് മൂലം നിരവധി ബസ്സുകൾ നശിച്ചുപോയതായി പറയപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ഇ) എങ്കിൽ ഇത് കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ഡി&ഇ) സ്ക്രാപ്പ് ചെയ്യേണ്ട ബസ്സുകളാണ് യാർഡുകളിലേയ്ക്ക് കൊണ്ടുവന്നത്. ഇവ സ്ക്രാപ്പ് ചെയ്യുന്നതിനുമുൻപ് മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർകൂടി അടങ്ങിയ ഒരു വിദഗ്ധ സമിതിയെക്കൊണ്ട് സ്ക്രാപ്പ് ചെയ്യേണ്ടതുണ്ടോയെന്ന് പരിശോധിച്ചു. അതിനുശേഷം മറ്റൊരു കമ്മിറ്റി സ്ക്രാപ്പ് ചെയ്യുമ്പോൾ ലഭിക്കേണ്ട upset വില കണക്കാക്കി. അതിനുശേഷം കേന്ദ്ര സർക്കാർ സ്ഥാപനമായ Meter and Scrap Trading Corporation (MSTC) മുഖാന്തരം e-tender ചെയ്യുകയും ഇതിനകംതന്നെ 384 സ്ക്രാപ്പ് ബസ്സുകൾ ലേലത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഈ ബസ്സുകൾ വെറുതെ കിടക്കുന്നതുകാരണം ഡിപ്പോകളിൽ സ്ഥലം അപഹരിക്കപ്പെട്ടിരുന്ന

യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടായിരുന്നു. അത് ഒഴിവായി. വിവിധ പാർക്ക് സെന്റുകളിൽ സൂക്ഷിച്ചിരുന്ന ബസ്സുകളുടെ ടയർ, ബാറ്ററി തുടങ്ങിയ സ്പെയർ പാർട്ട്സുകൾ സാമ്പത്തിക പ്രതിസന്ധിമൂലം സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് ഉപയോഗിക്കേണ്ടിവന്നു. യാത്രക്കാരുടെ ആവശ്യാനുസരണം ബസ്സുകൾക്ക് ടയർ, ബാറ്ററി എന്നിവ ലഭ്യമാക്കി അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് സർവ്വീസിന് നൽകിവരികയാണ്. ആയതിനാൽ റൊട്ടേഷനിൽ സർവ്വീസ് നടത്താൻ സാധിക്കാത്തതിനാൽ ബസ്സുകൾ നശിച്ചുപോയ സാഹചര്യമില്ല.

## കാരുണ്യ @ ഹോം പദ്ധതി

21 (*141) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ദെലീമ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങൾക്ക് മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും വീട്ടിലെത്തിച്ച് നൽകുന്നതിനായി കാരുണ്യ @ ഹോം എന്ന പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിവഴി

വയോജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളും ആനുകൂല്യങ്ങളുമാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

പൊതുവിപണിയിലേതിനേക്കാൾ വൻവിലക്കിഴിവിൽ മരുന്നുകളും ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്. എയർബെഡ് മുതലായവയും കോവിഡ് പ്രതിരോധ സാമഗ്രികളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ സർക്കാരാശുപത്രികളിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ആവശ്യാനുസരണം വിതരണം ചെയ്തുവരുന്നുണ്ട്. "കോവിഡിനൊപ്പം സുരക്ഷിതമായി ജീവിക്കുക" എന്ന പുതിയ ജീവിതശൈലി രൂപീകരിക്കുന്നതിന്റെ ഭാഗമായി "കാരുണ്യ @ ഹോം" എന്ന ഒരു പുതിയ പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് ഫാർമസിയിലെത്താതെതന്നെ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സാമ്പത്തികലാഭത്തോടൊപ്പം "കോവിഡിനൊപ്പം സുരക്ഷിതമായി ജീവിക്കുക" എന്ന പുതിയ ജീവിതശൈലിക്കായി ഈ പദ്ധതി സഹായകരമാകും. തിരക്കേറിയ ആധുനികജീവിതത്തിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് ഈ പദ്ധതി ഒരു കൈത്താങ്ങായിരിക്കും. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ

വിലയേക്കാൾ ഒരു ശതമാനം അധിക വിലക്കിഴിവോടുകൂടി മുതിർന്ന പൗരന്മാർക്ക് ആവശ്യമായ ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും കൊറിയർ മുഖാന്തരം മിതമായ കൊറിയർ ചാർജ്ജ് ഈടാക്കിക്കൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ച് കൊടുക്കുന്നു. ഇതുസംബന്ധിച്ച് രജിസ്ട്രേഷൻ തുടങ്ങിയ വിവരങ്ങൾക്ക് www.khome.kmscl.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

(ബി) മുതിർന്ന പൗരന്മാരുടെ പ്രധാന ആവശ്യങ്ങളായ കൃത്രിമ ദന്തങ്ങൾ, ശ്രവണ സഹായികൾ എന്നിവ നൽകുന്നതിനുള്ള പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തങ്ങൾവച്ച് നൽകുന്ന മന്ദഹാസം പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടതും പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവരുമായ മുതിർന്ന പൗരന്മാർക്ക് (60 വയസ്സ് കഴിഞ്ഞവർക്ക്) സൗജന്യമായി ദന്തനിരവച്ച് നൽകുന്ന പദ്ധതി 2018-19-ൽ സാമൂഹ്യനീതി വകുപ്പ് ആരംഭിക്കുകയുണ്ടായി. ആരോഗ്യ വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിക്കായി ജില്ലാ സാമൂഹ്യനീതി

ഓഫീസുകൾ മുഖാന്തരം അപേക്ഷ സ്വീകരിക്കുകയും ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യ വകുപ്പ് നിശ്ചയിച്ച് നൽകിയ ദന്തഡോക്ടർ എന്നിവരടങ്ങുന്ന സമിതി അപേക്ഷ പരിശോധിച്ച് അർഹതാ മാനദണ്ഡങ്ങൾക്കുവിധേയമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പ്രസ്തുത വ്യക്തികൾക്ക് എംപാനൽ ചെയ്ത സർക്കാർ/സ്വകാര്യ ആശുപത്രികൾവഴി ദന്തനിര വച്ചുകാട്ടുകയാണ് ചെയ്തുവരുന്നത്. പദ്ധതി നടത്തിപ്പിനുള്ള ഫണ്ട് ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖാന്തരം എംപാനൽ ചെയ്ത സ്ഥാപനത്തിന് (സർക്കാർ/സ്വകാര്യ ആശുപത്രിക്ക്) അനുവദിച്ചുവരുന്നു. മുതിർന്ന പൗരന്മാർക്ക് ശ്രവണസഹായി നൽകുന്നതിനുള്ള പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ 40 ശതമാനത്തിന് മുകളിൽ ഭിന്നശേഷിത്വമുള്ള ഭിന്നശേഷിക്കാർക്ക് ശ്രവണസഹായി സൗജന്യമായി വിതരണം ചെയ്തുവരുന്നു. ആയതിന് നിർദ്ദിഷ്ട അപേക്ഷാഫോറം പൂരിപ്പിച്ച് ഇ.എൻ.ടി. ഡോക്ടറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി മെഡിക്കൽ ബോർഡ് നൽകിയ ഭിന്നശേഷിത്വ സർട്ടിഫിക്കറ്റിന്റെയും റേഷൻ കാർഡിന്റെ 1,2 പേജുകളുടെ പകർപ്പ്, 2 പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം സമർപ്പിക്കുകയാണെങ്കിൽ ശ്രവണ സഹായി ലഭിക്കുന്നതാണ്.

കേന്ദ്രസർക്കാരിന്റെ ADIP പദ്ധതി വഴി ഡിസെബിലിറ്റി സർട്ടിഫിക്കറ്റുള്ള വ്യക്തികൾക്ക് പദ്ധതിയുടെ നിബന്ധനകൾക്കനുസൃതമായി സൗജന്യമായി ശ്രവണ സഹായികൾ നിഷ് മുഖാന്തരം വിതരണം ചെയ്തുവരുന്നു.

(സി) വയോജനങ്ങളെ പരിചരിക്കുന്ന സാന്ത്വന പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള കോഴ്സുകൾ ആരംഭിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

വയോജനങ്ങളെ പരിചരിക്കുന്നതിന് പരിശീലനം ലഭിച്ച സാന്ത്വന പ്രവർത്തകരുടെ സേവനം സാമൂഹ്യനീതി വകുപ്പ് വഴി നിലവിൽ നൽകുന്നില്ല. നിഷ്, സാങ്കേതിക സർവ്വകലാശാലകൾ എന്നിവയുടെ സഹകരണത്തോടെ പരിചാരക പരിശീലന പരിപാടികൾ ആരംഭിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ 2022-ലെ നയപ്രഖ്യാപനത്തിൽ പറഞ്ഞതിൻപ്രകാരം ആവശ്യമായ ചർച്ചകൾ നടത്തി, മാർഗ്ഗരേഖകൾ തയ്യാറാക്കി ഘട്ടംഘട്ടമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിള ഇൻഷ്വറൻസ്

22 (*142) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിദുരന്തം, വന്യമൃഗങ്ങളുടെ ആക്രമണം എന്നിവ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്ന നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

വിള ഇൻഷ്വറൻസ് പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കൽ, പോളിസി വിതരണം, നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കൽ, അപേക്ഷയിന്മേലുള്ള അന്വേഷണം പൂർത്തീകരിക്കൽ എന്നിവയ്ക്കായി സ്വാഭാവികമായ കാലതാമസം ഉണ്ടാകാറുണ്ടായിരുന്നു. എന്നാൽ കൃഷി വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ എയിംസ് പോർട്ടൽ നിലവിൽ

വന്നതിനെത്തുടർന്ന് 2020 ആഗസ്റ്റ് മാസം മുതൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ എയിംസ് പോർട്ടൽ മുഖേന ഓൺലൈനായാണ് ചെയ്തുവരുന്നത്. വിള ഇൻഷ്വറൻസ് പദ്ധതി എയിംസ് പോർട്ടലിൽ ഉൾപ്പെടുത്തിയതിലൂടെ കർഷകർക്ക് പദ്ധതിയിൽ അംഗമാകുന്നതിനും പോളിസി വിതരണം, നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നത് എന്നിവ യഥാസമയം നടപ്പിലാക്കി അതുവഴി കാലതാമസം ഒഴിവാക്കി ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിന് സാധ്യമാകുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഇനിയും കൊടുത്ത് തീർക്കാനുള്ള നഷ്ടപരിഹാരത്തുക കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. 01-08-2020 മുതൽ 25-06-2022 വരെയുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം 3108.08183 ലക്ഷം രൂപയും മാനുവലായി ഇൻഷ്വർ ചെയ്ത കർഷകർക്ക് നൽകുന്നതിനായി 782.93975 ലക്ഷം രൂപയും ചേർത്ത് ആകെ 3891.02158 ലക്ഷം രൂപ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുവാനായി ആവശ്യമുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരം

നൽകുന്നതിനായി 13-06-2022-ലെ സ.ഉ.(സാധാ) നം.520/2022/അഗ്രി. പ്രകാരം 3000.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി കൂടുതൽ തുക ആവശ്യമുള്ളതിനാൽ SDG പ്രകാരം 3000 ലക്ഷം രൂപ അധികമായി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സംസ്ഥാനത്തെ റെയിൽവേ വികസനം

23 (*143) ശ്രീ. കെ. ആൻസലൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) 2011-12-ൽ അനുവദിച്ച് 2019-ൽ തറക്കല്ലിട്ട നേമം കോച്ച് ടെർമിനൽ പദ്ധതി ഉപേക്ഷിച്ചതായുള്ള വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ?

20-06-2022-ന് റെയിൽവേ അധികാരികളും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി നടന്ന ജോയിന്റ് റിവ്യൂ മീറ്റിംഗിൽ നേമം കോച്ചിംഗ് ടെർമിനൽ പദ്ധതി സംബന്ധിച്ച് പരാമർശിക്കവേ, മേൽ പദ്ധതി പിൻവലിക്കുന്ന തരത്തിലുള്ള തീരുമാനങ്ങളൊന്നും നിലവിൽ എടുത്തിട്ടില്ല

എന്നാണ് റെയിൽവേ അധികൃതർ അറിയിച്ചത്. മാത്രമല്ല, നേമം കോച്ചിംഗ് ടെർമിനൽ പദ്ധതി ഉപേക്ഷിക്കുകയാണെന്ന തരത്തിലുള്ള അറിയിപ്പുകളൊന്നും റെയിൽവേ ബോർഡിൽനിന്നോ റെയിൽവേ മന്ത്രാലയത്തിൽനിന്നോ ലഭിച്ചിട്ടില്ല.

(ബി) തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ യാർഡിന്റെ അപര്യാപ്തതകൊണ്ട് ആവശ്യത്തിന് തീവണ്ടികൾ അനുവദിക്കാനാകില്ലെന്ന റെയിൽവേയുടെ നിലപാട് സംസ്ഥാനത്തെ റെയിൽവേ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന്റെ തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായുള്ള വികസന പ്രവർത്തനങ്ങൾ കൊച്ചുവേളിയിൽ പുരോഗമിക്കുകയാണ്. ഇതുകൂടാതെ നേമം കോച്ചിംഗ് ടെർമിനലിന്റെ ആദ്യഘട്ട വികസനം സംബന്ധിച്ച ഡി.പി.ആർ. റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. ആയതിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കും.

(സി) നേമം ടെർമിനലിനായി സ്ഥലം ലഭ്യമാകാത്ത സ്ഥിതി ഉണ്ടായിരുന്നോ?

നേമം കോച്ചിംഗ് ടെർമിനലിന്റെ ആദ്യഘട്ട വികസന പ്രവർത്തനങ്ങൾക്കായി ആകെ 2.03 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. ആദ്യഘട്ട വികസന പ്രവർത്തനങ്ങളുടെ ഡി.പി.ആർ.-ന് റെയിൽവേ ബോർഡിൽനിന്നുള്ള അംഗീകാരം ലഭ്യമായശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയുള്ളൂ.

(ഡി) സിൽവർലൈൻ ഉൾപ്പെടെയുള്ള കെ-റെയിൽ പദ്ധതികൾക്ക് റെയിൽവേ മന്ത്രാലയം അനുമതി നൽകാത്തതും റെയിൽവേ നേരിട്ട് വികസനം നടത്താത്തതും സംസ്ഥാനത്ത് റെയിൽവേ വികസനം അസാധ്യമാക്കുന്നതിനാൽ കേന്ദ്ര സർക്കാരിന്റെ ഈ അവഗണന തിരുത്താൻ വേണ്ട സമ്മർദ്ദം ചെലുത്തുന്നുണ്ടോ?

ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക നിർമ്മാണ പ്രവർത്തനങ്ങളും അതത് സോണൽ റെയിൽവേയുടെ ഭരണപരിധിയിലാണ് വരുന്നത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പാത ഇരട്ടിപ്പിക്കൽ പദ്ധതികളിൽ തിരുവനന്തപുരം - കന്യാകുമാരി, എറണാകുളം - കായംകുളം എന്നീ പദ്ധതികൾ പൂർത്തീയാകുന്നതോടുകൂടി കൂടുതൽ ട്രെയിനുകൾ ഓടിക്കുവാൻ സാധിക്കുകയും യാത്രാക്ലേശം ഒരു പരിധിവരെ

കുറയ്ക്കുവാൻ സാധിക്കുകയും ചെയ്യും. കൂടാതെ, സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം) പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരികയാണ്. റെയിൽവേയുടെ മുഖ്യഅടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി റെയിൽവേ അധികൃതരുമായി യോഗങ്ങൾ നടത്തിവരുന്നു. കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിൽ സിൽവർലൈൻ വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. സിൽവർലൈൻ പദ്ധതി കേരള സംസ്ഥാനത്തെ ഒരു മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതിയാണ്. ഈ പദ്ധതി റെയിൽ മന്ത്രാലയത്തിന്റേയും കേന്ദ്ര മന്ത്രിസഭയുടേയും പരിഗണനയിലാണ്. എം.പി.-മാരുടെ സമ്മേളനത്തിലും കേരള സംസ്ഥാനത്തെ റെയിൽവേ വികസനം ഒരു മുഖ്യ അജണ്ടാ വിഷയമാണ്.

**ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ പദ്ധതികൾ**

24 (*144) <u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീ. കെ. ബാബു (നെന്മാറ):</u>
<u>ശ്രീ. പി. നന്ദകുമാർ:</u>

ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) അറിവ് നിരന്തരം സൃഷ്ടിക്കുന്നതിനും അത് നാടിന്റെ സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക പുരോഗതിക്ക് പ്രയോജനപ്പെടുത്തുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ലീഡ് - ഈ പദ്ധതി മുഖാന്തരം കോളേജുകളെ ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുകയും അതുവഴി ഇൻഡസ്ട്രിയെ ഉന്നതവിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതിനും കഴിയും.

<u>ഗ്രീൻ ക്യാമ്പസ്</u>- ഈ പദ്ധതിയിലൂടെ ക്യാമ്പസ്സുകൾ ഹരിതാഭമാക്കുന്നതിനും കാർബൺ എമിഷൻ കുറയ്ക്കുന്നതിനും കഴിയും.

<u>PLEASE</u>- ഈ പദ്ധതിയിലൂടെ ഗവേഷണം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

<u>ജീവനി പദ്ധതി</u>- വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൗൺസലിംഗ് നൽകുന്ന പദ്ധതി.

<u>പഠനത്തോടൊപ്പം സമ്പാദ്യവും (EWYL)</u>- പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയവുമായി ആരംഭിച്ച പദ്ധതി.

<u>സ്റ്റുഡന്റ് ഫോർ സൊസൈറ്റി</u>- വിദ്യാർത്ഥികളെ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്ന പദ്ധതി.

<u>മീഡിയ ലിറ്ററസി പ്രോഗ്രാം</u> - മാധ്യമങ്ങളെ ശരിയായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ബോധവൽക്കരണം നൽകുന്ന പദ്ധതി.

സാങ്കേതിക വിദ്യാഭ്യാസ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനായി മുഴുവൻ എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്

കോളേജുകൾക്കും NBA അക്രഡിറ്റേഷൻ നേടാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ-ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 50-ലേറെ യൂണിറ്റുകൾ Gestation Period പൂർത്തിയാക്കി. സിഡ്ബിയുടെ (SIDBI) സ്വാവലംബൻ ചെയർ പദ്ധതിയുടെ രാജ്യത്തെ ആദ്യ ധനസഹായമായ 1.53 കോടി രൂപ തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിന് ലഭിച്ചു. മൂന്ന് വർഷത്തിനകം 25 സ്റ്റാർട്ടപ്പുകൾ സാധ്യമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജും ഈ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED ബൾബുകളും ട്യൂബുകളും നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 5 പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ്

ലാബുകൾ സ്ഥാപിച്ചു. എഞ്ചിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽത്തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start-ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneur- ship Development Cell, Technology Induction Cell തുടങ്ങിയ പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. അറിവ് നിരന്തരം സൃഷ്ടിക്കുന്നതിനും അത് നാടിന്റെ പുരോഗതിക്ക് ഉതകുന്ന രീതിയിൽ പ്രയോഗിക്കുന്നതിനും താഴെപ്പറയും പ്രകാരം പദ്ധതികൾ നടപ്പാക്കുന്നു.

യുറേക്ക ലാബ് - വിദ്യാർത്ഥികൾക്കും പ്രാദേശിക സമൂഹത്തിനും ഇടയിൽ ആശയങ്ങളുടെ ഇൻകുബേറ്ററായി പ്രവർത്തിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതി.

സ്കോളർ എക്സ്ചേഞ്ച് പ്രോഗ്രാം - വിദേശ സർവ്വകലാശാലകളിൽ നിന്നും ഗവേഷണ കേന്ദ്രങ്ങളിൽനിന്നും പ്രഗത്ഭരായവരെ കേരളത്തിലെ കോളേജുകളിലേയ്ക്കും ഇവിടത്തെ അദ്ധ്യാപകർക്ക് വിദേശ സർവ്വകലാശാലകളിലേയ്ക്കും പോകുന്നതിനും അവസരം ഒരുക്കുന്ന പദ്ധതി.

CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം 99.95 കോടി രൂപ ചെലവഴിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഡിജിറ്റൽ വിടവ് മറികടക്കാനും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസ സൗകര്യം കൂടുതൽ ഫലപ്രദമാക്കാനുമുള്ള ഡിജികോൾ പദ്ധതിക്ക് 20 കോടി രൂപ വിനിയോഗിക്കുന്നതാണ്. സംസ്ഥാനത്തെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യയനം, പഠനം, വിലയിരുത്തൽ, പരീക്ഷ എന്നിവ പൊതുവായ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരുന്ന ' ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എജ്യൂക്കേഷൻ' പദ്ധതിയുടെ പ്രാരംഭമാണ് ഡിജി കോൾ. വിവിധ സർവ്വകലാശാലകളിലെയും ലൈബ്രറികളിലെയും അക്കാദമിക് റിസോഴ്സുകളുടെ പങ്കിടൽ പ്ലാറ്റ്ഫോമായ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന് 10 കോടി രൂപ വിനിയോഗിക്കും. 11 സർവ്വകലാശാലകളുടെയും 147 ലൈബ്രറികളുടെയും അക്കാദമിക് ശേഖരം ഒറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന പദ്ധതിയാണിത്. സമീപ

കോളേജുകൾ തമ്മിൽ ആൾശേഷിയും വിഭവശേഷിയും പശ്ചാത്തല സൗകര്യവും പരസ്പരം പങ്കിടുന്ന ക്ലസ്റ്റർ കോളേജ് പദ്ധതിയിൽ ആരംഭിക്കുന്ന മൂന്ന് പുതിയ ക്ലസ്റ്ററുകൾക്കായി 10 കോടി രൂപ നീക്കിവച്ചു. കാസർകോട്, കണ്ണൂർ, പാലക്കാട് ക്ലസ്റ്ററുകൾക്കായാണിത്. ആഗോളതലത്തിൽ പ്രവർത്തിക്കുന്ന ഗവേഷകരും ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരുമായ മലയാളികളെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോടുകൂടി സഹകരിപ്പിക്കുന്ന ബ്രെയിൻ ഗെയിൻ പദ്ധതിക്ക് അഞ്ചുകോടി രൂപ വിനിയോഗിക്കും. ഹ്രസ്വകാല അദ്ധ്യാപനം, പാർട്ട് ടൈം സഹകരണം, ഗവേഷണങ്ങളിൽ മേൽനോട്ടം എന്നിവയിലാണ് ഈ പദ്ധതിയിൽ വിദേശത്തുള്ള പ്രതിഭകളുടെ പങ്കാളിത്തം തേടുന്നത്. നോബൽ ജേതാക്കളുമായുള്ള ജ്ഞാന വിനിമയം പദ്ധതിക്ക് അഞ്ചുകോടി രൂപ ചെലവഴിക്കും. കേരളത്തിലെ സർവ്വകലാശാല കാമ്പസ്സുകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ വികസിപ്പിക്കുന്നതിനും ഈ സെന്ററുകളോട് ചേർന്ന് സ്റ്റാർട്ടപ്പ് ഇൻകുബേഷൻ സെന്ററുകൾ സജ്ജമാക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിജ്ഞാന സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുവാനും അതുവഴി സംസ്ഥാനത്തിന്റെ മൂല്യവർദ്ധിത ഉല്പാദനവും ആഭ്യന്തര വരുമാനവും വർദ്ധിപ്പിക്കുവാനും

കഴിയുന്നതാണ്. സർവ്വകലാശാല കാമ്പസ്സുകളിൽ പുതിയ ഹ്രസ്വകാല കോഴ്സുകളും പി.ജി കോഴ്സുകളും പ്രോജക്ട് മോഡിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ‘ ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ’ 150 പേർക്കാണ് ഇത്തവണ നൽകുന്നത്. ഇവരുടെ ഗവേഷണങ്ങൾ നവകേരള സൃഷ്ടിക്ക് സഹായകരമാകുന്നതിനൊപ്പം സർവ്വകലാശാലകളിലും കോളേജുകളിലും അക്കാദമിക് ഗവേഷണ അന്തരീക്ഷത്തെ മെച്ചപ്പെടുത്തുന്നതിനായും ഉപയോഗിക്കും. സർവ്വകലാശാല ഭരണ, പരീക്ഷാ നടത്തിപ്പ്, അക്കാദമിക് പ്രവർത്തനങ്ങൾ തുടങ്ങിയവ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള കമ്മീഷനുകൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

## വഖഫ് ബോർഡ് നിയമനങ്ങൾ

25 (*145) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് വിവിധ മുസ്ലീം സംഘടനകളുമായി മുഖ്യമന്ത്രി ചർച്ച നടത്തിയിരുന്നോ;

(സി) പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

(എ-സി) 1995-ലെ വഖഫ് ആക്റ്റിന്റെ (1995-ലെ 43-ാം കേന്ദ്ര ആക്റ്റ്) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും അവരുടെ ഔദ്യോഗിക കാലാവധിയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു. 1995-ലെ വഖഫ് ആക്ടിന്റെ 110-ാം വകുപ്പ് ബോർഡിന് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, ഈ ആക്ടിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ ആക്ടിലെയും അതിന് കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016-ലെ കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷനുകളിലെ (ഭേദഗതി) റെഗുലേഷൻ 5(1), സബ്-റെഗുലേഷൻ (2) പ്രകാരം, നേരിട്ടുള്ള നിയമനം നടത്തുന്ന, ബോർഡിലെ ഭരണപരമായ സർവ്വീസിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ്

കമ്മീഷന് അധിക ചുമതലകൾ വിനിയോഗിക്കുന്നതിനുവേണ്ടി ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നല്കുന്ന മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റിൽനിന്നും നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുവാനായി, പ്രസ്തുത ആവശ്യത്തിലേയ്ക്ക് നടത്തിയ നിയമനിർമ്മാണം തികച്ചും സാധുതയുള്ളതാണ്. വഖഫ് ബോർഡ് ശിപാർശ പരിഗണിച്ചുകൊണ്ടാണ് നിയമനിർമ്മാണം നടത്തിയത്. നിയമനിർമ്മാണത്തെത്തുടർന്ന് മുസ്ലീം സാമുദായിക സംഘടനകൾ ചില ആശങ്കകൾ പ്രകടിപ്പിച്ചതിനെത്തുടർന്ന് വഖഫ് ബോർഡ് നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി 20-04-2022-ന് വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ ഹാർമണി ഹാളിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. കായികവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും മുസ്ലീം സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടുകയും പ്രസ്തുത യോഗത്തിൽ വഖഫ് ബോർഡ് നിയമന വിഷയത്തിൽ മുസ്ലീം സംഘടനകളുടെ അഭിപ്രായംകൂടി

പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്ന കാര്യവും യോഗ്യരായവരെ ബോർഡിൽ നിയമിക്കുന്നതിന് സംവിധാനമൊരുക്കുന്ന കാര്യവും പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നിലവിൽ സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ കാര്യക്ഷമത വർദ്ധന**

26 (*146) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിന് സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി IIM കൽക്കട്ടയിലെ റിട്ട. പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റായി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠനത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്,

പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി പുനരുദ്ധാരണ നടപടികൾ സ്വീകരിച്ചുവരുന്നു.

2. കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെയും സുതാര്യമായ അക്കൗണ്ടിംഗിന്റെയും മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവിണ്യം

തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്.

5. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുനഃക്രമീകരണ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

6. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നത് വരെ എല്ലാത്തരം നിയമനങ്ങളും താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

7. കെ.എസ്.ആർ.ടി.സി.-യിൽ ആവശ്യത്തിലധികം ജീവനക്കാർ കണ്ടക്ടർ/മെക്കാനിക്ക് വിഭാഗങ്ങളിലുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് പ്രതിമാസം 50% ശമ്പളത്തോടുകൂടി ഒന്നുമുതൽ അഞ്ചുവർഷംവരെ അവധി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ ശമ്പളയിനത്തിൽ ചെലവ് കുറയ്ക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പുനരുദ്ധാരണ നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും ഓഫീസർമാരുടെയും സേവന-വേതന കരാർ കോർപ്പറേഷനും അംഗീകൃത തൊഴിലാളി സംഘടന പ്രതിനിധികളുമായി ഒപ്പുവച്ച് ദീർഘകാല കരാർ രൂപീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം നികത്തുന്നതിനായി സർക്കാർ, 2021-22 സാമ്പത്തിക വർഷത്തിൽ വായ്പയായി 2037.51 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയ്ക്കുപുറമെ കോവിഡ് മഹാമാരിമൂലമുള്ള പ്രതിസന്ധി നിമിത്തം പ്രതിദിന തിരിച്ചടവ് മുടങ്ങിയ 3100 കോടി രൂപയുടെ കൺസോർഷ്യം വായ്പ തിരിച്ചടവിനുമായാണ് ടി വായ്പ ധനസഹായം സർക്കാർ പ്രധാനമായും അനുവദിച്ച് നൽകിയത്. ഇതിനുപുറമെ, 2021-22 സാമ്പത്തിക വർഷത്തിൽ നാല് (4) പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി നൽകിയ 50 കോടി രൂപ വിനിയോഗിച്ച് സൂപ്പർ ക്ലാസ് ബസ്സുകൾ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന അന്തർസംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ നിരവധി

ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയാണ്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മാത്രമല്ല, വായ്പ വിഹിതത്തിൽനിന്നും നാളിതുവരെ 388.56 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽനിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെവരികയും തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാകുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത് സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യംവഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ

സർക്കാർതന്നെ സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. ബസ്സുകളുടെ റിയൽ ടൈം മോണിറ്ററിംഗ്, ആധുനിക ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി നൂതന ബസ്സുകൾ തുടങ്ങി സർക്കാർ സഹായത്തോടെ കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിനായി നിരവധി പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിന് വർക്ക്ഷോപ്പുകളുടെ നവീകരണവും നൂതന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ സഹായത്തോടെ പ്രവർത്തനം നടത്തിവരുന്നു.

(ബി) സ്ഥാപനത്തിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന സാങ്കേതികവിദ്യാധിഷ്ഠിതമായവ ഉൾപ്പെടെയുള്ള നവീകരണങ്ങളെക്കുറിച്ച് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന സാങ്കേതികവിദ്യാധിഷ്ഠിതമായവ ഉൾപ്പെടെയുള്ള നവീകരണങ്ങളെക്കുറിച്ച് ചുവടെ ചേർക്കുന്നു.

1. <u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.

വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും.

ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും.

ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

2. <u>ഇ-ഓഫീസ്</u>

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ടെൻഡർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

3. <u>കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്</u>

കെ.എസ്.ആർ.ടി.സി. അംഗവൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാധ്യമപ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ/NIC എന്നിവയുമായി ചേർന്ന് "സർവീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ടി പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ എവിടെയിരുന്നും അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യുവാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും. കൂടാതെ ടി അപേക്ഷകളിന്മേൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഓൺലൈനായിത്തന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

4. <u>ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ</u>

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുവഴി ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ

ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാനും സാധിക്കുന്നതാണ്.

അതോടൊപ്പംതന്നെ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ, കുറവ് തകരാറുകൾ എന്നിവ സാധ്യമാകുന്നതിനാൽ കെ.എസ്. ആർ.ടി.സി.-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു. ടി പദ്ധതിക്കാവശ്യമായ ടെണ്ടർ നടപടികൾ സ്വീകരിച്ച് അവസാനഘട്ടത്തിലാണ്.

5. <u>ERP സൊല്യൂഷൻ</u>

പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ആസ്തികളിൽ നിന്നും പരസ്യ-പരസ്യേതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ നിലവിൽ എല്ലാ അക്കൗണ്ടിംഗ് പ്രവർത്തനങ്ങളും മാന്വലായിട്ടാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ശരിയായ

സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല.

അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ, പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്തവും സുതാര്യവുമാക്കുവാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്‌മെന്റ് നടപ്പിലാക്കുവാനും സാധിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്‌മെന്റ് മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്ട്സ്, മറ്റ് സാധന സാമഗ്രികൾ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈയുണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്ട്സ് സ്വീകരിക്കുന്നത് മുതൽ ഇഷ്യൂ ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടെയും കൈകാര്യം ചെയ്യുവാനും ഇതിലൂടെ സാധ്യമാകും. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി, സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസ് എന്നീ പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ, 10.64 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. ടി തുക GPRS, ബ്ലൂ ടൂത്ത് തുടങ്ങിയ നവീന സങ്കേതികവിദ്യകൾ അടങ്ങിയ

5500 ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ, ബസ്സുകളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ സ്ഥാപിക്കുകയും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ, സ്കാനറുകൾ തുടങ്ങിയവ വാങ്ങുന്നതിനുമായി വിനിയോഗിക്കാനാണ് അനുവദിച്ചത്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം., വി.എൽ.റ്റി.ഡി എന്നിവ ബസ്സുകളിൽ സ്ഥാപിക്കുകവഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാദ്ധ്യമാക്കും. ഇതിനുള്ള പദ്ധതികൾ

നടന്നുവരികയാണ്. സ്ഥാപനത്തിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെക്കാനിക്കൽ വിഭാഗത്തിൽ ത്രീ ടയർ മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തി 22 ജില്ല/സബ് ജില്ലാ വർക്ക്ഷോപ്പുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. വർക്ക്ഷോപ്പുകളിൽ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ overhauling യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എടപ്പാൾ റീജിയണൽ വർക്ക് ഷോപ്പിൽ അശോക് ലൈലാന്റ് എഞ്ചിൻ റീ-കണ്ടീഷൻ ചെയ്യുന്നതിനുള്ള റീ-കണ്ടീഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗതിയിലാണ്. ഫ്ലീറ്റ് ആൻഡ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നത് പുരോഗതിയിലാണ്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 310 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത് പ്രാഥമിക യോഗ്യത നേടി ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത വാഹന നിർമ്മതാവായ M/s. Ashok Leyland Ltd-നോട് ടെണ്ടർ വ്യവസ്ഥകൾ പാലിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ച് വിലയിരുത്തുന്നതിനായി prototype bus നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 700 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇന്ധനവില ലാഭിക്കുന്നതിനുവേണ്ടി 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് M/s. PMI Electro Mobility Solutions PVT Ltd - എന്ന സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകുകയും ആദ്യപടിയായി 25 ബസുകൾ ഉടൻ ലഭ്യമാകുകയും ചെയ്യുന്നതാണ്. ഇതുകൂടാതെ നൂറ് 12 മീറ്റർ mofussil ഇലക്ട്രിക് ബസുകളും അമ്പത് 9 മീറ്റർ ഇലക്ട്രിക് സിറ്റി ബസുകളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്കകം ശമ്പളം നൽകാമെന്ന് ഉറപ്പ് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളം തൊട്ടടുത്ത മാസത്തെ ആദ്യ ആഴ്ചകളിൽ നൽകിവന്നിരുന്നു. എന്നാൽ കോവിഡിന് ശേഷമുള്ള കടുത്ത സാമ്പത്തികമാന്ദ്യം കാരണം ഒരു നിശ്ചിത തീയതിയിൽ ശമ്പളം നൽകുവാൻ കഴിയുന്നില്ല.

(ഡി) പ്രസ്തുത ജീവനക്കാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്കകം ശമ്പളം നൽകാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ ഒന്നും രണ്ടും തരംഗങ്ങൾ ഏൽപ്പിച്ച ഗുരുതര സാമ്പത്തികാഘാതത്തിനുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയും പ്രതിദിന വരുമാനം ഘട്ടംഘട്ടമായി ഉയർത്തി ശരാശരി 6 കോടി രൂപ ദിവസേന ലഭ്യമാകുന്ന അവസ്ഥയിൽ എത്തുകയുണ്ടായി. ഏകദേശം കോവിഡിന് മുന്നേയുള്ള വരുമാനം ലഭ്യമാക്കിയ സാഹചര്യത്തിൽ ദീർഘനാളായി മുടങ്ങിക്കിടന്നിരുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം 2022 ജനുവരി മാസം മുതൽ നടപ്പിലാക്കുകയും ഇതുവഴി പ്രതിമാസം ഏകദേശം 13.50 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാവുകയും ചെയ്തു. ഇതിനുപുറമെ ദിനംപ്രതി ഡീസൽ വിലയിലുണ്ടാകുന്ന അനിയന്ത്രിതമായ വർദ്ധനവ് സൃഷ്ടിക്കുന്ന അധിക ചെലവും പ്രതിദിന കൺസോർഷ്യം വായ്പയുടെ തിരിച്ചടവും നിമിത്തം ദൈനംദിന വരുമാനത്തിൽനിന്നും പൂർണ്ണമായ ശമ്പള വിതരണത്തിനായി തുകയൊന്നും മിച്ചം പിടിക്കാൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. 2022 മേയ് മാസം ടിക്കറ്റ്/ടിക്കറ്റിതര വരുമാനമായി ആകെ 192.67 കോടി രൂപ ലഭ്യമായെങ്കിലും ഡീസൽ, സ്പെയർ പാർട്സ്, കൺസോർഷ്യം വായ്പ

തിരിച്ചടവ്, ജീവനക്കാരുടെ പ്രതിദിന അലവൻസുകൾ, പെൻഷൻ ആനുകൂല്യങ്ങൾ, എം.എ.സി.ടി. മുതലായ ഇനങ്ങളിൽ 154 കോടി രൂപയോളം ചെലവഴിക്കേണ്ടിവന്നു. ടി ചെലവുകൾ കഴിഞ്ഞ് ശേഷിക്കുന്ന തുക ശമ്പള വിതരണത്തിനായി പര്യാപ്തമല്ല. ജീവനക്കാരുടെ പ്രതിമാസ നെറ്റ് ശമ്പളം വിതരണം ചെയ്യുന്നതിനായി ശരാശരി 82 കോടി രൂപ ആവശ്യമാണ്. സ്വന്തം നിലയിൽ കണ്ടെത്താൻ കഴിയുന്ന തുകയ്ക്കുപുറമെ സർക്കാരിൽനിന്ന് ധനസഹായം ലഭ്യമാക്കിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കിയുമാണ് നിലവിൽ ശമ്പള വിതരണം നടത്തിവരുന്നത്. ഇപ്രകാരം തുക കണ്ടെത്തുന്നതിനുള്ള കാലതാമസം മൂലമാണ് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പായി ശമ്പളം വിതരണം ചെയ്യാൻ സാധിക്കാത്തത്.

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിക്കുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി സർവ്വീസുകൾ നടത്തിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും പ്രതിദിന വരുമാനം 6 കോടി രൂപയിൽ എത്തിയെങ്കിലും ഡീസൽ വിലയിലെ

അനിയന്ത്രിത വർദ്ധനവ്, ശമ്പള പരിഷ്കരണത്തെത്തുടർന്നുണ്ടായ അധിക ബാധ്യത, കൺസോർഷ്യം വായ്പ തിരിച്ചടവ്, സർക്കാർ സഹായത്തിലുണ്ടായ കുറവ് എന്നിവ നിമിത്തം വരുമാനത്തേക്കാൾ ഏറെ ചെലവേറി വരികയാണ്. ആയതിനാൽ അടുത്ത മാസത്തെ ആദ്യത്തെ ആഴ്ചകളിലെ വരുമാനത്തിൽനിന്ന് മിച്ചം പിടിക്കുന്ന തുകയും സർക്കാർ സഹായം ലഭ്യമാകുന്ന മുറയ്ക്കുമാണ് നിലവിൽ ശമ്പളം അനുവദിക്കുന്നത്. ആയതിനാൽ ഒരു നിശ്ചിത തീയതിയിൽ ശമ്പളം അനുവദിക്കുവാനുള്ള സാഹചര്യമല്ല നിലവിലുള്ളത്. കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം സ്വന്തം വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകയ്യെടുത്ത് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖാന്തരമാണ് പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നത്. ഇത്തരത്തിൽ വിതരണം ചെയ്യുമ്പോഴുണ്ടാകുന്ന സ്വാഭാവിക കാലതാമസം നിമിത്തമാണ് ചില മാസങ്ങളിൽ പെൻഷൻ നൽകുവാൻ വൈകുന്നത്. എന്നാൽ നിലവിൽ 2022 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

**ക്ഷീര കർഷകർക്ക് സബ്സിഡി**

27 (*147) <u>ശ്രീമതി ശാന്തകുമാരി കെ.:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷത്തിലധികമായി പാൽ വിലയിൽ വർദ്ധനവുണ്ടാകാത്ത സാഹചര്യത്തിൽ കാലിത്തീറ്റയുടെ വിലയും മൃഗചികിത്സാ ചെലവും വർദ്ധിക്കുന്നത് ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കുമെന്നതിനാൽ ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിനും കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതിരിക്കുന്നതിനും കേരള ഫീഡ്സും മിൽമയും തീരുമാനിച്ചിട്ടുണ്ടോ; ഉത്തരേന്ത്യയിൽനിന്നും വൈക്കോൽ ലഭ്യമാക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

മൂന്ന് വർഷത്തിലധികമായി പാൽ വിലയിൽ വർദ്ധനവുണ്ടാകാത്ത സാഹചര്യത്തിൽ കാലിത്തീറ്റയുടെ വിലയും മൃഗചികിത്സാ ചെലവും വർദ്ധിക്കുന്നത് ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കുമെന്നതിനാൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും വൈക്കോൽ റെയിൽ മുഖാന്തരം സംസ്ഥാനത്ത് എത്തിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

(ബി) ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് വർഷം മുഴുവൻ സബ്സിഡി നൽകി ക്ഷീര കർഷകർക്ക് ആശ്വാസമേകാനുള്ള പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉണ്ട്. വിവിധ ഏജൻസികൾ മുഖേന ക്ഷീരകർഷകർക്ക് നൽകുന്ന മുഴുവൻ സബ്സിഡികളും ഏകോപിപ്പിച്ചുകൊണ്ട് പരമാവധി ധനസഹായം ക്ഷീര കർഷകരിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് ഉല്പാദനച്ചെലവ് കുറയ്ക്കാൻ ജനിതക മേന്മയുള്ള കന്നുകുട്ടികളെ സൃഷ്ടിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിത്തുകാളകളുടെ സന്തതി പരിശോധന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പുതുതായി പ്രജനനത്തിൽ വരുന്ന എല്ലാ സങ്കരവർഗ്ഗ വിത്തുകാളകളുടെയും സന്തതികളുടെ പാലുൽപ്പാദനക്ഷമത അളന്ന് തിട്ടപ്പെടുത്തി അതിൽനിന്ന് 10% വിത്തുകാളകളെ proven bull ആയി തെരഞ്ഞെടുക്കുന്നു. ഈ proven bull കുട്ടികളുടെ ബീജമാണ് കേരളത്തിലുടനീളം കൃത്രിമ ബീജാധാനത്തിന് ഉപയോഗിക്കുന്നത്. ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലാണ് ഈ

തുടർപദ്ധതി നടപ്പിലാക്കിവരുന്നത്. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന ബീജങ്ങളും ലിംഗനിർണ്ണയം നടത്തിയ ബീജങ്ങളും കൃത്രിമ ബീജാധാനത്തിന് ഉപയോഗിക്കുന്നു. ലിംഗനിർണ്ണയം നടത്തി പശുക്കുട്ടികളുടെ ഉത്പാദനത്തിനായി തെരഞ്ഞെടുക്കുന്ന ബീജമാത്രകളിൽ പശുക്കുട്ടികൾ മാത്രമാണ് (90%) ജനിക്കുന്നത്. എല്ലാ വിത്തുകാളകളുടെയും ഡി.എൻ.എ. എടുത്ത് സി.എ.എൽ.ജി-യിൽ ജിനോ ടൈപ്പിംഗിന് വിധേയമാക്കിയിട്ടുണ്ട്. ഈ ജിനോ ടൈപ്പിംഗും വിത്തുകാളകളുടെ സന്തതികളുടെ പാലുൽപ്പാദനക്ഷമതയും തമ്മിലുള്ള ബന്ധം കണ്ടുപിടിക്കുന്നതിനായി യൂണിവേഴ്സിറ്റി ഓഫ് അലൈയ്ഡുമായി സഹകരിക്കുന്നു. ഇപ്രകാരം കെ.എൽ.ഡി. ബോർഡ് കന്നുകാലി വർഗ്ഗോദ്ധാരണ രംഗത്തെ അതിനൂതന സാങ്കേതികത്വങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികളെ സൃഷ്ടിക്കുന്നതിനും അതിലൂടെ കാലിവളർത്തൽ ലാഭകരമാക്കുന്നതിനുമുള്ള പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. ഭ്രൂണമാറ്റം, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിച്ച് ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റബ്ബർ കയറ്റുമതി വർദ്ധിപ്പിക്കാൻ നടപടി

28 (*148) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) റബ്ബർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

റബ്ബർ കയറ്റുമതിയുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാരായതിനാൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ കരട് റബ്ബർ ആക്ടിൽ റബ്ബർ കയറ്റുമതിനയം കേരളത്തിലെ കർഷകരുടെ താല്പര്യങ്ങളെ ഹനിക്കുന്ന രീതിയിലായതിനാൽ ഇക്കാര്യത്തിലുള്ള കേരളത്തിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കാർഷിക കയറ്റുമതി നയത്തിൽ റബ്ബർ ക്ലസ്റ്ററിൽ കോട്ടയം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ ജില്ലകളെ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

(ബി) സ്വാഭാവിക റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സ്വാഭാവിക റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിനുകീഴിൽ റബ്ബർ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി 'CIAL Model'ൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ സംസ്ഥാന സർക്കാർ രൂപം നൽകുകയും പ്രസ്തുത കമ്പനി 2021-ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനം പൂർണ്ണമായി സജ്ജമാകുന്നതോടെ ഈ ലക്ഷ്യം കൈവരിക്കുവാൻ സാദ്ധ്യമാകുന്നതാണ്.

(സി) റബ്ബറിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിനായി രാജ്യത്തെ ടയർ വ്യവസായ മേഖലയിൽ സ്വാഭാവിക റബ്ബർതന്നെ ഉപയോഗിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

റബ്ബറിനെ "Make in India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കാനുള്ള നിർദ്ദേശം

നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കത്തയച്ചിരുന്നു.

(ഡി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര മന്ത്രാലയമാണ് വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത്.

## കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടി

29 (*149) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ സമ്പൂർണ്ണ വികസനത്തിനും കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഇതുവരെ തുടർന്നുവന്നിരുന്ന കാർഷിക ആസൂത്രണം മുഖ്യമായും വിള അധിഷ്ഠിതമായിരുന്നു. അതായത് വിവിധ വിളകളെ

കേന്ദ്രീകരിച്ച് ഉല്പാദന ആസൂത്രണ പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണ കാർഷിക വികസന പദ്ധതികളിലും സംസ്ഥാനാവിഷ്കൃത പദ്ധതികളിലും തുടർന്നുപോകുന്നത്. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത്തരത്തിലുള്ള ആസൂത്രണത്തേക്കാൾ ഒരു കർഷകന്റെ കൈവശമുള്ള കൃഷിയിടത്തിൽനിന്നും സാധ്യമായ എല്ലാവിധത്തിലും ഉല്പാദനം വർദ്ധിപ്പിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുകയും കൃഷി ഒരു നല്ല ആദായം നൽകുന്ന ജീവിതമാർഗ്ഗമാക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും കരണീയമായിട്ടുള്ളത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ ഏറ്റവും കൂടുതൽ കാർഷിക ഉത്പാദനശേഷി കൂടുതലുള്ളത് കേരള സംസ്ഥാനത്തിനാണ് എന്നാണ് പഠനങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ കാർഷികാനുബന്ധ പ്രവർത്തനങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾ മുന്നിലേയ്ക്ക് പോകുന്നതായി കാണാം. ഈ വസ്തുത കണക്കിലെടുത്താണ് ഒരു കൃഷിയിടത്തിലെ സാധ്യമായ എല്ലാ ഉൽപ്പാദന ഘടകങ്ങളേയും സമന്വയിപ്പിച്ച് ഒരു കൃഷിയിട ആസൂത്രണം എന്ന സമീപനം സർക്കാർ സ്വീകരിക്കുവാൻ തീരുമാനിച്ചത്. കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികളിൽ ഉല്പാദന പൂർവ്വ പ്രവർത്തനങ്ങൾകൂടി ഏറ്റെടുക്കുന്ന തരത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉൽപ്പാദന പൂർവ്വ പ്രവർത്തനങ്ങളും ഫാം പ്ലാൻ സമീപനത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്നതാണ്. വിദഗ്ധരുടെ സഹായത്തോടെ കൃഷിയിട സന്ദർശനം നടത്തി ആസൂത്രണ രേഖകൾ തയ്യാറാക്കൽ, ഭൂമി എങ്ങനെ ഒരുക്കി കൃഷിയോഗ്യവും ഉൽപ്പാദന സജ്ജവുമാക്കാം എന്നതിനെ സംബന്ധിച്ച മുൻ-പിൻ ബന്ധങ്ങൾ ഉറപ്പാക്കൽ, ഉൽപ്പാദനപ്രക്രിയയ്ക്ക് ആവശ്യമായ ഗുണമേന്മ ഉറപ്പാക്കിയ ഉപാധികൾ എത്തിക്കൽ, കൃത്യമായ ഇടവേളകളിലെ മോണിറ്ററിംഗ് എന്നിവയൊക്കെ ഉൽപ്പാദന പൂർവ്വ പിന്തുണ പ്രവർത്തനങ്ങളായി ഈ സമീപനത്തിൽ ഏറ്റെടുക്കുന്നതാണ്. വിള ഇറക്കേണ്ടതിന്റെ സമയക്രമം, അളവ്, പരിപാലന മുറകൾ, വിപണി ഉറപ്പാക്കൽ, ആവശ്യമായ വിജ്ഞാനവും നൈപുണ്യവും നൽകൽ എന്നിവയും ഇതിൽ ഉദ്ദേശിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതികളും കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും സജീവ പങ്കാളിത്തം 14-ാം പഞ്ചവത്സര കാലയളവിൽ പുതുതായി നടപ്പിലാക്കുവാൻ

ആസൂത്രണം ചെയ്തിരിക്കുന്ന ഈ പുതിയ പദ്ധതിയിൽ ഉണ്ടായിരിക്കുന്നതാണ്.

(സി) കൃഷി ഭവനുകൾക്കുപുറമെ മറ്റേതെങ്കിലും സ്ഥാപനത്തെക്കൂടി ഈ പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കൃഷിഭവനുകൾവഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. അതിനാൽത്തന്നെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇത്തരം കൃഷിയിടാധിഷ്ഠിത ആസൂത്രണം നടത്തുമ്പോൾ തദ്ദേശീയമായതും ഏറ്റവും യോജിച്ചതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധിക്കും. അതിനാൽ ജനകീയാസൂത്രണം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ നിർവ്വഹിക്കുന്നതിനും സാധിക്കും. ഉണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുകയാണ് ഇതുവഴി ചെയ്യുന്നത്. അതുകൊണ്ട് അത്തരം സേവനങ്ങൾ നൽകുന്ന കാർഷിക കർമ്മസേനകൾ, കൃഷി ശ്രീ അഗ്രോ സർവ്വീസ് സെന്ററുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, സേവനവും വിപണനവും ഏറ്റെടുത്തിരിക്കുന്ന രജിസ്റ്റേർഡ് കൃഷിയിടങ്ങൾ, പച്ചക്കറി-എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോ ഷോപ്പുകൾ എന്നിവയും ഈ പദ്ധതിവഴി

സംയോജിപ്പിക്കപ്പെടുന്നുണ്ട്. കാര്യക്ഷമമായി എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയെ കാർഷിക മേഖലയുമായി സംയോജിപ്പിക്കുന്നതിനും ഇത്തരം കൃഷിയിടാധിഷ്ഠിത ആസൂത്രണംകൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാർഷികാനുബന്ധ പ്രവർത്തനങ്ങളായ കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യ കൃഷി എന്നിവ കൂടി യഥാനുസൃതം സംയോജിപ്പിച്ച് 'സംയോജിത' കൃഷിരീതിയും മിശ്ര കൃഷിരീതിയും അവലംബിക്കുന്നതിനാണ് ഈ സമീപനത്തിൽ പ്രാധാന്യം നൽകുന്നത്. അതിനാൽ മൃഗസംരക്ഷണം , ഫിഷറീസ് മുതലായ വകുപ്പുകളും അവയുടെ വിവിധ പദ്ധതികളും സംയോജിക്കപ്പെടും. ആവശ്യമായ വായ്പാ സൗകര്യവും മറ്റും സഹകരണ വകുപ്പിനോടൊപ്പം പ്രവർത്തിച്ച് ലഭ്യമാക്കും. സംസ്കരണത്തിനും മൂല്യവർദ്ധനവിനും വിപണനത്തിനും സാധ്യമായ കൃഷിയിടങ്ങളെ ശാക്തീകരിക്കുന്നതിനും കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനത്തിൽ ലക്ഷ്യമിടുന്നുണ്ട്. അത്തരത്തിൽ വ്യവസായ വകുപ്പിനേയും അവരുടെ പദ്ധതികളെയും സംയോജിപ്പിക്കാനാവും. കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിൽ ഏറ്റെടുക്കപ്പെടുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതികവിദ്യകൾ നൽകുന്നത് കേരള കാർഷിക സർവ്വകലാശാലയാണ്. കൂടാതെ ആവശ്യമായ പരിശീലനങ്ങളും സർവ്വകലാശാല നൽകും.

വസ്തുതശേഖരണം, ഫാം പ്ലാൻ തയ്യാറാക്കൽ, അവയുടെ സൂക്ഷിപ്പ്, ഭാവി കൈകാര്യങ്ങൾ എന്നിവയ്ക്കായി ഡിജിറ്റൽ സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നത്. ഇതിനാവശ്യമായ പിന്തുണ നൽകുന്നത് കേരള ഡിജിറ്റൽ സർവ്വകലാശാലയാണ്. ഇങ്ങനെ വളരെ വലിയ സംയോജന പ്രക്രിയ വിവിധ വകുപ്പുകളുമായും അവയുടെ പദ്ധതികളുമായും വിവിധ സ്ഥാപനങ്ങളുമായും ഈ സമീപനത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

## പച്ചക്കറി വിലക്കയറ്റ നിയന്ത്രണം

30 (*150) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത്

പരിഹരിക്കുന്നതിന് പച്ചക്കറി, പഴം, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയ്ക്ക് താങ്ങുവില ഏർപ്പെടുത്തിയത് പ്രയോജനപ്രദമായിട്ടുണ്ടോ; വിള സംഭരണം കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

ഉണ്ട്. വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ 16 ഇനം പഴം, പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽവന്നു. പദ്ധതി പ്രകാരം മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി തുടങ്ങിയ കേരളത്തിലെ 16 ഇനം പഴം, പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില അടിസ്ഥാന വിലയേക്കാൾ താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശപ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉല്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾവഴി സംഭരിക്കുകയും ചെയ്യുന്നു. ഇതിൽ 250 വിപണികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (PACS)യും 300 വിപണികൾ കൃഷി വകുപ്പിന്റെയുമാണ്. ഈ വിപണികളുടെ പ്രവർത്തനംമൂലം ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നു. പദ്ധതി പ്രകാരം പഴം-പച്ചക്കറികൾ സംഭരിക്കുമ്പോൾ അടിസ്ഥാനവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി-യായി നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ കർഷകർക്ക് 3.021 കോടിരൂപയും 2021-22 വർഷത്തിൽ കർഷകർക്ക് 7.938 കോടി രൂപയും കേരളം ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി പ്രകാരം വിതരണം ചെയ്തു.

(സി) സംസ്ഥാനത്തെ പ്രതിവർഷ പച്ചക്കറി ആവശ്യകതയും ഉല്പാദനവും എത്രയെന്ന് അറിയിക്കാമോ?

നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾപ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നതെന്ന് കണക്കാക്കിയിട്ടുണ്ട്. 16.01 ലക്ഷം മെട്രിക് ടണ്ണാണ് 2021-22 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്കൂൾ മുറ്റത്ത് പച്ചക്കറി ഉല്പാദനം

1 (1567) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും വളർത്തിയെടുക്കാൻ കൃഷി വകുപ്പ് ഈ വർഷം സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേ്യശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിദ്യാർത്ഥികളിൽ ബാല്യകാലത്തുതന്നെ കൃഷി സംസ്കാരവും അഭിരുചിയും വളർത്തിയെടുക്കുക എന്നത് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന " ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന " ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയുടെ ഭാഗമായി 10/- രൂപ

വിലവരുന്ന വിവിധ ഇനങ്ങളടങ്ങിയ പച്ചക്കറി വിത്ത് പാക്കറ്റുകളും 2.50 രൂപ വിലയുള്ള പച്ചക്കറിത്തൈകളും വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകിവരുന്നു. വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറിക്കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും സാധ്യമാകുന്നു. ഇതുവഴി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും.

(ബി) ഓണവിപണി മുൻനിർത്തി പച്ചക്കറി ഉല്പാദനത്തിന് കൃഷി വകുപ്പ് എന്തൊക്കെ പദ്ധതികൾ തയ്യാറാക്കിവരുന്നുയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിട്ടുകൊണ്ടും ഉത്സവ സീസണുകളിൽ പച്ചക്കറിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായും ഓണക്കാലത്ത്

വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കുന്നതിനായും ഉദ്ദേശിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഓണക്കാലത്ത് നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് " ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" . ഈ പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 10/- രൂപ വില വരുന്ന വിവിധയിനങ്ങൾ അടങ്ങിയ പച്ചക്കറി വിത്ത് പാക്കറ്റുകളും വിവിധ ഇനത്തിൽപ്പെട്ട പച്ചക്കറിത്തൈകളും നൽകിവരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് " ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" നടപ്പിലാക്കുന്നത്. കൂടാതെ വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറിക്കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി ക്ലസ്റ്ററുകളിലായി 3 മുതൽ 5 ഹെക്ടർ വരെ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ക്ലസ്റ്റർ ഒന്നിന് പരമാവധി 1 - 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നുണ്ട്. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷിചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/-

രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെ നിരക്കിൽ ധനസഹായം നൽകുന്നു.

### വീട്ടുകളിലെ കൃഷി

2 (1568) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീട്ടുകളിൽ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വീട്ടുകളിൽ നേരിട്ട് വിവിധയിനം വിത്തുകൾ, കായ്ഫലമുള്ള വൃക്ഷത്തൈകൾ എന്നിവ വിതരണം നടത്തി കൃഷിയിൽ സ്വയംപര്യാപ്തത നേടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വീട്ടുകൾ കേന്ദ്രീകരിച്ച് പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിനായി 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ജനകീയ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് ഈ ക്യാമ്പയിനിന്റെ പ്രഥമലക്ഷ്യം. ഈ ക്യാമ്പയിനിന്റെ ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ" ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനം പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. കൂടാതെ ദീർഘകാല പച്ചക്കറി

വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ തൈകളും സൗജന്യമായി കർഷകർക്ക് നൽകുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷിരീതികളും പ്രോത്സാഹിപ്പിച്ചുവരുന്നു. സംസ്ഥാനത്തിന്റെ തനതും വിദേശ ഇനങ്ങളുമായ ഫലവൃക്ഷത്തൈകൾ വീട്ടുവളപ്പിൽ നട്ടുപിടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയായ "ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം പദ്ധതി" , "ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ് ഫ്ലവേഴ്സ് ആൻഡ് മെഡിസിനൽ പ്ലാന്റ്സ് 2022-23" എന്ന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി, ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുക്കൾച്ചർ തൈകൾ, വാഴക്കന്ന്, മറ്റ് ഫലവൃക്ഷത്തൈകൾ തുടങ്ങിയവയും വിതരണം ചെയ്തുവരുന്നു. ഇതുവഴി വിഷരഹിത ഫലവർഗ്ഗങ്ങൾ വീട്ടുവളപ്പിൽ തന്നെ ലഭ്യമാക്കുന്നതിന് സാധ്യമാകുന്നു.

(ബി) വീടുകളിൽ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിനും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്കായുള്ള മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ, ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്ന മഴമറകൾ സ്ഥാപിക്കുന്നതിനായി 100 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം പദ്ധതിപ്രകാരം ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂക്കൾച്ചർ തൈകൾ ഒഴികെയുള്ള ഫലവൃക്ഷ തൈകൾ പൂർണ്ണമായി സൗജന്യമായും ഗ്രാഫ്റ്റ്,

ലെയർ, ടിഷ്യൂക്കൾച്ചർ തൈകൾ തുടങ്ങിയവയ്ക്ക് 25% വില ഗുണഭോക്തൃവിഹിതം ഈടാക്കിയുമാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്.

**നാളികേരം, കൊപ്ര എന്നിവയുടെ സംഭരണം**

3 (1569) <u>ശ്രീ. വി. ജോയി:</u>
<u>ശ്രീമതി കാനത്തിൽ ജമീല:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരം, കൊപ്ര എന്നിവയുടെ സംഭരണം ഊർജ്ജിതമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്ത് കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് 14-01-2022-ലെ സ.ഉ.(കൈ)നം.3/2022/കൃഷി ഉത്തരവുപ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരഫെഡ് കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങുവില നൽകി സംഭരണ നടപടികൾക്ക് തുടക്കം കുറിക്കുകയും പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് ഒരു കോടി രൂപയും നാളികേര വികസന കോർപ്പറേഷന് 50 ലക്ഷം രൂപയും

റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകുകയും ചെയ്തു. നാളികേരത്തിന്റെ വില താഴ്ന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2022 ജൂൺ മാസം മുതൽ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സംഭരണം നടത്തിവരുന്നു. കർഷകർ അപേക്ഷിക്കുന്നമുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധിയുണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാനുദ്ദേശിക്കുന്ന സ്ഥാപനത്തിൽ/സംഭരണ കേന്ദ്രത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതുമാണ്. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളിയിലുള്ള കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചിന്നിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറത്തുള്ള പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിംഗ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, കണ്ണൂർ

ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നത്. കൂടാതെ വി.എഫ്.പി.സി.കെ.-യുടെ 36 വിപണികൾവഴിയും കേരഫെഡ് പച്ചതേങ്ങ സംഭരിച്ചുവരുന്നു. നാളിതുവരെ 678 ടൺ പച്ചത്തേങ്ങ കേരഫെഡ് സംഭരിച്ചിട്ടുണ്ട്. കൊപ്രയുടെ വിലയും താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്.) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങൾ അതാത് നോഡൽ ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങുവില കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് ലഭ്യമാകുന്നത്. കർഷകർ അപേക്ഷിക്കുന്നമുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന

സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകും. ആയതിന്റെ അടിസ്ഥാനത്തിൽ കൊപ്ര വിപണനം ചെയ്യാനുദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ സാക്ഷ്യപത്രം നൽകി ഇ-സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യണം. അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽനിന്ന് കൊപ്ര സംഭരിക്കുന്നു.

(ബി) നാഫെഡിന്റെ സംഭരണ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

നാഫെഡ് സംഭരണ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയിട്ടില്ല. വിഷയം സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ചർച്ച നടത്തിയിരുന്നുവെങ്കിലും കേന്ദ്ര സർക്കാരിന്റെ 21-06-2022 കത്തുപ്രകാരം കൊപ്ര സ്വയം ഉപയോഗിക്കുന്നതിനാൽ കേരഫെഡിനെ കൊപ്ര സംഭരണ ഏജൻസിയായി പരിഗണിക്കുവാൻ സാധിക്കുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്.

(സി) പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന് ആക്ഷൻ പ്ലാൻ രൂപീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതിന് 14-01-2022-ൽ സർക്കാർ ഉത്തരവായിരുന്നു. കിലോഗ്രാമിന് 32 രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. ആദ്യഘട്ടത്തിൽ പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചിന്നിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിംഗ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചതേങ്ങ സംഭരണം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ടും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK)-യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ VFPCK-യുടെ 15 വിപണികൾവഴിയും മലപ്പുറം ജില്ലയിൽ 12 വിപണികൾവഴിയും കോഴിക്കോട് ജില്ലയിൽ 9 വിപണികൾവഴിയും പച്ചത്തേങ്ങ സംഭരിച്ച്

വരുന്നുണ്ട്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധിയുണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാനുദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നു.

**കർഷക ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

4 (1570) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കർഷക ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷിക വൃത്തിയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനുമായാണ് കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. കർഷക ക്ഷേമനിധിയിൽ അംഗങ്ങളെ ഓൺലൈനായി ചേർത്തുവരുന്നു.

(ബി) ബോർഡ് കർഷകർക്ക് നൽകുന്ന സേവനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

ബോർഡ് മുഖേന കർഷകർക്ക് താഴെപ്പറയുന്ന സേവനങ്ങൾ/ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.

1. 60 വയസ്സ് പൂർത്തിയാക്കിയതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷൻ.

2. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബ പെൻഷൻ.

3. അനാരോഗ്യ ആനുകൂല്യം: പെൻഷൻ തീയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്കാണ് ഈ ആനുകൂല്യം.

4. അവശത ആനുകൂല്യം: രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശതയുള്ളവർക്കാണ് അവശത ആനുകൂല്യം.

5. ചികിത്സാ സഹായം: ബോർഡ് നിശ്ചയിക്കുന്ന ഇൻഷുറൻസ് പദ്ധതിപ്രകാരം ചികിത്സാ സഹായം ലഭ്യമാക്കുന്നതാണ്.

6. വിവാഹ, പ്രസവാനുകൂല്യം: ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന വനിതകളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹത്തിന് സഹായം നൽകും. അംഗങ്ങളാകുന്ന വനിതകൾക്ക് 2 തവണ പ്രസവത്തിന് ധനസഹായം.

7. വിദ്യാഭ്യാസ ധനസഹായം: ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് സഹായം.

8. മരണാനന്തര ആനുകൂല്യം.

## പഴം പച്ചക്കറി വർഗ്ഗങ്ങളുടെ വില വർദ്ധനവ്

5 (1571) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം, പച്ചക്കറി വർഗ്ഗങ്ങളുടെ വില ക്രമാതീതമായി കൂടിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ഇത്തരം പഴം, പച്ചക്കറി വർഗ്ഗങ്ങളുടെ വില വർദ്ധനവ് പിടിച്ചു നിർത്താൻ സംസ്ഥാനത്ത് ഒരു ഏകീകൃത വില നിർണ്ണയം ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് കൃഷിചെയ്യുന്ന പ്രധാന 16 വിളകളുടെ അടിസ്ഥാന വില നിശ്ചയിച്ചിട്ടുണ്ട്.

(സി) നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പഴം പച്ചക്കറി വർഗ്ഗങ്ങളാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്;

(ഡി) സംസ്ഥാനം പഴം, പച്ചക്കറി വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ എപ്പോൾ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

(സി&ഡി) നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾപ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. 2021-22 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 16.01 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ആയത് ആവശ്യകതയുടെ 80.05% ആണ്. സമഗ്ര പച്ചക്കറി വികസന പദ്ധതിയും 'ഞങ്ങളും കൃഷിയിലേയ്ക്ക് ' പദ്ധതിയും ഒരു കോടി ഫലവൃക്ഷത്തൈ വിതരണം പദ്ധതിയും ഉൾപ്പെടെ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന മറ്റ് പദ്ധതികളും സംയോജിപ്പിച്ച് പതിനാലാം പഞ്ചവത്സര കാലയളവിൽ സംസ്ഥാനത്ത് പഴം, പച്ചക്കറി വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ ലക്ഷ്യമിടുന്നു.

**വെറ്റില കർഷകർക്ക് സഹായകരമായി പ്രത്യേക പദ്ധതി**

6 (1572) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ വെറ്റില ഭൗമസൂചികപദവിയിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വെറ്റില കർഷകർക്ക് സഹായകരമായി കൃഷി വകുപ്പ് പ്രത്യേക പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ വെറ്റില കൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2020-21 വർഷം 8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വെറ്റില കർഷകർക്ക് കൃഷി ലാഭകരമാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, വളങ്ങൾ, രോഗപ്രതിരോധ മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലം ഒരുക്കുന്നതിനും നടീൽ വസ്തുക്കൾ, ഇടവിള കൃഷി, വളങ്ങൾ, രോഗ പ്രതിരോധ മരുന്നുകൾ എന്നിവയ്ക്ക് ധനസഹായം നൽകിയിട്ടുണ്ട്. നിലവിൽ കൃഷി ചെയ്യുന്നവർക്ക് ഒരു ക്ലസ്റ്ററിന് 250/- രൂപയും പുതിയതായി കൃഷി തുടങ്ങുന്നവർക്ക് ഒരു ക്ലസ്റ്ററിന് 500/- രൂപയും എന്ന നിരക്കിൽ 2020-21 വർഷം കൃഷി വകുപ്പ് നല്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വേങ്ങര, മലപ്പുറം, തിരൂരങ്ങാടി, താനൂർ, തിരൂർ, കുറ്റിപ്പുറം എന്നീ ബ്ലോക്കുകളിലെ കർഷകർക്കാണ് ഭൗമസൂചിക പദവിയുടെ പ്രയോജനം ലഭിക്കുന്നത്.

(സി) തൊഴിലുറപ്പ് പദ്ധതിയിൽ വെറ്റില കൃഷിയും ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

തൊഴിലുറപ്പ് പദ്ധതിയിൽ വെറ്റില കൃഷി ഉൾപ്പെടുത്തുന്നതിന്റെ സാദ്ധ്യത വിശദമായ പഠനം നടത്തിയശേഷം പരിശോധിക്കുന്നതാണ്.

**വടക്കാഞ്ചേരിയിലെ കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനം**

7 (1573) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റേയോ കൃഷി വകുപ്പിന്റേയോ ഫണ്ടുകളൊന്നും കഴിഞ്ഞ രണ്ട് വർഷമായി ചെലവഴിച്ചിട്ടില്ല.

## സ്മാർട്ട് കൃഷി ഓഫീസുകൾ

8 (1574) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് കൃഷി ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകാമോ; ഇടുക്കി ജില്ലയിൽ എത്ര കൃഷി ഓഫീസുകളാണ് സ്മാർട്ട് കൃഷി ഓഫീസുകളാക്കി മാറ്റിയത്; മണ്ഡലാടിസ്ഥാനത്തിൽ ഇവയുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനായുള്ള "സ്മാർട്ട് കൃഷി ഭവൻ" പദ്ധതിയുടെ വിവിധ വശങ്ങൾ പരിശോധിച്ച് വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) ജില്ലയിലെ എല്ലാ കൃഷി ഓഫീസുകളും സ്മാർട്ട് കൃഷി ഓഫീസുകളായി ഉയർത്തുന്ന കാര്യം പരിഗണയിലുണ്ടോ?

ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളും സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള പദ്ധതി പരിശോധിച്ചുവരുന്നു.

## ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി

9 (1575) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക, ആരോഗ്യ ഭക്ഷണം ഉറപ്പാക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ കേരളത്തിൽ ഒന്നാകെ നടപ്പിലാക്കുന്ന ബൃഹത്തായ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്" . ഒരു തുടർ പദ്ധതിയായി ആരംഭിക്കുന്ന ഈ പദ്ധതിയിൽക്കൂടി കേരളത്തിൽ ഏറ്റവും കുറഞ്ഞത് 10,000 കാർഷിക ഗ്രൂപ്പുകൾ ഉൽപ്പാദന മേഖലയിലും സംഭരണ, വിപണന, കാർഷിക സഹായ മേഖലയിലും മൂല്യവർദ്ധനവ് മേഖലകളിലുമായി രൂപീകരിച്ച് കേരളത്തിന്റെ കാർഷിക മേഖല ശക്തമാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.

**ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ലക്ഷ്യങ്ങൾ**

1. കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക.

2. ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപ്പാദനത്തിൽ പങ്കാളിയാക്കുക.

3. സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക.

4. സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക.

5. കാർഷിക മേഖലയിലെ മൂല്യവർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.

6. സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക.

7. മണ്ണിനെ സമ്പുഷ്ടമാക്കുക.

8. പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക.

9. കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക.

10. കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

11. തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക.

**ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ സമീപനം**

1. കാർഷിക മേഖലയിലെ ഒരു തുടർപദ്ധതിയായി ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി ആസൂത്രണം ചെയ്യുന്നു.

2. ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയിൽക്കൂടി കൃഷിക്കൂട്ടം കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവ കൃഷി വിസ്തൃതി വർദ്ധന, കൃഷി മൂല്യവർദ്ധന സംരംഭങ്ങൾ, 140 ഹരിത പോഷക കാർബൺ തുലിത ഗ്രാമങ്ങൾ എന്നീ പദ്ധതികളിൽ എത്തിച്ചേരുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

3. ബാല്യകാലത്ത് തന്നെ കുട്ടികളിൽ കൃഷി സംസ്കാരം ഉണർത്തുന്നു.

4. എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നു.

5. കാർഷിക മേഖലയിൽ നിലവിൽ തുടരുന്നവർക്കുള്ള പിന്തുണ തുടരുന്നു.

6. പാരിസ്ഥിക മേഖല ആധാരമാക്കിയുള്ള കൃഷി രീതിയും അത് പ്രകാരമുള്ള ബഡ്ജറ്റിംഗും.

7. സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുന്നു.

8. ജൈവ/കാർബൺ തുലിത കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നു.

9. പഴങ്ങൾ/പച്ചക്കറികൾ/നെല്ല് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

10. നവീന കൃഷി രീതികൾ നടപ്പാക്കുന്നു.

11. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന കാർഷിക വിളകൾക്ക് പ്രാമുഖ്യം നൽകുന്നു.

12. തരിശുഭൂമി കണ്ടെത്തി കൃഷി പ്രോത്സാഹിപ്പിക്കുന്നു.

13. വീട്ടുവളപ്പിലെ കൃഷി, പുരയിട കൃഷി എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുന്നു. (1 സെന്റ് മുതൽ 1 ഹെക്ടർ വരെയുള്ള കൃഷിക്കായി കുടുംബങ്ങളെയും കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കുന്നു).

14. കൃഷി ചെയ്യുവാൻ താല്പര്യമുള്ളവർക്ക് സാങ്കേതിക സഹായം നൽകുന്നു.

15. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുതകുമാറ് ഉല്പാദനക്ഷമത കൂടിയതരം തൈകൾ, വിത്തുകൾ, പാരമ്പര്യ പ്രാദേശിക വിളകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

16. കുറഞ്ഞ പലിശ നിരക്കിൽ കൃഷിക്കുള്ള വായ്പ ലഭ്യമാക്കുന്നു.

17. കർഷക, കർഷക തൊഴിലാളി, യുവജന, പ്രവാസി, സ്ത്രീ ഗ്രൂപ്പുകൾ പരമാവധി കാർഷിക മേഖലയിൽ സൃഷ്ടിക്കുന്നു. കാർഷിക മേഖലയിലെ

മൂല്യവർദ്ധനവിനുള്ള സംരംഭങ്ങളിലേയ്ക്കും വിപണി അധിഷ്ഠിതമായ സംരംഭങ്ങളിലേയ്ക്കും ഈ കൂട്ടായ്മയെ പ്രയോജനപ്പെടുത്തുന്നു.

18. പ്രാദേശിക വിപണി ശക്തമാക്കുന്നു.

19. യന്ത്രവല്ക്കരണം ശക്തിപ്പെടുത്തുന്നു. യന്ത്രവല്ക്കരണത്തിന്റെ പ്രയോജനം എല്ലാ കർഷകരിലും എത്തിക്കുന്നു.

20. മണ്ണിന്റെ പോഷകമൂല്യം, മണ്ണിന്റെ ഘടന എന്നിവ മനസ്സിലാക്കി കൃഷി ചെയ്യുവാൻ പ്രാപ്തരാക്കുന്നു.

21. വിവിധ വകുപ്പുകളുടെ ഏകോപനം ശക്തമാക്കുന്നു. വിവിധ സർക്കാർ പദ്ധതികൾ ഒരുമിച്ച് കൃഷിയിലേയ്ക്ക് പ്രയോജനപ്പെടുത്തുന്നു.

(ബി) പച്ചക്കറി വിലക്കയറ്റം നിയന്ത്രണവിധേയമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് കൃഷിചെയ്യുന്ന പ്രധാന 16 വിളകളുടെ അടിസ്ഥാന വില നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 5 ഇനങ്ങൾക്ക് കൂടി അടിസ്ഥാന വില നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിള സംഭരണം കാര്യക്ഷമമാക്കാൻ കൃഷി വകുപ്പിന്റെ

കീഴിലുള്ള വിവിധ മാർക്കറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്സവകാലങ്ങളാണ് കേരളത്തിൽ ഗണ്യമായ തോതിൽ പച്ചക്കറി ഉല്പാദിപ്പിക്കുന്ന സമയം. ഇക്കാലയളവിൽ വിവിധ പച്ചക്കറി ഇനങ്ങളിൽ അധിക ഉത്പാദനമുണ്ടെങ്കിലും വിപണികളിൽ വിലക്കയറ്റം ദൃശ്യമാകാറുണ്ട്. ആയതിനാൽ കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് വിപണി ഇടപെടൽ പദ്ധതി 2016 മുതൽ തുടർച്ചയായി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ-യും സഹകരിച്ച് ഉല്പന്നങ്ങൾ സംഭരിച്ചുവരുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്. വിപണികളുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാനതല കമ്മിറ്റിയും ജില്ലാതല കമ്മിറ്റികളും ബ്ലോക്ക് തലത്തിലുള്ളവയും രൂപീകരിച്ച് പ്രവർത്തിക്കുന്നതായിരിക്കും. കൃഷിയിടങ്ങളിലെ അധികോല്പാദനം, ടി ഉത്പന്നങ്ങളുടെ കൈമാറ്റ വിപണികൾക്കാവശ്യമായ പച്ചക്കറികളുടെ അളവ് എന്നിവ സംബന്ധിച്ച് കണക്കുകൾ നിർവഹണ ജില്ലാ/ബ്ലോക്ക് മുൻകൂർ ക്രോഡീകരിച്ച് കമ്മിറ്റികൾ

മേൽനോട്ടം ചെയ്യുന്നതായിരിക്കും. പദ്ധതി നടത്തിപ്പ് പ്രധാനമായും കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയുടെ വിപണികളിലൂടെയായിരിക്കും.

**സമയക്രമം**

ഓണത്തിന് മുന്നോടിയായി 2022 സെപ്റ്റംബറിൽ 4 ദിവസങ്ങളിൽ വിപണികൾ പ്രവർത്തിപ്പിക്കുന്നതാണ്.

**ധനകാര്യ വിശകലനം**

4 ദിവസങ്ങളിലായി നടക്കുന്ന വിപണികൾക്ക് വിപണി ഒന്നിന് 65000 രൂപ വിഹിതം വകയിരുത്തുന്നതാണ്. 2022-23 വാർഷിക പദ്ധതി അനുസരിച്ച് വിപണി ഇടപെടലിനായി 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഉത്സവകാലത്ത് വിപണി വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാരണം കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കാത്ത സാഹചര്യം ഒഴിവാക്കാനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഗുണമേന്മയുള്ള പഴം, പച്ചക്കറികൾ ലഭ്യമാക്കാനും സാധിക്കുന്നതാണ്. വിലക്കയറ്റം നിയന്ത്രിക്കുവാനും വാങ്ങൽശേഷി കുറവുള്ള സാമാന്യ ജനത്തിനും

വകുപ്പിന്റെ നേതൃത്വത്തിലുള്ള വിപണികൾ ആശ്വാസദായകമാകുന്നതാണ്. 2022-23 വർഷത്തെ വിപണി ഇടപെടലിനായി 2200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഹോർട്ടികോർപ്പിന് 1500.00 ലക്ഷം രൂപയും വി.എഫ്.പി.സി.കെ.-യ്ക്ക് 100 ലക്ഷം രൂപയും കേരഫെഡിന് 200 ലക്ഷം രൂപയും ഉത്സവകാലങ്ങളിലെ വിപണി ഇടപെടലിനായി 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) ഓണക്കാലത്തേയ്ക്കുള്ള പച്ചക്കറി ഉല്പാദനത്തിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിട്ടുകൊണ്ടും ഉത്സവ സീസണുകളിൽ പച്ചക്കറിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഓഴിവാക്കുന്നതിനായും ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, ഓണക്കാലത്ത് നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് " ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" . ഈ പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 10/- രൂപ വില വരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി

വിത്ത് പാക്കറ്റുകളും 2.5 രൂപ വില വരുന്ന വിവിധ ഇനത്തിൽപ്പെട്ട പച്ചക്കറിത്തൈകളും സൗജന്യമായി നൽകിവരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് " ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറിക്കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി ക്ലസ്റ്ററുകളിലായി 3 മുതൽ 5 ഹെക്ടർ വരെ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ക്ലസ്റ്റർ ഒന്നിന് പരമാവധി 1- 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നുണ്ട്. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷിചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ള പച്ചക്കറി ഇനം കൃഷി ചെയ്യുന്നതിനായി 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്തതിനായി 20,000/- രൂപയും ധനസഹായം നൽകുന്നു.

**കാർഷിക രംഗത്ത് വിദ്യാർത്ഥികൾക്കും യുവാക്കൾക്കും പ്രോത്സാഹനം**

10 (1576) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക രംഗത്തേയ്ക്ക് വിദ്യാർത്ഥികളെയും യുവാക്കളെയും എത്തിക്കുന്നതിനായി കാമ്പസുകൾ കേന്ദ്രീകരിച്ച് കൃഷി നൈപുണ്യ പരിശീലനം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ "സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. കൃഷി വിദഗ്ധരുടെയും അദ്ധ്യാപകരുടെയും മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറിക്കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും അതുവഴി തങ്ങളുടെ വീട്ടുവളപ്പുകളിലും പച്ചക്കറി കൃഷി ചെയ്യുന്നതിനും അതിലൂടെ കൃഷിയിലേയ്ക്ക് വിദ്യാർത്ഥികളെയും യുവാക്കളെയും ആകർഷിക്കുവാനും സാധ്യമാകുന്നു. മികച്ച രീതിയിൽ പച്ചക്കറി കൃഷിചെയ്യുന്ന വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മികച്ച വിദ്യാർത്ഥിക്കുള്ള അവാർഡ് നൽകി പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ മികച്ച വിദ്യാലയം, പ്രധാന

അദ്ധ്യാപകൻ എന്നിവർക്ക് അവാർഡ് നൽകിവരുന്നു. കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (KAICO) ജില്ലാ ആഫീസുകൾ കേന്ദ്രീകരിച്ചും പുനലൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ (എ.ഐ.ടി.ഐ) കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനത്തിലും മെയിന്റനൻസിലും പരിശീലനത്തിനാവശ്യമായ സംവിധാനം നിലവിലുണ്ട്. ഇതിനുപുറമേ വിവിധ ഏജൻസികൾ/വകുപ്പുകൾ ആവശ്യപ്പെടുന്നപ്രകാരം കാർഷിക യന്ത്രങ്ങളുടെ മെയിന്റനൻസിലും പരിശീലനത്തിലും നിർദ്ദേശാനുസരണമുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള സംവിധാനം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നിലവിലുണ്ട്. പുനലൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ കാർഷിക യന്ത്രങ്ങളുടെ പ്രവൃത്തി പരിചയത്തിനായുള്ള 2 വർഷം നീണ്ടുനിൽക്കുന്ന "ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചർ മെഷിനറീസ് " (National Council of Vocational Training (NCVT) കോഴ്സുകളായ ട്രാക്ടർ മെക്കാനിക്/ മെക്കാനിക് അഗ്രിക്കൾച്ചർ മെഷീനറി എന്നിവയ്ക്ക് തുല്യം) എന്നിവയും നടത്തിവരുന്നു. ഇതിനുപുറമെ ആവശ്യാധിഷ്ഠിതമായി ഒരു ദിവസം/രണ്ട് ദിവസം കാലയളവുള്ള കോഴ്സുകൾ (Chain saw, Earth Augur, Brush cutter,

Garden Tiller, Power Tiller, തെങ്ങുകയറ്റം, സസ്യകീട രോഗ സംരക്ഷണം) അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പിനുകീഴിൽ, ഈ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് കൊയ്ത്ത് മെതിയന്ത്രങ്ങളും Earth moving machineries-ഉം പ്രവർത്തിപ്പിക്കുന്നതിൽ പരിശീലനം നൽകുന്ന JCB & Hitachi Operators and Harvest Machine Operators എന്ന കോഴ്സിലൂടെ ലൈസൻസും എടുത്തു നൽകിവരുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ASAP കേരള, മുഖേന കോവിഡ് മഹാമാരിക്കുമുമ്പുതന്നെ (2020 വരെ) കാർഷിക മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യ പരിശീലനം നൽകിവന്നിരുന്നു. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഓർഗാനിക് ഗ്രോവർ, മൈക്രോ ഇറിഗേഷൻ ടെക്നീഷ്യൻ, ഗ്രീൻ ഹൗസ് ഫിറ്റർ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫ്ലോറികൾച്ചറിസ്റ്റ് ഓപ്പൺകൾട്ടിവേഷൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫ്ലോറികൾച്ചറിസ്റ്റ് പ്രൊട്ടക്റ്റഡ് കൾട്ടിവേഷൻ, ബൾക് മിൽക് കൂളർ ഓപ്പറേറ്റർ എന്നീ കോഴ്സുകളിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കുമായാണ് പരിശീലനം നൽകിയത്. നിലവിൽ ASAP കേരള, അങ്കമാലിയിലെ ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ (FISAT) സഹായത്തോടെ ഹൈഡ്രോപോണിക്സ്

വിഷയത്തിലും കോഴ്സ് നടത്തുവാൻ ഉദ്ദേശിക്കുന്നു. കാർഷിക രംഗത്തുള്ള കൂടുതൽ പദ്ധതികൾക്ക് ട്രെയിനിംഗ് നൽകുന്നതിന് കൃഷി വകുപ്പ് പ്രവർത്തനസജ്ജമാണ്.

## സ്മാർട്ട് കൃഷിഭവൻ പദ്ധതി

11 (1577) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത കൃഷിഭവനുകളുടെ വിശദാംശങ്ങൾ നൽകാമോ?

സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളെയും ഘട്ടംഘട്ടമായി ഈ പദ്ധതിയിൽ കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 14 കൃഷിഭവനുകളെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതാണ്. കൂടാതെ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ പദ്ധതിയിൽ ഉൾപ്പെടുത്തി 28 കൃഷിഭവനുകളും സ്മാർട്ട് കൃഷിഭവനുകളാക്കുന്നതാണ്.

(ബി) സ്മാർട്ട് കൃഷിഭവൻ വഴി നടപ്പിലാക്കുന്ന നൂതന സേവനങ്ങൾ വ്യക്തമാക്കാമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനും കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനുമാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സ്മാർട്ട് കൃഷി ഭവന്റെ അന്തിമരൂപം സർക്കാർതലത്തിൽ രൂപപ്പെടുത്തുന്ന പ്രക്രിയ പുരോഗമിച്ചുവരുന്നു.

(സി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കൃഷിഭവന്റെ വിവരങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത കൃഷിഭവന്റെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ?

മട്ടന്നൂർ നിയോജക മണ്ഡലത്തിൽനിന്നും സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനായി പടിയൂർ കൃഷിഭവനെയാണ് കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്.

**മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി മിഷൻ മോഡലിലുള്ള പ്രവർത്തനം**

12 (1578) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴവർഗ്ഗങ്ങളും കാർഷിക ഉൽപ്പന്നങ്ങളും ഉപയോഗിച്ച് എഥനോൾ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വീര്യം കുറഞ്ഞ മദ്യവും ഉല്പാദിപ്പിക്കുമെന്ന് 2022-23 ബഡ്ജറ്റിൽ സൂചിപ്പിച്ച പദ്ധതിയുടെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്;

(ബി) മൂല്യവർദ്ധിത ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി മിഷൻ മോഡലിലുള്ള പ്രവർത്തനം സംഘടിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) ധാന്യങ്ങൾ ഒഴികെയുള്ള പഴവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിന് 2022-23

വർഷത്തെ അബ്കാരി നയത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അതിനനുസരിച്ച് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നികുതി വകുപ്പ് സ്വീകരിച്ചുവരികയാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കുണ്ടറ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

13 (1579) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ നടക്കുന്ന കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കുണ്ടറ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല.

(ബി) കുണ്ടറ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ നിലവിൽ നടത്തിവരുന്ന പദ്ധതികൾ ഏതൊക്കെയെന്നും പദ്ധതി നടപ്പിലാക്കുന്ന കൃഷി ഓഫീസുകൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

കുണ്ടറ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ നിലവിൽ നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

a. പച്ചക്കറി വികസന പദ്ധതി

1. പച്ചക്കറി വിത്ത് വിതരണം - 1.72 ലക്ഷം
2. പച്ചക്കറി തൈ വിതരണം - 1.36362 ലക്ഷം
3. മഴമറ നിർമ്മാണം - 650 m2

b. ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് - 2.6211 ലക്ഷം രൂപ

**പദ്ധതി നടപ്പിലാക്കുന്ന കൃഷി ഓഫീസുകൾ**

1. കുണ്ടറ
2. ഇളമ്പള്ളൂർ
3. പേരയം
4. പെരിനാട്
5. കൊറ്റങ്കര
6. നെടുമ്പന
7. തൃക്കോവിൽവട്ടം

## പഴം-പച്ചക്കറി സംഭരണവും നഗരകൃഷി പ്രോത്സാഹനവും

14 (1580) ശ്രീ. എം. എം. മണി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം-പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; ഏതൊക്കെ ഇനം പഴം, പച്ചക്കറികൾക്കാണ് തറവില നിശ്ചയിച്ചത്; പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് പഴം-പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി

എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങുവിലയിൽനിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് DBT മുഖാന്തരം നൽകുന്നു.

(ബി) വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന മേഖലകളിൽനിന്ന് പച്ചക്കറികൾ സംഭരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന മേഖലകളിൽനിന്ന് പച്ചക്കറികൾ സംഭരിക്കുന്നതിനായി പ്രത്യേക പദ്ധതി നിലവിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നാൽ ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ ‘ എ’ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, എക്കോഷോപ്പുകൾ, വേൾഡ് മാർക്കറ്റുകൾ, വി.എഫ്.പി.സി.കെ. എന്നിവയുടെ വിപണികൾവഴി പഴം-പച്ചക്കറി സംഭരണം നടത്തുന്നു.

(സി) നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പച്ചക്കറി സംഭരണത്തിന് ഉല്പാദന കേന്ദ്രങ്ങളിൽ ചില്ലർ സ്റ്റോറേജുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സിഡി നൽകുന്നതിന് ലക്ഷ്യമിടുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലയിൽ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ ഒരു കോൾഡ് ചെയിൻ സംവിധാനം ഒരുക്കുന്നതിന് 185 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വട്ടവടയിൽ ഒരു

പ്രീ-കൂളിംഗ് കേന്ദ്രവും എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ 3 കോൾഡ് ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനും ഹോർട്ടികോർപ്പിന്റെ കോൾഡ് സ്റ്റോറേജ് നവീകരിക്കുന്നതിനുമാണ് തുക അനുവദിച്ചിട്ടുള്ളത്.

## കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

15 (1581) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടത്തിയ പദ്ധതികളുടേയും 2022-23 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടേയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ പദ്ധതിയുടെയും പുരോഗതി വിലയിരുത്തുന്നതിന് വിവിധ കാർഷിക വികസന സമിതികൾ, കേര സമിതികൾ, വാർഡുതല സമിതികൾ, ക്ലസ്റ്ററുകൾ തുടങ്ങിയ പലവിധ സമിതികൾ മുഖേന മോണിറ്ററിംഗ് നടത്തിവരുന്നു. കൃഷിഭവൻതലത്തിലുള്ള പുരോഗതി വിലയിരുത്തുന്നതിന് ബ്ലോക്ക്തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും അതാത് പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുമുണ്ട്. കൂടാതെ ജില്ലാതലത്തിൽ വിവിധ പദ്ധതികൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരും പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും അവലോകനം ചെയ്യുന്നുണ്ട്. സംസ്ഥാനതലത്തിൽ പദ്ധതി എല്ലാ മാസവും അവലോകനം ചെയ്യുന്നത് കൂടാതെ ജില്ലാ പ്ലാനിംഗ്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റികൾ എല്ലാ മാസവും വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. AIMS പോർട്ടലിന്റെ സഹായത്തോടെ നവീന രീതിയിൽ പദ്ധതി നടത്തിപ്പിന്റെ വിലയിരുത്തൽ നടത്തുന്നുണ്ട്.

## ഹരിതം ഹരിപ്പാട് പദ്ധതി

16 (1582) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതം ഹരിപ്പാട് പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിശദമാക്കാമോ?

RKVY 2019-20-ൽ ഉൾപ്പെടുത്തി 496.9 ലക്ഷം രൂപയുടെ "ഹരിതം ഹരിപ്പാട്" പദ്ധതിക്ക് അംഗീകാരം നൽകി. ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അപ്പർ കുട്ടനാട്, ഓണാട്ടുകര മേഖലയിലെ പുഞ്ച കൃഷിയുടെ വികസനമാണ് "ഹരിതം ഹരിപ്പാട് പദ്ധതി" വിഭാവനം ചെയ്യുന്നത്. ഒരുപ്പൂ കൃഷിനിലങ്ങളെ ഇരുപ്പൂ ആക്കുക, നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുക, മണ്ണൊലിപ്പ് തടയുക, ജലപരിപാലനം കാര്യക്ഷമമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യം. ഹരിപ്പാട് മുനിസിപ്പാലിറ്റി, ചെറുതന, പള്ളിപ്പാട്, കരുവാറ്റ പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തോടുകളുടെ ആഴം കൂട്ടൽ, കൾവെർട്ട് നിർമ്മാണം, മോട്ടോർതറ നിർമ്മാണം, വാച്ചാൽ ആഴം കൂട്ടൽ എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അപേക്ഷപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനായി KLDC-യെ ചുമതലപ്പെടുത്തുന്നതിനുള്ള അംഗീകാരം കൃഷി ഡയറക്ടറേറ്റിൽനിന്നും നൽകി. 350 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിച്ച് കൃഷി ഡയറക്ടറേറ്റിൽനിന്നും ആലപ്പുഴ ജില്ലാ

കൃഷി ഓഫീസർക്ക് നൽകുകയും തുക KLDC-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഹരിതം ഹരിപ്പാട് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകേണ്ടിയിരുന്ന പെട്ടി, പറ, പമ്പുസെറ്റുകൾ എല്ലാംതന്നെ സപ്ലൈ ചെയ്യുകയും ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെ വിവിധ പാടശേഖരങ്ങളിലെ പ്രവൃത്തികൾ 95%, പള്ളിപ്പാട് പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ പ്രവൃത്തികൾ 70%, ചെറുതന പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ പ്രവൃത്തികൾ 10% എന്നിങ്ങനെ പൂർത്തീകരിച്ചു. ചെറുതന പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ പ്രവൃത്തി വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയാത്തതിനാൽ ഉടൻതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കരുവാറ്റ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ പ്രവൃത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പുന:ക്രമീകരിക്കേണ്ടി വന്നിരുന്നു. ഇപ്പോൾ ടി പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

തോടിന് ആഴം കൂട്ടൽ : 14065 മീ.

പാർശ്വഭിത്തി നിർമ്മാണം : 1360 മീ.

എഞ്ചിൻ ഷെഡ് : 15 എണ്ണം

റാമ്പ് : 8 എണ്ണം

കാട് വെട്ടിത്തെളിക്കൽ : 75000 മീ.

അപ്രതീക്ഷിതമായി വന്ന വേനൽ മഴ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ടെങ്കിലും ഉടനടി പ്രവർത്തി പുനരാരംഭിച്ച് പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

(ബി) ഇതിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഏത് രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും/വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഹരിതം ഹരിപ്പാട് പദ്ധതിയുടെ തുടർച്ചയായി പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിപ്പാട് പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രോജക്ട് നടപ്പിലാക്കുന്നു. 469.05 ലക്ഷം രൂപയുടെ പ്രോജക്ടിന് 2021-22 സാമ്പത്തിക വർഷത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രോജക്ട് നേരിട്ടാണ് നടപ്പിലാക്കുന്നത്. രണ്ട് പാർട്ടുകളായി ടെണ്ടർ നടപടി പൂർത്തീകരിച്ചു. പാർട്ട്-I പ്രവൃത്തികൾ 09-05-2022-ലും പാർട്ട്-II പ്രവൃത്തികൾ 31-05-2022-ലും എഗ്രിമെന്റ് വച്ചിട്ടുണ്ട്. പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

## ഇരിക്കൂർ നിയോജക മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

17 (1583) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതുവരെ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ തളിപ്പറമ്പ ബ്ലോക്കിൽ ആലക്കോട് പഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു+.

## കൃഷിക്കൂട്ടങ്ങൾ പദ്ധതി

18 (1584) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ കുടുംബങ്ങളേയും കൃഷിയിലേയ്ക്ക് കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഞങ്ങളും കൃഷിയിലേയ്ക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്ന പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്; വിശദാംശങ്ങൾ നൽകുമോ?

കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക, സുരക്ഷിത ഭക്ഷണം, തൊഴിൽ സൃഷ്ടിക്കൽ തുടങ്ങിയ ലക്ഷ്യത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ കേരളത്തിൽ ഒന്നാകെ നടപ്പിലാക്കുന്ന ബൃഹത്തായ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്" . ഒരു തുടർപദ്ധതിയായി ആരംഭിക്കുന്ന ഈ പദ്ധതിയിൽക്കൂടി കേരളത്തിൽ ഏറ്റവും കുറഞ്ഞത് 10,000 കാർഷിക ഗ്രൂപ്പുകൾ ഉൽപ്പാദന മേഖലയിലും സംഭരണ, വിപണന, കാർഷിക സഹായ മേഖലയിലും മൂല്യവർദ്ധനവ് മേഖലകളിലുമായി രൂപീകരിച്ച് കേരളത്തിന്റെ കാർഷിക മേഖല ശക്തമാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.

**ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ലക്ഷ്യങ്ങൾ**

1. കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക.

2. ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപ്പാദനത്തിൽ പങ്കാളികളാക്കുക.

3. സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക.

4. സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക.

5. കാർഷിക മേഖലയിലെ മൂല്യവർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.

6. സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക.

7. മണ്ണിനെ സമ്പുഷ്ടമാക്കുക.

8. പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക.

9. കാർഷിക മേഖലയെ ഇതര ഭക്ഷ്യ മേഖലകളുമായി കോർത്തിണക്കുക.

10. കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

11. തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക.

**ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ സമീപനം**

1. കാർഷിക മേഖയിലെ ഒരു തുടർ പദ്ധതിയായി ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി ആസൂത്രണം ചെയ്യുന്നു.

2. ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയിൽക്കൂടി കൃഷിക്കൂട്ടം, കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവകൃഷി വിസ്തൃതി വർദ്ധന, കൃഷി മൂല്യവർദ്ധന സംരംഭങ്ങൾ, 140 ഹരിത പോഷക കാർബൺ ന്യൂട്രൽ ഗ്രാമങ്ങൾ എന്നീ പദ്ധതികളിൽ എത്തിച്ചേരുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

3. ബാല്യകാലത്ത് തന്നെ കുട്ടികളിൽ കൃഷി സംസ്കാരം ഉണർത്തുന്നു.

4. എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നു.

5. കാർഷിക മേഖലയിൽ നിലവിൽ തുടരുന്നവർക്കുള്ള പിന്തുണ തുടരുന്നു.

6. പാരിസ്ഥിക മേഖല ആധാരമാക്കിയുള്ള കൃഷി രീതിയും അത് പ്രകാരമുള്ള ബഡ്ജറ്റിംഗും.

7. സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുന്നു.

8. ജൈവ/കാർബൺ ന്യൂട്രൽ കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നു.

9. പഴങ്ങൾ/പച്ചക്കറികൾ/നെല്ല് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

10. നവീന കൃഷിരീതികൾ നടപ്പാക്കുന്നു.

11. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന കാർഷിക വിളകൾക്ക് പ്രാമുഖ്യം നൽകുന്നു.

12. തരിശു ഭൂമി കണ്ടെത്തി കൃഷി പ്രോത്സാഹിപ്പിക്കുന്നു.

13. വീട്ടുവളപ്പിലെ കൃഷി, പുരയിട കൃഷി എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുന്നു. (1 സെന്റ് മുതൽ 1 ഹെക്ടർ വരെയുള്ള കൃഷിക്കായി കുടുംബങ്ങളെയും കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കുന്നു).

14. കൃഷി ചെയ്യുവാൻ താല്പര്യമുള്ളവർക്ക് സാങ്കേതിക സഹായം നൽകുന്നു.

15. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനുതകുമാറ് ഉല്പാദനക്ഷമത കൂടിയതരം തൈകൾ, വിത്തുകൾ, പാരമ്പര്യ പ്രാദേശിക വിളകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

16. കുറഞ്ഞ പലിശ നിരക്കിൽ കൃഷിക്കുള്ള വായ്പ ലഭ്യമാക്കുന്നു.

17. കർഷക, കർഷക തൊഴിലാളി, യുവജന, പ്രവാസി, സ്ത്രീ ഗ്രൂപ്പുകൾ പരമാവധി കാർഷിക മേഖലയിൽ സൃഷ്ടിക്കുന്നു. കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനുള്ള സംരംഭങ്ങളിലേയ്ക്കും വിപണി അധിഷ്ഠിതമായ സംരംഭങ്ങളിലേയ്ക്കും ഈ കൂട്ടായ്മയെ പ്രയോജനപ്പെടുത്തുന്നു.

18. പ്രാദേശിക വിപണി ശക്തമാക്കുന്നു.

19. യന്ത്രവല്ക്കരണം ശക്തിപ്പെടുത്തുന്നു. യന്ത്രവല്ക്കരണത്തിന്റെ പ്രയോജനം എല്ലാ കർഷകരിലും എത്തിക്കുന്നു.

20. മണ്ണിന്റെ പോഷകമൂല്യം, മണ്ണിന്റെ ഘടന എന്നിവ മനസ്സിലാക്കി കൃഷി ചെയ്യുവാൻ പ്രാപ്തരാക്കുന്നു.

21. വിവിധ വകുപ്പുകളുടെ ഏകോപനം ശക്തമാക്കുന്നു. വിവിധ സർക്കാർ പദ്ധതികൾ ഒരുമിച്ച് കൃഷിയിലേയ്ക്ക് പ്രയോജനപ്പെടുത്തുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നുണ്ടോ; എങ്കിൽ അവയുടെ ഘടന, പ്രവർത്തനങ്ങൾ എന്നിവ വിശദമാക്കാമോ?

ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഭാഗമായി കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നുണ്ട്. ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധവും സജ്ജവുമായ വ്യക്തികളുടെ കൂട്ടായ്മയാണ് കൃഷിക്കൂട്ടം. കൃഷിക്കൂട്ടത്തിന് ഉല്പാദനം, സേവനം സംഭരണം, വിതരണം മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ഏർപ്പെടുവാൻ കഴിയും.

<u>കൃഷിക്കൂട്ടം - ഘടന</u>

1. ഒരു വാർഡിൽ കുറഞ്ഞത് ഒരു ഗ്രൂപ്പ് എങ്കിലും പുതുതായി ആരംഭിക്കണം.

2. നിലവിലുള്ള ഗ്രൂപ്പുകളെ കൃഷിക്കൂട്ടങ്ങളായി പരിഗണിക്കാവുന്നതാണ്.

3. കാർഷിക മേഖലയിൽ പ്രവർത്തന മികവ് കൂട്ടാൻ സാധ്യതയുള്ള വ്യക്തികളെ ഉൾപ്പെടുത്തിയായിരിക്കണം ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടത്.

4. കുട്ടികൾ/യുവാക്കൾ/സ്ത്രീകൾ/പ്രവാസികൾ/പ്രായമായവർഎന്നിവർക്കായി പ്രത്യേക ഗ്രൂപ്പുകൾ ആരംഭിക്കാം.

5. ഒരു കൃഷിക്കൂട്ടത്തിൽ 5 മുതൽ 25 വരെ അംഗങ്ങളുണ്ടാകണം.

6. കൃഷിക്കൂട്ടം അംഗങ്ങൾക്ക് ഒറ്റയ്ക്കൊറ്റയ്ക്ക് കൃഷി ചെയ്യും ഗ്രൂപ്പിൽ ഭാഗമാക്കാവുന്നതാണ്.

<u>കൃഷിക്കൂട്ടം – പ്രവർത്തനങ്ങൾ</u>

1. ആ പ്രദേശത്തെ കൃഷി അസിസ്റ്റന്റ് ആയിരിക്കണം കൃഷിക്കൂട്ടത്തിന്റെ മെന്റർ.

2. കൃഷിക്കൂട്ടത്തിന് പ്രസിഡന്റ്/സെക്രട്ടറി എന്നിവർ ഉണ്ടാകണം.

3. കൃഷിക്കൂട്ടത്തിന് പഞ്ചായത്തുതലത്തിൽ കൃഷി വകുപ്പിന്റെ രജിസ്ട്രേഷൻ നൽകുകയും അത് AIMS പോർട്ടലിൽ ഉൾപ്പെടുത്തുകയും ചെയ്യും.

4. എല്ലാ മാസവും കൃഷിക്കൂട്ടം യോഗം ചേരേണ്ടതാണ്.

5. പഞ്ചായത്തുതലത്തിൽ കൃഷിക്കൂട്ടങ്ങളുടെ മേൽനോട്ടം കൃഷി ഓഫീസർ നിർവ്വഹിക്കും.

6. പഞ്ചായത്തുതലത്തിൽ കൃഷിക്കൂട്ടത്തിന് ഒരു സമിതി ഉണ്ടായിരിക്കും. കൃഷി ഓഫീസർ ഈ സമിതിയുടെ കൺവീനർ ആയിരിക്കും. പഞ്ചായത്തിലെ വാർഡുതല കൃഷിക്കൂട്ടങ്ങളുടെ പ്രതിനിധികളുടെ സെക്രട്ടറി/പ്രസിഡന്റ് എന്നിവർ പഞ്ചായത്തുതല കൃഷിക്കൂട്ടത്തിൽ അംഗങ്ങളായിരിക്കും.

7. പഞ്ചായത്തുതല കൃഷിക്കൂട്ടത്തിൽനിന്നും പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, വൈസ് പ്രസിഡന്റ്, മെന്റർ എന്നിവരെ തെരഞ്ഞെടുക്കുകയും പഞ്ചായത്ത് പ്രസിഡന്റ്/വാർഡ് മെമ്പർ സമിതിയിലെ പ്രത്യേക ക്ഷണിതാക്കളുമായിരിക്കും.

(സി) ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

"ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതി കുടുംബങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നതിനുള്ള വിത്ത്/തൈകൾ എന്നിവ കൃഷിഭവനുകൾ മുഖേന നൽകുന്നു. കൃഷിക്കാവശ്യമായ സാങ്കേതിക/സാമ്പത്തിക സഹായങ്ങൾ എന്നിവ പ്രവർത്തന മികവ് വിലയിരുത്തി നൽകും. പദ്ധതിക്കാവശ്യമായ വിത്തുകൾ, തൈകൾ, ജൈവ കീടനാശിനികൾ എന്നിവ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നൽകും. കർഷകർ, കർഷക തൊഴിലാളികൾ, കുടുബശ്രീ/എം.ജി.എൻ.ആർ.ഇ.ജി.എസ്/പ്രവാസി/യൂത്ത് ക്ലബ്ബുകൾ, റെസിഡന്റ് അസോസിയേഷൻ എന്നിവയുടെ നേതൃത്വത്തിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് കൃഷി ആരംഭിക്കുന്നതാണ്. കെ.എ.യു./കെ.വി.കെ./പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ/മാസ്റ്റർ കർഷകർ/ഗവേഷണ കേന്ദ്രങ്ങൾ എന്നിവരുടെ സങ്കേതിക സഹായം ലഭ്യമാക്കുന്നതാണ്. രാഷ്ട്രീയ, സാമൂഹ്യ സംഘടനകളുടെ സഹകരണത്തോടെ വ്യക്തിപരമായും ഗ്രൂപ്പായും കൃഷി ആരംഭിക്കുന്നതാണ്. എല്ലാ അംഗൻവാടികളിലും പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതാണ്. കൃഷി/മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽനിന്നും കൃഷിക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. ഉത്തമകൃഷി കുടുംബം അംഗം/മാസ്റ്റർ കർഷകർ/ഗ്രൂപ്പ്/ജെ.എൽ.ജി. ലീഡർ എന്നിവർക്ക് പ്രത്യേക പരിശീലനം

നൽകുന്നതാണ്. മണ്ണ് പരിശോധന സേവനം കൃഷി ഓഫീസർ, സോയിൽ കൺസർവേഷൻ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നൽകുന്നതാണ്. ക്യാമ്പയിനിന്റെ ഭാഗമായി ഗ്രൂപ്പായി മാറുന്ന കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ്/എ.ഐ.എം.എസ്. രജിസ്ട്രേഷൻ എന്നിവ നൽകുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽനിന്നും ആവശ്യമായ തുക ഈ പദ്ധതിക്കായി നീക്കിവയ്ക്കുന്നതാണ്. കൃഷി വകുപ്പിന്റെ ഒരു കോടി ഫലവൃക്ഷത്തൈ പദ്ധതി ടി പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതാണ്. വിപണത്തിനും വിതരണത്തിനും പ്രദേശിക സമീപനം സ്വീകരിക്കുന്നതാണ്. ഇതിനായി ഓരോ ഗ്രാമപഞ്ചായത്തിലും നഗരസഭയിലും ആവശ്യാനുസരണം വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. ഓരോ പ്രദേശത്തും അധികം വരുന്ന ഉല്പന്നങ്ങൾ ശേഖരിക്കുവാനും വിതരണം ചെയ്യുവാനുമുള്ള ഉത്തരവാദിത്തം ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., ഫാർമർ പ്രൊഡ്യൂസേഴ്സ് സംഘങ്ങൾ, കൺസ്യൂമർ ഫെഡ്, സപ്ലൈകോ തുടങ്ങിയ സ്ഥാപനങ്ങൾവഴി ക്രമീകരിക്കുന്നതാണ്. കൂടാതെ ഇക്കോഷോപ്പ്, ഫാർമർ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ, കാർഷിക സഹകരണ സ്റ്റോറുകൾ, കുടുംബശ്രീ വിപണന യൂണിറ്റുകൾ, ഗ്രാമീണ ചന്തകൾ എന്നിവ വഴിയും വിപണനം

നടത്തുന്നതാണ്. അധികമായിട്ടുള്ള ഉല്പാദനം സ്ഥിരമായി പ്രദേശിക തലത്തിൽത്തന്നെ വിപണനത്തിനും സംസ്കരണത്തിനും മൂല്യവർദ്ധനവിനും വിധേയമാക്കുന്നതാണ്. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യപ്രാപ്തിക്കായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. സേവനവും സംഭരണവുമായി ബന്ധപ്പെട്ട് കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നു. അതിനായി മൂല്യവർദ്ധനവ് മേഖലയിലെ വിവിധ സ്ഥാപനങ്ങളായ വ്യവസായ വകുപ്പ്, കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുമായി സംയോജിപ്പിച്ചുകൊണ്ട് മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. ഇത് കൂടാതെ ഈ മേഖലയിലെ കൃഷിക്കൂട്ടങ്ങളെ ഘട്ടംഘട്ടമായി എഫ്.പി.ഒ.-കളും സ്റ്റാർട്ട്അപ്പുകളും അഗ്രോപാർക്കുകളുമായി മാറ്റുന്നതിനും അതുവഴി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ലക്ഷ്യമിടുന്നുണ്ട്.

## പ്രധാൻമന്ത്രി കിസാൻ സമ്മാൻ പദ്ധതി

19 (1585) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി കിസാൻ സമ്മാൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉണ്ട്. 2019 ഫെബ്രുവരി മുതൽ പി.എം. കിസാൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. നാളിതുവരെ 37,32,251 ഗുണഭോക്താക്കൾക്കായി 6914.60 കോടി രൂപ ഈ പദ്ധതിവഴി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് വിതരണം നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി അഗ്രികൾച്ചറൽ ഇൻഫർമേഷൻ പോർട്ടൽ റവന്യൂ പോർട്ടലുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പി.എം. കിസാൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ ഭൂമിയുടെ കൃത്യമായ വിവരങ്ങൾ എയിംസ് പോർട്ടൽ

വഴി പി.എം. കിസാൻ പോർട്ടലിലേയ്ക്ക് നൽകേണ്ടതുണ്ട്. ഇതിലേയ്ക്കായി റവന്യൂ വകുപ്പിന്റെ ReLIS പോർട്ടലുമായി എയിംസ് പോർട്ടൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. ReLIS-ലെ ഡാറ്റ കർഷകർക്കും ഉദ്യോഗസ്ഥർക്കും അവരവരുടെ ലോഗിനിൽ നേരിട്ട് കണ്ട് കൃഷിഭൂമിയുടെ കൃത്യത ഉറപ്പുവരുത്തുന്ന രീതിയിലാണ് എയിംസ് പോർട്ടലുമായി ഇതിനെ ബന്ധിപ്പിച്ചിട്ടുള്ളത്.

(സി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി റവന്യൂ പോർട്ടലിൽ ഭൂമി സംബന്ധമായ രേഖകൾ കാലാനുസൃതമായി പുതുക്കാത്തത് സംസ്ഥാനത്തെ കർഷകർക്ക് തിരിച്ചടിയായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂ പോർട്ടലിൽ ഭൂമി സംബന്ധമായ രേഖകൾ കാലാനുസൃതമായി പുതുക്കുന്നതിലേയ്ക്കായിട്ടുള്ള സംവിധാനം കൃഷി-റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരുക്കിയിട്ടുണ്ട്.

**കൃഷി ഭവനുകളുടെ പ്രവർത്തനം കർഷക സൗഹൃദമാക്കാൻ പദ്ധതി**

20 (1586) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഭവനുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലെ വീഴ്ചയും ആവശ്യമായ ജീവനക്കാരെ നിയോഗിക്കാതിരിക്കുന്നതും വിവിധ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. എന്നാൽ ചില കൃഷിഭവനുകളിൽ കൃഷി ഓഫീസറുടെ തസ്തിക പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നികത്താൻ സാദ്ധ്യമായിട്ടില്ല. അത്തരം പ്രദേശങ്ങളിൽ ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കൃഷി ഭവനുകളുടെ പ്രവർത്തനം കർഷക സൗഹൃദമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെയും കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിലൂടെ നിറവേറ്റുന്നതിനായും സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നീ മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്ന ലക്ഷ്യത്തോടെയും 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണ്.

## കാർഷിക മേഖലയുടെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ

21 (1587) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം നേടുന്നതിനായി വിപണി വിപുലീകരണത്തിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനും ന്യായവില ലഭ്യമാക്കുന്നതിനും വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി

വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്ര നാളികേര വികസന പദ്ധതി ഘടകങ്ങളായ കേരഗ്രാമം ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത പരിപാലന മുറകൾ, പച്ചില വള പ്രയോഗം, ഇടവിള കൃഷി (കേര രക്ഷാ വാരം) എന്നിവ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യ സുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഓരോ ഫാമിനും യോജിച്ച കാർഷികോൽപ്പാദന പദ്ധതി (ഫാം പ്ലാൻ) തയ്യാറാക്കി അത്

പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷിമുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷി വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ദീർഘകാലാടിസ്ഥാനത്തിൽ വാർഷിക വരുമാനം പരമാവധിയാക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ്. ഈ വർഷം 10,760 ഇത്തരം യൂണിറ്റുകൾ പദ്ധതിക്കുകീഴിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. തുടർവർഷങ്ങളിൽ ഈ പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പരിപാടിയുടെ ഭാഗമായി ഉൽപ്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് എഫ്.പി.ഒ (FPO)-കൾ/ കമ്പനികൾ രൂപീകരിക്കുന്നതിനായി കർഷക കൂട്ടായ്മകളെയും ഗ്രൂപ്പുകളെയും കണ്ടെത്തും. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക വികസന

കർഷകക്ഷേമ വകുപ്പ് മുഖേന ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കൃഷിയിടാസൂത്രണാധിഷ്ഠിത വികസനസമീപനം

2. വിള വിസ്തൃതി വർദ്ധനവും വികസനസമീപനവും

നെൽകൃഷി വികസന പദ്ധതി

പച്ചക്കറി വികസനം

നാളികേര വികസനം

സംയോജിത കൃഷിസമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം

ജൈവകൃഷിയും ഉത്തമകൃഷി രീതികളും

കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

3. കാർഷിക വിപണനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും

4. വരുമാനം ഉറപ്പാക്കലും നഷ്ട സാദ്ധ്യതാ ലഘൂകരണവും

5. മറ്റ് പദ്ധതികൾ

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും

മണ്ണിന്റെയും വിളകളുടേയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും

വിള ആരോഗ്യപരിപാലനം

ലബോറട്ടറികളുടെ ആധുനീകരണം

ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

(ബി) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ ഇന്നുവരെ കാർഷിക മേഖലയുടെ വികസനത്തിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്നും ആയതിലേയ്ക്കായി വകയിരുത്തിയ തുക എത്രയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ ഇന്നുവരെ കാർഷിക മേഖലയുടെ വികസനത്തിന് ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അവയുടെ ഇന്നത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ?

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ. പദ്ധതിയുടെ കീഴിൽ സുഭിക്ഷ കേരളം പരിപാടിയിൽ ഉൾപ്പെടുത്തി തരിശ് ഭൂമിയിൽ കൃഷി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി.

## സുഭിക്ഷ കേരളം പദ്ധതി

22 (1588) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യവിളകളുടെ ഉല്പാദനത്തിൽ കാര്യമായ വർദ്ധനവുണ്ടാകുകയും ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) സുഭിക്ഷ കേരളം പദ്ധതി പ്രകാരം ഇപ്പോൾ സംസ്ഥാനത്ത് ഉത്പാദിപ്പിച്ച ഭക്ഷ്യവിളകളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കർഷകർ ബുദ്ധിമുട്ട് അനുഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ**

23 (1589) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾക്കാണ് കൃഷി വകുപ്പ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളും അനുവദിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) 2016-2021 കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ കൃഷി വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാവേലിക്കര മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ

24 (1590) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.ഐ.ഡി.എഫ്-XXIII, XXIV, XXV എന്നിവയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ആർ.ഐ.ഡി.എഫ് XXIII, XXIV എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിൽ യാതൊരു പ്രവൃത്തികളും നടപ്പിലാക്കുന്നില്ല. എന്നാൽ ആർ.ഐ.ഡി.എഫ്- XXV-ൽ ഉൾപ്പെടുത്തി 808 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ആലപ്പുഴ ജില്ലയിലെ കരിങ്ങാലിൽ പുഞ്ചയുടെ അടിസ്ഥാന വികസന പ്രവൃത്തികൾ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു+.

## കുന്നത്തുനാട് മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

25 (1591) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താൻ എത്ര പ്രവൃത്തികളാണ് പഞ്ചായത്തുകളിൽ നിന്നും ലഭ്യമായത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കുന്നത്തുനാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽനിന്നും ഈ സർക്കാരിന്റെ കാലയളവിൽ പ്രൊപ്പോസലുകളൊന്നും കൃഷി വകുപ്പിൽ ലഭിച്ചിട്ടില്ല.

(സി) ഫണ്ട് അനുവദിക്കാൻ പരിഗണനയിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ (RKI) ഉൾപ്പെടുത്തി 1.25 കോടി രൂപ അടങ്കൽ തുകയുള്ള 'ബ്ലാന്തേവർ വെള്ളക്കെട്ട് നിവാരണ പദ്ധതി' സർക്കാർ അംഗീകാരത്തിനായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. 350 ഹെക്ടർ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ

വികസനത്തിനായി പാർശ്വഭിത്തി നിർമ്മാണം, സ്ലൂയിസ്സ്, സ്ലാബ്, റാംപ് മുതലായ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

**അധിവർഷ ആനുകൂല്യം അനുവദിക്കുന്നതിന് നടപടി**

26 (1592) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളികൾക്കായി അധിവർഷ ആനുകൂല്യം ഏർപ്പെടുത്തിയത് എന്ന് മുതലാണ്?

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകൃതമായ 1990 വർഷം മുതൽ അധിവർഷാനുകൂല്യം നൽകിവരുന്നുണ്ട്.

(ബി) അധിവർഷ ആനുകൂല്യം അനുവദിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; എത്ര രൂപയാണ് ഈ ഇനത്തിൽ കർഷകർക്ക് ലഭിക്കുക; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായ തൊഴിലാളി കുടിശ്ശികയില്ലാതെ 3 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുണ്ടെങ്കിൽ 60 വയസ്സ് പൂർത്തിയാകുമ്പോൾ അതിനാനുപാതികമായി പ്രതിവർഷം 625/- രൂപവീതം പരമാവധി 25,000/- രൂപവരെ അധിവർഷാനുകൂല്യമായി നൽകുന്നു. (അടച്ച വർഷം x 625/- രൂപ).

(സി) സംസ്ഥാനത്ത് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള അധിവർഷ ആനുകൂല്യത്തിന്റെ വിതരണം നിലച്ചിട്ട് എട്ടുവർഷമായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. 2009-10 കാലയളവിൽ അതുവരെയുള്ള അധിവർഷാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലേയ്ക്കായി സർക്കാർ 114.9 കോടി രൂപ മൂന്ന് ഗഡുക്കളായി നൽകുകയും 2011 വരെയുള്ള ആനുകൂല്യ വിതരണം പൂർത്തിയാക്കുകയും ചെയ്തിരുന്നു. തുടർന്നുള്ള അഞ്ച് വർഷക്കാലം നാമമാത്രമായ തുക മാത്രമാണ് ബോർഡിന് ലഭ്യമായതെന്നതിനാൽ ടി കാലയളവിൽ അധിവർഷാനുകൂല്യ വിതരണം കുടിശ്ശികയായി നിലനിന്നു. തുടർന്ന് വന്ന സർക്കാർ 2017-18 കാലഘട്ടത്തിൽ 30 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 20 കോടി രൂപയും അധിവർഷാനുകൂല്യ വിതരണത്തിനായി അനുവദിക്കുകയും ആയതിന്റെ വിതരണം പൂർത്തിയാക്കുകയും ചെയ്തതിനാൽ നിലവിൽ 2014 ഡിസംബർ മാസം വരെയുള്ള അപേക്ഷകൾ ബോർഡ് തീർപ്പാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ബോർഡിന് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, മാരകരോഗബാധിതരായ അംഗങ്ങൾക്ക്

അധിവർഷാനുകൂല്യമിനത്തിൽ ബോർഡിന്റെ തനത് ഫണ്ടിൽനിന്നും ഉടനടി ആനുകൂല്യ വിതരണം ചെയ്തുവരുന്നുണ്ട്.

(ഡി) ഫണ്ടിന്റെ അഭാവമാണോ ഈ ആനുകൂല്യം വിതരണം ചെയ്യുന്നതിന് തടസ്സമായിരിക്കുന്നത്; എങ്കിൽ പ്രളയം, കോവിഡ് പ്രതിസന്ധി എന്നിവ മൂലം ദുരിതത്തിലായിരിക്കുന്ന കർഷകർക്ക് അടിയന്തര സഹായമായി അധിവർഷ ആനുകൂല്യം വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഒരു തൊഴിലാളി ഒരു വർഷം 240/- രൂപ അംശദായം അടയ്ക്കുമ്പോൾ 625/- രൂപയാണ് തിരികെ ആനുകൂല്യമായി നൽകിവരുന്നത്. 2018 പ്രളയത്തിനുശേഷം അധിവർഷാനുകൂല്യ വിതരണത്തിന് 100 കോടി രൂപ ധനസഹായം അനുവദിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ അധിവർഷാനുകൂല്യ വിതരണത്തിനായി അനുവദിച്ച 20 കോടി രൂപയുടെ വിതരണം പൂർത്തിയാക്കിയിട്ടുള്ളതും 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കോവിഡ് പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 5,53,041 അംഗങ്ങൾക്ക് 1,000/- രൂപ വീതം 55,30,41,000/- രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 5,57,621 അംഗങ്ങൾക്ക് 1,000/- രൂപ വീതം

55,76,21,000/- രൂപയും കോവിഡ് ധനസഹായമായി നൽകിയിരുന്നു. കൂടാതെ, ബോർഡിന്റെ തനത് ഫണ്ടിൽനിന്ന് കോവിഡ് ബാധിതരായ 3,095 അംഗങ്ങൾക്ക് 7,500/- രൂപ വീതം 2,32,12,500/- രൂപയും നിരീക്ഷണത്തിൽ കഴിഞ്ഞ 603 അംഗങ്ങൾക്ക് 1,000/- രൂപ വീതം 6,03,000/- രൂപയും ഉൾപ്പെടെ ആകെ 2,38,15,500/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

**കൃഷി വകുപ്പിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക**

27 (1593) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷം കൃഷി വകുപ്പിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചു; ഓരോ ശീർഷകത്തിലും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിന് ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ

28 (1594) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ ജൈവകൃഷിയും ഉത്തമകൃഷി മുറകളും എന്ന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ജൈവകൃഷിയും പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക്ക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവകൃഷി വ്യാപനത്തിനായി 30'x8'x2.5' വിസ്തീർണ്ണമുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷകർക്ക്

ധനസഹായം നൽകിവരുന്നു. യൂണിറ്റൊന്നിന് മൊത്തം ചെലവായ ഒരു ലക്ഷം രൂപയുടെ 50% ആയ 50,000 രൂപ ധനസഹായം നൽകുന്നു. കൂടാതെ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി) പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കുന്നു. കൃഷി വകുപ്പ് ഇപ്പോൾ നടപ്പിലാക്കിവരുന്ന ജൈവകൃഷി പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് സമഗ്രമായ ജൈവകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് ജൈവകൃഷി മിഷൻ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്ത് ജൈവകൃഷി വിപണി പിടിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി 2013-14 മുതൽ 2020-21 വരെ 274 ഇക്കോഷോപ്പുകളും 2021-22 സാമ്പത്തിക വർഷത്തിൽ 12 ഇക്കോഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. ആകെ 286 ഇക്കോഷോപ്പുകൾ ജൈവകൃഷിയും ഉത്തമകൃഷി മുറകളും പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ കൃഷി വകുപ്പിന്റെ മറ്റ് പദ്ധതികളിലൂടെ 192 ഇക്കോഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജൈവകൃഷിയും ഉത്തമകൃഷി മുറകളും പദ്ധതിയിൽ രണ്ട് ഹൈടെക്ക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ

ഹോർട്ടികോർപ്പ് മുഖേന ആലപ്പുഴ ജില്ലയിലും വി.എഫ്.പി.സി.കെ. മുഖേന കോഴിക്കോട് ജില്ലയിലും സ്ഥാപിക്കുന്നതിനായി ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റിന് 25 ലക്ഷം രൂപ നിരക്കിൽ 2022-23 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

### വിഷരഹിത പഴം, പച്ചക്കറി ഉല്പന്നങ്ങളുടെ ലഭ്യത

29 (1595) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന പഴം, പച്ചക്കറി എന്നിവയിലെ അവശിഷ്ട വിഷാംശം കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ പഴം, പച്ചക്കറികളുടെ കീടനാശിനി പരിശോധനയ്ക്കായി 4 ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. വെള്ളായണി കാർഷിക കോളേജ്, കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, വെള്ളാനിക്കര കാർഷിക കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിലെ ലാബുകളിലാണ് കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനയ്ക്ക് വിധേയമാക്കുന്നത്. കീടനാശിനി പരിശോധനയ്ക്കാവശ്യമായ Gas Chrometograph, Gas Chrometograph Mass Spectrometer തുടങ്ങിയ ഉപകരണങ്ങൾ കേരള കാർഷിക സർവ്വകലാശാലയുടെ എല്ലാ ലാബുകളിലും സജ്ജീകരിച്ചിട്ടുണ്ട്. പുത്തൻതലമുറ കീടനാശിനികളെ പരിശോധിക്കാൻ ഉപയോഗിക്കുന്ന Liquid Chrometograph Mass Spectrometer (LCMS/MS) എന്ന ഉപകരണം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ ലഭ്യമാണ്. ഈ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പഴം, പച്ചക്കറികളിലെ 98-ഓളം കീടനാശിനികൾ പരിശോധിക്കാൻ കഴിയും. കൂടാതെ, ഭക്ഷ്യ സുരക്ഷാ വകുപ്പിൻ കീഴിലെ ഉദ്യോഗസ്ഥർ പഴം,

പച്ചക്കറി എന്നിവയിൽ അവശിഷ്ട വിഷാംശമുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഉല്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിക്കുകയും അവ NABL accreditation ഉള്ള 3 അനലിറ്റിക്കൽ ലാബുകളിലേയ്ക്ക് അയച്ച് ആധുനിക വിശകലന ഉപകരണങ്ങളായ GC-MS/MS, LC-MS/MS എന്നിവയുടെ സഹായത്താൽ വിഷാംശത്തിന്റെ അവശിഷ്ടം ഉണ്ടോയെന്ന് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പര്യാപ്തമാണോയെന്നത് സംബന്ധിച്ച പഠന റിപ്പോർട്ടുകൾ ലഭ്യമാണോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ?

നിലവിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബുകളുടെ പര്യാപ്തത സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പഠനങ്ങൾ നടത്തിയിട്ടില്ല.

(സി) സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്ന ജൈവ പഴം, പച്ചക്കറി വിൽപ്പന കേന്ദ്രങ്ങൾവഴി വിൽക്കുന്ന ഉല്പന്നങ്ങൾ വിഷരഹിതമാണെന്ന് ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കാമോ?

കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള 4 ലാബുകളിലും ജൈവ ഉല്പന്നങ്ങൾ എന്ന ലേബലിൽ വിൽക്കുന്ന ഉല്പന്നങ്ങളുടെ പരിശോധന നിരന്തരം നടത്തിവരുന്നുണ്ട്. കാലാകാലങ്ങളിൽ സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ ജൈവമെന്ന ലേബലിൽ വിൽക്കുന്ന ഉല്പന്നങ്ങളുടെ പരിശോധനാ ഫലങ്ങൾ വെവ്വേറെ നൽകിവരുന്നുണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സഹായത്തോടെ കാർഷിക സർവ്വകലാശാലയുടെ വെള്ളായണി ലാബിൽ നടപ്പിലാക്കിവരുന്ന സേഫ് ടു ഈറ്റ് പദ്ധതി മുഖേന പൊതുവിപണിയിൽനിന്നും കർഷകരുടെ പാടത്തുനിന്നും നേരിട്ട് ശേഖരിക്കുന്ന സാമ്പിളുകൾ, ഇക്കോഷോപ്പ് സാമ്പിളുകൾ, ജൈവമെന്ന ലേബലിൽ വിൽക്കുന്ന ഉല്പന്നങ്ങളുടെ സാമ്പിളുകൾ എന്നിവ പരിശോധിച്ച് ആയതിന്റെ പരിശോധന ഫലം www.kerala.gov.in എന്ന കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുവരെ 55 റിപ്പോർട്ടുകളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(ഡി) യഥാർത്ഥ വിഷരഹിത ജൈവ ഉല്പന്ന വിൽപ്പനശാലകളെ പ്രോത്സാഹിപ്പിക്കുന്നതിന് രജിസ്ട്രേഷൻ, സബ്സിഡി സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ സ്വകാര്യ മേഖലകളിലുള്ള വിപണികൾക്ക് കൃഷി വകുപ്പ് രജിസ്ട്രേഷൻ നൽകുന്നില്ല. ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൽ രണ്ട് ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ ഹോർട്ടികോർപ്പ് മുഖേന ആലപ്പുഴ ജില്ലയിലും വി.എഫ്.പി.സി.കെ. മുഖേന കോഴിക്കോട് ജില്ലയിലും സ്ഥാപിക്കുന്നതിനായി ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റിന് 25 ലക്ഷം രൂപ നിരക്കിൽ 2022-23 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്വകാര്യ മേഖലയിൽ ജൈവ ഉല്പന്ന വില്പനശാലകൾക്ക് സബ്സിഡി നൽകുന്നതിന് നിലവിൽ സംവിധാനമില്ല.

(ഇ) വിഷരഹിത കാർഷികോല്പന്നങ്ങൾക്ക് സർക്കാരിന് കീഴിൽ ഒരു ബ്രാന്റിങ് സംവിധാനം ഏർപ്പെടുത്തി ഫ്രാഞ്ചൈസികളിലൂടെ വിപണനം വ്യാപിപ്പിക്കാനും തദ്വാര യഥാർത്ഥ വിഷരഹിത ജൈവ ഉല്പന്നങ്ങൾക്ക് പ്രചാരം ലഭിക്കുന്നതിനും നടപടി സ്വീകരിക്കാമോ?

സംസ്ഥാന സർക്കാർ വിഷരഹിത ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാന്റും ലോഗോയും

ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിലെ ക്ലസ്റ്ററിൽ അംഗമായി പൂർണ്ണമായും ജൈവകൃഷി രീതിയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ " PGS INDIA - ORGANIC" എന്ന ബ്രാൻഡിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. വിഷരഹിത കാർഷികോല്പന്നങ്ങൾ ഫ്രാഞ്ചൈസികളിലൂടെ വിപണനം നടത്തുന്നതിന് നിലവിൽ സംവിധാനമില്ല. കേരള സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ജൈവകൃഷി മിഷനിലൂടെ വിഷരഹിത കാർഷികോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാനും വിപണനം നടത്തുവാനുമുള്ള നടപടി സർക്കാർ പരിശോധിച്ചുവരികയാണ്.

## നെല്ലിന്റെ സംഭരണ വില

30 (1596) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം നെല്ല് സംഭരണം നടത്തിയ വകയിൽ കർഷകർക്ക് കൃത്യമായി സംഭരണ വില നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

2021-22 സീസണിൽ 24-06-2022 വരെ 252132 കർഷകരിൽ നിന്നും 745163 ടൺ നെല്ല് സംഭരിക്കുകയും 243862 കർഷകർക്ക് 2038.14 കോടി രൂപ വിതരണം ചെയ്യുകയുമുണ്ടായി. ബാക്കിയുള്ള 48.32 കോടി രൂപ 8270 കർഷകർക്കായി വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നെല്ലിന്റെ സംഭരണ വില കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതിന് ആനുപാതികമായി സംസ്ഥാന സർക്കാർ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 സീസൺ മുതൽ നെല്ലിന്റെ താങ്ങുവില (MSP) കേന്ദ്ര സർക്കാർ 19.40 രൂപയിൽനിന്നും ഒരു രൂപ വർദ്ധിപ്പിച്ച് 20.40 രൂപ ആക്കിയതായി മാധ്യമങ്ങളിലൂടെ വിവരം ലഭിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച ഉത്തരവ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

(സി) വേനൽമഴയിൽ നെൽപ്പാടങ്ങൾ തകർന്നുപോയ കർഷകർക്ക് സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

വേനൽമഴ മൂലമുണ്ടായ നെൽകൃഷി നാശത്തിന് നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിച്ച കർഷകർക്ക് കൃഷി വകുപ്പിന്റെ

പദ്ധതിയായ "പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനുള്ള അടിയന്തര പരിപാടി" മുഖേന സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ഒരു ഹെക്ടറിന് 13,500/- രൂപ നിരക്കിലും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത കർഷകർക്ക് ഒരു ഹെക്ടറിന് 35,000/- രൂപ നിരക്കിലും നഷ്ടപരിഹാരം നൽകുന്നുണ്ട്. പ്രസ്തുത പദ്ധതികൾ നിലവിൽ കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ മുഖേന ഓൺലൈനായാണ് നടപ്പിലാക്കുന്നത്. 01-04-2022 മുതൽ 31-05-2022 വരെയുള്ള കാലയളവിലെ എയിംസ് പോർട്ടലിലെ റിപ്പോർട്ടുപ്രകാരം നെൽകൃഷി നാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 886.27788 ലക്ഷം രൂപയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം 432.1692 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വേനൽമഴയിൽ കനത്ത നാശനഷ്ടം സംഭവിച്ചതിനെത്തുടർന്ന് ആത്മഹത്യ ചെയ്ത നെൽകർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനും കർഷകരുടെ വായ്പയ്ക്ക് മൊറട്ടോറിയം ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുന്നതിനും പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിനും

വായ്പയുടെ തിരിച്ചടവിന് സാവകാശവും തവണയും അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി മൊറട്ടോറിയമുൾപ്പെടെയുള്ള ആശ്വാസ നടപടികൾ ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കർഷകരുടെ വായ്പകളിന്മേൽ ബാങ്കുകൾ നടപടി സ്വീകരിച്ചുവരുന്നു.

**വയനാട് ജില്ലയിൽ നെൽ കൃഷിക്ക് പ്രത്യേക പാക്കേജ്**

31 (1597) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയുടെ വില വർദ്ധനവ് പരിഗണിച്ച് വയനാട് ജില്ലയിൽ നെൽകൃഷിക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാനും നെൽക്കൃഷി പ്രോത്സാഹനത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ നെൽക്കൃഷി പ്രോത്സാഹനത്തിന് വേണ്ടി കൃഷി വകുപ്പ് നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ ഏകദേശം 282.12 ലക്ഷം രൂപയുടെ പദ്ധതികൾ

നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പദ്ധതിയിലെ വിവിധ ഘടകങ്ങളും ജില്ലയ്ക്ക് നൽകാനുദ്ദേശിക്കുന്ന ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങളും (Tentative Target) സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. കൃഷിഭവനുകൾ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷി വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇവയ്ക്കുപുറമെ പ്രോജക്ട് അധിഷ്ഠിതമായി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

വയനാട് വികസന പാക്കേജിനായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 75.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ജില്ലാ കളക്ടർ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നെൽക്യഷിയുൾപ്പെടെയുള്ള എല്ലാ പ്രധാന വിളകളുടെയും വികസനത്തിന് പ്രത്യേക പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കുന്നതിന് വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദേശം നൽകുന്നതാണ്.

(ബി) രാസവളങ്ങളുടെയും കീടനാശിനികളുടെയും വില വർദ്ധനവ്, തൊഴിലാളികളുടെ ക്ഷാമം, കൂലി ചെലവ്, ജലസേചന സൗകര്യങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപര്യാപ്തത എന്നിവ കാരണം വയനാട്ടിലെ നെൽക്കൃഷി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നെൽവിത്തിന്റെയും ജൈവ ഉല്പാദനോപാധികളുടെയും ആനുകൂല്യമായി സുസ്ഥിര നെൽകൃഷി വികസനത്തിൽ ഉൾപ്പെടുത്തി ഹെക്ടറിന് 5500 രൂപ നിരക്കിൽ കർഷകർക്ക് നൽകിവരുന്നുണ്ട്. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്ക് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ കുമ്മായം, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ ആനുകൂല്യമായി ഹെക്ടറിന് 5,400/- രൂപ നിരക്കിലും ഉല്പാദന ബോണസായി ഹെക്ടറിന് 1000/- രൂപ നിരക്കിലും കർഷകർക്ക് അനുവദിക്കുന്നുണ്ട്. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പരിധിയില്ലാതെ നെൽകർഷകർക്ക് നൽകിവരുന്നുണ്ട്.

(സി) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട്ടിലെ നെൽക്കൃഷി മേഖല പരിപോഷിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ ഏറ്റെടുക്കുന്നത്

അനുവദനീയമല്ല. ആയതിനാൽ നെൽകൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ല. എന്നാൽ തരിശ് ഭൂമി കൃഷിയോഗ്യമാക്കി നൽകുന്ന പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായതിനാൽ വർഷങ്ങളായി തരിശ് കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി നൽകാൻ കഴിയുന്നതാണ്.

**കുട്ടനാട്ടിൽ മടവീഴ്ചമൂലം കൃഷി നശിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ്**

32 (1598) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ മടവീഴ്ചമൂലം കൃഷി നശിച്ച് കടക്കെണിയിലായ കർഷകർക്ക് വിള ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സഹായങ്ങൾ അടിയന്തരമായി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

2021-2022 സാമ്പത്തിക വർഷത്തിൽ വിളനാശം സംഭവിച്ച 16 കുട്ടനാടൻ പാടശേഖരങ്ങൾക്കൊഴികെ എല്ലാ കർഷകർക്കും 2021-2022 സാമ്പത്തിക വർഷത്തിൽ വിള ഇൻഷ്വറൻസ് പ്രകാരമുള്ള ഓഫ്‌ലൈൻ അപേക്ഷകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 16 പാടശേഖരങ്ങൾക്ക്

1,63,50,402/- (ഒരു കോടി അറുപത്തിമൂന്ന് ലക്ഷത്തി അമ്പതിനായിരത്തി നാനൂറ്റി രണ്ട് രൂപ മാത്രം) നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അടിയന്തരമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ വിള ഇൻഷ്വറൻസ് അപേക്ഷകളിൽ കുട്ടനാടൻ പാടശേഖരങ്ങൾ ഉൾപ്പെടുന്ന ചമ്പക്കുളം, രാമങ്കരി, അമ്പലപ്പുഴ, ആലപ്പുഴ, ഹരിപ്പാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ നാളിതുവരെയായി 1,27,00,002/- രൂപ (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷത്തി രണ്ട് രൂപ മാത്രം) നെൽക്കൃഷി നാശത്തിന് അനുവദിച്ചിട്ടുണ്ട്. ടി തുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. നിലവിൽ വിള ഇൻഷ്വറൻസ് അപേക്ഷ, പ്രീമിയം സ്വീകരിക്കൽ, പോളിസി സർട്ടിഫിക്കറ്റ് അനുവദിക്കൽ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ, നഷ്ടപരിഹാരം അനുവദിക്കൽ എന്നിവ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ ആയതിനാൽ കാലതാമസം കൂടാതെ അപേക്ഷകളിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നുണ്ട്. 2021 ഒക്ടോബർ മാസത്തിലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ കുട്ടനാടൻ മേഖലയിലെ 69 പാടശേഖരങ്ങളിൽ മടവീഴ്ചയെത്തുടർന്ന് മട/ബണ്ട് പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടർ അനുവദിച്ച എസ്.ഡി.ആർ.എഫ്.

ഫണ്ടിനത്തിൽ 71,39,057/- രൂപ പാടശേഖര സമിതികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയതിനുശേഷം ലഭ്യമായിട്ടുള്ള 28 പാടശേഖരങ്ങളുടെ മട/ബണ്ട് പുനർനിർമ്മാണം സംബന്ധിച്ച വാല്യൂവേഷനുകൾ, ഫണ്ട് അനുവദിക്കുന്നമുറയ്ക്ക് നൽകുന്നതാണ്. ടി തുക ജില്ലാ കളക്ടറിൽനിന്നും അനുവദിക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നെൽകർഷകരുടെ ആനുകൂല്യങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നെൽകർഷകർക്ക് അനുവദനീയമായ പദ്ധതികളായ Rice Development Scheme (Sustainable Development of Rice, Upland Rice cultivation, Fallow Land Paddy Cultivation, Promotion of Speciality Rice, Operational Support of Padasekhara Samithies). RKVY fallow Paddy, RKVY Productivity Improvement of paddy input Assistance, Paddy Production bonus, Soil and Root Health Management Scheme (കുമ്മായ വസ്തുക്കൾക്കുള്ള ആനുകൂല്യം) എന്നിവയുടെ ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ അനുവദിക്കുന്നമുറയ്ക്ക്

സബ്ഓഫീസുകൾക്ക് റീ-അലോട്ട് ചെയ്ത് നൽകുന്നുണ്ട്. ആയത് യഥാസമയം കർഷകർക്ക് വിതരണം ചെയ്ത് നൽകുന്നുണ്ട്.

(സി) വിള ഇൻഷുറൻസ്, പമ്പിംഗ് സബ്സിഡി, കൈകാര്യ ചിലവ്, പ്രൊഡക്ഷൻ ബോണസ്, സൗജന്യ വിത്തും വളവും, നെല്ല് സംഭരണ വില തുടങ്ങിയവ യഥാസമയം കർഷകർക്ക് ലഭിക്കുന്നുയെന്ന് ഉറപ്പുവരുത്താൻ പുതിയതായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഓൺലൈനായി എയിംസ് പോർട്ടൽ മുഖേന കർഷകർക്ക് അംഗമാകുന്നതിനും പോളിസി വിതരണം, നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നതിനും അതുവഴി കാലതാമസം ഒഴിവാക്കി ആനുകൂല്യം ലഭ്യമാക്കുന്നതിന് സാധ്യമാകുന്നു. പമ്പിംഗ് സബ്സിഡി യഥാസമയം റവന്യൂ വകുപ്പിൽനിന്നും അനുവദിച്ചു വരുന്നുണ്ട്. നെൽസംഭരണ വില സപ്ലൈകോ DBT സംവിധാനത്തിലൂടെ കർഷകർക്ക് നൽകിവരുന്നുണ്ട്. ജനകീയാസൂത്രണ പദ്ധതികളും വിവിധ വകുപ്പുതല പദ്ധതികളും മുഖേനയാണ് സൗജന്യമായി വിത്ത് കർഷകർക്ക് ലഭ്യമാക്കി വരുന്നത്. 2022-23 വർഷത്തെ പ്രൊഡക്ഷൻ ബോണസ് നൽകുന്നതിന് ബഡ്ജറ്റ് വിഹിതമായി പഞ്ചായത്തിന് 1324.00 ലക്ഷം രൂപയും

മുനിസിപ്പാലിറ്റികൾക്കായി 44.00 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.5 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഈ തുക ജില്ലകളുടെ ആവശ്യാനുസരണം ഒരു ഹെക്ടറിന് 1000/- രൂപ നിരക്കിൽ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കർഷകർക്ക് സബ്സിഡി നിരക്കിലാണ് വളം ലഭ്യമാകുന്നത്. കൂടാതെ കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വിവിധ പദ്ധതികളിലൂടെ വളം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതികൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. അതിലൂടെ പദ്ധതികളുടെ നടത്തിപ്പ് കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കാനും കർഷകർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നത് ഉറപ്പാക്കുവാനും കഴിയുന്നതാണ്.

## തരിശുരഹിതമാക്കലും നെൽകൃഷി വ്യാപനവും

33 (1599) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തെ തരിശുരഹിതമാക്കുന്നതിനും നെൽക്യഷി വ്യാപിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തെ തരിശുരഹിതമാക്കുന്നതിനും നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 141.49451 ലക്ഷം രൂപയുടെ ആനുകൂല്യം മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന മാവേലിക്കര, ചാരുമൂട് ബ്ലോക്കുകളിലെ കർഷകർക്ക് വിതരണം ചെയ്തു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതി (Soil and Root health Management Scheme)-യിൽ ഉൾപ്പെടുത്തി കുമ്മായം, സൂക്ഷ്മാണുവളം എന്നിവയ്ക്കായി 24.89888 ലക്ഷം രൂപയുടെ ആനുകൂല്യം മാവേലിക്കര, ചാരുമൂട് ബ്ലോക്കുകളിലെ കർഷകർക്ക് നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയിലെ തരിശ് കൃഷി (Fallow land Cultivation)-യിൽ ഉൾപ്പെടുത്തി 17.06 ഹെക്ടർ കിഴങ്ങുവർഗ്ഗവിള കൃഷി, 58.47 ഹെക്ടർ നെൽകൃഷി, 12.976 ഹെക്ടർ പച്ചക്കറിക്കൃഷി, 9.448 ഹെക്ടർ വാഴക്കൃഷി, 2.00 ഹെക്ടർ പയർവർഗ്ഗ വിളക്കൃഷി എന്നിവയ്ക്കായി 31.27513 ലക്ഷം രൂപയുടെ ആനുകൂല്യം കർഷകർക്ക് വിതരണം ചെയ്തു. അതേ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിലെ നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ (Productivity Improvement of Paddy) എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യമായി ഹെക്ടറിന് 4500 രൂപ പ്രകാരം 103.54379 ലക്ഷം രൂപ ആനുകൂല്യമായി നൽകിയിട്ടുണ്ട്. 2021-22 പച്ചക്കറി വികസന പദ്ധതിയിലെ സുഭിക്ഷ കേരളം-തരിശ് കൃഷിയിൽ ഉൾപ്പെടുത്തി 7.474 ഹെക്ടറിൽ പച്ചക്കറി കൃഷിക്കായി 2.9896 ലക്ഷം രൂപയുടെ അനുകൂല്യം കർഷകർക്ക് നൽകി. ഇവയ്ക്കുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഉൾപ്പെടുത്തിയും നെൽക്കൃഷിക്കുള്ള വിത്ത്, ഉല്പാദനോപാധികൾ, ഉഴവുകൂലി എന്നിവയ്ക്കും തരിശ് നെൽക്കൃഷിക്കും കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിൽനിന്നും 1324.37 ഹെക്ടർ നെൽകൃഷിക്കും 10 ഹെക്ടർ തരിശ് നെൽകൃഷിക്കുമായി 143.29288 ലക്ഷം രൂപയുടെ ആനുകൂല്യം മാവേലിക്കര, ചാരുമൂട് ബ്ലോക്കുകളിലെ കർഷകർക്ക് ലഭ്യമാക്കി.

**കേരഗ്രാമം**

34 (1600) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയെന്നും എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നും വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ, മടിക്കൈ (2017-18), അജാനൂർ (2020-21), കോടോം-ബേളൂർ (2021-22) എന്നീ ഗ്രാമപഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത കാര്യങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പുതുതായി ഏതൊക്കെ ഗ്രാമപഞ്ചായത്തുകളെയാണ് കേരഗ്രാമം പഞ്ചായത്തിലേയ്ക്ക് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

2014-15 വർഷം മുതൽ കേരഗ്രാമം നടപ്പിലാക്കാത്തതും 100 ഹെക്ടർ വീതം തെങ്ങുകൃഷിയുള്ള 100 പഞ്ചായത്തുകളെ 2022-23 കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**പച്ചത്തേങ്ങ സംഭരണം**

35 (1601) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് നിലവിൽ കൃഷിക്കാരിൽനിന്നും പച്ചത്തേങ്ങ സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ; നിലവിൽ എന്ത് വിലയ്ക്കാണ് സംഭരണം നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 14-01-2022-ൽ സർക്കാർ ഉത്തരവായിരുന്നു. ആദ്യഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചിന്നിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചതേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡിന്റെ മേൽപ്പറഞ്ഞ 5 കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേനയും വെജിറ്റബിൾ

ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (VFPCK)-യുടെ 36 വിപണികൾവഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 15 വിപണികൾ വഴിയും മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് VFPCK പച്ചത്തേങ്ങ സംഭരിക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

**നാളികേര വിലയിടിവ് പരിഹരിക്കുന്നതിന് നടപടികൾ**

36 (1602) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വിലയിടിവ് കാരണം കേരകർഷകർ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

നാളികേര വിലയിടിവ് കാരണം ചില ജില്ലകളിലെ കേര കർഷകർ ബുദ്ധിമുട്ടിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ പച്ചത്തേങ്ങയുടെ താങ്ങുവില കിലോയ്ക്ക് 27 രൂപയിൽനിന്നും 32 രൂപയാക്കി വർദ്ധിപ്പിക്കുകയും കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നീ

സ്ഥാപനങ്ങളെ പച്ചത്തേങ്ങ സംഭരണത്തിനായിട്ടുള്ള നോഡൽ ഏജൻസികളായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. 2022 ജൂൺ മാസം മുതൽ കേരഫെഡ് നേരിട്ടും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) മുഖേനയും കർഷകരിൽനിന്നും പച്ചത്തേങ്ങ 32 രൂപ നിരക്കിൽ സംഭരിക്കുകയും ചെയ്യുന്നുണ്ട്. ആദ്യഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചിന്നിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചതേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഉണ്ടായിരുന്ന മേല്പറഞ്ഞ 5 കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേനയും കേരഫെഡ് നേരിട്ടും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK)-യുടെ 36 വിപണികൾ വഴിയും 2022

ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ VFPCK-യുടെ 15 വിപണികൾ വഴിയും, മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും, കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് ഈ സംഭരണ നടക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

(ബി) വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന ഏജൻസികൾ കൊപ്ര സംഭരിക്കരുതെന്ന വ്യവസ്ഥ നാഫെഡ് കർശനമാക്കിയതോടെ പ്രധാന ഏജൻസിയായ കേരഫെഡ് ഇതുവരെ കൊപ്ര സംഭരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നാളികേര വിലയിടിവിന് കാരണമായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന ഏജൻസികൾ കൊപ്ര സംഭരിക്കരുതെന്ന വ്യവസ്ഥ നാഫെഡ് കർശനമാക്കിയതോടെ പ്രധാന ഏജൻസിയായ കേരഫെഡ് ഇതുവരെ കൊപ്ര സംഭരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് നാളികേര വിലയിടിവിന് കാരണമായിട്ടില്ല.

(സി) പച്ചത്തേങ്ങ സംഭരണത്തിന് കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കേന്ദ്രങ്ങളാണ് നിലവിലുള്ളത് എന്നറിയിക്കാമോ; കുറ്റ്യാടിയിലോ പരിസരത്തോ പച്ചത്തേങ്ങ സംഭരണ കേന്ദ്രമുണ്ടോ എന്നറിയിക്കാമോ?

പച്ചത്തേങ്ങ സംഭരണത്തിന് കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിലുള്ള കേരഫെഡ് ഫാക്ടറി മുഖേന കേരഫെഡ് നേരിട്ടും വി.എഫ്.പി.സി.കെ-യുടെ 9 വിപണികൾ വഴിയും പച്ചത്തേങ്ങ സംഭരിച്ചുവരുന്നു (മുക്കം, മാവൂർ, വെള്ളന്നൂർ, തിരുവമ്പാടി, കൊടിയത്തൂർ, കൂടരഞ്ഞി, കാക്കൂർ, തലകളത്തൂർ, കുന്ദമംഗലം). കുറ്റ്യാടിയിലോ പരിസരത്തോ വി.എഫ്.പി.സി.കെ-യുടെ പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ നിലവിലില്ല.

(ഡി) നാളികേര വിലയിടിവ് കാരണം പ്രതിസന്ധിയിലായ കേര കർഷകർക്ക് സംഭരണ കേന്ദ്രങ്ങളിലേയ്ക്കുള്ള വർദ്ധിച്ച ദൂരം കാരണം പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ?

ദൂരത്തിന്റെ പ്രയാസം ചൂണ്ടിക്കാണിക്കുന്ന ഇടങ്ങളിൽനിന്ന് നാളികേരം സംഭരിക്കാൻ സംവിധാനമൊരുക്കുന്നതാണ്.

## അരൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

37 (1603) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് കഴിഞ്ഞ വർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്?

2021-22 വർഷത്തിൽ അരൂർ നിയോജക മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗുണഭോക്താക്കൾക്ക് നൽകിയതെന്ന് വിശദമാക്കാമോ?

കേരഗ്രാമം പദ്ധതി പ്രകാരം പാണാവള്ളി പഞ്ചായത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയ ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## നാളികേര കർഷകർക്ക് താങ്ങാകാൻ കൃഷിവകുപ്പ്

38 (1604) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ നാളികേര കർഷകർ നേരിടുന്ന വലിയ വിലത്തകർച്ചയിൽ താങ്ങായി നിൽക്കാൻ കൃഷി വകുപ്പ് എന്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിലത്തകർച്ചയിൽ നിന്നും കർഷകരെ സഹായിക്കുന്നതിനായി സംഭരണം സ്ഥിരമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടത്താനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത സർക്കാർ നേതൃത്വത്തിൽ വർദ്ധിപ്പിക്കുന്നതിനും പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 14-01-2022-ൽ സർക്കാർ ഉത്തരവായിരുന്നു. കിലോഗ്രാമിന് 32 രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. ആദ്യഘട്ടത്തിൽ പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചിന്നിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചത്തേങ്ങ സംഭരണം

വിപുലീകരിക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ 5 സംഭരണ കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ടും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK)-യുടെ 36 സ്വാശ്രയ കർഷക സംഘങ്ങൾ (SKS) വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 15 സ്വാശ്രയ കർഷക സംഘങ്ങൾ (SKS) വഴിയും മലപ്പുറം ജില്ലയിൽ 12 സ്വാശ്രയ കർഷക സംഘങ്ങൾ (SKS) വഴിയും കോഴിക്കോട് ജില്ലയിൽ 9 സ്വാശ്രയ കർഷക സംഘങ്ങൾ (SKS) വഴിയുമാണ് VFPCK പച്ചത്തേങ്ങ സംഭരിക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം വാർഷിക ഉൽപ്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം കൃഷി ഓഫീസർ/കൃഷി ഫീൽഡ് ഓഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ

വിപണനം ചെയ്യാനുദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകരിൽനിന്നും ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും തെങ്ങൊന്നിന് പരമാവധി 50 നാളികേരം (6 തവണകളിലായി) ഒരു വർഷം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നു. കർഷകരെ സഹായിക്കുന്നതിനായി പച്ചത്തേങ്ങ കിലോഗ്രാമിന് 32 രൂപയിൽനിന്നും വില താഴുമ്പോഴാണ് സംഭരണം നടത്തുന്നത്. നാളികേര കർഷകർക്ക് താങ്ങായി നാളികേരത്തിൽനിന്നുള്ള വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അവ മെച്ചപ്പെട്ട പാക്കിംഗ് സൗകര്യങ്ങളോടെ വിറ്റഴിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് എസ്.എഫ്.എ.സി. മുഖേന സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധിത സംരഭങ്ങൾക്കുള്ള (MSME Scheme) പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിവരുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യ, ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറി കെട്ടിടം, ഓഫീസ് കെട്ടിടം, ഓഫീസ് സാമഗ്രികൾ യന്ത്രസാമഗ്രികൾ, മെഷീനുകൾ, ബയോ വേസ്റ്റ് നിർമ്മാർജ്ജന യൂണിറ്റ്, പാക്കേജിംഗ് യന്ത്രങ്ങൾ തുടങ്ങിയവയ്ക്കാണ് SFAC മുഖേന MSME പദ്ധതിയിലൂടെ സബ്സിഡി നൽകിവരുന്നത്. കൂടാതെ APEDA-യുമായി

സഹകരിച്ച് ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിനും അങ്ങനെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

**മാമം നാളികേര കോംപ്ലക്സിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ**

39 (1605) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

നിലവിൽ 30 MTPD കപ്പാസിറ്റിയുള്ള ആധുനിക വെളിച്ചെണ്ണ മില്ലും പ്രതിദിനം 1000 ലിറ്റർ കപ്പാസിറ്റിയുള്ള വിർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. 06-07-21-ലെ സ.ഉ(സാധാ) നം.574/21/കൃഷി ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ ഏലത്തൂരിൽ വെളിച്ചെണ്ണ മിൽ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുള്ള ഉത്തരവ് ഭേഗദതി ചെയ്ത് ആറ്റിങ്ങലിൽ മാമത്ത് നിലവിലുള്ള വെളിച്ചെണ്ണ മില്ലിനോട് ചേർന്ന് 15-20 MTPD സംസ്കരണ ശേഷിയുള്ള മിൽ സ്ഥാപിക്കുന്നതിനുതകുന്ന രീതിയിൽ

ടി തുക വിനിയോഗിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു. കൂടാതെ നിലവിൽ 100 മെട്രിക് ടൺ കപ്പാസിറ്റിയുള്ള രണ്ട് സ്റ്റോറേജ് ടാങ്കുകൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## നാളികേരത്തിന്റെ വിപണിവില

40 (1606) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിപണിവില അടിസ്ഥാന വിലയേക്കാൾ കുറവുള്ളത് ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക വിവരശേഖരണ വകുപ്പിന്റെ (DES) കണക്കുപ്രകാരം തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്, തിരുവനന്തപുരം എന്നീ വിപണികളിലും കൊല്ലം ജില്ലയിൽ കൊല്ലം വിപണി, ആലപ്പുഴ ജില്ലയിൽ കായംകുളം, കുട്ടനാട് (പുളിങ്കുന്ന്) വിപണികളിലും കോട്ടയം ജില്ലയിൽ കോട്ടയം വിപണി, തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ, തൃശ്ശൂർ വിപണികളിലും പാലക്കാട് ജില്ലയിൽ പാലക്കാട് വിപണി, മലപ്പുറം ജില്ലയിൽ പൊന്നാനി, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് വിപണി, വയനാട് ജില്ലയിൽ മാനന്തവാടി, കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ

വിപണികളിലും കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വിപണിയിലുമാണ് നിലവിൽ നാളികേരത്തിന്റെ വിപണിവില അടിസ്ഥാന വിലയായ കിലോഗ്രാമിന് 32/- രൂപയേക്കാൾ കുറവുള്ളത്.

(ബി) ഈ ജില്ലകളിൽ നാളികേരസംഭരണം തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കേന്ദ്രങ്ങൾ വഴിയാണ് സംഭരണം തുടങ്ങിയതെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ കേരാഫെഡിന്റെ നേതൃത്വത്തിൽ പച്ചത്തേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചിന്നിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ

ഭാഗമായി മേൽ സൂചിപ്പിച്ച കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ടും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK)-യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 15 സ്വാശ്രയ കർഷക സംഘങ്ങൾ വഴിയും മലപ്പുറം ജില്ലയിൽ 11 സ്വാശ്രയ കർഷക സംഘങ്ങൾ വഴിയും കോഴിക്കോട് ജില്ലയിൽ 10 സ്വാശ്രയ കർഷക സംഘങ്ങൾ വഴിയുമാണ് VFPCK പച്ചത്തേങ്ങ സംഭരിക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

(സി) സംഭരണ കാര്യത്തിൽ സഹകരണ സംഘങ്ങളുടെ സഹായം തേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ ഒഴിവാക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

പച്ചത്തേങ്ങ സംഭരണത്തിൽ സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ല. കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്, കോളരി സർവീസ് സഹകരണ ബാങ്ക്, മൊകേരി സർവീസ് സഹകരണ ബാങ്ക്, മുഴപ്പിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്, ചെറുതാഴം

സർവ്വീസ് സഹകരണ ബാങ്ക്, കാസർകോട് ജില്ലയിലെ ബേഡഡ്ക്ക FSCB, നീലേശ്വരം അഗ്രികൾച്ചറൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി, കോഴിക്കോട് ജില്ലയിലെ ഏറാമല സർവ്വീസ് സഹകരണ സംഘം, പേരാമ്പ്ര വനിതാ സഹകരണ സംഘം, വടകര താലൂക്ക് പ്രൈമറി കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി എന്നിവയിലൂടെ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്

(ഡി) പച്ചത്തേങ്ങയുടെ ഇപ്പോഴത്തെ വിപണിവില എത്രയാണെന്നും സർക്കാർ പ്രഖ്യാപിച്ച സംഭരണ വില എത്രയാണെന്നും വ്യക്തമാക്കാമോ?

എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 27-06-2022-ന് പ്രസിദ്ധീകരിച്ച തൊണ്ട് കളഞ്ഞ നാളികേരത്തിന്റെ വില ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിപണിയുടെ പേര് | വില (രൂപ/ ക്വിന്റലിന്) |
|---|---|---|
| 1 | നെടുമങ്ങാട് | 3100 |
| 2 | കായംകുളം | 2600 |
| 3 | കുട്ടനാട് (പുളിങ്കുന്ന്) | 2600 |
| 4 | തൃശ്ശൂർ | 2800 |
| 5 | മാനന്തവാടി | 2600 |
| 6 | കണ്ണൂർ | 2400 |
| 7 | തലശ്ശേരി | 2600 |
| 8 | തളിപ്പറമ്പ | 2600 |

| | | |
|---|---|---|
| 9 | കാസർഗോഡ് | 2800 |
| 10 | തിരുവനന്തപുരം | 2800 |
| 11 | നെയ്യാറ്റിൻകര | 3600 |
| 12 | കൊല്ലം | 2800 |
| 13 | തിരുവല്ല | 3200 |
| 14 | കോട്ടയം | 2800 |
| 15 | കൊടുങ്ങല്ലൂർ (കോട്ടപ്പുറം) | 3100 |
| 16 | പാലക്കാട് | 2700 |
| 17 | പൊന്നാനി | 2500 |
| 18 | കോഴിക്കോട് | 2650 |

സർക്കാർ പ്രഖ്യാപിച്ച പച്ചത്തേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32 രൂപയാണ്.

**നാളികേര സംഭരണം**

41 (1607) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി ഭവൻ മുഖേന നാളികേര സംഭരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

കൃഷി ഭവനുകളിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യക്കുറവും കൃഷിഭവൻ ഉദ്യോഗസ്ഥർ വിവിധ കാർഷിക വിജ്ഞാന പ്രവർത്തനങ്ങളിലും പദ്ധതി

നിർവ്വഹണത്തിലും ഏർപ്പെടുന്നതിനാലും നിലവിലെ സ്ഥിതിയിൽ കൃഷി ഭവൻ മുഖേന പച്ചത്തേങ്ങ സംഭരണം നടപ്പിലാക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്.

## കാർഷികവൃത്തിക്ക് കരുത്ത് പകരുന്ന നടപടികൾ

42 (1608) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ ആവർത്തിക്കപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന കണക്ക് ലഭ്യമാണോ?

സംസ്ഥാനത്ത് കർഷകർ ആത്മഹത്യ ചെയ്തതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ 29 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയെല്ലാം കാർഷിക കാരണങ്ങളാലുള്ള ആത്മഹത്യയാണെന്ന് സ്ഥിരീകരിച്ചിട്ടില്ല.

(ബി) കാർഷിക കലണ്ടർ കാലാവസ്ഥാ വ്യതിയാനത്തിന് അനുസൃതമായി പരിഷ്കരിച്ചും ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ചും വിത്ത്, വിള സംഭരണത്തിന് സംവിധാനമൊരുക്കിയും കാർഷിക വൃത്തിക്ക് കരുത്തുപകരുന്ന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

കാർഷികവൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റി നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെയും ഭക്ഷ്യസുരക്ഷയുടെയും മുഖ്യ ഘടകമാക്കി മാറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി ഓരോ അഗ്രോ എക്കോളജിക്കൽ സോണിനും യോജിക്കുന്ന കാർഷിക വിളക്രമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി

വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) ആസൂത്രണ വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഓരോ ഫാമിനും യോജിച്ച കാർഷികോല്പാദന പദ്ധതി തയ്യാറാക്കി അത് പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷി മുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷി വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംയോജിത-ബഹുവിളകൃഷി സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റത്തിലൂടെ കൈവശഭൂമിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം. ഇതിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങളെ ശാസ്ത്രീയമായി തെരഞ്ഞെടുക്കുന്നതിലൂടെയും കാർഷിക ആവാസവ്യവസ്ഥാ യൂണിറ്റധിഷ്ഠിത കാർഷിക പരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വഴി വിളനാശം മൂലമുള്ള നഷ്ടം കുറയ്ക്കുന്നതിനും ഓരോ തുണ്ടുഭൂമിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും സംയോജിത-ബഹുവിള കൃഷി സമ്പ്രദായത്തിലൂടെ സാധ്യമാകും. ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായത്തോടെയും കർഷകരുമായി കൂടിയാലോചിച്ചും വിവിധ ശാസ്ത്രീയ

കൃഷി രീതികൾ അവലംബിച്ച് തയ്യാറാക്കുന്ന ശാസ്ത്രീയമായ വിഭവാധിഷ്ഠിത ആസൂത്രണം പ്രകാരമായിരിക്കും കൃഷിയിട വികസനം നടപ്പിലാക്കുന്നത്. രജിസ്റ്റേർഡ് സീഡ് ഗ്രോവെർസ് പ്രോഗ്രാം മുഖേന വിത്ത് സംഭരണത്തിനും വിവിധ തലത്തിലുള്ള കാർഷിക വിപണികളിലൂടെ വിള സംഭരണത്തിനും പദ്ധതി നടപ്പിലാക്കുന്നു.

(സി) തൊഴിലാളികളുടെ അഭാവംമൂലവും മറ്റും കൃഷി ചെയ്യാൻ സാധിക്കാതെ നിലവിൽ തരിശ് കിടക്കുന്ന റബ്ബർ എസ്റ്റേറ്റുകൾ ഉൾപ്പെടെയുള്ളവ ഏറ്റെടുത്ത് കൃഷി നടത്തി ഭൂവുടമകൾക്ക് ലാഭവിഹിതം നൽകുവാൻ കഴിയുന്ന രീതിയിൽ ടാപ്പേഴ്സ് ബാങ്ക്, ലേബർ ബാങ്ക് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് മുൻകയ്യെടുക്കുമോ; വിശദാംശങ്ങൾ നൽകുമോ?

തൊഴിലാളികളുടെ അഭാവംമൂലവും മറ്റും തരിശ്ശിടുന്ന കൃഷി ഭൂമികൾ മറ്റ് കർഷകർക്കോ കർഷക ഗ്രൂപ്പുകൾക്കോ പാട്ടത്തിനെടുത്ത് കൃഷി ചെയ്യാവുന്നതാണ്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഭൂഉടമ സ്വന്തമായി കൃഷി ചെയ്യാതിരിക്കുകയും എന്നാൽ കൃഷി ചെയ്യുന്നതിന് ഭൂമി വിട്ടുനല്കാൻ സന്നദ്ധത അറിയിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഉടമകളിൽത്തന്നെ നിലനിർത്തുമെന്ന്

ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത്, നഗരസഭ, ഭൂഉടമ, കൃഷി ചെയ്യുന്നവർ തമ്മിൽ ധാരണയുണ്ടാക്കി ഉടമയ്ക്കുള്ള പ്രതിഫലംകൂടി ധാരണയാക്കി നൽകുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ കൃഷിഭൂമി തരിശിടാതെ പൂർണ്ണമായും വിനിയോഗിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ജനകീയ ക്യാമ്പയിൻ പരിപാടിക്ക് രൂപം കൊടുത്തിരിക്കുന്നത്. ഈ പദ്ധതിപ്രകാരം രൂപീകരിക്കുന്ന കൃഷിക്കൂട്ടങ്ങൾ മുഖേന തരിശ് കൃഷിഭൂമി മുഴുവനും കൃഷിക്കായി ഉപയോഗിക്കുന്നതിന് സാധിക്കുന്നതാണ്. റബ്ബർ കൃഷിക്കുവേണ്ട സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ റബ്ബർ ബോർഡ് മുഖേനയാണ് നൽകിവരുന്നത്. ടാപ്പേഴ്സ് ബാങ്ക്, റബ്ബർ തോട്ടങ്ങൾക്ക് മാത്രമായി ലേബർ ബാങ്ക് മുതലായ പദ്ധതികൾ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് സർക്കാർതലത്തിൽ ഇപ്പോൾ ആലോചിച്ചിട്ടില്ല. നിലവിൽ കൃഷി വകുപ്പിനുകീഴിലുള്ള കാർഷിക കർമ്മസേന, കൃഷിശ്രീ സെന്ററുകൾ എന്നിവയെ ഇക്കാര്യത്തിൽ പ്രാദേശികമായി പ്രയോജനപ്പെടുത്താവുന്നതാണ്.

## കർഷക ആത്മഹത്യ

43 (1609) <u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>

ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ കൃഷിനാശം മൂലമുണ്ടായ കടബാധ്യതയെത്തുടർന്ന് കോട്ടിയൂർ സ്വദേശിയായ യുവകർഷകൻ ജീവനൊടുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാനന്തവാടിയിൽ കോട്ടിയൂർ സ്വദേശിയായ യുവകർഷകൻ ജീവനൊടുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് കൃഷിനാശം മൂലമുണ്ടായ കടബാദ്ധ്യതയെത്തുടർന്ന് സംഭവിച്ചതായി സ്ഥിരീകരിച്ചിട്ടില്ല.

(ബി) ബാങ്കുകളിൽനിന്നും അയൽക്കൂട്ടങ്ങളിൽനിന്നും സ്വകാര്യ വ്യക്തികളിൽനിന്നും വായ്പ വാങ്ങി നടത്തിയ കൃഷി നശിച്ച് ഭീമമായ നഷ്ടമുണ്ടായത് കാരണമാണ് കർഷകൻ ആത്മഹത്യ ചെയ്തതെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ?

പരേതൻ കേരള ബാങ്ക്, കാട്ടിക്കുളം ശാഖയിൽനിന്നും കാർഷികേതര വായ്പയായി (Non farming sector loan) 1,60,000/- രൂപയും തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്കിൽനിന്നും 11-08-2021-ന് 6,102/- രൂപയും 19-03-2022-ന് 6,750/- രൂപയും 30-03-2022-ന് 48,000/- രൂപയുടെയും സ്വർണ്ണ വായ്പകൾ എടുത്തിരുന്നു. ഈ ലോണുകളൊന്നും കുടിശ്ശിക

(overdue) ആയിട്ടില്ല. ടിയാന്റെ 300 വാഴകൾ വന്യമൃഗങ്ങൾ നശിപ്പിച്ചതായും വാഴക്കൃഷി വിള ഇൻഷ്വർ ചെയ്തിട്ടില്ലെന്നും നാശനഷ്ടം കൃഷിഭവനിൽ റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നും അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഈ കർഷകൻ കർണ്ണാടകയിൽ ബന്ധുവിനോടൊപ്പം നടത്തിയ വാഴക്കൃഷിയിൽ നഷ്ടമുണ്ടായതായി അറിയുന്നു. പക്ഷേ കടബാധ്യതമൂലമാണ് ആത്മഹത്യ സംഭവിച്ചതെന്ന് സ്ഥിരീകരിച്ചിട്ടില്ല.

(സി) കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകാനും അവരുടെ കടബാധ്യത എഴുതിത്തള്ളാനും സർക്കാർ നടപടികൾ സ്വീകരിക്കുമോ?

പ്രകൃതിക്ഷോഭത്തിൽ വിളനാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക നഷ്ടപരിഹാരമായി നൽകുന്നുണ്ട്. 2022-23 വർഷത്തിൽ വിള നാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതം നൽകുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നത് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്ന കർഷകർക്ക് മാത്രമാണ്. അതിനാൽ യഥാസമയം അർഹമായ നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനും

അംഗീകരിച്ച് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനും സാധിക്കുന്നതാണ്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരവും അനുവദിച്ച് നൽകുന്നുണ്ട്. ഇക്കൊല്ലം 3000 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുള്ളത്. കൂടാതെ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റെല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി രണ്ട് ലക്ഷം രൂപവരെ കടാശ്വാസം അനുവദിച്ച് വരുന്നുണ്ട്.

**വയനാട് ജില്ലയിലെ കർഷക ആത്മഹത്യ കണക്കുകൾ**

44 (1610) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ 2016 ജനുവരി മുതൽ നാളിതുവരെ എത്ര കർഷകരാണ് കാർഷിക പ്രതിസന്ധി, കടബാധ്യത എന്നിവമൂലം ആത്മഹത്യ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വയനാട്ടിൽ 2016 ജനുവരി മുതൽ നാളിതുവരെ 11 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക വായ്പകൾ സർക്കാർ എഴുതി തള്ളുന്നുണ്ടോ; എങ്കിൽ വയനാട് ജില്ലയിൽ മാത്രമായി 2016 ജനുവരി മുതൽ നാളിതുവരെ എത്ര രൂപ ഇപ്രകാരം എഴുതി തള്ളിയിട്ടുണ്ട്; ഇത് സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

(സി) ആത്മഹത്യ ചെയ്യുന്ന കർഷകരുടെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) 31-08-2018 വരെയുള്ള വയനാട്ടിലെ കാർഷിക വായ്പകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിച്ച് വരുന്നുണ്ട്. കൃഷിനാശം സംഭവിച്ച് സാമ്പത്തിക പ്രതിസന്ധിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് 3 ലക്ഷം രൂപ ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ ബാങ്കുകൾ ഉൾപ്പെടെയുള്ള

ധനകാര്യ സ്ഥാപനങ്ങളോട് പലിശ പൂർണ്ണമായി ഇളവ് ചെയ്ത് കൊടുക്കണമെന്ന് ശിപാർശ നൽകിയിട്ടുണ്ട്.

**കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി**

45 (1611) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം നേടുന്നതിനായി വിപണി വിപുലീകരണത്തിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനും ന്യായവില ലഭ്യമാക്കുന്നതിനും വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഭക്ഷ്യവിളയായ

നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്ര നാളികേര വികസന പദ്ധതി ഘടകങ്ങളായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത പരിപാലന മുറകൾ, പച്ചില വളപ്രയോഗം, ഇടവിള കൃഷി (കേര രക്ഷാ വാരം) എന്നിവ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യ സുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ

വർഷം തുടക്കമിടുന്നു. ഓരോ കൃഷിയിടത്തിനും യോജിച്ച കാർഷികോൽപ്പാദന പദ്ധതി (ഫാം പ്ലാൻ) തയ്യാറാക്കി അത് പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷി മുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷി വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ദീർഘകാലാടിസ്ഥാനത്തിൽ വാർഷിക വരുമാനം പരമാവധിയാക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ്. ഈ വർഷം 10,760 ഇത്തരം യൂണിറ്റുകൾ പദ്ധതിക്ക് കീഴിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. തുടർ വർഷങ്ങളിൽ ഈ പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ പരിപാടിയുടെ ഭാഗമായി ഉൽപ്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് എഫ്.പി.ഒ.-കൾ/കമ്പനികൾ രൂപീകരിക്കുന്നതിനായി കർഷക കൂട്ടായ്മകളെയും ഗ്രൂപ്പുകളെയും കണ്ടെത്തും. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാധ്യമാക്കുന്നതിന് ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും

ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം

കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തുന്നതിലും അതുവഴി സംസ്ഥാനത്തിന്റെ ഉൽപ്പാദനത്തിൽ ഗണ്യമായ സംഭാവന നൽകുന്നതിലും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലും ലക്ഷ്യമിട്ടുകൊണ്ട് ഈ വർഷം കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിന് തുടക്കമിടുന്നു. ഈ സമീപനത്തിൽ നടപ്പിലാക്കുന്ന മൂന്ന് പദ്ധതികൾ താഴെ പറയുന്നവയാണ്.

(i) കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ.

(ii) ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.

(iii) കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.

ഈ പരിപാടിയുടെ ഭാഗമായി ഉൽപ്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് എഫ്.പി.ഒ-കൾ/കമ്പനികൾ രൂപീകരിക്കുന്നതിനായി കർഷക കൂട്ടായ്മകളെയും ഗ്രൂപ്പുകളെയും കണ്ടെത്തും.

(2) <u>വിള വിസ്തൃതി വർദ്ധനവും വികസന സമീപനവും</u>

കർഷകർക്ക് പിന്തുണ നൽകിക്കൊണ്ട് വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ കൃഷി സമ്പ്രദായത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമാണ് ഈ സമീപനം ലക്ഷ്യമിടുന്നത്. നെൽകൃഷി വികസനം, പച്ചക്കറി വികസനം, നാളികേര വികസനം, സുഗന്ധവ്യഞ്ജന വികസനം, പഴവർഗ്ഗങ്ങൾ - പുഷ്പം – ഔഷധസസ്യങ്ങൾ വികസനം, സംയോജിത കാർഷിക സമ്പ്രദായ മാതൃകയിലൂടെ വിളകളുടെ വികസനം തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഈ സമീപനത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

നെൽകൃഷി വികസന പദ്ധതി

നെൽകൃഷി വികസന പദ്ധതിക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 76 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പച്ചക്കറി വികസനം

പച്ചക്കറി വികസന പദ്ധതിക്ക് മാത്രമായി 77.20 കോടി രൂപയാണ് 2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നാളികേര വികസനം

ഇതിനായി 73.90 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സംയോജിത കൃഷിസമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, സഹകരണം, ജലസേചനം എന്നീ വകുപ്പുകളുമായി ഏകോപിപ്പിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. തൊഴിൽ ഉറപ്പാക്കൽ, വായ്പാ പിന്തുണ സുഗമമാക്കൽ എന്നിവയാണ് മറ്റ് ലക്ഷ്യങ്ങൾ. ഇതിനായി 2.50 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ജൈവകൃഷിയും ഉത്തമ കൃഷി രീതികളും

വിഷരഹിത ആരോഗ്യകരമായ ഭക്ഷണത്തിന്റെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ജൈവകൃഷി രീതികൾ പരിശീലിക്കുന്ന കർഷകർക്ക് അവരുടെ പ്രീമിയം ഉത്പന്നങ്ങൾക്ക് അധിക വിലയുടെ നേട്ടം നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/സബ്മേഴ്സിബിൾ പമ്പ്സെറ്റുകൾ (10-50 എച്ച്.പി.) എന്നിവ സ്ഥാപിക്കുന്നതിനും അതിനായി ഉയർന്ന തിട്ടകൾ നിർമ്മിക്കുന്നതിനും ആയതിലൂടെ ഈ മേഖലയിലെ കർഷകർക്ക് സഹായകരമാകുന്നതിന് 12.00 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(3) കാർഷിക വിപണനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും

കർഷകർക്ക് സുദൃഢവും ഉയർന്നതുമായ വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോല്പ്പന്നങ്ങൾക്കായി മികച്ച രീതിയിൽ രൂപകൽപ്പന ചെയ്യുന്നതും കാര്യക്ഷമവുമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുക, ഉയർന്ന വില ഉറപ്പുവരുത്തുന്നതിനായി മൂല്യവർദ്ധനവിന്റെ പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി ഈ സാമ്പത്തിക വർഷത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ചെറുകിട, ഇടത്തരം, കാർഷിക സംസ്കരണ/മൂല്യവർദ്ധന യൂണിറ്റുകൾ, വ്യക്തിഗത/എസ്.എച്ച്.ജി. അടിസ്ഥാനമാക്കിയുള്ള ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ തുടങ്ങിയവയ്ക്കുള്ള പദ്ധതി അധിഷ്ഠിത സഹായം എസ്.എഫ്.എ.സി. മുഖേന നൽകും. പ്രസ്തുത പദ്ധതിക്കായി 20.20 കോടി രൂപ ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(4) <u>വരുമാനം ഉറപ്പാക്കലും നഷ്ട സാധ്യതാ ലഘൂകരണവും</u>

നഷ്ടസാധ്യത ലഘൂകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും കർഷകർക്ക് തങ്ങളുടെ വിളയിൽനിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പുവരുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടായാൽ

നഷ്ടപരിഹാരം നൽകുന്നതിനും 37.50 കോടി രൂപ ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(5) <u>മറ്റ് പദ്ധതികൾ</u>

- ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും
- മണ്ണിന്റെയും വിളകളുടെയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും
- വിള ആരോഗ്യപരിപാലനം
- ലബോറട്ടറികളുടെ ആധുനീകരണം
- ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം
- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികൾ**

46 (1612) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളുടെ ഉല്പാദന വർദ്ധനവിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ-വിതരണത്തിനുമായി പുതിയ ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇടുക്കി ജില്ലയിൽ പുതിയ ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ഇടുക്കി ജില്ലയിൽ രൂപീകരിച്ചിട്ടുള്ള പുതിയ ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികൾ ചുവടെ ചേർക്കുന്നു.

1. അടിമാലി വുമൺ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി (സ്പൈസിയ ഇടുക്കി ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്)

2. ജൈവഗ്രാം പ്രൊഡ്യൂസർ കമ്പനി

3. ഹരിത കേരളം ഇന്റഗ്രേറ്റഡ് ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് (സുഗന്ധ കൈരളി പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്)

4. കട്ടപ്പന ഫാർമേഴ്സ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ്

(സി) ഈ കമ്പനികളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകാമോ?

കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഫ്.ഐ.ജി. രൂപീകരണം, മൂലധന സമാഹരണം, അടിസ്ഥാനതല സർവ്വെ, സാധ്യതാ പഠനം എന്നിവ നടന്നുവരുന്നു.

**കൃഷിനാശത്തിന് നഷ്ടപരിഹാരം**

47 (1613) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ ഇറങ്ങി കൃഷി നശിപ്പിക്കുന്നത് നിമിത്തം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കൃഷി വകുപ്പ്, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം അംഗങ്ങളായ കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്ക് പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും

നിരക്കുകൾക്കും വിധേയമായി വന്യമൃഗ ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകിവരുന്നു. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വനം വകുപ്പും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) വനം വകുപ്പിൽനിന്നുള്ള നഷ്ടപരിഹാരം ലഭിക്കുവാൻ ഹാജരാക്കുന്ന അപേക്ഷയോടൊപ്പം കൃഷി ഭവനിൽനിന്ന് കർഷകർക്ക് നൽകുന്ന സാക്ഷ്യപത്രത്തിൽ എത്ര രൂപയുടെ കാർഷിക വിളനഷ്ടമാണെന്ന് രേഖപ്പെടുത്താറുണ്ടോ?

കൃഷി ഓഫീസർ ഹാജരാക്കുന്ന സാക്ഷ്യപത്രത്തിൽ വിള നഷ്ടത്തിന്റെ തുക രേഖപ്പെടുത്താറില്ല. നഷ്ടപ്പെട്ട വിളയുടെ വിസ്തൃതി, എണ്ണം എന്നിവ മാത്രമാണ് നൽകുന്നത്.

(സി) ഓരോ വിളയ്ക്കുമുള്ള നഷ്ടം കണക്കാക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദമാക്കുമോ?

വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08-01-2015-ലെ സ.ഉ.(കൈ)നം.2/2015/വനം എന്ന ഉത്തരവ് പ്രകാരം വനം വകുപ്പ് നഷ്ടപരിഹാരം നൽകിവരുന്നു. ടി ഉത്തരവ് പ്രകാരം 27 ഇനം കാർഷിക വിളകൾക്കാണ് നഷ്ടപരിഹാരം നൽകുന്നത്. 05-04-2018-ലെ

സ.ഉ.(കൈ)നം.17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) ആണ് അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണ വരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷിനാശമുണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

## സംസ്ഥാനത്തെ കൃഷിനാശം

48 (1614) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷവും നടപ്പു വർഷവും എത്ര രൂപയുടെ കൃഷിനാശമാണ് റിപ്പോർട്ട് ചെയ്തത്; ഇതുസംബന്ധിച്ച് ജില്ലാതലത്തിലുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എയിംസ് പോർട്ടലിലെ FIR റിപ്പോർട്ട് പ്രകാരം 2021-22 വർഷം 8,70,109.09 ലക്ഷം രൂപയുടെയും 2022-23 വർഷം 9,85,673.13 ലക്ഷം രൂപയുടെയും കൃഷി നാശം കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം- I ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കൃഷിനാശം സംഭവിച്ച കർഷകരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നടത്തിയിട്ടുണ്ട്. എയിംസ് പോർട്ടലിലെ FIR റിപ്പോർട്ട് പ്രകാരം 2021-22 വർഷം 5,83,286 കർഷകർക്കും 2022-23 വർഷം 1,92,893 കർഷകർക്കും കൃഷി നാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(സി) നെൽകർഷകർക്ക് അർഹമായ നഷ്ടപരിഹാരം കൊടുത്തു തീർക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

നഷ്ടപരിഹാരത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച നെൽകർഷകർ ഉൾപ്പെടെയുള്ള എല്ലാ കർഷകർക്കും അർഹമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ എയിംസ് പോർട്ടൽ മുഖേന സ്വീകരിച്ചുവരുന്നുണ്ട്. 2021-22 വർഷത്തിൽ 6493.47781 ലക്ഷം രൂപ (മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ) നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഈയിനത്തിൽ നടപ്പു സാമ്പത്തിക വർഷം ആകെ അനുവദിച്ച 30 കോടി രൂപയിൽ ഇനിയും എത്ര തുക വിതരണം ചെയ്യാനുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ വിശദമാക്കാമോ?

നടപ്പുസാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി 500 ലക്ഷം രൂപയും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിലൂടെ നഷ്ടപരിഹാരം നൽകുന്നതിനായി 3000 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യുവാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-II ആയി ചേർക്കുന്നു+.

**പെരിന്തൽമണ്ണയിൽ പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം**

49 (1615) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്ക് പരിധിയിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

01-04-2020 മുതൽ 31-03-2022 വരെ പെരിന്തൽമണ്ണ താലൂക്കിലുണ്ടായ കൃഷിനാശത്തിന് നൽകിയ തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നഷ്ടപരിഹാരത്തുക ലഭിക്കാത്ത കർഷകർക്ക് എപ്പോൾ വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ?

ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച 500 ലക്ഷം രൂപയിൽനിന്നും തുക കണ്ടെത്തി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ**

50 (1616) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള സംസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ പദ്ധതിയിൽ എത്ര പേരെ അംഗമാക്കിയിട്ടുണ്ടെന്നും 2016 മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായവരുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17 | 89,862 |
| 2017-18 | 1,76,644 |
| 2018-19 | 2,53,068 |

| | |
|---|---|
| 2019-20 | 4,27,739 |
| 2020-21 | 3,23,703 |
| 2021-22 | 2,82,708 |

2016 മുതൽ നാളിതുവരെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന വിതരണം ചെയ്ത നഷ്ടപരിഹാര തുകയുടെ കണക്ക് അനുബന്ധം ആയി ചേർക്കുന്നു+.

**പ്രകൃതിക്ഷോഭങ്ങളിൽ ദുരിതത്തിലായ കർഷകർക്ക് സഹായങ്ങൾ**

51 (1617) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങളിൽ ദുരിതത്തിലായ കർഷകർ സഹായങ്ങൾക്കായി നൽകിയ അപേക്ഷകളിൽ നഷ്ടപരിഹാരം വൈകുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നു; അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദീകരിക്കാമോ?

(എ&ബി) എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച 1,58,659 അപേക്ഷകളിൽ 19,259 അപേക്ഷകൾക്ക് നഷ്ടപരിഹാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നല്കുവാനുണ്ട്. ആയത് ഓൺലൈനായി കർഷകരുടെ അക്കൗണ്ടിൽ നേരിട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭത്താൽ ദുരിതത്തിലായ കർഷകർക്ക് എത്രയും വേഗം നഷ്ടപരിഹാരത്തുക വിതരണം ചെയ്യുമോ?

പ്രകൃതിക്ഷോഭത്താൽ വിളനാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നുള്ള തുകയും നൽകുന്നുണ്ട്. 2022-23 വർഷത്തിൽ നഷ്ടപരിഹാരമായി സംസ്ഥാന വിഹിതം നൽകുന്നതിനായി 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഉടൻതന്നെ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൃഷിനാശത്തിന് നഷ്ടപരിഹാരം**

52 (1618) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിൽ കഴിഞ്ഞ മേയ് മാസത്തിലെ മഴയെത്തുടർന്ന് വ്യാപകമായി കൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷിക്കാർക്ക് നഷ്ടപരിഹാരം

നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം മണിയൂർ കൃഷി ഭവനിൽ പ്രകൃതിക്ഷോഭംമൂലമുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരത്തിനായി സമർപ്പിച്ച 12 അപേക്ഷകളിന്മേൽ സ്ഥലപരിശോധന നടത്തി, നഷ്ടപരിഹാരം തിട്ടപ്പെടുത്തുകയും 1.42 ലക്ഷം രൂപ അനുവദിക്കുന്നതിനായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നഷ്ടപരിഹാരം നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2021, 2022 വർഷങ്ങളിൽ കുറ്റ്യാടി മണ്ഡലത്തിലെ കൃഷിനാശത്തിന് എത്ര രൂപ നഷ്ടപരിഹാരമായി നൽകുകയുണ്ടായി എന്നറിയിക്കാമോ; എത്ര കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

നഷ്ടപരിഹാരമായി 66,42,626/- രൂപ (അറുപത്തിആറ് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി അറുന്നൂറ്റി ഇരുപത്തിആറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. 810 കർഷകർക്ക് പ്രകൃതിക്ഷോഭം, വിള ഇൻഷ്വറൻസ് എന്നിവയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

## നെൽക്കർഷകരെ സഹായിക്കാൻ നടപടി

53 (1619) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കെടുതിയിലും വരൾച്ചയിലും നെൽക്കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പ്രകൃതിക്ഷോഭമുണ്ടാകുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തര ഇടപെടലുകൾക്കുമായി എല്ലാ ജില്ലകളിലും സംസ്ഥാന ആസ്ഥാനത്തും കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കാറുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പിന്റെ ഓദ്യോഗിക പോർട്ടലായ AIMS മുഖേന ഉടനടി അപേക്ഷകൾ സമർപ്പിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള സന്ദേശം പത്രമാധ്യമങ്ങൾവഴിയും സോഷ്യൽ മീഡിയവഴിയും വ്യാപക പ്രചാരം നൽകുന്നുണ്ട്. ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്തി കർഷകർക്ക് ആനുകൂല്യം

ലഭ്യമാക്കുന്നതിനായി ഫീൽഡ് പരിശോധനകൾ അടിയന്തര പ്രാധാന്യത്തോടെ ചെയ്തുവരികയാണ്. പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി എന്ന പദ്ധതിപ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ (SDRF) നിന്നുമുള്ള നഷ്ടപരിഹാരവും ലഭ്യമാക്കുന്നുണ്ട്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതിപ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി 500 ലക്ഷം രൂപ 2022-2023 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള കർഷകർക്ക് വിളനാശം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുന്നതിനായി 2022-2023 സാമ്പത്തിക വർഷത്തിൽ

3000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നെൽക്കർഷകരുടെ വിവിധ സബ്സിഡികൾ, നെല്ല് സംഭരണ വില മുതലായവ യഥാസമയം നല്കാൻ നടപടികൾ സ്വീകരിക്കുമോ?

നെൽകർഷകർക്കുള്ള വിവിധ സബ്സിഡികൾ, നെല്ല് സംഭരണവില മുതലായ സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കാനുള്ള എല്ലാവിധ വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്.

(സി) തരിശ്ശുനിലങ്ങളിൽ കൃഷിയിറക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കി നെൽക്കൃഷി നടപ്പിലാക്കുന്നതിന് 2022-23 വർഷത്തിൽ കൃഷി വകുപ്പ് സംസ്ഥാനാവിഷ്കൃത പദ്ധതിയായ “ നെൽകൃഷി വികസന പദ്ധതി” -യുടെ ഭാഗമായി "തരിശ്ശുനില കൃഷി" എന്ന ഘടകം ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിപ്രകാരം 1415 ഹെക്ടർ തരിശ്ശുനിലത്ത് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിലേയ്ക്ക് ആകെ 566 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുമുണ്ട്. ഒരു ഹെക്ടറിന് 35,000/- രൂപ

കർഷകനും 5,000/- രൂപ ഭൂവുടമയ്ക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. ഇതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയും ഇതേ നിരക്കിൽ തരിശ് നെൽക്കൃഷിക്ക് ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ ഒരു ഹെക്ടറിന് 1000/- രൂപ എന്ന നിരക്കിൽ ഉല്പാദന ബോണസും തരിശ്ശുനിലം കൃഷി ചെയ്യുന്ന കർഷകർക്ക് കൃഷി വകുപ്പിൽനിന്നും ലഭിക്കുന്നതാണ്.

**കൃഷി നാശം സംഭവിച്ച കർഷകർക്ക് നൽകുവാനുള്ള നഷ്ടപരിഹാരം**

54 (1620) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ വിളകൾക്ക് പ്രകൃതിക്ഷോഭം, വന്യജീവി ആക്രമണം എന്നിവ മൂലം സംഭവിച്ച നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ചുള്ള വിശദാംശം നൽകുമോ?

22-03-2017-ലെ സ.ഉ.(എം.എസ്)നം.37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം,

കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ 13-12-2017-ലെ സർക്കാർ ഉത്തരവ് (കൈ)നം.1192/2017/കൃഷി പ്രകാരം മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, കുവരക്, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം എന്നിവ മൂലമുള്ള വിളനാശത്തിനാണ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നത്. 27-10-2017-ലെ സ.ഉ. (സാധാ) നം.1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾനിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽക്യഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28-12-2017-ലെ സ.ഉ.(കൈ)നം.167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ

അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽക്കൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ പദ്ധതിയിൽ ചേരാവുന്നതാണ്. വിളകൾക്കുണ്ടാകുന്ന പൂർണ്ണനാശത്തിന് മാത്രമേ ഇൻഷുറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ 12-12-2018 തീയതിയിലെ സ.ഉ.(സാധാ) നം.1198/2018/കൃഷി നമ്പർ ഉത്തരവ് പ്രകാരം നെൽക്കൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിലധികം നഷ്ടമുണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ എയിംസ് മുഖേനയാണ് നിലവിൽ നടപ്പിലാക്കുന്നത്.

(ബി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നാളിതുവരെ കുടിശ്ശികയായി നൽകുവാനുള്ള നഷ്ടപരിഹാരം എത്രയാണ്; ഇത് അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നാളിതുവരെ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിലൂടെ എയിംസ് പോർട്ടൽ മുഖേന അംഗീകരിച്ച ക്ലെയിമുകളുടെ 25-06-2022-ലെ റിപ്പോർട്ട് പ്രകാരം 3108.08183 ലക്ഷം രൂപയും മാനുവലായി പോളിസി നൽകിയ കർഷകർക്ക് 782.93975 ലക്ഷം രൂപയും ചേർത്ത് ആകെ 3891.02158 ലക്ഷം രൂപ ആവശ്യമാണ്. 2022-23 വർഷത്തിൽ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി 3000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടുതൽ ആവശ്യമുള്ള തുക ലഭിക്കുന്നതിനായി SDG പ്രകാരം 3000 ലക്ഷം രൂപ അധികമായി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതാകുന്നു. അനുവദിച്ച തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അങ്കമാലി നിയോജകമണ്ഡലത്തിലെ കൃഷി നാശം**

55 (1621) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ 2022 ഏപ്രിൽ മാസത്തിലുണ്ടായ ശക്തമായ കാറ്റിലും മഴയിലും വ്യാപകമായ കൃഷിനാശം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ മണ്ഡലത്തിലെ വിവിധ കൃഷിഭവനകളിലായി എത്ര അപേക്ഷകളാണ് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ലഭ്യമായത്; എത്ര തുകയ്ക്കുള്ള അപേക്ഷകളാണ് ലഭ്യമായത്; കൃഷിഭവൻ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) നഷ്ടപരിഹാരം ആവശ്യപ്പെട്ട് ലഭ്യമായ എല്ലാ അപേക്ഷകളിലും നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണവും തുകയും കൃഷിഭവൻ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) മണ്ഡലത്തിലെ വിവിധ കൃഷിഭവനകളിലായി ലഭിച്ച അപേക്ഷകളുടെ എണ്ണവും ആവശ്യമായ നഷ്ടപരിഹാരത്തുകയുടെ വിവരങ്ങളും അനുബന്ധം ആയി ചേർക്കുന്നു+. പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) വിവിധ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കൃഷി ചെയ്ത കർഷകരുടെ കുടിശ്ശിക തീർക്കാൻ നടപടി സ്വീകരിക്കുമോ?

കർഷകരുടെ ബാങ്ക് വായ്പ കുടിശ്ശിക തീർക്കുന്നതിനുള്ള പദ്ധതികളൊന്നും കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല.

**കൃഷി നാശവും നഷ്ടപരിഹാരവും**

56 (1622) <u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷത്തെ വേനൽമഴയിലുണ്ടായ കാർഷിക നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കാർഷിക വിളകൾക്ക് ന്യായമായ വില കിട്ടാതെയും വിളകൾക്ക് നാശനഷ്ടം ഉണ്ടായതിനെത്തുടർന്നും ബാങ്ക് വായ്പാ തിരിച്ചടവ് മുടങ്ങിയ കർഷകരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കാർഷിക ഉത്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി താങ്ങുവില പദ്ധതി നിലവിൽ നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ 16 ഇനം പഴം പച്ചക്കറികളായ മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശപ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾവഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങുവിലയിൽനിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് DBT-യായി നൽകുന്നു. പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടാകുന്ന സാഹചര്യത്തിൽ പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി മുഖേന വിളനാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും

സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നുള്ള വിഹിതവും നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ പദ്ധതി മാനദണ്ഡങ്ങൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരുമായി സംയോജിച്ച് കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റെല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി രണ്ട് ലക്ഷം രൂപവരെ കടാശ്വാസം അനുവദിച്ചുവരുന്നുണ്ട്.

(സി) അടുത്ത കാലത്ത് കടക്കെണിയും കൃഷിനാശവുംമൂലം കർഷകർ ആത്മഹത്യ ചെയ്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

അടുത്തകാലത്ത് കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ടുണ്ടായിരുന്നെങ്കിലും ആയത് കടക്കെണിയും കൃഷിനാശവും മൂലമാണ് സംഭവിച്ചതെന്ന് സ്ഥിരീകരിച്ചിട്ടില്ല.

(ഡി) കർഷക ആത്മഹത്യകൾ തടയുന്നതിനായി ന്യായമായ നഷ്ട പരിഹാരമുൾപ്പെടെ ആശ്വാസ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉല്പാദന വർദ്ധനവിനും വിള വിസ്തൃതി വർദ്ധനവിനും സഹായകരമായ പദ്ധതികളോടൊപ്പം കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിനായി കാർഷിക വിപണികളിലൂടെ കാർഷിക ഉത്പന്ന സംഭരണവും കൂടാതെ അടിസ്ഥാന വില ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ മുതലായവ മുഖേന അവിചാരിതമായ കാരണങ്ങളാലുണ്ടാകുന്ന കൃഷിനാശം നേരിടാനായി സംസ്ഥാന കേന്ദ്ര വിള ഇൻഷുറൻസ് പദ്ധതികളും വിളനാശത്തിനുള്ള ആനുകൂല്യം നൽകുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കിയും കാലാകാലങ്ങളിൽ വായ്പകളിൻമേൽ മൊറട്ടോറിയം ഏർപ്പെടുത്തിയും കാർഷിക കടാശ്വാസ

കമ്മീഷൻ, കർഷക ക്ഷേമനിധി ബോർഡ് എന്നിവയിലൂടെ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും ഏർപ്പെടുത്തിയും കർഷക ക്ഷേമത്തിനുതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി കർഷകരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുകയും അതിലൂടെ കർഷക ആത്മഹത്യ തടയുകയെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

## വിള ഇൻഷ്വറൻസ് കുടിശ്ശിക

57 (1623) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കാർഷിക വിളകൾ നശിക്കുന്നതിന് വിള ഇൻഷ്വറൻസ് പദ്ധതിയിൽ നഷ്ടപരിഹാര തുക ഏത് വർഷംവരെ നൽകിയെന്ന് വിശദമാക്കുമോ?

എയിംസ് പോർട്ടൽ മുഖേന 2020 ഓഗസ്റ്റ് മാസം മുതൽ ഫെബ്രുവരി 2021 വരെ നഷ്ടപരിഹാരത്തിനായി അപേക്ഷിച്ച കർഷകർക്ക് തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുള്ളതാകുന്നു. സംസ്ഥാനമൊട്ടാകെ മാനുവലായി ഇൻഷ്വർ ചെയ്ത കർഷകർക്ക് കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകൾ ഒഴികെയുള്ള ജില്ലകൾക്ക്

2020-2021 വർഷം വരെയുള്ള നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ നഷ്ടപരിഹാരം കുടിശ്ശികയായി നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. സംസ്ഥാന സർക്കാർ 2022-23 വർഷത്തിൽ നഷ്ടപരിഹാരം നൽകുന്നതിനായി 3000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### വയനാട്ടിലെ കാർഷിക പ്രതിസന്ധി

58 (1624) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മഴയുടെ ലഭ്യതക്കുറവ് മൂലം വയനാട്ടിലെ കർഷകർ വളരെയധികം പ്രതിസന്ധി നേരിടുന്നതായും ആയത് കാർഷികോത്പാദനത്തെ പ്രതികൂലമായി ബാധിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതുമൂലം സംജാതമായ പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മണലൂർ മണ്ഡലത്തിൽ കാലവർഷക്കെടുതിയിലുണ്ടായ നെൽകൃഷി നാശനഷ്ടം**

59 (1625) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളിൽ എത്ര ഏക്കർ നെൽക്യഷി നശിക്കുകയുണ്ടായി; നാശനഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എത്ര രൂപയുടെ കൃഷി നാശമാണുണ്ടായതെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ താനാപാടം, ചാത്തൻകുളങ്ങര, കാഞ്ഞാംകോൾ, ആലപ്പാട്, പുള്ള് പാടശേഖരങ്ങളിലായി 46.6525 ഏക്കർ നെൽക്യഷി നശിക്കുകയുണ്ടായി. മേൽ പരാമർശിച്ചിട്ടുള്ള പാടശേഖരങ്ങളിലായി 13,06,586/- രൂപയുടെ കൃഷിനാശമാണ് ഉണ്ടായിട്ടുള്ളത്. ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ (മെയ് 2022) വെങ്കിടങ്ങ് കൃഷിഭവന് കീഴിലുള്ള ഇരിപ്പൂ കൃഷി ചെയ്ത വടക്കേകോഞ്ചിറ,

തെക്കേകോഞ്ചിറ എന്നീ പാടശേഖരങ്ങളിൽ കൃഷിനാശമുണ്ടായിട്ടുണ്ട്. വടക്കേകോഞ്ചിറ പാടശേഖരത്തിൽ 310 ഏക്കറിലും തെക്കേകോഞ്ചിറ പാടശേഖരത്തിൽ 172 ഏക്കറിലുമാണ് കൃഷിനാശമുണ്ടായിട്ടുള്ളത്.

(ബി) നെൽകർഷകർക്കുണ്ടായ നാശനഷ്ടം നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നഷ്ടപരിഹാരത്തിനായി എയിംസ് പോർട്ടൽ മുഖേന സമർപ്പിച്ച അപേക്ഷകളിൽ സ്ഥലപരിശോധന നടത്തുകയും ക്ലെയിമുകൾ അംഗീകരിച്ച് തുക നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ**

60 (1626) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ ചുവടെ പറയുന്ന വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1) <u>നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും പദ്ധതി</u>

ഈ പദ്ധതി പ്രകാരം 10000 ഫാഷൻ ഫ്രൂട്ട് തൈകളും 30000 അലങ്കാരതൈകളും ഉത്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. 4000 സ്ട്രോബറി തൈകൾ, 600 ഫാഷൻ ഫ്രൂട്ട് തൈകൾ, 120 മുസംബി തൈകൾ, 600 ഡ്രാഗൺ ഫ്രൂട്ട് തൈകൾ എന്നിവയും മാതൃസസ്യങ്ങളായി വാങ്ങി ഫാമിൽ നട്ടിട്ടുണ്ട്. കൂടാതെ ഫാമിലെ പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിന് കാട്ടുവെട്ട് യന്ത്രങ്ങൾ, യന്ത്രവൽകൃത വാളുകൾ, ബാറ്ററിയിൽ പ്രവർത്തിക്കുന്ന സ്പ്രെയറുകൾ തുടങ്ങിയവയും വിവിധ നടീൽ വസ്തുക്കൾ ഉത്പാപ്പാദിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

(2) <u>ഫലവർഗ്ഗവിള വികസന പദ്ധതി</u>

ഈ പദ്ധതി പ്രകാരം ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി 320 ചതുരശ്ര മീറ്ററിന്റെ ഒരു ഹൈടെക് പോളിഹൗസ് നിർമ്മിക്കുകയും കാപ്പി, പച്ചക്കറി, ഓറഞ്ച് എന്നീ വിളകൾക്കാവശ്യമായ

ജലസേചന സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. കൂടാതെ വിവിധ ഇനത്തിലുള്ള 2,68,000 തൈകളും 25000 കാപ്പിത്തൈകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. " ഫലസംസ്കരണത്തിന്റെ" ഭാഗമായി സ്ക്വാഷ്, ജാം, ജെല്ലി എന്നിവയുടെ 10,000 ബോട്ടിലുകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. നിലവിൽ ഫലസംസ്കരണം കാര്യക്ഷമമായി നടത്തിവരുന്നു.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി എത്ര തുകയുള്ള ഫണ്ടാണ് വകയിരുത്തിയിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

| | | |
|---|---|---|
| 1 | നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും പദ്ധതി | 32,68,212/- രൂപ |
| 2 | ഫലവർഗ്ഗവിള വികസന പദ്ധതി | 40,00,000/-രൂപ |

**കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി അഗ്രി ഫാം**

61 (1627) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരിയിൽ ആരംഭിക്കാൻ തീരുമാനിച്ച അഗ്രിഫാമിന്റെ പുരോഗതി വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ തുടക്കം കുറിച്ച 'മുണ്ടേരി അഗ്രി ഫാം' എന്ന പദ്ധതി മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ കാർഷിക അനുബന്ധ

മേഖലകളുടെ സമഗ്ര വികസനത്തിനുവേണ്ട നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഒരു കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയിൽ കൃഷി വകുപ്പിന്റെ വിഹിതം 40 ലക്ഷം രൂപയാണ്. 60 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകളുടെ വിഹിതമാണ്.

(ബി) അഗ്രിഫാം ആരംഭിക്കാൻ നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

'മുണ്ടേരി അഗ്രി ഫാം' എന്ന പദ്ധതിക്കായി 2021-22-ലെയും 2022-23-ലെയും കൃഷി വകുപ്പിന്റെ ബഡ്ജറ്റുകളിൽ പ്രത്യേകമായി തുക വകയിരുത്താതിരുന്നതുകൊണ്ടാണ് പദ്ധതി ആരംഭിക്കാൻ സാധിക്കാതിരുന്നത്. കൃഷി വകുപ്പിന്റെ വാർഷിക പദ്ധതികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെയും ഭാഗമായി മുണ്ടേരി പഞ്ചായത്തിൽ പ്രസ്തുത പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൃഷിയോഗ്യമായ തരിശ് ഭൂമി

62 (1628) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരോ ജില്ലയിലും കൃഷിയോഗ്യമായ തരിശ് ഭൂമിയുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷംകൊണ്ട് എത്ര ഹെക്ടർ കൃഷിയോഗ്യമായ ഭൂമി കൃഷിക്കായി സജ്ജമാക്കിയെന്നും ഇവയുടെ ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കാമോ?

ഉണ്ട്. കഴിഞ്ഞ ഒരു വർഷം 23,010.29 ഹെക്ടർ തരിശ്ഭൂമി കൃഷിക്കായി സജ്ജമാക്കി. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ജില്ല** | **കൃഷിക്ക് സജ്ജമാക്കിയ ഭൂമി (ഹെക്ടർ)** |
|---|---|---|
| 1 | തിരുവനന്തപുരം | 2,115.63 |
| 2 | കൊല്ലം | 1,439.26 |
| 3 | പത്തനംതിട്ട | 1,303.54 |
| 4 | ആലപ്പുഴ | 2,129.00 |
| 5 | ഇടുക്കി | 3,109.26 |
| 6 | കോട്ടയം | 1,499.11 |
| 7 | എറണാകുളം | 1,149.18 |
| 8 | തൃശ്ശൂർ | 1,800.00 |
| 9 | പാലക്കാട് | 2,580.00 |

| | | |
|---|---|---|
| 10 | മലപ്പുറം | 1,997.95 |
| 11 | കോഴിക്കോട് | 1,050.82 |
| 12 | കണ്ണൂർ | 1,110.99 |
| 13 | വയനാട് | 785.00 |
| 14 | കാസർഗോഡ് | 940.56 |
| **ആകെ** | | **23010.29** |

## തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുവാൻ പദ്ധതികൾ

63 (1629) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുവാൻ എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കി നെൽക്കൃഷി നടപ്പാക്കുന്നതിന് കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽക്കൃഷി വികസന പദ്ധതിയുടെ ഭാഗമായി 2022-23 വർഷം തരിശുനില കൃഷി എന്ന ഘടകം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം 1415 ഹെക്ടർ തരിശ് നിലത്ത് നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിലേയ്ക്ക് ആകെ 566 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) ഇത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ?

2022-23 വർഷം നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ തരിശുനില കൃഷിയിൽ ഉൾപ്പെടുത്തി തരിശുനിലങ്ങളിൽ നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഹെക്ടറിന് 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമയ്ക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയും ഇതേ നിരക്കിൽ തരിശ് നെൽക്കൃഷിക്ക് ആനുകല്യം നൽകുന്നുണ്ട്. ഒരു ഹെക്ടറിന് 1000/- രൂപ എന്ന നിരക്കിൽ ഉത്പാദന ബോണസും തരിശ് നിലം കൃഷി ചെയ്യുന്ന കർഷകർക്ക് ലഭിക്കുന്നതാണ്. ഇതിനുപുറമെ നെൽക്കൃഷിക്ക് വൈദ്യുതി സൗജന്യവും അനുവദനീയമാണ്.

**കോതമംഗലം മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി**

64 (1630) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി 2016 മേയ് മാസം മുതൽ നാളിതുവരെ എത്ര അപേക്ഷകൾ നഷ്ടപരിഹാരത്തിനുവേണ്ടി ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

914 അപേക്ഷകൾ നഷ്ടപരിഹാരത്തിനുവേണ്ടി ലഭ്യമായിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം കൃഷി ഭവനുകൾ തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു+.

(സി) ഇതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചെന്നും കൃഷിഭവൻ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു+.

(ഡി) നഷ്ടപരിഹാരത്തിന് അപേക്ഷിച്ചിട്ടുള്ള എത്ര കർഷകർക്ക് ഇനിയും വിള ഇൻഷുറൻസ് വഴിയുള്ള നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

189 കർഷകർക്കായി 37,30,575/- രൂപ (മുപ്പത്തിയേഴ് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) വിള ഇൻഷുറൻസ് വഴിയുള്ള നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ട്.

(ഇ) അർഹരായ മുഴുവൻ പേർക്കും വിള ഇൻഷുറൻസ് വഴിയുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാന സർക്കാർ 2022-23 വർഷത്തിൽ വിള ഇൻഷുറൻസ് നഷ്ടപരിഹാരം നൽകുന്നതിനായി 3000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## എൻ.പി.കെ. വളങ്ങളുടെ ദൗർലഭ്യം

65 (1631) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എൻ.പി.കെ. വളങ്ങളുടെ ദൗർലഭ്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സംസ്ഥാനത്ത് നിലവിൽ രാസവളങ്ങൾക്ക് (എൻ.പി.കെ. വളങ്ങൾക്ക്) ദൗർലഭ്യമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃഷി

വകുപ്പ് എല്ലാ തിങ്കളാഴ്ചയും വളങ്ങളുടെ കണക്ക് ശേഖരിക്കുകയും വളങ്ങളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തിന് ആവശ്യമുള്ള വളങ്ങൾ കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിക്കുന്നുമുണ്ട്.

**ജൈവ-രാസവള വിലവർദ്ധനവ്**

66 (1632) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ-രാസവള വിലവർദ്ധനവ് കർഷകരെ ദുരിതത്തിലാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. വിവിധ അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, ചരക്ക് ഗതാഗത ചെലവ് എന്നിവയാണ് വളങ്ങളുടെ വില വർദ്ധിക്കാനുള്ള പ്രധാന കാരണങ്ങൾ. രാസജൈവവളങ്ങളുടെ വില നിശ്ചയിക്കുന്നതിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല. വളങ്ങളുടെ വിലനിർണ്ണയം, നിയന്ത്രണം, വിതരണം മുതലായവ കേന്ദ്ര സർക്കാരിന്റെമാത്രം അധികാരപരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നിരുന്നാലും ഉല്പാദനോപാധികളുടെ വിലക്കയറ്റം കർഷകരെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ സംസ്ഥാന സർക്കാർ വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖേന കൃഷി വകുപ്പിലൂടെയും തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും ഉല്പാദന ഉപാധികൾക്ക് സഹായധനം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ബി) കൃഷിയിറക്കുന്നതിനുള്ള ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ ഈ മേഖലയിലുള്ള താല്പര്യക്കുറവ് മൂലം കൃഷി ഉപേക്ഷിക്കേണ്ടിവരുന്ന ഗുരുതര സാഹചര്യം ഒഴിവാക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ കാർഷികവൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റുവാൻ ഉതകുന്നതാണ്. വർദ്ധിച്ചുവരുന്ന കൃഷി ചെലവുകൾ മറികടക്കുവാൻവേണ്ടി യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുവാൻ കൃഷി വകുപ്പ് 'ഫാം യന്ത്രവത്കരണത്തിനുള്ള സഹായം', കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ' എന്നീ പദ്ധതികളിലൂടെ കർഷകർക്ക് സഹായം നൽകിവരുന്നു. ഫാം യന്ത്രവത്കരണത്തിനുള്ള സഹായം എന്ന പദ്ധതിയിലൂടെ യന്ത്രവത്കരണ

പ്രവർത്തനങ്ങളുടെ ഭാഗമായ കാർഷിക സേവന കേന്ദ്രങ്ങൾ (കൃഷിശ്രീ കേന്ദ്രങ്ങൾ), കാർഷിക കർമ്മസേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തി സേവന പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് ഒറ്റ കേന്ദ്രത്തിലൂടെ നൽകുന്നതിന് ലക്ഷ്യമിടുന്നു. കാർഷിക പ്രവൃത്തികൾ മിതമായ നിരക്കിൽ കാർഷിക കർമ്മസേനകളിലൂടെയും അഗ്രോ സർവ്വീസ് സെന്ററുകളിലൂടെയും കർഷകർക്ക് ലഭ്യമാക്കുന്നു. നിലവിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ 368 കാർഷിക കർമ്മസേനകളും ബ്ലോക്ക് അടിസ്ഥാനത്തിൽ 107 അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷിക മേഖലയിൽ ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ എന്ന പദ്ധതിയിലൂടെ കർഷകർക്ക് 40 മുതൽ 80 ശതമാനംവരെ കേന്ദ്ര ധനസഹായം ലഭ്യമാകുന്നു. കാർഷിക ഉല്പാദനോപാധികളുടെ വിലക്കയറ്റം കാർഷിക മേഖലയെ ബാധിക്കുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്. അശാസ്ത്രീയവും അമിതവുമായ വളപ്രയോഗം ഈ പ്രശ്നം വർദ്ധിപ്പിക്കും. ശാസ്ത്രീയമായ വളപ്രയോഗത്തിനെക്കുറിച്ചും നൂതന കൃഷിരീതികളെക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതികളായ കാർഷിക വിജ്ഞാന വ്യാപനം

ശക്തിപ്പെടുത്തൽ, കൃഷി പാഠശാല, മാനവശേഷി വികസനം എന്നതിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മ എന്നതിലൂടെയും കർഷകർക്ക് പരിശീലനങ്ങൾ നൽകുവാൻ സാധിക്കുന്നു. കേരളത്തിലെ അമ്ലത്വം കൂടിയ മണ്ണിൽനിന്നും മെച്ചപ്പെട്ട വിളവ് ലഭിക്കുവാൻ കർഷകർക്ക് സബ്സിഡി നിരക്കിൽ കുമ്മായം പോലുള്ള വസ്തുക്കൾ 'മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത മെച്ചപ്പെടുത്തലും' എന്ന പദ്ധതിയിലൂടെ മണ്ണ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്ര നാളികേര വികസന പദ്ധതി ഘടകങ്ങളായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത പരിപാലന മുറകൾ, പച്ചില വളപ്രയോഗം, ഇടവിള കൃഷി (കേര രക്ഷാവാരം)

എന്നിവ ഈ വർഷം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഓരോ ഫാമിനും യോജിച്ച കാർഷികോല്പാദന പദ്ധതി (ഫാം പ്ലാൻ) തയ്യാറാക്കി അത് പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷി മുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷി വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ദീർഘകാലാടിസ്ഥാനത്തിൽ വാർഷിക വരുമാനം പരമാവധിയാക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ്. ഈ വർഷം 10,760 ഇത്തരം യൂണിറ്റുകൾ പദ്ധതിക്ക് കീഴിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. തുടർ വർഷങ്ങളിൽ ഈ പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ

പരിപാടിയുടെ ഭാഗമായി ഉല്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് എഫ്.പി.ഒ.-കൾ/കമ്പനികൾ എന്നിവ രൂപീകരിക്കുന്നതിനായി കർഷക കൂട്ടായ്മകളെയും ഗ്രൂപ്പുകളെയും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങൾകൊണ്ട് കർഷകർക്ക് അവരുടെ വിളകളിൽനിന്നും മെച്ചപ്പെട്ട ഉല്പാദനവും ഉല്പാദനക്ഷമതയും സുസ്ഥിരമായ വരുമാനവും ഉറപ്പാക്കുവാൻ സാധിക്കുന്നു.

**പാഠ്യ പദ്ധതിയിൽ കൃഷി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ**

67 (1633) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതിയിൽ കൃഷി ഉൾപ്പെടുത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വിദ്യാർത്ഥികളിൽ കാർഷിക അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) കൃഷി സംസ്കാരം വിദ്യാർത്ഥികളിൽ ഉണർത്തുമാറ് പാഠ്യപദ്ധതിയിൽ കൃഷി ഒരു വിഷയമായി ഉൾപ്പെടുത്തുവാൻ കൃഷി വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് നിരവധി പദ്ധതികൾ വിദ്യാർത്ഥികളിൽ കാർഷിക അവബോധം സൃഷ്ടിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) <u>ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം</u>:

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള 150 ലക്ഷം പച്ചക്കറിത്തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാൻ

ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) <u>സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി</u>:

സംസ്ഥാനത്ത് സ്കൂളുകളിലും (സ്ഥല പരിമിതി കണക്കിലെടുക്കാതെ) മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലും പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ' സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യഘടകം നടപ്പിലാക്കിവരുന്നു. പ്രോജക്ട് അടിസ്ഥാനത്തിലാണ് ഈ ഘടകം നടപ്പിലാക്കുന്നത്. ഇതിനുവേണ്ടി 2022-23 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) <u>വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്കൂളുകൾക്ക് അവാർഡുകൾ</u>:

കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പല തരത്തിലുള്ള അവാർഡുകൾ നൽകിവരുന്നു.

(ഡി) <u>ഞങ്ങളും കൃഷിയിലേയ്ക്ക്</u>:

എല്ലാ ജനങ്ങളെയും പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാവരെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

**വയനാട് ജില്ലയിൽ വാഴക്കുല സംഭരണം**

68 (1634) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിലവിൽ ഹോർട്ടികോർപ്പ് വാഴക്കുല സംഭരണം നടത്തുന്നുണ്ടോ?

പൊതുവിപണിയിൽ വാഴക്കുലയ്ക്ക് മതിയായ വില ലഭിക്കുന്നതിനാൽ സംഭരണത്തിനായി കർഷകർ ഹോർട്ടികോർപ്പിനെ സമീപിക്കുന്നില്ല. ഈ സാഹചര്യത്തിൽ നിലവിൽ ഹോർട്ടികോർപ്പ് വയനാട് ജില്ലയിൽ വാഴക്കുല സംഭരണം നടത്തുന്നില്ല.

(ബി) എങ്കിൽ ജില്ലയിലെ എത്ര കേന്ദ്രങ്ങളിലാണ് വാഴക്കുല സംഭരണം നടത്തുന്നതെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ?

ബാധകമല്ല.

**ഹോർട്ടികോർപ്പിൽ നിന്നുള്ള കുടിശ്ശിക**

69 (1635) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളും വിവിധ കാർഷിക ഉല്പന്നങ്ങളും വിതരണം ചെയ്ത ഇനത്തിൽ സംസ്ഥാനത്തെ കാർഷിക സഹകരണ സംഘങ്ങൾക്ക് സംസ്ഥാന ഹോർട്ടികോർപ്പറേഷനിൽനിന്നും ലഭിക്കേണ്ട കുടിശ്ശിക തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

| **ജില്ല** | **ലഭിക്കേണ്ട തുക (രൂപയിൽ)** |
|---|---|
| **തിരുവനന്തപുരം** | |
| സ്വാശ്രയ കർഷക സമിതി | 21,05,500/- |
| മറ്റ് കർഷക സമിതികൾ | 15,82,784/- |
| ആകെ | 36,88,284/- |
| **കൊല്ലം** | 2,31,150/- |
| **എറണാകുളം** | 1,86,101/- |
| **കോട്ടയം** | 3,90,520/- |

| | |
|---|---|
| **ആലപ്പുഴ** | 1,04,394/- |
| **പത്തനംതിട്ട** | 65,864/- |
| **തൃശ്ശൂർ** | 1,36,235/- |
| **മലപ്പുറം** | 3,13,350/- |
| **ഇടുക്കി** | 2,04,863/- |
| **പാലക്കാട്** | 8,87,202/- |
| **കണ്ണൂർ** | 3,57,212/- |

(ബി) ഈ തുക സമയബന്ധിതമായി ലഭിക്കാത്തതുമൂലം സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടുണ്ടോ; എങ്കിൽ ഈ തുക എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിപണി ഇടപെടലിനായി അനുവദിച്ച തുകയിൽനിന്നും സംഘങ്ങൾക്കുള്ള കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനുള്ള നടപടി ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്.

**വായ്പകൾക്ക് സർക്കാർ പ്രഖ്യാപിച്ചിരുന്ന മൊറട്ടോറിയം**

70 (1636) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് 2021 ജൂൺ വരെ എല്ലാ വായ്പകൾക്കും റിസർവ് ബാങ്ക് പ്രഖ്യാപിച്ചിരുന്ന മൊറട്ടോറിയം 2021 ഡിസംബർ വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ?

2021 മേയ് മാസം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റെസല്യൂഷൻ ഫ്രെയിം വർക്ക് 2.0-യുടെ പ്രഖ്യാപനത്തിലൂടെ സാമ്പത്തിക പ്രതിസന്ധിയിലായ അർഹരായ സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭകർക്കും റീട്ടെയിൽ ലോണുകൾക്കും മറ്റ് വ്യക്തിഗത വായ്പകൾക്കും (കാർഷികേതര വായ്പകൾ) രണ്ടുവർഷംവരെ തിരിച്ചടവ് സാവകാശം ഉൾപ്പെടെയുള്ള ഇളവുകൾ നൽകിയിരുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റെസൊല്യൂഷൻ ഫ്രെയിം വർക്ക് 2.0 നടപ്പിലാക്കുന്നതിന് ബാങ്കുകൾക്ക് ഡിസംബർ 31 വരെ സമയം അനുവദിച്ചിരുന്നു.

(ബി) വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ഈ ഉത്തരവ് അംഗീകരിക്കാതിരുന്നതുമൂലം സർക്കാർ ഉത്തരവിനെ വിശ്വസിച്ച് ലോൺ തിരിച്ചടവ് നീട്ടിവച്ചിരുന്ന കർഷകരുടെ ലോണുകൾ കുടിശ്ശികയായി കണക്കാക്കി പലിശയും പിഴപ്പലിശയും ഒപ്പംചേർത്ത് വൻതുകയ്ക്കുള്ള ജപ്തി നടപടികൾ ആരംഭിച്ചത് പരിശോധിച്ചിട്ടുണ്ടോ?

കോവിഡിനെത്തുടർന്ന് റിസർവ് ബാങ്ക് പ്രഖ്യാപിച്ച റെസൊല്യൂഷൻ ഫ്രെയിം വർക്ക് 2.0 (കാർഷികേതര വായ്പകൾക്ക്) സഹകരണ ബാങ്കുകൾ നടപ്പിലാക്കിയിട്ടുണ്ട്. ടി കാലയളവിൽ പ്രസ്തുത വായ്പ കുടിശ്ശികക്കാർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചിട്ടില്ല. വാണിജ്യ ബാങ്കുകളിൽ ഇതിൻപ്രകാരം സെപ്റ്റംബർ 2021-ന് മുമ്പ് അപേക്ഷിച്ച വായ്പകൾക്ക് രണ്ടുവർഷംവരെ മാനദണ്ഡങ്ങൾക്കുവിധേയമായി മൊറട്ടോറിയം ഉൾപ്പെടെയുള്ള ഇളവുകൾ നൽകിയിട്ടുണ്ട്.

(സി) മൂന്ന് മാസത്തിലധികം തിരിച്ചടവ് മുടക്കമുള്ള ലോണുകൾ സർഫാസി നിയമപ്രകാരം ജപ്തി നടപടികൾക്ക് വിധേയമാക്കാമെന്ന വ്യവസ്ഥ ഉപയോഗപ്പെടുത്തിയാണ് ഈ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മൊറട്ടോറിയം കാലയളവിൽ കുടിശ്ശികയായിട്ടുള്ള വായ്പകളിൽ സർഫാസി നടപടികൾ സ്വീകരിക്കാൻ സഹകരണ ബാങ്കുകൾക്ക് കേരള ബാങ്ക് നിർദ്ദേശം നൽകിയിട്ടില്ല. കാർഷിക ഭൂമി സർഫാസി നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ കൃഷി ഭൂമിയിലുള്ള ജപ്തി നടപടികൾക്കായി വാണിജ്യ ബാങ്കുകൾ സർഫാസി നടപടിക്രമങ്ങൾ സ്വീകരിക്കുന്നില്ല.

(ഡി) ലോൺ തിരിച്ചടവ് നീട്ടിവച്ച കർഷകരെ ജപ്തി നടപടികളിൽ നിന്നും വൻകടക്കെണിയിൽനിന്നും രക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ?

കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 2020-ലും 2021-ലും വായ്പകൾക്ക് മൊറട്ടോറിയം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതുപ്രകാരം കാർഷിക വായ്പകൾക്ക് പിഴപ്പലിശയില്ലാതെ പലിശ സബ്സിഡിയോടുകൂടി വായ്പകൾ പുതുക്കി നൽകുന്നതിന് സമയം നീട്ടി നൽകിയിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരം 2020 മാർച്ച് 1-നും 2020 മേയ് 31-നുമിടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ 2020 മേയ് 31-ന് മുൻപ് പുതുക്കിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിച്ചിരുന്നു. 2021 വർഷത്തിൽ ഈ ആനുകൂല്യം 2021 മാർച്ച് 1-നും 2021 ജൂൺ 30-നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ ജൂൺ 30-ന് മുൻപ് പുതുക്കിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിച്ചിരുന്നു. കോവിഡ്-19 മൂലം ദുരിതമനുഭവിക്കുന്ന വായ്പക്കാർക്ക് RBI Resolution Framework 2.0 അനുസരിച്ച് സഹകരണ ബാങ്കുകൾ 31-3-2021-ൽ സ്റ്റാൻഡേർഡ് കാറ്റഗറിയിൽപ്പെട്ട വായ്പകൾക്ക് മൊറട്ടോറിയം, റീസ്ട്രക്ച്ചറിംഗ് എന്നിവ

അനുവദിച്ചിട്ടുണ്ട്. കൂടാതെ 'നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' പ്രകാരം ഇളവുകളോടെ വായ്പാ കുടിശ്ശിക അടച്ചുതീർത്ത് ജപ്തി നടപടികളിൽനിന്ന് ഒഴിവാക്കുന്നതിന് 2022 ജൂൺ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്.

**അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്പനി**

71 (1637) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പു വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്പനിയുടെ ഉദ്ദേശ്യങ്ങൾ, ലക്ഷ്യങ്ങൾ, ഘടന, പ്രവർത്തനരീതി എന്നിവ എപ്രകാരമാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 72 പ്രകാരം അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്പനിയല്ല ഒരു മാർക്കറ്റിംഗ് കമ്പനിയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കാർഷിക വിളകളിൽനിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് സ്ഥിരമായ വിപണന സംവിധാനം ഒരുക്കുന്നതിനും അന്താരാഷ്ട്ര വിപണികൾ ഉൾപ്പെടെയുള്ള മാർക്കറ്റുകളിൽ

വിപണനം നടത്തുന്നതിനുമുള്ള ഒരു ഏകോപിത സംവിധാനമായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കമ്പനിയുടെ ഉദ്ദേശ്യങ്ങൾ, ലക്ഷ്യങ്ങൾ, ഘടന, പ്രവർത്തനരീതി എന്നിവയിൽ തീരുമാനമായിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർ**

72 (1638) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ കൃഷി ഓഫീസർ ഇല്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കാമോ; പഞ്ചായത്തുകളുടെ പേര് വിവരം നൽകാമോ;

(ബി) എത്രകാലമായി ഒഴിവ് തുടരുന്നുയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ വോർക്കാഡി കൃഷി ഭവനിൽ 05/2022 മുതലും ചെങ്ങള കൃഷി ഭവനിൽ 12/2021 മുതലും കൃഷി ഓഫീസർ തസ്തികകളിൽ ഒഴിവുകളുണ്ട്.

(സി) കൃഷി ഓഫീസർ ഇല്ലാത്തത് അതാത് പഞ്ചായത്തിലെ പ്രവർത്തനങ്ങളെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൃഷി ഭവന്റെ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ തസ്തികയുടെ അധിക ചുമതല നല്കി ക്രമീകരണം നടത്തിയിട്ടുണ്ട്.

(ഡി) കൃഷി ഓഫീസർമാരുടെ തസ്തിക നികത്താത്തത് എന്തുകൊണ്ടാണെന്നും എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ?

നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് ടി തസ്തികയിൽ ഇല്ലാത്തതിനാലാണ് തസ്തിക ഒഴിഞ്ഞുകിടക്കുന്നത്. ടി ഒഴിവുകൾ നികത്തുവാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപടി സ്വീകരിച്ചുവരുന്നു.

**കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതി**

73 (1639) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 140 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടയ്ക്കൽ

നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത കൃഷിഭവന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ?

(എ&ബി) സംസ്ഥാനത്തെ 140 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽനിന്നും ഇരിമ്പിളിയം കൃഷിഭവനെ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്.

**കോവളം മണ്ഡലത്തിലെ കൃഷി ഓഫീസുകൾക്ക് പുതിയ കെട്ടിടം**

74 (1640) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിലെ പൂവാർ, കരിങ്കുളം, കോട്ടുകാൽ എന്നീ കൃഷി ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കാൻവേണ്ടി സ്ഥലം എം.എൽ.എ. നൽകിയ 01-02-2022-ലെ കത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

പൂവാർ, കരിങ്കുളം, കോട്ടുകാൽ എന്നീ കൃഷി ഓഫീസുകൾക്ക് പുതിയ

കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ. നൽകിയ 01-02-2022-ലെ കത്ത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിലേയ്ക്കായി കാർഷിക വികസന കർഷകക്ഷേമ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൃഷി ഭവനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനമായതിനാൽ അടിസ്ഥാന സൗകര്യമൊരുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

## ഒഴിഞ്ഞ് കിടക്കുന്ന കൃഷി ഓഫീസർ തസ്തികകൾ

75 (1641) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർ തസ്തികയുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് കൃഷി ഓഫീസർ തസ്തികയിൽ 269 പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ 310 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ ഒഴിഞ്ഞുകിടക്കുന്ന കൃഷി ഓഫീസർ തസ്തിക

76 (1642) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കൃഷി ഓഫീസുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്നു?

ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റി, കരിമ്പുഴ, ശ്രീകൃഷ്ണപുരം, തച്ചനാട്ടുകര എന്നീ കൃഷി ഓഫീസുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(ബി) പ്രസ്തുത തസ്തികകളിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിയ്ക്കുന്നമുറയ്ക്ക് സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്ഥിരനിയമനം നടക്കുന്നത് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

77 (1643) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൃഷി വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; ഇതിനായി ചെലവഴിച്ച തുക എത്രയാണ്; ഏതെല്ലാം ഊരുകളിലാണ് തുക അനുവദിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

## കടപ്ലാമറ്റം പഞ്ചായത്തിൽ കൃഷിഭവൻ എക്സ്റ്റൻഷൻ കൗണ്ടർ

78 (1644) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം പഞ്ചായത്തിൽ കൃഷിഭവന് ആഴ്ചയിൽ രണ്ട് ദിവസം എക്സ്റ്റൻഷൻ കൗണ്ടർ വേണമെന്ന ആവശ്യം സംബന്ധിച്ച് പ്രസ്തുത പഞ്ചായത്ത് കമ്മിറ്റി മന്ത്രിക്ക് ഇ.6053069/2022 പ്രകാരം 16-3-2022-ൽ നൽകിയ നിവേദനത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യം സംബന്ധിച്ച് അഗ്രികൾച്ചറൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കടപ്ലാമറ്റം പഞ്ചായത്തിൽ കൃഷിഭവന് എക്സ്റ്റൻഷൻ കൗണ്ടർ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനായുള്ള കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി ഡയറക്ടർതലത്തിൽ പരിശോധിച്ചുവരുന്നു.

(സി) എക്സ്റ്റൻഷൻ കൗണ്ടർ തുടങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി സൗജന്യമായി മുറി അനുവദിച്ച് നൽകാമെന്ന് പ്രമേയത്തിലൂടെ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ വകുപ്പ് എന്ത് നിലപാട് സ്വീകരിച്ചുയെന്ന് വിശദമാക്കാമോ;

(ഡി) കടപ്ലാമറ്റം കൃഷിഭവനിലെ സ്റ്റാഫിനെത്തന്നെ ആഴ്ചയിൽ രണ്ട് ദിവസം എക്സ്റ്റൻഷൻ കൗണ്ടറിലേയ്ക്ക് നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) എക്സ്റ്റൻഷൻ കൗണ്ടർ തുടങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി

സൗജന്യമായി മുറി അനുവദിച്ച് നൽകാമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കൃഷി ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വൈപ്പിൻകരയിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണം

79 (1645) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻകരയിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) വൈപ്പിൻകരയിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി നബാർഡ് RIDF XX-ൽ ഉൾപ്പെടുത്തി കടമക്കുടി, എടവനക്കാട്, കുഴിപ്പിള്ളി, നായരമ്പലം പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികൾക്കും വീരംപുഴയുടേയും അനുബന്ധ തോടുകളുടേയും ആഴം കൂട്ടൽ

പ്രവൃത്തികളുമായും 'ജൈവ വൈപ്പിൻ പദ്ധതിയിൽ' പത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വെള്ളക്കയറ്റം നിയന്ത്രിച്ച് വൈപ്പിൻകരയിലെ കൃഷിഭൂമിയിൽ കൃഷിയിറക്കുന്നതിനാവശ്യമായ നപടികൾ സ്വീകരിക്കുമോ; ഇതിനാവശ്യമായ മോട്ടോർ പമ്പുസെറ്റുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വൈപ്പിൻകരയിലെ കുഴിപ്പിള്ളി ഐക്യസമാജം പാടശേഖരത്തിലേയ്ക്കായി നാല് സബ്മേഴ്സിബിൾ മോട്ടോർ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് 2.07 കോടി രൂപയുടെ എസ്റ്റിമേറ്റ് എടുത്ത് ഡി.പി.ആർ. സഹിതം 2022-23 സാമ്പത്തിക വർഷത്തെ ആർ.കെ.വി.വൈ. പദ്ധതിയിൽ അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വെള്ളക്കയറ്റം ഒരു പരിധിവരെ നിയന്ത്രിച്ച് കൃഷിയിറക്കാവുന്നതാണ്.

**തോടുകൾ നികത്തുന്നവർക്കെതിരെയുള്ള നടപടി**

80 (1646) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറിയ തോടുകളും ജല ആഗമന നിർഗ്ഗമന മാർഗ്ഗങ്ങളും അനധികൃതമായി കയ്യേറുകയും നികത്തുകയും ചെയ്യുന്നതുമൂലം കൃഷി തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട ചെറിയ തോടുകളും ജല ആഗമന-നിർഗ്ഗമന മാർഗ്ഗങ്ങളും അനധികൃതമായി കയ്യേറുകയും നികത്തുകയും ചെയ്യുന്നതുമൂലം കൃഷി തടസ്സപ്പെടുന്നത് തടയുന്നതിന് 2008 കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെതലത്തിൽ പ്രാദേശിക നിരീക്ഷണ സമിതി പ്രവർത്തിക്കുന്നുണ്ട്. ഈ സമിതിയിൽ മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ/പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, നെൽകൃഷി മേഖലയിലെ മൂന്ന് കർഷകർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. അനധികൃതമായി ചെറിയ തോടുകളും ജല ആഗമന-നിർഗ്ഗമന മാർഗ്ഗങ്ങളും കയ്യേറി നികത്തുന്നവർക്കെതിരെ സ്റ്റോപ്പ് മെമ്മോ നൽകാൻ വില്ലേജ് ഓഫീസറിനെ കേരള നെൽവയൽ തണ്ണീർത്തട

സംരക്ഷണ നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭൂമി തരംമാറ്റുന്ന അപേക്ഷകളിൽ, ഇത്തരം പ്രദേശങ്ങളിൽ തോടുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, അത് സ്വാഭാവിക നീരൊഴുക്കിനെ ബാധിക്കുമെങ്കിൽ, പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസറാണ് അന്തിമ തീരുമാനം എടുക്കുന്നത്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ പെരുവൻവയൽ പാടശേഖരസമിതി കൃഷി ചെയ്യുന്ന 40 ഏക്കറോളം വരുന്ന നെൽവയലിലേയ്ക്ക് വെള്ളം എത്തിച്ചേരുന്ന തോട് സ്വകാര്യ വ്യക്തി കയ്യേറി കൈവശ സ്ഥലത്തോട് ചേർത്ത് മതിലുകെട്ടിയതിനാൽ കർഷകർക്ക് ഈ വർഷം കൃഷി ചെയ്യാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പാടശേഖര സമിതി സെക്രട്ടറി രേഖാമൂലം നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ പെരുവൻവയൽ പാടശേഖരത്തിൽപ്പെട്ട മഠപ്പുര താഴെ നെൽവയലിലേയ്ക്ക്, വെള്ളം ഒഴുകിവരുന്ന കന്നികുണ്ട്

തോടിന്റെ ഏകദേശം 30 മീറ്റർ നീളവും ഒരു മീറ്റർ വീതിയുമുള്ള ഭാഗം മണ്ണിട്ട് വെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും തോട്ടിൽ കൽകെട്ട് നിർമ്മിക്കുകയും ചെയ്തിട്ടുള്ളതിനാൽ സമീപത്തെ നെൽവയലിൽ നെൽക്കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയിലായത് ബോധിപ്പിച്ചുകൊണ്ട് പെരുവൻ പാടശേഖര സമിതി സെക്രട്ടറി തൃപ്രങ്ങോട്ടൂർ കൃഷി ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ള പരാതി പരിഗണിച്ചുകൊണ്ട് തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രാദേശികതല നിരീക്ഷണ സമിതി യോഗം ചേരുകയുണ്ടായി. ഈ പാടശേഖരത്തിൽ മഴയെ ആശ്രയിച്ച് വർഷത്തിൽ ഒരു വിള മാത്രം നെൽകൃഷി ചെയ്തുവരുന്ന സാഹചര്യത്തിൽ നെൽവയലിലേയ്ക്ക് മഴക്കാലത്ത് വെള്ളം എത്തിക്കുന്ന തോടിലെ വെള്ളത്തിന്റെ ഒഴുക്ക് തടസപ്പെടുത്തുന്ന തരത്തിൽ കൽകെട്ട് നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നതും കർഷകർക്ക് നെൽകൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥ സംജാതമാകുന്നതുമാണെന്ന് സമിതിക്ക് ബോധ്യപ്പെടുകയും ആയതിന്മേൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

## കൃഷി വിളകളെ സംരക്ഷിക്കുന്നതിന് നടപടി

81 (1647) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ വിവിധ മേഖലകളിൽ ക്രമാതീതമായി വർദ്ധിക്കുന്ന ആഫ്രിക്കൻ ഒച്ചുകൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവയുടെ വ്യാപനം തടഞ്ഞ് കൃഷി വിളകളെ സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

തൃക്കാക്കര നഗരസഭയിലെ വിവിധ വാർഡുകളിലായി നടന്ന വാർഡുതല മീറ്റിംഗുകളിൽ കർഷകർ ടി പരാതി ഉന്നയിക്കുകയും കൃഷി ഓഫീസർ ഇതുമായി ബന്ധപ്പെട്ട് കേരള വനഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞന്മാരെ (നോഡൽ സെന്റർ ഫോർ ബയോളജിക്കൽ ഇൻവെൻഷൻ) സമീപിക്കുകയും ചെയ്തിരുന്നു. ശിപാർശകൾ അനുസരിച്ച് വാർഡുതലത്തിൽ ക്ലസ്റ്ററുകൾ രൂപീകരിച്ച് വീടും പരിസരവും കൃത്യമായ ഇടവേളകളിൽ ശുചീകരണ യജ്ഞം നടത്തുന്നതിനും നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ ക്യാമ്പയിനുകൾ സംഘടിപ്പിച്ച് ഉപ്പുലായനി കുമ്മായ മിശ്രിതം, തുരിശ് മിശ്രിതം എന്നിവ പ്രധാനമായും ഒച്ചിനെതിരെ നിയന്ത്രണമാർഗ്ഗമായി ഉപയോഗിക്കുന്നതിനുള്ള നടപടികളും

സ്വീകരിച്ചുവരുന്നു. ആഫ്രിക്കൻ ഒച്ചുകളുടെ മുട്ടകൾ ഭക്ഷ്യയോഗ്യമാക്കുന്ന കോഴി, താറാവ്, ടർക്കി, കാട എന്നിവ വളർത്തുന്നതിന് ആവശ്യമായ പദ്ധതികൾ നഗരസഭാതലത്തിൽ ആവിഷ്കരിച്ചുവരുന്നു. ആഫ്രിക്കൻ ഒച്ചുകളുടെ നിയന്ത്രണത്തിനായി കാർഷിക സർവ്വകലാശാല വിവിധ സാങ്കേതികവിദ്യകൾ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. ഭക്ഷ്യകെണികളും മറ്റ് വിവിധ സാങ്കേതിക മാർഗ്ഗങ്ങളുപയോഗിച്ച് സാമൂഹികാടിസ്ഥാനത്തിൽ ആഫ്രിക്കൻ ഒച്ചുകളെ നിയന്ത്രിക്കുന്നതിനുള്ള സാങ്കേതിക വിദ്യകളെക്കുറിച്ച് എറണാകുളം ജില്ലയിലെ കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഔഷധ സസ്യഗവേഷണ കേന്ദ്രം ഓൺലൈനായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ കൃഷി വകുപ്പിന് കീഴിലുള്ള വൈറ്റില ആർ.എ.ടി.ടി.സി. (Regional Agricultural Technology Training Centre)-യുമായി ചേർന്ന് ആഫ്രിക്കൻ ഒച്ചുകളുടെ നിയന്ത്രണത്തെക്കുറിച്ച് കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്.

**വെന്നിയൂർ-കുളങ്ങര ലിങ്ക് റോഡ് നിർമ്മാണം**

82 (1648) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല, എടരിക്കോട് എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വെന്നിയൂർ-കുളങ്ങര ലിങ്ക് റോഡ് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഫയലിൽ അനുമതി ലഭ്യമാക്കുമോ; ഈ പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിനെതിരെ ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

05-11-2021-ലെ 211/എൻസിഎ 2/2018/കൃഷി സർക്കാർ കത്ത് പ്രകാരം അനുമതി നിരസിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിനെതിരെ 23-10-2017-ൽ തെന്നല കൃഷി ഭവനിൽ ഒരു കർഷകൻ പരാതി നൽകിയിരുന്നു.

(ബി) സർക്കാർ നിർദ്ദേശമനുസരിച്ച് മലപ്പുറം ജില്ലാ കളക്ടർ, മലപ്പുറം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ റോഡ് നിർമ്മാണ സ്ഥലം സന്ദർശിക്കുകയും ഈ പ്രവൃത്തി നീരൊഴുക്കിനെ തടസ്സപ്പെടുത്താതെ പൂർത്തീകരിക്കാമെന്നും ഈ പ്രവൃത്തി കൃഷിക്ക് ഗുണകരമാകുമെന്നും റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ ഈ പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് വേറെ തടസ്സങ്ങളുണ്ടോ; വിശദീകരിക്കാമോ;

(സി) ഈ പ്രവൃത്തിക്ക് അനുമതി ലഭിക്കാതെ നീണ്ടുപോകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(ബി&സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ - കുളങ്ങര റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലം പരിവർത്തനപ്പെടുത്തുന്നതിന് സർക്കാർ അനുമതി നിഷേധിച്ചത് സംബന്ധിച്ച് ലഭ്യമായ പരാതിയിന്മേൽ ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടും ഇക്കാര്യത്തിൽ സംസ്ഥാനതല സമിതി അംഗം സ്ഥലം നേരിട്ട് പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിക്കുകയും പ്രസ്തുത നിലം നികത്തിയാൽ ഗുരുതരമായ പാരിസ്ഥിതിക ആഘാതം ഉണ്ടാകുമെന്ന് ബോധ്യപ്പെടുകയും ചെയ്തതിനാലാണ് പ്രസ്തുത അപേക്ഷ നിരസിച്ചത്.

## തോടുകളുടെ സംരക്ഷണഭിത്തി നിർമ്മാണം

83 (1649) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ പഞ്ചായത്തിലെ മുരിയമംഗലം, മനയ്ക്കത്താഴം, ചെമ്പനാട്, മറ്റക്കുഴി, വെങ്കിട്ട പാടശേഖരങ്ങളിലെ തോടുകൾക്ക് സംരക്ഷണ ഭിത്തിയില്ലാത്തതിനാൽ കൃഷിനാശം സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പാടശേഖരങ്ങളിലെ തോടുകൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ?

ഇല്ല.

(സി) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് സ്കീമിലോ അല്ലെങ്കിൽ കൃഷി വകുപ്പിന്റെ മറ്റ് പദ്ധതികളിലോ ഉൾപ്പെടുത്തി സംക്ഷണഭിത്തി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി ടി പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന എസ്റ്റിമേറ്റ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സ്ഥല ലഭ്യത സാക്ഷ്യപത്രം, പാടശേഖര സമിതികളുടെ അപേക്ഷ എന്നിവ സഹിതം കൃഷിഭവൻ തലത്തിൽ തയ്യാറാക്കിയ ശിപാർശ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ**

84 (1650) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് അനുമതി നൽകിവരികയാണ്. കോക്കനട്ട് കൗൺസിൽ പദ്ധതിയിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ 1750 എണ്ണം തെങ്ങിൻത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രകാരം 12500 പാക്കറ്റ് പച്ചക്കറി വിത്തും 20000 പച്ചക്കറി തൈകളും വിതരണം ചെയുന്നുണ്ട്. 100 sq.meter ഉള്ള മഴമറയും അനുവദിച്ചിട്ടുണ്ട്. ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം എന്ന പദ്ധതിയിലൂടെ 350 ഫലവൃക്ഷ തൈകളും 300 വാഴക്കന്നും വിതരണം ചെയ്തു.

(ബി) 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും കൃഷി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ

നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും കൃഷി വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു (അനുബന്ധം -1)+.

(സി) 2021 ഏപ്രിൽ മാസത്തിനുശേഷം കൃഷി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ (ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ) ലഭ്യമാക്കാമോ?

2021 ഏപ്രിൽ മാസത്തിനുശേഷം കൃഷി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു (അനുബന്ധം -2)+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അഗ്രോ പാർക്കുകൾ

85 (1651) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ട് കേരളത്തിൽ എത്ര അഗ്രോ പാർക്കുകളാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ട് കേരളത്തിൽ അഞ്ച് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ എത്ര അഗ്രോ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷി ഫാമിൽ കോക്കനട്ട് അഗ്രോപാർക്ക് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഈ അഗ്രോപാർക്കിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

(ബി&സി) കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വ്യാപാര കേന്ദ്രത്തിലും കൂത്താളിയിലെ ജില്ല കൃഷിത്തോട്ടത്തിലുമായി രണ്ട് നാളികേര

അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെയ്കോ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരത്തിന് വിധേയമായി പദ്ധതി നടപ്പാക്കുന്നതാണ്.

## സംസ്ഥാനത്ത് വെർട്ടിക്കൽ ഫാർമിംഗ് കമ്പനി ലിമിറ്റഡ് ആരംഭിക്കാൻ നടപടി

86 (1652) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പ്രയോജനപ്പെടുത്തി കൃഷി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ഒരു വെർട്ടിക്കൽ ഫാർമിംഗ് കമ്പനി ലിമിറ്റഡ് ആരംഭിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) പദ്ധതിയുടെ നിലവിലെ നിയമാവലി പ്രകാരം FPOs, PACS, SHGs, JLGs, Co-operations, National and State Level Federation of Co-operations, FPOs federation, Federation of SHGs, National and State Level Agencies എന്നിവർക്ക് മാത്രമാണ് വെർട്ടിക്കൽ ഫാർമിംഗ് പദ്ധതിക്ക്

അർഹതയുള്ളത്. കേന്ദ്ര-സംസ്ഥാന-തദ്ദേശ ഗവൺമെന്റുകൾ അല്ലെങ്കിൽ അവരുടെ ഏജൻസികൾ Public Private Partnership (PPP) പ്രകാരം പ്രൊമോട്ട് ചെയ്യുന്ന സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പദ്ധതികളും അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിന് അർഹമായിട്ടുള്ളതാണ്. നിലവിൽ പൊതുമേഖല സ്ഥാപനങ്ങൾക്ക് നേരിട്ട് പദ്ധതിയിൽ ഗുണഭോക്താവ് ആകാനാവില്ല. ഈ പദ്ധതിയിലെ ഫണ്ട് ഉപയോഗപ്പെടുത്തി കമ്പനി രൂപീകരിക്കാനാവില്ല.

(ബി) സാങ്കേതികവിദ്യ, സാമ്പത്തിക സഹായം, വിപണനം, പേറ്റന്റ് എന്നിവ പ്രസ്തുത കമ്പനിക്ക് ഉറപ്പുനൽകാനായാൽ കുറഞ്ഞ സ്ഥലത്തും കൃഷി വിപ്ലവം സാധ്യമാകില്ലേ; വ്യക്തമാക്കാമോ?

ബാധകമല്ല.

(സി) ലോകോത്തര സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പോളിഹൗസ് വെർട്ടിക്കൽ ഫാർമിംഗ് സംസ്ഥാനത്ത് പ്രായോഗികമാണോയെന്ന പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫാർമിംഗിന് അനുയോജ്യമായ മണ്ണ്, കാലാവസ്ഥ, കൃഷിരീതികൾ തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇസ്രായേൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പോളിഹൗസ് വെർട്ടിക്കൽ മഞ്ഞൾ കൃഷി കേരളത്തിൽ ലാഭകരമായി നടപ്പാക്കാനാവുമോ; ഉയർന്ന മുതൽമുടക്ക് ആവശ്യമായതിനാൽ സർക്കാർതലത്തിൽ കമ്പനി രൂപീകരിക്കുന്നത് കർഷകർക്ക് പ്രയോജനകരമാവില്ലേ; വ്യക്തമാക്കാമോ?

(സി&ഡി) ലോകോത്തര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പോളിഹൗസ് വെർട്ടിക്കൽ ഫാർമിംഗ് സംസ്ഥാനത്ത് പ്രായോഗികമാണോ എന്നത് സംബന്ധിച്ചുള്ള പഠനങ്ങൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടത്തിയിട്ടില്ല.

**സംസ്ഥാനത്ത് വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശം**

87 (1653) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികൾ കൃഷിനാശം ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട് പ്രതിരോധ മാർഗ്ഗമായി ഏതെല്ലാം രാസവസ്തുക്കൾ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്ത് വന്യജീവികൾ മൂലമുണ്ടാകുന്ന കൃഷിനാശം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് പ്രതിരോധ മാർഗ്ഗമെന്ന നിലയിൽ

പ്രസ്തുത ജീവികളുടെ ജീവന് ഹാനികരമാകുന്നതരത്തിലുള്ള രാസവസ്തുക്കളുടെ ഉപയോഗം ഒന്നുംതന്നെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ശിപാർശ ചെയ്യുന്നില്ല. എന്നാൽ കാർഷിക വിളകൾക്ക് വൻതോതിൽ നാശം ഉണ്ടാക്കുന്ന കാട്ടുപന്നി, മ്ലാവ് എന്നിവയെ കൃഷിയിടങ്ങളിൽനിന്നും അകറ്റി നിർത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയിലെ അഖിലേന്ത്യ കശേരു കീട നിയന്ത്രണ ശൃംഖല പദ്ധതിയുടെ (KAR- All India Network Project on Vertebrate Pest Management) കീഴിൽ വികസിപ്പിച്ചെടുത്ത ബോറെപ്പ് (wild boar olfactory repellent), ഡീറെപ്പ് (sambar deer olfactory affecting repellent) എന്നീ ജൈവ ഘ്രാണ വികർഷണികൾ കർഷകർ ഉപയോഗിച്ചുവരുന്നു.

(ബി) ഇവയുടെ പ്രയോഗവും ഉപയോഗവും സംബന്ധിച്ച് എന്തെല്ലാം ബോധവൽക്കരണമാണ് കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളത്?

പ്രസ്തുത ജൈവ-ഘ്രാണ വികർഷണികളുടെ ഉപയോഗം, കൃഷിയിടങ്ങളിലെ പ്രയോഗരീതി എന്നിവയെ സംബന്ധിച്ച് കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, മറ്റ് സ്ഥാപനങ്ങൾ എന്നിവ കർഷകർക്കായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾ മുഖാന്തരം നേരിട്ടും കൂടാതെ ആയത് സംബന്ധിച്ച് തയ്യാറാക്കിയ ലഘുലേഖ, കാർഷിക സർവ്വകലാശാല

വെബ്സൈറ്റ് വഴി ലഭ്യമാക്കിയിട്ടുള്ള ലഘു വീഡിയോ എന്നിവ വഴിയും കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

## പച്ചക്കറി വില നിയന്ത്രിക്കാൻ നടപടി

88 (1654) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതുമൂലം ജനങ്ങൾ നിത്യച്ചെലവിന് വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവപൂർവം കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വില നിയന്ത്രണത്തിനായി എന്തെങ്കിലും വിപണി ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് ഫലപ്രദമാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ വിഷുക്കാലത്ത് കർഷകർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും

ഉണഭോക്താക്കൾക്ക് ന്യായവില ലഭിക്കുന്നതിനും കൃഷി വകുപ്പിന്റെതന്നെ നിയന്ത്രണത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ ബ്ലോക്ക്തല ഫെഡറേറ്റഡ് ഓർഗനൈസേഷൻസ്, ആഴ്ച ചന്തകൾ നഗര വഴിയോര ചന്തകൾ എന്നിവവഴിയും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ ഏജൻസികളും വിഷുവിപണികൾ സംഘടിപ്പിച്ചു. കൂടാതെ ഓണക്കാലത്ത് കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണികളിൽനിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതുവിപണി വിൽപ്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി ഫലപ്രദമായി വിപണികൾ സംഘടിപ്പിക്കാറുമുണ്ട്.

(സി) അനിയന്ത്രിതമായി പച്ചക്കറി വില വർദ്ധിക്കുന്ന സാഹചര്യത്തിൽ സ്ഥിരമായ വിപണി ഇടപെടലുകൾക്കുവേണ്ടി ഒരു സ്പെഷ്യൽ ഫണ്ട് രൂപീകരിക്കുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

വിപണി ഇടപെടലുകൾക്കായി സർക്കാർ അനുവദിക്കുന്ന തുകയിൽ നിന്നും സംഭരണം ഉൾപ്പടെയുള്ള ഇടപെടലുകൾക്കായി ഒരു കരുതൽ ധനം കൃഷി ഡയറക്ടർ മുൻകൂട്ടി നിശ്ചയിച്ച് സാമ്പത്തിക വർഷത്തിന്റെ

ആരംഭത്തിൽത്തന്നെ മാറ്റിവയ്ക്കേണ്ടതും ഈ തുക ഉപയോഗിച്ച് പച്ചക്കറികൾ സംഭരിക്കേണ്ടതുമാണെന്ന് 17-12-2021-ലെ സ.ഉ (സാധാ)നം. 1028/2021/ കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) വില നിയന്ത്രണത്തിനുള്ള ഫലപ്രദമായ മാർഗ്ഗം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ പ്രാദേശികമായി പച്ചക്കറി കൂടുതൽ ഉല്പാദിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പച്ചക്കറികളുടെ വില നിയന്ത്രണത്തിനുള്ള ഒരു ഫലപ്രദമായ മാർഗ്ഗം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ്. സംസ്ഥാനത്ത് പ്രാദേശികമായി പച്ചക്കറി കൂടുതൽ ഉല്പാദിപ്പിക്കുന്നതിനും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയിലൂടെ എല്ലാ കുടുംബങ്ങളേയും അവർക്കാവശ്യമായ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങളേയും ഇക്കാര്യത്തിനായി സജ്ജീകരിക്കുന്നു. കൂടാതെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു.

**പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്ന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.**

1) വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം.

2) സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി.

3) വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി.

4) പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം.

(ഇ) ഇടനിലക്കാരെ ഒഴിവാക്കി ഇതര സംസ്ഥാനങ്ങളിൽനിന്നും നേരിട്ട് കൂടുതൽ പച്ചക്കറി സംഭരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇപ്രകാരം സംഭരണം നടത്തുമ്പോൾ അമിത കീടനാശിനി പ്രയോഗം നടത്തിയവ ഒഴിവാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഇടനിലക്കാരെ ഒഴിവാക്കി ഇതര സംസ്ഥാനങ്ങളിൽനിന്നും ആവശ്യാനുസരണം പച്ചക്കറി സംഭരിക്കാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഇക്കാര്യത്തിനായി ഹോർട്ടികോർപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നും ഇത്തരത്തിൽ പച്ചക്കറി ശേഖരിച്ചിരുന്നു. കൂടാതെ ക്ഷാമമുള്ള പച്ചക്കറികൾ രാജ്യത്തിന്റെ ഏത് ഭാഗത്താണ് സുഭിക്ഷമായുള്ളതെന്ന് മനസ്സിലാക്കി ടി സ്ഥലത്തുനിന്നും

ആവശ്യമുള്ള പച്ചക്കറികൾ ലഭ്യമാക്കുവാനും ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനായി കൃഷി ഡയറക്ടർ ഉദ്യോഗസ്ഥരുടെ ഒരു സംവിധാനം ഒരുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ ഇടപെടലുകൾക്കായി ഒരു പ്രത്യേക കോർപ്പസ് ഫണ്ടും രൂപീകരിക്കുവാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പച്ചക്കറികളിലെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി “ സേഫ് ടു ഈറ്റ്” എന്ന പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇതരസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തെ പൊതുവിപണിയിൽ ലഭ്യമാകുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിച്ച് വരുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികളുടേയും അവശിഷ്ട വിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ കീടനാശിനി അവശിഷ്ട

വിഷാംശ പരിശോധന നടത്തുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിൽ പൊതുജനങ്ങൾക്കും വായിച്ച് മനസ്സിലാക്കുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു. ഇതുവരെയായി 54 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുവഴി മാരകമായ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധിവരെ സഹായമാകുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തുനിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധി വരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു. പച്ചക്കറികളിലെ കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിനായി നിയന്ത്രണ മാർഗ്ഗങ്ങളിലൂന്നിയുള്ള സംയോജിത സസ്യ ജൈവ സംരക്ഷണത്തെക്കുറിച്ചുള്ള അറിവുകൾ കാർഷിക സർവ്വകലാശാല കർഷകരിലേയ്ക്ക് പരിശീലന പരിപാടികളിലൂടെയും മറ്റും പകർന്ന് കൊടുക്കുന്നുണ്ട്.

## കാർഷിക രംഗത്തേയ്ക്ക് കൂടുതൽ സംരംഭകർ

89 (1655) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാർഷിക രംഗത്തേയ്ക്ക് കൂടുതൽ സംരംഭകരെ കൊണ്ടുവരുന്നതിന് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കാർഷികരംഗത്തേയ്ക്ക് കൂടുതൽ സംരംഭകരെ കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. അതിൻ പ്രകാരം നൽകുന്ന ആനുകൂല്യത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.+ കൃഷി വകുപ്പിനുകീഴിലുള്ള സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയവയ്ക്കാണ് സഹായം നൽകുന്നത്. 2021-2022 സാമ്പത്തിക വർഷത്തിൽ 17 സംരംഭകർക്ക് സബ്സിഡി ആയി 2,47,74,519/- രൂപ SFAC വിതരണം ചെയ്തു. കൂടാതെ "ഞങ്ങളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുന്ന കൃഷിക്കൂട്ടങ്ങളിൽ കാർഷിക മേഖലയിലെ സംരംഭകത്വത്തിന് പ്രോത്സാഹനം നൽകിയുള്ള കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതാണ്.

**എ.ഐ.എം.എസ് (എയിംസ്) പോർട്ടൽ**

90 (1656) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എ.ഐ.എം.എസ്. (എയിംസ്) പോർട്ടലിൽ വിളകളുടെ ഇൻഷ്വറൻസ്, റോയൽറ്റി എന്നിവ ചെയ്യുന്നതിനപ്പുറമേ കൃഷി വകുപ്പിന്റെ സേവനങ്ങളെല്ലാം ലഭ്യമാകുന്ന വിധത്തിൽ പോർട്ടൽ പരിഷ്കരിക്കുന്നതിന് നടപടികളായിട്ടുണ്ടോ; എങ്കിൽ ഏതുവരെയായി; വിശദമാക്കുമോ?

ഉണ്ട്. വിള ഇൻഷ്വറൻസ്, റോയൽറ്റി എന്നിവയ്ക്കുപുറമെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യം, പച്ചക്കറി പഴവർഗ്ഗങ്ങളുടെ താങ്ങുവില പദ്ധതി എന്നിവയും നിലവിൽ AIMS പോർട്ടലിൽ ലഭ്യമാണ്. കൃഷി വകുപ്പ് മുഖേന കേന്ദ്ര/സംസ്ഥാന സർക്കാർ നൽകിവരുന്ന 8 സേവനങ്ങൾ, സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ എന്നിവയും എയിംസ് പോർട്ടൽവഴി

ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ കേരളത്തിലെ കൃഷി സ്ഥലങ്ങളെല്ലാം പി.എം. കിസാൻ ഡാറ്റാ ബേസിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; ഇതിൽ കൃഷിയിടത്തിൽ വാസസ്ഥലം ഉണ്ടെങ്കിൽ രേഖപ്പെടുത്താനുള്ള ഓപ്ഷൻ കൊടുത്തിട്ടുണ്ടോ?

ഇല്ല. നിലവിൽ, പി.എം. കിസാൻ ഗുണഭോക്താക്കളായവരുടെ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങളാണ് പി.എം. കിസാൻ ഡാറ്റാബേസിൽ ചേർക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. കൃഷിയിടത്തിൽ വാസസ്ഥലം ഉണ്ടെങ്കിൽ രേഖപ്പെടുത്താനുള്ള ഓപ്ഷൻ ലഭ്യമല്ല.

(സി) കൃഷിയിടങ്ങളിലെ പഴയകാലത്തെ ആളുകളുടെ പേരിലുള്ള തണ്ടപ്പേർ റവന്യൂ വകുപ്പുമായി ചേർന്ന് നിലവിലെ ഉടമകളുടേതാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ?

പി.എം. കിസാൻ ഗുണഭോക്താക്കളായ കർഷകരുടെ കൃഷിയിടങ്ങളിലെ പഴയ കാലത്തെ ആളുകളുടെ പേരിലുള്ള തണ്ടപ്പേർ, നിലവിലെ ഉടമകളുടേതാക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറെ സമീപിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശീതീകരണ സംഭരണ കേന്ദ്രം

91 (1657) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ വട്ടവട മേഖലയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സംഭരിച്ച് വയ്ക്കുന്നതിന് ശീതീകരണ സംഭരണ കേന്ദ്രം ആവശ്യമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംഭരണ കേന്ദ്രം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലയിൽ വട്ടവട, കാന്തല്ലൂർ മേഖലയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് ചെയിൻ സംവിധാനം ഒരുക്കുന്നതിനായി 185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വട്ടവടയിൽ ഒരു പ്രീ കൂളിംഗ് കേന്ദ്രവും എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ 3 കോൾഡ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനും ഹോർട്ടികോർപ്പിന്റെ കോൾഡ് സ്റ്റോറേജ് നവീകരിക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

## യുവതലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനുള്ള നടപടി

92 (1658) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവതലമുറ കാർഷികമേഖലയിൽനിന്നും പിന്നാക്കം പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ?

യുവതലമുറ കാർഷികമേഖലയിൽനിന്നും പിന്നാക്കം പോകുന്നത് ഒഴിവാക്കാനും യുവതലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പുതിയ തലമുറയെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുവാനും അവരെ കാർഷിക മേഖലയിൽ നിലനിർത്തുവാനും നൂതന കൃഷി രീതികളിലൂടെയും യന്ത്രവൽക്കരണത്തിലൂടെയും വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെയും മികച്ച വരുമാനം ഉറപ്പാക്കുക എന്നത് അത്യന്താപേക്ഷിതമായ ഘടകമാണ്. സംസ്ഥാനത്ത് കാർഷിക മേഖലയിലേയ്ക്ക് പുതിയ തലമുറയെ ആകർഷിക്കുന്നതിന് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഭക്ഷ്യ സംസ്കരണ രംഗത്ത് ചെറുകിട ഇടത്തരം സംരംഭങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വഴിയുള്ള ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിൽ യുവതലമുറയെ സഹായിക്കുന്നതിന് കൃഷി വകുപ്പിന് സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേന 50 എഫ്.പി.ഒ.-കൾ പുതുതായി രൂപീകരിക്കുവാനും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകൾ ശാക്തീകരിക്കുവാനും ലക്ഷ്യമിടുന്നു. പ്രസ്തുത എഫ്.പി.ഒ.-കളിൽ യുവാക്കൾക്ക് ഭാഗമാകാവുന്നതാണ്. കൂടാതെ സംരംഭകത്വ പ്രോത്സാഹനത്തിനായും യുവാക്കളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായും കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സഹകരണ വകുപ്പുമായി ചേർന്ന് സംഭരണ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. കൃഷി വകുപ്പിൻകീഴിലുള്ള സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആനുകൂല്യം നൽകിവരുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ

എന്നിവ മുഖേനയുള്ള സംരംഭങ്ങളിൽ യുവാക്കളെ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികളും ആലോചനയിലാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്നതരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ സംരംഭങ്ങൾക്ക് എസ്.എഫ്.എ.സി. മുഖേന സബ്സിഡി നൽകിവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ചാണകം, ആട്ടിൻവളം, കോഴിവളം, ജൈവവളം, കമ്പോസ്റ്റ്, ചകിരിചോർ തുടങ്ങിയവ ശാസ്ത്രീയമായി പാക്കറ്റിലാക്കി വിപണിയിലെത്തിക്കുന്നതിനും ഓൺലൈനായി വില്പന നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇക്കാര്യത്തിൽ എന്തൊക്കെ സഹായങ്ങളാണ് കൃഷി വകുപ്പിന്റെ ഭാഗത്തുനിന്ന് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ?

പ്ലാസ്റ്റിക് ഗ്രോബാഗുകൾക്ക് പകരം മൺചട്ടിയും സിമന്റ് ചട്ടിയും പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത ചട്ടികൾ നിർമ്മിക്കുവാൻ തയ്യാറുള്ള ചെറുകിട യൂണിറ്റുകൾക്ക് എഫ്.പി.ഒ. മുഖേന ധനസഹായവും പ്രോത്സാഹനവും നൽകുന്നകാര്യം പരിശോധിച്ചുവരുന്നു.

(ഡി) പ്ലാസ്റ്റിക് ഗ്രോബാഗുകൾക്ക് പകരം മൺചട്ടിയും സിമന്റ് ചട്ടിയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത ചട്ടികൾ നിർമ്മിക്കുവാൻ തയ്യാറുള്ള ചെറുകിട യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്നതിനും നിർമ്മിക്കുന്ന ചട്ടികൾ ശേഖരിച്ച് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ വിതരണം ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

ചാണകം, ആട്ടിൻവളം, കോഴിവളം, ജൈവവളം, കമ്പോസ്റ്റ്, ചകിരിച്ചോർ തുടങ്ങിയവ വിൽക്കണമെങ്കിൽ പഞ്ചായത്തിൽനിന്നും കൃഷി വകുപ്പിൽനിന്നും ലൈസൻസ് എടുക്കേണ്ടതാണ്. കൃഷി വകുപ്പിൽനിന്നും വിതരണ ലൈസൻസ് KSWIFT എന്ന Online Portal മുഖേനയാണ് ലഭിക്കുന്നത്. വളങ്ങളുടെ ഓൺലൈൻ വിൽപ്പന കേന്ദ്ര സർക്കാർ നിരോധിച്ചിരിക്കുകയാണ്.

**കാർഷിക മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ**

93 (1659) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഞങ്ങളും കൃഷിയിലേയ്ക്ക്**

സർക്കാരിന്റെ നൂറു ദിന പരിപാടിയുടെ ഭാഗമായി ആരംഭിച്ച് എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തിലൂടെ പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ വിവിധ വിളകൾ 10000 ഹെക്ടറിൽ പുതിയതായി കൃഷിയിറക്കുക വഴി പരോക്ഷമായി കുറഞ്ഞത് 10000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**ജൈവകൃഷിയും ഉത്തമ കാർഷിക മുറകളും പദ്ധതി**

"ജൈവകൃഷിയും ഉത്തമ കാർഷിക മുറകളും" എന്ന പദ്ധതിയുടെ ഭാഗമായി ജൈവ ഉല്പാദനോപാധികൾ തയ്യാറാക്കുന്നതിലൂടെയും ജൈവ

കൃഷി മുറകളിലൂടെയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു.

**കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും (നിലവിൽ ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം എന്ന പദ്ധതി)**

കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനും തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക കർമ്മസേനകളും അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കർഷകരുടെ കൃഷിയിടങ്ങളിൽ സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ ഇവയിലൂടെ നടപ്പിലാക്കുന്നു. സംസ്ഥാനത്തുടനീളം 107 അഗ്രോ സർവ്വീസ് സെന്ററുകളും 368 കാർഷിക കർമ്മസേനകളും പ്രവർത്തിച്ചുവരുന്നു.

**വില നിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിനുള്ള പദ്ധതി**

കർഷകർക്ക് ന്യായമായ വില ഉറപ്പ് നൽകുക, വിപണി വില നിയന്ത്രിക്കുക എന്നീ ലക്ഷ്യങ്ങളോടെ വിളവെടുപ്പ് കാലത്ത് തെരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ നിയുക്ത ഏജൻസികൾ മുഖേനയുള്ള സംഭരണവും വിതരണവുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി ഉത്സവ സീസണുകളിലും മറ്റ് സമയങ്ങളിലും മാർക്കറ്റുകൾ നടത്തുന്നതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ

സൃഷ്ടിക്കുവാൻ സാധിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ കേരളത്തിലുടനീളം 2000 മാർക്കറ്റുകൾ നടത്തിയതിലൂടെ വിപണി വില നിയന്ത്രിക്കുവാൻ സാധിച്ചതിനോടൊപ്പംതന്നെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചു. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കുപുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ പദ്ധതികൾ നടപ്പാക്കിയതിലൂടെ ഉല്പാദനവും ഉല്പാദനക്ഷമതയും മെച്ചപ്പെടുത്താനും അതിനോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചു.

(ബി) പ്രസ്തുത പദ്ധതികളിലൂടെ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

മേൽപ്പറഞ്ഞ പദ്ധതികളിലൂടെ കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

**ഞങ്ങളും കൃഷിയിലേയ്ക്ക്**

പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ വിവിധ വിളകൾ പുതിയതായി കൃഷിയിറക്കുന്നതിലൂടെ 10720 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു.

**ജൈവകൃഷിയും ഉത്തമ കാർഷിക മുറകളും**

പ്രസ്തുത പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 20455 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിയതിലൂടെയും അതിലേയ്ക്കാവശ്യമായ ജൈവ ഉല്പാദനോപാധികൾ തയ്യാറാക്കിയതിലൂടെയും പരോക്ഷമായി 12000 പ്രത്യക്ഷമായി 23500 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചു.

**കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും (നിലവിൽ ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം എന്ന പദ്ധതി)**

അഗ്രോ സർവ്വീസ് സെന്ററുകൾ (കൃഷി ശ്രീ സെന്ററുകൾ), കാർഷിക കർമ്മസേന എന്നിവ മുഖേന യന്ത്രസാമഗ്രികളുടെ സഹായത്തോടെ കാർഷിക വൃത്തികൾ ചെയ്തുകൊടുക്കുക, ഗുണമേന്മയുള്ള നടീൽ വസ്തുക്കളും ജൈവവളം തുടങ്ങിയ ഉല്പാദനോപാധികൾ തയ്യാറാക്കുക, തെങ്ങുകയറ്റം, മരുന്നുതളി, നടീൽ, കളയെടുപ്പ്, വിളവെടുപ്പ് തുടങ്ങിയ സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവയിലൂടെ പ്രത്യക്ഷമായി 118750 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു.

**വില നിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിനുള്ള പദ്ധതി**

2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിലൂടെ കേരളത്തിലുടനീളം 2000 മാർക്കറ്റുകൾ നടത്തിയതുവഴി വിപണി വില നിയന്ത്രിക്കുവാൻ സാധിച്ചതിനോടൊപ്പം പ്രത്യക്ഷമായി 4285 തൊഴിൽ ദിനങ്ങളും പരോക്ഷമായി 1200 തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ സാധിച്ചു. നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ എന്നീ പദ്ധതികളുടെ ഭാഗമായി നിലമൊരുക്കൽ, നടീൽ, കളയെടുപ്പ്, വളപ്രയോഗം, മരുന്ന് തളി, വിളവെടുപ്പ് എന്നീ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു.

## സർവ്വകലാശാലകളിലെ ക്രമക്കേടുകൾ

94 (1660) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സർവ്വകലാശാലകളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഏതൊക്കെ ക്രമക്കേടുകളിലാണ് നടപടി സ്വീകരിച്ചതെന്നും സർവ്വകലാശാല തിരിച്ച് വ്യക്തമാക്കുമോ?

**മഹാത്മാഗാന്ധി സർവ്വകലാശാല**

(1) 2015 ജൂലൈ, ഒക്ടോബർ മാസങ്ങളിൽ നടന്ന ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് ഒരു സെക്ഷൻ ഓഫീസർക്ക് നിർബന്ധിത വിരമിക്കൽ നൽകി 2017-ൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ടി വിഷയം വിജിലൻസ് അന്വേഷണത്തിന് കൈമാറിയിട്ടുള്ളതാണ്.

(2) എം.ബി.എ. മാർക്ക് ലിസ്റ്റ് വിതരണവുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങി എന്ന ഒരു വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ വിജിലൻസ് അറസ്റ്റ് ചെയ്ത സർവ്വകലാശാലാ അസിസ്റ്റന്റിനെ ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിരുന്നു. പ്രസ്തുത വിഷയം വിജിലൻസ് അന്വേഷിച്ചുവരുന്നു.

**കാലിക്കറ്റ് സർവ്വകലാശാല**

(1) സർവ്വകലാശാല ഫണ്ട് ദുരുപയോഗം ചെയ്ത സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. ഹരീഷ് ജി.-യെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

(2) 2017 ഡിസംബറിൽ നടന്ന MBA പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന്റെ ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ക്രമക്കേട്

നടത്തിയ സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. പ്രഭാകരൻ പി.വി.-യെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിരുന്നു.

(3) സർവ്വകലാശാലയിൽ LAN സംവിധാനം നടപ്പിലാക്കിയതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർവ്വകലാശാല ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറായ ശ്രീ. മുഹമ്മദ് സാജിദ് ടി.-യെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(4) വിദ്യാർത്ഥികളിൽനിന്നും കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ അസിസ്റ്റന്റ് (പ്രൊവിഷണൽ) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. മൻസൂരലി എം.കെ.-യെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**കേരള സർവകലാശാല**

ശ്രീ. വിനോദ് എന്ന സെക്ഷൻ ഓഫീസറെ അനധികൃത മാർക്ക് ദാനവുമായി ബന്ധപ്പെട്ട് സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

**കണ്ണൂർ സർവ്വകലാശാല**

(വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗുണമേന്മയേറിയ ഉന്നതവിദ്യാഭ്യാസം

95 (1661) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനും ഗുണമേന്മയേറിയ ഉന്നതവിദ്യാഭ്യാസം സാധ്യമാക്കുന്നതിനും 2021-22 അദ്ധ്യയന വർഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ കഴിഞ്ഞത്?

ഉന്നതവിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനും അക്കാദമിക പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനും ഗുണമേന്മയേറിയ ഉന്നതവിദ്യാഭ്യാസം സാധ്യമാക്കുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ ചുവടെപ്പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

### പഠനത്തോടൊപ്പം സമ്പാദ്യവും (Earn While you learn)

പഠനത്തോടൊപ്പം അനുഭവ സമ്പത്തും ചെറിയ രീതിയിലുള്ള സമ്പാദ്യവും നേടാനുള്ള ഒരു മാർഗ്ഗ ദർശന പദ്ധതിയാണിത്. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ കോളേജുകളിൽ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

**ജീവനി**

കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യ ആവശ്യങ്ങൾക്കുവേണ്ടി ഓരോ കോളേജിലും ജീവനി കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കാവശ്യമായ കൗൺസിലിംഗ്, മനഃശാസ്ത്രപരമായ പിന്തുണ എന്നിവ നൽകുന്നതിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നല്ല അന്തരീക്ഷം സൃഷ്ടിക്കുവാൻ പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്.

**PLEASE - Performance Linked Encouragement for Academic Studies and Endeavour**

സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമിടയിൽ പുതിയതും സങ്കീർണ്ണവുമായ ഗവേഷണ പദ്ധതികളും ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണിത്.

**ഹരിത കാമ്പസ്**

കാമ്പസുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇല്ലാതാക്കുന്നതിനും ജൈവ മാലിന്യങ്ങൾ ശരിയായ വിധത്തിൽ സംസ്കരിച്ച് ഉപയോഗിക്കുന്നതിനും

വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. സ്റ്റാർട്ടപ്പുകളുടെ സഹായത്താൽ ഒഴിഞ്ഞ സ്ഥലങ്ങളിൽ പച്ചക്കറി കൃഷി, പുഷ്പകൃഷി, ബട്ടർഫ്ലൈ പാർക്ക്, മിയോവാക്കി വനം എന്നിവ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ, കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ അദ്ധ്യാപകരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി IIM കോഴിക്കോട് വച്ച് 2014-നുശേഷം സർവ്വീസിൽ കയറിയ കൊമേഴ്സ്, ഇക്കണോമിക്സ്, വിഭാഗം അദ്ധ്യാപകർക്ക് ട്രെയിനിംഗ് സംഘടിപ്പിച്ചു. എല്ലാ കോളേജുകളും NAAC അക്രഡിറ്റേഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ IQAC കോ-ഓർഡിനേറ്റർമാർക്ക് ഓൺലൈൻ ട്രെയിനിംഗ് സംഘടിപ്പിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം പട്ടാമ്പി സർക്കാർ സംസ്കൃത കോളേജിന് 3.46 പോയിന്റോടെ NAAC A+ ഗ്രേഡ് ലഭിച്ചു. കൊണ്ടോട്ടി സർക്കാർ ആർട്സ് & സയൻസ് കോളേജിന് NAAC A ഗ്രേഡ് ലഭിച്ചു. കോടഞ്ചേരി സർക്കാർ ആർട്സ് & സയൻസ് കോളേജിന് NAAC B++ ഗ്രേഡ് ലഭിച്ചു, കാഞ്ഞിരംകുളം സർക്കാർ ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 4.77 കോടി രൂപ ചെലവഴിച്ച് ലൈബ്രറി, ലാബ്, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. കോഴിക്കോട് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ 19 കോടി രൂപ

ചെലവഴിച്ചു. ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെയും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 2.37 കോടി രൂപ ചെലവഴിച്ച് ഹോസ്റ്റൽ ബ്ലോക്കിന്റെയും നിർമ്മാണം പൂർത്തീകരിച്ചു, മടപ്പള്ളി സർക്കാർ ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 4.32 കോടി രൂപ ചെലവഴിച്ച് ലൈബ്രറി, കാന്റീൻ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു, തലശ്ശേരി സർക്കാർ ബ്രണ്ണൻ കോളേജിൽ മാത്തമാറ്റിക്സ് ബ്ലോക്ക്, മെൻസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു, കണ്ണൂർ കെ.എം.എം. ഗവൺമെന്റ് വിമൻസ് കോളേജിൽ 1.62 കോടി രൂപ ചെലവഴിച്ച് ഇൻഡോർ സ്റ്റേഡിയം നിർമ്മിച്ചു. ആറ്റിങ്ങൽ സർക്കാർ ആർട്സ് & സയൻസ് കോളേജിൽ 10.37 കോടി രൂപ ചെലവഴിച്ച് ലൈബ്രറി, അക്കാഡമിക്, ഹിസ്റ്ററി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു, 1.72 കോടി രൂപ ചെലവഴിച്ച് കോട്ടയം ഡെപ്യൂട്ടി ഡയറക്ടറുടെ പുതിയ കാര്യാലയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഇതുകൂടാതെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനും അക്കാദമിക പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനും ഗുണമേന്മയേറിയ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുന്നതിനുമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ചുവടെപ്പറയുന്ന പദ്ധതികളും

നടപ്പിലാക്കുകയുണ്ടായി.

**കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൾനെറ്റ്):-**

കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാന തലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് പ്രവർത്തനം ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ്‌വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാക്കുന്നതിന് ഇതിലൂടെ സാധിക്കും.

**സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം**

സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യത്തിന് 2020-21 ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു.

## DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം)

കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച് സർക്കാരിന് സമർപ്പിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Let's go digital പദ്ധതി).

## അദ്ധ്യാപക പരിശീലനം

ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി, കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകിക്കഴിഞ്ഞു. സംസ്ഥാനത്തെ 22 കോളേജുകളിൽ ഓൺലൈൻ ക്ലാസുകൾക്കായുള്ള ഏകീകൃത പ്ലാറ്റ്ഫോം (MOODLE LMS) Digital University Server സംവിധാനത്തിൽ സ്ഥാപിച്ചുകഴിഞ്ഞു. 31 കോളേജുകളുടെ പരിശീലന പരിപാടികൾ പൂർത്തിയായി. പരിശീലന പരിപാടികളിൽ നാളിതുവരെ 2267 അദ്ധ്യാപകർക്ക് മൂഡിൽ LMS-ൽ പരിശീലനം നൽകുകയുണ്ടായി.

**ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ**

ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, ഓൾ ഇന്ത്യാ ഹയർ എഡ്യൂക്കേഷൻ സർവ്വേയുടെ മാതൃകയിൽ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ശേഖരിക്കാൻ ഈ പദ്ധതിയിലൂടെ ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ സ്റ്റേറ്റ് അസ്സസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC)ആരംഭിച്ചിട്ടുണ്ട്.

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുകയും എന്നാൽ പഠനത്തിൽ മികവ് പുലർത്തുകയും ചെയ്യുന്ന പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിലെ 14 യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽനിന്നും കഴിഞ്ഞ അക്കാദമിക വർഷം ഉയർന്ന മാർക്ക് വാങ്ങി ബിരുദ പഠനം പൂർത്തിയാക്കിയ സാമ്പത്തികമായി പിന്നാക്കം

നിൽക്കുന്ന 1000 വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന ' മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാപുരസ്കാരം' നൽകി. സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ നോൺ പ്രൊഫഷണൽ എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്ലസ് ടു, തത്തുല്യ പരീക്ഷകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 1000 വിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് രണ്ടും മൂന്നും വർഷത്തെ ബിരുദ പഠനത്തിനും ഒന്നും രണ്ടും വർഷത്തെ ബിരുദാനന്തര ബിരുദ പഠനത്തിനും മാനദണ്ഡങ്ങൾക്ക് വിധേയമായി സ്കോളർഷിപ്പിനുള്ള അവസരം ലഭിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി ആകെ സ്കോളർഷിപ്പിന്റെ 10% സംവരണം ചെയ്തിട്ടുമുണ്ട്.

**സർവ്വകലാശാല പരീക്ഷകൾ**

96 (1662) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകൾ സമയബന്ധിതമായി നടക്കാതിരിക്കുകയും ഡീംഡ് യൂണിവേഴ്സിറ്റി പദവിയിലുള്ള കോളേജുകൾ പരീക്ഷയും റിസൾട്ടും സമയബന്ധിതമായി നടത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരീക്ഷയും അനുബന്ധ ജോലികളും സമയബന്ധിതമായി നടത്താൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഓരോ വർഷവും മുൻകൂട്ടി തയ്യാറാക്കുന്ന അക്കാദമിക് കലണ്ടർപ്രകാരം കൃത്യമായാണ് സർവ്വകലാശാലകളിൽ പരീക്ഷകൾ നടത്താറുള്ളത്. എന്നാൽ കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ കാരണം പരീക്ഷകളുടെ നടത്തിപ്പിൽ കാലതാമസമുണ്ടായിട്ടുണ്ട്. കാലതാമസം നേരിട്ട പരീക്ഷകളിൽ ഭൂരിഭാഗവും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പരീക്ഷകൾ എത്രയും പെട്ടെന്നുതന്നെ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നമുറയ്ക്ക് പരീക്ഷകൾ കൃത്യമായ പരീക്ഷാ കലണ്ടർപ്രകാരം പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

## കോളേജുകളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരണം

97 (1663) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ ടൂറിസത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ടൂറിസം വളർച്ചയിൽ ഭാഗഭാക്കാക്കുന്നതിനുമായി കോളേജുകളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഏതൊക്കെ കോളേജുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഇപ്രകാരം കോളേജുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) വിദ്യാർത്ഥികളിൽ ടൂറിസം അവബോധം സൃഷ്ടിക്കുക, സംസ്ഥാനത്തിന്റെ ടൂറിസം വളർച്ചയിൽ അവരെ ഭാഗഭാക്കാക്കുക, ഈ രംഗത്ത് കൂടുതൽ പ്രൊഫഷണൽസിനെ സൃഷ്ടിക്കുക എന്നീ സുപ്രധാന ലക്ഷ്യങ്ങൾ മുൻനിർത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കലാലയങ്ങളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി 08-06-2022-ൽ നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കേണ്ടുന്ന കോളേജുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡ രൂപീകരണം പൂർത്തിയായിട്ടില്ല.

**ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി**

98 (1664) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായുള്ള ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച പദ്ധതിയാണ് ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി (ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള). ഈ പദ്ധതി, മിഷൻ രീതിയിൽ നടപ്പാക്കുന്നതിനും സംസ്ഥാനതല ഏകോപനം നടത്തുന്നതിനും 30-07-2021-ലെ സ.ഉ.(സാധാ) നം.983/2021/ഉ.വി.വ പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ്., കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാകുന്നതാണ്. ചെലവ് കുറഞ്ഞതും എന്നാൽ അതിവേഗംതന്നെ പ്രാവർത്തികമാക്കാൻ കഴിയുന്നതുമായ ഒരു കേന്ദ്രീകൃത മാതൃകയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. സർവ്വകലാശാലകളിലെയും കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത്

ഉറപ്പാക്കുന്നു. ഇതുപയോഗിച്ച് ഓരോ കോളേജിനും യൂണിവേഴ്സിറ്റിക്കും അവരുടേതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സംവിധാനം ഒരുക്കാവുന്നതാണ്. സംസ്ഥാനത്തെ 22 കോളേജുകളിൽ ഓൺലൈൻ ക്ലാസുകൾക്കായുള്ള ഏകീകൃത പ്ലാറ്റ്ഫോം (MOODLE LMS) Digital University Server സംവിധാനത്തിൽ സ്ഥാപിച്ചുകഴിഞ്ഞു. 31 കോളേജുകളുടെ പരിശീലന പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ മൂഡിൽ LMS-മായി ബന്ധപ്പെട്ട അദ്ധ്യാപക പരിശീലന പരിപാടികൾ രണ്ട് തലത്തിലാണ് സംഘടിപ്പിക്കുന്നത്.

1. സംസ്ഥാനതലം

2. ഇൻസ്റ്റിറ്റ്യൂഷണൽ തലം

സംസ്ഥാനത്തെ 22 കോളേജുകളിൽ ഓൺലൈൻ ക്ലാസ്സുകൾക്കായുള്ള ഏകീകൃത പ്ലാറ്റ്ഫോം- DIGICOL (MOODLE LMS) Digital University Server സംവിധാനത്തിൽ സ്ഥാപിച്ചുകഴിഞ്ഞു. 31 കോളേജുകളുടെ പരിശീലന പരിപാടികൾ പൂർത്തിയായി. പരിശീലന പരിപാടികളിൽ

നാളിതുവരെ 2,267 അദ്ധ്യാപകർക്ക് മൂഡിൽ LMS-ൽ പരിശീലനം നൽകുകയുണ്ടായി.

(സി) ഇതിന്റെ ഭാഗമായുള്ള പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കരിക്കുലം പരിഷ്കരണ നടപടികൾ ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം

99 (1665) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ സമൂലമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയമിച്ച ഡോ. ശ്യാം ബി. മേനോൻ ചെയർമാനായുള്ള കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതുവരെയാണ് കമ്മീഷന്റെ കാലാവധി നിശ്ചിയിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കമ്മീഷൻ ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 20-06-2022

വരെയാണ് കമ്മീഷന് നിലവിൽ അനുവദിച്ചിരുന്ന കാലാവധി. കാലാവധി നീട്ടി നൽകുന്നതിനായി കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ എന്തൊക്കെ പ്രഖ്യാപനങ്ങളാണുള്ളതെന്ന് വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രഖ്യാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വകലാശാല കാമ്പസുകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളുടെ വികസനവും ഈ സെന്ററുകളോട് ചേർന്ന സ്റ്റാർട്ടപ്പ്, ഇൻകുബേഷൻ സെന്ററുകളും സജ്ജമാക്കൽ.
2. ഓരോ യൂണിവേഴ്സിറ്റിയിലും മൂന്ന് പ്രോജക്ടുകൾ വീതം സർവ്വകലാശാല കാമ്പസുകളിൽ പുതിയ ഹ്രസ്വകാല കോഴ്സുകളുടെയും പി.ജി. കോഴ്സുകളുടെയും പ്രത്യേകമായ പദ്ധതികൾ.
3. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.
4. കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പുതിയ ഹോസ്റ്റൽ മുറികളുടെയും

ഇന്റർനാഷണൽ ഹോസ്റ്റലുകളുടെയും നിർമ്മാണം.

5. എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.-കൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ എന്നിവയോട് ചേർന്ന് ആധുനിക സാങ്കേതിക സൗകര്യങ്ങളുള്ള ചെറിയ വ്യവസായ യൂണിറ്റുകളുടെയും സ്റ്റാർട്ട് അപ്പുകളുടെയും സജ്ജീകരണം.

6. വിജ്ഞാന സമ്പദ്ഘടനയുടെയും നൈപുണ്യ വികസനത്തിന്റെയും ഭാഗമായി കിഫ്ബി ഫണ്ടുപയോഗിച്ചുള്ള സ്കിൽ ഇൻഫ്രാസ്ട്രക്ചർ ഇക്കോ സിസ്റ്റം, ജില്ലാ സ്കിൽ പാർക്കുകൾ എന്നിവയുടെ സ്ഥാപനം.

7. കിഫ്ബി ഫണ്ടുപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കൽ.

8. ഹരിത ക്യാമ്പസ് പദ്ധതി.

9. അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിപുലീകരണം.

10. അസാപ്പ് സ്കിൽ പാർക്കുകളിൽ ഓഗ്മെന്റഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി ലാബുകളുടെ വികസനം.

11. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയുടെ വിവിധ

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.

12. കോട്ടയത്തെ സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണം.

13. കേരള സർവ്വകലാശാലയിൽ ലാറ്റിനമേരിക്കൻ പഠന കേന്ദ്രം.

14. കേരള സർവ്വകലാശാലയിൽ ജിനോമിക്സ് ഡാറ്റാ സെന്റർ.

15. മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽ എന്നിവയ്ക്ക് മികവിന്റെ കേന്ദ്രങ്ങൾ.

16. കണ്ണൂരിലെ പിണറായിയിൽ വിദ്യാഭ്യാസ കേന്ദ്രം.

## എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ്, അൺ-എയ്ഡഡ് കോഴ്സുകൾ അനുവദിക്കാൻ നടപടി

100 (1666) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന എയ്ഡഡ് കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിട്ടുപോലും സെൽഫ് ഫിനാൻസിംഗ് അല്ലെങ്കിൽ അൺ-എയ്ഡഡ് കോഴ്സുകൾ

അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴ്സുകൾ അനുവദിക്കേണ്ടതില്ലെന്ന നിർദ്ദേശം ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും യൂണിവേഴ്സിറ്റികൾക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) യൂണിവേഴ്സിറ്റികൾ കോഴ്സിന് പ്രാഥമികമായി അനുമതി നൽകിയിട്ടും സർക്കാർ, എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ്, അൺ-എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നതിന് തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിലവിൽ നല്ല രീതിയിൽ നാക് അക്രഡിറ്റേഷനോടുകൂടി പ്രവർത്തിച്ചുവരുന്ന എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനും തദ്വാര കുട്ടികൾക്ക് കേരളത്തിൽത്തന്നെ വിവിധങ്ങളായ നൂതന കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-ഡി) യു.ജി.സി. മാനദണ്ഡങ്ങളനുസരിച്ച് അനുവദിച്ച ബി.വോക് കോഴ്സുകളൊഴികെ സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ മറ്റൊരു

സ്വാശ്രയ കോഴ്സുകളും പുതുതായി അനുവദിക്കുന്നതല്ലെന്ന് 25-08-2021-ലെ സ.ഉ.(കൈ)നം.347/2021/ഉ.വി.വ. & 16-10-2021-ലെ സ.ഉ. (കൈ)നം.456/2021/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**ജ്ഞാന സമൂഹ നിർമ്മിതി**

101(1667) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി ജ്ഞാന സമൂഹ നിർമ്മിതി എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് ഈ സർക്കാർ ഇതുവരെ തുടക്കം കുറിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി ജ്ഞാന സമൂഹ നിർമ്മിതി എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് ഈ സർക്കാർ തുടക്കം കുറിച്ച പ്രവർത്തനങ്ങൾ ചുവടെപ്പറയുന്നവയാണ്:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## 1. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൾനെറ്റ്):-

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ്‌വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും.

## 2. സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രവർത്തനക്ഷമമാകും. പ്രമുഖ പ്രസാധകരുമായി കരാർ ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

### 3. DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം)

കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala) (Let' s go digital പദ്ധതി).

### 4. ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ

ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ സർവ്വേ ആരംഭിച്ചിട്ടുണ്ട്.

5. ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണം.

### 6. ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ (FDC)

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ

വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. Humanities & Social Science, Science, Commerce and Management എന്നീ സ്ട്രീമുകളിൽ അദ്ധ്യാപകർക്കായി ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ മുഖേന പരിശീലനം സംഘടിപ്പിക്കുന്നുണ്ട്.

**7. സാക്ക് (SAAC-State Assessment & Accreditation Centre)-**

സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ അസ്സസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

**8. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്**

പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്.

**9. കൈരളി ഗവേഷണ പുരസ്കാരങ്ങൾ**

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും

പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ.

## 10. ചാൻസിലേഴ്സ് അവാർഡ്

ബഹുമാനപ്പെട്ട കേരള ഗവർണ്ണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

## 11. ബ്രെയിൻ ഗെയിൻ പദ്ധതി

കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ഇതിനായി വിവരശേഖരണത്തിന് തുടക്കം കുറിക്കുന്നു. വിദേശത്തുള്ള സർവ്വകലാശാലകളിലെയും ഗവേഷണ

സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞർ, സാമൂഹിക ശാസ്ത്രജ്ഞർ, മെഡിക്കൽ പ്രൊഫഷണലുകൾ, ടെക്നോക്രാറ്റുകൾ/ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെ സി.ഇ.ഒ.മാർ, സാമ്പത്തിക വിദഗ്ധർ, പരിസ്ഥിതി/ബയോകെമിസ്ട്രി/ സുസ്ഥിരത/ പ്രതിബദ്ധത/ദുരന്തമാനേജ്മെന്റ് മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായവരുടെ വിശദാംശങ്ങൾ ഈ ഡാറ്റാ ബേസിൽ ഉൾപ്പെടുന്നു.

**12. ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ**

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉല്പാദന മേഖലയ്ക്ക് ഗുണകരമാകുന്നതരത്തിൽ ഉപയോഗിക്കപ്പെടണം. അക്കാദമിക് വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖല മാറ്റുന്നതിന് ഉദ്ദേശിച്ചിട്ടുള്ളവയാണ് ഇവ.

**13. സെന്റേഴ്സ് ഓഫ് എക്സലൻസ്**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സർവ്വകലാശാലകൾക്കുള്ളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആയിരം

വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വീതം പ്രതിഭാപുരസ്കാരമായി നൽകുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ടോ;

(സി) സർവ്വകലാശാല വകുപ്പുകളെ ഉൽകൃഷ്ടപഠന കേന്ദ്രങ്ങളാക്കി (സെന്റർ ഓഫ് എക്സലൻസ്) ഉയർത്താൻ നടപടി ആരംഭിച്ചിട്ടുണ്ടോ?

(ബി&സി) ഉണ്ട്.

**തൃക്കാഞ്ഞിരപുരം ആർട്സ് & സയൻസ് കോളജ്**

102 (1668) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ?

തൃക്കാഞ്ഞിരപുരത്ത് പുതിയ കോളേജിനുള്ള ആവശ്യം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

**റൂസ ഫണ്ട്**

103 (1669) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിലെ ഏതെല്ലാം കോളേജുകൾക്കാണ് റൂസ ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും ഉത്തരവുകളുടെ പകർപ്പ് സഹിതം വ്യക്തമാക്കാമോ?

(എ&ബി) കോട്ടയം ജില്ലയിലെ 20 കോളേജുകൾക്ക് 2 കോടി രൂപ വീതം റൂസാ ഗ്രാന്റിന് അംഗീകാരം മുൻസർക്കാരിന്റെ കാലത്ത് നൽകിയത് ഇപ്പോൾ പൂർത്തീകരിച്ചുവരുന്നുണ്ട്. കോളേജുകളുടെ പേരുവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+

18-01-2019-ലെ സ.ഉ.(സാധാ)നം.82/2019/ഉ.വി.വ., 11-10-2019-ലെ സ.ഉ.(സാധാ) നം. 1799/2019/ഉ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത കോളേജുകൾക്ക് ഒന്നാംഘട്ടമായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.+ രണ്ടാംഘട്ടമായി ഒരു കോടി രൂപ വീതം വിതരണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പുതിയ നിർമ്മാണം (New construction), പുനരുദ്ധാരണം (Renovation), സാധനസാമഗ്രികൾ വിലയ്ക്ക് വാങ്ങൽ (Purchase) എന്നീ ഇനങ്ങളിലേയ്ക്കാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആയതിൽ നിർമ്മാണവും പുനരുദ്ധാരണവും പൂർത്തീകരണ അവസ്ഥയിലും പർച്ചേസ് ആരംഭദശയിലുമാണ്.

## നാലുവർഷ സംയോജിത ബി.എഡ്. കോഴ്സ്

104 (1670) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി നാലുവർഷ സംയോജിത ബി.എഡ്. കോഴ്സ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർവ്വകലാശാലകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോഴ്സ് എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) നാലുവർഷ സംയോജിത ബി.എഡ്. കോഴ്സ് അനുവദിക്കുന്ന

വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നമുറയ്ക്ക് തുടർനടപടികൾ പരിഗണിക്കാവുന്നതാണ്.

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

105 (1671) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അവയുടെ തൽസ്ഥിതി റിപ്പോർട്ട് സഹിതം ലഭ്യമാക്കാമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ സെൻട്രൽ പോളിടെക്നിക് കോളേജിൽ നടപ്പിലാക്കിവന്നിരുന്ന ലബോറട്ടറി ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക് എക്സ്റ്റൻഷൻ, ആൺകുട്ടികളുടെ ടോയ്‌ലറ്റ്, സമ്പ് (SUMP), സെപ്റ്റിക് ടാങ്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. പ്രമുഖ വ്യവസായ മേഖലകളിൽ ലഭ്യമായിട്ടുള്ള തൊഴിലുകൾ സംബന്ധിച്ചും അത്തരത്തിലുള്ള തൊഴിലുകൾക്കുവേണ്ട നൈപുണ്യത്തെയും

വൈദഗ്ദ്ധ്യത്തെയും സംബന്ധിച്ചും വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും വ്യവസായ മേഖലകളിൽനിന്നുള്ള പ്രഗത്ഭരുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്നതിനുമായി അസാപ് മുഖാന്തരം ഗവൺമെന്റ് സെൻട്രൽ പോളിടെക്നിക് -വട്ടിയൂർക്കാവ്, മാർ ബസേലിയോസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മാർ ഇവാനിയസ് കോളേജ്, മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോ എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അസാപ് സെല്ലുകൾ രൂപീകൃതമായിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ അടുത്ത മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെ പ്ലാനിറ്റോറിയം കെട്ടിടത്തിന്റെ നവീകരണവും പുതിയ ആട്ടോമൊബൈൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ഗ്യാലറികളുടെ നിർമ്മാണവും നടന്നുവരുന്നു. ശാസ്ത്ര സാങ്കേതിക മ്യൂസിയം കോമ്പൗണ്ടിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആസ്ഥാന മന്ദിരം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടേയും കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ്

അക്കാദമിയുടേയും ചാരാച്ചിറയിലുള്ള ആസ്ഥാന മന്ദിര നിർമ്മാണം 2019-20-ൽ പൂർത്തിയായി. ഈ സാമ്പത്തിക വർഷം മുതൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ പ്രിലിംസ് കം മെയിൻസ് കോഴ്സ് പഠിച്ച് സിവിൽ സർവ്വീസ് പരീക്ഷ പാസ്സാകുന്നവർക്ക് അവരുടെ കോഴ്സ് ഫീസ് തിരികെ നൽകാനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള റീജിയണൽ സെന്റർ നടത്തിവരുന്ന വിവിധ ഹ്രസ്വകാല കോഴ്സുകൾവഴി 2021-2022 കാലഘട്ടത്തിൽ ആയിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. റീജിയണൽ സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന പ്രൊഡക്ഷൻ ആൻഡ് മെയിന്റനൻസ് വിഭാഗം, സർക്കാർ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികളുടെ വാർഷിക കരാർ (AMC) എടുത്ത് നടത്തിക്കൊടുക്കുന്നുമുണ്ട്. വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഗവൺമെന്റ് ലാ കോളേജിൽ രണ്ടുക്ലാസ് മുറികളുടെ നിർമ്മാണത്തിനും എൻ.എസ്.എസ്., സ്പോർട്സ് എന്നീ വിഭാഗങ്ങൾക്കുള്ള മുറികൾ നിർമ്മിക്കുന്നതിനും പി.ഡബ്ല്യു.ഡി.-യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ സ്ഥിതി

ചെയ്യുന്ന സി-ആപ്റ്റിന്റെ ഹെഡ് ഓഫീസിനും മറ്റ് ഉപകേന്ദ്രങ്ങൾക്കുമായി 2022-23 സാമ്പത്തിക വർഷം വിവിധ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും പരിപാലിക്കുന്നതിനുമായി 440 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) 2019-20, 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും ഉന്നതവിദ്യാഭ്യാസ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തിരവും നടപ്പിലാക്കേണ്ടതുമായ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ സെൻട്രൽ പോളിടെക്നിക് കോളേജിൽ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട പുതുക്കിയ ഭരണ ഉത്തരവ് തുടർനടപടികൾക്കായി പൊതുമരാമത്ത് വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്. 2021-22, 2022-23 കാലഘട്ടത്തിൽ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ നവീകരണവും പുതിയ ആട്ടോമൊബൈൽ ഗ്യാലറി, പുതിയ ഇലക്ട്രോണിക്സ് ഗ്യാലറി, പുതിയ കമ്പ്യൂട്ടർ ഗ്യാലറി എന്നിവയുടെ നിർമ്മാണവും നടന്നുവരുന്നു. ഈ പദ്ധതികൾ മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. സെന്റർ ഫോർ

കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടേയും കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടേയും ചാരാച്ചിറയിലുള്ള ആസ്ഥാനമന്ദിര നിർമ്മാണം 2019-20-ൽ പൂർത്തിയായി. 2022-23 സാമ്പത്തിക വർഷം മുതൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ പ്രിലിംസ് കം മെയിൻസ് കോഴ്സ് പഠിച്ച് സിവിൽ സർവ്വീസ് പരീക്ഷ പാസ്സാകുന്നവർക്ക് അവരുടെ കോഴ്സ് ഫീസ് തിരികെ നൽകാനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന മുട്ടടയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. സ്ഥാപനമായ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിനായി ലാബുകൾ മെച്ചപ്പെടുത്തുന്നതിനും ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ, പഠനമുറികളിൽ ആവശ്യമായ ഫർണിച്ചർ, മെഷിനറി/ എക്യുപ്മെന്റ് കമ്പ്യൂട്ടർ മുതലായവ വാങ്ങുന്നതിനും അതുവഴി അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 2019-2020-ൽ 1,15,000 രൂപയും 2020-2021-ൽ 11,00,000 രൂപയും 2021-2022-ൽ 1,50,000 രൂപയും അനുവദിച്ച് നൽകുകയും സ്ഥാപനം അതത് വർഷങ്ങളിൽ പദ്ധതി തുക പൂർണ്ണമായും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ലാ കോളേജിൽ തിരുവനന്തപുരം കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കുടുംബശ്രീ യൂണിറ്റുകൾവഴി കലാലയ പരിസരം വൃത്തിയാക്കുന്നുണ്ട്.

ശുചീകരണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷവും തുടർന്നുവരുന്നു. വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലുള്ള സി-ആപ്റ്റിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിനുവേണ്ടി 2019-20 സാമ്പത്തിക വർഷം വിവിധ മെഷീനറികൾ വാങ്ങുന്നതിന് രൂപ 220.37 ലക്ഷം രൂപ അനുവദിക്കുകയും സിംഗിൾ കളർ വെബ് ഓഫ്സെറ്റ് മെഷീൻ, ഫോൾഡിംഗ് മെഷീൻ, ഡിജിറ്റൽ സ്കാനർ കം പ്രിന്റർ, കമ്പ്യൂട്ടറുകൾ, വിവിധതരം പ്രിന്ററുകൾ തുടങ്ങിയവ ഹെഡ് ഓഫീസിൽ സ്ഥാപിക്കുകയും ചെയ്തു. 2020-21-ൽ വിമൻസ് ബൈൻഡ്രി യൂണിറ്റ് സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപ അനുവദിച്ചതിൽനിന്നും പ്രോഗ്രാമിബിൾ കട്ടിംഗ് മെഷീനുകൾ, കമ്പ്യൂട്ടറുകൾ വിവിധതരം പ്രിന്ററുകൾ എന്നിവ സ്ഥാപിച്ചു. കൂടാതെ, അഡീഷണൽ ഫ്ലോർ നിർമ്മിക്കുന്നതിന്റെ ഭാഗമായുള്ള കോൺക്രീറ്റ് വർക്കുകൾ നടന്നുവരികയാണ്. 2021-22-ൽ 216 ലക്ഷം രൂപ അനുവദിച്ചതിൽ കോംപ്രിഹെൻസീവ് ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2022-23-ൽ യന്ത്രസാമഗ്രികൾ വാങ്ങി പരിപാലിക്കുന്നതിന് 440 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിക്കുന്നതിനായുള്ള വിശദമായ പദ്ധതി സ്ഥാപനം തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ 2021 ഏപ്രിൽ

മാസത്തിനുശേഷം ഉന്നതവിദ്യാഭ്യാസ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അവയ്ക്കായി അനുവദിച്ച തുക, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ സഹിതം ലഭ്യമാക്കാമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ സെൻട്രൽ പോളിടെക്നിക് കോളേജിൽ ലബോറട്ടറി ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക് എക്സ്റ്റൻഷൻ ആൺകുട്ടികളുടെ ടോയ്‌ലറ്റ്, സമ്പ് (SUMP), സെപ്റ്റിക് ടാങ്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. പ്രസ്തുത പ്രവർത്തനത്തിന് 604 ലക്ഷം രൂപ ഭരണാനുമതി നൽകുകയും ഇതിൽ 593 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2021 ഏപ്രിൽ മാസത്തിനുശേഷം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ നവീകരണവും പുതിയ ആട്ടോമൊബൈൽ ഗ്യാലറി, പുതിയ ഇലക്ട്രോണിക്സ് ഗ്യാലറി, പുതിയ കമ്പ്യൂട്ടർ ഗ്യാലറി എന്നിവയുടെ നിർമ്മാണവും നടന്നുവരുന്നു. കെട്ടിട നവീകരണത്തിനായി 165 ലക്ഷ രൂപയും ഗ്യാലറികൾക്കായി 90 ലക്ഷം രൂപയുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100

വിദ്യാർത്ഥികൾക്കുള്ള സൗജന്യ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനവും പ്രിലിംസ് പരീക്ഷ പാസ്സായവർക്കുള്ള അഡോപ്ഷൻ പ്രോഗ്രാമും പൂർത്തിയാക്കിയിട്ടുണ്ട്. 110 ലക്ഷം രൂപ ഭരണാനുമതി നൽകുകയും ഇതിൽ 1,02,36,142/- രൂപ ചെലവഴിക്കുകയും ചെയ്തു. വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ മുട്ടടയിൽ നവീകരണ/പെയിന്റിംഗ് പ്രവൃത്തികൾക്കായി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി തുക പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയായിവരുന്നു. ഗവൺമെന്റ് ലാ കോളേജിൽ 2021-22 കാലയളവിൽ വിദ്യാർത്ഥികളുടെ പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ സി-ആപ്റ്റിൽ കോംപ്രിഹൻസീവ് ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് 216 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുകയിൽ 55.13 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

106 (1672) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സൗകര്യങ്ങളുള്ള സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

2022-23 അദ്ധ്യയനവർഷം സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് പരിശോധിച്ചുവരുന്നു.

(ബി) കുന്ദമംഗലം ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശിപാർശയുടെയും മറ്റ് മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**കിനാനൂർ കരിന്തളം കോളേജിലെ പുതിയ കോഴ്സുകൾ**

107 (1673) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ കരിന്തളം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കോഴ്സുകൾ ഏതെല്ലാമാണെന്നും

അതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

(എ&ബി) 2022-23 അദ്ധ്യയന വർഷം സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

## നാദാപുരം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

108 (1674) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

നാദാപുരം കോളേജിൽ എം.എൽ.എ. ഫണ്ട് 5 കോടി രൂപയും പ്ലാൻ ഫണ്ട് 1.62 കോടി രൂപയും ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് 01-03-2021 മുതൽ കോളേജ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറിയിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെ പണി 2022 ഡിസംബറോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കെട്ടിട നിർമ്മാണം കഴിയുന്നമുറയ്ക്ക് പുതിയ കോഴ്സുകൾ

അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

നാദാപുരം കോളേജിൽ നിലവിൽ 5 ഡിഗ്രി കോഴ്സും ഒരു പി.ജി. കോഴ്സും ഉൾപ്പെടെ 6 കോഴ്സുകളാണുള്ളത്. സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. ഇതുസംബന്ധിച്ച് അന്തിമ തീരുമാനമാകുന്നമുറയ്ക്ക് ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശിപാർശയുടെയും മറ്റ് മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിനായുള്ള ഭൂമി ഏറ്റെടുക്കൽ

109 (1675) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ്ഹില്ലിൽ പ്രവർത്തിക്കുന്ന സർക്കാർ എഞ്ചിനീയറിംഗ് കോളേജ് മാറ്റി സ്ഥാപിക്കുന്നതിനായി പുതിയ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(ബി) അതിനായി ഏറ്റെടുക്കുവാൻ പരിഗണിച്ച സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി കണ്ടെത്തിയ കക്കോടി വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിലുള്ള 12.223 ഹെക്ടർ (30.109) ഏക്കർ ഭൂമിയിൽ 8.7913 ഹെക്ടർ സ്ഥലം തണ്ണീർത്തടം എന്ന വിഭാഗത്തിൽ ആയതിനാൽ പ്രസ്തുത ഭൂമി കോളേജ് നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുന്ദമംഗലം വില്ലേജിൽ റീസർവ്വെ നമ്പർ 401/1 എ 2 പട്ടികയിൽപ്പെട്ട 50 ഏക്കർ ഭൂമി, അത്തോളി വില്ലേജിലെ കുമുള്ളി, മോടക്കല്ലൂർ ദേശങ്ങളിലായി 38/12; 40/25; 38/10,11; 39/24,25; 7/25,26; 34/21,22,23,24,28; 35/21; 37/14,15; 38/10,11; 39/24,25,41,42,44,4610,11,2; 43/30,31,53,54,45; 46/13,14; 47/24,25; 26/19; 50/34,35 എന്നീ സർവ്വേ നമ്പറുകളിലുള്ള ഏകദേശം 41 ഏക്കർ ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തി ഇൻസ്റ്റിറ്റ്യൂഷന് ഡെവലപ്പ്മെന്റ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, ശ്രീ. സുധീർ, പ്രേമൻ മാസ്റ്റർ, ജാവേദ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ചേലാനല്ലൂർ വില്ലേജിൽ 30 ഏക്കർ ഭൂമി വിട്ടുനൽകാൻ സമ്മതമാണെന്ന് അറിയിക്കുകയും ഇതിലേയ്ക്കാവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ചും സ്ഥാപന മേധാവിയിൽനിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ

നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കോളേജ് മാറ്റി സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥലം ഏതാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച മേൽ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**മൊകേരി കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനം**

110 (1676) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി കോളേജിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പ്രവൃത്തി പൂർത്തീകരണ കാലയളവും ഏജൻസിയുടെ പേരും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജിന് സ്ഥലവും കെട്ടിടവും**

111 (1677) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജിന് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; മേൽ നടപടികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിന്റെ പരിഗണനയിലാണെന്നും ഫയൽ നമ്പരടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; എന്തെല്ലാം തുടർനടപടികളാണ് സ്ഥലം ഏറ്റെടുക്കാനായി ഇനി അവശേഷിക്കുന്നതെന്നും ആയതിന് എത്ര സമയം വേണ്ടിവരുമെന്നും വ്യക്തമാക്കാമോ; ഏത് വകുപ്പ്/ ഏജൻസി മുഖാന്തരമാണ് തുടർനടപടികൾ സ്വീകരിക്കേണ്ടതെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) നിലമ്പൂർ ആർട്സ് & സയൻസ് കോളേജിന് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കുന്നതിനായി നിലമ്പൂർ നിയോജക മണ്ഡലത്തിലെ അമരമ്പലം വില്ലേജിൽ ബ്ലോക്ക് നം. 121-ൽ റീസർവ്വേ 185/1 നമ്പറിൽപ്പെട്ട 5 ഏക്കർ ഭൂമി 300 മീറ്റർ നീളവും 7 മീറ്റർ വീതിയുമുള്ള റോഡ് ഉറപ്പാക്കി ആർ ഒന്നിന് 58,988/- രൂപ വീതം ആകെ 119,35,632/- രൂപ ചെലവഴിച്ച് കിഫ്ബി മുഖാന്തരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) മലപ്പുറം, സ്ഥലം സന്ദർശിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കണ്ടിജൻസി ചാർജ്ജായി 5,31,150/- രൂപ അടവാക്കുന്നതിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മേലൊപ്പ് വച്ച അലൈൻമെന്റ് സ്കെച്ച് നൽകുന്നതിനും പൊതുമരാമത്ത് വകുപ്പിൽനിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. കണ്ടിജൻസി ചാർജ്ജിനത്തിൽ 5,31,150/- രൂപ (അഞ്ചുലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നൂറ്റി അമ്പത് രൂപ മാത്രം) 8443-00-117-99-00-00 എന്ന വർക്ക് ഡെപ്പോസിറ്റി ഹെഡിലേയ്ക്ക് (150161B022 എന്ന തഹസിൽദാറുടെ ഡി.ഡി.ഒ. കോഡ് മുഖാന്തരം ബിൽ മാറുന്നതിന്) ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കിറ്റ്കോയ്ക്ക് 23-06-2022-ലെ

P2/48301/18/DCE പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 22-06-2022-ലെ സി-375/2019 നമ്പർ കത്ത് പ്രകാരം കോളേജിനായി വിട്ടുനൽകിയ സ്ഥലത്തേയ്ക്ക് സ്ഥലമുടമ 300 മീറ്റർ നീളവും 7 മീറ്റർ വീതിയുമുള്ള വഴി വിട്ടുനൽകിയതിന്റെ സമ്മതപത്രവും ആവശ്യപ്പെട്ടിട്ടുണ്ട്. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം നിലമ്പൂർ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. വഴി അടക്കമുള്ള കാര്യങ്ങളിലുള്ള സ്ഥലമുടമയുടെ സമ്മതപത്രം വാങ്ങി നൽകാമെന്ന് കോളേജ് കർമ്മസമിതി അറിയിച്ചിട്ടുണ്ട്. ഫയൽ നിലവിൽ മലപ്പുറം സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ)-ന്റെ പരിഗണനയിലാണ്. കെട്ടിട ഉടമയ്ക്ക് കിഫ്ബിയിൽനിന്നും തുക അനുവദിച്ച് സ്ഥലം ഏറ്റെടുത്തതിനുശേഷം സ്ഥലം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറേണ്ടതുണ്ട്. സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടത് സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) ആണ്.

(സി) നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ കളക്ടർ, റവന്യൂ ലാന്റ് അക്വിസിഷൻ വിഭാഗം എന്നിവർ ഇതുവരെ സ്വീകരിച്ച നടപടികളും നടത്തിയ ആശയവിനിമയങ്ങളും തീയതി സഹിതം വിശദമാക്കാമോ;

സ്ഥലം ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

നിലമ്പൂർ സർക്കാർ ആർട്സ് & സയൻസ് കോളേജിനുവേണ്ടി മലപ്പുറം ജില്ലയിലെ അമരമ്പലം വില്ലേജിൽ ബ്ലോക്ക് 121-ൽ റീ-സർവ്വെ നമ്പർ 185/1-ലുൾപ്പെട്ട സ്വകാര്യ വ്യക്തിയുടെ 5.0 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 26-07-2021-ലെ P2/48301/2018/DCE നം. കത്ത് പ്രകാരം കളക്ടർക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതിക്കായി 19-02-2021-ലെ സ.ഉ (സാധാ) 325/2021/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പും 09-08-2021 ലെ GO (Rt) No. 2583/21/RD നമ്പർ ഉത്തരവുപ്രകാരം റവന്യൂ വകുപ്പും ഭരണാനുമതി നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 19-02-2021-ലെ ഉത്തരവിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി കോളേജ് നിർമ്മിക്കുന്നതെന്ന് പരാമർശിച്ചതിൻപ്രകാരം എൽ.എ. നടപടികൾക്കായി അർത്ഥനയും അനുബന്ധ രേഖകളും 06-10-2021-ൽ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി യൂണിറ്റ്-2, മലപ്പുറം കാര്യാലയത്തിലേയ്ക്ക് കൈമാറിയിരുന്നുവെങ്കിലും കിഫ്ബിയുടെ അനുമതിപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ എൽ.എ. നടപടികൾക്ക് കാലതാമസം നേരിടുന്നത്

ഒഴിവാക്കുന്നതിനായി ഫയൽ 11-03-2022-ൽ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ), മലപ്പുറം കാര്യാലയത്തിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. 12-04-2022-ൽ അർത്ഥനാധികാരിയും എൽ.എ.ഒ.-യും സംയുക്തമായി സ്ഥലപരിശോധന നടത്തിയിട്ടുള്ളതും റിക്വിസിഷനിൽ വന്ന അപാകതകൾ പരിഹരിച്ച് നൽകുന്നതിനും കണ്ടിജൻസി ചാർജ്ജ് അടവാക്കുന്നതിനും അർത്ഥനാധികാരിക്ക് 19-04-2022-ൽ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ, കിഫ്ബിയുടെ അനുമതി പത്രം ലഭിക്കുന്നതിനായി 29-04-2022-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്.

(ഡി) പൂക്കോട്ടുംപാടത്തെ സ്വകാര്യ കെട്ടിടത്തിൽനിന്നും നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജ് താല്ക്കാലികമായി സൗകര്യപ്രദമായ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കോളേജ് അധികൃതർ നൽകിയ അപേക്ഷയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രതിമാസ വാടക നിശ്ചയിച്ച് താല്ക്കാലികമായി കോളേജ് മാറ്റുന്നതിന് തടസ്സങ്ങളുണ്ടോയെന്നും അറിയിക്കാമോ?

നിലമ്പൂർ കോളേജ് കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റണമെന്ന കോളേജിന്റെ അപേക്ഷ പരിഗണിച്ച് സൗകര്യപ്രദമായ

സ്ഥലത്തേയ്ക്ക് മാറുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ താല്ക്കാലികമായി ഏതെങ്കിലും കോളേജുകൾ നിലവിൽ പ്രവർത്തിക്കുകയോ മുൻപ് പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രതിമാസ വാടകയടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി വാടക നിശ്ചയിച്ച് നൽകേണ്ടത് ആരാണെന്നും അറിയിക്കാമോ; ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വനിതാ കോളേജ് മലപ്പുറം- 73029/- രൂപ, കരുനാഗപ്പള്ളി സർക്കാർ കോളേജ് - 80371/- രൂപ എന്നിവ വാടക കൊടുത്താണ് പ്രവർത്തിക്കുന്നത്. സർക്കാർ കെട്ടിടങ്ങൾക്ക് വാടക നിശ്ചയിച്ച് നൽകുന്നത് പൊതുമരാമത്ത് വകുപ്പാണ്. വാടക നിശ്ചയിച്ച് നൽകുന്നതിനായി സ്ഥാപനാധികാരി കെട്ടിട ഉടമയുടെ സമ്മതപത്രം, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, റെന്റ് ഫിക്സേഷൻ ഫോം എന്നിവ പൊതുമരാമത്ത് വകുപ്പിൽ നൽകുകയും പൊതുമരാമത്ത് വകുപ്പ് റെന്റ് നിശ്ചയിച്ച് നൽകുകയുമാണ് ചെയ്യുന്നത്. പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച് നൽകുന്ന റെന്റ് 30,000/- രൂപയ്ക്ക് മുകളിലാണെങ്കിൽ റെന്റ് അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്

ആവശ്യമാണ്.

## തലശ്ശേരി ഗവ. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

112 (1678) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവ. കോളേജിന്റെ (ചൊക്ലി) അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി ലഭിച്ച മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി സർക്കാർ കോളേജിൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, ലേഡീസ് ഹോസ്റ്റൽ നിർമ്മാണം, കാന്റീൻ ബ്ലോക്ക് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് 10.38 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി മുഖാന്തരം നടത്തപ്പെടുന്ന പ്രസ്തുത പ്രവൃത്തികൾ KITCO-യുടെ നേതൃത്വത്തിലാണ് നടത്തുന്നത്. മണ്ണ് പരിശോധന, ടെണ്ടർ നടപടികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കോളേജിന്റെ ചുറ്റുമതിൽ, അക്കാദമിക് ബ്ലോക്കിന്റെ രണ്ടാം നില, ലൈബ്രറി കോംപ്ലക്സ് എന്നിവയുടെ നിർമ്മാണം നടത്തുന്നത് പൊതുമരാമത്ത് വകുപ്പാണ്. ചുറ്റുമതിൽ നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് പുതുക്കുകയാണ്. ടി പ്രവൃത്തികളുടെ

ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് ഇതുവരെ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി മുഖാന്തരം നടക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വിഭാഗം നടത്തേണ്ട പ്രവൃത്തികളുടെ ടെണ്ടർ നടപടി ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി മുഖാന്തരം പൂർത്തീകരിക്കേണ്ട പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ കഴിഞ്ഞതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്. ചുറ്റുമതിൽ നിർമ്മാണത്തിനായുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായതിനുശേഷം ഭരണാനുമതിയും ഫണ്ടും നൽകേണ്ടതാണ്. അതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

## കുട്ടമ്പുഴയിൽ സർക്കാർ കോളേജ്

113 (1679) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധിയായ ആദിവാസി കോളനികൾ ഉൾപ്പെടുന്നതും ജില്ലയിലെ 98% ആദിവാസി സമൂഹം അധിവസിക്കുന്നതുമായ കുട്ടമ്പുഴ പഞ്ചായത്തിലെ കുട്ടികൾക്ക് ഉപരിപഠനത്തിന് സൗകര്യമില്ലാത്തതും ഉപരിപഠനത്തിനുവേണ്ടി വനപാതയിലൂടെ അടക്കം വലിയ ദൂരം സഞ്ചരിക്കേണ്ടി വരുന്നതുമായ സാഹചര്യം നിലനിൽക്കുമ്പോൾ മണ്ഡലത്തിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രദേശത്തിന്റെ പ്രത്യേകതകൂടി കണക്കിലെടുത്ത് കുട്ടമ്പുഴയിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്ഥല ലഭ്യത, സർക്കാരിന്റെ സാമ്പത്തികസ്ഥിതി തുടങ്ങിയ വസ്തുതകൾ കണക്കിലെടുത്ത് ഇക്കാര്യം പരിഗണിക്കുന്നതാണ്.

## കുട്ടമ്പുഴയിൽ സർക്കാർ കോളേജ്

114 (1680) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുട്ടമ്പുഴ പഞ്ചായത്തിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

(സി) കോളേജിനായി സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച് ബി3/518/2017 ഉ.വി.വ. എന്ന ഫയലിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പിൽനിന്നും

മറുപടി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് മറുപടി ലഭ്യമാകുവാൻ കാലതാമസം നേരിടുന്നതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കോളേജിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടികൾക്കായി ജലവിഭവ വകുപ്പിന് കൈമാറിനൽകിയ ബി3/518/2017/ഉ.വി.വ. നമ്പർ ഫയൽ നിലവിൽ പ്രസ്തുത വകുപ്പിൽ പരിശോധിച്ചുവരികയാണ്. ഇതിനായി കുട്ടമ്പുഴ വാർഡ് നമ്പർ 16-ൽ 5 ഏക്കർ സ്ഥലം കൈമാറുവാൻ സാധിക്കുമോയെന്നത് സംബന്ധിച്ച റിപ്പോർട്ട് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 2) ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രസ്തുത സ്ഥലം റിസർവോയർ ഏരിയയാണെന്നും ടി സ്ഥലം കെ.എസ്.ഇ.ബി. ലിമിറ്റഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിന് പരിശോധന നടത്തി പോയിട്ടുള്ളതാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിലെ തൽസ്ഥിതി അറിയിക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട്.

### പൂപ്പാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് പുതിയ കെട്ടിടം

115 (1681) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ശാന്തൻപാറ പൂപ്പാറ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

ശാന്തൻപാറ, പൂപ്പാറ സർക്കാർ കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി 06-01-2022-ലെ സ.ഉ (സാധാ) നം. 36/2022/ഉ.വി.വ. ഉത്തരവ് പ്രകാരം 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടും കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ വൈകുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണം അടിയന്തരമായി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(ബി&സി) കോളേജിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് മുൻപായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കോളേജിന്റെ ഭാവി വികസനത്തിന് ഉപയോഗപ്രദമാണ്. കൂടാതെ കോളേജിന് ഇപ്പോൾ ലഭിച്ചിരിക്കുന്ന ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിനും കൃത്യമായ ആസൂത്രണത്തോടെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ആയത് സഹായകമാകും. മാസ്റ്റർ പ്ലാൻ

തയ്യാറാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആയത് തയ്യാറാക്കി കെട്ടിടം നിർമ്മിക്കേണ്ട സ്ഥാനം നിർണ്ണയിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതാണ്.

**കൊടുങ്ങല്ലൂർ കെ.കെ.ടി.എം. കോളേജ് സ്റ്റേഡിയം നിർമ്മാണം**

116 (1682) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ കെ.കെ.ടി.എം. സർക്കാർ കോളേജ് സ്റ്റേഡിയം നിർമ്മാണം പൂർത്തിയായിട്ടില്ലെന്നും പാതിവഴിയിൽ നിർമ്മാണം നിലച്ച സ്റ്റേഡിയം നാശത്തിന്റെ വക്കിലാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) കൊടുങ്ങല്ലൂരിലെ കെ.കെ.ടി.എം. പുല്ലൂറ്റ് സർക്കാർ കോളേജിലെ സ്റ്റേഡിയം നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയം നിർമ്മാണം

പൂർത്തീകരിക്കുന്നതിനായുള്ള രണ്ടാംഘട്ട നിർമ്മാണത്തിനായി 18-11-2021 തീയതിയിലെ സ.ഉ (സാധാ) നം. 1530/2021 ഉ.വി.വ. ഉത്തരവ് പ്രകാരം 4.1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ കോളേജ് കെട്ടിട നിർമ്മാണം

117 (1683) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ പ്രകാരം എത്ര നിലകളുള്ള കെട്ടിടമാണ് സർക്കാർ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മൂന്ന് നില (G+2).

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കരാർ പ്രകാരം 24-06-2022-ന് പണി പൂർത്തിയാകേണ്ടതായിരുന്നു.

40% പണികൾ മാത്രമേ നിലവിൽ പൂർത്തിയായിട്ടുള്ളൂ. അടുത്ത അഞ്ച് മാസത്തിനുള്ളിൽ നിലവിൽ നടന്നുവരുന്ന രണ്ടാംനിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാകുമെന്ന് നിർവ്വഹണ ഏജൻസിയായ KITCO അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കോളേജിന്റെ രണ്ടാംനില നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലായിട്ടുണ്ടോ?

പ്രസ്തുത മീറ്റിംഗിലെ തീരുമാനപ്രകാരം കോഴിക്കോട് NIT-യുടെ പരിശോധന നടത്തുകയുണ്ടായി. മറ്റ് തീരുമാനങ്ങൾ നടപ്പിലായിട്ടില്ല.

(ഡി) കോളേജിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മിച്ച പൊതുമരാമത്ത് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരമാണോ നിലവിലെ എസ്.പി.വി. ആയ കിറ്റ്കോ രണ്ടാംനില നിർമ്മിക്കാൻ സാങ്കേതിക പ്രശ്നമുണ്ടെന്ന് പറയുന്നതെന്ന് അറിയിക്കാമോ?

NIT കോഴിക്കോട് നൽകിയ റിപ്പോർട്ട് പ്രകാരമാണ് KITCO സാങ്കേതിക പ്രശ്നം ഉന്നയിക്കുന്നത്.

(ഇ) കോളേജിന്റെ ഭാവി വികസനം തടസ്സപ്പെടാതെ മാസ്റ്റർ പ്ലാൻ

പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

G+2 ആണ് മാസ്റ്റർ പ്ലാൻ പ്രകാരം പറഞ്ഞിട്ടുള്ളത്. ഗ്രൗണ്ട് ഫ്ലോർ പൊതുമരാമത്ത് വകുപ്പാണ് പൂർത്തിയാക്കിയത്. ഫസ്റ്റ് ഫ്ലോർ പണി ചെയ്യുന്നതിനാണ് കിഫ്ബി KITCO-യെ ഏൽപ്പിച്ചിട്ടുള്ളത്. ഇത് 5 മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. എന്നാൽ സ്റ്റെബിലിറ്റി പ്രശ്നമുള്ളതിനാൽ സെക്കൻഡ് ഫ്ലോർ സാധാരണ രീതിയിൽ പണിയാൻ കഴിയുകയില്ലെന്ന് NIT കോഴിക്കോട് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിനാൽ കോളേജിന്റെ ഭാവി വികസന പ്രവർത്തനത്തിന് തടസ്സമുണ്ടാകാത്ത വിധത്തിൽ ഭാരം കുറഞ്ഞ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം സാധ്യമാണോയെന്ന് പരിശോധിക്കുന്നതാണ്.

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്താൻ നടപടി**

118 (1684) <u>ശ്രീ. എം. വിജിൻ</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. കെ. പ്രേംകുമാർ</u>:
<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള ഉന്നത

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവ് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(ബി) എൻ.ഐ.ആർ.എഫ്. റാങ്ക് പട്ടികയിൽ രാജ്യത്തെ മികച്ച 100 സർവ്വകലാശാലകളിൽ കേരളത്തിൽനിന്ന് നാല് എണ്ണവും മികച്ച 100 കോളേജുകളിൽ സംസ്ഥാനത്തെ 19 കോളേജുകളും ഇടംപിടിച്ചിട്ടുണ്ടെങ്കിലും അവ ആദ്യ സ്ഥാനങ്ങളിൽ ഇടം പിടിച്ചിട്ടില്ലെന്നത് കണക്കിലെടുത്ത് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്താൻ ഫലപ്രദമായ ഇടപെടൽ ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) സംസ്ഥാനത്ത് സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവ് വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**1. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൾനെറ്റ്): -**

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് (Kerala Academic Library Network - KALNET)

പ്രവർത്തനം ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ്‌വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും.

## 2. സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം:-

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## 3. DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം):

കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala) (Let' s go digital പദ്ധതി).

**4. ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ:-**

ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ സർവ്വേ ആരംഭിച്ചിട്ടുണ്ട്.

5. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണം.

6. **ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ (FDC):-**

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. Humanities & Social Science, Science, Commerce and Management എന്നീ സ്കീമുകളിൽ അദ്ധ്യാപകർക്കായി ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ മുഖേന പരിശീലനം സംഘടിപ്പിക്കുന്നുണ്ട്.

**7. സാക്ക് (SAAC-State Assessment & Accreditation Centre):-**

സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ

കൗൺസിലിന് കീഴിൽ അസ്സസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

**8. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:-**

പോസ്റ്റ് ഡോക്ടറൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയിൽ 77 പേർക്ക് ഫെലോഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. 5 വർഷംകൊണ്ട് 500 ഫെലോഷിപ്പുകൾ നൽകാനാണ് പദ്ധതിയിട്ടിരിക്കുന്നത്. നവകേരള സൃഷ്ടിക്ക് സഹായകമാകുന്ന ഗവേഷണ പദ്ധതികളാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്.

**9. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:-**

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ.

**10. ചാൻസിലേഴ്സ് അവാർഡ്:-**

ബഹുമാനപ്പെട്ട കേരള ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള

അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

**11. ബ്രെയിൻ ഗെയിൻ പദ്ധതി:-**

കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടത്തുന്ന വിവരശേഖരണമാണ് ഇത്. വിദേശത്തുള്ള സർവ്വകലാശാലകളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞർ, സാമൂഹിക ശാസ്ത്രജ്ഞർ, മെഡിക്കൽ പ്രൊഫഷണലുകൾ, ടെക്നോക്രാറ്റുകൾ/ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെ സി.ഇ.ഒ.-മാർ, സാമ്പത്തിക വിദഗ്ദ്ധർ, പരിസ്ഥിതി/ ബയോകെമിസ്ട്രി/സുസ്ഥിരത/പ്രതിബദ്ധത/ദുരന്ത മാനേജ്മെന്റ് മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായവരുടെ വിശദാംശങ്ങൾ ഈ ഡാറ്റാ ബേസിൽ ഉൾപ്പെടുന്നു.

**12. ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ:-**

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉല്പാദന മേഖലയ്ക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗിക്കപ്പെടണം. അക്കാദമിക് വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്നതരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖല മാറ്റുന്നതിന് ഉദ്ദേശിച്ചിട്ടുള്ളവയാണ് ഇവ.

**13. സെന്റേഴ്സ് ഓഫ് എക്സലൻസ്:-**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സർവ്വകലാശാലകൾക്കുള്ളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**14.** SLQAC രൂപീകരിച്ച് അക്രഡിറ്റേഷനും റാങ്കിംഗും മെച്ചപ്പെടുത്തുന്നതിന് സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തി മികവ് വർദ്ധിപ്പിക്കാൻ വേണ്ട ചട്ടക്കൂടൊരുക്കുന്നതിന് കെ.ഐ.ആർ.എഫ്. രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ കെ.ഐ.ആർ.എഫ്.-ന്റെ പ്രവർത്തനങ്ങൾ

വിശദമാക്കാമോ?

കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF):- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF) പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൊഫ. ഗംഗൻ പ്രതാപിന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു Oversight Committee രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസിലെ മീഡിയ സെൽ**

119 (1685) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസിൽ മീഡിയ സെൽ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത സെല്ലിൽ എത്ര ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മന്ത്രിയുടെ സ്റ്റാഫിൽപ്പെട്ട മാധ്യമരംഗത്ത് പരിചയസമ്പത്തുള്ള ഒരു അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയും ഒരു ഓഫീസ് അസിസ്റ്റന്റുമാണ് മാധ്യമങ്ങളിൽ ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകൾ, ചിത്രങ്ങൾ ഇവ ശേഖരിക്കുന്നതിനും മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമായി നിയോഗിക്കപ്പെട്ടിട്ടുള്ളത്.

(ബി) മീഡിയ സെല്ലിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും മീഡിയ സെൽ രൂപീകരണവുമായി ബന്ധപ്പെട്ട് ചെലവഴിച്ച ആകെ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

നിലവിൽ മീഡിയ സെല്ലിനായി പ്രത്യേക സൗകര്യങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. ഇതിനായി പ്രത്യേക തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## സർവ്വകലാശാലകളുടെ ചാൻസലർ പദവി

120 (1686) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ ചാൻസലർ പദവിയിൽനിന്നും ഗവർണറെ ഒഴിവാക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരാൻ സർക്കാർ

ഉദ്ദേശിക്കുന്നുണ്ടോ?

പരിഗണനയിലില്ല.

(ബി) എങ്കിൽ ഗവർണർക്ക് പകരം ചാൻസലറുടെ ചുമതല ആരിൽ നിക്ഷിപ്തമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇപ്രകാരം ഒരു നിയമഭേദഗതി നടത്തേണ്ടതിന്റെ സാഹചര്യവും വ്യക്തമാക്കുമോ?

ബാധകമല്ല.

(സി) സർവ്വകലാശാലകളുടെ സ്വയംഭരണ അധികാരത്തിൽ അനാവശ്യ രാഷ്ട്രീയ ഇടപെടൽ ഉണ്ടാകുന്നതുമൂലം ഉന്നത വിദ്യാഭ്യാസരംഗത്ത് അപചയം ഉണ്ടാകുന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്ത് തിരുത്തൽ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാലകളുടെ സ്വയംഭരണ അധികാരത്തിൽ അനാവശ്യ ഇടപെടൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർവ്വകലാശാലകളിലെ പരീക്ഷാ ക്രമക്കേടുകൾ

121 (1687) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ പരീക്ഷാ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ?

കണ്ണൂർ സർവ്വകലാശാലയിൽ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് ചോദ്യപേപ്പർ മാറി നൽകിയതും മുൻവർഷത്തെ ചോദ്യപേപ്പർ ആവർത്തിച്ച് വന്നതുമായ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണ കമ്മിറ്റികൾ രൂപീകരിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ കമ്മിറ്റി ലഭ്യമാക്കിയ റിപ്പോർട്ടുകൾ വൈസ് ചാൻസലർ സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുകയും അന്വേഷണ കമ്മിറ്റിയുടെ കണ്ടെത്തലുകളും തിരുത്തൽ നടപടികളും വൈസ് ചാൻസലർ മുൻപാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിലെ ചില കോഴ്സുകളുടെ പരീക്ഷാ ചോദ്യക്കടലാസുകൾ മുൻ തവണത്തേത് അതേപടി ആവർത്തിച്ചതിനാൽ പ്രസ്തുത ബിരുദ കോഴ്സുകളുടെ പരീക്ഷകൾ മാറ്റി നടത്തുകയും ടി പരീക്ഷകളുടെ ഫലം കാലതാമസമില്ലാതെ പ്രഖ്യാപിക്കാനുള്ള നടപടികൾ

സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ചോദ്യപേപ്പർ ആവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി 2020 പ്രവേശനം മുതൽ സർവ്വകലാശാല പഠന വകുപ്പുകളിൽ നടപ്പിലാക്കിയ ചോദ്യബാങ്ക്, ഓട്ടോമേറ്റഡ് ചോദ്യപേപ്പർ ജനറേഷൻ & ഓൺലൈൻ ട്രാൻസ്മിഷൻ സംവിധാനം കോളേജ് തലത്തിൽക്കൂടി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരള സർവ്വകലാശാലയിലെ ശ്രീ. വിനോദ് എന്ന സെക്ഷൻ ഓഫീസറെ അനധികൃത മാർക്ക് ദാനവുമായി ബന്ധപ്പെട്ട് സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എം.ബി.എ. മാർക്ക് ലിസ്റ്റ് വിതരണവുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങിയെന്ന് ഒരു വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ വിജിലൻസ് അറസ്റ്റ് ചെയ്ത സർവ്വകലാശാലാ അസിസ്റ്റന്റിനെ ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിരുന്നു. സിൻഡിക്കേറ്റ് സമിതിയുടെ അന്വേഷണ റിപ്പോർട്ട്, തുടർ അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. വിഷയം വിജിലൻസിന്റെ അന്വേഷണത്തിലാണ്.

(ബി) സർവ്വകലാശാലകളിൽ ഉപയോഗിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയറുകളിൽ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകളിൽ നടത്തിയിട്ടുണ്ട്; വിശദാംശം

നൽകാമോ?

കണ്ണൂർ സർവ്വകലാശാലയിൽ പരീക്ഷാ സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള മൊത്തം ഐ.ടി. സിസ്റ്റം ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല ഉപയോഗിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയറുകളുടെ സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനായി Centre for Development of Advanced Computing, Thiruvananthapuram (C-DAC)-മായി കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കേരള സർവ്വകലാശാലയിൽ പരീക്ഷാ സംബന്ധമായി ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ്‌വെയറിൽ ഒന്നായ പബ്ലിക് പോർട്ടൽ സോഫ്റ്റ്‌വെയറിൽ (exams.keralauniversity.ac.in) സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്.

(സി) എം.ജി. സർവ്വകലാശാലയിൽ എം.ബി.എ. പരീക്ഷ വിജയിപ്പിക്കുന്നതിനും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകുന്നതിനും കൈക്കൂലി വാങ്ങിയ സംഭവത്തിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

എം.ജി. സർവ്വകലാശാലയിൽ എം.ബി.എ. മാർക്ക് ലിസ്റ്റ്

വിതരണവുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങിയെന്ന് ഒരു വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ വിജിലൻസ് അറസ്റ്റ് ചെയ്ത സർവ്വകലാശാലാ അസിസ്റ്റന്റിനെ ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിരുന്നു. സിൻഡിക്കേറ്റ് സമിതിയുടെ അന്വേഷണ റിപ്പോർട്ട്, തുടർഅച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

## വിദൂര വിദ്യാഭ്യാസ വിഭാഗം, പ്രൈവറ്റ് രജിസ്ട്രേഷൻ തുടങ്ങിയവ വഴി ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ

122 (1688) ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര വിദ്യാഭ്യാസ വിഭാഗം, പ്രൈവറ്റ് രജിസ്ട്രേഷൻ തുടങ്ങിയവ വഴി കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകളിൽ ഈ വർഷം ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പ്രവേശനം നടത്തരുതെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

09-06-2022 തീയതിയിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ സർക്കുലർ അനുസരിച്ച് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി.-യുടെ

DEB-യിൽനിന്ന് 2022-23 അദ്ധ്യയന വർഷം മുതൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽമാത്രം ഈ വർഷം വിദൂരവിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണെന്നും ഇതുസംബന്ധിച്ച തുടർ സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂരവിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടുള്ളതല്ലായെന്നും സർവ്വകലാശാലകളെ അറിയിച്ചിട്ടുണ്ട്.

(ബി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് യു.ജി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ പ്രൈവറ്റ് രജിസ്ട്രേഷനും വിദൂരവിദ്യാഭ്യാസം മൂലമുള്ള പഠനവും ഒഴിവാക്കുന്നത് നിരവധി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള അവസരം നിഷേധിക്കുകയും കടുത്ത പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്യുമെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ

മേൽപ്പറഞ്ഞ ഉത്തരവ് പിൻവലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി&സി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021-ൽ തന്നെ യു.ജി.സി. ആക്ട് 1956, സെക്ഷൻ 2(f)-ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗ് രീതികളിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി യു.ജി.സി.-യിൽനിന്നും ലഭിച്ചിട്ടുണ്ട് (Order F No.9-17/2020(CPP-I/PU), dated 07-05-2021). 12 യു.ജി. കോഴ്സുകളും 5 പി.ജി. കോഴ്സുകളും ഈ വർഷം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം യു.ജി.സി. അനുമതി ആവശ്യമായതിനാൽ ഇതിനുവേണ്ട രേഖകൾ മുഴുവനും യു.ജി.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. യു.ജി.സി.-യുടെ അനുമതി ഈ അക്കാദമിക വർഷം മുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. യു.ജി.സി. അനുമതി കിട്ടിയാൽ 2022-23 അക്കാദമിക വർഷം ഈ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്താൻ കഴിയും. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി.സി.-യുടെ DEB-ൽനിന്നും 2022-23 അദ്ധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ്

സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ്.

(ഡി) പ്രൈവറ്റ് രജിസ്ട്രേഷൻ ഒഴിവാക്കുവാൻ ശ്രമിച്ചതുമൂലം ഉന്നത വിദ്യാഭ്യാസമേഖലയിൽ കഴിഞ്ഞ വർഷങ്ങളിലുണ്ടായ പ്രതിസന്ധികൾകൂടി പരിഗണിച്ചുകൊണ്ട് ഓപ്പൺ സർവകലാശാലയിലെ കോഴ്സുകൾക്ക് ഒപ്പം പ്രൈവറ്റ് രജിസ്ട്രേഷനും തുടരുന്നതിന് അനുമതി നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രൈവറ്റ് രജിസ്ട്രേഷൻ ഒഴിവാക്കിയതുമൂലം ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധിയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഉന്നത വിദ്യാഭ്യാസ വകുപ്പിനുവേണ്ടി ബജറ്റിൽ വകയിരുത്തിയ തുക**

123 (1689) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ വകുപ്പിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നറിയിക്കുമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾക്കായി അനുവദിച്ച് നൽകിയിട്ടുള്ള വിവിധ ശീർഷകങ്ങളിലായി 4736,92,13,420

രൂപ (നാലായിരത്തി എഴുന്നൂറ്റി മുപ്പത്തിയാറ് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി പതിമൂവായിരത്തി നാന്നൂറ്റി ഇരുപത് രൂപ മാത്രം) 2021-22 സാമ്പത്തിക വർഷം വകയിരുത്തിയിരുന്നു.

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചു; ഓരോ ശീർഷകത്തിലും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഇതിൽ 4512,21,67,354.00 രൂപ (നാലായിരത്തി അഞ്ഞൂറ്റി പന്ത്രണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അറുപത്തിയേഴായിരത്തി മുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## സർക്കാർ-സ്വകാര്യ മേഖലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

124 (1690) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും വലിയ ഒരു വിഭാഗം വിദ്യാർത്ഥികൾ ഉന്നത, സാങ്കേതിക വിദ്യാഭ്യാസത്തിനായി ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോകുന്നത് പരിഗണിച്ച് സർക്കാർ, സ്വകാര്യ മേഖലയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

12-ാം ക്ലാസ് കഴിയുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഉപരിപഠനത്തിന് കോഴ്സുകളും കോളേജുകളും തെരഞ്ഞെടുക്കുന്നത് സുപ്രധാനമാണ്. രാജ്യത്ത് പലതരം കോളേജുകളുണ്ടെങ്കിലും എല്ലാ കോളേജുകളും യു.ജി.സി.-യുടെ 2(F), 12(ബി) അംഗീകാരം നേടിയിരിക്കണം. കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് രക്ഷകർത്താക്കളെയും കുട്ടികളെയും സഹായിക്കുന്ന ഔദ്യോഗിക റാങ്കിംഗ്/ അക്രഡിറ്റേഷൻ സംവിധാനങ്ങൾ NIRF/NAAC/NBA എന്നിവയാണ്. 2021-ലെ NIRF റാങ്കിംഗ് പ്രകാരം കേരളത്തിലെ 19 കോളേജുകളാണ് ആദ്യ 100 റാങ്കിൽ സ്ഥാനം പിടിച്ചിട്ടുള്ളത്. കേരളത്തിലെ 16 സർവ്വകലാശാലകളിൽ അഫിലിയേറ്റഡ് സർവ്വകലാശാലകൾ മിക്കവാറും എല്ലാംതന്നെ അക്രെഡിറ്റേഷൻ ലഭിച്ചവയാണ്. കേരള സർവ്വകലാശാല നാക് അക്രെഡിറ്റേഷനിൽ രാജ്യത്തെ ആദ്യത്തെ 10 സർവ്വകലാശാലകളുടെ ഗണത്തിൽവരും. കേരള സർവ്വകലാശാലയുടെ ഏറ്റവും പുതിയ നാക് അക്രഡിറ്റേഷൻ റാങ്ക് A++ (3.67) ആണ്. നിലവിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ബിരുദ-ബിരുദാനന്തരതലത്തിൽ +2 പാസ്സായ

വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങൾ ലഭ്യമാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ യു.ജി./പി.ജി. തലത്തിൽ കേരള സർവ്വകലാശാല – 33736, എം.ജി. സർവകലാശാല - 73950, കോഴിക്കോട് സർവ്വകലാശാല – 90180, കണ്ണൂർ സർവ്വകലാശാല - 22827, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല – 2372, കേരള കാർഷിക സർവ്വകലാശാല – 322, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്-512, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - 1764, കേരള കലാമണ്ഡലം - 120, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് - 310 സീറ്റുകൾ നിലവിലുണ്ട്. പ്രസ്തുത കണക്കുകൾ സൂചിപ്പിക്കുന്നത്, ഉപരിപഠനത്തിന് കേരളത്തിലെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾ ഉൾപ്പെടെ സീറ്റുകൾ ലഭ്യമാണ്. കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ 18-നും 23-നും പ്രായപരിധിയിൽ വരുന്ന യുവാക്കളുടെ പ്രവേശന നിരക്ക് (GER) 38.8 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ (27.1%) കൂടുതലാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സർക്കാർ മേഖലയിൽ വിളപ്പിൽശാല, മുക്കം, ഹരിപ്പാട്, നടുവിൽ, പിണറായി എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസമേഖല ഉൾപ്പെടുന്ന സാമൂഹ്യ മേഖലാ വികാസത്തിന്റെ ഫലമായി വിദ്യാഭ്യാസരംഗത്ത് വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയുന്ന പുരോഗതിയാണ് കേരളം കൈവരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ സ്വകാര്യ മേഖലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) കേരളത്തെ ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബായി മാറ്റുന്നതിന് ഒരു കർമ്മ പദ്ധതി നടപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

21-09-2021-ലെ ജി.ഒ.(എം.എസ്)നം. 390/2021/H.Edn. പ്രകാരം സംസ്ഥാനത്തെ ജ്ഞാനസമൂഹമാക്കി മാറ്റുന്നതിനും തദ്ദേശീയ സാമൂഹ്യ സാമ്പത്തിക ഘടനയുടെ വികസനത്തിന് യോജിച്ചവിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 7 അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വകാര്യമേഖലയെ നിയന്ത്രിച്ചും സർക്കാർ മേഖലയിൽ കൂടുതൽ അവസരങ്ങളുണ്ടാക്കിയും വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ

സൗകര്യങ്ങൾ സംസ്ഥാനത്തുതന്നെ ഉറപ്പുവരുത്തുന്നതിനുമായി കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനും കേരളത്തെ വൈജ്ഞാനിക സമൂഹമാക്കിത്തീർക്കുന്നതിനുമായി ശാസ്ത്ര മേഖലയിലെ കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകൾ ചേർത്ത് വിപുലമായ പാഠ്യപദ്ധതി നടപ്പിലാക്കിവരുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ച് നൽകിയിട്ടുണ്ട്. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ക്ലാസുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസ് റൂം ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ കാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിനായി PLEASE, വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പഠനത്തോടൊപ്പം തൊഴിൽ, സ്റ്റുഡന്റ് ഫോർ സൊസൈറ്റി, യുറേക്ക ലാബ്,

ഫാക്കൽറ്റി എക്സ്ചേഞ്ച് പ്രോഗ്രാം, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം എന്നിവ നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബായി മാറ്റാൻ കഴിയും.

## സർക്കാർ മേഖലയിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ

125 (1691) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ നിലവിൽ പരിഗണനയിലുള്ള സ്ഥലങ്ങളും വിശദാംശങ്ങളും അറിയിക്കാമോ?

സർക്കാർ മേഖലയിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

## സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം

126 (1692) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് 16-06-2018-ലെ സർക്കാർ ഉത്തരവ് നമ്പർ GO (MS) 1131/2017 HEdn. പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും പ്രഖ്യാപിച്ചിരുന്നു. കോളേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ സാമ്പത്തിക വർഷം സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2202-03-103-50 എന്ന ശീർഷകത്തിൽ 20 കോടി രൂപയും 4202-01-203-72 എന്ന ശീർഷകത്തിൽ 30 കോടി രൂപയും അടിസ്ഥാന സൗകര്യങ്ങളുടെ നിലനിൽപ്പും നവീകരണവും ശീർഷകത്തിൽ 14 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടാത്ത

നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതി വിഹിതം ഉപയോഗിച്ച് പൂർത്തിയാക്കാൻ കഴിയത്തക്കവിധത്തിൽ പര്യാപ്തമായ തുക അനുവദിക്കുന്നതാണ്. കേരളത്തിലെ സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 'Infrastructural Grants to Colleges' എന്ന കമ്പോണന്റിൽ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റുസാ) സംസ്ഥാന പദ്ധതി കാര്യാലയത്തിൽനിന്നും രണ്ടുഘട്ടമായി പദ്ധതികൾ നടപ്പിലാക്കി തുടർന്നുവരുന്നു. റുസാ ഒന്നാംഘട്ടത്തിൽ (റൂസാ ഫേസ് -1) രണ്ട് കോടി രൂപ വീതം 22 സർക്കാർ കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസന ഗ്രാന്റ് അനുവദിച്ച് വിതരണം ചെയ്തു. റൂസാ രണ്ടാംഘട്ടത്തിൽ (റൂസാ ഫേസ് -2) 13 സർക്കാർ കോളേജുകൾക്ക് രണ്ട് കോടി രൂപ വീതം അടിസ്ഥാന സൗകര്യ വികസന ഗ്രാന്റ് അനുവദിക്കുകയും ആയതിൽ ഒരു കോടി രൂപ വീതം വിതരണം ചെയ്യുകയും ചെയ്തു. നിർമ്മാണം (Construction), പുനരുദ്ധാരണം (Renovation), സാധന സാമഗ്രികളുടെ വാങ്ങൽ (Purchase) എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത ഗ്രാന്റ് അനുവദിച്ചത്. റൂസാ ഒന്നാംഘട്ടത്തിൽ 14 സർക്കാർ കോളേജുകൾ പദ്ധതി നിർവ്വഹണം പൂർത്തിയാക്കി. 8 സർക്കാർ കോളേജുകളിൽ ആയത് അന്തിമഘട്ടത്തിലാണ്. റൂസാ രണ്ടാംഘട്ടത്തിൽ 13 സർക്കാർ

കോളേജുകളിൽ പദ്ധതി നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്. ഇക്വിറ്റി ഇനിഷ്യറ്റീവ് (Equity Initiatives) എന്ന കമ്പോണന്റിൽ ഉൾപ്പെടുത്തി 2.5 കോടി രൂപ മൊത്തം പദ്ധതി ചെലവിൽ റൂസാ ഒന്നാംഘട്ട പദ്ധതിയിൽ 27 സർക്കാർ കോളേജുകളിൽ "വിമൻ അമിനിറ്റി സെന്ററുകൾ" അനുവദിക്കുകയും 26 സർക്കാർ കോളേജുകളിലും ആയത് പൂർത്തിയാക്കി കൈമാറുകയും ചെയ്തു. ഒരു കോളേജിൽ പ്രസ്തുത പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്.

## സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ സ്റ്റോക്ക് വേരിഫിക്കേഷൻ

127 (1693) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി വകുപ്പിൽ 1995-നുശേഷം പുസ്തകങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സ്റ്റോക്ക് വെരിഫിക്കേഷനുവേണ്ടി ചെലവഴിച്ച തുകയും കണ്ടെത്തിയ വസ്തുതകളും സംബന്ധിച്ച റിപ്പോർട്ട് എന്തെന്ന് വ്യക്തമാക്കാമോ;

(സി) ലൈബ്രറി സ്റ്റോക്ക് വെരിഫിക്കേഷനിൽ സർക്കാർ പരിശോധിച്ച് തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ-സി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ 1995-നുശേഷം 2019 ആഗസ്റ്റ് മാസത്തിലാണ് സ്റ്റോക്ക് വെരിഫിക്കേഷൻ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്. ഇതിനായി നാളിതുവരെ 11,53,018 (പതിനൊന്ന് ലക്ഷത്തി അൻപത്തിമൂവായിരത്തി പതിനെട്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്. സ്റ്റോക്ക് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട ഭൗതിക ജോലികൾ 2022 ജൂൺ മാസത്തിൽ പൂർത്തിയായിട്ടുണ്ടെങ്കിലും അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ നവീകരണം**

128 (1694) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ നവീകരണത്തിനും പുതിയ കെട്ടിടങ്ങളുടെ

നിർമ്മാണത്തിനുമായി ഉന്നതവിദ്യാഭ്യാസ വകുപ്പ് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ട് ഇനത്തിൽ രണ്ട് ഗഡുക്കളായി ആകെ 1330 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ കോളേജിനും അനുവദിച്ച തുക, കോളേജിന്റെ പേര്, നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ?

ടി തുക ഉപയോഗിച്ച് നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പെൻഷൻ അനുവദിക്കൽ**

129 (1695) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ 11-09-1968 മുതൽ 28-02-1979 വരെ അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്ക് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയ നിവേദനം J3/121/2020 നമ്പർ കത്ത് പ്രകാരം ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് അയച്ചതിൻമേൽ ഡി.റ്റി.ഇ.-യിൽനിന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

നിവേദനത്തിന്മേൽ പരിശോധനകൾ നടത്തിയെങ്കിലും ഇത് സംബന്ധിച്ചുള്ള മുൻവിവരങ്ങളൊന്നും ഡയറക്ടറേറ്റിൽ ലഭ്യമല്ലായെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് ടി നിവേദനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാളിനോട് നിർദ്ദേശിച്ചിരുന്നു. ശ്രീ. സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾ എന്ന ജീവനക്കാരന്റെ സേവന വിവരങ്ങളെക്കുറിച്ച് ഒരു പ്രാഥമിക റിപ്പോർട്ട് പ്രിൻസിപ്പാൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി. പ്രസ്തുത റിപ്പോർട്ട് പ്രകാരം ശ്രീ. സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾ 11-09-1968-ൽ കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ ലക്ചറർ തസ്തികയിൽ

സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് 26-08-1974 മുതൽ Quality Improvement Programme (QIP) മുഖാന്തരം M.Tech പഠനത്തിനായി ടിയാൻ വിടുതൽ ചെയ്യുകയുമുണ്ടായി. Quality Improvement Programme (QIP)-നുശേഷം 02-08-1976-ൽ ജോലിയിൽ തിരികെ പ്രവേശിച്ച ടിയാൻ ഒന്നരവർഷത്തെ സേവനത്തിനുശേഷം 01-03-1979 മുതൽ രണ്ടുവർഷത്തേയ്ക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയുണ്ടായി. ശൂന്യവേതനാവധിക്കുശേഷം യാതൊരു അറിയിപ്പും നൽകാതെ ജോലിയിൽ തിരികെ പ്രവേശിക്കാതിരുന്നതിനെത്തുടർന്ന് ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് ഗവേണിംഗ് ബോഡി മേൽപ്പറഞ്ഞ ശൂന്യവേതനാവധി റദ്ദാക്കുകയും ടിയാനെ ജോലിയിൽനിന്നും നീക്കം ചെയ്യുകയുമുണ്ടായി. ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽനിന്നും ലഭിച്ച മേൽപ്പറഞ്ഞ റിപ്പോർട്ടിൽ ടിയാനെതിരെയുള്ള ബാദ്ധ്യത സംബന്ധിച്ചോ അച്ചടക്ക നടപടികൾ സംബന്ധിച്ചുള്ള വിവരങ്ങളോ പരാമർശിച്ചിട്ടില്ലാത്തതിനാൽ സർക്കാരിലേയ്ക്ക് വിശദമായ റിപ്പോർട്ട് നല്കുവാൻ സാധിക്കുകയില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന്, ടിയാനെതിരെയുള്ള ബാദ്ധ്യതയ്ക്ക് കാരണമായ ബോണ്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ്, ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ച രേഖകളുടെ പകർപ്പുകൾ, ടിയാൻ ഇതുസംബന്ധിച്ച് എന്തെങ്കിലും

വിശദീകരണങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ്, ടിയാനെതിരെയുള്ള ബാദ്ധ്യത കണക്കാക്കിയതിന്റെ പകർപ്പുകൾ എന്നിവ സഹിതം വിശദമായ റിപ്പോർട്ട് നല്കുവാൻ പ്രിൻസിപ്പാളിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) അപേക്ഷകന് പെൻഷൻ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾ ജോലി ചെയ്തിരുന്ന സ്ഥാപനമായ കൊല്ലം തങ്ങൾ കുഞ്ഞ് മുസലിയാർ കോളേജ് മുഖേന പെൻഷൻ ആനുകൂല്യങ്ങൾക്കായി മതിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിലെ വെള്ളറട കേന്ദ്രമാക്കി ഒരു വനിതാ പോളിടെക്നിക്

130 (1696) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട കേന്ദ്രമാക്കി ഒരു വനിതാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോളിടെക്നിക് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പോളിടെക്നിക് ആരംഭിക്കുന്നതിനായി സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;

(സി) മലയോര പട്ടികവർഗ്ഗ മേഖലയെന്നത് പരിഗണിച്ച് പ്രസ്തുത പോളിടെക്നിക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ-സി) പാറശ്ശാല മണ്ഡലത്തിൽ വെള്ളറട കേന്ദ്രീകരിച്ച് ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പലിനെ സ്പെഷ്യൽ ഓഫീസറായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തുകയും പ്രിൻസിപ്പൽ ലഭ്യമാക്കിയ പഠന റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പോളിടെക്നിക് കോളേജ് തുടങ്ങുന്നതിന് ഏറ്റവും അനുയോജ്യമായി കാണപ്പെട്ടത് വെള്ളറടയിൽനിന്നും 5½ കി.മീ. അകലെയുള്ള കള്ളിമൂട് എന്ന സ്ഥലമാണെന്നും പ്രസ്തുത സ്ഥലത്തിൽ 5 വിദ്യാർത്ഥികൾമാത്രം പഠിക്കുന്ന ഒരു ട്രൈബൽ മാനേജ്മെന്റ് സ്കൂളുണ്ടെന്നും ടി സ്കൂളിന് 1 ¾ ഏക്കർ സ്ഥലവും

2000 സ്ക്വയർഫീറ്റ് വീതം വിസ്തീർണ്ണവുമുള്ള രണ്ട് ഷീറ്റിട്ട കെട്ടിടങ്ങളുമുണ്ട്. നിർദ്ദിഷ്ട സ്ഥലത്ത് പോളിടെക്നിക് ആരംഭിച്ചാൽ തുടർവികസനത്തിന് ആവശ്യമായ ഭൂമി പ്രസ്തുത സ്കൂളിനോട് ചേർന്നുതന്നെ ലഭ്യമാകുമെന്നും നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് മതിയായ ഗതാഗത സൗകര്യം ലഭ്യമാണെന്നും സാധ്യതാ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ വെള്ളറട കേന്ദ്രീകരിച്ച് പുതുതായി ഒരു പോളിടെക്നിക് തുടങ്ങുന്നതിന് എന്തുകൊണ്ടും ഉചിതമാണെന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ട്രൈബൽ മാനേജ്മെന്റ് സ്കൂൾ സർക്കാർ മേഖലയിലുള്ളതാണെങ്കിൽ അത് പോളിടെക്നിക് ആക്കി മാറ്റുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അഭിപ്രായം തേടേണ്ടതുള്ളതിനാൽ പഠന റിപ്പോർട്ട് അടങ്ങിയ എൽ2/58/2020/ഉവിവ. നം. ഫയൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് അയച്ചിട്ടുണ്ട്. ടി വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ പോളിടെക്'നിക്**

131 (1697) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ പോളിടെക്നിക് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇതുസംബന്ധിച്ച ഫയൽ നമ്പർ വ്യക്തമാക്കുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തീരെക്കുറവായ പ്രസ്തുത നിയോജക മണ്ഡലത്തിൽ മുന്തിയ പരിഗണന നല്കി ഒരു പോളിടെക്‌നിക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തീരെ കുറവായതിനാൽ പുതിയ പോളിടെക്നിക് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലഭ്യമായിട്ടുള്ള നിവേദനം എൽ2/190/2022/ഉ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത മണ്ഡലത്തിൽ പോളിടെക്നിക് ആരംഭിക്കുന്നതിനായിട്ടുള്ള സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദേശം നല്കിയിട്ടുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിലെ നടുവിൽ പോളിടെക്നിക്കിന് എ.ഐ.സി.ടി.ഇ. അംഗീകാരം**

132 (1698) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ നടുവിൽ പോളിടെക്നിക്കിന് എ.ഐ.സി.ടി.ഇ. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പോളിടെക്നിക് കോളേജ് 2022-23 വർഷത്തിൽ അംഗീകാരം നേടുന്നതിനുള്ള അപേക്ഷ എ.ഐ.സി.ടി.ഇ.-ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പോളിടെക്നിക്കിൽ കാന്റീൻ കെട്ടിടം, ടോയ്‌ലറ്റ്, റാമ്പ് എന്നിവ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടുവിൽ പോളിടെക്നിക് കോളേജിൽ റാമ്പ്, ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും സമർപ്പിച്ചിട്ടുള്ള 82,20,000/- രൂപയുടെ എസ്റ്റിമേറ്റിൽ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കാന്റീൻ കെട്ടിടം നിർമ്മിക്കുന്നതിനായി 62,40,000/- രൂപയുടെ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ

ഓഫീസിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മാനന്തവാടി ദ്വാരക പോളിടെക്നിക് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

133 (1699) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ദ്വാരക സർക്കാർ പോളിടെക്‌നിക് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബി അനുവദിച്ച തുക വിനിയോഗിച്ചുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

മാനന്തവാടി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ അക്കാദമിക്ക് ബ്ലോക്ക് നിർമ്മാണത്തിനായി 8.22 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. മേസനറി & പ്ലാസ്റ്ററിംഗ് വർക്ക് നടന്നുകൊണ്ടിരിക്കുന്നു.

(ബി) നിലവിൽ എത്ര രൂപ വാടകയ്ക്കാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രവർത്തനത്തിനായി

പ്രതിമാസ വാടക തുകയിനത്തിൽ 1,46,372/- രൂപ നിശ്ചയിച്ച് സർക്കാർ 08-12-2020-ലെ സ.ഉ(സാധാ)1577/2020/ഉ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## കണ്ണൂർ മണ്ഡലത്തിലെ ഗവൺമെന്റ് പോളിടെക്നിക്കിലെ അദ്ധ്യാപക നിയമനം

134 (1700) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ നാല് അദ്ധ്യാപക തസ്തിക നഷ്ടപ്പെട്ടതിനാൽ നാല് താല്ക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗസ്റ്റ് അദ്ധ്യാപക നിയമനം വൈകുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ മണ്ഡലത്തിലെ ഗവ. പോളിടെക്നിക് കോളേജ്, കണ്ണൂർ ഉൾപ്പെടെ 23 സർക്കാർ പോളിടെക്നിക്

കോളേജുകളിലായി എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, അധിക ജോലിഭാരം ഇവ കണക്കാക്കി ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നത് എൽ3/267/2021/ഉ.വി.വ. നം. ഫയലിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭ്യമാകുന്നമുറയ്ക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വിളപ്പിൽശാല പോളിടെക്നിക്

135 (1701) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് വേണ്ടതായ സ്ഥലം കണ്ടെത്തി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. 08-11-2021-ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗതീരുമാനപ്രകാരം കളക്ടർ സ്ഥലം സന്ദർശിക്കുകയും സ്ഥലം പോളിടെക്നിക്കിന് കൈവശം വയ്ക്കുവാനുള്ള ശിപാർശ റവന്യൂ വകുപ്പിന് നൽകിയിട്ടുമുണ്ട്. ആയത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വെച്ചൂച്ചിറ പോളിടെക്നിക് ഹോസ്റ്റൽ നിർമ്മാണം

136 (1702) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെച്ചൂചിറ പോളിടെക്നിക് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാകാത്തതിനാൽ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണി പൂർത്തിയാക്കാൻ ഇനി എത്ര തുക വേണ്ടിവരുമെന്നാണ്

പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത തുക സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽനിന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെച്ചൂച്ചിറ സർക്കാർ പോളിടെക്നിക് കോളേജിനോടനുബന്ധിച്ച് പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 450 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം ഇലക്ട്രിക്കൽ ഫിറ്റിംഗ്, സിവിൽ വർക്കുകൾ എന്നിവ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന കവാടത്തിലെ ഗ്രിൽ സ്ഥാപിക്കൽ, സ്റ്റെയർകേസ്, ഹാൻഡ് റെയിൽ, റോഡ് നിർമ്മാണം, പെയിന്റിംഗ് ജോലികൾ എന്നിവയാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഇതിലേയ്ക്കായി ഒരു കോടി രൂപയുടെ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്ഥാപന മേധാവിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതുപ്രകാരം ന്യൂനതകൾ പരിഹരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടില്ല.

(സി) നടപ്പ് അദ്ധ്യയന വർഷം ഹോസ്റ്റൽ താമസയോഗ്യമാക്കാൻ

സാധിക്കുമോ?

പൊതുമരാമത്ത് വകുപ്പിൽനിന്നും ന്യൂനതകൾ പരിഹരിച്ച എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കി വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതാണ്.

**പോളിടെക്നിക് ലക്ച്ചറർമാരുടെ ശമ്പളം**

137 (1703) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകളിൽ എ.ഐ.സി.ടി.ഇ. യോഗ്യതയുള്ള ലക്ച്ചറർമാർ യോഗ്യതയില്ലാത്ത ലക്ച്ചറർമാരെക്കാൾ കുറഞ്ഞ ശമ്പളം വാങ്ങുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. 27-06-2016-ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) 252/2016/ധന. പ്രകാരം, എ.ഐ.സി.ടി.ഇ. സ്കീം നടപ്പിലാക്കിയപ്പോൾ നിലവിലെ ശമ്പളത്തേക്കാൾ ആനുകൂല്യം 6000/- രൂപയിൽ കുറവ് കിട്ടിയവർക്ക് 2013-ൽ പൂർത്തിയായ ഓരോ വർഷത്തിനും 0.25% വർദ്ധനവ് നൽകി ഉത്തരവായിരുന്നു. അതിനുശേഷം വസ്തുതകൾ വീണ്ടും പരിശോധിക്കുകയും 27-07-2021-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ)

നം. 955/2021/ഉ.വി.വ പ്രകാരം 0.25% എന്നത് 1% ആയി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പോളിടെക്നിക്കുകളിൽ ലക്ച്ചറർമാർക്ക് അർഹമായ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രൊമോഷൻ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് പോളിടെക്നിക് കോളേജുകളിലെ അദ്ധ്യാപകർക്ക് 28-01-2021-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) 37/2021/ഉ.വി.വ പ്രകാരം കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.

(സി) പോളിടെക്നിക്കിൽ ലക്ച്ചറർമാർക്ക് 2016 മുതൽ ലഭിക്കേണ്ട ഏഴാം ശമ്പള പരിഷ്കരണം എന്തുകൊണ്ടാണ് നടപ്പിലാക്കാത്തതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് പോളിടെക്നിക് കോളേജുകളിലെ അദ്ധ്യാപകർക്ക് 16-02-2021-ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) 97/2021/ഉ.വി.വ, 10-06-2022-ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) 291/2022/ഉ.വി.വ. പ്രകാരം ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കി

ഉത്തരവായിട്ടുണ്ട്.

**കേരള സ്റ്റേറ്റ് സി-ആപ്റ്റിന് സർക്കാർവക സ്ഥലം**

138 (1704) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന് കീഴിലുള്ള വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ 600 ഏക്കർ സ്ഥലത്തിൽനിന്നും 10 ഏക്കർ സ്ഥലം പാഠപുസ്തക അച്ചടിക്കും മറ്റ് സർക്കാർ അനുബന്ധ പ്രിന്റിംഗ് വർക്കുകൾക്കുമായി കേരള സ്റ്റേറ്റ് സി-ആപ്റ്റിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആവശ്യം സംബന്ധിച്ച് സി-ആപ്റ്റിലെ എംപ്ലോയീസ് യൂണിയനുകൾ 16-05-2022-ൽ സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; അറിയിക്കുമോ?

(എ&ബി) കേരള സർക്കാരിന് കീഴിലുള്ള വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ 5 ഏക്കർ സ്ഥലം സി-ആപ്റ്റിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി-ആപ്റ്റ് എംപ്ലോയീസ് ഫെഡറേഷൻ 16-05-2022-ൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദത്തിന്മേൽ

സർക്കാർ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസിംഗ് സിലബസ് പരിഷ്കരണം

139 (1705) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരണം സംബന്ധിച്ച പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 16-06-2022-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സിലബസ് പരിഷ്കരണത്തിനായി ചുമതലപ്പെടുത്തിയ കളമശ്ശേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച്, സിലബസ് പരിഷ്കരണത്തിനുള്ള റിപ്പോർട്ട് എന്നാണ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയതെന്ന് വ്യക്തമാക്കാമോ?

സിലബസ് പരിഷ്കരണത്തിന്റെ പ്രൊപ്പോസൽ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് ജോയിന്റ് ഡയറക്ടറുടെ 22-03-2022-ലെ കത്ത് മുഖേന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയിരുന്നു.

(സി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത സിലബസ് പരിഷ്കരണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് പറയാമോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ?

ഉണ്ട്. 16-06-2022 ൽ പ്രസ്തുത സിലബസ് പരിഷ്കരണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ഡി) ഹിന്ദി ടൈപ്പ് റൈറ്റിംഗിൽ കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് കൂടി ഉൾപ്പെടുത്തി സിലബസ് പരിഷ്കരിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള പരിശോധന ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ഇ) എത്രയുംവേഗം പ്രസ്തുത സിലബസ് പരിഷ്കരണ നടപടികൾ

പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ഡി&ഇ) ഹിന്ദി ടൈപ്പ് റൈറ്റിംഗ് സിലബസ് പരിഷ്കരണത്തിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുവാനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ SITTTR-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിന് സമർപ്പിക്കാൻ SITTTR-ന് നിർദ്ദേശം നൽകുന്നതും സിലബസ് പരിഷ്കരണ നടപടികൾ താമസംവിനാ നടപ്പിലാക്കുന്നതുമാണ്.

**കടുത്തുരുത്തി മണ്ഡലത്തിലെ കേരളാ സയൻസ് സിറ്റി നിർമ്മാണം**

140 (1706) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ കുറവിലങ്ങാട് കോഴയിൽ നിർമ്മാണത്തിലിരിക്കുന്ന കേരളാ സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സയൻസ് സിറ്റി പദ്ധതിയിലെ സയൻസ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. അനുബന്ധ

പശ്ചാത്തലസൗകര്യങ്ങളുടെ വികസനത്തിനുശേഷം ടി സയൻസ് സെന്റർ, സയൻസ് സിറ്റിയുടെ ഒന്നാംഘട്ടമായി 2022 നവംബർ മാസത്തോടെ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് പദ്ധതിയുടെ പൂർത്തീകരണം 2024-ൽ നിർവ്വഹിക്കാൻ സാധ്യമാകുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളിൽ സംഭവിച്ചിരിക്കുന്ന കാലതാമസം പരിഹരിക്കുന്നതിനായി നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

നിർമ്മാണ പ്രവർത്തനങ്ങളിലെ കാലതാമസം പരിഹരിക്കുന്നതിനായി 11-04-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 28-04-2022-ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും അവലോകനയോഗങ്ങൾ ചേരുകയും തുടർനടപടി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇപ്പോൾ നടന്നുവരുന്ന നിർമ്മാണ പ്രക്രിയകളിൽ സാങ്കേതിക തടസമുള്ളത് സ്പേസ് തിയേറ്റർ കെട്ടിടത്തിന്റെ മൈക്രോ കോൺക്രീറ്റിംഗ് സംബന്ധിച്ചാണ്. ഇതിനുപകരം സംവിധാനമൊരുക്കുന്ന വിഷയം സാങ്കേതിക കമ്മിറ്റിയുടേയും പി.എം.സി.-യായ ഹിന്ദുസ്ഥാൻ ലാറ്റക്സ്

ലിമിറ്റഡിന്റേയും പരിഗണനയിലാണ്.

(സി) നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം അധികൃതർ തയ്യാറാക്കിയിരിക്കുന്ന റിവൈസ്ഡ് ആക്ഷൻ പ്ലാനിന്റെ വിശദാംശങ്ങൾ നൽകുമോ?

ഇപ്പോൾ നടന്നുവരുന്ന, അടിസ്ഥാന സൗകര്യവികസന പദ്ധതികളായ ആന്തരിക റോഡുകളുടെ വികസനം, ജലസംഭരണിയുടെ നിർമ്മാണം, വൈദ്യുതീകരണം, മുൻവശ മതിൽ, പ്രവേശനനിർഗ്ഗമന കവാടങ്ങളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ 2022 മാർച്ച് മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് റിവൈസ്ഡ് ആക്ഷൻ പ്ലാൻ വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2021-22 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ സയൻസ് സിറ്റിക്ക് തുക ലഭ്യമാകാത്തതിനാൽ പ്രവൃത്തികൾ ആസൂത്രണം ചെയ്ത രീതിയിൽ പൂർത്തീകരിക്കാനായില്ല. പദ്ധതി വിഹിതം 2022 മേയ് മാസം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പദ്ധതി തുക ലഭ്യമാകുന്നമുറയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും.

(ഡി) കേരള സയൻസ് സിറ്റിയുടെ പൂർത്തീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന്

വ്യക്തമാക്കാമോ; അതിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

മുൻ സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതമായ 10.9 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. അതിൽ 6.93 കോടി രൂപ റിലീസ് ചെയ്തിട്ടുമുണ്ട്. നാളിതുവരെ 3.5 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിരുന്ന 50 കോടി രൂപ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

കോട്ടയം സയൻസ് സിറ്റി പദ്ധതിക്കായി കേന്ദ്ര സർക്കാർ 50 കോടി രൂപ ഉറപ്പുനൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സയൻസ് സെന്റർ സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാർ വിഹിതമായ 7.25 കോടി രൂപ കൂടി വിനിയോഗിച്ചാണ് കേന്ദ്ര സർക്കാർ സ്ഥാപനമായ ‘ നാഷണൽ കൗൺസിൽ ഫോർ സയൻസ് മ്യൂസിയം’ സയൻസ് സെന്ററിന്റെ നിർമ്മാണം നിർവ്വഹിച്ചത്.

(എഫ്) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ലഭിക്കുന്ന നേട്ടങ്ങൾ വിശദീകരിക്കാമോ?

സന്ദർശകരിൽ ശാസ്ത്ര അവബോധവും ശാസ്ത്ര അഭിരുചിയും വളർത്തിയെടുക്കുന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനമായാണ് സയൻസ് സിറ്റിയെ വിഭാവനം ചെയ്തിരിക്കുന്നത്. വിനോദത്തിലൂടെ വിജ്ഞാനമാർജ്ജിക്കാൻ ഉതകുന്ന തരത്തിലുള്ള ശാസ്ത്ര പ്രദർശനികൾ, പ്രപഞ്ചസത്യങ്ങൾ വെളിവാക്കുന്ന പ്ലാനറ്റോറിയം, വാനനിരീക്ഷണ സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് വിഭാവനം ചെയ്തിരിക്കുന്ന സയൻസ് സിറ്റി പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായിരിക്കും. കൂടാതെ ഇത്തരം സ്ഥാപനങ്ങൾ വിനോദസഞ്ചാര മേഖലയിലും പ്രധാന പങ്കുവഹിക്കുന്ന തരത്തിലുള്ളതാണ്.

## തുല്യതാ സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതിന് ഇടയായ സാഹചര്യം

141 (1707) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള കെ.ജി.ടി.ഇ.

സർട്ടിഫിക്കറ്റ് കോഴ്സ് (റെഗുലർ) പാസായി പ്രിന്റർ തസ്തികയിൽ ജോലി ചെയ്തുവരുന്ന അബ്ദുൽ കരീം എൻ. എന്നയാളുടെ തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച കെ3/183/2020/എച്ച്.ഇ.ഡി.എൻ. ഫയലിൽ തുല്യതാ സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ?

ഒരു വർഷം ദൈർഘ്യമുള്ള കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സും 6 മാസം മാത്രം ദൈർഘ്യമുള്ള കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് കോഴ്സും തത്തുല്യമായി പരിഗണിക്കുവാൻ സാധിക്കാത്തതിനാലാണ് ശ്രീ. അബ്ദുൽ കരീം എൻ. സമർപ്പിച്ച തുല്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നിരാകരിച്ചത്.

(ബി) പ്രസ്തുത ഫയലിലെ നോട്ടുകൾ, തീരുമാനങ്ങൾ എന്നിവ അടങ്ങിയ വിശദാംശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത ഫയലിലെ കുറിപ്പ് ഫയൽ [Note File]-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ**

142 (1708) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകളും സ്ഥാപനങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ 9 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലായി 65 കോഴ്സുകളും 20 എയ്ഡഡ് കോളേജുകളിലായി 177 കോഴ്സുകളും നിലവിലുണ്ട്. ഇതിൽ 17 കോളേജുകളിലായി 17 കോഴ്സുകൾ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സർക്കാർ അനുവദിച്ചതാണ്. മലപ്പുറം ജില്ലയിൽ പശ്ചാത്തല സൗകര്യം ഇപ്പോൾ ലഭ്യമല്ലാത്തതിനാലും രണ്ട് എയ്ഡഡ് കോളേജുകൾ നിലവിലുള്ളതിനാലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാലും പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

(ബി) മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് അസാപ് സ്കിൽ പാർക്കിൽ മണ്ഡലത്തിലെ വിദ്യാർത്ഥികൾക്കും പാണ്ടിക്കാട് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കും ഉപകരിക്കുന്ന കോഴ്സുകൾ സൗജന്യമായി പഠിക്കുന്നതിനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലാ ഭരണകൂടവും പട്ടികജാതി വികസന വകുപ്പുമായും സഹകരിച്ച് മഞ്ചേരി മണ്ഡലത്തിലെയും സമീപ പ്രദേശങ്ങളിലെയും പട്ടികജാതി വിഭാഗത്തിലുള്ള 150 വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിൽ സൗജന്യ പരിശീലനം അസാപ് ഈ വർഷം ഇതുവരെ നൽകിയിട്ടുണ്ട്. (അക്കൗണ്ട്സ് എക്സിക്യൂട്ടീവ്, പേയബിൾസ് & റിസീവബിൾസ് - 45, ജി.എസ്.ടി. അക്കൗണ്ട്സ് അസിസ്റ്റന്റ് യൂസിംഗ് ടാലി - 60, ക്രാഫ്റ്റ്ബേക്കർ - 20, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ് - 25). വിജയകരമായി കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തൊഴിൽ കണ്ടെത്തുവാനുള്ള സഹായങ്ങളും അസാപ് നൽകിയിട്ടുണ്ട്. കൂടാതെ, വിവിധ വകുപ്പുകളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വിവിധ സൗജന്യ പരിശീലന പരിപാടികൾ ഭാവിയിലും നടത്തുന്നതിനുള്ള നടപടികൾ അസാപ് സ്വീകരിച്ചുവരുന്നുണ്ട്.

(സി) മഞ്ചേരി പോളിടെക്നിക് കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിനായി പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള 11,50,00,000/- രൂപയുടെ

(പതിനൊന്ന് കോടി അൻപത് ലക്ഷം) പ്രൊപ്പോസൽ NABARD RIDF പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് 03-02-2018-ലെ ജി.ഒ.(പി)26/2018/ധന, ഉത്തരവുപ്രകാരമുള്ള എല്ലാ സർട്ടിഫിക്കറ്റുകളും പൊതുമരാമത്ത് വകുപ്പ് DSR 2018-പ്രകാരം പുതുക്കിയ എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കാൻ സർക്കാർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചാലക്കുടി പ്ലാനറ്റോറിയം കെട്ടിടത്തിലെ ചോർച്ച**

143 (1709) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ചാലക്കുടി മേഖലാ ശാസ്ത്ര

കേന്ദ്രത്തിന്റെ കെട്ടിടത്തിലെ ചോർച്ച പരിഹരിക്കുന്നതിനായുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു അഞ്ചംഗ സാങ്കേതിക സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി സ്ഥലം പരിശോധന നടത്തി ചില പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഇവയിൽ ഏറ്റവും ഉചിതമായ ഒരു നിർദ്ദേശം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനാ റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിൽ സ്വീകരിക്കാൻ 21-02-2022-ന് ചേർന്ന അവലോകന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണ പ്രവൃത്തിയിലുണ്ടായ പാളിച്ചകൾ പരിശോധിക്കാൻ സർക്കാരിന്റെതന്നെ പരിശോധനാ ഏജൻസിയായ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് ശിപാർശ ചെയ്യുകയും ഉണ്ടായി. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്കുശേഷം നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർപ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയൂ.

(ബി) ചോർച്ച പരിഹരിച്ച് പ്ലാനറ്റേറിയം പ്രവർത്തനക്ഷമമാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21-02-2022-ന് കൂടിയ അവലോകന യോഗത്തിലെ തീരുമാനങ്ങൾ വിശദീകരിക്കുമോ?

അവലോകന യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

1. സാങ്കേതിക സമിതിയുടെ നിർദ്ദേശപ്രകാരം ഹാബിറ്റാറ്റ് അംഗീകരിച്ച മാർഗ്ഗം ചോർച്ച തടയുന്നതിനായി നടപ്പിലാക്കുവാൻ തീരുമാനിച്ചു. ഇതുപ്രകാരം ഇപ്പോൾ അടർന്ന് മാറിയിരിക്കുന്ന സിമന്റ് പ്ലാസ്റ്ററിംഗ് കൊത്തി മാറ്റിയശേഷം പ്രത്യേക രീതിയിലുള്ള ബെൻഡിംഗ് മിശ്രിതം ചേർത്ത് പ്രതലം മിനുസപ്പെടുത്താനും അതിന് മുകളിൽ 4mm കനത്തിലുള്ള പാളി ' APP Membrane' മകുടത്തിന്റെ പ്രതലത്തോട് ചേർത്ത് ഒട്ടിച്ച് അതിന് മുകളിലായി പൂർണ്ണമായും ഒരു പാളി ' Shingles' പിടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇതിലൂടെ ചോർച്ചയില്ലാതാകുകയും മകുടത്തിന്റെ ആകൃതിക്ക് കോട്ടം വരാതിരിക്കുകയും ചെയ്യും.

2. ശാസ്ത്ര സാങ്കേതിക മ്യൂസിയം അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ ഇതുവരെയുള്ള നിർമ്മാണം സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന എത്രയുംവേഗം നടത്താൻ ശിപാർശ നൽകും.

3. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന കഴിഞ്ഞാൽ ഉടൻ തന്നെ മേൽനിർദ്ദേശ പ്രകാരമുള്ള ജോലി ഹാബിറ്റാറ്റ് ആരംഭിക്കേണ്ടതാണ്.

4. ഇതുസംബന്ധിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും 2022 മേയ് മാസത്തിൽത്തന്നെ

പ്ലാനറ്റോറിയം കെട്ടിടം പ്രവർത്തനസജ്ജമാക്കാനും ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടറെ ചുമതലപ്പെടുത്തി.

5. പ്ലാനറ്റോറിയം കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ ബിൽ മേൽ പ്രതിപാദിച്ച പ്രവൃത്തികൾ തീർത്തശേഷംമാത്രം തീർപ്പാക്കാൻ തീരുമാനിച്ചു.

6. കെട്ടിടത്തിന്റെ നിർമ്മാണത്തിലെ അളവുകൾ സംബന്ധിച്ച് എന്തെങ്കിലും തീർപ്പാക്കാനുണ്ടെങ്കിൽ ഇതിനായി മറ്റൊരു ഏജൻസിയുടെയോ അക്രെഡിറ്റഡ് ഏജൻസിയുടെയോ സേവനം ഉപയോഗിക്കാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകി.

(സി) പ്രസ്തുത തീരുമാനങ്ങളിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

പരിശോധനയ്ക്കായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നിർദ്ദേശം നല്കുകയും ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തുകയും ചെയ്തു. എന്നാൽ ചീഫ് ടെക്നിക്കൽ എക്സാമിനർ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) ചോർച്ച പരിഹരിച്ച് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ ഘടിപ്പിച്ച് പ്ലാനറ്റോറിയം എന്നത്തേയ്ക്ക് പൊതുജനങ്ങൾക്ക്

തുറന്നുകൊടുക്കുമെന്ന് വെളിപ്പെടുത്തുമോ?

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനാ റിപ്പോർട്ട് ലഭിച്ചശേഷം ആയതിന്റെ അടിസ്ഥാനത്തിൽ ചോർച്ച പരിഹരിച്ച് കഴിഞ്ഞാൽ മാത്രമേ പ്ലാനറ്റോറിയം ഉപകരണങ്ങൾ ഘടിപ്പിച്ച് പ്രവർത്തനസജ്ജമാക്കാൻ സാധിക്കുകയുള്ളൂ.

**ഹയർ സെക്കണ്ടറി പരീക്ഷ പാസ്സായവരുടെ ഉപരിപഠനം**

144 (1710) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ പ്ലസ് ടു പരീക്ഷ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും സംസ്ഥാനത്ത് തന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ്, മ്യൂസിക്, ഫിസിക്കൽ എഡ്യൂക്കേഷൻ, അറബിക് കോളേജുകളിൽ ഡിഗ്രി കോഴ്സുകൾക്കായി 84894 സീറ്റുകൾ നിലവിലുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ

സയൻസ് വിഷയങ്ങളിൽ പ്ലസ് ടു പാസായ വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകൾക്കായി 9 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും 3 എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലുമായി 5540 സീറ്റുകൾ നിലവിലുണ്ട്. കൂടാതെ KEAM പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ CEE നടത്തുന്ന പ്രവേശന പരീക്ഷ അടിസ്ഥാനമാക്കി ഉപരിപഠനത്തിന് അവസരമൊരുക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സർക്കാർ എയ്ഡഡ് മേഖലയിൽ 51 പോളിടെക്നിക് കോളേജുകളിലായി 12100 സീറ്റുകൾ നിലവിലുണ്ട്. കൂടാതെ, 4 സ്വാശ്രയ കോളേജുകളിലായി (CAPE) - 360 സീറ്റുകളും നിലവിലുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ എഞ്ചിനീയറിംഗ് കോളേജുകൾ (9 എണ്ണം), പോളിടെക്നിക് കോളേജുകൾ (8 എണ്ണം), അപ്ലൈഡ് സയൻസ് കോളേജുകൾ (45 എണ്ണം) എന്നിങ്ങനെ 62 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ലൈബ്രറി സയൻസ്, ഡി.സി.എ. തുടങ്ങിയ വിവിധ ഹ്രസ്വകാല കോഴ്സുകളും പ്രസ്തുത സ്ഥാപനങ്ങളിലും ഐ.എച്ച്.ആർ.ഡി.-യുടെ മറ്റ് (Technical Higher Secondary School, Extension Centre, Study Centre, Regional Centre, Model Finishing School) 25 അനുബന്ധ സ്ഥാപനങ്ങളിലുമായി

നടത്തുന്നുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 17 കോഴ്സുകളും 1552 സീറ്റുകളുമുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ഗവൺമെന്റ് ലോ കോളേജുകളിൽ എൽ.എൽ.ബി. കോഴ്സിലേയ്ക്കായി (3 വർഷം, 5 വർഷം) 858 സീറ്റുകളുണ്ട്.

(ബി) മലപ്പുറം ജില്ലയിൽനിന്ന് ഹയർ സെക്കണ്ടറി പരീക്ഷ പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും മലപ്പുറം ജില്ലയിൽതന്നെ ഉപരിപഠത്തിന് അവസരം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ്, മ്യൂസിക്, ഫിസിക്കൽ എഡ്യൂക്കേഷൻ, അറബിക് കോളേജുകളിൽ ഡിഗ്രി കോഴ്സുകൾക്കായി 6592 സീറ്റുകളുണ്ട്. ജില്ലയിലെ പോളിടെക്നിക് കോളേജുകളിൽ ത്രിവൽസര ഡിപ്ലോമ കോഴ്സുകളിൽ ഉപരിപഠനത്തിന് അവസരമുണ്ട്. പോളിടെക്നിക് കോളേജുകളിൽ മൊത്തം അംഗീകാരമുള്ള സീറ്റിന്റെ 10% അധിക സീറ്റുകളിലേയ്ക്കും പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ലാറ്ററൽ എൻട്രിവഴി ഡിപ്ലോമ കോഴ്സിലെ രണ്ടാം വർഷത്തിലേയ്ക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ജില്ലയിൽ ലാറ്ററൽ എൻട്രിവഴി ഡിപ്ലോമ

കോഴ്സിന് രണ്ടാം വർഷത്തിലേയ്ക്ക് പ്രവേശനം നൽകുന്നുണ്ട്.

(സി) പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി മലപ്പുറം ജില്ലയിൽ സയൻസ്, ആർട്സ്, ഹ്യുമാനിറ്റീസ് തുടങ്ങി വിവിധ കോഴ്സുകളിൽ എത്രവീതം സീറ്റുകൾ സർക്കാർ, സർക്കാർ എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിൽ നിലവിലുണ്ടെന്ന് തരംതിരിച്ച് വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ്, അറബിക് കോളേജുകളിലെ ഡിഗ്രി കോഴ്സുകളുടെയും സീറ്റുകളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.+

## ആർട്സ് & സയൻസ് കോളേജുകളിലെ സായാഹ്ന കോഴ്സുകൾ

145 (1711) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ സായാഹ്ന കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദൂര, പ്രൈവറ്റ് വിദ്യാഭ്യാസ സംവിധാനം

146 (1712) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, എം.ജി, കണ്ണൂർ, കാലിക്കറ്റ് സർവകലാശാലകളിൽ നിലവിലുള്ള വിദൂര, പ്രൈവറ്റ് വിദ്യാഭ്യാസ സംവിധാനം ഈ വർഷം തുടരാനാവില്ല എന്ന് സർക്കാർ യൂണിവേഴ്സിറ്റികളോട് നിർദേശിച്ചിട്ടുണ്ടോ;

(ബി) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഈ വർഷം കോഴ്സുകൾ ആരംഭിക്കുമോ; പ്രസ്തുത യൂണിവേഴ്സിറ്റിയിലെ കോഴ്സുകൾക്ക് യു.ജി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ കോഴ്സുകൾക്ക് യു.ജി.സി.യുടെ അംഗീകാരം ലഭിക്കാതിരിക്കുകയും വിദൂര വിദ്യാഭ്യാസവും പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകൾ നടത്തുന്നതിനുള്ള അനുമതിയും വൈകിയതിനാൽ മുൻവർഷം വിദൂര വിദ്യാഭ്യാസ മേഖലയിൽ പഠനം നടത്തേണ്ട കുട്ടികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ഗൗരവപൂർവം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ-സി) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021-ൽ തന്നെ യു.ജി.സി. ആക്ട് 1956, സെക്ഷൻ 2(f) ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗ് രീതികളിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി യു.ജി.സി.-യിൽ നിന്നും ലഭിച്ചിട്ടുണ്ട്. (Order F No.9-17/2020(CPP-I/PU), dated 07.05.2021). 12 യു.ജി. കോഴ്സുകളും 5 പി.ജി. കോഴ്സുകളും ഈ വർഷം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം യു.ജി.സി. അനുമതി ആവശ്യമായതിനാൽ ഇതിനുവേണ്ട രേഖകൾ മുഴുവനും യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയ്ക്ക് (DEB) സമർപ്പിച്ചിട്ടുണ്ട്. യു.ജി.സി.-യുടെ അനുമതി ഈ അക്കാദമിക വർഷം മുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. യു.ജി.സി. അനുമതി കിട്ടിയാൽ 2022-23 അക്കാദമിക വർഷം ഈ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്താൻ കഴിയും. മേൽ സാഹചര്യത്തിലാണ് സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്താൻ പാടുള്ളതല്ലായെന്ന് സർക്കുലർ മുഖേന സർവ്വകലാശാലകളെ അറിയിച്ചത്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി.സി.-യുടെ DEB-യിൽനിന്നും 2022-23 അദ്ധ്യയന വർഷം മുതൽ

വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ലെങ്കിൽ ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ്. 2021-22 അദ്ധ്യയന വർഷം ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കാതെവന്ന സാഹചര്യത്തിൽ പഠിതാക്കൾക്ക് ബുദ്ധിമുട്ടുണ്ടാകാതെയിരിക്കാൻ മറ്റ് സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസത്തിലൂടെ കോഴ്സുകൾ നടത്താൻ സർക്കാർ അനുമതി നൽകിയിരുന്നു.

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ ഓപ്പൺ യൂണിവേഴ്സിറ്റികളിലും സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിലും വിദൂര വിദ്യാഭ്യാസം തുടരുന്ന മാതൃക സംസ്ഥാനത്ത് അനുവർത്തിക്കുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നിലവിൽ പരിഗണനയിലില്ല.

**കേരള സർവ്വകലാശാലയിൽ നാക് അക്രെഡിറ്റേഷൻ**

147 (1713) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് വിവിധ നിർമ്മാണേതര പ്രവർത്തനങ്ങൾക്കും ചെലവുകൾക്കുമായി ആകെ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ഇനത്തിലും എത്ര തുക വീതം വകയിരുത്തിയെന്ന് വ്യക്തമാക്കാമോ; വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ആകെ എത്ര തുകയാണ് വകയിരുത്തിയത്?

(എ&ബി) നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് വിവിധ നിർമ്മാണേതര പ്രവർത്തനങ്ങൾക്കും ചെലവുകൾക്കുമായി 2021-2022 സാമ്പത്തിക വർഷത്തിലും 2022-2023 സാമ്പത്തിക വർഷത്തിലും 50,00,000/- (അൻപത് ലക്ഷം) രൂപ വീതം യൂണിവേഴ്സിറ്റി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 1,50,00,000/- (ഒന്നര കോടി) രൂപയും 2022-2023 സാമ്പത്തിക വർഷത്തിൽ 2,50,00,000/- (രണ്ടര കോടി) രൂപയും യൂണിവേഴ്സിറ്റി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ചെലവുകൾ ഏത് ഫണ്ടിൽനിന്നും കണ്ടെത്തുന്നുവെന്നും

വ്യക്തമാക്കാമോ?

നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ യൂണിവേഴ്സിറ്റിയുടെ തനത് ഫണ്ടിൽനിന്നും കണ്ടെത്തുന്നു.

**ഓൺലൈൻ ബിരുദ - ബിരുദാനന്തര കോഴ്സുകൾ നടത്താൻ അനുമതി**

148 (1714) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്താനായി നാളിതുവരെ എത്ര യൂണിവേഴ്സിറ്റികൾക്ക് യു.ജി.സി. അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികൾക്ക് അനുമതി ലഭ്യമായിയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്താനായി മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് യു.ജി.സി.-യുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികൾക്കും ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്താനായി അനുമതി നേടിയെടുക്കുന്ന

നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്ത് ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; കൂടുതൽ വിദ്യാർത്ഥികളെ ഇതിന്റെ ഭാഗമാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് ഓൺലൈനായി നടത്തുന്നതിന് അനുമതി ലഭിച്ച 13 പ്രോഗ്രാമുകളിൽ എം.കോം. പ്രോഗ്രാം മാത്രമാണ് നിലവിൽ ആരംഭിച്ചിട്ടുള്ളത്. ജനവരി 2022 അക്കാഡമിക് സെക്ഷനിലേയ്ക്ക് പ്രവേശനം സ്വീകരിച്ച് പഠനം നടത്തിവരുന്നത് 32 വിദ്യാർത്ഥികളാണ്.

**സർവ്വകലാശാലകളിലെ പ്രൈവറ്റ് രജിസ്ട്രേഷൻ**

149 (1715) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. അംഗീകാരം ലഭിക്കുന്നപക്ഷം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പ്രൈവറ്റ് രജിസ്ട്രേഷൻ പൂർണ്ണമായും നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

വിശദാംശങ്ങൾ നൽകാമോ?

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട്, വകുപ്പ് 47(2)-ൽ കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ അധികാര പരിധിയിലായിരുന്ന വിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ അങ്ങനെയുള്ള സർവ്വകലാശാലകളിൽനിന്നും മാറ്റിയും ഒഴിവാക്കിയും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമാക്കിയും അധികാര പരിധിയിൽ കൊണ്ടുവരേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഇപ്രകാരം പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുമ്പോൾ പാരലൽ കോളേജ് മേഖലയുടെ ഭാവി പൂർണ്ണമായും ഇല്ലാതാകുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

യു.ജി.സി.-യുടെ നിലവിലെ മാനദണ്ഡപ്രകാരം റെഗുലർ അല്ലാത്ത വിദ്യാഭ്യാസം വിദൂരവിദ്യാഭ്യാസമെന്ന വിഭാഗത്തിലാണ് പെടുത്തിയിരിക്കുന്നത്.

(സി) പാരലൽ കോളേജ് മേഖല ഇല്ലാതാക്കുന്നത് സ്വകാര്യ കോളേജുകളെ സംരക്ഷിക്കാനാണെന്ന ആക്ഷേപം സംബന്ധിച്ച് നിലപാട്

അറിയിക്കാമോ?

സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് എന്ന് 3 വിഭാഗങ്ങളാണ് നിലവിലുള്ളത്.

## വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം

150 (1716) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ 2012 മുതൽ 2022 വരെയുള്ള കാലയളവിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം, ട്യൂഷൻ ഫീ ഇനത്തിൽ വിദ്യാർത്ഥികളിൽനിന്ന് പിരിച്ചെടുത്ത തുകയുടെ കണക്ക് എന്നിവ ലഭ്യമാക്കാമോ?

കേരള, കണ്ണൂർ സർവ്വകലാശാലകളിൽ 2012 മുതൽ 2022 വരെയുള്ള കാലയളവിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം, ട്യൂഷൻ ഫീ ഇനത്തിൽ വിദ്യാർത്ഥികളിൽനിന്ന് പിരിച്ചെടുത്ത തുകയുടെ കണക്ക് എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫ് കാമ്പസ് സെന്ററുകളിൽ 2012-13, 2013-14, 2014-15 വർഷങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ ആകെ എണ്ണം 22835 ആണ്. സർവ്വകലാശാലയുടെ ഓഫ് കാമ്പസ് സെന്ററുകളിൽനിന്നുമുള്ള ആകെ വരുമാനം 2012-13 വർഷം INR 7 കോടി രൂപയ്ക്കും 8 കോടി രൂപയ്ക്കും ഇടയിലും 2013-14 വർഷം INR 8 കോടി രൂപയ്ക്കും 9 കോടി രൂപയ്ക്കും ഇടയിലും 2014-15 വർഷം INR 7 കോടി രൂപയ്ക്കും 8 കോടി രൂപയ്ക്കും ഇടയിലുമായിരുന്നു. 2015 മുതൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന് കീഴിൽ പ്രവേശനം നടത്തിയിട്ടില്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ 2012 മുതൽ 2022 വരെയുള്ള കാലയളവിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം 446905 ആണ്. ടി കാലയളവിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽനിന്ന് ട്യൂഷൻ ഫീ ഇനത്തിൽ പിരിച്ചെടുത്ത തുക - 83,15,61,216/- രൂപ.

(ബി) കേരളത്തിലെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരീക്ഷ നടത്തിപ്പിലും ഫല പ്രഖ്യാപനത്തിലുമുള്ള കാലതാമസം,

പഠനോപകരണങ്ങൾ നൽകുന്നതിലെ കൃത്യതയില്ലായ്മ, സമ്പർക്ക ക്ലാസുകളുടെ നിലവാരമില്ലായ്മ എന്നതാണോ വിദ്യാർത്ഥികളുടെ എണ്ണക്കുറവിന് കാരണമായി കാണുന്നതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ എന്താണ് കാരണമെന്ന് അറിയിക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയും യു.ജി.സി. വിദൂര വിദ്യാഭ്യാസ വിഭാഗംവഴി പ്രവേശന നടപടികൾ ആരംഭിച്ചത് നവംബർ മാസത്തിലായിരുന്നുയെന്നതും 2021-22-ൽ വിദ്യാർത്ഥികളുടെ എണ്ണക്കുറവിന് കാരണമായിട്ടുണ്ട്.

(ഡി) അടിസ്ഥാന യോഗ്യതയില്ലാത്ത 18 വയസ്സ് തികഞ്ഞവർക്ക് പ്രവേശന പരീക്ഷ നടത്തി ഡിഗ്രി പഠനത്തിന് പ്രവേശനം നൽകാമെന്ന വ്യവസ്ഥ യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ മാറ്റം വരുത്തിയിട്ടുണ്ടോ?

2021-22 വർഷത്തിൽ യു.ജി.സി. പ്രവേശന വിജ്ഞാപനങ്ങളിൽ ഓപ്പൺ ഡിഗ്രിയെപ്പറ്റി പരാമർശമുണ്ടായിട്ടില്ല. നിലവിലെ യു.ജി.സി. റെഗുലേഷൻസിൽ വിദൂര വിദ്യാഭ്യാസ വിഭാഗം പഠനത്തിനും റെഗുലർ പഠനത്തിനും ഒരേ പ്രവേശന യോഗ്യതയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഇ) കാലിക്കറ്റ് സർവ്വകലാശാല മുൻകാലങ്ങളിൽ നടത്തിയിരുന്ന ഓപ്പൺ ഡിഗ്രി പ്രോഗ്രാമിന് 2019-നശേഷം പ്രവേശനം നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ; 2022-23 അദ്ധ്യയന വർഷത്തിൽ ഓപ്പൺ ഡിഗ്രി പ്രോഗ്രാമുകൾക്ക് പ്രവേശനം നൽകാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2020-21 വർഷത്തിൽ കാലിക്കറ്റ് സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് യു.ജി.സി. അംഗീകാരം ഉണ്ടായിരുന്നില്ല എന്നതിനാലാണ് ആ വർഷം ഓപ്പൺ ഡിഗ്രി കോഴ്സ് നടത്താതിരുന്നത്. 2021-22 വർഷത്തിൽ യു.ജി.സി. പ്രവേശന വിജ്ഞാപനത്തിൽ ഓപ്പൺ ഡിഗ്രിയെപ്പറ്റി പരാമർശം ഉണ്ടായിട്ടില്ല. നിലവിലെ യു.ജി.സി. റെഗുലേഷൻസിൽ വിദൂര വിദ്യാഭ്യാസ വിഭാഗം പഠനത്തിനും റെഗുലർ പഠനത്തിനും ഒരേ പ്രവേശന യോഗ്യത ആയിരിക്കണമെന്ന് നിഷ്കർഷയുമുണ്ട് എന്നതിനാൽ കാലിക്കറ്റ് സർവ്വകലാശാല 2021-22 വർഷം ഓപ്പൺ ഡിഗ്രി കോഴ്സ് നടത്തുന്നതിൽ യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽനിന്ന് വ്യക്തത തേടിയെങ്കിലും മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിലാണ് 2021-22 വർഷം കാലിക്കറ്റ് സർവ്വകലാശാല ഓപ്പൺ ഡിഗ്രി കോഴ്സ് നടത്താതിരുന്നത്.

## കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ

151 (1717) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകളിൽ നിലവിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയും വിദൂര വിദ്യാഭ്യാസ പദ്ധതി പ്രകാരവും പഠനം നടത്തിക്കൊണ്ടിരുന്ന വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകളിൽ നിലവിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയും വിദൂര വിദ്യാഭ്യാസ പദ്ധതി പ്രകാരവും പഠനം നടത്തിക്കൊണ്ടിരുന്ന വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മതിയായ ബിരുദ-ബിരുദാനന്തര പഠന സൗകര്യങ്ങൾ ലഭ്യമല്ലാത്ത സംസ്ഥാനത്ത്, പ്രത്യേകിച്ച് വടക്കൻ കേരളത്തിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർത്ഥികൾക്ക്, പ്രൈവറ്റ് രജിസ്ട്രേഷനും വിദൂര വിദ്യാഭ്യാസ പദ്ധതിയും വലിയതോതിൽ ഗുണം ചെയ്യുകയും സർവ്വകലാശാലകൾക്ക് സാമ്പത്തിക നേട്ടവും പ്രദാനം ചെയ്തിരുന്നതായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തും ഇതര സംസ്ഥാനങ്ങളിലും അന്തർദേശീയ തലത്തിലുമുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അടിസ്ഥാനമാക്കി വിവിധ പഠന കോഴ്സുകൾ തയ്യാറാക്കി വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ആധുനിക സാങ്കേതിക ശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പ്രായഭേദമന്യേ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ ആയ ആളുകൾക്ക് അവയിൽ ബോധനം നൽകുകയും പരീക്ഷയും മൂല്യനിർണ്ണയവും നടത്തി സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണ ബിരുദം അല്ലെങ്കിൽ മറ്റ് അക്കാദമിക ബഹുമതി എന്നിവ നൽകുകയും ചെയ്യുക, അതുവഴി പൊതുസമൂഹത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക, സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും വിവിധ മേഖലകളിലുള്ള വിഷയങ്ങളിൽ പഠനം നടത്തി അറിവ് നേടാനായി അവസരമൊരുക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല സ്ഥാപിതമായിട്ടുള്ളതാണ്. 2021-ലെ

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട്, വകുപ്പ് 47(2)-ൽ കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ അധികാര പരിധിയിലായിരുന്ന വിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ അങ്ങനെയുള്ള സർവ്വകലാശാലകളിൽനിന്നും മാറ്റിയും ഒഴിവാക്കിയും ഈ യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമാക്കിയും അധികാര പരിധിയിൽ കൊണ്ടുവരേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കേരള, കാലിക്കറ്റ് സർവ്വകലാശാലകളുടെ വിദൂരവിദ്യാഭ്യാസ കോഴ്സുകൾക്ക് യു.ജി.സി. 2021-22 മുതൽ അഞ്ചുവർഷത്തേയ്ക്ക് ഒരുമിച്ച് അംഗീകാരം നൽകിയിട്ടുണ്ടോ?

കേരള, കാലിക്കറ്റ് സർവ്വകലാശാലകളുടെ വിദൂരവിദ്യാഭ്യാസ കോഴ്സുകൾക്ക് 2025-26 വരെ യു.ജി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) നിലവിൽ കണ്ണൂർ, മഹാത്മാഗാന്ധി സർവ്വകലാശാലകളുടെ പ്രൈവറ്റ് രജിസ്ട്രേഷനും സംസ്ഥാനത്തെ ഇതര സർവ്വകലാശാലകൾ നടത്തുന്ന വിദൂരവിദ്യാഭ്യാസ പദ്ധതിയും തുടരുന്നതിന് പ്രത്യേക വിജ്ഞാപനംവഴി സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി.സി.-യുടെ DEB-ൽനിന്നും 2022-23 അദ്ധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

152 (1718) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിലവിൽവരുന്നതോടെ കേരള/കാലിക്കറ്റ്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ നടത്തരുതെന്ന ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥ കേരളത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ കോഴ്സുകൾ ആരംഭിക്കുന്നതോടെ കേരളത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസ

പുരോഗതിക്കുള്ള സാധ്യത വർദ്ധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(ബി) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കോഴ്സുകൾ നടത്താനുള്ള യു.ജി.സി.-യുടെ അംഗീകാരം ഇനിയും ലഭിച്ചിട്ടില്ല എന്നതിനാൽ കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമാകുന്ന ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ ചട്ടം 47 (2) ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021-ൽത്തന്നെ 2(f)-ലുൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗ് രീതികളിലൂടെ (ODL) പ്രവർത്തിക്കുവാനുള്ള അനുമതി UGC-യിൽനിന്നും ലഭിച്ചിട്ടുണ്ട്. (Order F No.9-17/2020 (CPP-1/PU)). 12 UG കോഴ്സുകളും 5 PG കോഴ്സുകളും ഈ വർഷം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം UGC അനുമതി ആവശ്യമാണ്. ഇതിനുവേണ്ട രേഖകൾ മുഴുവൻ UGC-ക്ക് സമർപ്പിച്ചിട്ടുണ്ട്. UGC അനുമതി ലഭിച്ചാൽ 2022-23 അക്കാദമിക വർഷം ഈ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്താൻ കഴിയും.

(സി) കേരളത്തിൽ സ്വകാര്യ മേഖലയിൽ സർവ്വകലാശാലകൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ശ്രീനാരായണഗുരു

ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ ചട്ടം 47 (2) അത്തരം സർവ്വകലാശാലകൾക്കും ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കേരളത്തിൽ സ്വകാര്യ മേഖലയിൽ സർവ്വകലാശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല.

**കേരളത്തിലെ സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പിലെ പോരായ്മ**

153 (1719) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പിലെ പോരായ്മകളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടുത്തിടെ കേരളത്തിലെ ഏതെല്ലാം സർവ്വകലാശാലകളിലെ ഏതെല്ലാം പരീക്ഷകളുടെ മുൻവർഷത്തെ ചോദ്യപേപ്പറാണ് ആവർത്തിച്ചതെന്ന് അറിയിക്കുമോ; ഇതിൽ എന്തെല്ലാം നടപടികളാണ് സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുള്ളത്?

കേരള സർവ്വകലാശാല 2022 ഏപ്രിൽ മാസം നടത്തിയ BA (CBCSS

& CR) ആറാം സെമസ്റ്റർ ഇംഗ്ലീഷ് പരീക്ഷയിലെ Methodology & Perspectives of Humanities എന്ന വിഷയത്തിലെ ചോദ്യപേപ്പർ ആവർത്തിച്ചിട്ടുണ്ട്. പ്രസ്തുത പരീക്ഷ ഉടൻതന്നെ റദ്ദ് ചെയ്യുകയും പുനഃപരീക്ഷ നടത്തുകയും ചെയ്തു. കൂടാതെ, ചോദ്യപേപ്പർ തയ്യാറാക്കിയ അദ്ധ്യാപകനെ സ്ഥിരമായി സർവ്വകലാശാലയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്ന ജോലിയിൽനിന്നും ഡീബാർ ചെയ്യുകയും പുനഃപരീക്ഷ നടത്തിയതിൽ ചെലവായ 55,000/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ 04-03-2022-ന് നടന്ന ഏപ്രിൽ 2021 രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (CBCSS 2019 Admn) കോമൺ കോഴ്സ് ഇംഗ്ലീഷ് ENG2A03 Writing for Academic and Professional Success (QP Code - C 4332) പരീക്ഷയുടെ ചോദ്യപേപ്പർ ആവർത്തിച്ചിട്ടുണ്ട്. ചോദ്യപേപ്പർ തയ്യാറാക്കിയ അദ്ധ്യാപകരിൽനിന്നും വിശദീകരണം തേടുന്നതിനും ടി ചോദ്യപേപ്പർ തയ്യാറാക്കിയ അദ്ധ്യാപകനെ ചോദ്യപേപ്പർ തയ്യാറാക്കുന്ന അദ്ധ്യാപകരുടെ പാനലിൽനിന്നും ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ B.Sc. Psychology (2019 Syllabus - നവംബർ 2021 സെഷൻ) പരീക്ഷയുടെ

1. 3B05PSY : PSYCHOLOGY OF INDIVIDUAL DIFFERENCES

2. 3C03PSY : NEUROBIOLOGICAL PERSPECTIVE

എന്നീ കോഴ്സുകളുടെയും നാലാം സെമസ്റ്റർ MSc. Mathematics (under CBCSS 2017 Syllabus മെയ് 2022 സെഷൻ) പരീക്ഷയുടെ MAT4E02 : FOURIER AND WAVELET ANALYSIS എന്ന കോഴ്സിന്റേയും ചോദ്യക്കടലാസുകൾ മുൻതവണത്തേത് അതേപടി ആവർത്തിച്ചതിനാൽ മേൽ UG കോഴ്സുകളുടെ പരീക്ഷകൾ മാറ്റി നടത്തിയിട്ടുണ്ട്. മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷയുടെയും (നവംബർ 2021 സെഷൻ) നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷയുടെയും (മെയ് 2022 സെഷൻ) മറ്റ് പ്രോഗ്രാമുകളുടെ ഫലങ്ങളോടൊപ്പം തന്നെ ടി പ്രോഗ്രാമുകളുടെയും ഫലങ്ങൾ പ്രഖ്യാപിക്കാനുള്ള നടപടികൾ സർവ്വകലാശാലയെടുത്തിട്ടുണ്ട്. ഭാവിയിൽ ചോദ്യപേപ്പർ ആവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി 2020 പ്രവേശനം മുതൽ സർവ്വകലാശാല പഠനവകുപ്പുകളിൽ നടപ്പിലാക്കിയ ചോദ്യബാങ്ക്, ഓട്ടോമേറ്റഡ് ചോദ്യപേപ്പർ ജനറേഷൻ & ഓൺലൈൻ ട്രാൻസ്മിഷൻ സംവിധാനം കോളേജ് തലത്തിൽക്കൂടി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാലിക്കറ്റ് സർവ്വകലാശാലയിൽ 2019 ബാച്ചിൽ അഡ്മിഷൻ

നേടിയ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ബി.എ./ബി.കോം./ ബി.എസ്.സി. പരീക്ഷകളുടെ എത്ര ഉത്തരക്കടലാസുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്; ഉത്തരക്കടലാസ് നഷ്ടപ്പെടാൻ കാരണക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കാലിക്കറ്റ് സർവ്വകലാശാലയിൽ 2019 ബാച്ചിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ബി.എ./ബി.കോം./ബി.എസ്.സി. പരീക്ഷകളുടെ 122 ഉത്തരക്കടലാസുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. പ്രസ്തുത വിഷയങ്ങളടങ്ങുന്ന കാര്യങ്ങൾ അന്വേഷിക്കുന്നതിന് സിൻഡിക്കേറ്റ് അഞ്ചംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അന്വേഷണം നടത്തിവരികയാണ്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി അതിനനുസൃതമായി സ്വീകരിക്കുന്നതാണ്.

(ഡി) ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികളുടെ പുനഃപരീക്ഷ നടന്നിട്ടുണ്ടോ; പുനഃപരീക്ഷയുടെ ഫലം വിദ്യാർത്ഥികളുടെ തുടർപഠനം തടസ്സപ്പെടുത്താത്ത രീതിയിൽ പ്രസിദ്ധീകരിക്കാൻ സാധിക്കുമോ?

ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് 2022 ജൂൺ മാസം 27, 28 തീയതികളിൽ പുനഃപരീക്ഷ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.

ഫലപ്രഖ്യാപനം തുടർ പഠനത്തെ ബാധിക്കാതെ നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## ദി യൂണിവേഴ്സിറ്റി ലോസ് ആക്ട്, 2014

154 (1720) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദി യൂണിവേഴ്സിറ്റി ലോസ് (സെക്കന്റ് അമന്റ്മെന്റ്) ആക്ട്, 2014 നിലവിൽ വന്നത് എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ദി യൂണിവേഴ്സിറ്റി ലോസ് (സെക്കന്റ് അമെന്റ്മെന്റ്) ആക്ട്, 2014-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. +

(സി) കേരളത്തിലെ ഏതെല്ലാം സർവ്വകലാശാലകളിൽ പ്രസ്തുത നിയമത്തിലെ ചട്ടങ്ങൾ പ്രകാരം അദ്ധ്യാപക നിയമനം നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ?

കേരള, മഹാത്മാഗാന്ധി, ശ്രീശങ്കരാചാര്യ സംസ്കൃത, നുവാൽസ് എന്നീ സർവ്വകലാശാലകളിൽ നടന്നിട്ടുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) പ്രസ്തുത നിയമം റദ്ദാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല**

155 (1721) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ ബിരുദ ബിരുദാനന്തര ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിന് യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ സർവകലാശാലകളിൽ നിലവിലുള്ള വിദൂര, പ്രൈവറ്റ് വിദ്യാഭ്യാസ സംവിധാനം തടഞ്ഞുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ?

(എ&ബി) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021-ൽ തന്നെ യു.ജി.സി. ആക്ട് 1956, സെക്ഷൻ 2(f)-ൽ ഉൾപ്പെടുത്തി ഓപ്പൺ

ഡിസ്റ്റൻസ് ലേർണിംഗ് രീതികളിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി യു.ജി.സി.-യിൽനിന്നും ലഭിച്ചിട്ടുണ്ട്. (Order F No.9-17/2020(CPP-I/PU), dated 07-05-2021). 12 യു.ജി. കോഴ്സുകളും 5 പി.ജി. കോഴ്സുകളും ഈ വർഷം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം യു.ജി.സി. അനുമതി ആവശ്യമായതിനാൽ ഇതിനുവേണ്ട രേഖകൾ മുഴുവനും യു.ജി.സി-ക്ക് സമർപ്പിച്ചിട്ടുണ്ട്. യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ഈ അക്കാദമിക വർഷം മുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. യു.ജി.സി. അനുമതി ലഭിച്ചാൽ 2022-23 അക്കാദമിക വർഷം ഈ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്താൻ കഴിയും. മേൽ സാഹചര്യത്തിലാണ് സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്താൻ പാടുള്ളതല്ലെന്ന് സർക്കുലർ മുഖേന സർവ്വകലാശാലകളെ അറിയിച്ചത്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി.സി.-യുടെ DEB-ൽനിന്നും 2022-23 അദ്ധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ്

സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ്.

## ബിരുദ ബിരുദാനന്തരം കോഴ്സകളിലേയ്ക്കുള്ള പ്രവേശനം

156 (1722) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, കാലിക്കറ്റ്, കണ്ണൂർ, മഹാത്മാഗാന്ധി സർവ്വകലാശാലകളിൽ 2021-22 അദ്ധ്യയന വർഷത്തിൽ സർക്കാർ, സർക്കാർ-എയ്ഡഡ്, സ്വാശ്രയ മേഖലകളിലെ കോളേജുകളിൽ യു.ജി., പി.ജി. കോഴ്സകൾക്ക് മാർജിനൽ വർദ്ധനവ് ഉൾപ്പെടെ ആകെ എത്ര സീറ്റുകൾ അനുവദിച്ചിരുന്നുവെന്നും ഓരോ വിഭാഗത്തിലും എത്ര സീറ്റുകൾ ഒഴിവുണ്ടായിയെന്നും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കേരളത്തിൽ ഓരോ സർവ്വകലാശാലകളിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, സർക്കാർ എയ്ഡഡ്, സ്വാശ്രയ കോളേജുകളുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കാമോ?

**കേരള സർവ്വകലാശാല**

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

1. സർക്കാർ കോളേജുകൾ - 19

2. എയ്ഡഡ് കോളേജുകൾ - 48

3. സെൽഫ് ഫിനാൻസിംഗ് - 120

**എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല**

1. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ - 9

2. എയ്ഡഡ് കോളേജുകൾ - 3

3. ഗവൺമെന്റ് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ - 24

4. സെൻട്രൽ ഗവൺമെന്റ് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ - 2

5. സെൽഫ് ഫിനാൻസിംഗ് കോളേജുകൾ – 107

**മഹാത്മാഗാന്ധി സർവ്വകലാശാല**

1. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 10

2. എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - 51

3. സെൽഫ് ഫിനാൻസിംഗ് ആർട്സ് ആൻഡ് സയൻസ്/ മാനേജ്മെന്റ്/ ആർക്കിടെക്ചർ കോളേജുകൾ - 142

4. ഗവ. ലോ കോളേജ് - 1

5. എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ – 7

6. സെൽഫ് ഫിനാൻസിംഗ് ലോ കോളേജ് - 6

7. സെൽഫ് ഫിനാൻസിംഗ് ട്രെയിനിംഗ് കോളേജ് - 42

**കണ്ണൂർ സർവ്വകലാശാല**

1. സർക്കാർ കോളേജുകൾ - 11

2. എയ്ഡഡ് കോളേജുകൾ - 17

3. സെൽഫ് ഫിനാൻസിംഗ് - 80

**കാലിക്കറ്റ് സർവ്വകലാശാല**

1. സർക്കാർ കോളേജുകൾ - 41

2. എയ്ഡഡ് കോളേജുകൾ - 60

3. സെൽഫ് ഫിനാൻസിംഗ് - 305

(സി) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ കോളേജുകൾ കൂടുതലായി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സ്വാശ്രയ കോളേജുകൾ സ്ഥാപിക്കുന്നതിനായി നിരാക്ഷേപപത്രം ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകൾ

പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ?

(സി&ഡി) എം.ജി. സർവ്വകലാശാലയ്ക്ക് കീഴിൽ 9 പുതിയ സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകളും കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ കീഴിൽ ഓരോ പുതിയ സ്വാശ്രയ കോളേജുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകളും സർക്കാരിന്റെ പരിഗണനയിലുണ്ട്.

## കേരളത്തിലെ സർവ്വകലാശാലകളിലെ വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾ

157 (1723) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ പ്രോഗ്രാമുകൾക്ക് യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ 2022-23 അധ്യയന വർഷത്തേയ്ക്ക് അനുമതി ലഭിക്കാൻ സാധ്യതയുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021-ൽത്തന്നെ യു.ജി.സി. ആക്ട് 1956, സെക്ഷൻ 2(f)-ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗ് രീതികളിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി

യു.ജി.സി.-യിൽനിന്നും ലഭിച്ചിട്ടുണ്ട്. (Order F No.9-17/2020(CPP-I/PU), dated 07-05-2021). ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം യു.ജി.സി. അനുമതി ആവശ്യമായതിനാൽ ഇതിനുവേണ്ട രേഖകൾ മുഴുവനും യു.ജി.സി-ക്ക് സമർപ്പിച്ചിട്ടുണ്ട്. യു.ജി.സി-യുടെ അനുമതി ഈ അക്കാദമിക വർഷം മുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. യു.ജി.സി. അനുമതി കിട്ടിയാൽ 2022-23 അക്കാദമിക വർഷം ഈ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്താൻ കഴിയും.

(ബി) നിലവിൽ കേരളത്തിലെ ഏതെല്ലാം യൂണിവേഴ്സിറ്റികൾക്ക് ഏതെല്ലാം പ്രോഗ്രാമുകളാണ് വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്താൻ അനുമതിയുള്ളത്?

കേരള, കാലിക്കറ്റ് എന്നീ സർവ്വകലാശാലകളിൽ അനുമതിയുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുള്ള സർവ്വകലാശാലയ്ക്ക് അവരുടെ അനുമതിയുള്ള പ്രോഗ്രാമുകൾക്ക് പ്രവേശന വിജ്ഞാപനം പുറത്തിറക്കുന്നതിൽ നിലവിൽ ഏതെങ്കിലും രീതിയിലുള്ള നിയമതടസ്സമുണ്ടോ; എങ്കിൽ അത് നീക്കാനുള്ള എന്ത് നടപടിയാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിട്ടുള്ളത്?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലാ നിയമത്തിലെ വകുപ്പ് 72 പ്രകാരം ഓപ്പൺ സർവ്വകലാശാലാ കോഴ്സുകൾ ആരംഭിച്ചുകഴിഞ്ഞാൽ വിദൂരവിദ്യാഭ്യാസംവഴി മറ്റ് സർവ്വകലാശാലകൾ അതേ കോഴ്സുകളിൽ പ്രവേശനം നൽകാൻ പാടില്ല. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി.- ഡി.ഇ.ബി.-യിൽനിന്നും 2022-23 അദ്ധ്യയന വർഷം മുതൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽമാത്രം ഈ വർഷം വിദൂരവിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ്.

## സ്വകാര്യ ഡീംഡ് യൂണിവേഴ്സിറ്റികളും ഓട്ടോണമസ് കോളേജുകളും

158 (1724) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഡീംഡ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിന് അനുവാദം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായുള്ള അപേക്ഷകൾ

ലഭിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷകർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകണമെന്നാവശ്യപ്പെട്ട് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷയിന്മേൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. ഇതിനായുള്ള അപേക്ഷകരുടെ വിവരം ചുവടെ ചേർക്കുന്നു:

1. സീറോ മലങ്കര കാത്തലിക് ചർച്ച്
2. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്
3. തൃശ്ശൂർ വടക്കേമഠം ബ്രഹ്മസ്വം.
4. അഹല്യ ഹെൽത്ത് ഹെറിറ്റേജ് ആൻഡ് നോളജ് വില്ലേജ്
5. കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്
6. മാർ ആൻഡ്രൂസ് താഴത്ത് - ആർച്ച് ബിഷപ്പ്, തൃശ്ശൂർ

(ബി) കൂടുതൽ കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായുള്ള അപേക്ഷകൾ ലഭിക്കുകയുണ്ടായോ; ഏതെങ്കിലും കോളേജുകളെ ഔട്ടോണമസ് പദവി

നൽകുന്നതിനായി പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

University Grants Commission (Conferment of Autonomous Status Upon Colleges and Measures for Maintanence and Standards in Autonomous Colleges) Regulations 2018 പ്രകാരം യു.ജി.സി.-യാണ് കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകുന്നത്. കോതമംഗലം എം.എ. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃശ്ശൂർ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ കോളേജുകളുടെ ഓട്ടോണമസ് പദവി ലഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനായി യു.ജി.സി. എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## 2021- 22 അദ്ധ്യയന വർഷത്തിലെ യു. ജി., പി. ജി. കോഴ്സുകൾ

159 (1725) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർവ്വകലാശാലയിൽ 2021-22 അദ്ധ്യയന വർഷത്തിൽ സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിൽ യു.ജി., പി.ജി. കോഴ്സുകൾക്ക്

ആകെ എത്ര സീറ്റുകൾ വീതം മാർജിനൽ വർദ്ധനവ് ഉൾപ്പെടെ അനുവദിച്ചിരുന്നുവെന്നും ഓരോന്നിലും എത്ര സീറ്റുകൾ ഒഴിവുണ്ടായിരുന്നുവെന്നും വ്യക്തമാക്കാമോ?

കേരള സർവ്വകലാശാലയിൽ 2021-22 അദ്ധ്യയന വർഷത്തിൽ സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിൽ യു.ജി., പി.ജി. കോഴ്സുകൾക്ക് അനുവദിച്ച ആകെ സീറ്റുകൾ മാർജിനൽ വർദ്ധനവ് ഉൾപ്പെടെയുള്ളവയുടെ വിശദാംശങ്ങളും പ്രസ്തുത സീറ്റുകളിലെ ഒഴിവുകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കണ്ണൂർ സർവ്വകലാശാലയിൽ കേരളീയർ അല്ലാത്തവർക്ക് നിയമനം നൽകിയ നടപടി

160 (1726) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിൽ ഐ.ടി. വിഭാഗം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് കേരളീയർ അല്ലാത്തവർക്ക് നിയമനം നൽകിയ സർവ്വകലാശാല നടപടിക്കെതിരെ കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധി പ്രസ്താവിക്കുകയും പ്രസ്തുത വിധിക്കെതിരെ സർവ്വകലാശാല നൽകിയ ഹർജി സുപ്രീംകോടതി തള്ളുകയും ചെയ്തത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് സംബന്ധിച്ച കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെയും സുപ്രീംകോടതിയുടെയും വിധിപ്പകർപ്പ് ലഭ്യമാക്കാമോ?

W.A.No.1423/2021 കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ പകർപ്പ് അനുബന്ധം 1+ ആയും SLP(സി)No.8097/2022, SLP(സി) No.8290/2022 കേസുകളിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ പകർപ്പ് അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു.+

(സി) കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ സംവരണ തസ്തികകളിൽ ഇതര സംസ്ഥാനക്കാർക്ക് സംവരണം നൽകാറില്ല എന്നിരിക്കെ കണ്ണൂർ സർവ്വകലാശാല മാത്രം മറ്റ് സംസ്ഥാനക്കാർക്ക് കൂടി സംവരണ സീറ്റിൽ അപേക്ഷിക്കാൻ അവസരം നൽകിയ സാഹചര്യം വ്യക്തമാക്കുമോ?

മുസ്ലീം സംവരണ വിഭാഗത്തിന് വിജ്ഞാപനം ചെയ്യപ്പെട്ട കണ്ണൂർ സർവ്വകലാശാലയിലെ ഐ.ടി. വിഭാഗം അസോസിയേറ്റ് പ്രൊഫസർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തസ്തികയിൽ നിയമനത്തിന് മറ്റൊരു സംസ്ഥാനത്ത് മുസ്ലീം വിഭാഗത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥിയെയും പരിഗണിക്കാമെന്ന നിയമോപദേശം സ്വീകരിച്ചുകൊണ്ടാണ് സർവ്വകലാശാല കർണ്ണാടക സംസ്ഥാനത്തുനിന്നുള്ള ഉദ്യോഗാർത്ഥിക്ക് നിയമനം നൽകിയിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തദ്ദേശീയർക്കാണ് സംവരണ സീറ്റിൽ അർഹതയെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിച്ചിട്ടും വൻതുക ചെലവഴിച്ച് സുപ്രീം കോടതിയിൽ അപ്പീൽ പോകാൻ സർവ്വകലാശാലയെ പ്രേരിപ്പിച്ച ഘടകം എന്താണെന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാല സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശം സ്വീകരിച്ചുകൊണ്ട് ഐ.ടി. വിഭാഗം അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ കർണ്ണാടക സംസ്ഥാനത്തുനിന്നുള്ള ഉദ്യോഗാർത്ഥിക്ക് നിയമനം നൽകിയ നടപടിയുമായി ബന്ധപ്പെട്ട W.P.(സി)4613/2021 കേസിലെ വിധിന്യായം സംരക്ഷിച്ച് കിട്ടുന്നതിനുവേണ്ടി ബഹു. സുപ്രീം കോടതി മുൻപാകെ സർവ്വകലാശാല അപ്പീൽ ഫയൽ ചെയ്തത് സ്വാഭാവിക നടപടിയാണ്.

(ഇ) കർണ്ണാടക സ്വദേശിയായ ഒന്നാം റാങ്കുകാരന്റെ നിയമനം റദ്ദാക്കി

കേരളീയനായ രണ്ടാം റാങ്കുകാരന് നിയമനം നൽകുന്നതിന് സുപ്രീംകോടതി വിധി വന്ന സാഹചര്യത്തിൽ അദ്ദേഹത്തിന് നിയമനം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

കർണ്ണാടക സ്വദേശിയായ ഒന്നാം റാങ്കുകാരന്റെ നിയമനം റദ്ദാക്കി കേരളീയനായ രണ്ടാം റാങ്കുകാരന് നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിനായുള്ള സ്ഥലമെടുപ്പ്**

161 (1727) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിനായുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം പണിയുവാനായി സർവ്വകലാശാല കണ്ടെത്തിയ സ്ഥലമായ ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ തുറവൂർ തെക്ക് വില്ലേജിൽപ്പെട്ട 6 ഏക്കർ 63.4 സെന്റ് വസ്തുവിന്റെ 12 ശതമാനത്തിലധികം നിലമായിട്ടാണ് കാണിച്ചിരിക്കുന്നതെന്നതിനാലും കൃഷി വകുപ്പ് പ്രസ്തുത

സ്ഥലം തരം മാറ്റിയിട്ടില്ലാത്തതിനാലും നിലമായി രേഖപ്പെടുത്തിയ ഭാഗം ഒഴിവാക്കി സ്ഥലം ഏറ്റെടുക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സർവ്വകലാശാലയോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ റിപ്പോർട്ട് തയ്യാറാക്കി നൽകുവാൻ തുറവൂർ പ്രാദേശിക കേന്ദ്രം ഡയറക്ടറെ സർവ്വകലാശാല ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കാലിക്കറ്റ് സർവ്വകലാശാലയിലെ പരീക്ഷ ക്രമക്കേടുകൾ**

162 (1728) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിക്കറ്റ് സർവ്വകലാശാലയിലെ 2019 ബാച്ച് രണ്ടാം സെമസ്റ്റർ യു.ജി. വിദ്യാർത്ഥികളുടെ പരീക്ഷാഫലം അനന്തമായി വൈകാനിടയായ കാരണങ്ങൾ പഠിക്കാനും കാലിക്കറ്റ് സർവ്വകലാശാല പരീക്ഷ വിഭാഗത്തിൽ കൃത്രിമ ചെലാൻ നിർമ്മാണം, ധനകാര്യ ക്രമക്കേടുകൾ, വിദ്യാർത്ഥികളിൽ നിന്ന് കൈക്കൂലി വാങ്ങൽ എന്നിവ സംബന്ധിച്ച് അന്വേഷിക്കാനും 15-02-2022-ലെ 2022/112 സിൻഡിക്കേറ്റ് യോഗതീരുമാന പ്രകാരം നിശ്ചയിച്ച സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ ഫലപ്രഖ്യാപനം

വൈകാനിടയായ സാഹചര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാലിക്കറ്റ് സർവ്വകലാശാലാ സിൻഡിക്കേറ്റ് അഞ്ചംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അന്വേഷണം നടത്തിവരികയാണ്. 15-02-2022-ലെ 2022/112* നമ്പർ സിൻഡിക്കേറ്റ് തീരുമാനമനുസരിച്ച് രൂപീകരിച്ച പ്രൊഫ. എം. എം. നാരായണൻ (കൺവീനർ), അഡ്വ. ടോം കെ. തോമസ്, ശ്രീ. അബ്ദുറഹിമാൻ എൻ. വി., ശ്രീ. കെ. ഡി. ബാഹുലേയൻ എന്നീ സിൻഡിക്കേറ്റ് അംഗങ്ങളടങ്ങിയ കമ്മിറ്റി 05-03-2022-ലെ 2022.133* നമ്പർ തീരുമാനപ്രകാരം ശ്രീ. ഇ.അബ്ദുറഹ്മാൻ, ശ്രീ.എ.കെ.രമേശ്ബാബു, ശ്രീ.ബാലകൃഷ്ണൻ.കെ. കെ. എന്നീ സിൻഡിക്കേറ്റ് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**കാലിക്കറ്റ് സർവ്വകലാശാലയിലെ അധ്യാപക നിയമനങ്ങളിലെ സംവരണം**

163 (1729) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല 31-12-2019-ന് അധ്യാപക നിയമനത്തിനായി ഇറക്കിയ ജി.എ-II/സി1/156687/2019/എ.ഡി.എം.എൻ,

ജി.എ-II/സി1/162156/2019/എ.ഡി.എം.എൻ., ജി.എ-II/സി1/104750/2019/എ.ഡി.എം.എൻ. എന്നീ വിജ്ഞാപനങ്ങളിൽ പ്രതിപാദിച്ച തസ്തികകൾ നിലവിൽവന്ന തീയതി (ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി) വ്യക്തമാക്കുമോ?

ജി.എ-II സി1/156687/2019 വിജ്ഞാപന പ്രകാരമുള്ള ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി (Asst. Professors) സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.+ ജി.എ-II/സി1/162156/2019/എ.ഡി.എം.എൻ, ജി.എ-II/സി1/104750/2019/എ.ഡി.എം.എൻ. എന്നീ വിജ്ഞാപനപ്രകാരമുള്ള നിയമന പ്രക്രിയ പൂർത്തിയായിട്ടില്ല.

(ബി) പ്രസ്തുത വിജ്ഞാപനങ്ങളിൽ പരാമർശിക്കുന്ന തസ്തികകൾ നിലവിൽ വന്ന തീയതിയും (ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി), ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി. (സി) നമ്പർ 9785/2015, 17961/2015, 18659/2015, 18797/2015 എന്നീ നമ്പർ റിട്ട് പെറ്റീഷനുകൾക്കുള്ള എതിർ സത്യവാങ്മൂലം എക്സിബിറ്റ് ആർ 1 (2)-ൽ പ്രസ്താവിച്ച തസ്തികകൾ നിലവിൽവന്ന തീയതിയും (ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി) ഒന്നുതന്നെയാണോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റിട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെറ്റീഷനുകളിന്മേൽ സർവ്വകലാശാല സമർപ്പിച്ച എതിർ സത്യവാങ്മൂലം ആർ 1 (2)-ന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത വിജ്ഞാപനങ്ങളിൽ പരാമർശിക്കുന്ന ഓരോ തസ്തികകളിലേയ്ക്കും ഈഴവ, തീയ്യ ആൻഡ് ബില്ലവ, എസ്.സി., മുസ്ലീം, ലാറ്റിൻ കാത്തലിക് ആൻഡ് ആംഗ്ലോ ഇന്ത്യൻ, ഒ.ബി.സി., ധീവര, വിശ്വകർമ്മ, നാടാർസ് ഇൻക്ലൂഡഡ് ഇൻ എസ്.ഐ.യു.സി., എസ്.ടി., Scheduled Castes converts to christianity, ഹിന്ദു നാടാർ എന്നീ സംവരണ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്നും എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാല വിവിധ പഠന വിഭാഗങ്ങളിലേയ്ക്ക് അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനത്തിനായി പുറപ്പെടുവിച്ച 31-12-2019-ലെ വിജ്ഞാപനങ്ങൾ - യഥാക്രമം നമ്പർ GA-II/C1/156687/2019/Admn, GA-II/C1/162156/2019/Admn, GA-II/C1/104750/2019/Admn എന്നിവ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ പട്ടിക അനുബന്ധം-

2 ആയി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) പ്രസ്തുത വിജ്ഞാപനങ്ങളിൽ പരാമർശിക്കുന്ന ഓരോ തസ്തികകളിലേയ്ക്കും എത്ര വീതം പി.ഡബ്ല്യു.ഡി. (പേഴ്സൺ വിത്ത് ഡിസെബിലിറ്റി) അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.+

(ഇ) പ്രസ്തുത വിജ്ഞാപനങ്ങളിൽ പരാമർശിക്കുന്ന ഓരോ തസ്തികകളിലേയ്ക്കും എത്ര ഉദ്യോഗാർത്ഥികളെ അഭിമുഖത്തിനായി ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നുയെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത വിജ്ഞാപനങ്ങളിൽ പരാമർശിക്കുന്ന ഓരോ തസ്തികകളിലേയ്ക്കും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളിൽ ഈഴവ, തീയ്യ ആൻഡ് ബില്ലവ, എസ്.സി., മുസ്ലീം, ലാറ്റിൻ കാത്തലിക് ആൻഡ് ആംഗ്ലോ ഇന്ത്യൻ, ഒ.ബി.സി, ധീവര, വിശ്വകർമ്മ, നാടാർസ് ഇൻക്ലൂഡഡ് ഇൻ എസ്.ഐ.യു.സി, എസ്.റ്റി, ഷെഡ്യൂൾഡ് കാസ്റ്റസ് കൺവെർട്സ് റ്റു ക്രിസ്റ്റിയാനിറ്റി, ഹിന്ദു നാടാർ എന്നീ സംവരണ വിഭാഗങ്ങളിൽപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ&എഫ്) ഇതുസംബന്ധിച്ച വിവരം അനുബന്ധം 2-ൽ+ ഉൾപ്പെട്ടിട്ടുണ്ട്.

(ജി) പ്രസ്തുത വിജ്ഞാപനങ്ങളിൽ പരാമർശിക്കുന്ന ഏതെല്ലാം തസ്തികകളാണ് സംവരണ വിഭാഗങ്ങളിൽപ്പെട്ട അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തത് കാരണം നികത്തുവാൻ സാധിക്കാതിരുന്നതെന്നും പ്രസ്തുത ഒഴിവുകൾ ഏത് സംവരണ വിഭാഗത്തിന് അർഹതപ്പെട്ടതാണെന്നും വ്യക്തമാക്കുമോ?

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ 10 ഒഴിവുകളാണ് യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തത് കാരണം നികത്താതെപോയത്. ഇവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 4 ആയി + ഉള്ളടക്കം ചെയ്യുന്നു.

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലെ നിയമനം

164 (1730) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുവേണ്ടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

31-12-2019-ന് പുറത്തിറക്കിയ ജിഎ II-സി1/162156/ 2019/എ.ഡി.എം.എൻ., ജിഎ-II/സി1/104750/2019/എ.ഡി.എം.എൻ എന്നീ വിജ്ഞാപനങ്ങൾ അനുസരിച്ച് ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിന് ആധാരമാക്കിയ മാനദണ്ഡം എന്താണ്; ഇതിന്റെ മാർക്കിംഗ് രീതി വിവരിക്കുന്ന ഉത്തരവ് ലഭ്യമാക്കാമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുവേണ്ടി 31-12-2019-ന് പുറത്തിറക്കിയ ജിഎ II-സി1/162156/2019/എ.ഡി.എം.എൻ., ജിഎ-II/സി1/104750/2019/എ.ഡി.എം.എൻ എന്നീ വിജ്ഞാപനങ്ങൾ അനുസരിച്ച് അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്കുള്ള അപേക്ഷകളിൽ യു.ജി.സി. റെഗുലേഷൻസ് 2018-ലും വിജ്ഞാപനത്തിലും നിഷ്കർഷിച്ചപ്രകാരം ഓരോ തസ്തികയിലേയ്ക്കും ആവശ്യമായ യോഗ്യതകൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികളെയും അഭിമുഖത്തിനായി ക്ഷണിച്ചിട്ടുണ്ട്. ഓരോ ഉദ്യോഗാർത്ഥിയുടെയും അവകാശവാദങ്ങൾ വിശദമായി പരിശോധിച്ചശേഷം അവരുടെ യോഗ്യതയിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടുള്ളത് അതാത് സെലക്ഷൻ കമ്മിറ്റികളാണ്. യു.ജി.സി. 2018 റെഗുലേഷൻ പ്രകാരമുള്ള

മാർക്കിംഗ് രീതി അനുബന്ധം III + ആയി ചേർത്തിട്ടുണ്ട്. 31-12-2019-ലെ ജിഎ II-സി1/162156/2019/എ.ഡി.എം.എൻ.,ജിഎ-II/സി1/104750/2019/ എ.ഡി.എം.എൻ. എന്നീ വിജ്ഞാപനങ്ങളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം 1, 2 ആയി + ഉള്ളടക്കം ചെയ്യുന്നു.

## എൻട്രൻസ് പരീക്ഷയിൽ കേരള സിലബസ് വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നം

165 (1731) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻട്രൻസ് പരീക്ഷയിൽ വളരെ മികച്ച മാർക്ക് കരസ്ഥമാക്കിയ കേരള സിലബസ് വിദ്യാർത്ഥികൾ പന്ത്രണ്ടാം ക്ലാസ് മാർക്ക് സമീകരണം കാരണം അന്തിമലിസ്റ്റിൽ പിൻതള്ളപ്പെട്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷത്തെ കേരള സിലബസ് ഹയർ സെക്കണ്ടറി പരീക്ഷയിൽ മറ്റ് പ്രധാന ബോർഡുകളുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാർത്ഥികൾക്ക് വളരെ അധികം ഉയർന്ന ശരാശരി മാർക്ക് ലഭിച്ചിരുന്നു. ആയതിനാൽ ഗവൺമെന്റ് അംഗീകൃത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രോസ്പെക്ടസ് അനുസരിച്ചുള്ള സ്റ്റാൻേഡൈസേഷൻ പ്രക്രിയയുടെ ഫലമായി ശരാശരിക്ക് വിപരീത അനുപാതത്തിൽ മാർക്ക് പുനഃനിർണ്ണയിക്കപ്പെട്ടപ്പോൾ മുൻവർഷങ്ങളുമായി താരതമ്യം ചെയ്ത് വിദ്യാർത്ഥികൾ പ്രതീക്ഷിച്ച റാങ്കുകൾ ലഭിക്കാത്തതിനെ തുടർന്ന് ഏതാനും പരാതികൾ ലഭിച്ചിരുന്നു.

(ബി) ഇത്തരത്തിൽ വിദ്യാർത്ഥികൾ പിൻതള്ളപ്പെടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

വിവിധ ബോർഡ് പരീക്ഷകളുടെ മാർക്കുകൾ ഏകീകരിക്കുന്നതിനായി കീം പ്രോസ്പെക്ടസ് പ്രകാരം സ്റ്റാൻഡൈസേഷൻ നടത്തിയ ശേഷമാണ് പ്രവേശന പരീക്ഷയുടെ റാങ്ക് പട്ടിക തയ്യാറാക്കുന്നത്. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കേരള സ്റ്റേറ്റ് സിലബസിലെ പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ മാർക്ക് നിലവാരം ഉയർന്നതായിരുന്നതിനാൽ സ്റ്റാൻഡൈസേഷൻ പ്രക്രിയ നടത്തിയപ്പോൾ വ്യക്തിഗത മാർക്കുകളിൽ ആനുപാതികമായി കുറവ് വന്നിട്ടുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പ്രവേശനപരീക്ഷയുടെ മാർക്കിനും യോഗ്യതാ പരീക്ഷയുടെ മാർക്കിനും 50:50 എന്ന തുല്യ അനുപാതത്തിൽ പരിഗണന

നൽകിയിരുന്നു. വിദ്യാർത്ഥികൾക്ക് അന്തിമ പരീക്ഷയിൽ വിവിധ ബോർഡുകളിൽനിന്ന് ലഭിക്കുന്ന മാർക്കുകൾ നോർമലൈസേഷന് വിധേയമാക്കുകയും വിവിധ ബോർഡുകൾ വ്യത്യസ്ത രീതികളിൽ പരീക്ഷാ മൂല്യനിർണ്ണയത്തിലൂടെ സ്കോർ നൽകുമ്പോൾ ഉണ്ടാകുന്ന അന്തരം പരിഹരിക്കുന്നതിനുമായി സ്റ്റാൻഡൈഡേസേഷൻ പ്രക്രിയയ്ക്ക് വിധേയമാക്കിയാണ് അന്തിമ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

(സി) കേരള സിലബസ് വിദ്യാർത്ഥികൾ നേരിടുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

2022-23 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ് കോഴ്സുകൾ ഉൾപ്പെടെയുള്ള പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനുള്ള കീം പ്രോസ്പെക്ടസ് 25-03-2022-ലെ സ.ഉ (സാധാ) നം.170/22/ഉവിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 2010 മുതൽ തുടർന്നുവന്നിരുന്ന സ്റ്റാൻഡൈഡേസേഷൻ പ്രക്രിയ വിവിധ ഘട്ടങ്ങളിൽ കോടതികളിൽ പോലും ചോദ്യം ചെയ്യപ്പെട്ടെങ്കിലും കുറ്റമറ്റതാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതിനാൽ എഞ്ചിനീയറിംഗ് പ്രവേശനത്തിന് നിലവിലുള്ള റാങ്കിംഗ് രീതിതന്നെയാണ് 2022-23 വർഷത്തെ പ്രോസ്പെക്ടസിലും വ്യവസ്ഥ ചെയ്തിട്ടുള്ളത്.

## എൻ.സി.സി. പരിശീലന കേന്ദ്ര നിർമ്മാണം

166 (1732) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കല്ലറ വില്ലേജിൽ എൻ.സി.സി. ഗ്രൂപ്പ് ആസ്ഥാനത്തിനായുള്ള പരിശീലന കേന്ദ്ര നിർമ്മാണം ആരംഭിക്കുന്നതിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള ട്രെയിനിംഗ് സെന്ററിന്റെ മാസ്റ്റർ പ്ലാൻ എൻ.സി.സി. വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) 2022-23 വർഷത്തിൽ എത്ര തുകയാണ് ഇതിനുവേണ്ടി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

2022-2023 സാമ്പത്തിക വർഷത്തിൽ എൻ.സി.സി. വകുപ്പിലെ എല്ലാ നിർമ്മാണ പ്രവൃത്തികൾക്കുമായി 8.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ യൂണിറ്റിനും അനുവദിക്കേണ്ടുന്ന തുക സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

## കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

167 (1733) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ പ്രവർത്തകരെ കൂടി ഉൾപ്പെടുത്തി കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പാർക്കുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) തീരുമാനിച്ചിട്ടില്ല.

**വാമനപുരം മണ്ഡലത്തിലെ അസാപ് സെന്ററുകൾ**

168 (1734) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ അസാപ് (എ.എസ്.എ.പി.) സെന്ററുകൾ എവിടെയൊക്കെയെന്ന് അറിയിക്കാമോ; പ്രസ്തുത സെന്ററുകളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ?

വാമനപുരം നിയോജക മണ്ഡലത്തിൽ അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററായി വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പ്രവർത്തിച്ചുവരുന്നു. ഈ സെന്ററിന്റെ കീഴിലായിവരുന്ന മുസ്ലീം

അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഗൂഗിൾ അസോസിയേറ്റ് ക്ലൗഡ് എഞ്ചിനീയർ, ഇൻട്രൊഡക്ഷൻ ടു റോബോട്ടിക്സ്, റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ തുടങ്ങിയ കോഴ്സുകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. സൈബർ സെക്യൂരിറ്റി, AWS ക്ലോസ്ഡ് കമ്പ്യൂട്ടിംഗ്, ആട്ടോഡെസ്ക്, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് തുടങ്ങിയ നൂതന കോഴ്സുകളിലേയ്ക്കായി മേൽപ്പറഞ്ഞ സെന്ററിൽ രജിസ്ട്രേഷൻ തുടർന്നുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിലെ അസാപ് സ്കിൽ പാർക്ക് നിർമ്മാണം**

169 (1735) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ കഴിഞ്ഞ 2011-16-ലെ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം നിർവ്വഹിച്ച അസാപ് സ്കിൽ പാർക്ക് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സ്ഥല ലഭ്യതയുടെയും മറ്റ് അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. തിരൂരങ്ങാടി മണ്ഡലത്തിൽ ഒരു സ്കിൽ

പാർക്കിനുവേണ്ടി തറക്കല്ലിട്ടുവെങ്കിലും പ്രദേശവാസികൾ പദ്ധതി അനുവദിക്കാത്തതിനാൽ അവിടെ സ്കിൽ പാർക്ക് നിർമാണം ഉപേക്ഷിക്കേണ്ടിവന്നു.

(ബി) കോട്ടക്കൽ സർക്കാർ വനിതാ പോളിടെക്നിക് കോളേജിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അസാപ് സ്കിൽ പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിനായി എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) കോട്ടക്കൽ സർക്കാർ പോളിടെക്നിക്കിൽ നടപ്പിലാക്കാൻ ശിപാർശചെയ്ത അസാപ് സ്കിൽ പാർക്ക് തെരഞ്ഞെടുക്കപ്പെട്ട 16 എണ്ണത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ തത്ക്കാലം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതല്ല.

## സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നടപ്പാക്കുന്ന ചികിത്സാ സഹായം

170 (1736) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന

ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നടപ്പാക്കിയ ചികിത്സാ സഹായത്തിന് 2021-2022 കാലയളവിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്ന് ലഭിച്ച അപേക്ഷകളുടെയും അനുവദിക്കപ്പെട്ട ധനസഹായം സംബന്ധിച്ച വിശദാംശങ്ങളുടെയും പട്ടിക പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

നിലവിൽ വി-കെയറിൽ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എന്നാൽ തൃശ്ശൂർ ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകളുടെയും നൽകിയ ധനസഹായങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം

171 (1737) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ പ്രവൃത്തി ഏറ്റെടുത്ത് നടത്തുവാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തയ്യാറായതിനെത്തുടർന്ന് സൊസൈറ്റിയുമായി 04-04-2022-ന് കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസർ കരാറിൽ ഏർപ്പെടുകയും 14-06-2022-ന് എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും കൺസൾട്ടിംഗ് & ഹൈഡ്രോ തെറാപ്പി ബ്ലോക്കുമാണ് നിർമ്മിക്കുന്നത്.

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം ഈ പദ്ധതിക്ക് എത്ര രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

മാസ്റ്റർ പ്ലാൻപ്രകാരം ഈ പദ്ധതിക്ക് 25 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) നിലവിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 14-02-2020-ലെ

സ.ഉ (സാധാ) നം. 78/2020/ സാ.നീ.വ. ഉത്തരവ് പ്രകാരം 4,89,52,829/- രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും കൺസൾട്ടിംഗ് & ഹൈഡ്രോ തെറാപ്പി ബ്ലോക്കുമാണ് നിർമ്മിക്കുന്നത്.

(ഡി) മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് ബാക്കി തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 4,89,52,829/- രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ പ്രകാരമുള്ള ഒന്നാംഘട്ട പ്രവൃത്തികൾ വിലയിരുത്തിയശേഷം ആയതിന്റെ പുരോഗതിക്ക് അനുസൃതമായി തുടർപ്രവൃത്തികൾക്കുള്ള തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കൊണ്ടോട്ടിയിലെ വയോമിത്രം പദ്ധതി**

172 (1738) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കുന്ന

വയോമിത്രം പദ്ധതിക്ക് കേരള സാമൂഹ്യ സുരക്ഷ മിഷന്റെ വിഹിതം ലഭ്യമായിട്ടുണ്ടോ?

വയോമിത്രം പദ്ധതിക്കുവേണ്ടി സംസ്ഥാനതലത്തിലാണ് ബഡ്ജറ്റിൽ തുക വകയിരുത്തി അനുവദിക്കുന്നത്. ബ്ലോക്ക് തലത്തിൽ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല.

(ബി) 1.35 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിക്കായി, പദ്ധതി തുകയുടെ പകുതിയും (67.5 ലക്ഷം രൂപ), മറ്റ് അനുബന്ധ ഭൗതിക സൗകര്യങ്ങളും ഒരുക്കാൻ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് അധികൃതർ തയ്യാറായ സാഹചര്യത്തിൽ, കേരള സാമൂഹ്യ സുരക്ഷ മിഷന്റെ വിഹിതം എത്രയുംവേഗം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

വയോമിത്രം പദ്ധതി നിലവിൽ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലുമാണ് നടപ്പിലാക്കി വരുന്നത്. കൊണ്ടോട്ടി ഉൾപ്പെടെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വയോമിത്രം പദ്ധതി നടപ്പിലാക്കുന്നത് പരിശോധിക്കാവുന്നതാണ്.

**വയോമൃതം പദ്ധതി**

173 (1739) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പും ഭാരതീയ ചികിത്സ വകുപ്പും സംയുക്തമായി സർക്കാർ വൃദ്ധസദനത്തിൽ നടപ്പാക്കിവരുന്ന വയോമൃതം പദ്ധതി ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) സാമൂഹ്യ നീതി വകുപ്പ്, ISM എന്നീ വകുപ്പുകൾ സംയുക്തമായി നടത്തുന്ന പദ്ധതിയാണ് വയോ അമൃതം. ഓരോ വർഷവും സാമൂഹ്യനീതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും പദ്ധതിക്ക് തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്കാണ് പദ്ധതി ആരംഭിക്കുന്നത്. 2022-2023 വർഷത്തെ ഭരണാനുമതി ലഭ്യമാവുന്നതിലുണ്ടായ ചെറിയ കാലതാമസം നേരിട്ടതിനാലാണ് ഏപ്രിൽ, മേയ് മാസങ്ങളിൽ പദ്ധതി തുടരുന്നതിന് സാധിക്കാതിരുന്നത്. ഏപ്രിൽ, മേയ് മാസങ്ങളിൽ വയോ അമൃതം പദ്ധതി നിർത്തിവച്ചിരുന്നെങ്കിലും നിലവിൽ എല്ലാ ജില്ലകളിലും പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

## വി-കെയർ പദ്ധതിവഴി അനുവദിച്ച തുക

174 (1740) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വി-കെയർ പദ്ധതി എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വി-കെയർ പദ്ധതി 2014-15 സാമ്പത്തിക വർഷത്തിലാണ് ആരംഭിച്ചത്.

(ബി) 2016 ജൂൺ മുതൽ 2021 മേയ് വരെ വി-കെയർ പദ്ധതി വഴി വിതരണം ചെയ്ത തുക എത്രയെന്ന് വ്യക്തമാക്കുമോ?

2016 ജൂൺ മുതൽ 2021 മേയ് വരെ വി-കെയർ പദ്ധതിവഴി വിതരണം ചെയ്ത തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) വി-കെയർ പദ്ധതിയുടെ ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്നുള്ള വിവരം അറിയിക്കുമോ?

ആയിരത്തോളം അപേക്ഷകൾ വി-കെയർ പദ്ധതിയുടെ വിവിധ കമ്മിറ്റികളുടെ പരിഗണനയിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത അപേക്ഷകർക്ക് പണം അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഫണ്ടിന്റെ അപര്യാപ്തത, മതിയായ ചികിത്സാ രേഖകൾ ലഭ്യമാക്കാത്തത്, സർജറി/ചികിത്സ തീയതികൾ മാറ്റിവയ്ക്കുകയോ കഴിയുകയോ ചെയ്തത് എന്നീ കാരണങ്ങളാൽ ധനസഹായം അനുവദിക്കാൻ സാധിച്ചിട്ടില്ല.

(ഇ) പ്രസ്തുത പദ്ധതിയിൽ എത്ര തുക അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വി-കെയർ പദ്ധതിയിൽ നിലവിൽ 1,67,75,287/- രൂപയാണ് നീക്കിയിരിപ്പുള്ളത്. ടി തുക വിനിയോഗിച്ച് വി-കെയർ പദ്ധതിയിൽ ഏറ്റെടുത്ത ചികിത്സകളിലെ ബില്ലുകളുടെ ബാധ്യത തീർത്തുവരികയാണ്. എന്നാൽ ടി തുക കൂടാതെ 3,88,30,242/- രൂപ കൂടി ലഭ്യമായാൽ മാത്രമേ നിലവിൽ വിവിധ ആശുപത്രികൾക്ക് നൽകേണ്ട കുടിശ്ശിക ബാധ്യത തീർക്കാൻ സാധിക്കുകയുള്ളൂ.

**സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള ചികിത്സാ ധനസഹായ പദ്ധതികൾ**

175 (1741) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>

ശ്രീ. മാത്യു ടി. തോമസ്:

ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏതൊക്കെ രോഗങ്ങളുടെ ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് ഇപ്പോൾ ധനസഹായം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

1. താലോലം എന്ന പദ്ധതിയിലൂടെ ജന്മനായുള്ള ഹൃദയ വൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന സ്വന്തമായി ചികിത്സാ ചെലവ് വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രി മുഖേന നൽകുന്നു.

2. കാൻസർ സുരക്ഷാ പദ്ധതിയിലൂടെ സ്വന്തമായി ചികിത്സാ ചെലവ് വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ 18 വയസ്സുവരെ പ്രായമുള്ള കാൻസർ രോഗികളായ കുട്ടികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രി മുഖേന സൗജന്യ ചികിത്സ നൽകിവരുന്നു.

3. വി-കെയർ പദ്ധതിയിലൂടെ മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ

സാധിക്കാത്ത ഗുരുതരരോഗം ബാധിച്ച ഗുണഭോക്താക്കൾക്കും ഹൃദയ സംബന്ധമായ ശസ്ത്രക്രിയകൾ, നാഡീ സംബന്ധമായ ചികിത്സകൾ, ഡീപ്പ് ബ്രെയിൻ സ്റ്റിമുലേഷൻ സർജറി, മറ്റ് അടിയന്തര ശസ്ത്രക്രിയകൾ എന്നിവയ്ക്കും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

(ബി) ഇവയിൽ ഓരോ ഇനത്തിനും പരമാവധി എത്ര രൂപ വരെയാണ് ധനസഹായം നൽകുന്നതെന്ന് അറിയിക്കുമോ?

കാൻസർ സുരക്ഷ, താലോലം എന്നീ പദ്ധതികൾക്ക് ചികിത്സാ പരിധി നിശ്ചയിച്ചിട്ടില്ല. വി-കെയർ പദ്ധതിയിൽ ഗുണഭോക്താക്കളുടെ സാമ്പത്തിക സ്ഥിതിയും രോഗത്തിന്റെ ഗുരുതരാവസ്ഥയും ചികിത്സാ ചെലവും വിലയിരുത്തി മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് വി-കെയറിന്റെ കമ്മിറ്റിയിൽ പരിഗണിച്ച് ചികിത്സയ്ക്കാവശ്യമായ ധനസഹായം നൽകിവരുന്നു.

(സി) പ്രസ്തുത ധനസഹായത്തിന് പരിഗണിക്കപ്പെടാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ?

പ്രസ്തുത ധനസഹായത്തിന് പരിഗണിക്കപ്പെടാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഏറ്റവും നിർദ്ധനരായ രോഗികൾക്കുള്ള ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഏറ്റവും നിർദ്ധനരായ രോഗികൾക്കുള്ള ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**വി-കെയർ പദ്ധതി**

176 (1742) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന വി-കെയർ പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര കോടി രൂപയാണ് 2016 മുതൽ ഇതിനായി ചെലവഴിച്ചതെന്നും അറിയിക്കാമോ?

വി-കെയർ പദ്ധതി പ്രകാരം 533 കുട്ടികൾക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്. 2016 മുതൽ ചെലവഴിച്ച തുകയുടെ വിശദാംശം

അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ പദ്ധതിയിൽനിന്നും ധനസഹായത്തിനായി എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇവർക്ക് എപ്പോൾ സഹായം അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

വി-കെയർ പദ്ധതിയിൽനിന്നും ധനസഹായത്തിനായി 2022-ൽ 446 പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകൾ വി-കെയർ പദ്ധതിയുടെ വിവിധ കമ്മിറ്റികളുടെ പരിഗണനയിലാണ്. കമ്മിറ്റി തീരുമാനവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആശ്വാസകിരണം പദ്ധതി

177 (1743) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിപ്രകാരം പ്രതിമാസം നൽകുന്ന തുക യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശ്വാസകിരണം പദ്ധതി പ്രകാരം പ്രതിമാസം നൽകുന്ന തുക ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നൽകിവരുന്നുണ്ട്. 11-10-2012-ലെ സ.ഉ(എം.എസ്) നം.60/2012/സാക്ഷേവ ഉത്തരവുപ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയുണ്ടായി. അതനുസരിച്ച് പദ്ധതിയുടെ ആനുകൂല്യം നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്കുപുറമെ 100% അന്ധരായവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാൽ കിടപ്പിലായവരും ഉൾപ്പെടെ ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്കാവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കൂടുതൽ തുക പദ്ധതിക്കാവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ്

വിഹിതത്തിനുപുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. പദ്ധതിയുടെ ആനുകൂല്യം അർഹരായവർക്ക് ഉറപ്പാക്കുന്നതിന് നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാറുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തീരദേശമേഖലകളിലെ ഐ.സി.ഡി.എസ്.-ന് കീഴിലുള്ള അംഗനവാടികൾ

178 (1744) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശമേഖലകളിൽ ഐ.സി.ഡി.എസ്.-ന് കീഴിലുള്ള എല്ലാ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടം, ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമാണോ; ഇല്ലെങ്കിൽ പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

തീരദേശ മേഖലകളിലെ ഐ.സി.ഡി.എസ്.-ന് കീഴിലുള്ള മുഴുവൻ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടം, ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമായിട്ടില്ല.

തീരദേശ മേഖലകളിലെ ആകെ അംഗനവാടികളുടെ എണ്ണം - 1831

സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികളുടെ എണ്ണം - 673

ഇലക്ട്രിസിറ്റി കണക്ഷനില്ലാത്ത അംഗനവാടികളുടെ എണ്ണം - 28

വാട്ടർ കണക്ഷനില്ലാത്ത അംഗനവാടികളുടെ എണ്ണം - 86

വകുപ്പിനുകീഴിൽ സ്മാർട്ട് അംഗനവാടി, MGNREGS എന്നീ പദ്ധതികൾ പ്രകാരം അംഗനവാടി കെട്ടിട നിർമ്മാണാനുമതി നൽകിവരുന്നു. സംസ്ഥാന സർക്കാരിന്റെ 100 ദിനപരിപാടിയിൽ ഉൾപ്പെടുത്തി അംഗനവാടികളുടെ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വനിത ശിശുവികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി, ജലജീവൻ മിഷൻ എന്നിവയുമായി ചേർന്ന് അംഗനവാടികളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിലെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ

179 (1745) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ അംഗനവാടികളുടെ എണ്ണം വ്യക്തമാക്കുമോ?

മണലൂർ നിയോജക മണ്ഡലത്തിലെ അംഗനവാടികളുടെ എണ്ണം - 264.

(ബി) ഇതിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾ ഏതെല്ലാമാണെന്നും പ്രസ്തുത അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾ-47. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗനവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു+.

## സെറിബ്രൽ പാൾസി, മാനസിക വെല്ലുവിളി എന്നിവ നേരിടുന്നവരുടെ സംവരണപ്പട്ടിക

180 (1746) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിബ്രൽ പാൾസി രോഗബാധിതരുടെയും മാനസിക വെല്ലുവിളി നേരിടുന്നവരുടെയും സംവരണപ്പട്ടിക തയ്യാറാക്കുന്ന നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

25-08-2020-ലെ സ.ഉ.(അച്ചടി) നം. 19/2020/സാ.നീ.വ. ഉത്തരവ് പ്രകാരം Rights of Persons with Disabilities Act 2016-ലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് 49 കോമൺ കാറ്റഗറി തസ്തികകൾ സെറിബ്രൽ പാൾസി രോഗബാധിതർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നീ വിഭാഗങ്ങൾക്കായി നിലവിൽ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) സെറിബ്രൽ പാൾസി രോഗികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നീ വിഭാഗങ്ങളിൽനിന്നും സംവരണ നിയമനം നടക്കുന്നില്ല എന്ന ആക്ഷേപം സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

1995-ലെ ഭിന്നശേഷി നിയമപ്രകാരം നിയമനങ്ങളിൽ 3% സംവരണം അനുവദിച്ചിട്ടുള്ളതിൽ 1% അനുവദിച്ചിട്ടുള്ളത് ലോക്കോമോട്ടോർ ഡിസെബിലിറ്റി/സെറിബ്രൽ പാൾസി വിഭാഗത്തിനാണ്. RPWD Act 2016 പ്രകാരവും പ്രസ്തുത സംവരണം ലഭിക്കുന്നുണ്ട്. മാനസിക വെല്ലുവിളി നേരിടുന്നവരെ RPWD Act 2016 പ്രകാരം അനുവദിച്ച 4% സംവരണത്തിൽ, 1% സംവരണത്തിന് അർഹതയുള്ള ഭിന്നശേഷി

വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് 31-10-2019-ൽ സ.ഉ. (അച്ചടി) നം. 12/2019/സാ.നീ.വ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ഭിന്നശേഷി സംവരണ റോസ്റ്റർ സംബന്ധിച്ച് വ്യക്തത ആവശ്യമുള്ളതിനാൽ ഈ വിഷയത്തിൽ പുതുക്കിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. മറുപടി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ നിയമനത്തിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാമോ?

RPWD Act 2016 പ്രകാരം 49 കോമൺ കാറ്റഗറി തസ്തികകൾ പ്രസ്തുത വിഭാഗങ്ങൾക്കായി കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

**ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനം**

181 (1747) ശ്രീ എ. സി. മൊയ്തീൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് ഇതുവരെ 1,74,094 യു.ഡി.ഐ.ഡി. കാർഡുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്നതിനുവേണ്ടി സാമൂഹ്യനീതി വകുപ്പ് പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനായി സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യ വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 28-04-2022-ന് വിളിച്ച് ചേർക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരോഗ്യ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 11-05-2022-ൽ

സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുടെയും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഓഫീസർമാരുടെയും യോഗം വിളിച്ചുചേർക്കുകയും കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ എം.എൽ.എ.-മാരുടെയും നേതൃത്വപരമായ പങ്ക് അതത് മണ്ഡലങ്ങളിൽ ഉണ്ടാകണമെന്നഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പുമന്ത്രി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ക്യാമ്പയിന്റെ ആദ്യഘട്ടമായി മുഴുവൻ ഭിന്നശേഷിക്കാരെയും യു.ഡി.ഐ.ഡി. പോർട്ടലിലേയ്ക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള പ്രത്യേക രജിസ്ട്രേഷൻ ഡ്രൈവ് ഇപ്പോൾ നടന്നുവരുന്നു. രജിസ്ട്രേഷൻ ഡ്രൈവിന്റെ ഭാഗമായി 24-06-2022 വരെ 1,11,472 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തവരിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുള്ളവർക്ക് ജില്ലാ മെഡിക്കൽ ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് മെഡിക്കൽ ബോർഡിന്റെ ഭിന്നശേഷി അസസ്മെന്റ് ഇല്ലാതെ മെഡിക്കൽ റെക്കമെന്റേഷൻ നൽകി യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റില്ലാത്തവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരോഗ്യ വകുപ്പുമായി ചേർന്ന് വികേന്ദ്രീകൃത

വൈകല്യ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്നതാണ്. കൂടാതെ രജിസ്റ്റർ ചെയ്ത അപേക്ഷകരെ സംസ്ഥാനത്തെ താലൂക്ക്, ജില്ലാ, ജനറൽ ഹോസ്പിറ്റലുകളിലെ സൂപ്രണ്ട് ചെയർമാനായ മെഡിക്കൽ ബോർഡ് വൈകല്യനിർണ്ണയം നടത്തി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്ന പ്രവർത്തനവും നടന്നുവരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പ്, ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഏകോപിപ്പിച്ച് നടപ്പാക്കുന്നത്.

(ബി) 2016-ലെ ഭിന്നശേഷി അവകാശ നിയമം അനുസരിച്ച് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അവകാശപ്പെട്ട സംവരണം പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

2016-ലെ The Rights of Persons with Disabilities Act പ്രകാരം അനുവദിച്ചിട്ടുള്ള 4% സംവരണത്തിനായി തസ്തികകൾ കണ്ടെത്തുന്ന

പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദ്യപടിയായി 31.10.2019-ലെ സ.ഉ.(അച്ചടി)നം.12/2019/സാ.നീ.വ. പ്രകാരം 49 കോമൺ കാറ്റഗറി തസ്തികകൾ 4% സംവരണത്തിനായി കണ്ടെത്തി ഉത്തരവായിട്ടുണ്ട്. നിലവിൽ 3% ഭിന്നശേഷി സംവരണം അനുവദിച്ചിട്ടുള്ളതും നിയമനം നടന്നുവരുന്നതുമായ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ 380 തസ്തികകൾ, 4% സംവരണത്തിന് അനുയോജ്യമാണോയെന്നുള്ള പരിശോധന പൂർത്തിയായിവരുന്നു. ഏകദേശം മുഴുവൻ സർക്കാർ വകുപ്പുകളിലെയും തസ്തികകൾ ഇതോടൊപ്പം പരിശോധിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുവേണ്ടി സർക്കാർ രൂപീകരിച്ച മോണിറ്ററിംഗ്, എക്സ്പെർട്ട് കമ്മിറ്റികൾ പരിശോധന പൂർത്തിയാക്കുന്നമുറയ്ക്ക് തസ്തികകൾ കണ്ടെത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവുണ്ടാകുന്നതും അംഗീകരിക്കപ്പെട്ട സംവരണ ടേൺ അനുസരിച്ച് പി.എസ്.സി. 4% ഭിന്നശേഷി സംവരണം നൽകിക്കൊണ്ട് നിയമനങ്ങൾ ആരംഭിക്കുന്നതുമാണ്. സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകളിൽ 4% ഭിന്നശേഷി സംവരണത്തിനായി സർക്കാർ ഉത്തരവാകുന്നമുറയ്ക്ക് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ സഹായം ലഭിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെയും

തസ്തികകൾ 4% ഭിന്നശേഷി സംവരണത്തിനായി കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് 4% ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിൽ പി.എസ്.സി. ചൂണ്ടിക്കാണിച്ച വിഷയങ്ങൾ പരിശോധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## വി-കെയർ പദ്ധതി

182 (1748) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള വി കെയർ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

അശരണരും നിരാലംബരും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നവരുമായ ഗുണഭോക്താക്കൾക്ക് ചികിത്സാ സഹായം അനുവദിക്കുന്നതിനുള്ള പദ്ധതിയാണ് വി-കെയർ. പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾ/അപകടങ്ങൾ വഴി കേൾവിശക്തി നഷ്ടപ്പെട്ട 5 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്യുന്നതിനായി വി-കെയർ പദ്ധതിവഴി ഇംപ്ലാന്റ് വാങ്ങി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ശ്രീ. രാജീവൻ പി. എം., പൂവത്ത് മീത്തൽ, പോന്മേരിപറമ്പിൽ, വില്ല്യാപ്പള്ളി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ശ്രീ. രാജീവൻ പി. എം., പൂവത്ത് മീത്തൽ, പോന്മേരിപറമ്പിൽ, വില്ല്യാപ്പള്ളി സമർപ്പിച്ച അപേക്ഷ 01-03-2022-ന് ലഭ്യമായിട്ടുണ്ട്. ഈ അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതിനായി വി-കെയറിന്റെ അടുത്ത മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ തീരുമാനത്തിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി**

183 (1749) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ അപേക്ഷ പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ശ്രുതിതരംഗം പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള

മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) പദ്ധതിക്ക് പ്രായപരിധി ബാധകമാണോ; അപേക്ഷകനെ തെരഞ്ഞെടുക്കുന്നതിന് കാലതാമസം നേരിടാറുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ബാധകമാണ്. ശ്രുതിതരംഗം പദ്ധതിപ്രകാരം നിലവിൽ 5 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കാണ് ആനുകൂല്യം ലഭ്യമാക്കുന്നത്. ലഭിക്കുന്ന അപേക്ഷകൾ കാലതാമസം നേരിടാതെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിക്ക് സമർപ്പിക്കുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നാളിതുവരെ ടി പദ്ധതിയിലൂടെ 1264 സർജറികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പുതുതായി ലഭിച്ച 9 അപേക്ഷകൾ മാത്രമേ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതായുള്ളൂ. ആയത് അടുത്ത് കൂടുന്ന സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## ശ്രുതി തരംഗം പദ്ധതി

184 (1750) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രുതിതരംഗം പദ്ധതിയിൽ നാളിതുവരെ എത്ര കുട്ടികൾക്ക് ആനുകൂല്യം ലഭിച്ചു; വിശദമാക്കാമോ?

ശ്രുതിതരംഗം പദ്ധതിയിൽ നാളിതുവരെ 1264 കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു+.

(ബി) ഈ പദ്ധതിയിൽ ഇതിനകം എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ?

ശ്രുതിതരംഗം പദ്ധതിയുടെ നടത്തിപ്പിനായി ഇതിനകം 66,92,98,879/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു+.

**ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനായുള്ള മെഡിക്കൽ ക്യാമ്പുകൾ**

185 (1751) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനായി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അത്തരത്തിലുള്ള ക്യാമ്പുകൾ ബ്ലോക്കടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്ന പ്രവർത്തനങ്ങൾ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തരമല്ല നടപ്പിലാക്കി വരുന്നത്. എന്നാൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരോഗ്യ വകുപ്പുമായി ചേർന്ന് 150 മുതൽ 200 അപേക്ഷകർക്ക് ഒരു വൈകല്യ നിർണ്ണയ ക്യാമ്പ് എന്ന നിലയിൽ അപേക്ഷകരുടെ താമസസ്ഥലത്തിന് പരമാവധി അടുത്തപ്രദേശത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ (പഞ്ചായത്ത്, ബ്ലോക്ക്, മുൻസിപ്പാലിറ്റി/കോർപ്പറേഷൻ) സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. UDID കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഏകോപിപ്പിച്ച് നടത്തുന്നതിന് സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ ചേരുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(സി) അർഹരായവർക്ക് ശ്രവണ സഹായി, മുച്ചക്ര വാഹനം ഉൾപ്പെടെയുള്ളവ അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന അർഹരായ ഭിന്നശേഷിക്കാർക്ക് ശ്രവണസഹായി, മുച്ചക്ര വാഹനം എന്നിവ സൗജന്യമായി അനുവദിച്ചുവരുന്നുണ്ട്.

**കാട്ടാക്കട കേന്ദ്രമായി ഭിന്നശേഷി സൗഹൃദ കേന്ദ്രം**

186 (1752) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രമായി ഭിന്നശേഷി (ഓട്ടിസം ഉൾപ്പെടെ) കുട്ടികൾക്കായി പുനരധിവാസ കേന്ദ്രവും സൗഹൃദ പാർക്കും ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനായുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

കാട്ടാക്കട കേന്ദ്രമായി ഭിന്നശേഷി പുനരധിവാസ സെന്ററും ഭിന്നശേഷി സൗഹൃദ പാർക്കും ഗാർഡനും നിർമ്മിക്കുന്നതിനായി 2022-23 ബഡ്ജറ്റ് സ്റ്റേറ്റ്മെന്റിൽ ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ട്. കാട്ടാക്കട

അമ്പലത്തിൻകാല സ്വദേശി ശ്രീ. ഗോവിന്ദൻ ആശാരി സ്വമേധയാ കാട്ടാക്കട പഞ്ചായത്തിന് കൈമാറി നൽകിയിട്ടുള്ള 50 സെന്റ് സ്ഥലത്ത് ഇപ്രകാരം ഒരു പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതിന്റെ പ്രായോഗികത പരിശോധിച്ചുവരുന്നു.

**വികലാംഗക്ഷേമ കോർപ്പറേഷൻ വഴി സഹായ ഉപകരണ വിതരണം**

187 (1753) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗ ക്ഷേമ കോർപ്പറേഷൻവഴി സഹായ ഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗ ക്ഷേമ കോർപ്പറേഷൻ സഹായ ഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചതിന്റെ വിശദവിവരം ചുവടെ കുറിക്കുന്നു.

1. 16-08-2021-ന് തൃശ്ശൂർ ജില്ലയിലെ പൂവത്തുരിൽവച്ച് നടന്ന ക്യാമ്പിൽ 13 ഇലക്ട്രോണിക് വീൽചെയറുകളും 108 ശ്രവണ സഹായികളും

അളവെടുത്ത് നിർമ്മിച്ച സഹായ ഉപകരണങ്ങളും വിതരണം ചെയ്തു.

2. 17-08-2021-ന് പാലക്കാട് ജില്ലയിൽവച്ച് നടന്ന ക്യാമ്പിൽ 20 ഇലക്ട്രോണിക് വീൽചെയറുകൾ വിതരണം ചെയ്തു.

3. 28-08-2021-ന് വയനാട്, 29-08-2021-ന് കാസർകോഡ്, 30-08-2021-ന് കണ്ണൂർ ജില്ലകളിലായി 41 ഇലക്ട്രോണിക് വീൽചെയറുകൾ വിതരണം ചെയ്തു.

4. 23-10-2021-ന് കോഴിക്കോട് ജില്ലയിൽവച്ച് നടന്ന ക്യാമ്പിൽ 17 ഇലക്ട്രോണിക് വീൽചെയറുകളും 59 ശ്രവണ സഹായികളും വിതരണം ചെയ്തു.

5. 02-01-2022-ന് ഇടുക്കി, 07-01-2022-ന് കോട്ടയം ജില്ലകളിലുമായി 11 ഇലക്ട്രോണിക് വീൽചെയറുകൾ വിതരണം ചെയ്തു.

6. 17-01-2022-ന് എറണാകുളം, 18-01-2022-ന് മലപ്പുറം ജില്ലകളിലായി 35 ഇലക്ട്രോണിക് വീൽചെയറുകൾ വിതരണം ചെയ്തു. ഇതിനുപുറമെ ഹെഡ് ഓഫീസ് മുഖേനയും എറണാകുളം, കോഴിക്കോട് റീജിയണൽ ഓഫീസുകൾവഴിയും സഹായ ഉപകരണങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഭിന്നശേഷിക്കാർക്ക് അനുവദിച്ചിട്ടുള്ള സഹായ ഉപകരണങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ പദ്ധതി നിർവ്വഹണത്തിനായി തുക അനുവദിക്കുന്നത് സംസ്ഥാനതലത്തിലാണ്.

(സി) വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി കൂടുതൽ സഹായ ഉപകരണ വിതരണ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉണ്ട്. 2022-2023 സാമ്പത്തിക വർഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള ഭിന്നശേഷി സഹായ ഉപകരണ വിതരണത്തിനായി 227 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**എൻഡോസൾഫാൻ ദുരിതബാധിതർ**

188 (1754) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത

വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതയെ കൊലപ്പെടുത്തി അമ്മ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൗരവമായി കാണുന്നുണ്ട്.

(ബി) എൻഡോസൾഫാൻ ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൻഡോസൾഫാൻ ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിനായി 5 ലക്ഷം രൂപ വീതം നഷ്ടപരിഹാര ധനസഹായം, പെൻഷൻ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് പ്രതിമാസം 1700/- രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് പ്രതിമാസം 2200/- രൂപയും) എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റ് രോഗികൾക്ക് പ്രതിമാസം 1200/- രൂപ വീതം ചികിത്സാ സഹായം, ദുരിതബാധിതരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം ധനസഹായം, ഭവന പദ്ധതി, ബാങ്ക് വായ്പ

എഴുതിത്തള്ളൽ, കുട്ടികൾക്ക് സ്കോളർഷിപ്പ് (ബഡ്സ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് 2000/- രൂപ വീതവും 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2000 രൂപ വീതവും 8 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 3000 രൂപ വീതവും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിലെ കുട്ടികൾക്ക് 4000 രൂപ വീതവും) എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. മുളിയാർ ഗ്രാമപഞ്ചായത്തിൽ എൻഡോസൾഫാൻ പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(സി) സുപ്രീംകോടതി നിഷ്കർഷിച്ച നഷ്ടപരിഹാരത്തുക അഞ്ച് വർഷമായിട്ടും കൊടുത്തുതീർക്കാൻ സാധിക്കാത്തതിൽ സുപ്രീം കോടതി സംസ്ഥാന സർക്കാരിനെ വിമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ അനർഹർ കടന്നുകൂടിയതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫീൽഡുതല അന്വേഷണത്തിന്റെ ഭാഗമായാണ് ധനസഹായം വിതരണം ചെയ്യുന്നതിന് നേരത്തെ അൽപം കാലതാമസം നേരിട്ടത്. എന്നാൽ ഇപ്പോൾ ഓൺലൈൻ പോർട്ടൽ മുഖേന ധനസഹായ വിതരണം ദ്രുതഗതിയിൽ നടന്നുവരുന്നു. നാളിതുവരെയായി 1758 ദുരിതബാധിതർക്കായി 68,35,50,000/- രൂപ (അറുപത്തിയെട്ട് കോടി

മുപ്പത്തിയഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ധനസഹായമായി നൽകിയിട്ടുണ്ട്. കൂടാതെ, 15-03-2022-ലെ സ.ഉ. (സാധാ) നം. 1877/2022/ധന. നമ്പർ ഉത്തരവ് പ്രകാരം, ദുരിതബാധിതരായ എല്ലാവർക്കും നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി 200 കോടി രൂപ അധിക ധനാനുമതി അനുവദിക്കുകയും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യരായ വ്യക്തികളെ ജില്ലാ കളക്ടർ കണ്ടെത്തുന്നമുറയ്ക്ക് 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 24-03-2022-ലെ സ.ഉ.(കൈ) നം. 4/2022/സാനീവ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ

189 (1755) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ,

ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും നിയോജകമണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എല്ലാ പദ്ധതികളും ജില്ലാതലത്തിൽ നടപ്പിലാക്കുന്നവയാണ്.

(ബി) 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും സാമൂഹ്യനീതി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പിലാക്കേണ്ട വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം സാമൂഹ്യനീതി വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ (ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ) ലഭ്യമാക്കാമോ?

(ബി&സി) വട്ടിയൂർക്കാവ് മണ്ഡലത്തിൽ തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ബാരിയർ ഫ്രീ സെൻസറി ഗാർഡൻ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബൗദ്ധിക വെല്ലുവിളി

നേരിടുന്നവർക്ക് വിനോദത്തിനും ഇന്ദ്രിയ വികാസത്തിനും ഉതകുന്ന പൊതുയിടങ്ങൾ സൃഷ്ടിക്കുക, അതിലൂടെ പൊതുയിടങ്ങളിലും നിരത്തുകളിലും ഇവർക്ക് ആയാസരഹിതമായ സഞ്ചാരത്തിനും പ്രവേശനത്തിനും തുല്യമായ അവകാശം ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാരിയർ ഫ്രീ പാർക്ക് സെൻസറി ഗാർഡൻ നിർമ്മിച്ചിട്ടുള്ളത്. പൊതുപാർക്കുകൾ ബാരിയർ ഫ്രീ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നതിന്റെ ഭാഗമായാണ് തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ഭിന്നശേഷി സൗഹൃദ ബാരിയർ ഫ്രീ പാർക്ക് നിർമ്മിച്ചിട്ടുള്ളത്. ടി പാർക്ക് നിർമ്മിക്കുന്നതിനായി 2019-20 വർഷത്തിൽ 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും തിരുവനന്തപുരം കോസ്റ്റ് ഫോർഡുമായി നിർമ്മാണ കരാർ ഒപ്പ് വയ്ക്കുകയും നിർമ്മാണം 2022-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പിന് കീഴിലുള്ള മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരം വട്ടിയൂർക്കാവ് മണ്ഡലം ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു[+].

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കാട് ജില്ലയിൽനിന്നും സാമൂഹ്യസുരക്ഷ മിഷനിലേയ്ക്ക് ലഭിച്ച അപേക്ഷകൾ

190 (1756) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷ മിഷനിൽനിന്നും ചികിത്സാ സഹായം ലഭിക്കുന്നതിനായി പാലക്കാട് ജില്ലയിൽനിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വി-കെയർ പദ്ധതിവഴി ചികിത്സാ സഹായം അനുവദിക്കുന്നതിനായി പാലക്കാട് ജില്ലയിൽനിന്നും 267 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചവയുടെയും സ്വീകരിച്ച നടപടികളുടെയും വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചവയുടെയും സ്വീകരിച്ച നടപടികളുടെയും വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പഠന വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടി

191 (1757) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഠന വെല്ലുവിളി നേരിടുന്ന കുട്ടികളും അവരുടെ കുടുംബവും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഈ കുട്ടികൾക്ക് ആവശ്യമായ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ നിയമനം, കൃത്യമായ മെഡിക്കൽ ബോർഡ് ചേരൽ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സഹകരണം എന്നിവ ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

2016-ലെ The Rights of Persons with Disabilities Act-ലെ 16-ാം വകുപ്പിലെ വ്യവസ്ഥകളുടെയും 56-ാം വകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ കുട്ടികളെ 8 വയസ്സുള്ളപ്പോൾ അതത് സ്കൂളുകളിൽത്തന്നെ ടീച്ചർമാർ സ്ക്രീൻ ചെയ്യുകയും ബുദ്ധിമുട്ട് കണ്ടെത്തുന്ന കുട്ടികളെ സ്കൂൾ അധികൃതർ പഠന വൈകല്യ നിർണ്ണയത്തിനായി ഡിസബിലിറ്റി ബോർഡിലേയ്ക്ക്

അയയ്ക്കേണ്ടതുമാണ്. സൈക്യാട്രിസ്റ്റ്/പീഡിയാട്രിഷൻ, ക്ലീനിക്കൽ/ റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ/ ഒക്യുപ്പേഷണൽ തെറാപിസ്റ്റ് എന്നിവരാണ് പഠനവൈകല്യ നിർണ്ണയത്തിനുള്ള ഡിസെബിലിറ്റി ബോർഡ് അംഗങ്ങൾ. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി 168 ബി.ആർ.സി.-കളിലായി മെഡിക്കൽ ക്യാമ്പ് നടത്തുന്നു. 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന 21 തരം വൈകല്യങ്ങളാണ് പരിശോധിക്കപ്പെടുന്നത്. വിദഗ്ദ്ധരായ ഡോക്ടർമാർ, ടെക്നീഷ്യന്മാർ, പാരാ-മെഡിക്കൽ സ്റ്റാഫ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന ക്യാമ്പിൽ കുട്ടികളുടെ വിവിധ തരത്തിലുള്ള വൈകല്യങ്ങൾ കണ്ടെത്തുന്നു. തുടർന്ന് മെഡിക്കൽ ബോർഡ് കൂടി വൈകല്യത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നു. കുട്ടികൾക്ക് ആവശ്യമായ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെ നിയമിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും നടപടികൾ സ്വീകരിക്കുന്നുണ്ട്. ഡിസെബിലിറ്റി ബോർഡുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. ഇതിന്റെ ഭാഗമായിത്തന്നെ പഠനവൈകല്യമുള്ള കുട്ടികൾക്കാവശ്യമായ പരിശോധനകൾ നടത്തി ആവശ്യമുള്ള കുട്ടികൾക്ക്

സർട്ടിഫിക്കറ്റുകൾ നൽകുന്നു. ആവശ്യമുള്ളപ്പോഴൊക്കെ പഠന വൈകല്യത്തിനുള്ള ബോർഡുകൾ കൂടുകയും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്. പാഠഭാഗങ്ങൾ, പഠന പ്രക്രിയ, പഠനബോധന ഉപകരണങ്ങൾ, മൂല്യനിർണ്ണയം തുടങ്ങിയവ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായി നൽകിവരുന്നു. കോവിഡ്-19 പശ്ചാത്തലത്തിൽ ഭിന്നശേഷി കുട്ടികൾക്കായി പാഠഭാഗങ്ങളുടെ വീഡിയോകൾ White Board എന്ന നാമത്തിൽ പ്രത്യേകം തയ്യാറാക്കി വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്തിട്ടുമുണ്ടായിരുന്നു. കൂടാതെ, പ്രസ്തുത വീഡിയോകൾ യൂട്യൂബിലും ലഭ്യമാണ്. ഇവ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രാദേശിക ഓൺലൈൻ കൂട്ടായ്മയിലൂടെയും കുട്ടികളിൽ എത്തിക്കുന്നു. 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ള കുട്ടികൾക്ക് അവരവരുടെ വൈകല്യത്തിനനുസരിച്ച് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അർഹതയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നു. സമഗ്ര ശിക്ഷ കേരള (SSK) വഴി നിയമിതരായിട്ടുള്ള പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്താൽ ഇത്തരം കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തി ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ വേണ്ട നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

പി.ഡബ്ല്യൂ.ഡി. ആക്ട് 1995, ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് 2016 എന്നിവയിൽ പറഞ്ഞിട്ടുള്ള പരീക്ഷ ആനുകൂല്യങ്ങളെല്ലാം പഠനവൈകല്യമുള്ള കുട്ടികൾക്ക് നൽകിവരുന്നു. പൊതുപരീക്ഷകളിൽ സ്ക്രൈബ്, ഇന്റർപ്രെട്ടർ ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധിക സമയവും ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും ലഭിക്കുന്നതാണ്. പഠനവൈകല്യമുള്ള കുട്ടികളിൽ ഡിസ്ഗ്രാഫിയ വിഭാഗത്തിന് ആവശ്യമെങ്കിൽ ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിൽ ഏതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കമ്പ്യൂട്ടർ വിദ്യാഭ്യാസം (b) ഹോർട്ടികൾച്ചർ (c) കേറ്ററിംഗ് (d) ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപ്പര്യമുള്ളവ തെരഞ്ഞെടുക്കേണ്ടതാണ്. ഒന്നാം ഭാഷയിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും 2 വിഷയങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. പഠനവൈകല്യമുള്ള കുട്ടികളിൽ ഡിസ്കാൽക്കുലിയ വിഭാഗത്തിന് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്. കണക്ക് വിഷയം ഒഴിവാക്കുന്ന

പരീക്ഷാർത്ഥികൾ പകരമായി കമ്പ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്സ്, വോക്കൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരീക്ഷ എഴുതേണ്ടതാണ്. സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പരീക്ഷ എഴുതാൻ തയ്യാറെടുത്ത പഠനവൈകല്യമുള്ള കുട്ടികൾക്കായി ആരോഗ്യം, വിദ്യാഭ്യാസം, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിവിധ താലൂക്ക്/ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രത്യേക മെഡിക്കൽ ബോർഡ് രൂപീകരിച്ച് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പഠന വെല്ലുവിളി നേരിടുന്ന 198 കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന യു.ഡി.ഐ.ഡി. കാർഡും ലഭ്യമാക്കിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം കോട്ടയം, എറണാകുളം, കണ്ണൂർ, വയനാട് തുടങ്ങിയ ജില്ലകളിൽ പഠന വെല്ലുവിളി നേരിടുന്ന കുട്ടികളുടെ IQ Test നടത്തുന്നതിന് ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരുടെയും റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റുമാരുടെയും സഹകരണത്തോടെ IQ പരിശോധനകൾ സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു.

## മെയിന്റനൻസ് ട്രൈബ്യൂണൽ

192 (1758) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മെയിന്റനൻസ് ട്രൈബ്യൂണലിൽ തീർപ്പാകാതെ കിടക്കുന്ന പരാതികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

31-05-2022-ലെ സ്ഥിതിവിവര കണക്കനുസരിച്ച് സംസ്ഥാനത്തെ 27 മെയിന്റനൻസ് ട്രൈബ്യൂണലുകളിലായി 4255 കേസ്സുകൾ തീർപ്പാക്കാനുണ്ട്.

(ബി) മക്കളിൽനിന്നും ജീവനാംശവും സംരക്ഷണവും ലഭിക്കാത്തതും സ്വത്ത് തട്ടിയെടുത്തത് സംബന്ധിച്ചുള്ളതുമടക്കം വയോധികർ നൽകുന്ന പരാതികൾ തീർപ്പാക്കുന്നതിൽ വേണ്ടത്ര വേഗതയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകൾ 90 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണെന്ന് വകുപ്പ് 5-ന്റെ ഉപവകുപ്പ് (4)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ

ആയത് 30 ദിവസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് മെയിന്റനൻസ് ട്രൈബ്യൂണലുകൾക്ക് അധികാരമുണ്ട്. മക്കളിൽനിന്നും ജീവനാംശവും സംരക്ഷണവും ലഭിക്കാത്തതും സ്വത്ത് തട്ടിയെടുത്തത് സംബന്ധിച്ചുള്ളതുമടക്കം വയോധികർ നൽകുന്ന പരാതികൾ പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ട്രൈബ്യൂണലുകൾ നടപടി സ്വീകരിക്കാറുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ കേസ്സുകൾ തീർപ്പാക്കാൻ കാലതാമസമുണ്ടാകാറുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007-ലെ വകുപ്പ് 6-ന്റെ ഉപവകുപ്പ് (5) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ചില കേസ്സുകളിൽ എതിർകക്ഷികൾ വിദേശത്താണ് താമസിച്ചുവരുന്നതെങ്കിൽ, നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയംവഴി സമൻസ് അയച്ചതിന്റെ മറുപടി ലഭ്യമാകുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിനും കാലതാമസം നേരിടാറുണ്ട്.

(സി) പരാതികൾ പരിഗണിക്കുന്നതിന്റെ ഭാഗമായി പലതവണ വിളിച്ചുവരുത്തുന്നത് ശാരീരിക പ്രയാസങ്ങൾ അനുഭവിക്കുന്ന വയോധികർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരാതിക്കാരായ മുതിർന്ന പൗരന്മാർ അവരുടെ ശാരീരിക ബുദ്ധിമുട്ടുകൾ മെയിന്റനൻസ് ട്രൈബ്യൂണൽ അധികാരിയെ അറിയിക്കുന്നപക്ഷം ടെക്നിക്കൽ അസിസ്റ്റന്റുമാർ നേരിട്ട് ഭവന സന്ദർശനം നടത്തിയോ, അതത് പരിധിയിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ മുഖേനയോ അന്വേഷണം നടത്താറുണ്ട്. ചില കേസ്സുകളിൽ മെയിന്റനൻസ് ട്രൈബ്യൂണൽ (RDO) നേരിട്ടും ഫീൽഡ് വിസിറ്റ് നടത്തി അന്വേഷണം നടത്താറുണ്ട്. കോവിഡ്-19 മൂലം വയോധികർക്ക് reverse quarantine നിർദ്ദേശിക്കപ്പെട്ട സാഹചര്യത്തിൽ ഓൺലൈൻ ഹിയറിംഗ് നടത്തി കേസ് തീർപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ വയോധികരുടെ പരാതികൾ അതിവേഗം തീർപ്പാക്കുന്നതിനും പരാതിക്കാർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകൾ അതിവേഗം തീർപ്പാക്കുന്നതിനും പരാതിക്കാരുടെ പ്രയാസങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമായി താലൂക്ക് തലത്തിലും മറ്റും അദാലത്തുകൾ

സംഘടിപ്പിച്ചുവരുന്നുണ്ട്. അത്യാവശ്യ സാഹചര്യങ്ങളിൽ ഓൺലൈനായും ഹിയറിംഗ് നടത്താറുണ്ട്. കൂടാതെ കേസ്സുകൾ പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിനും പരാതിക്കാരുടെ പ്രയാസങ്ങൾ കുറയ്ക്കുന്നതിനുമായി എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഒരു ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. കൺസീലിയേഷൻ ഓഫീസർമാരെ (അനുരഞ്ജന ഉദ്യോഗസ്ഥർ) ഉൾപ്പെടുത്തി കൺസീലിയേഷൻ പാനൽ രൂപീകരിച്ചിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസ കേന്ദ്രങ്ങൾ**

193 (1759) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കണക്കുകൾ പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹരായ എൻഡോസൾഫാൻ ദുരിതബാധിതരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര പേർക്ക് നാളിതുവരെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും എത്ര പേർക്ക് നൽകാൻ ശേഷിക്കുന്നുണ്ടെന്നും ആയത് എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും അറിയിക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ആകെ 6727 പേർ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ 102 പേർ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 24-06-2022 വരെ 3204 പേർക്ക് 5 ലക്ഷം രൂപ വീതവും 977 പേർക്ക് 3 ലക്ഷം രൂപ വീതവും നൽകിയിട്ടുണ്ട്. ഇനി 2444 പേർക്ക് 5 ലക്ഷം രൂപ വീതവും 977 പേർക്ക് 2 ലക്ഷം രൂപ വീതവും നൽകുവാനുണ്ട്. ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും അർഹതാപരിശോധനയ്ക്ക് വിധേയമായി അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി സർക്കാർ മേഖലയിൽ എത്ര പുനരധിവാസ കേന്ദ്രങ്ങൾ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

നിലവിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി സർക്കാർ പുനരധിവാസ കേന്ദ്രങ്ങളില്ല. എന്നാൽ, മൂളിയാർ ഗ്രാമപഞ്ചായത്തിൽ 25 ഏക്കർ സ്ഥലത്ത് വിശാലമായ ഒരു പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) എൻഡോസൾഫാൻ ദുരിതബാധിതയായ മകളെ കൊലപ്പെടുത്തി അമ്മ ജീവനൊടുക്കിയ സംഭവം ഗൗരവമായി കാണുന്നുണ്ടോ; ഇത്തരം

സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഗൗരവമായി കാണുന്നുണ്ട്. എൻഡോസൾഫാൻ ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിനായി 5 ലക്ഷം രൂപ വീതം നഷ്ടപരിഹാര ധനസഹായം, പെൻഷൻ, ചികിത്സാ സഹായം, ദുരിതബാധിതരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം ധനസഹായം, ഭവന പദ്ധതി, ബാങ്ക് വായ്പ എഴുതിത്തള്ളൽ, കുട്ടികൾക്ക് സ്കോളർഷിപ്പ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള മൂളിയാർ പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററായി ഉയർത്തുന്നതിന് തീരുമാനിക്കുകയും സാമൂഹ്യനീതി വകുപ്പിന് കൈമാറി കിട്ടിയ 6 ബഡ്സ് സ്കൂളുകളിൽ ആവശ്യമായ ജീവനക്കാരെയും ഉപകരണങ്ങളും കേരള സാമൂഹ്യസുരക്ഷാ മിഷൻവഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) രോഗികളായ മക്കളെ സുരക്ഷിതമായി ഏൽപ്പിച്ച് തൊഴിൽ തേടുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാത്തതും തങ്ങളുടെ മരണശേഷം

കുഞ്ഞുങ്ങൾ എങ്ങനെ ജീവിക്കുമെന്ന ആശങ്കയുമാണോ രക്ഷിതാക്കളെ ഇപ്രകാരമുള്ള നടപടികൾക്ക് പ്രേരിപ്പിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് നീതി ഉറപ്പാക്കുന്നതിനായി 5 ലക്ഷം രൂപ വീതം നഷ്ടപരിഹാര ധനസഹായം, പെൻഷൻ, ചികിത്സാ സഹായം, ദുരിതബാധിതരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം ധനസഹായം, ഭവന പദ്ധതി, ബാങ്ക് വായ്പ എഴുതിത്തള്ളൽ, കുട്ടികൾക്ക് സ്കോളർഷിപ്പ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററായി ഉയർത്തുന്നതിന് തീരുമാനിക്കുകയും സാമൂഹ്യനീതി വകുപ്പിന് കൈമാറി കിട്ടിയ 6 ബഡ്സ് സ്കൂളുകളിൽ ആവശ്യമായ ജീവനക്കാരെയും ഉപകരണങ്ങളും കേരള സാമൂഹ്യസുരക്ഷാ മിഷൻവഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനായുള്ള മുളിയാർ പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) സർക്കാർ മേഖലയിൽ ആവശ്യത്തിന് പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് എൻഡോസൾഫാൻ ദുരിതബാധിതരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

എൻഡോസൾഫാൻ ദുരിതബാധിതർക്കായി മൂളിയാർ ഗ്രാമപഞ്ചായത്തിൽ 25 ഏക്കർ സ്ഥലത്ത് വിശാലമായ ഒരു പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ട്രാൻസ്ജെൻഡർ സമൂഹത്തിന് പൊതുഇടങ്ങളിൽ തുല്യനീതി**

194 (1760) ശ്രീമതി ഉമ തോമസ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുയിടങ്ങളിൽ ട്രാൻസ്ജെൻഡറുകൾ പല രീതിയിലുള്ള വിവേചനങ്ങൾ നേരിടേണ്ടിവരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(ബി) ട്രാൻസ്ജെൻഡർ സമൂഹത്തിന് പൊതുയിടങ്ങളിൽ തുല്യനീതി ഉറപ്പാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

വിശദാംശം നൽകുമോ?

ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും അതുവഴി സാമൂഹികമായും സാംസ്കാരികമായും സാമ്പത്തികമായുമുള്ള ഉന്നമനം കൈവരിക്കാനും അവരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യംവച്ചുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിലുള്ള "മഴവില്ല്" എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. ട്രാൻസ്ജെൻഡർ സമൂഹത്തിന് പൊതുഇടങ്ങളിൽ തുല്യനീതി ഉറപ്പാക്കുന്നതിനും ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന വിവേചനങ്ങൾക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കും പരിഹാരം കാണുന്നതിനും തുല്യ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനും സമൂഹനിർമ്മാണ പ്രക്രിയയുടെ ഭാഗമായി പ്രവർത്തിക്കുന്ന വിവിധ വിഭാഗം സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് ട്രാൻസ്ജെൻഡർ വിഷയവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ ട്രാൻസ്ജെൻഡർമാർക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ട്രാൻസ്ജെൻഡർ ഹെൽപ് ലൈൻ (24X7) പ്രവർത്തിച്ചുവരുന്നുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക്

നേരെ നടക്കുന്ന അതിക്രമങ്ങൾ കാര്യക്ഷമമായി ക്രോഡീകരിക്കാനും വേണ്ടതരത്തിൽ നിയമനടപടികൾ കൈക്കൊള്ളാനും പോലീസിന്റെ സേവനം അത്യാവശ്യമായിടത്ത് എത്തിക്കാനും ഇതുവഴി സാധിക്കുന്നതാണ്.

(സി) കലൂർ മെട്രോ സ്റ്റേഷനിലേയ്ക്ക് പോകുകയായിരുന്ന കറുത്ത വസ്ത്രം ധരിച്ച രണ്ട് ട്രാൻസ്ജെൻഡറുകളെ പോലീസ് തടയുകയും ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്യുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

കലൂർ മെട്രോ സ്റ്റേഷനിലുള്ള കാൻസർ റിസർച്ച് ലാബിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് അതീവ സുരക്ഷ നൽകേണ്ട Z Plus കാറ്റഗറിയിലുള്ള മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിൽ തള്ളിക്കയറാൻ ശ്രമിച്ച രണ്ട് ട്രാൻസ്ജെൻഡർ വ്യക്തികളെ സുരക്ഷയുടെ ഭാഗമായി 151 Cr.PC പ്രകാരം നിയമാനുസരണം മുൻകരുതൽ അറസ്റ്റുചെയ്ത് യഥാസമയം സ്ഥലത്തുനിന്ന് നീക്കം ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ നിയമപരമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഇഷ്ടമുള്ള നിറത്തിലുള്ള വസ്ത്രം ധരിക്കാൻ ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമായ ഇത്തരം സംഭവങ്ങളിലൂടെ ട്രാൻസ്ജെൻഡർ വ്യക്തിത്വങ്ങൾ പൊതുസമൂഹത്തിൽ

അവഹേളിക്കപ്പെടുന്നത് ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഏതെങ്കിലും പ്രത്യേക ഉത്തരവ്/നിയമ പ്രകാരം ഡ്രസ്സ് കോഡ് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലൊഴികെ ഇഷ്ടമുള്ള നിറത്തിലുള്ള വസ്ത്രം ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിന്മേൽ നിയന്ത്രണങ്ങളൊന്നും നിലവിലില്ല. മാത്രമല്ല 22-09-2015-ലെ സ.ഉ (കൈ) നം.61/2015/സാനീവ പ്രകാരം അംഗീകാരം നൽകിയ സംസ്ഥാനത്തിന്റെ ട്രാൻസ്ജെൻഡർ നയത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരവരുടെ ഇഷ്ടപ്രകാരമുള്ള വസ്ത്രം ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിന് ഊന്നൽ നൽകുന്നുമുണ്ട്.

**കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിലെ വൃദ്ധസദനം**

195 (1761) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധസദനത്തിന്റെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിൽ കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം

പഞ്ചായത്തിൽ വൃദ്ധസദനത്തിനായി പണിതുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വൃദ്ധസദനം പ്രവർത്തനസജ്ജമായാൽ കോട്ടയം ജില്ലാ വൃദ്ധസദനമായി അംഗീകരിക്കാൻ തയ്യാറാകുമോ; ജില്ലാ വൃദ്ധസദനമാക്കുന്നതിന് പ്രത്യേക നിബന്ധനയുണ്ടോ; വിശദമാക്കാമോ?

നിലവിൽ കോട്ടയം ജില്ലയിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ തിരുവഞ്ചൂരിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ വൃദ്ധസദനം പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. സ്ഥലസൗകര്യങ്ങളുടെ പരിമിതി മൂലം 50 പേരെ പ്രവേശിപ്പിക്കേണ്ട സ്ഥാപനത്തിൽ ആകെ 25 പേർക്ക് മാത്രമാണ് പ്രവേശനം നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ 10-01-2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.3/2017/തസ്വഭവ. പ്രകാരം സാമൂഹ്യനീതി വകുപ്പിന് കൈമാറികിട്ടുകയും മുളക്കുളം പഞ്ചായത്തിൽ നിർമ്മാണം പുരോഗമിച്ചുവരുന്നതുമായ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് കോട്ടയത്തെ സർക്കാർ വൃദ്ധസദനത്തിന്റെ പ്രവർത്തനം മുളക്കുളത്തേയ്ക്ക് മാറ്റുന്നതിനാണ്

തീരുമാനിച്ചിട്ടുള്ളത്. നിലവിൽ ജില്ലാ വൃദ്ധസദനമാക്കുന്നതിന് പ്രത്യേക നിബന്ധനകൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ വൃദ്ധസദനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് 20-08-2016-ലെ G.O.(P) No.10/2016/SJD പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള സൗകര്യങ്ങൾ സർക്കാർ വൃദ്ധസദനങ്ങളിലും ഉറപ്പുവരുത്തേണ്ടതുണ്ട്.

(സി) ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് പുനർവിന്യാസം വഴി സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; കോട്ടയം ജില്ലയിൽ വകുപ്പിന് കീഴിൽ മറ്റ് വൃദ്ധസദനങ്ങളുണ്ടോ എന്നറിയിക്കാമോ?

കോട്ടയം ജില്ലയിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ തിരുവഞ്ചൂരിൽ സർക്കാർ വൃദ്ധസദനം പ്രവർത്തിച്ചുവരുന്നു. മുളക്കുളം പഞ്ചായത്തിൽ നിർമ്മാണം പുരോഗമിച്ചുവരുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് കോട്ടയത്തെ സർക്കാർ വൃദ്ധസദനത്തിന്റെ പ്രവർത്തനം മുളക്കുളത്തേയ്ക്ക് മാറ്റാൻ കഴിയും. കോട്ടയത്ത് തിരുവഞ്ചൂരിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ വൃദ്ധസദനത്തിലെ ജീവനക്കാരുടെ സേവനം മുളക്കുളത്തും തുടരുന്നതാണ്.

(ഡി) ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന വൃദ്ധസദനത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ നിർമ്മാണം നടന്നുവരുന്ന വൃദ്ധസദനത്തിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാർക്കിൻസൺ രോഗം ബാധിച്ചയാൾക്കുള്ള ചികിത്സാ ചെലവ്**

196 (1762) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗം ബാധിച്ചവർക്ക് സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും ചികിത്സാ ചെലവ് നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

മാരകരോഗം ബാധിച്ചവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വി-കെയർ പദ്ധതിവഴി ചികിത്സാ സഹായം അനുവദിച്ചുവരുന്നു. കൂടാതെ 18 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് കാൻസർ, മറ്റ് മാരകരോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്ക് കാൻസർ സുരക്ഷ, താലോലം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ആശുപത്രികൾ മുഖേന ചികിത്സാ സഹായം നൽകിവരുന്നുണ്ട്.

(ബി) മനോഹരൻ പി, പരവരിയിൽ ഹൗസ്, പന്നിക്കോട് പി.ഒ., (ഫയൽ നമ്പർ പി.9/905/2021/കെ.എസ്.എസ്.എം.) എന്ന പാർക്കിൻസൺ രോഗബാധിതനായ വ്യക്തിക്ക് ശസ്ത്രക്രിയ നടത്തുന്നതിന്

സഹായത്തിനായി നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ശ്രീ. മനോഹരൻ.പി, പരവരിയിൽ ഹൗസ്, പന്നിക്കോട് പി.ഒ. എന്ന വ്യക്തി പാർക്കിൻസൺ രോഗത്തിന്റെ ചികിത്സയ്ക്ക് ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷ വി-കെയർ പദ്ധതി മുഖേന ധനസഹായത്തിനായി പരിശോധിച്ചുവരുന്നു.

(സി) ധനസഹായം അടിയന്തരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം**

197 (1763) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതിവിധി പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഇതുവരെ എത്ര തുകയാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

സുപ്രീംകോടതി വിധിപ്രകാരം നാളിതുവരെ, എൻഡോസൾഫാൻ ദുരിതബാധിതരായ 1758 പേർക്ക് 68,35,50,000/- രൂപ (അറുപത്തിയെട്ട് കോടി മുപ്പത്തഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്. കോവിഡ് ധനസഹായ മാതൃകയിൽ ഓൺലൈൻ പോർട്ടൽ മുഖേനയാണ് ഈ ധനസഹായം നൽകിവരുന്നത്.

(ബി) ഈ ആവശ്യത്തിന് കേന്ദ്രസർക്കാരിൽനിന്നോ എൻഡോസൾഫാൻ നിർമ്മാണ കമ്പനിയിൽനിന്നോ സർക്കാരിന് തുക ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കേന്ദ്രസർക്കാരിൽനിന്നോ എൻഡോസൾഫാൻ നിർമ്മാണ കമ്പനിയിൽനിന്നോ സർക്കാരിന് യാതൊരു തുകയും ഈ ആവശ്യത്തിന് ലഭിച്ചിട്ടില്ല.

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം**

198 (1764) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ഇരകൾക്ക് 5 ലക്ഷം രൂപ വീതം

നഷ്ടപരിഹാരം നൽകണമെന്ന സുപ്രീം കോടതിയുടെ 2017-ലെ ഉത്തരവ് നാളിതുവരെ നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ അനർഹർ കടന്നുകൂടിയതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫീൽഡുതല അന്വേഷണത്തിന്റെ ഭാഗമായാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടത്. എന്നാൽ ഇപ്പോൾ ഓൺലൈൻ പോർട്ടൽ മുഖേന ധനസഹായ വിതരണം ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) മൂവായിരത്തി എഴുന്നൂറോളം എൻഡോസൾഫാൻ ഇരകൾക്ക് 5 ലക്ഷം രൂപ വീതം നൽകാൻ സുപ്രീം കോടതി നിർദേശിച്ചിട്ടും നാളിതുവരെ എട്ട് പേർക്ക് മാത്രം നഷ്ടപരിഹാരം നൽകാനുണ്ടായ കാരണം വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായം നടപ്പിലാക്കി നാളിതുവരെ 1758 പേർക്ക് 68,35,50,000/- രൂപ (അറുപത്തിയെട്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകിക്കഴിഞ്ഞു.

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും അർഹതപ്പെട്ട സഹായം അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും അർഹതാ പരിശോധനയ്ക്ക് വിധേയമായി അടിയന്തരമായി ധനസഹായം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും നാളിതുവരെ 1758 പേർക്ക് ധനസഹായം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 15-03-2022-ലെ സ.ഉ. (സാധാ) നം. 1877/2022/ധന. നമ്പർ ഉത്തരവുപ്രകാരം, ദുരിതബാധിതരായ എല്ലാവർക്കും നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി 200 കോടി രൂപയുടെ അധിക ധനാനുമതി ലഭിക്കുകയും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യരായ വ്യക്തികളെ ജില്ലാ കളക്ടർ കണ്ടെത്തുന്നമുറയ്ക്ക് 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 24-03-2022-ലെ സ.ഉ.(കൈ) 4/2022/സാനീവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ട്

199 (1765) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലേയ്ക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് എത്രയും വേഗം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദവിവരം അറിയിക്കാമോ?

പാറശ്ശാല കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനിലേയ്ക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും റോഡ് നവീകരിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി സർക്കാർ അംഗീകൃത ഏജൻസികളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനും റോഡ് നിർമ്മാണത്തിനുള്ള തുക എം.എൽ.എ. ഫണ്ടിൽനിന്നും ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതിനുമായി പാറശ്ശാല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിനെ മോഡൽ ടെസ്റ്റിംഗ് ഗ്രൗണ്ടായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ

പുരോഗതി അറിയിക്കാമോ?

പാറശ്ശാല ടെസ്റ്റിംഗ് ഗ്രൗണ്ടിനെ മോഡൽ ടെസ്റ്റിംഗ് ഗ്രൗണ്ടായി ഉയർത്തുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് 2016 മുതൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം, ചെലവഴിച്ച തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാമോ?

3,52,50,561/- രൂപ (മൂന്ന് കോടി അമ്പത്തിരണ്ട് ലക്ഷത്തി അമ്പതിനായിരത്തി അഞ്ഞൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) ചെലവഴിച്ചാണ് പാറശ്ശാലയിൽ ഹെവി വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ളത്. ആയതിനോടനുബന്ധിച്ച് സേവനങ്ങൾക്കായി എത്തുന്നവർക്ക് വിശ്രമിക്കുന്നതിനായി വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചിട്ടുണ്ട്.

## സ്കൂൾ ബസ്സുകൾ സർവ്വീസ് നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

200 (1766) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ ബസ്സുകൾ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(എ&ബി) ഉണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ വാഹനയാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി നടത്തേണ്ട പരിശോധനകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. കൂടാതെ, സ്കൂൾ ബസ്സുകളിൽ കയറ്റാവുന്ന കുട്ടികളുടെ എണ്ണം, വാഹനത്തിന്റെ ഫിറ്റ്നസ് മുതലായവ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിനും കുട്ടികൾ സഞ്ചരിക്കുന്ന വാഹനങ്ങളിലെ ജീവനക്കാരുടെ സ്വഭാവം വിലയിരുത്തി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ അധികാരികളുടെ സഹായം തേടുന്നതിനും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മോട്ടോർ വാഹന വകുപ്പ് നിരന്തരമായ വാഹന പരിശോധനകളും സ്പെഷ്യൽ ഡ്രൈവുകളും നടത്തി നിയമലംഘകർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## കെ.എസ്.ആർ.ടി.സി - സ്വിഫ്റ്റ് കമ്പനി

201 (1767) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനി ആരംഭിച്ചത് എന്നാണ്; ഇതിനായി സർക്കാരും കെ.എസ്.ആർ.ടി.സി-യും മുടക്കിയ തുക എത്രയാണ്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

09-11-2021-ൽ രജിസ്ട്രേഷൻ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്താണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി ആരംഭിച്ചത്. 19-03-2022-ലെ

സ.ഉ.(കൈ) നം. 5/2022/TRANS പ്രകാരം 2.875 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കോടി രൂപ ഷെയർ കാപ്പിറ്റലാണ്.

(ബി) കെ-സ്വിഫ്റ്റ് ബസ്സുകൾ ആരംഭിച്ചതുമുതൽ നാളിതുവരെ എത്ര സർവ്വീസുകൾ നടത്തിയിട്ടുണ്ട്; ഇതിൽനിന്നും ലഭിച്ച ആകെ വരുമാനം എത്ര; നാളിതുവരെ എത്ര തുക ചെലവ് വന്നിട്ടുണ്ട്; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ആരംഭിച്ചതുമുതൽ 27-06-2022 വരെ 2613 സർവ്വീസുകൾ നടത്തിയിട്ടുണ്ട്. ആകെ വരുമാനം 12,44,69,509/- രൂപ (27-06-2022-ലെ കണക്കനുസരിച്ച്). കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി രൂപീകരണം, ഉദ്യോഗസ്ഥരുടെ ശമ്പളം, ഉദ്ഘാടന ചെലവുകൾ, വാഹന രജിസ്ട്രേഷൻ, മറ്റ് അനുബന്ധ ചെലവുകൾ എന്നീ ഇനങ്ങളിലായി നാളിതുവരെ ഏകദേശം 2.02 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന വകയിൽ, കിലോമീറ്റർ ഉപഭോഗത്തിന് നൽകേണ്ട വാടക സംബന്ധിച്ച അന്തിമ കരാർ പൂർത്തിയാകാത്തതിനാൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ദൈനംദിന പ്രവർത്തന ചെലവുകൾക്കായി 1.75 കോടി രൂപ കൂടി വാടക ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾക്ക്

സർവ്വീസ് നടത്തുന്നതിനായി ഡീസൽ നൽകിയ വകയിൽ നാളിതുവരെ ഏകദേശം 3.65 കോടി രൂപയോളം ചെലവ് വന്നിട്ടുണ്ട്.

(സി) കെ-സ്വിഫ്റ്റിന്റെ വരുമാനത്തിൽനിന്നും നിശ്ചിത ശതമാനം തുക കെ.എസ്.ആർ.ടി.സി.-ക്ക് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ വരുമാനം പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിൽ തന്നെയാണ് ഒടുക്കുന്നത്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ലീസ് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യാണ് നടത്തുന്നത്. ഇതിന് പ്രതികിലോമീറ്റർ അടിസ്ഥാനത്തിൽ ലീസിന്റെ ചെലവ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് നൽകുന്നുണ്ട്. വരുമാനം കെ.എസ്.ആർ.ടി.സി.-യിലാണ് അടയ്ക്കുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി-യുടെ എന്തെല്ലാം സൗകര്യങ്ങൾ കെ-സ്വിഫ്റ്റിനുവേണ്ടി ഉപയോഗിക്കുന്നുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

11-12-2021-ലെ സ.ഉ.(കൈ) നം. 58/2021/TRANS എന്ന സർക്കാർ ഉത്തരവുപ്രകാരം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഉടമസ്ഥതയിൽ

ബസ്സുകളുടെ സർവ്വീസ് ഓപ്പറേഷൻസ് നിർവ്വഹിക്കുന്നത് കെ.എസ്.ആർ.ടി.സി.-യാണ്. ഇതിനാവശ്യമായ സൗകര്യങ്ങളെല്ലാം ഉപയോഗിക്കുന്നുണ്ട്. എന്നാൽ ബസ് ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ഡ്രൈവർ-കം-കണ്ടക്ടറിനെ നിയോഗിക്കുന്നത് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ആണ്. കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനും റൂട്ടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസുകൾക്കായി ഉപയോഗിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. സർവ്വീസ് ആയാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ഓപ്പറേറ്റ് ചെയ്യുന്നത്. ബസ്സും ക്രൂവും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലഭ്യമാക്കി കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിവരുന്നു. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസ് നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും കെ.എസ്.ആർ.ടി.സി.-യുടേതാണ് ഉപയോഗിക്കുന്നത്. കിലോമീറ്റർ അടിസ്ഥാനത്തിൽ വാടക നൽകിയാണ് ബസ്സും ക്രൂവും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലഭ്യമാക്കിയിരിക്കുന്നത്.

## വി.വി.ഐ.പി. വാഹനങ്ങളുടെ വേഗപരിധി

202 (1768) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപ്രകാരം വാഹനങ്ങളുടെ വേഗപരിധി എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഓരോ വാഹനത്തിന്റെയും വേഗപരിധി സംബന്ധിച്ച് വിശദാംശം നൽകുമോ?

28-02-2014-ലെ ജി.ഒ.(പി)നം.20/2014/ട്രാൻ. വിജ്ഞാപനം (S.R.O.No.192/2014) പ്രകാരം ഓരോതരം വാഹനത്തിന്റെയും വേഗപരിധി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) മുഖ്യമന്ത്രി, മന്ത്രിമാർ, ഡി.ജി.പി, ചീഫ് സെക്രട്ടറി തുടങ്ങിയവർ ഉപയോഗിക്കുന്ന ഔദ്യോഗിക വാഹനങ്ങൾക്ക് വേഗപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി, മന്ത്രിമാർ, ഡി.ജി.പി, ചീഫ് സെക്രട്ടറി തുടങ്ങിയവർ ഉപയോഗിക്കുന്ന ഔദ്യോഗിക വാഹനങ്ങൾക്ക് പ്രത്യേകമായി വേഗപരിധി നിശ്ചയിച്ചിട്ടില്ല.

(സി) വി.വി.ഐ.പി.-കൾക്ക് യാത്ര ഒരുക്കുന്ന അവസരത്തിൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഗതാഗത വകുപ്പ് എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ?

വി.വി.ഐ.പി.-കൾക്ക് സുരക്ഷിതവും സുഗമവുമായ യാത്ര ഒരുക്കുന്നതിനായി ട്രാഫിക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചുമതല പോലീസിനാണ്.

**പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

203 (1769) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തിലെയും മലയോര മേഖലയിലെയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെയും പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പുതിയതായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി. ഗ്രാമീണ മേഖലയിൽ കൂടുതൽ സർവ്വീസുകൾ നടപ്പിലാക്കുന്നതിനായി 'ഗ്രാമവണ്ടി' എന്ന നൂതന പദ്ധതി

ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി ആരംഭിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി ഇത്തരത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ, കൊല്ലയിൽ പഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ ഏറനാട് പഞ്ചായത്ത്, കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആദ്യഘട്ടം ആരംഭിക്കുന്നതിന് നടപടികൾ പൂർത്തിയായിവരുന്നു. ഗ്രാമീണ മേഖലയിലേയ്ക്കും ഒറ്റപ്പെട്ട പ്രദേശങ്ങളിലേയ്ക്കുമുള്ള സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും സഹകരണത്തോടെയും നടപ്പിലാക്കുന്നതിനും കൂടുതൽ യാത്രാസൗകര്യം ലഭ്യമാക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ ഡീസൽ ചെലവ് തുകമാത്രം തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കിക്കൊണ്ട് ബാക്കി ചെലവുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത് കൂടുതൽ മേഖലകളിലേയ്ക്ക് സർവ്വീസുകൾ നടത്താൻ ലക്ഷ്യമിടുന്നു. കേരളത്തിലെ ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലെ ഉൾനാടൻ ജലപാതകളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് ബോട്ട് സർവ്വീസുകൾ നടത്തിവരുന്നു. പൊതുഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്ന കുട്ടനാട്, പെരുമ്പളംപോലെയുള്ള ഒറ്റപ്പെട്ട

പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തടി, സ്റ്റീൽ, ഫൈബർ ബോട്ടുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തിവരുന്നു. ടി ബോട്ടുകൾ ഉപയോഗിച്ച് പാസഞ്ചർ, പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ്, ആംബുലൻസ് സർവ്വീസ്, വാട്ടർ ടാക്സി സർവ്വീസ് എന്നിവ നടത്തുന്നു. ഉൾനാടൻ ജലഗതാഗത മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിന്റെയും ചെലവ് കുറഞ്ഞതും ഏറ്റവും സുരക്ഷിതവും എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ യാത്രാമാർഗ്ഗം പൊതുജനങ്ങൾക്ക് നൽകുകയെന്ന ആശയം നടപ്പിലാക്കുന്നതിന്റെയും ഭാഗമായി ജലഗതാഗത വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ ഒന്നാണ് 100, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള കാറ്റമറൈൻ ബോട്ടുകൾ. IRS നിലവാരത്തിൽ പൂർത്തീകരിച്ചിട്ടുള്ള ഈ ജലയാനത്തിന് 10 നോട്ടിക്കൽ മൈൽ വേഗത കൈവരിക്കാനാകും. 2 ഹള്ളും ഡക്കുമായി ബന്ധിപ്പിച്ചിട്ടുള്ളതും ശബ്ദരഹിതവും 100% യാത്രക്കാർക്കും ലൈഫ്ജാക്കറ്റുകളും സുരക്ഷാ ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുള്ളതുമായ ടി ബോട്ടിൽ സുരക്ഷിതയാത്ര ഉറപ്പുവരുത്തുന്നു. ഇത്തരത്തിലുള്ള 4 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് സർവ്വീസിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തികച്ചും പരിസ്ഥിതി സൗഹൃദവും മലിനീകരണ വിമുക്തവും ഒരേസമയം സൗരോർജ്ജ/വൈദ്യുത ബോട്ടിന്റെയും വെള്ളപ്പൊക്ക സമയത്തും മറ്റും മറ്റ്

ബോട്ടുകൾക്ക് എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ എത്തി രക്ഷാപ്രവർത്തനം നടത്തുന്നതിനായി രൂപകല്പന ചെയ്ത ഡിങ്കി ബോട്ടുകളുടെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്. റോഡ് ഗതാഗതത്തിൽ ടാക്സി സംവിധാനങ്ങളുണ്ടെങ്കിലും ജലഗതാഗതത്തിൽ ഇത്തരം സർവ്വീസുകളില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ത്യയിലെതന്നെ ആദ്യ സംരംഭമെന്ന നിലയിൽ 4 വാട്ടർ ടാക്സി നിർമ്മാണം ആരംഭിക്കുകയും ഇവയിൽ ആദ്യത്തെ ബോട്ട് സർവ്വീസ് 15-10-2020-ലും രണ്ടാമത്തേത് 04-01-2021-ലും ആരംഭിച്ചിട്ടുണ്ട്. ടി രണ്ട് വാട്ടർ ടാക്സികൾ ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലും സർവ്വീസ് നടത്തിവരുന്നു. മണിക്കൂറിൽ 30 കി.മീ. വേഗത കൈവരിക്കാവുന്ന ഡീസൽ ഔട്ട്ബോർഡ് എഞ്ചിൻ സ്ഥാപിച്ചിട്ടുളളതിനാൽ പൊതുജനങ്ങൾക്ക് റോഡ് മാർഗ്ഗം എന്ന പോലെതന്നെ ജലത്തിലൂടെയും വളരെ പെട്ടെന്ന് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് എത്തിച്ചേരാൻ വാട്ടർ ടാക്സി സേവനം ലഭിക്കുന്നതാണ്. വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുതകും വിധമുള്ള താരതമ്യേന ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ 30 പാസഞ്ചർ

കപ്പാസിറ്റിയുള്ള സൗരോർജ്ജ ബോട്ടുകൾ നിർമ്മിക്കുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു.

## വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി

204 (1770) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ നിരത്തുകളിൽ അനിയന്ത്രിതമായ വാഹനപ്പെരുപ്പം ഉണ്ടാകുന്നുണ്ട്. ഇത് ഗതാഗതകുരുക്കും അപകടങ്ങളും സൃഷ്ടിക്കുക മാത്രമല്ല വിലയേറിയ സമയവും നഷ്ടപ്പെടുത്തുന്നു. മോട്ടോർ വാഹന നിയമം ലംഘിക്കുന്നതിനെതിരെ നടത്തിവരുന്ന കർശന പരിശോധന ചെറിയ തോതിൽ ഇതിന് പരിഹാരമാകുന്നുണ്ട്. എന്നാൽ പുതുതായി വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് നിയന്ത്രിക്കുന്നതിനായി പൊതുഗതാഗതം മെച്ചപ്പെടുത്തണം. സിൽവർലൈൻ പോലെയുള്ള നൂതന പദ്ധതികൾ ഈ വിഷയം അഭിസംബോധന ചെയ്യുന്നവയാണ്. സ്കൂൾ, കോളേജ്, ഓഫീസുകൾ

എന്നിവിടങ്ങളിലേയ്ക്കുള്ള യാത്ര പൊതുഗതാഗത സംവിധാനത്തിൽ കൊണ്ടുവരേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിവരുന്ന BOND സമ്പ്രദായം ഇതിനൊരു പരിഹാരമാണ്. KSRTC, KTDFC, Motor Vehicles Department എന്നിവ ചേർന്ന് ഇലക്ട്രിക് ഓട്ടോറിക്ഷകൾ നിരത്തിലിറക്കി "ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി" സാധ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജി.പി.എസ്. ട്രാക്കിംഗ്, റൂട്ട് മാനേജ്മെന്റ് സിസ്റ്റം എന്നിവ സംയോജിപ്പിച്ച് ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുക വഴി പൊതുജനങ്ങൾക്ക് യാത്രാ സംവിധാനത്തിന്റെ കൃത്യത അറിയുന്നതിന് സാധിക്കും. അതുവഴി പൊതുഗതാഗതം പ്രയോജനപ്പെടുത്തി നിരത്തുകളിൽ വാഹനങ്ങളുടെ എണ്ണം കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

**വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

205 (1771) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(1) സേഫ് കേരള പദ്ധതി.

സംസ്ഥാനത്തെ ഗതാഗത നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സേഫ് കേരള'. സേഫ് കേരള പദ്ധതി ആവിഷ്കരിക്കുക വഴി റോഡ് സുരക്ഷയ്ക്കാവശ്യമായ എൻഫോഴ്സ്മെന്റ് ഘടകം ഉറപ്പുവരുത്തി പ്രതിവർഷം 10% വരെ അപകടങ്ങൾ കുറയ്ക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

(2) ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

മുൻവർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അപകടങ്ങൾ അപഗ്രഥിച്ച് സംസ്ഥാനത്തെ ഏറ്റവും അപകട സാധ്യത കൂടിയ ഇടങ്ങളായ 'ബ്ലാക്ക്സ്പോട്ട്' -കൾ കണ്ടെത്തി കേരള റോഡ് സുരക്ഷാ അതോറിറ്റിയും പോലീസും പൊതുമരാമത്ത് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധന നടത്തി, റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ

പദ്ധതികൾ തയ്യാറാക്കി റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നു.

(3) സുരക്ഷാ വീഥി

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.ടി.പി. മുഖാന്തരം മറ്റ് ജില്ലകളായ എറണാകുളം, കൊല്ലം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ സുരക്ഷാ വീഥി നടപ്പിലാക്കിവരുന്നു.

(4) സ്കൂൾ സുരക്ഷാ മേഖല

കുട്ടികൾക്ക് സ്കൂളിലേയ്ക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് 'സ്കൂൾ സോൺ ഇംപ്രൂവ്മെന്റ് '. സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനുംവേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ് എന്നിവ നിർമ്മിക്കുന്നതിനും ആവശ്യമായ സൈൻ

ബോർഡുകളും മാർക്കിംഗുകളും നടപ്പിലാക്കുന്നതിനുമാണ് ടി പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കാൽനട യാത്രക്കാരും സ്കൂൾ കുട്ടികളും ഉൾപ്പെടുന്ന അപകടങ്ങൾ കുറയ്ക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കും.

(5) ഡിഫൻഡർ ട്രോമ കിറ്റ്

ട്രാഫിക് അപകടങ്ങളിൽപ്പെടുന്നവർക്ക് പ്രാഥമിക ശുശ്രൂഷ നൽകി ജീവൻ രക്ഷിക്കാൻ ഹൈവേ പട്രോളിംഗ് വാഹനങ്ങളിൽ 'ഡിഫൻഡർ ട്രോമ കിറ്റ്' സ്ഥാപിക്കുന്നതിന് റോഡ് സുരക്ഷാ ഫണ്ട് നൽകിയിട്ടുണ്ട്.

(6) എൻഫോഴ്സ് ഏജൻസികൾക്ക് സാമ്പത്തിക പിന്തുണ

എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിനും മോട്ടോർവാഹന വകുപ്പിനും കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ഫണ്ട് നൽകിവരുന്നു. ശരിയായ ഹൈവേ പട്രോളിംഗ് ഉറപ്പാക്കാൻ വാഹനങ്ങൾ വാങ്ങുന്നതിനും പോലീസ് വകുപ്പിന് ഫണ്ടുണ്ട്.

(7) ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം., ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡുസുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികളും നടത്തി വരുന്നു.

മഴക്കാലത്ത് സംഭവിക്കുന്ന റോഡപകടങ്ങൾ ഒഴിവാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പ്രചാരണ പരിപാടിയാണ് 'ഓപ്പറേഷൻ റെയിൻബോ'. പൊതുജന താൽപ്പര്യാർത്ഥം മഴക്കാലത്ത് റോഡപകടം കുറയ്ക്കാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകുന്ന സന്ദേശങ്ങൾ അച്ചടി, ശ്രവണ മാധ്യമങ്ങൾ വഴി നൽകിവരുന്നു. കാൽനട/സൈക്കിൾ യാത്രക്കാർ, ഇരുചക്ര വാഹനക്കാർ, ഓട്ടോ, കാർ/മറ്റ് സ്വകാര്യ വാഹനയാത്രക്കാർ എന്നിവർ മഴക്കാലത്ത് പാലിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ മാർഗ്ഗരേഖയാണിത്.

(8) <u>റോഡ് സുരക്ഷാ വാരാചരണം</u>

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനുമുതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച മറയ്ക്കുന്നതരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന ബോർഡുകൾ/ഫ്ലക്സുകൾ/ഹോർഡിംഗുകൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തിയും നടത്തിവരുന്നു.

(9) <u>മറ്റ് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ</u>

വിവിധ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ അഭ്യർത്ഥന പ്രകാരം പെഡസ്ട്രിയൻ ക്രോസിംഗ്, ബസ് ബേകൾ, സീബ്രാ ക്രോസിംഗുകൾ, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽ ലൈറ്റുകൾ, സൈൻ ബോർഡുകൾ, ഫുട്പാത്ത്, ഹാൻഡ് റെയിൽ മുതലായവയ്ക്ക് റോഡ് സുരക്ഷാ ഫണ്ട് നൽകിവരുന്നു. അപകട സാധ്യത മേഖലകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്, മോട്ടോർ വാഹന വകുപ്പ് ഓണിംഗ് ഏജൻസികളായ പൊതുമരാമത്ത് (റോഡ്സ്), പൊതുമരാമത്ത് (ദേശീയ പാത) എന്നിവർ സംയുക്തമായി പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷം എത്ര വാഹന അപകടങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

2021 കലണ്ടർ വർഷം 33296 വാഹന അപകടങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## റോഡ് സേഫ്റ്റി ഫണ്ട്

206 (1772) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ അനുവദിക്കുന്നതിനായി കോട്ടയം ജില്ലയിൽനിന്ന് പുതിയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

കോട്ടയം ജില്ലയിൽനിന്ന് പുതിയ പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ല.

## വിദ്യാ വാഹൻ പദ്ധതി

207 (1773) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിദ്യാ വാഹൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളുടെയും വാഹന പരിശോധനാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷിതയാത്ര ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 'വിദ്യാ വാഹൻ' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ അധിഷ്ഠിത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തോടുകൂടി സ്കൂൾ അധികൃതർക്കും രക്ഷകർത്താക്കൾക്കും പ്രസ്തുത ആപ്ലിക്കേഷന്റെ സേവനം ലഭ്യമാകുന്നതാണ്.

(ബി) മുഴുവൻ സ്കൂൾ വാഹനങ്ങളിലും വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം, സ്പീഡ് ഗവർണർ എന്നിവ ഘടിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) സ്കൂൾ വിദ്യാർത്ഥികളുടെ വാഹനയാത്ര സുരക്ഷിതമാക്കാൻ മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ നൽകാമോ?

സ്കൂൾ വിദ്യാർത്ഥികളുടെ വാഹനയാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി നടത്തേണ്ട പരിശോധനകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. കൂടാതെ, സ്കൂൾ ബസ്സുകളിൽ കയറ്റാവുന്ന കുട്ടികളുടെ എണ്ണം, വാഹനത്തിന്റെ ഫിറ്റ്നസ് മുതലായവ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിനും കുട്ടികൾ സഞ്ചരിക്കുന്ന വാഹനങ്ങളിലെ ജീവനക്കാരുടെ സ്വഭാവം വിലയിരുത്തി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ അധികാരികളുടെ സഹായം തേടുന്നതിനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ ലാഭത്തിലാക്കാൻ നടപടികൾ**

208 (1774)ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ ലാഭത്തിലാക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

കോവിഡ് മഹാമാരിയെ തുടർന്നുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച്, സ്ഥാപനത്തെ കൂടുതൽ ലാഭത്തിലാക്കുന്നതിനായി ഈ സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കൺസോർഷ്യം, വായ്പ തിരിച്ചടവ് എന്നീ സുപ്രധാന ആവശ്യങ്ങൾക്കായി വായ്പയായി 2037.51 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, 2021-22 സാമ്പത്തിക വർഷത്തിൽ നാല് പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി നൽകിയ 50

കോടി രൂപ വിനിയോഗിച്ച് സൂപ്പർ ക്ലാസ് ബസ്സുകൾ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങി, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന അന്തർസംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയാണ്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, സ്ഥിരയാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്ന ബസ്സ് ഓൺ ഡിമാൻഡ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ

പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യവിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര ഉൾപ്പെടെ നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മാത്രമല്ല ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് വായ്പാ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വായ്പാവിഹിതത്തിൽനിന്നും നാളിതുവരെ 388.56 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രാൻ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാവുകയും തദ്വാര ബസ് ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 72 സിംഗിൾ ഡ്യൂട്ടികളും 1300

പന്ത്രണ്ട് മണിക്കൂർ സ്പ്രാൻ ഡ്യൂട്ടികളും നടത്തിവരുന്നുണ്ട്. സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടെയും ട്രിപ്പ് വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്താൻ കഴിഞ്ഞു. ഇത്തരത്തിൽ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോഫ്ലോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകവഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാകുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും അന്തരീക്ഷ മലിനീകരണവും ഒഴിവാക്കുന്നതിനും കഴിഞ്ഞു. ദീർഘദൂര സർവ്വീസുകളുടെ ക്രോണോളജി

പരിശോധിച്ച് അനാവശ്യ സർവ്വീസുകൾ കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും ചെയ്തതിൽനിന്നും എല്ലാ സൂപ്പർക്ലാസ് ബസ്സുകളുടെയും യാത്രക്കാർ വർദ്ധിക്കുകയും അനാവശ്യ ബസ്സുകളും കിലോമീറ്ററും കുറയ്ക്കുകയും തദ്വാര ഡീസൽ ഉപയോഗം കുറയ്ക്കുകയും ചെയ്തു. ഒരു ദിവസം 8 മണിക്കൂർ സ്റ്റിയറിംഗ് സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കുന്ന സിംഗിൾ ഡ്യൂട്ടി സമ്പ്രദായം പ്രാരംഭഘട്ടത്തിൽ വളരെയധികം വരുമാനക്കുറവുള്ള സർവ്വീസുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നത് ഉൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 71 ശതമാനത്തിൽനിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റ് അനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര-തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ്

സർവ്വീസുകൾ ആരംഭിച്ചതിൽ നിലവിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇത്തരം പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ-കം-കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കാൻ കഴിയും. ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കാൻ നിലവിൽ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം, വി.എൽ.റ്റി.ഡി. എന്നിവ ബസ്സുകളിൽ സ്ഥാപിക്കുകവഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസ്സിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാധ്യമാക്കും.

ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടെയും ഭാവി സാധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാനലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരവും പുതുക്കിയ സേവനവേതന കരാർ പ്രകാരവും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 അനുസരിച്ചും ഷെഡ്യൂൾ പരിഷ്കരണം നടപ്പാക്കിയും ജീവനക്കാരുടെ ഉപയോഗം കാര്യക്ഷമമാക്കിയും കൂടുതൽ സർവ്വീസുകൾ തുടങ്ങുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതാണ്. ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ അധികംവരുന്ന ബസ്സുകൾ യൂണിറ്റുകൾക്ക് നൽകിയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു. സർവ്വീസ് ഓപ്പറേഷനിലൂടെ ലഭ്യമാകുന്ന

വരുമാനത്തിലുപരിയായി സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി വിഭാഗത്തിന്റെ നേതൃത്വത്തിൽ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്ത് സർവ്വീസിതര വരുമാനം ലഭ്യമാക്കി കോർപ്പറേഷനെ ലാഭത്തിലാക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി

പദ്ധതി പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

- പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.
- വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും.
- ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യാൻ സാധിക്കും.

ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും

ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടെയും കളക്ഷൻ വിവരങ്ങളും ഓരോ ബസ്സിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യാനും സാധിക്കും. വിവിധതരം പാസ്സുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്.

ഓൺലൈൻ റിസർവേഷൻ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. മെക്കാനിക്കൽ വിഭാഗം

ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് മെയിന്റനൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റി ആവശ്യാർത്ഥം മാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി Prof. Susheel Khanna-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതാത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം

ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാർ അടിസ്ഥാനത്തിൽ നിയമിക്കുകവഴി മാനേജ്മെന്റ് ശാക്തികരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം 3 ചാർട്ടേഡ് അക്കൗണ്ടന്റ്/ കോസ്റ്റ് അക്കൗണ്ടന്റ് എന്നിവരെ നിയമിക്കുകയുണ്ടായി. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ (F&A), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻ) എന്നീ തസ്തികകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരെ നിയോഗിച്ചിരുന്നു. ഐ.ടി, ഫിനാൻസ്, എച്ച്.ആർ. എന്നീ വിഭാഗങ്ങളിലേയ്ക്ക് ഡെപ്യൂട്ടി ജനറൽ മാനേജർമാർ, ജനറൽ മാനേജർ (ടെക്നിക്കൽ) എന്നീ തസ്തികകളിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ജനറൽ മാനേജർ (ഫിനാൻസ്) തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു. ഇത്തരത്തിൽ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം

കോർപ്പറേഷനെ മൂന്ന് (3) സ്വയം പര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | സെൻട്രൽ വർക്സ്, പാപ്പനംകോട് |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

വരുമാന വർദ്ധനവ് വരുത്തുക എന്നതിനോടൊപ്പം, കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണം കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ് പ്രവർത്തനരീതി എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചുവരുന്നു. അഡ്മിനിസ്ട്രേഷൻ, അക്കൗണ്ട്സ് എന്നീ വിഭാഗങ്ങളായി തിരിച്ച് 15 ജില്ലാ ഓഫീസുകൾ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു. പ്രാഥമികമായി കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട് എന്നീ ജില്ലാ അഡ്മിനിസ്ട്രേഷൻ, അക്കൗണ്ട്സ് എന്നീ വിഭാഗങ്ങളായി തിരിച്ച് 15 ജില്ലാ

ഓഫീസുകൾ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാങ്കേതികവിദ്യാധിഷ്ഠിതമായവ ഉൾപ്പെടെയുള്ള നവീകരണങ്ങളെക്കുറിച്ച് ചുവടെ ചേർക്കുന്നു.

1)<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാനഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി

പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെ പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

- പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.
- വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും.
- ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യാൻ സാധിക്കും.

ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമായാണ്.

2. <u>ഇ-ഓഫീസ്</u>

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള

നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

3. കെ.എസ്.ആർ.ടി.സി.-യുടെ യാത്രാപാസ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്

അംഗവൈകല്യമുള്ളവർ, കാഴ്ചശക്തിയില്ലാത്തവർ, മാധ്യമപ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാപാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ കെ.എസ്.ആർ.ടി.സി. നൽകുന്ന സേവനങ്ങൾ കേരള സ്റ്റേറ്റ് ഐടി മിഷൻ/NIC എന്നിവയുമായി ചേർന്ന് "സർവ്വീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ എവിടെയിരുന്നും അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും.

കൂടാതെ ടി അപേക്ഷകളിന്മേൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഓൺലൈനായിതന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

4. <u>ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ</u>

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നത് വഴി ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാനും സാധിക്കുന്നതാണ്. അതോടൊപ്പംതന്നെ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ, കുറവ് തകരാറുകൾ എന്നിവ സാധ്യമാകുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി തുടർനടപടികൾ പുരോഗമിച്ചുവരികയാണ്.

## 5. ERP സൊല്യൂഷൻ

പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ആസ്തികളിൽ നിന്നും പരസ്യ-പരസ്യേതര മാർഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ നിലവിൽ എല്ലാ അക്കൗണ്ടിംഗും പ്രവർത്തനങ്ങളും മാനുവലായിട്ടാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല. അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്വവും സുതാര്യവുമാക്കാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്ട്സ്, മറ്റ് സാധനസാമഗ്രികൾ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈയുണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്സ് സ്വീകരിക്കുന്നത് മുതൽ ഇഷ്യൂ ചെയ്യുന്നതുവരെയുള്ള എല്ലാ

പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടെയും കൈകാര്യം ചെയ്യാനും ഇതിലൂടെ സാധ്യമാകും.

(സി) രണ്ടുലക്ഷം കോടി രൂപ വരെ മുതൽമുടക്ക് വരുന്ന സിൽവർലൈൻ പദ്ധതിക്കുവേണ്ടി കെ.എസ്.ആർ.ടി.സി.-യെ തകർക്കാനുള്ള നീക്കമാണ് ഇപ്പോൾ നടക്കുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

209 (1775) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിന് ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര കോടി രൂപയാണ് ഇതിനോടകം കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിയതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരമേറ്റ 2021 മേയ് മാസം മുതൽ 2022 മേയ് മാസം വരെയുള്ള കാലയളവിൽ, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക്

ശമ്പളം നൽകുന്നതിനായി 887.09 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വിരമിച്ച ജീവനക്കാരുടെ പെൻഷൻ, സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തരം വിതരണം ചെയ്ത വകയിൽ 2021 മേയ് മാസം മുതൽ നാളിതുവരെ പ്രസ്തുത കൺസോർഷ്യത്തിന് 987.02 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ തനത് വരുമാനം ഉപയോഗിച്ച് ജീവനക്കാരുടെ ശമ്പളവും മുൻജീവനക്കാരുടെ പെൻഷനും നൽകാൻ കഴിയില്ലേയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ തനത് വരുമാനം ഉപയോഗിച്ച് ശമ്പളവും പെൻഷനും നൽകാൻ കഴിയില്ല. കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച്, പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് സ്ഥാപനത്തെ ലാഭനഷ്ടങ്ങളില്ലാത്ത സന്തുലിതാവസ്ഥയിലേയ്ക്ക് നയിക്കുന്ന സാഹചര്യത്തിലാണ് രാജ്യമൊട്ടാകെ കോവിഡ് മഹാമാരി പടർന്നുപിടിച്ചത്. തുടർന്ന് കോവിഡ് മഹാമാരിയുടെ ഒന്നും രണ്ടും തരംഗങ്ങൾ ഏൽപ്പിച്ച കടുത്ത സാമ്പത്തികാഘാതത്തിനുശേഷം കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കിയും

യാത്രാ ഫ്യൂവൽസ്, ബസ് ഓൺ ഡിമാന്റ്, ഷോപ്പ് ഓൺ വീൽസ്, ടൂർ പാക്കേജ് എന്നിങ്ങനെ നിരവധി നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും കോർപ്പറേഷന്റെ പ്രതിദിന വരുമാനം ശരാശരി 6 കോടി രൂപയിൽ എത്തിക്കുകയുണ്ടായി. കോവിഡ് മഹാമാരിക്കുമുമ്പ് കൈവരിച്ചിരുന്ന പ്രതിദിന വരുമാനം ഏകദേശം വീണ്ടും ആർജ്ജിച്ച സാഹചര്യത്തിൽ പത്തുവർഷമായി മുടങ്ങിക്കിടന്നിരുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം 2022 ജനുവരി മാസം മുതൽ നടപ്പിലാക്കുകയുണ്ടായി. ഇതുവഴി പ്രതിമാസം ഏകദേശം 13.50 കോടി രൂപയുടെ അധിക ബാധ്യത സൃഷ്ടിക്കപ്പെട്ടു. ഇതിനുപുറമെ ദിനംപ്രതി ഡീസൽ വിലയിലുണ്ടാകുന്ന അനിയന്ത്രിതമായ വർദ്ധനവും ഇന്ധന കമ്പനികൾ കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള ബൾക്ക് പർച്ചെയ്സർമാർക്ക് അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ അപ്പാടെ ഒഴിവാക്കിയതും നിമിത്തം കെ.എസ്.ആർ.ടി.സി. ഭാരിച്ച ബാധ്യതാഭാരം പേറുകയാണ്. മുൻകാലങ്ങളിൽ ബൾക്ക് പർച്ചെയ്സർമാർക്ക് ഡീസൽ ലിറ്ററിന് വിപണി വിലയേക്കാൾ ശരാശരി 5 രൂപയോളം കുറവ് നൽകിയാണ് ഇന്ധന കമ്പനികൾ അനുവദിച്ചിരുന്നത്. മാത്രമല്ല ബൾക്ക് പർച്ചെയ്സർമാർക്ക് അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിൽ വിലയിലെ ഏറ്റക്കുറച്ചിലിന് ആനുപാതികമായി മാസത്തിൽ

രണ്ട് തവണ മാത്രമാണ് വിലവർദ്ധനവ് നടപ്പിലാക്കിയിരുന്നത്. എന്നാൽ ബൾക്ക് പർച്ചെയ്സർമാർക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ നിഷേധിച്ചതോടെ ആഗോള വിപണിയിലെ ദൈനംദിന വിലവർദ്ധനവ് അനുസരിച്ചുള്ള തുകയ്ക്കാണ് കോർപ്പറേഷൻ ഇന്ധനം ലഭ്യമാക്കുന്നത്. ഇത്തരത്തിൽ ഡീസൽ വില വർദ്ധനവും ബൾക്ക് പർച്ചെയ്സർ വിഭാഗങ്ങൾക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്തതുവഴി കോർപ്പറേഷന് ഭാരിച്ച സാമ്പത്തിക ബാധ്യതയാണ് വന്നുചേർന്നിരിക്കുന്നത്. പ്രതിദിനമുള്ള കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് പുനരാരംഭിക്കുകയും ചെയ്ത നടപടിയും കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിയുടെ ആക്കം കൂട്ടിയിട്ടുണ്ട്. മേൽപ്പറഞ്ഞ അധിക ചെലവുകൾക്കനുസൃതമായി വരുമാനം വർദ്ധിപ്പിക്കാൻ കഴിയാത്തത് നിമിത്തം ജീവനക്കാരുടെ ശമ്പള വിതരണത്തിനായി ദൈനംദിന വരുമാനത്തിൽനിന്നും തുകയൊന്നും മിച്ചം പിടിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി സാഹചര്യത്തിൽ 2022 ജനുവരി മാസം മുതൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് വായ്പകൂടി ലഭ്യമാക്കിയാണ് വൈകിയെങ്കിലും ജീവനക്കാരുടെ ശമ്പള വിതരണം നടത്തിവരുന്നത്. ടി ഓവർഡ്രാഫ്റ്റ് വായ്പ ഒരു

മാസക്കാലയളവിനുള്ളിൽ തിരിച്ചടയ്ക്കേണ്ടതിനാൽ ദൈനംദിന വരുമാനത്തിൽനിന്നുള്ള ഒരു വിഹിതം ഇതിലേയ്ക്കായും വകമാറ്റുകയാണ്. ഇത്തരത്തിൽ പ്രതിമാസ വരുമാനത്തിൽനിന്നും ഡീസൽ, സ്പെയർ പാർട്സ്, കൺസോർഷ്യം/ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവ്, എൽ.ഐ.സി., പെൻഷൻ ആനുകൂല്യ വിതരണം, ജീവനക്കാരുടെ അലവൻസുകൾ, മറ്റ് ദൈനംദിന ചെലവുകൾ എന്നിവ നിർവ്വഹിച്ചശേഷം ശമ്പളം/പെൻഷൻ വിതരണത്തിനായി തുകയൊന്നും മിച്ചം പിടിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ തനത് വരുമാനത്തിൽനിന്നും ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിന് കഴിയുകയില്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ തനത് വരുമാനം ഉയർത്തുന്നതിനും കാലാനുസൃതമായ മാറ്റം വരുത്തി ഷെഡ്യൂളുകൾ പുന:ക്രമീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ തനത് വരുമാനം ഉയർത്തുന്നതിനും കാലാനുസൃതമായ മാറ്റം വരുത്തി ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിനുമായി സർക്കാർ സഹായത്തോടെ സമ്പൂർണ്ണ

കമ്പ്യൂട്ടറൈസേഷൻ നടപടികളും വിദഗ്ദ്ധ ഏജൻസിയായ DIMTS-നെ നിയോഗിച്ച് ഡാറ്റാ ശേഖരണം, ക്രമീകരണം എന്നിവ നടത്തിവരുന്നു. ഇത്തരത്തിൽ മൾട്ടിപ്പിൾ ഷെഡ്യൂൾ ഡ്യൂട്ടികൾ പുനഃക്രമീകരിക്കുക വഴി ജീവനക്കാരെ കൂടുതൽ ഉപയോഗിക്കാൻ കഴിഞ്ഞു. അധിക ബസ് ഓപ്പറേറ്റ് ചെയ്ത് വരുമാനത്തിൽ വർദ്ധനവ് നേടിക്കൊണ്ടിരിക്കുന്നു. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാധ്യമാകുകയും തദ്വാര ബസിന്റെ ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 72 സിംഗിൾ ഡ്യൂട്ടികളും 1300 പന്ത്രണ്ട് മണിക്കൂർ സ്പ്രെഡ് ഡ്യൂട്ടികളും നടത്തിവരുന്നുണ്ട്. സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടെയും ട്രിപ്പ്‌വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്താൻ കഴിഞ്ഞു.

ഇത്തരത്തിൽ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോഫ്ലോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് പുറത്തുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാകുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കാനും തദ്വാര അനാവശ്യ ഗതാഗത കുരുക്കും ചെലവും അന്തരീക്ഷ മലിനീകരണവും ഒഴിവാക്കുന്നതിനും കഴിഞ്ഞു. ദീർഘദൂര സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യ സർവ്വീസുകൾ കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും ചെയ്തതിൽനിന്നും എല്ലാ സൂപ്പർക്ലാസ് ബസ്സുകളുടെയും യാത്രക്കാർ വർദ്ധിക്കുകയും അനാവശ്യ ബസ്സുകളും കിലോമീറ്ററും കുറയ്ക്കുകയും തദ്വാര ഡീസൽ ഉപയോഗം കുറയ്ക്കുകയും

ചെയ്തു. ഒരു ദിവസം 8 മണിക്കൂർ സ്റ്റിയറിംഗ് സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കുന്ന സിംഗിൾ ഡ്യൂട്ടി സമ്പ്രദായം പ്രാരംഭഘട്ടത്തിൽ വളരെയധികം വരുമാനക്കുറവുള്ള സർവ്വീസുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച് ഡ്രൈവർ കം കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നത് ഉൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 71 ശതമാനത്തിൽനിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റ് അനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര-തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ നിലവിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇത്തരം പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ-കം-കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നത് വഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കാൻ കഴിയും. ചെലവ് ചുരുക്കി

വരുമാനം വർദ്ധിപ്പിക്കാൻ നിലവിൽ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം, വി.എൽ.റ്റി.ഡി. എന്നിവ ബസ്സുകളിൽ സ്ഥാപിക്കുകവഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസ്സിംഗ് പൂർത്തിയാകുന്നോടെ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടെയും ഭാവി സാധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാനലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരവും പുതുക്കിയ സേവന വേതന കരാർ പ്രകാരവും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്

1961 അനുസരിച്ചും ഷെഡ്യൂൾ പരിഷ്കരണം നടപ്പാക്കിയും ജീവനക്കാരുടെ ഉപയോഗം കാര്യക്ഷമമാക്കിയും കൂടുതൽ സർവ്വീസുകൾ തുടങ്ങുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതാണ്. ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ അധികം വരുന്ന ബസ്സുകൾ യൂണിറ്റുകൾക്ക് നൽകിയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public

Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായുള്ള സ്ഥലം ഉപയോഗപ്പെടുത്തി കൂടുതൽ വരുമാനം കണ്ടെത്തുന്നതിനും ടിക്കറ്റ് ഇതര വരുമാനം ഉയർത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായുള്ള സ്ഥലത്തുനിന്ന് നിശ്ചിത സ്ഥലം, പൊതുജനങ്ങൾക്കും കൂടി പമ്പ് ഉപയോഗിക്കത്തക്ക രീതിയിൽ റീട്ടെയിൽ ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിനുവേണ്ടി പൊതുമേഖലാ എണ്ണ കമ്പനികൾക്ക് അനുവദിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ടി വിഭാഗത്തിലൂടെ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക്

നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ച് ടിക്കറ്റിതര വരുമാനം ഉയർത്തുന്നതിലുപരിയായി യൂണിറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ചെറുകിട കച്ചവടങ്ങൾക്കായി പ്രതിമാസ വാടക അടിസ്ഥാനത്തിൽ അനുവദിച്ചും Hoardings, LED display എന്നിവ പ്രദർശിപ്പിക്കുന്നതിന് വിവിധ ഏജൻസികൾക്ക് വാടക അടിസ്ഥാനത്തിൽ അനുവദിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായുള്ള സ്ഥലം ഉപയോഗപ്പെടുത്തി കൂടുതൽ വരുമാനം കണ്ടെത്തുന്നതിന് ടിക്കറ്റിതര വരുമാനം ഉയർത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ആദ്യഘട്ടത്തിൽ 8 യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 5 എണ്ണം കൂടി ഭാഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കിവരുന്നത്.

<u>സമുദ്ര ബസ് പദ്ധതി</u>:-

മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്രചെയ്യുന്ന വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലെയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നുവെന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്യുന്നു. ഇതിന് വാർഷിക ഗ്രാന്റായി 67.5 ലക്ഷം രൂപ ഫിഷറീസ് വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്.

<u>വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ)</u>

സർക്കാർതലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്ക് ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദസഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.-ക്ക് പ്രതി കിലോമീറ്റർ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകിവരുന്നുണ്ട്.

<u>വിവിധ ടൂർ പാക്കേജുകൾ</u>

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ട്രാഫിക് ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അഡീഷണൽ സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി സ്പെഷ്യൽ സർവ്വീസുകളും ആവശ്യാനുസരണം അയച്ചുവരുന്നുണ്ട്. ഈ പദ്ധതികൾ

വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി**

210 (1776) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തിയിരുന്ന കണ്ണൂർ-പഴയങ്ങാടി-പിലാത്തറ-പയ്യന്നൂർ റൂട്ടിൽ ഇപ്പോൾ എത്ര ബസ് സർവ്വീസ് നടത്തുന്നുണ്ട്; നിർത്തിവച്ച സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കണ്ണൂർ, പയ്യന്നൂർ യൂണിറ്റുകളിൽനിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന 9 സർവ്വീസുകളിൽ 8 സർവ്വീസുകൾ കടുത്ത നഷ്ടത്തിൽ നിർത്തലാക്കുകയുണ്ടായി. ഇവയിലെ ലാഭകരമായതും മറ്റ് സൗകര്യങ്ങൾ ഇല്ലാത്തതുമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്നുണ്ടെങ്കിലും കൂടുതൽ നഷ്ടത്തിലുള്ള സർവ്വീസുകൾ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ

ആരംഭിക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ നഷ്ടത്തിലോടുന്ന സർവ്വീസുകൾ ഗ്രാമവണ്ടി പദ്ധതിയിലൂടെ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കാവുന്നതാണ്. നിലവിൽ പയ്യന്നൂർ ഡിപ്പോയിൽനിന്നുള്ള ഒരു സർവ്വീസ് മാത്രമാണ് കണ്ണൂർ-പഴയങ്ങാടി-പിലാത്തറ-പയ്യന്നൂർ റൂട്ടിൽ ഓപ്പറേറ്റ് ചെയ്യുന്നത്.

(ബി) ട്രെയിൻ യാത്രക്കാരുടെ സൗകര്യാർത്ഥം ആരംഭിച്ച കണ്ണൂർ-പഴയങ്ങാടി-പയ്യന്നൂർ-കാഞ്ഞങ്ങാട് ബസ് സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടോ?

പുനരാരംഭിച്ചിട്ടില്ല.

(സി) പയ്യന്നൂർ ഡിപ്പോയിൽനിന്ന് രാവിലെ അഞ്ച് മണിക്ക് പുറപ്പെട്ട് പഴയങ്ങാടി വഴി കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ രാവിലെ ആറ് മണിക്ക് എത്തിച്ചേരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ?

ഗ്രാമവണ്ടി പദ്ധതിയിലൂടെ തദ്ദേശഭരണ സ്ഥാപനം തയ്യാറാവുകയാണെങ്കിൽ നടപ്പാക്കുന്നതിന് നടപടികൾ എടുക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ ഡിസെബിലിറ്റി ലീവ്**

211 (1777) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. മലപ്പുറം ഡിപ്പോയിലെ കണ്ടക്ടറായ ശ്രീ. വി. എം. കൃഷ്ണദാസ് (പി.എഫ്.ഐ.ഡി.68158) ഡ്യൂട്ടിക്കിടയിൽ ബസ്സിൽ വീണുണ്ടായ അപകടത്തെത്തുടർന്ന് പ്രസ്തുത കാലയളവിലെ അവധി സ്പെഷ്യൽ ഡിസബിലിറ്റി ലീവായി പരിഗണിക്കുന്നതിന് നൽകിയ അപേക്ഷ നിരസിച്ചിട്ടുണ്ടോ; അർഹതപ്പെട്ട അപേക്ഷ നിരസിക്കാനിടയായ സാഹചര്യം അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷ നിരസിച്ചതിനെതിരെ അപേക്ഷകൻ വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ, അതിന്മേൽ തുടർനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 24-02-2022-ലെ 241/VIP/2022/M(TRANS) നമ്പർ കത്ത് പ്രകാരം കെ.എസ്.ആർ.ടി.സി. എം.ഡി.-ക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്മേൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണമെന്തെന്ന് അറിയിക്കുമോ; സമയബന്ധിതമായി അപേക്ഷ പരിഗണിയ്ക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ?

(എ-സി) മലപ്പുറം ഡിപ്പോയിലെ കണ്ടക്ടറായ ശ്രീ. വി. എം. കൃഷ്ണദാസ് സമർപ്പിച്ച അപേക്ഷയിൽ അർഹതയുള്ള അവധി അനുവദിക്കണമെന്ന് മാത്രമാണ് അഭ്യർത്ഥിച്ചിരുന്നത്. ഡ്യൂട്ടിക്കിടയിൽ ബസ്സിൽ വീണുണ്ടായ അപകടത്തെത്തുടർന്നാണ് തനിക്ക് അവധി വേണ്ടിവന്നതെന്നും ആയതിനാൽ സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിക്കണമെന്നും പിന്നീടാണ് അഭ്യർത്ഥിച്ചിരുന്നത്. മലപ്പുറം യൂണിറ്റിലെ ഇൻസ്പെക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം-പെങ്ങാമുക്ക് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

212 (1778) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം-പെങ്ങാമുക്ക് സർവ്വീസ് പുനരാരംഭിക്കണം എന്ന നിവേദനം ലഭ്യമായിട്ടുണ്ടോ; സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

നിവേദനം ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരം ഡിപ്പോയിൽനിന്നും 13.45-ന് നടത്തിവന്നിരുന്ന പെങ്ങാമുക്ക് സർവ്വീസ് ടി സ്ഥലത്ത്

എത്തിയാൽ ജീവനക്കാർക്ക് സ്റ്റേ സൗകര്യങ്ങളോ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യങ്ങളോ ഇല്ലാത്തതിനാലാണ് തൃശ്ശൂർവരെ മാത്രം സർവ്വീസ് നടത്തുന്നത്. സ്റ്റേ സൗകര്യം ലഭ്യമായാൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ഗതാഗത ക്ലേശം പരിഹരിക്കൽ

213 (1779) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഗതാഗതക്ലേശം പരിഹരിക്കുന്നതിനായി മലപ്പുറം-ചട്ടിപ്പറമ്പ്-വട്ടപ്പറമ്പ്-കാടാമ്പുഴ-വെട്ടിച്ചിറ-വളാഞ്ചേരി, കോട്ടയ്ക്കൽ-ഇന്ത്യാനൂർ-ചൂനൂർ-കോൽക്കളം-ആക്കപ്പറമ്പ്-ചേങ്ങോട്ടൂർ-ചട്ടിപ്പറമ്പ്-മലപ്പുറം, പെരിന്തൽമണ്ണ-പടപ്പറമ്പ്-ചേണ്ടി-എടയൂർ-വളാഞ്ചേരി, പെരിന്തൽമണ്ണ-വളാഞ്ചേരി-മൂക്കിലപ്പീടിക-പേരശ്ശന്നൂർ-എടച്ചലം-കുറ്റിപ്പുറം എന്നീ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർവ്വീസുകൾ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പഞ്ചായത്തുകളുടെ സഹകരണത്തിനായി ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സഹകരണം തേടിയിട്ടുണ്ട്.

(സി) ഗതാഗത ക്ലേശമേറെയുള്ള പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും സഹകരണത്തോടെയും പ്രസ്തുത റൂട്ടുകളിൽ ഗ്രാമവണ്ടി സ്കീം മുഖേന സർവീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. ഡിപ്പോ തുടങ്ങുന്നതിനാവശ്യമായ നടപടി**

214 (1780) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നഗരസഭാ പ്രദേശത്ത് നിലവിലുള്ള ബസ് സ്റ്റാന്റിന്റെ ഒരു ഭാഗത്ത് കെ.എസ്.ആർ.ടി.സി ഡിപ്പോ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

വടക്കാഞ്ചേരിയിൽ നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി സ്ഥലങ്ങളോ കെട്ടിടങ്ങളോ ഇല്ല. കെ.എസ്.ആർ.ടി.സി.-യുടെ മുപ്പതോളം സർവ്വീസുകളും മറ്റ് സ്വകാര്യ ബസ്സുകളും ബസ് സ്റ്റാൻഡിന്റെ മുൻവശത്ത് നിന്നാണ് സർവ്വീസ് നടത്തുന്നത്. സർവ്വീസ് നടത്തിപ്പും യാത്രക്കാരുടെ എണ്ണവും പരിഗണിച്ചാൽ വടക്കാഞ്ചേരിയിൽ ഒരു ബസ് സ്റ്റേഷനോ ഡിപ്പോയോ പ്രവർത്തിപ്പിക്കുന്നതിന്റെ ആവശ്യകത ഇപ്പോൾ നിലവിലില്ല. എന്നിരുന്നാലും സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി ലഭിച്ചാൽ പഠനം നടത്തി തീരുമാനിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-ക്കുള്ള ധനസഹായം**

215 (1781) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ലെ ശമ്പള പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി കോർപ്പറേഷന് നൽകിയ സാമ്പത്തിക സഹായങ്ങൾ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റ 2021 മേയ് മാസം മുതൽ 2022 മേയ് മാസംവരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 887.09 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻവേണ്ടി സർക്കാർ നടപ്പിലാക്കുന്ന നൂതന പദ്ധതികൾ വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ ഒന്നും രണ്ടും തരംഗങ്ങൾ ഏൽപ്പിച്ച കടുത്ത സാമ്പത്തിക ആഘാതത്തിനുശേഷം കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സർക്കാർ നൽകിയ 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിൽ ഉൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം അന്തർസംസ്ഥാന റൂട്ടുകൾ ഉൾപ്പെടെയുള്ള നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം

ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, സ്ഥിര യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്ന ബസ്സ് ഓൺ ഡിമാന്റ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യവിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര ഉൾപ്പെടെ നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻവേണ്ടി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാധ്യമാവുകയും

തദ്വാര ബസ് ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 72 സിംഗിൾ ഡ്യൂട്ടികളും 1300 പന്ത്രണ്ട് മണിക്കൂർ സ്പ്രാൻ ഡ്യൂട്ടികളും നടത്തിവരുന്നുണ്ട്. സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടെയും ട്രിപ്പ്‌വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്താൻ കഴിഞ്ഞു. ഇത്തരത്തിൽ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോഫ്ലോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകവഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കാനും തദ്വാര

അനാവശ്യ ഗതാഗതകുരുക്കും ചെലവും അന്തരീക്ഷ മലിനീകരണം ഒഴിവാക്കാനും കഴിഞ്ഞു. ദീർഘദൂര സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യ സർവ്വീസുകൾ കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും ചെയ്തതിൽനിന്നും എല്ലാ സൂപ്പർക്ലാസ് ബസ്സുകളുടേയും യാത്രക്കാർ വർദ്ധിക്കുകയും അനാവശ്യ ബസ്സുകളും കിലോമീറ്ററും കുറയ്ക്കുകയും തദ്വാര ഡീസൽ ഉപയോഗം കുറക്കുകയും ചെയ്തു. ഒരു ദിവസം 8 മണിക്കൂർ സ്റ്റിയറിംഗ് സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കുന്ന സിംഗിൾ ഡ്യൂട്ടി സമ്പ്രദായം പ്രാരംഭഘട്ടത്തിൽ വളരെയധികം വരുമാനക്കുറവുള്ള സർവ്വീസുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നത് ഉൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 71 ശതമാനത്തിൽനിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റ്

അനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര- തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ നിലവിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇത്തരം പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ-കം-കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കാൻ കഴിയും. ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കാൻ നിലവിൽ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം, വി.എൽ.റ്റി.ഡി. എന്നിവ ബസ്സുകളിൽ സ്ഥാപിക്കുകവഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാകുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ

കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടേയും ഭാവി സാധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരവും പുതുക്കിയ സേവനവേതന കരാർ പ്രകാരവും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 അനുസരിച്ചും ഷെഡ്യൂൾ പരിഷ്കരണം നടപ്പാക്കിയും ജീവനക്കാരുടെ ഉപയോഗം കാര്യക്ഷമമാക്കിയും കൂടുതൽ സർവ്വീസുകൾ തുടങ്ങുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതാണ്. ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ അധികംവരുന്ന ബസ്സുകൾ യൂണിറ്റുകൾക്ക് നൽകിയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി

ആവശ്യമായ സാങ്കേതിക സഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 310 എണ്ണം സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത് പ്രാഥമിക യോഗ്യത നേടി ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത വാഹന നിർമ്മതാവായ M/s. Ashok Leyland Ltd-നോട് ടെണ്ടർ വ്യവസ്ഥകൾ പാലിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ച് വിലയിരുത്തുന്നതിനായി prototype bus നൽകുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ 700 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ CNG-യുടെ വലിയ വില വർദ്ധനവുകാരണം അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇന്ധനവില ലാഭിക്കുന്നതിനുവേണ്ടി 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് M/s. PMI Electro Mobility Solutions PVT. Ltd. എന്ന സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകുകയും ആദ്യപടിയായി 25 ബസ്സുകൾ ഉടൻ ലഭ്യമാകുകയും ചെയ്യുന്നതാണ്. ഇതുകൂടാതെ 100 എണ്ണം 12 മീറ്റർ mofussil ഇലക്ട്രിക് ബസ്സുകളും 50 എണ്ണം 9 മീറ്റർ ഇലക്ട്രിക് സിറ്റി ബസ്സുകളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് മെയിന്റനൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റി ആവശ്യാർത്ഥം മാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു.

ഫ്ലീറ്റ് ആൻഡ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്വെയർ നടപ്പിൽ വരുത്തുന്നതിന്റെ പ്രവർത്തനം പുരോഗതിയിലാണ്.

റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം

ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേയ്സ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

<u>GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ</u>

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേയ്സ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടെയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്.

ഓൺലൈൻ റിസർവേഷൻ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. സർവ്വീസ് ഓപ്പറേഷനിലൂടെ ലഭ്യമാകുന്ന വരുമാനത്തിലുപരിയായി സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി വിഭാഗത്തിന്റെ നേതൃത്വത്തിൽ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റിലെ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങളിൽ പരസ്യം പ്രദർശിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ പ്രാവർത്തികമാക്കി വരുമാനം ആർജ്ജിച്ചുവരുന്നുണ്ട്. കൂടാതെ യൂണിറ്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ചെറുകിട കച്ചവടങ്ങൾക്കായി വാടകയ്ക്ക് അനുവദിക്കൽ, പാഴ്സൽ സർവ്വീസുകൾ, LED display തുടങ്ങിയ

പ്രവൃത്തികൾ ആരംഭിച്ച് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

## മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് നവീകരണം

216 (1782) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കരയിലുള്ള കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക് ഷോപ്പ് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിന്റെ Modernisation-ന് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കാൻ കെ.എസ്.ആർ.ടി.സി.-യുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായ M/s. HLL Life care Ltd.-നോട് 18-12-2020-ന് ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം M/s. HLL Lifecare Ltd. 10-03-2021-ന് എസ്റ്റിമേറ്റ് സമർപ്പിക്കുകയുണ്ടായി. എസ്റ്റിമേറ്റ് കെ.എസ്.ആർ.ടി.സി. പരിശോധിക്കുകയും 23-04-2021-ന് സി.എം.ഡി. എസ്റ്റിമേറ്റിന് 12% ജി.എസ്.ടി.-യും 4% പി.എം.സി. ചാർജ്ജും അടക്കം 4,46,85,000/- രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയത് 18-08-2021-ൽ ചേർന്ന 408-ാമത് ഭരണസമിതി യോഗം അജണ്ട

ഇനം നമ്പർ 97/408/2021 പ്രകാരം സാധൂകരിക്കുകയുമുണ്ടായി. തുടർന്ന് പി.എം.സി. ആയ M/s. HLL ഈ പ്രവൃത്തിക്ക് 20-07-2021-ന് 4,06,81,261/- രൂപയുടെ സാങ്കേതികാനുമതി നൽകുകയും 20-07-2021-ന് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. മതിയായ ടെണ്ടറുകൾ ലഭിക്കാത്തതിനാൽ 09-08-2021-ന് അവസാന തീയതി വച്ചിരുന്ന ടെണ്ടർ 17-08-2021-ലേയ്ക്കും തുടർന്ന് 26-08-2021-ലേയ്ക്കും തുടർന്ന് 02-09-2021-ലേയ്ക്കും അവസാനമായി 09-09-2021-ലേയ്ക്കും മാറ്റിവയ്ക്കുകയുണ്ടായി. നാല് കരാറുകാർ ടെണ്ടറുകളിൽ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ ടെണ്ടർ അംഗീകരിക്കുവാനായി M/s. HLL 14-09-2021-ന് കെ.എസ്.ആർ.ടി.സി.-ക്ക് സമർപ്പിക്കുകയും ഏറ്റവും കുറഞ്ഞ തുകയായ 3,31,01,902.65 രൂപ (excluding GST) രൂപ ക്വാട്ട് ചെയ്ത M/s. PAN PACIFIC Engineering Services Pvt Ltd. എറണാകുളം എന്ന കരാറുകാരന്റെ ടെണ്ടർ കെ.എസ്.ആർ.ടി.സി. 27-10-2021-ന് അംഗീകരിക്കുകയും ആയത് 11-11-2021-ൽ ചേർന്ന 409-ാമത് ഭരണസമിതി യോഗം അജണ്ട ഇനം 128/409/2021 പ്രകാരം സാധൂകരിക്കുകയുമുണ്ടായി. തുടർന്ന് M/s.HLL 03-11-2021-ന് തെരഞ്ഞെടുത്ത കരാറുകാരന് വർക്ക് ഓർഡർ നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

## കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം

217 (1783) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തികവർഷത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2021-2022 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്യാത്ത താൽക്കാലിക കണക്കനുസരിച്ച് ടിക്കറ്റിതര വരുമാനം 128,22,39,623 രൂപയാണ്.

(ബി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ

കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ടി വിഭാഗത്തിലൂടെ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ച് ടിക്കറ്റിതര വരുമാനം ഉയർത്തുന്നതിലുപരിയായി യൂണിറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ചെറുകിട കച്ചവടങ്ങൾക്കായി പ്രതിമാസ വാടക അടിസ്ഥാനത്തിൽ അനുവദിച്ചും Hoardings, LED display എന്നിവ പ്രദർശിപ്പിക്കുന്നതിന് വിവിധ ഏജൻസികൾക്ക് വാടക അടിസ്ഥാനത്തിൽ അനുവദിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

**കെ.എസ്.ആർ.ടി.സി. ജില്ലാ ഓഫീസ്**

218 (1784) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജില്ലാ ഓഫീസ് കാസർഗോഡ് നിന്ന്

കാഞ്ഞങ്ങാട് സബ് ഡിപ്പോയിലേയ്ക്ക് മാറ്റാൻ ഉത്തരവ് ഇറക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാ അടിസ്ഥാനത്തിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ഒഴികെ മറ്റെല്ലാ ജില്ലകളിലും ഓരോ ജില്ലാ ഓഫീസുകളും തിരുവനന്തപുരം നോർത്ത്, തിരുവനന്തപുരം സൗത്ത് എന്നിങ്ങനെ രണ്ട് ജില്ലാ ഓഫീസുകളും ചേർത്ത് ആകെ പതിനഞ്ച് ജില്ലാ ഓഫീസുകൾ രൂപീകരിച്ചുകൊണ്ട് 24-05-2022-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കാഞ്ഞങ്ങാട് ഡിപ്പോയിലെ കെട്ടിടം ജില്ലാ ഓഫീസ് പ്രവർത്തനങ്ങൾക്ക് അനുയോജ്യമായി കണ്ടതിനാൽ കാസർഗോഡ് ജില്ലാ ഓഫീസ് കാഞ്ഞങ്ങാട് ഡിപ്പോയിലെ കെട്ടിടത്തിൽ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് ജില്ലാ ഓഫീസ് കാസർഗോഡ് തന്നെ നിലനിർത്താൻ തീരുമാനിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അത് സംബന്ധിച്ച തീരുമാനത്തിന്റെയും ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലാ ഓഫീസ് ജില്ലാ ആസ്ഥാനത്ത് തന്നെ പ്രവർത്തിക്കുന്നത് ഉചിതമായി കണ്ടതിനാൽ കാഞ്ഞങ്ങാട് നിശ്ചയിച്ചിരുന്ന ജില്ലാ ഓഫീസ് കാസർഗോഡ് ഡിപ്പോ കെട്ടിടത്തിലേയ്ക്ക് മാറ്റിക്കൊണ്ട് 03-06-2022-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+)

## കെ-സ്വിഫ്റ്റ് കമ്പനി

219 (1785) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭകരമായ ദീർഘദൂര സർവ്വീസുകൾ നടത്തുവാൻ മാത്രമായി കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ കെ-സ്വിഫ്റ്റ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന ഒരു സ്വതന്ത്ര കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കമ്പനി രൂപീകരിക്കുന്നതുവഴി ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ കാര്യക്ഷമമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തിപ്പിക്കുക, കിഫ്ബി ലോൺ മുഖാന്തരവും പ്ലാൻ ഫണ്ട് ഉപയോഗിച്ചും വാങ്ങുന്ന പുതിയ ബസ്സുകൾ, നിലവിലെ ദീർഘദൂര ബസ്സുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന് കീഴിൽ കാര്യക്ഷമമായി പ്രവർത്തിക്കുക എന്നിവയാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ.

(സി) കെ.എസ്.ആർ.ടി.സി.-യെ സ്വകാര്യവൽക്കരിക്കുവാനുള്ള നീക്കമാണ് ഇതിലുള്ളതെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വെളിപ്പെടുത്താമോ?

ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പൊതുഗതാഗതം കുത്തക കമ്പനികൾക്ക് വിട്ടുകൊടുക്കുന്ന നടപടിയാണ് ഇതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി**

220 (1786) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ ഗവ. കോളേജിന് സമീപം കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പില്ലാത്തതിനാൽ വിദ്യാർത്ഥികളും അദ്ധ്യാപകരും മറ്റ് ജീവനക്കാരും ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ ഹൊസങ്കടി, പൊസോട്ട്, മഞ്ചേശ്വരം എന്നീ സ്ഥലങ്ങളിൽ ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. മഞ്ചേശ്വരം ഗവൺമെന്റ് കോളേജിൽനിന്ന് 500 മീറ്റർ ദൂരം മാത്രമേയുള്ളൂ മഞ്ചേശ്വരം സ്റ്റോപ്പിലേയ്ക്ക്. അടുത്തടുത്ത് സ്റ്റോപ്പുകൾ നൽകുന്നത് ദൂര യാത്രക്കാർക്ക് ബുദ്ധിമുട്ടാകുമെന്നതിനാൽ സ്റ്റോപ്പ് അനുവദിക്കാൻ നിർവ്വാഹമില്ല. ഏതെങ്കിലും സ്റ്റോപ്പ് ഒഴിവാക്കി പ്രസ്തുത സ്ഥലത്തേയ്ക്ക് മാറ്റാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

## സി.എൻ.ജി. ബസ്സുകൾ

221 (1787) <u>ശ്രീ. അബ്ദുൽ ഹമീദ് പി:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>

ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധനച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി സി.എൻ.ജി. ബസ്സുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത് പ്രാഥമിക യോഗ്യത നേടി ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത വാഹന നിർമ്മാതാവായ M/s. Ashok Leyland Ltd.-നോട് ടെണ്ടർ വ്യവസ്ഥകൾ പാലിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ച് വിലയിരുത്തുന്നതിനായി prototype bus നൽകുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ 700 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സി.എൻ.ജി.-യുടെ വില വർദ്ധനവ് കാരണം അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) സി.എൻ.ജി. ഇന്ധനം ഉപയോഗിക്കുന്നതിലൂടെ ഇന്ധനച്ചെലവ് എത്രത്തോളം കുറയ്ക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഹരിത ഇന്ധനത്തിലേയ്ക്ക് മാറുന്നതിനായി പദ്ധതി തയ്യാറാക്കുമ്പോൾ സി.എൻ.ജി.-യ്ക്ക് കിലോയ്ക്ക് 50

രൂപ ആയിരുന്നത് 01-06-2022-ൽ കിലോയ്ക്ക് 83 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. നിലവിൽ ഡീസൽ, സി.എൻ.ജി. ബസ്സുകളുടെ ഇന്ധന ചെലവ് കിലോമീറ്ററിന് യഥാക്രമം 23.20 രൂപയും 21.84 രൂപയുമാണ്. ഈ സാഹചര്യത്തിൽ സി.എൻ.ജി. ഇന്ധനം ഉപയോഗിക്കുന്നതിലൂടെ ഇന്ധന ചെലവ് കാര്യമായി കുറയ്ക്കാൻ കഴിയുമെന്ന് കരുതുന്നില്ല.

(സി) ബസ്സുകൾക്ക് സി.എൻ.ജി. ലഭിക്കുന്നതിനാവശ്യമായ സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ ദർഘാസ് നടപടികളിലൂടെ കേരളത്തിലെ സി.എൻ.ജി.-യുടെ വിതരണാവകാശം വടക്കൻ ജില്ലകളിൽ M/s. IOC-Adhani എന്ന സ്ഥാപനത്തിനും തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ M/s.AG&P എന്ന സ്ഥാപനത്തിനുമാണ് നൽകിയിരിക്കുന്നത്. ഇതിൽ തിരുവനന്തപുരത്ത് ഈഞ്ചയ്ക്കൽ എന്ന സ്ഥലത്ത് Mobile refilling unit ഉൾപ്പെടുന്ന online CNG Station സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനുവേണ്ടി ഈഞ്ചയ്ക്കലിൽ 30 സെന്റ് സ്ഥലം M/s.AG&P എന്ന

സ്ഥാപനത്തിന് പാട്ടവാടകയ്ക്ക് കൈമാറാനുള്ള ഭരണസമിതി അനുമതിക്കുവേണ്ടി കാത്തിരിക്കുകയാണ്. ടി സ്ഥലത്ത് സർവെയും മറ്റ് പ്രാരംഭഘട്ട നടപടികളും പുരോഗമിച്ചുവരുന്നു. വടക്കൻ ജില്ലകളിലും ടി പ്രവൃത്തിക്കായുള്ള സത്വര നടപടികൾ കൈക്കൊണ്ടുവരികയാണ്. ഓഗസ്റ്റ് മാസത്തോടെ ടി സി.എൻ.ജി. സ്റ്റേഷനുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് M/s. AG&P അറിയിച്ചിട്ടുണ്ട്.

## നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ്

222 (1788) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് പാട്ടക്കരാർ വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിന് നിലമ്പൂർ മർക്കന്റയിൽ സഹകരണ സംഘവുമായി ധാരണയിലെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംഘവുമായി കെ.എസ്.ആർ.ടി.സി. കരാറിലേർപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതുവരെയും കരാറിലേർപ്പെടാത്തത് കാരണം ഷോപ്പിംഗ് കോംപ്ലക്സ് അന്യാധീനപ്പെട്ട്

കിടക്കുന്നതുവഴി സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാകുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; സാമ്പത്തിക പ്രതിസന്ധിയുള്ള കോർപ്പറേഷൻ ഇക്കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) നിലമ്പൂർ ഷോപ്പിംഗ് കോംപ്ലക്സ് പാട്ടകരാർ വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിന് നിലമ്പൂർ മർക്കന്റയിൽ സഹകരണ സംഘവുമായി 30-06-22-ൽ നടന്ന മീറ്റിംഗിൽ ധാരണയായിട്ടുണ്ട്. കരാറിൽ ഏർപ്പെടുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യിലെ ഷോപ്പ് ഓൺ വീൽസ് പദ്ധതി**

223 (1789) ശ്രീ. പി. വി.അൻവർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനവും പൊതുജനങ്ങൾക്ക് സൗകര്യവും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ഷോപ്പ് ഓൺ വീൽസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ നൂതന പദ്ധതിയായ ഷോപ്പ് ഓൺ വീൽസ് നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളായ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ്, DAPCOS, സർക്കാർ സ്ഥാപനമായ Scheduled Tribe Development Department-നും IFSD, പ്രതിമാസ ലൈസൻസ് ഫീ എന്നിവ ഈടാക്കി അനുവദിച്ച് നൽകുന്നു. ആയതിനൊപ്പം പൊതുജനങ്ങൾക്കും പ്രസ്തുത സംരംഭത്തിൽ പങ്കുകൊള്ളുന്നതിനായി പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ ഷോപ്പ് ഓൺ വീൽസ് അനുവദിച്ച് നൽകിവരുന്നു. ഇത് നടപ്പിലാക്കുന്നതിലൂടെ സർവ്വീസിന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ രൂപമാറ്റം വരുത്തി ഉപയോഗിക്കുന്നത് വഴി കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മറ്റെന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; ലക്ഷ്യപ്രാപ്തി കൈവരിക്കാൻ എത്രത്തോളം കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന

പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു. ഈ സർവ്വീസുകളിൽ പ്രതിദിനം 29000 യാത്രക്കാർ ആശ്രയിക്കുന്ന നിലയിലേയ്ക്ക് സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യ വാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷ മലിനീകരണവും കുറയ്ക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി ആരംഭിച്ച നൂതന ബസ് സർവ്വീസാണ് "സിറ്റി ഷട്ടിൽ". തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ വെളിച്ചത്തിൽ തിരുവനന്തപുരം നഗരവുമായി ബന്ധപ്പെട്ട് വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതും വിവിധ ആവശ്യങ്ങൾക്കായി അവരുടെ ലക്ഷ്യസ്ഥാനത്ത് നേരിട്ട് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സർവ്വീസ് വർദ്ധിച്ച ജനസമ്മിതിയും ഉയർന്ന വരുമാനവും ലഭ്യമാക്കി വരുന്നത് യാത്രക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സൂചിപ്പിക്കുന്നു. ഇതുകൂടാതെ ആരംഭിച്ച "സിറ്റി റേഡിയൽ" സർവ്വീസ് യാത്രക്കാർക്ക് നേരിട്ട് നഗരത്തിന് വെളിയിലെ രണ്ട് കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങി കയറാതെ യാത്ര

ചെയ്യുന്നതിന് ലക്ഷ്യമായിട്ടുള്ളതാണ്. ഈ സർവ്വീസിനും വൻജനസമ്മതിയോടെ വർദ്ധിച്ച യാത്രക്കാർ ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരത്തിനും കോഴിക്കോടിനും ഇടയിലുള്ള നഗരങ്ങളിലെ ഗതാഗതകുരുക്കിൽനിന്നും ഒഴിവാക്കി യാത്രക്കാരെ നിശ്ചിത സ്ഥലത്ത് കുറഞ്ഞ സമയത്തിൽ എത്തിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. 'ബൈപ്പാസ് റൈഡർ' എന്ന പേരിൽ സർവ്വീസുകൾ ആരംഭിച്ചുവരുന്നു. ഗതാഗതകുരുക്ക് ഒഴിവാക്കി ചെലവ് കുറയ്ക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ലക്ഷ്യമിട്ട് ആരംഭിച്ചുവരുന്ന ഈ സർവ്വീസുകൾ പ്രധാനമായും നാഷണൽ ഹൈവേയിലേയും എം.സി. റോഡിലേയും സമാന്തര ബൈപ്പാസ് റോഡുകളിലൂടെയാണ് സർവ്വീസ് നടത്തുന്നത്. ബൈപ്പാസുകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ യാത്രക്കാർക്ക് സൗകര്യപ്രദമായി വിശ്രമിക്കുന്നതിനും ബസ് കാത്തിരിക്കുന്നതിനും "ഫീഡർ സ്റ്റേഷനുകൾ" പഴയ ലോ ഫ്ലോർ ബസ്സുകളിൽ ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം ഫീഡർ സ്റ്റേഷനുകളിലേയ്ക്ക് ബന്ധപ്പെട്ട യൂണിറ്റുകളിൽനിന്നും പ്രത്യേക നിറത്തിലുള്ള "ഫീഡർ സർവ്വീസുകൾ" യാത്രക്കാർക്കായി നടത്തുന്നുമുണ്ട്. ബൈപ്പാസ് റൈഡർ സർവ്വീസുകളിൽ റിസർവ് ചെയ്ത യാത്രക്കാർക്ക് ഫീഡർ ബസ്സുകളിൽ ഫീഡർ സ്റ്റേഷനിലേയ്ക്ക് സൗജന്യമായി

യാത്ര ചെയ്യാം. ദീർഘദൂര യാത്രകൾക്കായി ബൈപ്പാസ് റൈഡറുകൾ ഉപയോഗപ്പെടുത്തുന്ന യാത്രക്കാർക്ക് സാധാരണ മറ്റ് റോഡുകളിലൂടെയുള്ള യാത്രാസമയത്തേക്കാൾ സമയം ലാഭിക്കാമെന്നുള്ളത് ഈ സർവ്വീസിന്റെ പ്രത്യേകതയാണ്. കുറഞ്ഞത് ഓരോ മണിക്കൂർ ഇടവേളകളിൽ ടി സർവ്വീസിന്റെ സേവനം നാഷണൽ ഹൈവേ വഴിയും എം.സി. റോഡ് വഴിയും പൂർണ്ണമാക്കുന്നതിനുള്ള പദ്ധതികൾ അന്തിമഘട്ടത്തിലാണ്. നിലവിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സൂപ്പർ ക്ലാസ് ബസ്സുകൾ ഇത്തരത്തിൽ ഓപ്പറേറ്റ് ചെയ്യുകയും വരുമാന വർദ്ധനവും സ്വീകാര്യതയും വർദ്ധിച്ചിട്ടുമുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മറ്റൊരു നൂതന പദ്ധതിയാണ് "ബഡ്ജറ്റ് ടൂറിസം". ഇതിലൂടെ വലിയ വരുമാന വർദ്ധനവും യാത്രക്കാരെ അധികമായി ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സാധാരണക്കാരായ മത്സ്യ തൊഴിലാളികൾക്കായി ആരംഭിച്ച മൂന്ന് സമുദ്ര സർവ്വീസുകൾ സർക്കാർ സഹായത്തോടുകൂടി സൗജന്യമായി നടത്തിവരുന്നു. ഇതിന് വൻജനപ്രീതിയാണുള്ളത്. ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചെലവ് പങ്കുവച്ച് സഹകരിച്ച് നൂതന സംരംഭമായ 'ഗ്രാമവണ്ടി' പദ്ധതി ഉടൻ ആരംഭിക്കും. ഇത് ഗ്രാമീണ മേഖലയിലെ

യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കും. ദീർഘദൂര സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യ സർവ്വീസുകൾ കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും ചെയ്തതിൽനിന്നും എല്ലാ സൂപ്പർക്ലാസ് ബസ്സുകളുടെയും യാത്രക്കാർ വർദ്ധിക്കുകയും അനാവശ്യ ബസ്സുകളും കിലോമീറ്ററും കുറയ്ക്കുകയും തദ്വാര ഡീസൽ ഉപയോഗം കുറയ്ക്കുകയും ചെയ്തു. ഒരു ദിവസം 8 മണിക്കൂർ സ്റ്റിയറിംഗ് സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കുന്ന സിംഗിൾ ഡ്യൂട്ടി സമ്പ്രദായം വരുമാനക്കുറവുള്ള സർവ്വീസുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. ദീർഘദൂര മുഴുവൻ സർവ്വീസുകളും കൂടുതൽ പഠനം നടത്തി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓപ്റ്റിമൈസേഷൻ നടത്തി കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കോവിഡ് മഹാമാരിയുടെ ഒന്നും രണ്ടും തരംഗങ്ങൾ ഏൽപ്പിച്ച കടുത്ത സാമ്പത്തിക ആഘാതത്തിനുശേഷം കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി

നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സർക്കാർ നൽകിയ 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിൽ ഉൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം അന്തർസംസ്ഥാന റൂട്ടുകൾ ഉൾപ്പെടെയുള്ള നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, സ്ഥിര യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്ന ബസ്സ് ഓൺ ഡിമാന്റ്, മൂന്നാർ എത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ

മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യവിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര ഉൾപ്പെടെ നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് മെയിന്റനൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റി ആവശ്യാർത്ഥം മാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു.

ഫ്ലീറ്റ് ആൻഡ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതിന്റെ പ്രവർത്തനം പുരോഗതിയിലാണ്.

വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ജില്ല/സബ് ജില്ല വർക്ക്ഷോപ്പുകളുടെ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കോർപ്പറേഷനെ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടിക്കറ്റിതര വരുമാന വർദ്ധനവ് കാര്യക്ഷമമാക്കാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി കൊമേഴ്ഷ്യൽ വിഭാഗം രൂപീകരിക്കുകയും ചെയ്തു. ടി വിഭാഗത്തിലൂടെ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ച് ടിക്കറ്റിതര വരുമാനം ഉയർത്തുന്നതിലുപരിയായി യൂണിറ്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ചെറുകിട കച്ചവടങ്ങൾക്കായി പ്രതിമാസ വാടക അടിസ്ഥാനത്തിൽ അനുവദിച്ചും Hoardings, LED display എന്നിവ പ്രദർശിപ്പിക്കുന്നതിന് വിവിധ ഏജൻസികൾക്ക് വാടക അടിസ്ഥാനത്തിൽ അനുവദിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. കൊമേഴ്ഷ്യൽ

വിഭാഗം രൂപീകരിച്ച് ടി പ്രവൃത്തികൾ പ്രാവർത്തികമാക്കിയതിലൂടെ പ്രതിമാസം ശരാശരി 96,00,000/- രൂപയുടെ വരുമാനം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കം സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മൂന്നാറിൽ സ്ലീപ്പർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം)

നൽകി ടിക്കറ്റിതര വരുമാനത്തിൽ വൻവർദ്ധനവ് വരുത്തുന്നതിനും നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision

Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.

വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും.

ബസ് Utilization, Mileage, സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

<u>ഇ-ഓഫീസ്</u>

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐടി

മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

KSRTC-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്

അംഗവൈകല്യമുള്ളവർ, കാഴ്ചശക്തിയില്ലാത്തവർ, മാധ്യമപ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാപാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ KSRTC നൽകുന്ന സേവനങ്ങൾ കേരള സ്റ്റേറ്റ് ഐടി മിഷൻ/NIC എന്നിവയുമായി ചേർന്ന് "സർവീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകൾ സന്ദർശിക്കാതെതന്നെ എവിടെയിരുന്നും അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും.

കൂടാതെ ടി അപേക്ഷകളിന്മേൽ KSRTC ജീവനക്കാർക്ക് ഓൺലൈനായി തന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

<u>ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ</u>

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുവഴി ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാനും സാധിക്കുന്നതാണ്. അതോടൊപ്പംതന്നെ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ, കുറവ് തകരാറുകൾ എന്നിവ സാധ്യമാകുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി തുടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

<u>ERP സൊല്യൂഷൻ</u>

പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ആസ്തികളിൽ നിന്നും പരസ്യ-പരസ്യേതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ നിലവിൽ എല്ലാ അക്കൗണ്ടിംഗും പ്രവർത്തനങ്ങളും മാന്വലായിട്ടാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല. അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്തവും സുതാര്യവുമാക്കാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്ട്സ്, മറ്റ് സാധന സാമഗ്രികൾ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈയുണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്സ് സ്വീകരിക്കുന്നത് മുതൽ ഇഷ്യൂ ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടെയും കൈകാര്യം ചെയ്യാനും ഇതിലൂടെ സാധ്യമാകും.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. നിലവിൽ സാധാരണ യാത്രക്കാരുടെ ആവശ്യാനുസരണം ബഡ്ജറ്റ് ട്രിപ്പുകൾ കേരളത്തിലുള്ള വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് നടത്തിവരുന്നു. കൂടാതെ, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്രകൾ സംഘടിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. വളരെ ലാഭകരമായ രീതിയിൽ പ്രവർത്തനം കൂടുതൽ മികവോടെ മുന്നോട്ടുപോകുന്നു. 2021 നവംബർ 1 മുതൽ 31 മെയ് 2022 വരെയുള്ള ആകെ വരുമാനം = Rs.5,13,03,389/-. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മാനേജ്മെന്റ് പ്രൊഫഷണലിസം

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതാത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം

ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാർ അടിസ്ഥാനത്തിൽ നിയമിക്കുകവഴി മാനേജ്മെന്റ് ശാക്തികരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം 3 ചാർട്ടേഡ് അക്കൗണ്ടന്റ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നിവരെ നിയമിക്കുകയുണ്ടായി. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ (F&A), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻ) എന്നീ തസ്തികകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരെ നിയോഗിച്ചിരുന്നു. ഐ.ടി, ഫിനാൻസ്, എച്ച്.ആർ. എന്നീ വിഭാഗങ്ങളിലേയ്ക്ക് ഡെപ്യൂട്ടി ജനറൽ മാനേജർമാർ, ജനറൽ മാനേജർ (ടെക്നിക്കൽ) എന്നീ തസ്തികകളിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ജനറൽ മാനേജർ (ഫിനാൻസ്) തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു. ഇത്തരത്തിൽ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം

കോർപ്പറേഷനെ മൂന്ന് സ്വയംപര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | സെൻട്രൽ വർക്സ്, പാപ്പനംകോട് |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

വരുമാന വർദ്ധനവ് വരുത്തുക എന്നതിനോടൊപ്പം, കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണം കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ് പ്രവർത്തനരീതി എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചുവരുന്നു. അഡ്മിനിസ്ട്രേഷൻ, അക്കൗണ്ട്സ് എന്നീ വിഭാഗങ്ങളായി തിരിച്ച് 15 ജില്ലാ ഓഫീസുകൾ രൂപീകരിച്ച് 18-07-2022-ന് പ്രവർത്തനം തുടങ്ങുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു. പ്രാഥമികമായി കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 01-06-2022-ന് ജില്ലാ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## അന്തർ സംസ്ഥാന സർവ്വീസ്

224 (1790) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസ് നടത്തുന്നതിനുള്ള റൂട്ട് പെർമിറ്റ് സംബന്ധിച്ച് ഏതെല്ലാം സംസ്ഥാനങ്ങളുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള അന്തർസംസ്ഥാന ഗതാഗത കരാറുകളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി. അയൽ സംസ്ഥാനങ്ങളിലെ വിവിധ പ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തിവരുന്നത്. കർണ്ണാടക, തമിഴ്നാട്, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളുമായി നിലവിൽ ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഓരോ സംസ്ഥാനവുമായി ഉണ്ടാക്കിയിട്ടുള്ള ധാരണയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) 01-07-1976-ലെയും 30-06-1976-ലെയും ധാരണാപത്രങ്ങൾ എത്ര തവണ മാറ്റം വരുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

(ബി&സി) കർണ്ണാടകയുമായി 1976-ലാണ് അന്തർസംസ്ഥാന ഗതാഗത കരാറിന് രൂപം നൽകിയിട്ടുള്ളത്. തുടർന്ന് 1992, 2005, 2009,

2016 എന്നീ വർഷങ്ങളിൽ സപ്ലിമെന്ററി ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. സർവ്വീസ് നടത്തുന്നതിന് അനുവദിച്ചിട്ടുള്ള കിലോമീറ്റർ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **കർണ്ണാടക സംസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിന് അനുവദിച്ച കിലോമീറ്റർ** |
|---|---|
| 1976 | 12586.6 |
| 1992 | 7460 |
| 2005 | 7995 |
| 2009 | 14301 |
| 2016 | 12294.6 |

തമിഴ്നാടുമായി 1976-ലാണ് ആദ്യമായി അന്തർസംസ്ഥാന കരാറിൽ ഏർപ്പെട്ടത്. തുടർന്ന് 1979, 1984, 1995, 1998, 2008, 2019 എന്നീ വർഷങ്ങളിൽ സപ്ലിമെന്ററി ഗതാഗത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **തമിഴ്നാട് സംസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിന് അനുവദിച്ച കിലോ മീറ്റർ** |
|---|---|
| 1976 | 10691.4 |
| 1979 | 2132 |
| 1984 | 9585.4 |
| 1995 | 1907.8 |
| 1998 | 4467.4 |
| 2008 | 4232.4 |
| 2019 | 8865 |

പുതുച്ചേരിയുമായുള്ള ഗതാഗത കരാർ പ്രകാരം, കണ്ണൂർ, പാലക്കാട്, സേലം വഴി പുതുച്ചേരിയിലേയ്ക്ക് 2 ബസ്സുകൾ ഉപയോഗിച്ച് 1 സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. (കിലോമീറ്റർ അടിസ്ഥാനത്തിലല്ല ടി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.)

(ഡി) കെ-സ്വിഫ്റ്റ് പദ്ധതി നിലവിൽവരുന്ന സാഹചര്യത്തിൽ ധാരണാപത്രം പുതുക്കേണ്ടതുണ്ടോ; വിശദമാക്കാമോ?

കെ-സ്വിഫ്റ്റ് കമ്പനിയുടെ ബസ്സുകൾ ലീസ് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യാണ് ഓപ്പറേറ്റ് ചെയ്യുന്നത് എന്നതിനാൽ ധാരണാപത്രം പുതുക്കേണ്ട ആവശ്യമില്ല.

(ഇ) കെ.എസ്.ആർ.ടി.സി. നിലവിൽ നടത്തുന്ന അന്തർസംസ്ഥാന സർവ്വീസുകൾ ലാഭകരമാണോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി. നിലവിൽ നടത്തിവരുന്ന അന്തർസംസ്ഥാന സർവ്വീസുകളിൽനിന്ന് താരതമ്യേന, മെച്ചപ്പെട്ട വരുമാനം ലഭിച്ചുവരുന്നു. ഓപ്പറേറ്റിംഗ് ചെലവ് വഹിക്കാൻ കഴിയുന്നതരം സർവ്വീസുകളുമാണ് നിലവിൽ നടത്തിവരുന്നത്. പ്രധാന സൂപ്പർക്ലാസ് അന്തർസംസ്ഥാന

സർവ്വീസുകളുടെ വരുമാനം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

## കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസ്

225 (1791) <u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസ് നടത്തിപ്പിൽ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതൽക്കുള്ള എല്ലാത്തരം ദീർഘദൂര സൂപ്പർക്ലാസ് സർവ്വീസുകളും നടത്തുന്നതിനുള്ള അധികാരം ജി.ഒ.(പി). 73/2013/Trans, dated 16-07-2013 ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ മാത്രം നിക്ഷിപ്തമാണ്. നിലവിൽ ദീർഘദൂര സർവ്വീസുകളും സൂപ്പർ ക്ലാസ് സർവ്വീസുകളും കെ.എസ്.ആർ.ടി.സി. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുന്ന രീതിയിൽ നടത്തിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർക്ലാസ് ഓപ്പറേഷൻ യാതൊരുവിധ പ്രതിസന്ധിയും നിലവിൽ നേരിടുന്നില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരം സർവ്വീസുകൾ നടത്താൻ മാത്രമായി ഒരു പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

രൂപീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക, കിഫ്ബി ലോൺ മുഖാന്തരവും പ്ലാൻ ഫണ്ടുപയോഗിച്ചും വാങ്ങുന്ന പുതിയ ബസ്സുകൾ, നിലവിലെ ദീർഘദൂര ബസ്സുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിനുകീഴിൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക എന്നിവയാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് എന്ന കമ്പനിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. കെ.എസ്.ആർ.ടി.സി.-യുടെ ഓപ്പറേഷൻ എഫിഷ്യൻസി വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് തുടങ്ങിയിട്ടുള്ളത്. ടി സർവ്വീസിന്റെ വരുമാനവും കെ.എസ്.ആർ.ടി.സി.-യിലാണ് അടയ്ക്കുന്നത്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ കിലോമീറ്റർ അടിസ്ഥാനത്തിൽ വാടക നൽകിയാണ് ബസ്സും ക്രൂവും കെ.എസ്.ആർ.ടി.സി. എടുത്തിരിക്കുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-യെയും നിലവിലെ തൊഴിലാളികളെയും ഇത് എപ്രകാരം ബാധിക്കുമെന്ന് പഠിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

കെ.എസ്.ആർ.ടി.സി.-ക്കും തൊഴിലാളികൾക്കും ഇത് ഗുണകരമായതായി കാണുന്നുണ്ട്. ദീർഘദൂര സർവ്വീസുകൾ, അന്തർസംസ്ഥാന സർവ്വീസുകൾ എന്നിങ്ങനെ തുടർച്ചയായി ജോലി ചെയ്യേണ്ടവയാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലേയ്ക്ക് മാറ്റിയിരിക്കുന്നത്. കൂടാതെ സർവ്വീസ് കാര്യക്ഷമത, ബസ്സിന്റെ കണ്ടീഷൻ എന്നിവ മെച്ചപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

(ഡി) തൊഴിലാളികളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിക്കാനാണ് ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനത്തെ സ്വതന്ത്ര കമ്പനിയായി വിഭജിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ഇ) പിൻവാതിൽ നിയമനത്തിനാണ് പുതിയ കമ്പനി രൂപീകരിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

(ഡി&ഇ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കെ-സ്വിഫ്റ്റ് കമ്പനിയിലെ തൊഴിലാളികളുടെ ജോലി വ്യവസ്ഥയും അവകാശങ്ങളും വിശദമാക്കാമോ?

ദിവസവേതന വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 8 മണിക്കൂർ ഡ്യൂട്ടിക്ക് 715/- രൂപ ആയിരിക്കും ലഭിക്കുന്നത്. 8 മണിക്കൂർ ഡ്യൂട്ടിക്കുശേഷം അധിക അലവൻസ്, 0-1 മണിക്കൂർ അധികരിച്ചതിന് 100 രൂപ, 1-2 മണിക്കൂർ അധികരിച്ചതിന് 175 രൂപ, 2-6 മണിക്കൂർ അധികരിച്ചതിന് 375 രൂപ. ദീർഘദൂര സർവ്വീസുകൾക്ക് നിർദിഷ്ട വിശ്രമ സമയത്തിന് അഡീഷണൽ ഡ്യൂട്ടി പരിഗണിക്കുന്നതല്ല.

**കിള്ളി-മണലി-മേച്ചിറ വഴിയുള്ള സർവ്വീസുകൾ**

226 (1792) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിർത്തിവച്ചിരുന്ന കിള്ളി-മണലി-മേച്ചിറ വഴിയുള്ള സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കാമോ; പ്രദേശവാസികളുടെ ആശങ്കകൾക്ക് പരിഹാരം കാണുമോ; വിശദാംശം ലഭ്യമാക്കാമോ?

കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിർത്തിവച്ച 6.25-നുള്ള കാട്ടാക്കട-മേച്ചിറ-പാങ്ങോട്-തിരുവനന്തപുരം സർവ്വീസ് 23-06-2022-ൽ പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ അഞ്ച് റൗണ്ട്

ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. (കാട്ടാക്കട-മേച്ചിറ-മൂങ്ങോട് വഴി തിരുവനന്തപുരം ഭാഗത്തേയ്ക്ക് 06.25, 08.45, 11.00, 13.45, 15.50, തിരുവനന്തപുരത്തുനിന്നും മൂങ്ങോട്-മേച്ചിറ-കാട്ടാക്കട ഭാഗത്തേയ്ക്ക് 07.30, 09.50, 12.10, 14.50, 17.00).

**ക്ലാസ്സ് മുറികൾക്കായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ**

227 (1793) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലപരിമിതിമൂലം പ്രയാസമനുഭവപ്പെടുന്ന സർക്കാർ സ്കൂളുകളിൽ ക്ലാസ്സ് മുറികൾ സജ്ജമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ?

ലഭ്യമായ അപേക്ഷയിന്മേൽ പ്രാരംഭമായി 4 സ്ക്രാപ്പ് ബസ്സുകൾ സൗജന്യമായി സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചുനൽകി. എന്നാൽ പ്രസ്തുത ബസ്സ് നീക്കം ചെയ്യുന്നതും രൂപമാറ്റം വരുത്തുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സ്ഥാപനം സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതും "Donated by KSRTC” എന്ന് ഇരുവശങ്ങളിലും രേഖപ്പെടുത്തണമെന്ന നിബന്ധനയോടെയുമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. തുടർന്നും ഇത്തരത്തിൽ കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന

സാഹചര്യത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എവിടെയെല്ലാം ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കുമോ?

ഭീമനാട് യു.പി.എസ്. - 1

ഗവൺമെന്റ് ടി.ടി.ഐ, മണക്കാട്, തിരുവനന്തപുരം - 2

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് - 1

**വേണാട് ബസിൽ കൺസെഷൻ**

228 (1794) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. വേണാട് ബസ്സിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കുന്നതിനായി പകൽകുറി എച്ച്.എസ്.എസ്. ഭാരവാഹികൾ സമർപ്പിച്ച നിവേദനത്തിൻമേൽ നടപടി സ്വീകരിക്കാമോ?

എത്രയും വേഗം റിപ്പോർട്ട് ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിത നഷ്ടം**

229 (1795) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മെയ് 31 വരെയുള്ള കെ.എസ്.ആർ.ടി.സി.-യുടെ ആകെ സഞ്ചിത നഷ്ടം എത്ര രൂപയെന്ന് വിശദമാക്കാമോ?

2015-2016 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ മാത്രമേ സി.എ.ജി. ആഡിറ്റ് പൂർത്തിയാക്കി അംഗീകാരം ലഭിച്ചിട്ടുള്ളൂ. ആയത് പ്രകാരമുള്ള സഞ്ചിത നഷ്ടം 6048.25 കോടി രൂപയാകുന്നു. 2021-2022 വരെയുള്ള ആഡിറ്റ് ചെയ്യാത്ത താൽക്കാലിക കണക്കനുസരിച്ച് സഞ്ചിത നഷ്ടം 15,952.22 കോടി രൂപയാകുന്നു.

(ബി) പ്രസ്തുത നഷ്ടം നികത്താൻ സ്വീകരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കുന്നതിനായി ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സർക്കാർ നൽകിയ 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിൽ ഉൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം അന്തർസംസ്ഥാന റൂട്ടുകൾ

ഉൾപ്പെടെയുള്ള നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, സ്ഥിര യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്ന ബസ്സ് ഓൺ ഡിമാന്റ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര ഉൾപ്പെടെ നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി എന്ന പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ, ഈ

സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നീ സുപ്രധാന ആവശ്യങ്ങൾക്ക് വായ്പയായി 2037.51 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, 2021-22 സാമ്പത്തിക വർഷത്തിൽ നാല് പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വായ്പ വിഹിതത്തിൽനിന്നും നാളിതുവരെ 388.56 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഓപ്പറേഷൻ ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും ചെലവ് കുറയ്ക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയമായി ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും ഷെഡ്യൂളുകൾ ക്ലബ്ബ് ചെയ്ത് ലാഭകരമാക്കുകയും വരുമാനം ലഭ്യമാകുന്ന മേഖലകളിൽ കൂടുതൽ സർവ്വീസ് നടത്തിയും പുതിയ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് യാത്രക്കാരെ ആകർഷിച്ച് വരുമാനം വർദ്ധിപ്പിച്ച് സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ, ബൈപ്പാസ് റൈഡർ, ബഡ്ജറ്റ്

ടൂറിസം, സമുദ്ര ബസ് പദ്ധതി എന്നിങ്ങനെ നൂതനമായ സർവ്വീസുകൾ ആവിഷ്കരിച്ചാലും സ്വകാര്യ വാഹനങ്ങളിൽനിന്നും പബ്ലിക് ട്രാൻസ്പോർട്ടിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാന വർദ്ധന സാധ്യമാവുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി ദൈനംദിന കളക്ഷൻ എത്രയെന്ന് അറിയിക്കാമോ; ഒരു ദിവസത്തെ ശരാശരി ചെലവ് എത്ര രൂപയാണ്; വ്യക്തമാക്കാമോ?

നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ ശരാശരി വരുമാനം 6.20 കോടി രൂപയാണ്. എന്നാൽ ശമ്പളം, ഓവർഡ്രാഫ്റ്റ് തിരിച്ചടവ് എന്നിവ ഉൾപ്പെടെ ഒരു ദിവസത്തെ ശരാശരി ചെലവുകൾ ഏകദേശം 10.67 കോടി രൂപ വരും. ശരാശരി പ്രതിദിന ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| ഇനം | തുക |
|---|---|
| ഡീസൽ & ല്യൂബ് | 3.38 |
| ശമ്പളം | 3.20 |
| ഓവർഡ്രാഫ്റ്റ് തിരിച്ചടവ് | 1.68 |
| കൺസോർഷ്യം വായ്പ തിരിച്ചടവ് | 1.00 |

| | |
|---|---|
| ബഹു. കോടതി നിർദ്ദേശാനുസരണം പെൻഷൻ നൽകാനായി മാറ്റിവയ്ക്കുന്ന തുക | 0.50 |
| പ്രോവിഡന്റ് ഫണ്ട് | 0.10 |
| എം.എ.സി.റ്റി. | 0.10 |
| സ്പെയർ പാർട്സ് | 0.26 |
| ഇലക്ട്രിസിറ്റി/വാട്ടർ/വാടക ഇനത്തിലെ ചെലവുകൾ | 0.18 |
| ജീവനക്കാരുടെ അലവൻസുകൾ | 0.18 |
| ടോൾ, നികുതി ചാർജ്ജുകൾ | 0.09 |
| ആകെ | 10.67 |

(ഡി) ഗ്യാരന്റി കമ്മീഷനായി കെ.എസ്.ആർ.ടി.സി. സർക്കാരിന് അടയ്ക്കേണ്ട തുക എത്രയെന്ന് വിശദമാക്കാമോ?

31-03-2022-ലെ കണക്കുപ്രകാരം പലിശ ഉൾപ്പെടെ 103.25 കോടി രൂപ ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് അടയ്ക്കാനുണ്ട്.

**ഈരാറ്റുപേട്ട ഡിപ്പോയിലെ നിർത്തലാക്കിയ സർവ്വീസുകൾ**

230 (1796) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർത്തലാക്കിയിരുന്ന സർവ്വീസുകൾ എല്ലാം പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. മാത്രം സർവ്വീസ് നടത്തിയിരുന്ന റൂട്ടുകളിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാനായി പ്രസ്തുത സർവ്വീസുകൾ അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർത്തലാക്കിയിരുന്ന എല്ലാ സർവ്വീസുകളും പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ പ്രധാന ട്രിപ്പുകളും ക്രമീകരിച്ച് നിലവിലെ ഷെഡ്യൂളുകളിൽ ചേർത്ത് ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

(സി) പൂഞ്ഞാർ മണ്ഡലത്തിലെ ജനങ്ങളുടെ രാത്രി യാത്രാക്ലേശം പരിഹരിക്കുന്നതിനായി ഈരാറ്റുപേട്ട ഡിപ്പോയിലേയ്ക്ക് ഉണ്ടായിരുന്ന നൈറ്റ് സ്റ്റേ ബസ്സുകൾ പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

യാത്രക്കാരുടെ ആവശ്യകതയനുസരിച്ച് സാധ്യതാപഠനം നടത്തി കോർപ്പറേഷനും യാത്രക്കാർക്കും ഗുണകരമാകുമെങ്കിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

**അർബൻ മെട്രോ ട്രാൻസ്പോർട്ട് അതോറിറ്റി**

231 (1797) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ മെട്രോ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ കൊച്ചിയിലെ പ്രവർത്തനം എന്ന് പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള റെഗുലേഷനുകളും മറ്റും അംഗീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ആയതിനുശേഷം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) അതോറിറ്റിയിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

അതോറിറ്റിയിൽ നിലവിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥന് സി.ഇ.ഒ-യുടെ അധിക ചുമതലയും എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതലയും നൽകിയിട്ടുണ്ട്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിലെ അർബൻ മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി സെൽ (UMTA Cell)-ൽ മുമ്പ് പ്രവർത്തിച്ചിരുന്ന രണ്ട് ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്കുപുറമേ ടെക്നിക്കൽ-നോൺ ടെക്നിക്കൽ വിഭാഗങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വരുമാനം**

232 (1798) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ കോവിഡിന് ശേഷമുള്ള ഒരു ദിവസത്തെ ശരാശരി വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ കോവിഡിന് ശേഷമുള്ള ഒരു ദിവസത്തെ ശരാശരി വരുമാനം 2022 മേയ് മാസത്തെ കണക്കുപ്രകാരം 9,89,676/- രൂപയാണ്.

(ബി) പ്രസ്തുത ഡിപ്പോയിൽനിന്നും നിലവിൽ എത്ര ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഡിപ്പോയിൽനിന്നും നിലവിൽ 67 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) പ്രസ്തുത ഡിപ്പോയിലെ ഏറ്റവും വരുമാനമുള്ള ഷെഡ്യൂൾ ഏതാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഡിപ്പോയിലെ ഏറ്റവും വരുമാനമുള്ള ഷെഡ്യൂൾ 08.00 മണി മാനന്തവാടി-തിരുവനന്തപുരം ആണ്.

**ഗ്രാമവണ്ടി പദ്ധതി**

233 (1799) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതി എവിടെയെല്ലാം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി. ഗ്രാമീണ മേഖലയിൽ കൂടുതൽ സർവ്വീസുകൾ

നടപ്പിലാക്കുന്നതിനായി സർക്കാർ ഗ്രാമവണ്ടി എന്ന നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി ആരംഭിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷൻ, കൊല്ലയിൽ പഞ്ചായത്ത്, കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷൻ, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ ഏറനാട് പഞ്ചായത്ത്, കോട്ടയത്ത് കടുത്തുരുത്തി ബ്ലോക്ക് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആദ്യഘട്ടം ആരംഭിക്കുന്നതിന് നടപടികൾ പൂർത്തിയായിവരുന്നു.

(ബി) ലാഭകരമല്ലാത്ത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നിർത്തലാക്കിയതുമൂലം പ്രസ്തുത റൂട്ടുകളിൽ ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നത് പ്രായോഗികമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഗ്രാമീണ മേഖലയിലേയ്ക്കും ഒറ്റപ്പെട്ട പ്രദേശങ്ങളിലേയ്ക്കുമുള്ള സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും സഹകരണത്തോടെയും നടപ്പിലാക്കുന്നതിനും കൂടുതൽ യാത്രാസൗകര്യം ലഭ്യമാക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ ഡീസൽ ചെലവ് തുക മാത്രം തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിക്കൊണ്ട് ബാക്കി

ചെലവുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന റൂട്ടുകളിലൂടെയും സമയക്രമമനുസരിച്ച് സർവ്വീസുകൾ നടത്താൻ കഴിയുന്നതാണ്. നിലവിലെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിൽ കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന് കഴിയുകയില്ല. നാളിതുവരെ കെ.എസ്.ആർ.ടി.സി. മാത്രമായി ഏറ്റെടുത്ത സാമ്പത്തിക ഭാരം തദ്ദേശഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും ചേർന്ന് വഹിക്കുന്നത് പൊതുഗതാഗത സൗകര്യം കുറവുള്ള പ്രദേശങ്ങളിൽ താമസിക്കാൻ വിധിക്കപ്പെട്ട ജനവിഭാഗത്തിന് ആശ്വാസകരമാകുന്നതിനുവേണ്ടി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന് ആശ്വാസവും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യവുമാണ്. ആയതിനാൽ ഗ്രാമവണ്ടി പദ്ധതി പ്രായോഗികമാക്കേണ്ടത് അനിവാര്യമാണ്. ഡീസൽ തുക ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്പോൺസർഷിപ്പ് മുഖേനയും തുക സമാഹരിക്കാൻ കഴിയുമെന്നതിനാൽ തുക കണ്ടെത്തുക അത്രമാത്രം ദുഷ്കരമല്ല.

(സി) കോവിഡുമൂലം നിർത്തലാക്കിയ പല ബസ് സർവ്വീസുകളും ആദിവാസി മേഖലയിലേയും ഒറ്റപ്പെട്ട സ്കൂൾ മേഖലയിലേയും

വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലഭ്യമായിരുന്ന സർവ്വീസുകൾ വിദ്യാർത്ഥികൾ കൂടുതലായി ആശ്രയിക്കുന്ന സർവ്വീസുകളും ആദിവാസി മേഖല സർവ്വീസുകൾക്കും പ്രാധാന്യം നൽകി പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവുപോലും ലഭിക്കാത്ത മറ്റ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടി നടന്നുവരുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം നൽകുന്നതിനാവശ്യമായ ചെലവുകൾ കെ.എസ്.ആർ.ടി.സി. മാത്രം വഹിക്കുന്നത് ഒഴിവാക്കി സ്ഥാപനങ്ങൾകൂടി വഹിക്കുന്നരീതിയിൽ ചെലവുകുറഞ്ഞ സ്റ്റുഡന്റ്സ് ബോണ്ട് സർവ്വീസുകൾ ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് നൽകുന്നതിന് കെ.എസ്.ആർ.ടി.സി. സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ കടുത്ത

സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന കോർപ്പറേഷൻ സാമൂഹ്യപ്രതിബദ്ധതയുടെ പേരിൽ ചെലവിടുന്ന വലിയ തുകയുടെ ഒരു ഭാഗം ഷെയർ ചെയ്ത് കോർപ്പറേഷനും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ആശ്വാസമേകുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

**ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരമുള്ള ലോ ഫ്ലോർ ബസ്സുകൾ**

234 (1800) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം എത്ര ലോ ഫ്ലോർ ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. നാളിതുവരെ വാങ്ങിയിട്ടുള്ളത്; ഏതൊക്കെ കമ്പനികളുടെ എത്ര വീതം ബസ്സുകളാണ് കോർപ്പറേഷൻ സ്വന്തമാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി. നാളിതുവരെ 720 ലോ ഫ്ലോർ ബസ്സുകൾ വാങ്ങിയിട്ടുണ്ട്. M/s. Ashok Leyland-ൽനിന്ന് 316 ബസ്സുകളും വോൾവോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽനിന്നും 190 ബസ്സുകളും ടാറ്റാ മോട്ടോഴ്സിൽനിന്നും 214 ബസ്സുകളും വാങ്ങിയിട്ടുണ്ട്.

(ബി) ആയതിൽ എത്ര ബസ്സുകളാണ് നിലവിൽ നിരത്തുകളിൽ

ഓടിക്കുന്നതിനായി ഉപയോഗിക്കുന്നതെന്ന് അറിയിക്കാമോ?

469 ബസ്സുകൾ സർവ്വീസിനായി സജ്ജീകരിച്ചിട്ടുണ്ട്.

(സി) പ്രവർത്തനക്ഷമമല്ലാത്ത ലോ ഫ്ലോർ ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിന് കോർപ്പറേഷൻ തീരുമാനിക്കുകയുണ്ടായോ; എങ്കിൽ എത്ര ലോ ഫ്ലോർ ബസ്സുകളാണ് ഇപ്രകാരം സ്ക്രാപ്പ് ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 239 നോൺ എ.സി. ലോ ഫ്ലോർ ബസ്സുകളും 10 വോൾവോ ബസ്സുകളും സ്ക്രാപ്പ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. രണ്ട് ജൻറം നോൺ എ.സി. ബസ്സുകൾ പൂർണ്ണമായും കത്തി നശിച്ചതിനാൽ സ്ക്രാപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിന് 10 വർഷം അല്ലെങ്കിൽ 10 ലക്ഷം കിലോമീറ്റർ ഏതാണോ ആദ്യം പൂർത്തിയാകുന്നത് എന്നതാണ് സ്വീകരിച്ചിരിക്കുന്നത്. ജൻറം പദ്ധതിപ്രകാരം ബസ്സുകൾ

അനുവദിക്കുന്നതിനായുള്ള സെൻട്രൽ സാംഗ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റി (CSMC) ഈ ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിന് 9 വർഷമോ 9.5 ലക്ഷം കിലോ മീറ്ററോ ഏതാണോ കൂടുതൽ എന്ന മാനദണ്ഡമാണ് നിഷ്കർഷിച്ചിരിക്കുന്നത്.

**കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള വിതരണം**

235 (1801) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനുവരി മുതൽ മെയ് വരെ സർവ്വീസ് നടത്തിയ വകയിൽ ഓരോ മാസവും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച വരുമാനം വ്യക്തമാക്കാമോ?

2022 ജനുവരി മുതൽ മേയ് വരെ സർവ്വീസ് നടത്തിയ വകയിൽ ഓരോ മാസവും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.

(തുക കോടി രൂപയിൽ)

| **മാസം** | **തുക** |
|---|---|
| 2022 ജനുവരി | 132.54 |
| 2022 ഫെബ്രുവരി | 118.76 |
| 2022 മാർച്ച് | 151.37 |
| 2022 ഏപ്രിൽ | 156.28 |
| 2022 മേയ് | 183.49 |

(ബി) പ്രസ്തുത കാലയളവിലെ ഓരോ മാസത്തെയും ശമ്പളച്ചെലവും ഇന്ധനച്ചെലവും വ്യക്തമാക്കാമോ?

2022 ജനുവരി മുതൽ മേയ് വരെയുള്ള കാലയളവിലെ ഓരോ മാസത്തെയും ശമ്പള ച്ചെലവും ഇന്ധനച്ചെലവും ചുവടെ ചേർക്കുന്നു.

(തുക കോടി രൂപയിൽ)

| മാസം | ആകെ ശമ്പള ചെലവ് | ഇന്ധന ചെലവ് |
|---|---|---|
| ജനുവരി | 95.82 | 68.63 |
| ഫെബ്രുവരി | 96.79 | 72.24 |
| മാർച്ച് | 96.61 | 88.42 |
| ഏപ്രിൽ | 96.25 | 97.69 |
| മെയ് | 94.55 | 92.21 |

(സി) 2022 ജനുവരി മുതൽ മേയ് വരെ ഓരോ മാസത്തെയും ശമ്പളം ഏത് ദിവസത്തിലാണ് വിതരണം ചെയ്ത് തുടങ്ങിയത്; വ്യക്തമാക്കാമോ?

2022 ജനുവരി മുതൽ മേയ് വരെ ഓരോ മാസത്തെയും ശമ്പളം വിതരണം ചെയ്തുതുടങ്ങിയ തീയതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2022 ജനുവരി | 09-02-2022 |
| 2022 ഫെബ്രുവരി | 10-03-2022 |
| 2022 മാർച്ച് | 18-04-2022 |
| 2022 ഏപ്രിൽ | 20-05-2022 |

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം മാസത്തിലെ ഏത് തീയതിയിലാണ് വിതരണം ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ?

ഓരോ മാസത്തെയും അവസാനത്തെ പ്രവൃത്തി ദിവസമാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്തുവന്നിരുന്നത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിമിത്തം പല മാസങ്ങളിലും ഒരു നിശ്ചിത തീയതിയിൽ ശമ്പളം വിതരണം ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

(ഇ) എല്ലാ മാസവും 5-ാം തീയതിക്കകം ശമ്പളം നൽകാമെന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സർക്കാർ ഉറപ്പുനൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സർക്കാർ ഉറപ്പ് നൽകിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടവും രക്ഷാനടപടികളും**

236 (1802) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

കെ.എസ്.ആർ.ടി.സി.-ക്കായി എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്; ആയതിന് ചെലവഴിച്ച തുക എത്ര?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിൽ ഉൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങിയിട്ടുണ്ട്. ദീർഘദൂര സർവ്വീസ് നടത്തിപ്പിനായി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. ആയതിന് 50.64 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന നഷ്ടവും പ്രതിദിന വരുമാനവും എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ ശരാശരി വരുമാനം 6.20 കോടി രൂപയും ശരാശരി ചെലവ് പ്രതിദിന ശമ്പളം ഉൾപ്പെടെ 9.56 കോടി രൂപയുമാണ്. ഇതിൻപ്രകാരം പ്രതിദിന നഷ്ടം ശരാശരി 3.36 കോടി രൂപയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഇനങ്ങളിലായി കെ.എസ്.ആർ.ടി.സി-ക്ക് ആകെ എത്ര തുക

അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നീ സുപ്രധാന ചെലവുകൾക്കായി 2037.51 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. ഇതിനുപുറമെ നാല് (4) പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപ പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ വായ്പ വിഹിതത്തിൽനിന്നും 388.56 കോടി രൂപ നാളിതുവരെ അനുവദിച്ച് നൽകിയിട്ടുമുണ്ട്.

(ഡി) ജൻറം സർവ്വീസിനായി ലഭിച്ച ബസ്സുകളും സ്കാനിയ പോലുള്ള ബസ്സുകളും എത്രയാണെന്ന് അറിയിക്കാമോ; യഥാസമയം മെയിന്റനൻസ് ഇല്ലാതിരുന്നതുമൂലം എത്രയെണ്ണം നശിക്കുന്നുണ്ടെന്നും ആയിനത്തിലുള്ള നഷ്ടം എത്രയെന്നും അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ജൻറം സർവ്വീസിനായി 720 ബസ്സുകൾ ലഭിച്ചിട്ടുണ്ട്. സ്കാനിയ - 17, വോൾവോ മൾട്ടി ആക്സിൽ - 10, വോൾവോ

സിങ്കിൾ ആക്സിൽ - 2 എന്നീ ബസ്സുകളും കെ.എസ്.ആർ.ടി.സി.-ക്കുണ്ട്. കൂടാതെ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയ 10 സ്കാനിയ ബസ്സുകളുമുണ്ട്. ജൻറം സ്കീമിൽ 2009-2013 കാലയളവിൽ ലഭിച്ച Phase-I ബസ്സുകളിൽ കാലപ്പഴക്കം ചെന്നതും വർദ്ധിച്ച അറ്റകുറ്റപ്പണികൾ ആവശ്യമായതും മൈലേജ് കുറവായതും ജൻറം ബസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സെൻട്രൽ സാംഗ്ഷനിംഗ് മോണിറ്ററിംഗ് കമ്മിറ്റി പരിഗണിച്ച കാലയളവ് പൂർത്തീകരിച്ചതും കെ.എസ്.ആർ.ടി.സി. അസിസ്റ്റന്റ് വർക്സ് മാനേജർ (ജില്ലാ തലം), റിജിയണൽ വർക്സ് മാനേജർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്/IHRD/LBS ഫാക്കൽറ്റി, മോട്ടോർ വാഹന വകുപ്പിൽനിന്നുള്ള മെക്കാനിക്കൽ എഞ്ചിനീയർ എന്നിവരടങ്ങുന്ന വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തതുമായ 239 ലൈലാന്റ് ലോ ഫ്ലോർ റീയർ എഞ്ചിൻ ബസ്സുകളും 10 വോൾവോ എ.സി. ലോ ഫ്ലോർ ബസ്സുകളും സ്ക്രാപ്പ് ചെയ്യാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചു. യഥാസമയം മെയിന്റനൻസ് ഇല്ലായിരുന്നതുമൂലം ബസ്സുകൾ ഒന്നുംതന്നെ നശിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. നാളിതുവരെ 720 ലോ ഫ്ലോർ ബസ്സുകൾ വാങ്ങിയിട്ടുണ്ട്. M/s. Ashok Leyland-ൽനിന്ന് 316 ബസ്സുകളും വോൾവോ

ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്-ൽനിന്നും 190 ബസ്സുകളും ടാറ്റാ മോട്ടോഴ്സിൽനിന്നും 214 ബസ്സുകളും വാങ്ങിയിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ?

കോവിഡ് മഹാമാരിയെ തുടർന്നുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച്, സ്ഥാപനത്തെ കൂടുതൽ ലാഭത്തിലാക്കുന്നതിനായി ഈ സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നീ സുപ്രധാന ആവശ്യങ്ങൾക്കായി വായ്പയായി 2037.51 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, 2021-22 സാമ്പത്തിക വർഷത്തിൽ നാല് (4) പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി നൽകിയ 50 കോടി രൂപ വിനിയോഗിച്ച് സൂപ്പർ ക്ലാസ് ബസ്സുകൾ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങി, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന അന്തർസംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയാണ്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം,

വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, സ്ഥിരയാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്ന ബസ്സ് ഓൺ ഡിമാന്റ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യവിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര ഉൾപ്പെടെ നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മാത്രമല്ല ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.-

ക്ക് വായ്പ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വായ്പ വിഹിതത്തിൽനിന്നും നാളിതുവരെ 388.56 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് മെയിന്റനൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റി ആവശ്യാർത്ഥംമാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു.

ഫ്ലീറ്റ് ആൻഡ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിൽവരുത്തുന്നതിന്റെ പ്രവർത്തനം പുരോഗതിയിലാണ്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 310 എണ്ണം സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത് പ്രാഥമിക യോഗ്യത നേടി ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത വാഹന നിർമ്മാതാവായ M/s. Ashok Leyland Ltd-നോട് ടെണ്ടർ വ്യവസ്ഥകൾ പാലിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ച് വിലയിരുത്തുന്നതിനായി prototype bus നൽകുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ 700 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ സി.എൻ.ജി.-യുടെ വില അമിതമായി വർദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ പരിശോധനയ്ക്കുശേഷം തുടർനടപടികൾ സ്വീകരിച്ചു. ഇന്ധനവില ലാഭിക്കുന്നതിനുവേണ്ടി 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് M/s. PMI Electro Mobility Solutions PVT. Ltd. എന്ന സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകുകയും ആദ്യപടിയായി 25 ബസ്സുകൾ ഉടൻ ലഭ്യമാകുകയും ചെയ്യുന്നതാണ്. ഇതുകൂടാതെ 100 എണ്ണം 12 മീറ്റർ mofussil ഇലക്ട്രിക്

ബസ്സുകളും 50 എണ്ണം 9 മീറ്റർ ഇലക്ട്രിക് സിറ്റി ബസ്സുകളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.

വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും.

ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേയ്സ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

<u>GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ</u>

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേയ്സ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടെയും കളക്ഷൻ വിവരങ്ങളും ഓരോ ബസ്സിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും

ലഭ്യമാക്കാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്.

ഓൺലൈൻ റിസർവേഷൻ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. കോർപ്പറേഷൻ നേരിടുന്ന സാമ്പത്തിക ക്ലേശം കുറയ്ക്കുന്നതിലേയ്ക്കായി സർവ്വീസ് ഓപ്പറേഷനിലൂടെ ലഭ്യമാകുന്ന വരുമാനത്തിലുപരിയായി സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി വിഭാഗത്തിന്റെ നേതൃത്വത്തിൽ ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ,

യൂണിറ്റിലെ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങളിൽ പരസ്യം പ്രദർശിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ പ്രാവർത്തികമാക്കി സർവ്വീസിതര വരുമാനം ലഭ്യമാക്കി കോർപ്പറേഷന്റെ സാമ്പത്തിക ക്ലേശം കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം

237 (1803) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് വകയിരുത്തിയ ബഡ്ജറ്റ് വിഹിതം എത്രയാണ്; ആയതിൽനിന്നും 2022 മേയ് 31 വരെ അനുവദിച്ച തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വായ്പ വിഹിതത്തിൽനിന്നും നാളിതുവരെ 388.56 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആകെ 101 ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

CNG Bus -1 No.

Conventional Bus -100 Nos.

ഇതിനായി ആകെ 26.85 കോടി രൂപ ചെലവായിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2016-17 സാമ്പത്തിക വർഷത്തിൽ 19.61 കോടി രൂപ ബസ്സുകൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിൽ ഉൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം അന്തർസംസ്ഥാന റൂട്ടുകൾ ഉൾപ്പെടെയുള്ള നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് ആവശ്യമായ 20 Semi Premium Fully Built AC-Seater ബസ്സുകളും 8 Premium Class Fully Built Multi Axle AC-Sleeper ബസ്സുകളും 88

Fully Built Non-AC Air Suspension ബസ്സുകളും വാങ്ങി. ആയതിന് 50.64 കോടി രൂപ ചെലവായിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

238 (1804) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പ്രതിസന്ധി തുടർന്നാൽ ഒരു വിഭാഗം ജീവനക്കാരെ പിരിച്ചുവിടുമെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച വകുപ്പുമന്ത്രിയുടെ പ്രസ്താവന സർക്കാരിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇപ്രകാരം തീരുമാനമെടുത്തിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിലെ നിലവിലെ പ്രതിസന്ധിയുടെ കാരണം സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ

നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കൽക്കട്ട ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയുടെ നേതൃത്വത്തിൽ പഠനവിധേയമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ പ്രസ്താവിച്ച ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം ശാസ്ത്രീയമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനായി സർക്കാർ സഹായത്തോടെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ നടപടികളും വിദഗ്ധ ഏജൻസിയായ DIMTS-നെ നിയോഗിച്ച് ഡാറ്റാ ശേഖരണം, ക്രമീകരണം എന്നിവയും നടത്തിവരുന്നു. ഇത്തരത്തിൽ മൾട്ടിപ്പിൾ ഷെഡ്യൂൾ ഡ്യൂട്ടികൾ പുനഃക്രമീകരിക്കുകവഴി ജീവനക്കാരെ കൂടുതൽ ഉപയോഗിക്കാൻ കഴിയുകയും അധിക ബസ് ഓപ്പറേറ്റ് ചെയ്ത് വരുമാന വർദ്ധനവ് ലഭ്യമാക്കാൻ സാധിക്കുകയും ചെയ്യും. ഇത് നടപ്പിലാക്കിവരുന്നു. കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിലേയ്ക്കായി ടിക്കറ്റിതര വരുമാനം ത്വരിതപ്പെടുത്താനുള്ള പദ്ധതികൾ

ആവിഷ്കരിക്കുകയും ആയത് പ്രാവർത്തികമാക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കം സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

239 (1805) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് നിർത്താലാക്കിയ കുണ്ടറ നിയോജകമണ്ഡലത്തിലെ എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകളാണ് പുനരാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലത്ത് നിർത്തലാക്കിയ കുണ്ടറ നിയോജകമണ്ഡലത്തിലെ 78 സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലേയ്ക്കായി പുതുതായി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗ്രാമവണ്ടി പദ്ധതിയിലൂടെ തദ്ദേശസ്ഥാപനങ്ങൾ സഹകരിക്കാൻ തയ്യാറായാൽ പുതിയ ബസ് സർവ്വീസുകൾ ആരംഭിക്കാൻ കഴിയും.

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളം**

240 (1806) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളി സംഘടനകൾ സമരത്തിലാണെന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ഗൗരവത്തോടെ കാണുന്നുണ്ട്.

(ബി) പ്രസ്തുത സമരങ്ങൾ തീർക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സമരം നടത്തുന്ന അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചചെയ്ത് പരിഹാരം കാണുന്നതിന് 29-06-2022-ൽ ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കെ.എസ്.ആർ.ടി.സി.-ലെ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി.

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോവിഡ് മഹാമാരിക്കുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും വിവിധ നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും ശരാശരി പ്രതിദിന വരുമാനം 6 കോടി രൂപയിൽ എത്തിച്ചിട്ടുണ്ട്. എന്നാൽ ഡീസൽ വിലയിലെ അനിയന്ത്രിത വിലക്കയറ്റം, ബൾക്ക് പർച്ചെയ്സർ വിഭാഗത്തിന് നൽകിയിരുന്ന ആനുകൂല്യങ്ങൾ, ഇന്ധന കമ്പനികൾ നിഷേധിച്ചതുമൂലമുണ്ടായ അധിക ബാധ്യത,

ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണം, കൺസോർഷ്യം വായ്പ തിരിച്ചടവ്, ശമ്പള വിതരണത്തിനായി സർക്കാർ നൽകിവന്ന ധനസഹായത്തിലെ കുറവ് എന്നിവ നിമിത്തം വരുമാനത്തേക്കാൾ ചെലവേറിവരുന്ന സാഹചര്യത്തിൽ ജീവനക്കാർക്ക് എല്ലാ മാസവും സമയബന്ധിതമായി ശമ്പളം വിതരണം ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി സ്ഥിതി തരണംചെയ്യുന്നതിനായി സർക്കാർ സാമ്പത്തിക സഹായത്തിനുപുറമെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും ഓവർഡ്രാഫ്റ്റ് വായ്പകൂടി ലഭ്യമാക്കിയാണ് ശമ്പളം വിതരണം ചെയ്യുന്നത്. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ ഡ്യൂട്ടികൾ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രാൻ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. ഡോക്കിലുള്ള ബസ്സുകൾകൂടി നിരത്തിലിറക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഗുണഫലത്താൽ വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പളം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മുൻ എം. പാനൽ ജീവനക്കാരൻ തൂങ്ങിമരിച്ച സംഭവം

241 (1807) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. മുൻ എം.പാനൽ ജീവനക്കാരനായിരുന്ന കോട്ടയം ബ്രഹ്മമംഗലം സ്വദേശി തൂങ്ങിമരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ?

എംപാനൽ ജീവനക്കാരെ നിലവിൽ കോർപ്പറേഷന്റെ റോളിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതിനാൽ ഇതുസംബന്ധിച്ച് അന്വേഷണമോ തുടർ നടപടികളോ നടത്തിയിട്ടില്ല. മാത്രമല്ല ഇതുമായി ബന്ധപ്പെട്ട് മറ്റ് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) കെ-സ്വിഫ്റ്റ് കമ്പനി തുടങ്ങുമ്പോൾ മുൻ എം.പാനൽ ജീവനക്കാർക്ക് മുൻഗണന നൽകുമെന്ന് ഉറപ്പ് നൽകിയത് പാലിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

(ബി&സി) കെ.എസ്.ആർ.ടി.സി.-യിൽനിന്നും പിരിച്ചുവിട്ട എം്പാനൽ ജീവനക്കാരെ കെ.എസ്.ആർ.ടി.സി.-സിഫ്റ്റിൽ പുനരധിവസിപ്പിക്കുമെന്ന് 19-02-2021-ലെ G.O (MS) No. 7/2021/ TRANS സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നുവെങ്കിലും കെ.എസ്.ആർ.ടി.സി.-സിഫ്റ്റ് കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട WP(C) Nos. 5901/2021, 7077/21, 7232/21, 4655/22, 14784/21, CC 1227/21, CC 1635/21 എന്നീ കേസ്സുകളിലെ 09-02-2022-ലെ ഇടക്കാല ഉത്തരവുപ്രകാരം കെ.എസ്.ആർ.ടി.സി.-സിഫ്റ്റിലേയ്ക്കുള്ള താത്കാലിക നിയമനം നടത്തുന്നതിൽ യാതൊരു പ്രത്യേക പരിഗണനയും മുമ്പുണ്ടായിരുന്ന എം്പാനൽ ജീവനക്കാർക്ക് നൽകരുതെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് G.O (MS) No.58/2021/TRANS തീയതി 11-12-2021 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

## **കെ.എസ്.ആർ.ടി.സി.-യിൽനിന്ന് പിരിച്ചുവിട്ട എം.പാനൽ ജീവനക്കാർ**

242 (1808) ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽനിന്ന് പിരിച്ചുവിട്ട എം.പാനൽ ജീവനക്കാർക്ക് കെ-സ്വിഫ്റ്റിൽ ജോലി നൽകുമെന്ന് മുഖ്യമന്ത്രിയും കെ.എസ്.ആർ.ടി.സി. എം.ഡി.-യും പ്രഖ്യാപിച്ചത് സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽനിന്നും പിരിച്ചുവിട്ട എംപാനൽ ജീവനക്കാരെ കെ.എസ്.ആർ.ടി.സി.-സിഫ്റ്റിൽ പുനരധിവസിപ്പിക്കുമെന്ന് G.O (MS)No.7/2021/TRANS തീയതി 19-02-2021 സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നുവെങ്കിലും കെ.എസ്.ആർ.ടി.സി.-സിഫ്റ്റ് കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട WP(C) Nos. 5901/2021, 7077/21, 7232/21, 4655/22, 14784/21, CC 1227/21, CC 1635/21 എന്നീ കേസ്സുകളിലെ 09-02-2022-ലെ ഇടക്കാല ഉത്തരവുപ്രകാരം കെ.എസ്.ആർ.ടി.സി.-സിഫ്റ്റിലേയ്ക്കുള്ള താത്കാലിക നിയമനം നടത്തുന്നതിൽ യാതൊരു പ്രത്യേക പരിഗണനയും മുമ്പുണ്ടായിരുന്ന എംപാനൽ ജീവനക്കാർക്ക് നൽകരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി

ഉത്തരവായിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് G.O(MS)No.58/2021/TRANS തീയതി 11-12-2021 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) എം.പാനലുകാരെ ഒഴിവാക്കി കെ-സ്വിഫ്റ്റിലേയ്ക്ക് ജീവനക്കാരെ തെരഞ്ഞെടുക്കാൻ കാരണം പകുതി കൂലി നൽകി ജോലിയെടുപ്പിക്കാനാണ് എന്ന ആരോപണം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കാമോ?

ഈ ആരോപണത്തിൽ യാതൊരു വസ്തുതയുമില്ല. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡ് എന്നത് ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി ആയതിനാൽ കെ.എസ്.ആർ.ടി.സി.-യിലെ സേവന വേതന വ്യവസ്ഥകൾ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ബാധകമല്ല. ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡിന്റെ സേവന വേതന വ്യവസ്ഥകളാണ് ബാധകം.

(ഡി) കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളികൾക്ക് നൽകുന്നതിന്റെ പകുതിമാത്രം കൂലി നൽകിയാണോ കെ-സ്വിഫ്റ്റ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡ് എന്നത് ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി ആയതിനാൽ കെ.എസ്.ആർ.ടി.സി.-യിലെ സേവന വേതന വ്യവസ്ഥകൾ, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ബാധകമല്ല. ഇവിടെ ജോലി ചെയ്യുന്ന ദിവസ വേതന തൊഴിലാളികൾക്ക് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡിന്റെ സേവന വേതന വ്യവസ്ഥകളാണ് ബാധകം.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള വിതരണം**

243 (1809) ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് എല്ലാ മാസവും നിശ്ചിത ദിവസങ്ങളിൽ ശമ്പളം വിതരണം ചെയ്യുന്നതുപോലെ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യാൻ കഴിയുന്നുണ്ടോ; ഇല്ലായെങ്കിൽ കാരണം വിശദമാക്കുമോ?

ഇല്ല. കോവിഡ് മഹാമാരിയുടെ ഒന്നും രണ്ടും തരംഗങ്ങൾ ഏൽപ്പിച്ച ഗുരുതര സാമ്പത്തിക ആഘാതത്തിനുശേഷം കെ.എസ്.ആർ.ടി.സി.

പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയും പ്രതിദിന വരുമാനം ഘട്ടംഘട്ടമായി ഉയർത്തി ശരാശരി 6 കോടി രൂപ ദിവസേന ലഭ്യമാകുന്ന അവസ്ഥയിലെത്തുകയുണ്ടായി. ഏകദേശം കോവിഡിന് മുന്നേയുള്ള വരുമാനം ലഭ്യമാക്കിയ സാഹചര്യത്തിൽ ദീർഘനാളായി മുടങ്ങിക്കിടന്നിരുന്ന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം 2022 ജനുവരി മാസം മുതൽ നടപ്പിലാക്കുകയും ഇതുവഴി പ്രതിമാസം ഏകദേശം 13.50 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകുകയും ചെയ്തു. ഇതിനുപുറമെ ദിനംപ്രതി ഡീസൽ വിലയിലുണ്ടാകുന്ന അനിയന്ത്രിതമായ വർദ്ധനവ് സൃഷ്ടിക്കുന്ന അധിക ചെലവും പ്രതിദിന കൺസോർഷ്യം വായ്പയുടെ തിരിച്ചടവും ശമ്പള വിതരണത്തിനായി സർക്കാർ നൽകിവന്നിരുന്ന സാമ്പത്തിക സഹായത്തിൽ ഗണ്യമായ കുറവ് വരുത്തിയതും നിമിത്തം ദൈനംദിന വരുമാനത്തിൽനിന്നും ശമ്പള വിതരണത്തിനായി തുകയൊന്നും മിച്ചം പിടിക്കാൻ കഴിയാത്തതിനാലാണ് നിശ്ചിത ദിവസംതന്നെ ശമ്പള വിതരണം നടത്താൻ കഴിയാത്തത്.

(ബി) എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് ശമ്പളം വിതരണം

ചെയ്യണമെന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ആവശ്യം നടപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിക്കുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും വിവിധ നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും പ്രതിദിന വരുമാനം 6 കോടി രൂപയിൽ എത്തിച്ചിട്ടുണ്ട്. എന്നാൽ ഡീസൽ വിലയിലെ അനിയന്ത്രിത വിലക്കയറ്റം, ബൾക്ക് പർച്ചെയ്സർ വിഭാഗത്തിന് നൽകിയിരുന്ന ആനുകൂല്യങ്ങൾ ഇന്ധന കമ്പനികൾ നിഷേധിച്ചതുമൂലമുണ്ടായ അധിക ബാധ്യത, ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്ക്കരണം, കൺസോർഷ്യം വായ്പ തിരിച്ചടവ്, ശമ്പള വിതരണത്തിനായി സർക്കാർ നൽകിവന്ന ധനസഹായത്തിലെ കുറവ് എന്നിവ നിമിത്തം വരുമാനത്തേക്കാൾ ചെലവേറിവരുന്ന സാഹചര്യത്തിൽ എല്ലാ മാസവും അഞ്ചാം തീയതിക്കുമുമ്പ് ജീവനക്കാർക്ക് ശമ്പളം വിതരണം ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി സ്ഥിതി തരണംചെയ്യുന്നതിനായി സർക്കാർ സാമ്പത്തിക സഹായത്തിനുപുറമെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും ഓവർഡ്രാഫ്റ്റ് വായ്പകൂടി ലഭ്യമാക്കി അധിക കാലതാമസം കൂടാതെ ജീവനക്കാരുടെ ശമ്പളം

വിതരണം ചെയ്യുന്നുണ്ട്. ഡോക്കിലുള്ള ബസ്സുകൾക്കൂടി നിരത്തിലിറക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഗുണഫലത്താൽ വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പളം കാലതാമസമില്ലാതെ പരമാവധി അഞ്ചാം തീയതിക്കകംതന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശമ്പള വിതരണത്തിനാവശ്യമായ തുക ലഭിക്കുംവിധം സർവ്വീസുകൾ പുന:ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ?

മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നവിധത്തിൽ സർവ്വീസുകൾ ഇതിനോടകംതന്നെ പുനഃക്രമീകരിച്ചിട്ടുണ്ട്. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്നരീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഓവർ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ

സാധ്യമാവുകയും തദ്വാര ബസ് ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 72 സിംഗിൾ ഡ്യൂട്ടികളും 1300 പന്ത്രണ്ട് മണിക്കൂർ സ്പ്രെഡ് ഓവർ ഡ്യൂട്ടികളും നടത്തിവരുന്നുണ്ട്. കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

<u>സിംഗിൾ ഡ്യൂട്ടി ഓവർ ടൈമോടുകൂടി</u>

കണിയാപുരം ഡിപ്പോയിലെ 36 ഓർഡിനറി ഷെഡ്യൂളുകൾ സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം ഓവർ ടൈം (അധിക ജോലിക്ക് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഇരട്ടി വേതനം നൽകി) പുനഃക്രമീകരിച്ച് പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണങ്ങൾ കാണുകയുണ്ടായി. നിലവിൽ 36 സർവ്വീസുകൾ അയയ്ക്കുന്നതിനേക്കാൾ അധികം കിലോമീറ്ററും അധികം ബസ്സുകളും നിലവിലെ ജീവനക്കാരെ ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്യാൻ കഴിയും. ഇതിലൂടെ പുതിയ അധിക വരുമാനം ലഭിക്കുകയും നിലവിലെ ജീവനക്കാരെ ഉപയോഗിച്ച് മുഴുവൻ

ബസ്സുകളും ഓടിക്കാൻ കഴിയുമെന്നും കാണുകയുണ്ടായി. മേൽപദ്ധതി പ്രകാരം കണിയാപുരം യൂണിറ്റിൽ പൈലറ്റ് പദ്ധതിയും കെ.എസ്.ആർ.ടി.സി.-യുടെ 2400 ഓർഡിനറി സർവ്വീസുകൾ പ്രായോഗികമായി പരിഷ്കരിച്ചാൽ ഏതാണ്ട് 25 കോടി രൂപ പ്രതിമാസം നിലവിലെ ജീവനക്കാരും ബസ്സും ഉപയോഗിച്ചുതന്നെ നേടാനാകുമെന്നും കാണുന്നു.

<u>സിംഗിൾ ഡ്യൂട്ടി ഓവർ ടൈം ഇല്ലാതെ</u>

ആറ്റിങ്ങൽ യൂണിറ്റിൽ പരീക്ഷണാർത്ഥം ഷെഡ്യൂൾ സിംഗിൾ ഡ്യൂട്ടിയായി പരിഷ്ക്കരിക്കുന്നതിനായി പരിശോധിച്ചതിൽ മുഴുവൻ ഷെഡ്യൂളുകളും അധിക കിലോമീറ്ററും ഓടിക്കാൻ നിലവിലുള്ളതിനേക്കാൾ ജീവനക്കാർ കുറവ് മതിയെന്നും കൂടുതൽ ട്രിപ്പുകളും സർവ്വീസുകളും അയയ്ക്കാൻ കഴിയുമെന്നും ഇപ്രകാരം പ്രായോഗികമായി കെ.എസ്.ആർ.ടി.സി.-യുടെ 2400 ഓർഡിനറി സർവ്വീസുകൾ പരിഷ്കരിച്ചാൽ ഏതാണ്ട് 13.5 കോടി രൂപ പ്രതിമാസം നിലവിലെ ജീവനക്കാരും അധിക ബസ്സും ഉപയോഗിച്ച് തന്നെ നേടാനാകുമെന്നും കാണുകയുണ്ടായി. വിശദവിവരം അനുബന്ധമായി ചേർക്കുന്നു+. സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ട്രിപ്പ്വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്താൻ കഴിഞ്ഞു. ഇത്തരത്തിൽ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥലസൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമുമുള്ള ലോ ഫ്ലോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകവഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാകുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും അന്തരീക്ഷ മലിനീകരണവും ഒഴിവാക്കുന്നതിനും കഴിഞ്ഞു.

ദീർഘദൂര സർവ്വീസുകളുടെ സമയക്രമം പരിശോധിച്ച് അനാവശ്യ സർവ്വീസുകൾ കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ

ക്രമീകരിക്കുകയും ചെയ്തതിൽനിന്നും എല്ലാ സൂപ്പർ ക്ലാസ് ബസ്സുകളുടെയും യാത്രക്കാർ വർദ്ധിക്കുകയും അനാവശ്യ ബസ്സുകളും കിലോമീറ്ററും കുറയ്ക്കുകയും തദ്വാര ഡീസൽ ഉപയോഗം കുറയ്ക്കുകയും ചെയ്തു. ഒരു ദിവസം 8 മണിക്കൂർ സ്റ്റിയറിംഗ് സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കുന്ന സിംഗിൾ ഡ്യൂട്ടി സമ്പ്രദായം പ്രാരംഭഘട്ടത്തിൽ വളരെയധികം വരുമാനക്കുറവുള്ള സർവ്വീസുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നത് ഉൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 71 ശതമാനത്തിൽനിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റ് അനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര-തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ നിലവിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി.

ഇത്തരം പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ-കം-കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കാൻ കഴിയും. ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കാൻ നിലവിൽ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.ടി.എം, വി.എൽ.ടി.ഡി. എന്നിവ ബസ്സുകളിൽ സ്ഥാപിക്കുകവഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡാറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസ്സിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. 20-06-2022-ന് 3776

ബസ്സുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ രീതിയിൽ വിവരിച്ചിരിക്കുന്ന പ്രകാരം സർവ്വീസ് ഓപ്പറേഷൻ ക്രമീകരിച്ചതിനാൽ ബസ്സുകളും സർവ്വീസുകളും ജനോപകാരപ്രദമാക്കിയും അധിക ബസ്സുകൾ ഒഴിവാക്കിയും ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ചും കുറഞ്ഞ ബസ്സുകളും ജീവനക്കാരും എന്ന രീതിയിൽ പ്രധാന റൂട്ടുകൾ ശാസ്ത്രീയമായി ക്രമീകരിക്കുകയും ഇത്തരത്തിൽ പരിഷ്കരിക്കുമ്പോൾ അധികമാകുന്ന ബസ്സും ജീവനക്കാരെയും ഉപയോഗിച്ച് അടുത്തകാലത്ത് തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ എന്ന രീതിയിൽ നാളിതുവരെ ഓടാതിരുന്ന റൂട്ടുകളിൽ ബസ് സർവ്വീസ് ആരംഭിക്കുകയും പുതുതായി 28000 യാത്രക്കാർ പ്രതിദിനം ടി സർവ്വീസിനെ ആശ്രയിക്കുകയും ചെയ്തുവരുന്നുണ്ട്. ഇത്തരത്തിൽ നിന്നുപോയതും പുതിയതുമായ ഗ്രാമീണ റൂട്ടുകളിലും പ്രധാന റൂട്ടുകളിലും സർവ്വീസുകൾ ക്രമാനുഗതമായി വിപുലീകരിച്ചുവരികയാണ്.

## പൊതുമേഖലാ പെട്രോളിയം കമ്പനികളുടെ അധിക നിരക്ക്

244 (1810) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ പെട്രോളിയം കമ്പനികൾ കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ നൽകുമ്പോൾ ഒരു ലിറ്റർ ഡീസലിന് മുകളിൽ വിപണി

നിരക്കിനേക്കാൾ എത്ര രൂപയാണ് അധികം ഈടാക്കിവരുന്നത്; വിശദമാക്കാമോ?

പൊതുമേഖലാ പെട്രോളിയം കമ്പനികൾ 16-06-2022 മുതൽ കെ.എസ്.ആർ.ടി.സി.-ക്ക് ഒരു ലിറ്റർ ഡീസലിന് വിപണി നിരക്കിനേക്കാൾ ലിറ്ററിന് 36.42 രൂപ കൂടുതലായാണ് വില നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ ഒരു ലിറ്റർ ഡീസലിന് കെ.എസ്.ആർ.ടി.സി. നൽകേണ്ട വില 132.94 രൂപയും പൊതുവിപണിയിൽ 96.52 രൂപയുമാണുള്ളത്.

(ബി) ഇതിനെതിരെ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; നടപടികൾക്ക് ശേഷമുള്ള സ്ഥിതി വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ബൾക്ക് കൺസ്യൂമർ എന്ന വിഭാഗത്തിലാണ് വരുന്നത്. 2022 ഫെബ്രുവരി മാസത്തിനുമുമ്പുവരെ ബൾക്ക് കൺസ്യൂമറിന് എണ്ണ കമ്പനികൾ ഡീസൽ നൽകിയിരുന്നത് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിലായിരുന്നു. 2022 ഫെബ്രുവരി മാസം മുതൽ ബൾക്ക് കൺസ്യൂമേഴ്സിന് നൽകുന്ന ഡീസലിന് വിപണി വിലയേക്കാൾ കൂടിയ നിരക്കാണ് ഈടാക്കി വരുന്നത്. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ ഫ്യൂവൽസിൽനിന്നും സ്വകാര്യ, പൊതുമേഖലാ പമ്പുകളിൽനിന്നുമാണ് ഡീസൽ ലഭ്യമാക്കുന്നത്. വില

വർദ്ധനവുണ്ടായപ്പോൾത്തന്നെ പൊതുമേഖലാ പെട്രോളിയം കമ്പനികൾക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി (WP(C) No.9414 of 2022 (B)) സമർപ്പിക്കുകയും അതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് വിപണി വിലയ്ക്ക് ഇന്ധനം നൽകണമെന്ന് ഒരു ഇടക്കാലവിധി നേടുകയും ചെയ്തിരുന്നു. എന്നാൽ ഇതിനെതിരെ പൊതുമേഖലാ എണ്ണ കമ്പനികൾ അപ്പീൽ സമർപ്പിക്കുകയും ടി ഇടക്കാല ഉത്തരവ് റദ്ദ് ചെയ്യുകയും ചെയ്തു. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

**വയനാട് കെ.എസ്.ആർ.ടി.സി. ജില്ലാ ഓഫീസ് മാറ്റാനുള്ള നടപടി**

245 (1811) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വയനാട് ജില്ലാ ഓഫീസ് കൽപ്പറ്റയിൽ നിന്നും സുൽത്താൻ ബത്തേരിയിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാ അടിസ്ഥാനത്തിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ഒഴികെ മറ്റെല്ലാ ജില്ലകളിലും ഓരോ ജില്ലാ

ഓഫീസുകളും തിരുവനന്തപുരം നോർത്ത്, തിരുവനന്തപുരം സൗത്ത് എന്നിങ്ങനെ രണ്ട് ജില്ലാ ഓഫീസുകളും ചേർത്ത് ആകെ പതിനഞ്ച് ജില്ലാ ഓഫീസുകൾ രൂപീകരിച്ചുകൊണ്ട് 24-05-2022-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം വയനാട് ജില്ലാ ഓഫീസ് താൽക്കാലികമായി സുൽത്താൻ ബത്തേരിയിലാണ് ആരംഭിച്ചിട്ടുള്ളത്. ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിലെ ഡിപ്പോയിൽ സ്ഥലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് അവിടേയ്ക്ക് മാറ്റും.

(ബി) ഇതിന്റെ ഭാഗമായി ഉദ്യോഗസ്ഥരെ കൽപ്പറ്റ, മാനന്തവാടി ഡിപ്പോകളിൽനിന്നും സുൽത്താൻ ബത്തേരിയിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ജില്ലാ ഓഫീസുകളുടെ ഭാഗമായി ചുവടെ ചേർത്തിരിക്കുംപ്രകാരം ഉദ്യോഗസ്ഥരെ കൽപ്പറ്റ, മാനന്തവാടി ഡിപ്പോകളിൽനിന്നും സുൽത്താൻ ബത്തേരി ജില്ലാ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. കൽപ്പറ്റ ഡിപ്പോയിൽ നിന്നും ഒരു സൂപ്രണ്ടിനെയും 4 അസിസ്റ്റന്റുമാരെയും ഒരു പ്യൂണിനെയും ജില്ലാ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. കൂടാതെ മാനന്തവാടി യൂണിറ്റിൽനിന്നും ഒരു അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറെയും

4 അസിസ്റ്റന്റുമാരെയും 2 പ്യൂൺ വിഭാഗം ജീവനക്കാരെയും ജില്ലാ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

(സി) കോഴിക്കോട് നിന്ന് രാത്രികാലങ്ങളിൽ വയനാട്ടിലേയ്ക്ക് ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ഇല്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് നിന്നും വയനാട് ജില്ലയിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് ആവശ്യമായ സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ രാത്രികാല സർവ്വീസുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**അഴിക്കോട് മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

246 (1812) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിലൂടെയുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളിൽ എത്രയെണ്ണം കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഴിക്കോട് മണ്ഡലത്തിലൂടെയുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളിൽ ഒരെണ്ണം കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയിട്ടുണ്ട്.

11.40 അഴീക്കൽ - തലശ്ശേരി.

(ബി) അതിൽ പുനരാരംഭിച്ച സർവ്വീസുകൾ എത്ര എണ്ണമുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പുനരാരംഭിച്ചിട്ടില്ല.

(സി) പുനരാരംഭിക്കാൻ ബാക്കിയുള്ള സർവ്വീസുകൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

യാത്രക്കാരുടെ ആവശ്യകതയനുസരിച്ച് സാദ്ധ്യതാപഠനം നടത്തി കോർപ്പറേഷനും യാത്രക്കാർക്കും ഗുണകരമാകുമെങ്കിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

## സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ

247 (1813) ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

കിഫ്ബിയിൽനിന്നും 4% പലിശ നിരക്കിൽ 455 കോടി രൂപ ലഭ്യമാക്കി, പുതിയ 700 സി.എൻ.ജി. ബസ്സുകൾ കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് എന്ന എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-ക്കുവേണ്ടി വാങ്ങുന്നതിനുള്ള പദ്ധതിക്ക് 23-05-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 25/2022/ട്രാൻസ്. പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. സി.എൻ.ജി.-യുടെ വില വർദ്ധനവ് കാരണം അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത് പ്രാഥമിക യോഗ്യതനേടി ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത വാഹന നിർമ്മാതാവായ M/s. Ashok Leyland Ltd-നോട് ടെണ്ടർ വ്യവസ്ഥകൾ പാലിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ച് വിലയിരുത്തുന്നതിനായി prototype bus നൽകുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നു.

(ബി) ഇതിനായി എന്ത് തുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനുവേണ്ടി 455 കോടി രൂപയുടെ കിഫ്ബി വായ്പ ഉപയോഗിച്ച് 700 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 310 സി.എൻ.ജി. ബസ്സുകൾ 10 വർഷം AMC വ്യവസ്ഥയോടുകൂടി വാങ്ങുന്നതിന് 201.5 കോടി രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത ബസ്സുകൾ വാങ്ങുന്നതിനായി വായ്പയെടുക്കുന്ന തുകയുടെ തിരിച്ചടവ് കാലാവധി എപ്രകാരമാണ്; വിശദമാക്കുമോ?

കിഫ്ബിയിൽനിന്നും 4% പലിശ നിരക്കിൽ 455 കോടി രൂപ ലഭ്യമാക്കി, പുതിയ 700 സി.എൻ.ജി. ബസ്സുകൾ കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് എന്ന എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-ക്കുവേണ്ടി വാങ്ങുന്നതിനുള്ള പദ്ധതിക്ക് 23-05-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ.25/2022/ ട്രാൻസ്. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ ബസ്സുകൾ വാങ്ങി പൂർണ്ണമായി ഓടിത്തുടങ്ങുന്നതിന് 6 മുതൽ 10 മാസം വരെ സമയം ആവശ്യമുള്ളതിനാൽ പദ്ധതി ആരംഭിച്ച് രണ്ടുവർഷത്തിനകം വായ്പാ തിരിച്ചടവ് ആരംഭിച്ചാൽ മതിയാകും.

## സിറ്റി സർക്കുലർ ബസ് സർവ്വീസ്

248 (1814) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയ സിറ്റി സർക്കുലർ ബസ് സർവ്വീസ് വിജയകരമാണോ; വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു. ഈ സർവ്വീസുകളിൽ പ്രതിദിനം 29000 യാത്രക്കാർ ആശ്രയിക്കുന്ന നിലയിലേയ്ക്ക് സ്വീകാര്യത വർദ്ധിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യ വാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷ മലിനീകരണവും കുറയ്ക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

(ബി) വീതി കുറഞ്ഞതും തിരക്കേറിയതുമായ നഗര റോഡുകളിലൂടെ

വലിപ്പമേറിയ സിറ്റി സർക്കുലർ ബസ്സുകൾ സർവ്വീസ് നടത്തുന്നതുമൂലം ഗതാഗത കുരുക്ക് രൂക്ഷമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സിറ്റി സർക്കുലർ സർവ്വീസുകൾ നടത്തുന്ന ബസ്സുകൾ സഞ്ചരിക്കുന്നതുമൂലം ഗതാഗത കുരുക്ക് രൂക്ഷമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സിറ്റി സർക്കുലർ സർവ്വീസിനായി വലിപ്പം കുറഞ്ഞ ബസ്സുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

പുതുതായി കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമായിട്ടുള്ള വലിപ്പം കുറഞ്ഞ ഇലക്ട്രിക് ബസ്സുകൾ ഉപയോഗിച്ച് സിറ്റി സർക്കുലർ സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി. ബോണ്ട് സർവ്വീസ്**

249 (1815) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബോണ്ട് അടിസ്ഥാനത്തിൽ നിലവിൽ എത്ര സർവ്വീസുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ യൂണിറ്റിൽനിന്നും മൂന്നും എറണാകുളം യൂണിറ്റിൽനിന്നും ഒന്നും സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നു. കോവിഡ് കാലത്ത് സർക്കാർ ജീവനക്കാർക്കായി തുടങ്ങിയ 36 ബോണ്ട് സർവ്വീസുകൾ നിലവിൽ സാധാരണ സർവ്വീസുകളായും എ.സി. ബോണ്ട് സർവ്വീസുകളായി പുനഃക്രമീകരിച്ച് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം ജില്ലകളിലെ സ്കൂളുകൾക്കാണ് ബോണ്ട് സർവ്വീസ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇടുക്കി ജില്ലയിലെ കട്ടപ്പന യൂണിറ്റിൽനിന്നും 2021-2022 അദ്ധ്യയന വർഷത്തിൽ രണ്ട് സർവ്വീസുകൾ 16 ദിവസ കാലയളവിലേയ്ക്ക് ജവഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാനേജ്മെന്റ് ആൻഡ് ടെക്നോളജി, കുക്കുപാലം എന്ന സ്ഥാപനത്തിന് സ്കൂൾ ബോണ്ട് സർവ്വീസ് നടത്തിയിരുന്നു. കണ്ണൂർ യൂണിറ്റിൽനിന്നും കടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിന് സ്കൂൾ ബോണ്ട് സർവ്വീസ് അനുവദിച്ചിരുന്നു. പിന്നീട് സ്കൂൾ അധികൃതർ ആവശ്യപ്പെടാത്തതിനാൽ സ്കൂൾ ബോണ്ട് സർവ്വീസുകൾ നിർത്തലാക്കി.

(സി) തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിൽ ബോണ്ട് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളിലെന്ന് വ്യക്തമാക്കാമോ?

ആരംഭിച്ചിട്ടില്ല.

**വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. കെട്ടിട നവീകരണം**

250 (1816) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. കെട്ടിടം പുതുക്കി പണിയുന്നതിനായി ഡിപ്പോ നവീകരണത്തിനുള്ള പ്ലാൻ ഫണ്ടിൽ നിന്നും മൂന്ന് കോടി രൂപ അനുവദിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് നൽകിയ 14-03-2022-ലെ കത്തിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

14-03-2022-ലെ ബഹു. എം.എൽ.എ.-യുടെ കത്ത് ലഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജില്ലാ വർക്ക്ഷോപ്പുകളുടെ നവീകരണത്തിനും വിവിധ ഡിപ്പോകളിലെ ടോയ്‌ലറ്റുകളുടെ നവീകരണത്തിനും ജില്ലാതല അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ സജ്ജമാക്കുന്നതിനുമായി 2022-23-ലെ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം, മുൻഗണനാക്രമത്തിൽ വിവിധ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ വിഴിഞ്ഞം ഡിപ്പോയുടെ നവീകരണം ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതാണ്.

## ഇരിക്കൂരിലെ ബസ് സർവ്വീസുകൾ

251 (1817) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇരിക്കൂർ മണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് നിർത്തലാക്കിയത്; നിർത്തലാക്കിയ സർവ്വീസുകളുടെ റൂട്ട്, സമയം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇരിക്കൂർ മണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന ചുവടെ ചേർത്തിരിക്കുന്ന സർവ്വീസുകൾ, നഷ്ടത്തിലായതിനാലും ട്രിപ്പുകൾ പുനഃക്രമീകരിച്ചതിനാലും നിന്നുപോയിട്ടുണ്ട്.

1. 16.30 എരുമേലി -ചന്ദനക്കാംപാറ

2. 13.00 പൊൻക്കുന്നം -പരപ്പ

3. 10.30 കണ്ണൂർ - നടുവിൽ

4. 11.50 കണ്ണൂർ - വഞ്ചിയം

5. 06.45 കണ്ണൂർ - ചന്ദനക്കാംപറ

6. 05.20 കണ്ണൂർ - ബ്ലാത്തൂർ

7. 07.25 കണ്ണൂർ - പൈതൽമല

8. 12.30 കണ്ണൂർ - തേർത്തല്ലി

9. 12.40 പയ്യന്നൂർ - ചീക്കാട്

10. 13.20 കാസർഗോഡ് – ചീക്കാട്

11. 14.20 കാഞ്ഞങ്ങാട് – ഇരുമ്പി

12. 12.45 മാനന്തവാടി - ചീക്കാട്

(ബി) പ്രസ്തുത സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഗ്രാമവണ്ടി പദ്ധതിയിലൂടെ തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**തമിഴ്നാട്ടിലേയ്ക്ക് കെ-സ്വിഫ്റ്റ് സർവ്വീസ്**

252 (1818) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും തമിഴ്നാട്ടിലേയ്ക്ക്

കെ-സ്വിഫ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും തമിഴ്നാട്ടിലേയ്ക്ക് കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ കർണ്ണാടകയിലെ ബാഗ്ലൂരിലേയ്ക്ക് രണ്ട് സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

**പുനലൂർ-മൂവാറ്റുപുഴ അന്തർജില്ലാ സർവ്വീസ് ആരംഭിക്കാൻ നടപടി**

253 (1819) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിള്‍: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിലൂടെ കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര അന്തർജില്ലാ സർവ്വീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ?

പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിലൂടെ കെ.എസ്.ആർ.ടി.സി. നിലവിൽ 58 അന്തർജില്ലാ സർവ്വീസുകൾ നടത്തുന്നുണ്ട്.

(ബി) പ്രസ്തുത പാതയുടെ ഭൂരിഭാഗവും ഉന്നത നിലവാരത്തിൽ പുനരുദ്ധാരണം പൂർത്തിയായ സാഹചര്യത്തിൽ പുനലൂർ മുതൽ മൂവാറ്റുപുഴവരെ അന്തർജില്ലാ സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

സാദ്ധ്യതാപഠനം നടത്തിയാലേ കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുമോയെന്ന് അറിയാൻ കഴിയൂ. എങ്കിൽ അത്തരം സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് -ചെമ്മാട് -തിരൂർ ബസ് സർവ്വീസ്

254 (1820) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ കോഴിക്കോട്-ചെമ്മാട്-തിരൂർ റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി. നടത്തിയിരുന്ന രണ്ട് സർവ്വീസുകൾ നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം ഡിപ്പോയിൽനിന്നുള്ള പ്രസ്തുത സർവ്വീസ് ലാഭകരമല്ലാത്തതിനാലാണ് നിർത്തലാക്കേണ്ടിവന്നത്.

(ബി) പ്രസ്തുത സർവ്വീസ് പുന:സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

സാദ്ധ്യതാപഠനം നടത്തി തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ ഗ്രാമവണ്ടി പദ്ധതിയായി നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

## സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ്

255 (1821) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ കൊല്ലത്തിനും കരുനാഗപ്പള്ളിക്കും ഇടയിൽ സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജ് അനുവദിച്ചിട്ടുണ്ടോ; സൂപ്പർ ഫാസ്റ്റിന് കൊല്ലത്തിനും കരുനാഗപ്പള്ളിക്കുമിടയിലുള്ള സ്റ്റോപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ കൊല്ലത്തിനും കരുനാഗപ്പള്ളിക്കുമിടയിൽ സൂപ്പർ ഫാസ്റ്റിന് 2022-ലെ ഫെയർ റിവിഷനിൽ "ഫൗണ്ടേഷൻ" എന്ന സ്ഥലത്ത് ഫെയർ സ്റ്റേജ് അനുവദിച്ചിട്ടുണ്ട്. കൊല്ലത്തിനും കരുനാഗപ്പള്ളിക്കുമിടയിൽ ശക്തികുളങ്ങര, ശങ്കരമംഗലം എന്നിവയാണ് സൂപ്പർഫാസ്റ്റിനുള്ള മറ്റ് സ്റ്റോപ്പുകൾ.

## പെരിന്തൽമണ്ണ ഡിപ്പോയിൽനിന്നും സർവ്വീസുകൾ

256 (1822) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കും.

(ബി) ഇതിനായി കൂടുതൽ ബസ് അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

കൂടുതൽ സർവ്വീസുകൾക്കായി ബസ്സുകളുടെ ആവശ്യകതയും ലഭ്യതയും അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## തിരൂരിൽനിന്ന് ദീർഘദൂര ബസ്സുകൾ

257 (1823) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിൽനിന്ന് തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം ഭാഗത്തേയ്ക്ക് ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകൾ

ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ തിരൂരിൽനിന്നും ചമ്രവട്ടം, പൊന്നാനി, ഗുരുവായൂർ വഴി എറണാകുളത്തേയ്ക്കും തിരുവനന്തപുരത്തേയ്ക്കും താഴെപ്പറയുന്ന സർവ്വീസുകൾ നടത്തിവരുന്നു.

1. 05.00 തിരൂർ - തിരുവനന്തപുരം (പൊന്നാനി, ഗുരുവായൂർ, എറണാകുളം വഴി).

2. 06.15 തിരൂർ-വൈറ്റില (പൊന്നാനി, ഗുരുവായൂർ, നോർത്ത് പറവൂർ വഴി).

3. 10.30 തിരൂർ - തിരുവനന്തപുരം (പൊന്നാനി, ഗുരുവായൂർ, കൊടുങ്ങല്ലൂർ, എറണാകുളം വഴി).

(ബി) അനേകം യാത്രക്കാർക്ക് നിത്യേന കോട്ടയ്ക്കലിലോ കുറ്റിപ്പുറത്തോ പോയി ബസ്സുകളെ ആശ്രയിക്കേണ്ടിവരുന്നതും രാത്രി യാത്രകൾക്ക് പ്രയാസം നേരിടേണ്ടിവരുന്നതും കണക്കിലെടുത്ത് പ്രസ്തുത റൂട്ടുകളിൽ ദീർഘദൂര ബസ്സ് അനുവദിക്കുന്നത് പരിഗണിക്കുമോ?

തിരൂരിൽനിന്നും തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം ഭാഗത്തേയ്ക്ക് യാത്ര ചെയ്യുന്നതിന് കണക്ഷൻ ഓർഡിനറി ബസ്സുകൾ ലഭ്യമാണ്. എല്ലാ

പ്രദേശത്തുനിന്നും ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ നഷ്ടത്തിലുള്ള അത്തരം സർവ്വീസുകൾ പുന:ക്രമീകരിച്ച് വരികയാണ്. തിരുവനന്തപുരം-കോഴിക്കോട് റൂട്ടിൽ എല്ലാ അരമണിക്കൂറിലും സർവ്വീസുകൾ ലഭ്യമാകുന്ന രീതിയിൽ വിഭാവന ചെയ്ത് ബൈപ്പാസ് റൈഡർ സർവ്വീസുകൾ ആരംഭിച്ചിരിക്കുകയാണ്. ആയതിനാൽ രാത്രിയാത്രാ ബുദ്ധിമുട്ടുകൂടി ഒഴിവാകുന്നതാണ്. രാത്രികാലത്ത് സർവ്വീസുകൾ ആരംഭിക്കണമെന്ന അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി കെ.എസ്.ആർ.ടി.സി.-ക്കും യാത്രക്കാരായ പൊതുജനങ്ങൾക്കും ഉപകാരപ്പെടുന്ന രീതിയിൽ പുന:ക്രമീകരിക്കുന്നത് പരിഗണിക്കുന്നതാണ്.

**തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ**

258 (1824) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ നിർമ്മാണം എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തര തീരുമാനത്തിനായി നടപടികൾ സ്വീകരിക്കുമോ?

തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിന് G.O. (Rt) No: 226/2022/TRANS dated 31-05-2022 പ്രകാരം പുതുക്കിയ ഭരണാനുമതി ഉത്തരവായിട്ടുണ്ട്.

**പൊൻകുന്നത്തെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി**

259 (1825) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എത്ര ബസ്സും എത്ര സർവ്വീസുമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

പൊൻകുന്നം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 30 ബസ്സും 28 സർവ്വീസുകളുമാണുള്ളത്.

(ബി) പ്രസ്തുത ഡിപ്പോയിൽനിന്നും ലോക്ഡൗണിന് മുൻപ് നടത്തിയിരുന്ന സർവ്വീസുകളുടെ എണ്ണം വ്യക്തമാക്കാമോ?

പ്രസ്തുത ഡിപ്പോയിൽനിന്നും ലോക്ഡൗണിന് മുൻപ് 34 സർവ്വീസുകൾ നടത്തിയിരുന്നു.

(സി) കോവിഡ് സാഹചര്യത്തിൽ അവയിൽ എത്രയെണ്ണം നിർത്തിയെന്നും എത്രയെണ്ണം പുനഃസ്ഥാപിച്ചുവെന്നും അറിയിക്കാമോ?

കോവിഡ് സാഹചര്യത്തിൽ അവയിൽ എട്ടെണ്ണം നിന്നുപോയിട്ടുണ്ട്. 2 രണ്ടെണ്ണം പുന:സ്ഥാപിക്കുകയും ചെയ്തു. നിന്നുപോയ സർവ്വീസുകളിലെ ജനോപകാരപ്രദമായ ട്രിപ്പുകൾ നിലനിർത്തുന്നതിന് നിർദ്ദേശം നൽകി നടപ്പാക്കിയിട്ടുണ്ട്. നഷ്ടത്തിൽ നിന്നുപോയിട്ടുള്ള സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(ഡി) ഒൻപത് വർഷത്തിലധികം ലാഭകരമായി നടത്തിയിരുന്ന സൂപ്പർ ഫാസ്റ്റ് സർവീസുകളും കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയ സർവ്വീസുകളിൽ ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ എത്രയും വേഗം പുനഃസ്ഥാപിച്ച് പ്രദേശത്തെ രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സൂപ്പർക്ലാസ് സർവ്വീസുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുകയും ക്രമീകരിക്കുകയും ചെയ്തതിന്റെ ഭാഗമായി അപ്രസക്ത സർവ്വീസുകൾ ഡെഡ് ട്രിപ്പ് ഒഴിവാക്കാനായി പുന:ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തതിനാൽ നിന്നുപോയിട്ടുണ്ട്. ഇത്തരം ബസ്സുകൾക്ക് കണക്ടിവിറ്റായിട്ടുള്ള സർവ്വീസുകൾ ക്രമീകരിച്ചുവരുന്നുണ്ട്. ലാഭകരമായ സൂപ്പർക്ലാസ് സർവ്വീസുകൾ

ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി പുനരാരംഭിക്കുകയോ പുന:ക്രമീകരിക്കുകയോ ചെയ്യുന്നതാണ്.

(ഇ) പൊൻകുന്നം ഡിപ്പോയിൽ കൂടുതൽ ബസ്സുകൾ അനുവദിച്ച് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗ്രാമവണ്ടി പദ്ധതിയിലൂടെ തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നത് പരിഗണനയിലാണ്.

**കോതമംഗലം ഡിപ്പോയിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റുകൾ**

260 (1826) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പുകളുൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ 93 ഡിപ്പോകളുണ്ട്. ഇതിൽ 72 ഡിപ്പോകളിൽ കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി കൺസ്യൂമർ ഡീസൽ പമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ

നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി 80 റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിട്ടുണ്ട്. തുടക്കത്തിൽ പെട്രോളും ഡീസലുമായിരിക്കും ഈ ഔട്ട്ലെറ്റുകളിൽനിന്ന് വിതരണം ചെയ്യുന്നത്. എന്നാൽ ക്രമേണ ഹരിത ഇന്ധനങ്ങളായ CNG, Electricity Vehicle Charging എന്നിവയ്ക്കുള്ള സംവിധാനവും ഏർപ്പെടുത്തി ഇതൊരു Multi-Fuel Dispensing Facility ആയി മാറ്റുന്നതായിരിക്കും. സംസ്ഥാനത്തുടനീളം റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ (യാത്രാ ഫ്യൂവൽസ്) സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടത്തിൽ തിരുവനന്തപുരം സിറ്റി, കിളിമാനൂർ, ചടയമംഗലം, ചേർത്തല, മൂന്നാർ, ചാലക്കുടി, മൂവാറ്റുപുഴ, കോഴിക്കോട് എന്നീ ഡിപ്പോകളിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കോഴിക്കോട് ഒഴിച്ചുള്ള ഔട്ട്ലെറ്റുകളിൽനിന്ന് പെട്രോളും ഡീസലും വിതരണം ചെയ്തുവരുന്നു. കോഴിക്കോട് ഔട്ട്ലെറ്റിൽനിന്നും ഡീസൽ മാത്രമാണ് വിതരണം ചെയ്യുന്നത്. കൂടാതെ തൃശ്ശൂർ, ഗുരുവായൂർ, നോർത്ത് പറവൂർ, പൊൻകുന്നം, മാവേലിക്കര എന്നീ ഡിപ്പോകളിൽ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റുകളുടെ ഭാഗിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2021 സെപ്തംബർ

15-ന് ബഹുമാനപ്പെട്ട കേരള ധനകാര്യ വകുപ്പുമന്ത്രി ഔട്ട്‌ലെറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ച് ഈ സംരംഭം 2022 മേയ് മാസം വരെ 261.61 കോടി രൂപയുടെ വിറ്റുവരവ് നടത്തുകയും 4.2 കോടി രൂപയുടെ ലാഭം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ കെ.എസ്.ആർ.ടി.സി. ബൾക്ക് കൺസ്യൂമർ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ 2022 ഫെബ്രുവരിക്ക് മുമ്പുവരെ ബൾക്ക് കൺസ്യൂമറിന് എണ്ണ കമ്പനികൾ ഡീസൽ നൽകിയിരുന്നത് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിലായിരുന്നു. എന്നാൽ 2022 ഫെബ്രുവരി മാസം മുതൽ ബൾക്ക് കൺസ്യൂമേഴ്സിന് നൽകുന്ന ഡീസലിന് വിപണി വിലയേക്കാൾ കൂടിയ നിരക്കാണ് ഈടാക്കിവരുന്നത്. നിലവിൽ ബൾക്ക് കൺസ്യൂമേഴ്സിന് ലിറ്ററിന് 132.94 രൂപയായി (16-06-2022 മുതൽ) വർദ്ധിച്ചിരിക്കുകയാണ്. അതായത് പൊതുവിപണിയേക്കാൾ ലിറ്ററിന് 36.52 രൂപ അധികമാണ്. ഈ അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കാനായി കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്‌ലെറ്റുകളിൽനിന്നും സ്വകാര്യ പമ്പുകളിൽനിന്നും കെ.എസ്.ആർ.ടി.സി.-യുടെ കൺസ്യൂമർ പമ്പിലേയ്ക്ക് ഇന്ധനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താത്തതിനാൽ

ദിവസം ഏകദേശം ഒരു കോടി പത്ത് ലക്ഷം രൂപയുടെ അധിക ബാധ്യതകൂടി ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കോതമംഗലം ഡിപ്പോയിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു. കോതമംഗലം ഡിപ്പോയിൽ M/s. IOCL-ന്റെ ആഭിമുഖ്യത്തിൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. നിർദ്ദിഷ്ട സ്ഥലം സംബന്ധിച്ച രേഖകൾ M/s. IOCL-ന് കൈമാറിയിട്ടുണ്ട്. Petroleum Explosive Safety Organization (PESO)-യുടെയും ജില്ലാ ഭരണകൂടത്തിൽ നിന്നുമുള്ള അനുമതികൾക്കുമായി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. 2022 ഒക്ടോബർ മാസവസാനത്തോടുകൂടി റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റ് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ**

261 (1827) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും എത്ര

ഡ്രൈവർമാരെയാണ് വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം ആലപ്പുഴ ജില്ലയിലെ മറ്റ് ഡിപ്പോകളിലേയ്ക്ക് മാറ്റിയിട്ടുള്ളത്?

ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 6 ഡ്രൈവർമാരെയാണ് വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം മാറ്റിയത്.

(ബി) കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ഹരിപ്പാട് ഡിപ്പോയിൽനിന്നും വെട്ടിക്കുറച്ചിട്ടുള്ള സർവ്വീസുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

1. 05.15 ആയാപറമ്പ്

2. 08.00 വഴുതാനം

3. 05.50 കരുനാഗപ്പള്ളി

4. 06.30 ഓച്ചിറ എന്നീ സർവ്വീസുകളാണ് കോവിഡ് പശ്ചാത്തലത്തിൽ നിന്നുപോയിട്ടുള്ളത്. ഹരിപ്പാട് യൂണിറ്റിൽനിന്നും വളരെക്കാലമായി ഓപ്പറേറ്റ് ചെയ്തിരുന്ന ഫാസ്റ്റ് പാസഞ്ചർ സർവ്വീസാണ് 05.15 ഹരിപ്പാട്-ആയാപറമ്പ്. 05.15 ഹരിപ്പാട്-ആയാപറമ്പ് കടവ്, 05.35 ആയാപറമ്പ് കടവ്-തിരുവനന്തപുരം, 08.45 തിരുവനന്തപുരം - എറണാകുളം, 17.15 എറണാകുളം-ഹരിപ്പാട് എന്ന രീതിയിൽ ക്രമീകരിക്കപ്പെട്ടിരുന്ന ട്രിപ്പുകളിൽ 05.15 ഹരിപ്പാട്-ആയാപറമ്പ് ട്രിപ്പിന്

മിക്കദിവസങ്ങളിലും യാത്രക്കാരുണ്ടായിരുന്നില്ല. ആയാപറമ്പ്-തിരുവനന്തപുരം ട്രിപ്പിൽ ആയാപറമ്പ് മുതൽ ഹരിപ്പാട് വരെയുള്ള ഭാഗത്തുനിന്നും സീറ്റിംഗ് കപ്പാസിറ്റിയുടെ പകുതിയോളം പേർ മാത്രമേ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ ഉണ്ടാകാറുള്ളൂ. തുടർന്ന് ഹൈവേയിൽനിന്നുള്ള യാത്രാക്കാരാണ് ഈ സർവ്വീസിനെ നിലനിർത്തിയിരുന്നത്.

(സി) ആയാപറമ്പ്-വടക്കേക്കര തെക്ക് ബസ് സർവ്വീസ് നിർത്തലാക്കിയതുമൂലം ജനങ്ങൾ അഭിമുഖീകരിക്കുന്ന യാത്രാപ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റൂട്ടിൽ അടിയന്തരമായി സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചെലവ് പങ്കുവച്ച് സഹകരിച്ച് നൂതന സംരംഭമായ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**പെരുമ്പാവൂർ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം**

262 (1828) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിൽ കഴിഞ്ഞ ഇരുപത് വർഷമായി മെയിന്റനൻസുപോലും നടന്നിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

(എ&ബി) അടിയന്തര പ്രാധാന്യമുള്ള റിപ്പെയർ വർക്കുകൾ ചെയ്തുവരുന്നുണ്ട്. എന്നാൽ സാമ്പത്തിക സ്ഥിതി മോശമായതിനാൽ മേജർ പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കുന്നില്ല. സാഹചര്യം മെച്ചപ്പെടുന്നമുറയ്ക്ക് നവീകരണ പ്രവർത്തനം സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കോവിഡ് മൂലം നിർത്തിവച്ച സർവ്വീസുകൾ**

263 (1829) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം അരൂർ മണ്ഡലത്തിൽ നിർത്തിവച്ച കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കോവിഡ്മൂലം അരൂർ മണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സർവ്വീസുകൾ നിർത്തിവച്ചിട്ടുണ്ട്.

<u>എറണാകുളം</u>

1. 06.00 തവണക്കടവ്

2. 05.30 ചേർത്തല

3. 05.30 അർത്തുങ്കൽ

4. 06.00 ചേർത്തല

5. 05.15 അരൂർ/ഗുരുവായൂർ

6. 04.30 ചേർത്തല

7. 05.40 കാട്ടൂർ

8. 06.30 ചെല്ലാനം

9. 05.50 ചെല്ലാനം

10. 06.20 ചെല്ലാനം

11. 06.50 കുമ്പളങ്ങി

12. 06.30 വണ്ടാനം.

<u>ചേർത്തല</u>

1. 06.00 തോപ്പുംപടി

2. 04.35 ഹൈക്കോർട്ട് ജംഗ്ഷൻ

3. 04.30 അരൂർ ടെമ്പിൾ

4. 04.50 തോപ്പുംപടി/എം.എൽ.എ. റോഡ്

5. 06.10 ഇൻഫോ പാർക്ക്

6. 13.10 തോപ്പുംപടി

7. 06.50 നിലമ്പൂർ

(ബി) നിർത്തിവച്ച സർവ്വീസുകളിൽ ഏതെല്ലാം സർവ്വീസുകൾ പുനരാരംഭിച്ചെന്ന് വിശദമാക്കാമോ?

എറണാകുളം യൂണിറ്റിൽനിന്നും 06.30 വണ്ടാനം, ചേർത്തല യൂണിറ്റിൽ നിന്നും 06.50 നിലമ്പൂർ, 04.35 ഹൈക്കോർട്ട് ജംഗ്ഷൻ, 13.10 തോപ്പുംപടി എന്നീ സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) പുനരാരംഭിക്കാത്ത സർവ്വീസുകൾ ഏതെല്ലാമെന്നും ആയതിന്റെ കാരണവും വിശദമാക്കാമോ?

<u>എറണാകുളം</u>

1. 06.00 തവണക്കടവ്

2. 05.30 ചേർത്തല

3. 05.30 അർത്തുങ്കൽ

4. 06.00 ചേർത്തല

5. 05.15 അരൂർ / ഗുരുവായൂർ

6. 04.30 ചേർത്തല

7. 05.40 കാട്ടൂർ

8. 06.30 ചെല്ലാനം

9. 05.50 ചെല്ലാനം

10. 06.20 ചെല്ലാനം

11. 06.50 കുമ്പളങ്ങി

<u>ചേർത്തല</u>

1. 06.00 തോപ്പുംപടി

2. 04.30 അരൂർ ടെമ്പിൾ

3. 04.50 തോപ്പുംപടി / എം.എൽ.എ റോഡ്

4. 06.10 ഇൻഫോ പാർക്ക്

വരുമാനക്കുറവുള്ള സർവ്വീസുകൾ പുനരാരംഭിച്ചിട്ടില്ല. എന്നിരുന്നാലും ടി സർവ്വീസുകളുടെ മിക്കവാറും എല്ലാ പ്രധാന ട്രിപ്പുകളും ക്രമീകരിച്ച് നിലവിലെ ഷെഡ്യൂളുകളിൽ ചേർത്ത് ഓപ്പറേറ്റ് ചെയ്തുവരുന്നു.

**അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി**

264 (1830) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ഡിപ്പോയുടെ യാർഡിന്റെ നിരപ്പിൽ ഏറ്റക്കുറച്ചിലുകൾ രൂപപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 10-11-2021-ന് വകുപ്പുമന്ത്രിക്ക് നൽകിയ കത്ത് 19-11-2021-ലെ 1101/വി.ഐ.പി./2021 എം. നമ്പറായി

കെ.എസ്.ആർ.ടി.സി. എം.ഡി.-ക്ക് അയച്ച് നൽകിയിട്ടും നാളിതുവരെയായി പ്രശ്നം പരിഹരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് PMC-യായ M/s. HLL Lifecare Ltd-നെക്കൊണ്ട് തയ്യാറാക്കി എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) 10-11-2021-ൽ വകുപ്പുമന്ത്രിക്ക് കത്ത് നൽകുമ്പോഴുണ്ടായിരുന്ന കുഴികൾ എട്ടുമാസംകൊണ്ട് വളരെ വലുതായി മാറിയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്; നിർമ്മാണ കരാർ നൽകിയെങ്കിൽ ആർക്കാണ് നൽകിയത്; പ്രവൃത്തി വൈകുന്നതിന്റെ കാരണവും ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

(ഡി&ഇ) യാർഡിന്റെ പുനരുദ്ധാരണത്തിന് 180.14 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. PMC-യായ M/s. HLL Lifecare Ltd-നെയാണ് പദ്ധതി നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. ടി ഏജൻസിവഴി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

265 (1831) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പാതിവഴിയിൽ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് എന്തെല്ലാം തുടർനടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

ഗ്രൗണ്ട് ഫ്ളോറിൽ അത്യാവശ്യ പ്രവൃത്തികൾ ചെയ്തശേഷം 01-07-2021- ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ പ്രവർത്തനം പുതിയ കോംപ്ലക്സിൽ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ഘട്ടംഘട്ടമായി ചെയ്ത് തീർക്കാൻ തീരുമാനിക്കുകയും ബേസ്മെന്റ് Level-2 floor ആദ്യം ചെയ്യാനായി PMC-യായ M/s. HLL-ന് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയിൽ ഇനിയും പൂർത്തീകരിക്കാനുള്ള ജോലികൾ എന്തെല്ലാമാണ്; കരാറുകാരന് നൽകാനുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

യാർഡ് ഡെവലപ്മെന്റ്, ബസ് ബേ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, ലിഫ്റ്റ്, Fire Safety പ്രവൃത്തികൾ, പ്ലാസ്റ്ററിംഗ്, flooring, yard lighting-ഉം പെയിന്റിംഗുമാണ് ബാക്കിയുള്ള പ്രവൃത്തികൾ. കരാറുകാരൻ മുൻപ് ചെയ്ത പ്രവൃത്തികളിൽ ബിൽ സമർപ്പിച്ചവയുടെ കുടിശ്ശിക തുക നൽകിയിട്ടുണ്ട്. പുതുതായി ചെയ്ത പ്രവൃത്തികളുടെ ബിൽ നൽകാനുണ്ട്.

(ഡി) പ്രവൃത്തി ആരംഭിച്ച് ആറരവർഷം പിന്നിട്ട സാഹചര്യത്തിൽ

കാലതാമസം കൂടാതെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് എത്രയുംവേഗം പണികൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പരാധീനതയാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം. പണി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും സർവ്വീസ് പുനരാരംഭിക്കൽ**

266 (1832) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്ന് നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളിൽ ഏതൊക്കെയാണ് പുനരാരംഭിക്കാനുള്ളതെന്ന് അറിയിക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്ന് നിർത്തിവച്ച 10 സർവ്വീസുകൾ പുനരാരംഭിക്കാനുണ്ട്.

1. 09.00 തൊട്ടിൽപ്പാലം-ബാംഗ്ലൂർ
2. 04.25 തൊട്ടിൽപ്പാലം-കൈവേലി

3. 04.30 തൊട്ടിൽപ്പാലം -ഗുരുവായൂർ

4. 04.00 തൊട്ടിൽപ്പാലം-ഈരാറ്റുപേട്ട

5. 06.10 തൊട്ടിൽപ്പാലം - ഗുരുവായൂർ

6. 07.30 തൊട്ടിൽപ്പാലം - കോഴിക്കോട്

7. 16.30 തൊട്ടിൽപ്പാലം - പിറവം

8. 05.00 തൊട്ടിൽപ്പാലം - കുന്നമംഗലം

9. 14.10 തൊട്ടിൽപ്പാലം - താമരശ്ശേരി

10. 07.00 തൊട്ടിൽപ്പാലം - കോഴിക്കോട് യൂണിവേഴ്സിറ്റി

(ബി) പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

യാത്രക്കാർ വർദ്ധിക്കുന്ന സാഹചര്യത്തിൽ പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ**

267 (1833) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന് മുമ്പ് കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തിയിരുന്ന റൂട്ടുകൾ ഏതെല്ലാമായിരുന്നു?

അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) കോവിഡ് മഹാമാരിക്കുശേഷം നിർത്തലാക്കിയ സർവ്വീസുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്+. മേൽ സർവ്വീസുകളുടെ മിക്കവാറും എല്ലാ പ്രധാന ട്രിപ്പുകളും ക്രമീകരിച്ച് നിലവിലെ ഷെഡ്യൂളുകളിൽ ചേർത്ത് ഓപ്പറേറ്റ് ചെയ്തുവരുന്നു.

(സി) കോവിഡിനുശേഷം ഏതെല്ലാം സർവ്വീസുകളാണ് നിലവിൽ ഓപ്പറേറ്റ് ചെയ്ത് കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്+. ഇവ പുന:ക്രമീകരിക്കപ്പെട്ട ഷെഡ്യൂളുകളാണ്.

## മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ

268 (1834) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച ഒരു കോടി രൂപ ചെലവഴിച്ച് മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരിയിൽ ബസ് ഡിപ്പോ നിർമ്മിക്കാൻ സ്വന്തമായി സ്ഥലമില്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത അവസ്ഥയാണ്.

(ബി) മുനിസിപ്പാലിറ്റിയുടെ കീഴിലെ മഞ്ചേരി ഐ.ജി.ബി.റ്റി. സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

21-12-2012-ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിൽകൂടി നാമമാത്രമായ ബസ്സുകൾ കയറിയിറങ്ങി പോകുന്ന സാഹചര്യത്തിലും മഞ്ചേരിയിൽനിന്നും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് കഴിയാത്ത അവസ്ഥയിലും മലപ്പുറം, പെരിന്തൽമണ്ണ, നിലമ്പൂർ എന്നീ യൂണിറ്റുകൾ ഇതിന് ചുറ്റും സർവ്വീസുകൾ അയയ്ക്കാൻ പര്യാപ്തമായി പ്രവർത്തിക്കുന്നതിനാലും കോർപ്പറേഷന് കടുത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയതിനാലുമാണ് മഞ്ചേരി ഐ.ജി.ബി.റ്റി. ബസ്

സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 03-09-2017-ൽ നിർത്തലാക്കിയത്. നിലവിലും ഇതേ സാഹചര്യം തുടരുന്നതിനാൽ പ്രസ്തുത സ്ഥലത്തെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുന:സ്ഥാപിക്കുന്നതിന് നിർവ്വാഹമില്ല. ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ്, വർക്ക് ഷോപ്പ് തുടങ്ങിയവയുള്ള കെട്ടിടങ്ങൾ, ബസ്സുകളുടെ പാർക്കിംഗ് സൗകര്യം) നിർദ്ദിഷ്ട സ്ഥലത്ത് സൗജന്യമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കിതന്നാൽപ്പോലും പുതുതായി ഓപ്പറേറ്റിംഗ് സെന്റർ/സബ് ഡിപ്പോ ആരംഭിക്കുമ്പോൾ പ്രതിവർഷം പ്രവർത്തന ചെലവ് ഇനത്തിൽ 50 ലക്ഷം രൂപയോളം കോർപ്പറേഷന് അധിക ബാധ്യത വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നിരുന്നാലും കൂടുതൽ യാത്രക്കാർ ഈ ഐ.ജി.ബി.റ്റി. സ്റ്റാൻഡിനെ ആശ്രയിക്കുകയും കൂടുതൽ ബസ്സുകൾ ആവശ്യമായിവരുന്ന സാഹചര്യത്തിലും ഭാവിയിൽ കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിലും മഞ്ചേരി ഐ.ജി.ബി.റ്റി. കേന്ദ്രീകരിച്ച് സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിനുള്ള സ്ഥലവും സൗകര്യങ്ങളും കെ.എസ്.ആർ.ടി.സി.-ക്ക് ഉടമസ്ഥാവകാശം സഹിതം വിട്ടുനൽകിയാൽ ഭാവിയിൽ സ്റ്റേഷൻ മാസ്റ്റർ

ഓഫീസ് /ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കാൻ കഴിയുന്ന കാര്യം വിശദമായ സാധ്യതാപഠനം നടത്തുന്നതാണ്.

## മൊബിലിറ്റി ഹബ്ബ് നിർമ്മാണം

269 (1835) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് കെ.എസ്.ആർ.ടി.സി. സബ്ഡിപ്പോയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മൊബിലിറ്റി ഹബ്ബ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്നും എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(എ&ബി) പുതുക്കാട് ബസ് സ്റ്റേഷനിലുള്ള 4 ഏക്കർ സ്ഥലത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേഷന്റെ സെൻട്രൽ ഹബ്ബ് ആക്കി മാറ്റുന്നതിന് 2 ഏക്കർ സ്ഥലം അത്യാധുനിക സൗകര്യങ്ങൾക്കുള്ള ഒരു ബസ് ഡിപ്പോയുടെ നിർമ്മാണത്തിനും 1 ഏക്കർ സ്ഥലം വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനും 1 ഏക്കർ സ്ഥലത്ത് ഗ്യാരേജ്

നിർമ്മിക്കുന്നതിനുമായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് KSRTC, Project Management Consultant ആയ M/s. Hindustan Prefab Ltd-നെ 17-12-2020-ൽ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ M/s. HPL-ന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയുമുണ്ടായില്ല. 24-09-2021-ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ കിഫ്ബി സി.ഇ.ഒ.-യും മറ്റ് ഉദ്യോഗസ്ഥരുമായി കിഫ്ബി ഫണ്ടിനുവേണ്ടി ചർച്ച നടത്തുകയുണ്ടായി. പ്രാരംഭമായി ഈ ആശയം ഉൾക്കൊണ്ട് M/s. Buro Development Architect എന്ന സ്ഥാപനത്തെക്കൊണ്ട് Rough Cost എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിൻപ്രകാരം ടി പ്രോജക്ടിന് 32 കോടി രൂപ ചെലവ് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഈ ഡ്രോയിംഗും എസ്റ്റിമേറ്റും മാറ്റങ്ങൾക്ക് വിധേയമായും കിഫ്ബിയുടെ അംഗീകാരത്തിനുമായി തയ്യാറാക്കിയിട്ടുള്ളതാണ്. പുതുക്കാട് മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബിയുമായി സഹകരിച്ച് International Financial Corporation എന്ന ഏജൻസിയുമായി ചേർന്ന് നവംബർ 2021-ന് ഒരു സാധ്യതാപഠനം നടത്തുകയും പഠന റിപ്പോർട്ടിൽ തൃശ്ശൂർ, കൊച്ചി എന്നീ പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന NH 544-നോട് ചേർന്നുനിൽക്കുന്ന പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ വികസനം നിമിത്തം ടി സ്ഥലം ഒരു കൊമേഴ്സ്യൽ

ഫെസിലിറ്റിയായി മാറ്റുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുന്നു. പുതുക്കാട് ഡിപ്പോയിൽ റീട്ടെയിൽ ഔട്ട്‌ലെറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി BPCL-ന് 13-01-2022-ന് കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്. BPCL ഈ പ്രവൃത്തിയെ അവരുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പ്രാരംഭഘട്ട പ്രവൃത്തികൾ നടന്നുവരുകയാണ്. ഇതിനാവശ്യമായ വസ്തു സംബന്ധിക്കുന്ന എല്ലാ രേഖകളും BPCL-ന് കൈമാറിയിട്ടുണ്ട്. ഉടൻതന്നെ അനുബന്ധ അംഗീകാരങ്ങൾ ലഭിക്കാനുള്ള അപേക്ഷകൾ നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്യുമെന്ന് BPCL അറിയിച്ചിട്ടുണ്ട്.

**വൈപ്പിൻകരയിൽ സബ് ആർ.ടി. ഓഫീസ്**

270 (1836) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ വൈപ്പിൻ കരയിൽ സബ് ആർ.ടി. ഓഫീസ് നിർദ്ദേശിക്കപ്പെട്ടിരുന്നോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(സി) വൈപ്പിൻകരയിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന സബ് ആർ.ടി. ഓഫീസ് അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

(എ-സി) വൈപ്പിൻ കേന്ദ്രമാക്കി പുതിയ സബ് ആർ.ടി ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം ഗതാഗത കമ്മീഷണർ സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് സബ് ആർ.ടി. ഓഫീസില്ലാത്ത താലൂക്കുകളിൽ പുതിയ സബ് ആർ.ടി. ഓഫീസ്, റൂറൽ, റീജിയണൽ ഓഫീസ് എന്നിവ തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് 01-04-2022-ന് ബഹു. ഗതാഗത വകുപ്പുമന്ത്രിക്ക് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

വൈപ്പിൻ കേന്ദ്രമാക്കി പുതിയ സബ് ആർ.ടി. ഓഫീസ് ആരംഭിക്കണമെന്ന സ്ഥലം എം.എൽ.എ-യുടെ 01-04-2022-ലെ കത്ത് പരിശോധിക്കുകയും തീരുമാനം 02-06-2022-ലെ കത്ത് പ്രകാരം, ബഹുമാനപ്പെട്ട എം.എൽ.എ-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## വൈപ്പിൻ നിവാസികളുടെ യാത്രാക്ലേശം

271 (1837) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻകരയിൽനിന്നുള്ള ബസുകളുടെ നഗരപ്രവേശനത്തെ സംബന്ധിച്ച് നാറ്റ്പാക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെന്ന് വിശദമാക്കാമോ;

(ഡി) വൈപ്പിൻ നിവാസികളുടെ യാത്രാക്ലേശം കണക്കിലെടുത്ത് പ്രസ്തുത റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുമോ?

(എ-ഡി) വൈപ്പിൻകരയിൽനിന്നുള്ള ബസ്സുകളുടെ നഗര പ്രവേശം സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് നാറ്റ്പാക് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ചശേഷം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഉചിതമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

**നാദാപുരത്ത് സബ് ആർ.ടി.ഒ.**

272 (1838) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്ത് ഒരു സബ് ആർ.ടി.ഒ. അനുവദിക്കുവാൻ പഠനം നടത്തിയിട്ടുണ്ടോ;

(ബി) നാദാപുരത്ത് സബ് ആർ.ടി.ഒ. അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-ബി) നാദാപുരം കേന്ദ്രമാക്കി പുതിയ സബ് ആർ.ടി ഓഫീസ് അനുവദിക്കുന്നതിനായി ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചിരുന്നു. എന്നാൽ, സംസ്ഥാനത്ത് സബ് ആർ.ടി. ഓഫീസ് ഇല്ലാത്ത താലൂക്കുകളിൽ പുതിയ സബ് ആർ.ടി. ഓഫീസ്, റൂറൽ, റീജിയണൽ ഓഫീസ് എന്നിവ തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**ചരക്ക് വാഹനങ്ങളുടെ നമ്പർ പ്ലേറ്റ്**

273 (1839) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് ചരക്ക് കയറ്റിവരുന്ന വാഹനങ്ങളുടെയും കോഴി കയറ്റിവരുന്ന വാഹനങ്ങളുടെയും പുറകുവശത്തെ നമ്പർ പ്ലേറ്റ് കൃത്യമായി കാണാൻ കഴിയാത്ത വിധത്തിലാണ് സ്ഥാപിച്ചിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നമ്പർ പ്ലേറ്റ് കൃത്യമായി കാണാത്തവിധം സ്ഥാപിച്ചതിന്റെ പിഴയായി ചരക്കു വാഹനങ്ങളിൽ നിന്നുമാത്രം മാസംതോറും ശരാശരി എത്ര രൂപ ഫൈൻ ഈടാക്കുന്നുണ്ട്?

നമ്പർ പ്ലേറ്റ് കൃത്യമായി കാണാത്ത വിധം സ്ഥാപിച്ചതിന്റെ പിഴയായി ചരക്ക് വാഹനങ്ങളിൽ നിന്നുമാത്രം മാസംതോറും ശരാശരി 5,77,865/- രൂപ (അഞ്ച് ലക്ഷത്തി എഴുപത്തിയേഴായിരത്തി എണ്ണൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) ഫൈൻ ഈടാക്കുന്നുണ്ട്.

(സി) ചരക്ക് വാഹനങ്ങളിൽ നമ്പർ പ്ലേറ്റ് കൃത്യമായി സ്ഥാപിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകളിൽ പിഴ ചുമത്തിയിട്ടുണ്ട്?

ചരക്ക് വാഹനങ്ങളിൽ നമ്പർ പ്ലേറ്റ് കൃത്യമായി സ്ഥാപിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16208 കേസുകളിൽ പിഴ ചുമത്തിയിട്ടുണ്ട്.

## കുന്ദമംഗലത്ത് ജോയിന്റ് ആർ.ടി. ഓഫീസ്

274 (1840) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കുന്ദമംഗലത്ത് ജോയിന്റ് ആർ.ടി. ഓഫീസ് നിലവിലില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കുന്ദമംഗലത്ത് ജോയിന്റ് ആർ.ടി. ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്ത് സബ് ആർ.ടി. ഓഫീസ് ഇല്ലാത്ത താലൂക്കുകളിൽ പുതിയ സബ് ആർ.ടി. ഓഫീസ്, റൂറൽ, റീജിയണൽ ഓഫീസ് എന്നിവ തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**മഞ്ചേശ്വരത്ത് ജോയിന്റ് ആർ.ടി. ഓഫീസ്**

275 (1841) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം താലൂക്കിൽ ജോയിന്റ് ആർ.ടി. ഓഫീസ് ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് സബ് ആർ.ടി. ഓഫീസ് ഇല്ലാത്ത താലൂക്കുകളിൽ പുതിയ സബ് ആർ.ടി. ഓഫീസ്, റൂറൽ, റീജിയണൽ ഓഫീസ് എന്നിവ തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൻ നടപടി**

276 (1842) <u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

സംസ്ഥാനത്ത് ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനുമായി നിരവധി നിർദ്ദേശങ്ങളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നയത്തിന്റെ ഭാഗമായി രജിസ്ട്രേഷൻ

സർട്ടിഫിക്കറ്റ് ഉൾപ്പടെയുള്ള രേഖകൾ ഓഫീസിൽ സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കി പൂർണ്ണമായും ഓൺലൈൻ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ 18-12-2021-ലെ 21/2021 നമ്പർ സർക്കുലർ മുഖേനയും ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 23-10-2021-ലെ 19/2021 നമ്പർ സർക്കുലർ മുഖേനയും നൽകിയിട്ടുണ്ട്. വകുപ്പിനുകീഴിലുള്ള ഓഫീസുകൾ പൊതുജന സൗഹാർദ്ദപരമാക്കുന്നതിന് 24-08-2021-ലെ 17/2021 നമ്പർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഫീസ് നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓഫീസുകളിലെ ഏജന്റുമാരുടെ അനാവശ്യ ഇടപെടലുകൾ തടയുന്നതിനും കൗണ്ടറുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുമായി 03-07-2013-ലെ 16/2013 നമ്പർ സർക്കുലർ മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) കൈക്കൂലിയും ഏജന്റുമാരെയും ഒഴിവാക്കാൻ സാധിക്കുന്ന സ്ഥിതി സംജാതമായിട്ടുണ്ടോ; പ്രസ്തുത ഓഫീസുകൾ ആധുനികവത്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കൈക്കൂലി ഒഴിവാക്കുന്നതിനും ഏജന്റുമാരെ നിയന്ത്രിക്കുന്നതിനുമായി വകുപ്പിൽനിന്ന് നിരവധി നിർദ്ദേശങ്ങളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പരമാവധി സേവനങ്ങൾ ഓൺലൈനായി ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിൽവരുത്തിയിട്ടുണ്ട്. കൂടാതെ പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തിവരുന്നു. നിലവിൽ 11 സേവനങ്ങൾക്ക് ഫേസ്‌ലെസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് സേവനങ്ങൾക്കും ഫേസ്‌ലെസ് സംവിധാനം തയ്യാറാക്കാനുള്ള നടപടികൾ നടന്നുവരുന്നു. മുൻകൂർ വാഹന പരിശോധന ഒഴികെയുള്ള സേവനങ്ങളിൽ കഴിയുന്നത്ര ഓൺലൈനായി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലും ഉപഭോക്തൃ സൗഹൃദമായും പരിഷ്കരിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

(സി) മാനന്തവാടിയിൽ ആർ.ടി. ഓഫീസ് ജീവനക്കാരിയെ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ കോഴിക്കോട് (ഉത്തരമേഖല) ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ അന്വേഷണം നടത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഓഫീസിൽ കൈക്കൂലി വാങ്ങാൻ കൂട്ടുനിൽക്കാത്തതിനാൽ ഉദ്യോഗസ്ഥർ ഒറ്റപ്പെടുത്തിയതിനെത്തുടർന്നാണ് ജീവനക്കാരി ആത്മഹത്യ ചെയ്തതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ആഫീസുകളിൽ കൂടുതൽ ജാഗ്രത പുലർത്തുവാൻ മേലധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാഹന രജിസ്ട്രേഷൻ-അനുബന്ധ സേവനങ്ങൾക്ക് പുതിയ സംവിധാനം**

277 (1843) ഡോ. കെ. ടി.ജലീൽ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പ്രത്യേക സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വാഹന രജിസ്ട്രേഷനും അനുബന്ധ സേവനങ്ങൾക്കുമായി ആധാർ അധിഷ്ഠിത ഫേസ്‌ലെസ് സംവിധാനം

നടപ്പാക്കുന്നതിലൂടെ വാഹന ഉടമകൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുക; വിശദമാക്കാമോ?

പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തിവരുന്നത്. നിലവിൽ Change of address in RC, Hypothecation addition, Hypothecation termination, Issue of duplicate RC, Issue of NOC, Transfer of ownership എന്നീ 6 സേവനങ്ങൾക്കാണ് ഫേസ്‌ലെസ്സ് സംവിധാനം നടപ്പാക്കിയിട്ടുള്ളത്. മറ്റ് സേവനങ്ങൾക്കും ഫേസ്‌ലെസ്സ് സംവിധാനം തയ്യാറാക്കാനുള്ള നടപടികൾ നടന്നുവരുന്നു. VAHAN CITIZEN SERVICES വഴിയാണ് ഇത് തയ്യാറാക്കുന്നത്. മുൻകൂർ വാഹന പരിശോധന ഒഴികെയുള്ള സേവനങ്ങൾ കഴിയുന്നത്ര ഓൺലൈനായി, പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ, പരിഷ്കരിക്കാനുള്ള ശ്രമം നടത്തിവരുന്നു.

(ബി) പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ളവർക്ക് ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനും ലൈസൻസ് സംബന്ധമായ മറ്റ് സേവനങ്ങൾ ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങളിൽ മാറ്റംവരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഓൺലൈൻ സംവിധാനത്തിലേയ്ക്ക് പൂർണ്ണമായും മാറിയ സാഹചര്യത്തിൽ, ലോകത്ത് ഏതുഭാഗത്തുനിന്നും ലൈസൻസ് പുതുക്കൽ, ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ് എടുക്കൽ, പുതുക്കൽ എന്നിവ ചെയ്യാൻ സാധിക്കുന്നുണ്ട്.

(സി) ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡെലിവറി ചെയ്യുന്നതിനായി പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

നിലവിൽ, BNPL (BOOK NOW PAY LATER) എന്ന സംവിധാനത്തിലൂടെ കമ്പ്യൂട്ടർ അധിഷ്ഠിതമായി സ്പീഡ് പോസ്റ്റ് മുഖേന മാത്രമാണ് ഡ്രൈവിംഗ് ലൈസൻസ്, ആർ.സി. എന്നിവ അയച്ചുവരുന്നത്.

**പുറ്റുമാനൂരിലെ ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്ക്**

278 (1844) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ പുറ്റുമാനൂരിൽ നിർമ്മിച്ച ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്ക് സംവിധാനം പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ പുറ്റുമാനൂരിൽ നിർമ്മാണം പൂർത്തിയാക്കിയ കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി എഫ്.എം.എസ്. (ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസസ്) സേവനദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ**

279 (1845) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വർഷം മുതൽ രാജ്യമൊട്ടാകെ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഇത് പൊതുമേഖലയിൽ മാത്രമായിട്ടാണോ അതോ സ്വകാര്യ പങ്കാളിത്തത്തോടെയാണോ

ആരംഭിക്കുന്നത് എന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്വകാര്യ പങ്കാളിത്തത്തോടെയാണെങ്കിൽ അതിനുള്ള നിബന്ധനകൾ, നടപടിക്രമങ്ങൾ എന്നിവ വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തൊട്ടാകെ 75 ലൊക്കേഷനുകളിൽ, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ, കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക്/കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ചരക്കുനീക്കത്തിനായി ജലഗതാഗത സംവിധാനങ്ങൾ**

280 (1846) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളിലെ ഗതാഗത കുരുക്കുകൾ അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ചരക്കുനീക്കത്തിനായി ജലഗതാഗതത്തെ ആശ്രയിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നിലവിൽ ജലമാർഗ്ഗം ചരക്കുനീക്കം നടക്കുന്നുണ്ട്. ജലഗതാഗതത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കോവളം മുതൽ ബേക്കൽവരെ 616 കി.മീ. നീളത്തിൽ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) താരതമ്യേന മലിനീകരണവും ചെലവും കുറഞ്ഞ ജലഗതാഗത സംവിധാനത്തിലൂടെ ചരക്കുഗതാഗതത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജലമാർഗ്ഗമുള്ള ചരക്കുനീക്കം പ്രോത്സാഹിപ്പിക്കുന്നതിനായി ജലപാതകളുടെ വികസനം, ചരക്കുനീക്കത്തിനുള്ള സബ്സിഡി തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

(സി) ദേശീയ ജലപാതയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ജലമാർഗ്ഗമുള്ള ചരക്കുനീക്കത്തിന് ബാർജ് സർവ്വീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ദേശീയ ജലപാതകളിലൂടെ ചരക്ക് ബാർജ്ജുകൾ ഇപ്പോൾത്തന്നെ സർവ്വീസ് നടത്തുന്നുണ്ട്. മുഖ്യമായും കൊച്ചി തുറമുഖത്തുനിന്നും ചമ്പക്കര കനാലിലൂടെയും ഉദ്യോഗമണ്ഡൽ കനാലിലൂടെയുമാണിത്. കൊച്ചി - കൊല്ലം

ജലപാതയിലൂടെ ചരക്കുനീക്കത്തിന് കേരള സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ മുൻകയ്യെടുക്കുന്നുണ്ട്.

(ഡി) വലിയ കണ്ടെയ്നറുകൾ ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ കയറ്റിക്കൊണ്ടുപോകുവാൻ ഉതകുന്ന തരത്തിലുള്ള സോളാർ ഇലക്ട്രിക് റോ-റോ സർവ്വീസ് ആരംഭിക്കുന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ ജലപാതകളുടെ ഇപ്പോഴത്തെ അവസ്ഥയിൽ കണ്ടെയ്നർ വഹിക്കാവുന്നതരം വലിയ ജലവാഹനങ്ങൾ സർവ്വീസ് നടത്തുന്നതിന് പരിമിതികളുണ്ട്. സോളാർ ഇലക്ട്രിക് വാഹനങ്ങളുടെ സാധ്യതകൾ പഠിച്ചുവരികയാണ്.

**പേരാമ്പ്ര മണ്ഡലത്തിലെ കായിക പദ്ധതികൾ**

281 (1847) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 2016-21 കാലത്ത് ഏതൊക്കെ പദ്ധതികൾക്കാണ് കായിക വകുപ്പ് ഭരണാനുമതി നൽകിയത്; ഇതിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) 2021-നുശേഷം പ്രസ്തുത മണ്ഡലത്തിൽ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മേപ്പയ്യൂർ സ്കൂൾ സ്റ്റേഡിയത്തിനായി 6.45 കോടിയുടെ അംഗീകാരം ലഭിച്ചു. എസ്.പി.വി. ആയ കിറ്റ്കോ മുഖാന്തരം പ്രവൃത്തി പൂർത്തീകരിച്ചുവരികയാണ്. കൂടാതെ സംസ്ഥാനത്തെ 25 സ്കൂളുകളിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി പേരാമ്പ്ര മണ്ഡലത്തിലെ ഗവ. എൽ.പി.എസ്. വടക്കുമ്പാട് സ്കൂളിലും നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി ഹെൽത്തി കിഡ്സ് എന്ന പേരിൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ പഞ്ചായത്ത് കളിസ്ഥലം പദ്ധതി**

282 (1848) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി സംസ്ഥാനത്ത് ഏതെങ്കിലും പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും ആയത് പരിശോധിക്കുകയും സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പഞ്ചായത്ത് കളിസ്ഥലം എന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പഞ്ചായത്ത് കളിസ്ഥലത്തിന്റെ നിർമ്മാണത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ

ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കളിസ്ഥലത്തിനായുള്ള ലേഔട്ട് പ്ലാൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരികയാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ കളിക്കളം പദ്ധതി

283 (1849) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജക മണ്ഡലത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ കളിക്കളം തെരഞ്ഞെടുക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഭരണാനുമതി ലഭ്യമാക്കി യഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൂഞ്ഞാർ മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ

പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

## കായിക വകുപ്പിന്റെ പദ്ധതികൾ

284 (1850) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാമോ?

സംസ്ഥാനത്ത് കായികയുവജന കാര്യാലയം മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I+ ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓപ്പറേഷൻ ഒളിമ്പ്യ

2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പ്രമുഖ കായിക പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർപരിശീലനത്തിനായി എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിച്ചുവരുന്നുണ്ട്. കൗൺസിലിന്റെ കീഴിലുള്ള അന്താരാഷ്ട്ര സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവിടങ്ങളിൽ കായികതാരങ്ങൾക്ക് പരിശീലനം ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി

എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിച്ചിട്ടുണ്ട്. കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കിവരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധം+ II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കുണ്ടറ നിയോജകമണ്ഡലത്തിനായി സ്പോർട്സ് വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിലെ കൊട്ടാരക്കര മിനി സ്റ്റേഡിയത്തിന്റെ നവീകരണ പദ്ധതി കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. കായിക യുവജന കാര്യാലയം മുഖേന നടപ്പിലാക്കിവരുന്ന പ്ലേ ഫോർ ഹെൽത്ത് പദ്ധതി കുണ്ടറ നിയോജക മണ്ഡലത്തിലെ ഗവ. ഗോപികാസദനം എൽ.പി.എസ്. പേരൂർ എന്ന സ്കൂളിൽ നടപ്പിലാക്കി വരുന്നുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

285 (1851) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ എവിടെയൊക്കെയാണ് സ്ഥലങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിവരിക്കാമോ?

പദ്ധതിയുടെ ആദ്യഘട്ടത്തിൽ ആലത്തൂർ മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് നൽകാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

**പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം പദ്ധതി**

286 (1852) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും പദ്ധതിയിൽ പരാമർശിക്കുന്ന ഘടങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

287 (1853) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സംബന്ധിച്ച നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി  സ്വീകരിച്ചുവരുന്നു.

(ബി) ഇതിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര തുക ഏതെല്ലാം പദ്ധതിക്കായി അനുവദിച്ചുവെന്ന് വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) കൊണ്ടോട്ടി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

വിഷയം പരിശോധിച്ചുവരികയാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഒരു കളിസ്ഥലം പദ്ധതി**

288 (1854) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര കളിസ്ഥലങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ

പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകിക്കൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

## കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ

289 (1855) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഹൈസ്കൂൾ സ്പോർട്സ് സ്കൂൾ ആയി ഉയർത്തുന്നതിന് കിഫ്ബി മുഖേന പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ ഘടകങ്ങളും സൗകര്യങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

(എ&ബി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഹൈസ്കൂൾ സ്പോർട്സ് സ്കൂളായി ഉയർത്തുന്നതിന് ടി സ്ഥലത്ത് ടോട്ടൽ സ്റ്റേഷൻ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ

പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്ന ഘടകങ്ങളായ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, സ്വിമ്മിംഗ് പൂൾ, സെവൻസ് നാച്വറൽ ഫുട്ബോൾ കോർട്ട്, കോംബാറ്റ് സ്പോർട്സ് ബിൽഡിംഗ്, മൾട്ടിപർപ്പസ് ഇൻഡോർ കോർട്ട്, വോളിബോൾ കോർട്ട്, ഗേൾസ് ഹോസ്റ്റൽ, ക്രിക്കറ്റ് പ്രാക്ടീസ് നെറ്റ്, ഗ്യാലറി ബിൽഡിംഗിനൊപ്പം ചെയിഞ്ച് റൂം മുതലായവയുടെ ലേഔട്ട് ഉൾപ്പെടെയുള്ള ഡി.പി.ആർ. തയ്യാറാക്കിവരികയാണ്.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ചുമതല ഏത് ഏജൻസിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്?

കായിക വകുപ്പിന്റെ കീഴിലുള്ള കിഫ്ബി പ്രവൃത്തികളുടെ എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചിട്ടുണ്ട്.

(ഡി) സ്പോർട്സ് സ്കൂളിലെ ക്ലാസ്സുകളിലേയ്ക്ക് 2023-24 അദ്ധ്യയന വർഷത്തിൽ അഡ്മിഷൻ സ്വീകരിക്കത്തക്ക വിധത്തിൽ നടപടികൾ ത്വരിതപ്പെടുത്താമോ?

ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കുറഞ്ഞത് 2 വർഷം സമയം ആവശ്യമാണ്. കൂടാതെ മാസ്റ്റർ പ്ലാൻ പ്രകാരം നിർമ്മാണ പ്രവൃത്തികൾ ചെയ്യുവാൻ നിലവിലുള്ള സ്കൂൾ കെട്ടിടം പൊളിക്കേണ്ടിവരുന്നതും അതോടൊപ്പം നിലവിലുള്ള

നിരവധി മരങ്ങൾ മുറിച്ചുമാറ്റേണ്ടതുമാണ്. ഈ പ്രവൃത്തികൾക്കുകൂടി അനുമതി ലഭിക്കേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് സ്പോർട്സ് സ്കൂളിലെ ക്ലാസുകളിലേയ്ക്ക് അഡ്മിഷൻ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഓപ്പൺ ജിം പദ്ധതി**

290 (1856) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പുമായി ചേർന്ന് ജില്ലകളിലെ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഓപ്പൺ ജിം തുടങ്ങുന്നതിനുള്ള പദ്ധതിയുടെ അന്തിമ രൂപമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ടൂറിസം വകുപ്പുമായി ചേർന്ന് 7 ജില്ലകളിലെ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പിൽനിന്നും സ്ഥലം നിർദ്ദേശിച്ച് നൽകുന്നമുറയ്ക്ക് പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആദ്യഘട്ടത്തിൽ പ്രസ്തുത പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**നടുവണ്ണൂർ വോളിബോൾ അക്കാദമി**

291 (1857) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ എന്താണ് കാലതാമസമെന്നും ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

(എ-സി) ഉണ്ട്. നടുവണ്ണൂർ വോളീബോൾ അക്കാഡമിയുടെ സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ എസ്.പി.വി. ആയ കിറ്റ്കോ മുഖാന്തരം പൂർത്തീകരിച്ചുവെങ്കിലും വോളീബോൾ കോർട്ടിന്റെ പ്രവൃത്തി ഇനിയും പൂർത്തീകരിക്കേണ്ടതായുണ്ട്. ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ എൻ.ഒ.സി. ലഭ്യമാകാത്തതിനാൽ ബിൽഡിംഗ് പെർമിറ്റ് ലഭ്യമായിട്ടില്ല. പ്രസ്തുത സ്റ്റേഡിയത്തിന്റെ ചുറ്റുമുള്ള സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ നെല്ലനാട് ഓപ്പൺ ജിം**

292 (1858) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ നെല്ലനാട് ഗാന്ധിഗ്രാം കോളനിയിൽ ഓപ്പൺ ജിം നിർമ്മിക്കുന്നതിന് (ഫയൽ നം. എസ്.വൈ.എ എ 3/442/2021) സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിലെ നെല്ലനാട് ഗാന്ധിഗ്രാം കോളനിയിൽ നിർമ്മിതികേന്ദ്രം മുഖേന നിർമ്മിച്ചുവരുന്ന ട്രാക്കിന്റെ പ്രവൃത്തി പൂർത്തിയായതിനുശേഷം സ്ഥലലഭ്യത പരിശോധിച്ച് ഓപ്പൺ ജിം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കുന്നമ്മൽ വോളിബോൾ അക്കാദമി**

293 (1859) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുന്നമ്മൽ വോളിബോൾ അക്കാദമി നിർമ്മാണത്തിന്റ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; എന്തൊക്കെ ഘടകങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ-സി) 2019-20 ബഡ്ജറ്റിൽ കുറ്റ്യാടി മണ്ഡലത്തിലെ കുന്നമ്മൽ വോളീബോൾ അക്കാദമി നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 1 കോടി രൂപ എസ്റ്റിമേറ്റ് അടങ്കലായി പ്രസ്തുത സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത അക്കാദമിയുടെ ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി, മഡ് കോർട്ട്, ഫെൻസിംഗ്, കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നീ ഘടകങ്ങൾ ഉൾപ്പെടെ ഒരു കോടി രൂപയുടെ എസ്റ്റിമേറ്റാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ധനപുനർവിനിയോഗത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി എസ്റ്റിമേറ്റിന് അംഗീകാരം നൽകി, ഭരണാനുമതി നൽകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അഴീക്കോട് വൻകുളത്ത് ആധുനിക ജിം**

294 (1860) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് വൻകുളത്ത് വയലിൽ പ്രഖ്യാപിച്ചിട്ടുള്ള ആധുനിക ജിം പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുകമോ; പദ്ധതി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അഴീക്കോട് വൻകുളത്ത് വയലിൽ പ്രഖ്യാപിച്ചിട്ടുള്ള ആധുനിക ജിം പദ്ധതിക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ച 65,70,700/- രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

**കുന്ദമംഗലത്ത് സ്പോർട്സ് ലൈഫ് ഫിറ്റ്നെസ് സെന്റർ**

295 (1861) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ പന്തീരാങ്കാവിൽ അനുവദിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) ആയത് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്ദമംഗലം മണ്ഡലത്തിലെ പന്തീരാങ്കാവിൽ അനുവദിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(സി) കുന്ദമംഗലത്ത് പാറ്റേൺ ക്ലബ് പരിസരത്ത് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിൽ ഒരു സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## മാനന്തവാടി മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പദ്ധതി

296 (1862) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പദ്ധതി കായിക വകുപ്പിന്റെ പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ മാനന്തവാടി മണ്ഡലത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന സ്റ്റേഡിയം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി അറിയിക്കാമോ?

ഉണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ മാനന്തവാടി മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്. പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഉടുമ്പൻചോലയിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

297 (1863) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ കളിസ്ഥലം അനുവദിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതിയിൽ ഉടുമ്പൻചോല മണ്ഡലത്തിൽനിന്ന് ഏതൊക്കെ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്ന വിഷയം അന്തിമഘട്ടത്തിലാണ്. ആദ്യഘട്ടത്തിൽ ഉടുമ്പൻചോല മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്.

(സി) ഈ പഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് ആയത് പരിശോധിച്ച് സ്ഥലപരിശോധന നടത്തി പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്.

## മഞ്ചേരി മണ്ഡലത്തിലെ പയ്യനാട് സ്റ്റേഡിയം നവീകരണം

298 (1864) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പയ്യനാട് സ്റ്റേഡിയം മൈതാനം കളപിടിച്ച് നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മൈതാനം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉണ്ട്. ടി സ്റ്റേഡിയത്തിൽ പടർന്നുപിടിച്ചിരിക്കുന്ന കള പറിക്കുന്നതിനും പുല്ല് വെട്ടുന്നതിനും വേണ്ട നടപടികൾ മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്റ്റേഡിയത്തിന്റെ നിലവിലെ ഗ്യാലറി വിപുലീകരിക്കുന്നതിനും പുതുതായി ഗ്യാലറി നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക്, പ്രാക്ടീസ് ഗ്രൗണ്ട് നിർമ്മാണം എന്നിവ അടക്കമുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ടി സ്റ്റേഡിയത്തിലെ ഗ്യാലറി വിപുലീകരിക്കുന്നതിനും പുതിയ ഗ്യാലറി നിർമ്മിക്കുന്നതിനും സിന്തറ്റിക് ട്രാക്ക്, പ്രാക്ടീസ് ഗ്രൗണ്ട്

നിർമ്മാണം എന്നിവ അടക്കമുള്ള രണ്ടാംഘട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോവളം മണ്ഡലത്തിലെ ഒരു കളിക്കളം പദ്ധതി**

299 (1865) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ കോവളം മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; പ്രസ്തുത മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി കോവളം മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്ന വിഷയം പരിഗണനയിലാണ്. പ്രസ്തുത മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുന്ന പ്രവൃത്തി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിലെ ഓപ്പൺ ജിം പദ്ധതി

300 (1866) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന് കീഴിൽ പൊതുയിടങ്ങളിൽ ഓപ്പൺ ജിമ്മുകൾ, ടർഫുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം അറിയിക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) ടൂറിസം വകുപ്പുമായി ചേർന്ന് 7 ജില്ലകളിലെ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ജില്ലകളിൽ ഏത് സ്ഥലത്താണ് ജിം സ്ഥാപിക്കേണ്ടത് എന്നതിനെക്കുറിച്ച നടപടികൾ

അന്തിമഘട്ടത്തിലാണ്. ടൂറിസം വകുപ്പിൽനിന്നും സ്ഥലം നിർദ്ദേശിച്ച് നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(സി) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പഞ്ചായത്തുകളിലാണ് കളിസ്ഥലങ്ങൾ അനുവദിച്ചിട്ടുള്ളത്/ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

(സി&ഡി) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## കൂത്തുപറമ്പ് നഗരസഭ സ്റ്റേഡിയം

301 (1867) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ കൂത്തുപറമ്പ് നഗരസഭ സ്റ്റേഡിയം സ്പോർട്സ് കൗൺസിൽ നവീകരിച്ചെങ്കിലും തുടർപരിപാലനം സംബന്ധിച്ച് വ്യക്തത വരാത്തതിനാൽ കൃത്യമായ പരിപാലനം നടത്താനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച കൂത്തുപറമ്പ് നഗരസഭാ സ്റ്റേഡിയത്തിന്റെ തുടർനടത്തിപ്പുമായി ബന്ധപ്പെട്ട് സ്റ്റേഡിയത്തിന്റെ ഭൂമി കൈമാറ്റ നടപടികൾ കൈക്കൊള്ളുന്നത് വരെ സ്റ്റേഡിയത്തിന്റെ പരിപാലനത്തിനായി ഒരു ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യേണ്ടവരുടെ പേരുകൾ ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിൽ, ജില്ലാ കളക്ടർ തുടങ്ങിയവരിൽനിന്നും ലഭ്യമാക്കി നൽകണമെന്ന് നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ജോയിന്റ്

മാനേജ്മെന്റ് കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യേണ്ടവരുടെ ലിസ്റ്റ് ലഭ്യമാകുന്നമുറയ്ക്ക് ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗ് കൂടി സ്റ്റേഡിയത്തിന്റെ പരിപാലനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കായിക താരങ്ങൾക്ക് അനുവദിച്ച സ്റ്റേഡിയത്തിലെ റൂമുകൾ സ്പോർട്സ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി കൂടുന്ന സമയത്ത് കായികതാരങ്ങൾക്ക് അനുവദിച്ച റൂമുകൾ സ്പോർട്സ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) സ്റ്റേഡിയത്തിന്റെ പരിപാലന ചുമതല നഗരസഭയ്ക്ക് നൽകിക്കൊണ്ടുള്ള ഉത്തരവിറക്കാൻ തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കോങ്ങാട് മണ്ഡലത്തിലെ കരിമ്പ സ്റ്റേഡിയം

302 (1868) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കരിമ്പ സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്റ്റേഡിയം നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) കോങ്ങാട് മണ്ഡലത്തിലെ കരിമ്പ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ ഭരണാനുമതി നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

## മഞ്ചേരിയിലെ പയ്യനാട് സ്റ്റേഡിയം നവീകരണം

303 (1869) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരങ്ങൾ നടന്ന മഞ്ചേരിയിലെ പയ്യനാട് സ്റ്റേഡിയം നവീകരിക്കുമെന്ന് ജേതാക്കളെ അനുമോദിക്കുന്ന ചടങ്ങിൽ സംസ്ഥാന മന്ത്രിമാർ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് മന്ത്രിമാർ പ്രഖ്യാപിച്ചതെന്ന് അറിയിക്കുമോ; ഇതിനായി എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ പയ്യനാട് സ്റ്റേഡിയത്തിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ 2022 ഏപ്രിൽ മാസത്തിൽ നടന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണ്ണമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(സി) സന്തോഷ് ട്രോഫി മത്സരങ്ങൾക്കുശേഷം സ്റ്റേഡിയം വേണ്ട രീതിയിൽ പരിപാലിക്കാത്തതിനാൽ കാടുകയറി നശിക്കുകയാണെന്ന

വസ്തുത കണക്കിലെടുത്ത് സ്റ്റേഡിയം നവീകരണത്തിനും പരിപാലനത്തിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ടി സ്റ്റേഡിയത്തിൽ പടർന്നുപിടിച്ചിരിക്കുന്ന കള പറിക്കുന്നതിനും പുല്ല് വെട്ടുന്നതിനും വേണ്ട നടപടികൾ മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്.

**നാദാപുരം മണ്ഡലത്തിലെ ഒരു കളിസ്ഥലം പദ്ധതി**

304 (1870) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലം നിർമ്മാണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) നാദാപുരം മണ്ഡലത്തിൽ വളയം ഗ്രാമപഞ്ചായത്തിലെ കളിസ്ഥല നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി നാദാപുരം മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്. പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ

അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകിക്കൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

## പേഴുമ്പാറ സ്റ്റേഡിയം നിർമ്മാണം

305 (1871) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേഴുമ്പാറ സ്റ്റേഡിയം നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

പേഴുമ്പാറ സ്റ്റേഡിയം നിർമ്മാണത്തിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി+ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് എന്തെങ്കിലും തടസങ്ങളുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനായി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് നിരവധി മരങ്ങളുള്ളതിനാൽ, മരങ്ങൾ മുറിച്ചുമാറ്റുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. മരം മുറിക്കുന്നതിനുള്ള അനുമതിക്കായി വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സോഷ്യൽ ഫോറസ്ട്രി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുമതി ലഭ്യമായി സ്ഥലം കൈമാറുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി, ലേഔട്ട്, ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിവരുന്നു.

## തിരുവമ്പാടി സ്റ്റേഡിയം

306 (1872) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ തിരുവമ്പാടി മാമ്പറ്റയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റേഡിയത്തിന്റെ ടെൻഡർ അംഗീകാരം അനിശ്ചിതമായി നീളുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) ടെൻഡർ അംഗീകാരം അടിയന്തരമായി നൽകുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായുള്ള ദർഘാസ് അംഗീകരിക്കുന്നതിനായി ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി യോഗം 14-02-2022-ൽ ചേർന്നിരുന്നു. ടി പ്രവൃത്തിയുടെ ദർഘാസിൽ മൂന്ന് പേരാണ് പങ്കെടുത്തിരുന്നത്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (എൽ 1) ദർഘാസുകാരനേക്കാൾ 9.25% കൂടുതൽ തുക രേഖപ്പെടുത്തിയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി നെഗോസിയേഷൻ നടത്തി എൽ 1 രേഖപ്പെടുത്തിയിരുന്ന നിരക്കിൽ പ്രവൃത്തി ചെയ്യാൻ തയ്യാറായാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവൃത്തി അവാർഡ് ചെയ്യാമെന്നും ഊരാളുങ്കൽ ലേബർ സൊസൈറ്റി രേഖപ്പെടുത്തിയ നിരക്ക് കുറയ്ക്കുവാൻ തയ്യാറായില്ലെങ്കിൽ പ്രസ്തുത സൊസൈറ്റി രേഖപ്പെടുത്തിയ നിരക്കിൽത്തന്നെ പ്രവൃത്തി അവാർഡ് ചെയ്യുന്നതിനുമാണ് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി തീരുമാനമെടുത്തിരുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിരക്ക് കുറയ്ക്കാൻ തയ്യാറായിട്ടില്ല. ഈ

സാഹചര്യത്തിൽ വർക്ക് അവാർഡ് ചെയ്യുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം**

307 (1873) <u>ശ്രീ. അബ്ദുൽ ഹമീദ് പി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെയും തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പട്ടികയിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട്

ജനപ്രതിനിധികളിൽനിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം**

308 (1874) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം ഏതൊക്കെ സ്റ്റേഡിയങ്ങൾക്കാണ് ഈ സർക്കാർ അനുമതി നല്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല

പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് സ്റ്റേഡിയത്തിൽ നടത്തുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ ചുവടെ പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്.

മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേ കോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, ചിൽഡ്രൻസ് പ്ലേ ഏരിയ, നടപ്പാത, ടോയ്‌ലറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ്. ഗ്രാമീണ കളിക്കളങ്ങൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളുടെ വ്യാപ്തിയനുസരിച്ചും പ്രാദേശികമായ ആവശ്യകതയനുസരിച്ചും മേൽപരാമർശിച്ച ഘടകങ്ങൾ ആവശ്യമായവ അതാത് സ്ഥലങ്ങളിൽ ഉൾപ്പെടുത്തുവാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

## മഹാരാജാസ് കോളേജിലെ സിന്തറ്റിക് ട്രാക്ക്

309 (1875) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് പുതുക്കിപ്പണിയുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്ന് തുക അനുവദിച്ചിരുന്നോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ട്രാക്കിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്നും എന്ന് പൂർത്തിയാക്കുവാനാകുമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്നാണ് തയ്യാറാക്കിയത്;

(ഡി) ഈ പ്രവൃത്തിക്കായി അനുവദിച്ച തുക പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-ഇ) എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ സിന്തറ്റിക് ട്രാക്ക് പുതുക്കിപ്പണിയുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും തുക

അനുവദിച്ചിട്ടില്ല. എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് പുതുക്കിപ്പണിയുന്നതിന് പ്രൊപ്പോസൽ ലഭ്യമായിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ തുക അനുവദിക്കാൻ സാധിച്ചില്ല.

**കുട്ടികളുടെ കായികാഭിരുചി പോഷണത്തിന് പദ്ധതി**

310 (1876) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ കായികാഭിരുചി പരിപോഷിപ്പിക്കുന്നതിനും ശാരീരിക, മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്?

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഹെൽത്തി കിഡ്സ്

കായിക യുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.ടി.-യുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്.

ഗോൾ

ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്.

<u>സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം</u>

ലോകനിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്രതലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്.

<u>പഞ്ച്</u>

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>

2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പ്രമുഖ കായിക പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ.

<u>എലൈറ്റ് സ്കീം</u>

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക

ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നതോടൊപ്പം കൗൺസിലിലെ പരിശീലകരുടെ കീഴിൽ കായികതാരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകിവരുന്നുമുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രീപ്രൈമറി മുതൽ ഉദ്ഗ്രഥിതമായും യു.പി.എച്ച്.എസ്. ക്ലാസ്സുകൾ സ്വാതന്ത്ര്യമായും എന്ന രീതിയിൽ ആരോഗ്യ കായികപഠനം നടന്നുവരുന്നു. പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയുടെയും പഠനാനുബന്ധ പ്രവർത്തനങ്ങളുടെയും ഭാഗമായി 38 കായികയിനങ്ങളിലായി സ്കൂൾ, സബ് ജില്ല, സംസ്ഥാന, ദേശീയ അന്തർദേശീയ തലംവരെ മത്സരിക്കാനുള്ള സാധ്യത ഉറപ്പുനൽകുന്നു. കൂടാതെ

പ്രൈമറിതലത്തിലെ കുട്ടികളെ കായിക വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കായികാദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്.

(ബി) കളിസ്ഥലങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ പുതിയ കളിസ്ഥലങ്ങൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കളിസ്ഥലങ്ങളില്ലാത്ത സ്കൂളുകളിൽ പുതിയ കളിസ്ഥലങ്ങൾ അനുവദിക്കുന്നതിന് പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്കൂളുകൾക്ക് വസ്തു വാങ്ങാൻ ലഭിക്കുന്ന പ്രൊപ്പോസലുകൾ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രസ്തുത കളിസ്ഥലങ്ങൾ അനുവദിച്ചതെന്നും ആയതിന്റ അടിസ്ഥാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏറനാട് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്.

(ഡി) സ്കൂൾ കുട്ടികളുടെ ഇടയിൽ വെള്ളത്തിൽ മുങ്ങിയുള്ള മരണങ്ങൾ കൂടുതലായി കണ്ടുവരുന്നതിനാൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ?

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സപ്ലാഷ് പദ്ധതി. പ്രാരംഭഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സ് മുതൽ പതിനെട്ട് വയസ്സുവരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നീന്തൽ പരിശീലന പദ്ധതിപ്രകാരം തൃശ്ശൂർ, പിരപ്പൻകോട് അക്വാട്ടിക് കോംപ്ലക്സുകൾ, നന്ദിയോട് സ്വിമ്മിംഗ് പൂൾ, എം.എ. കോളേജ് കോതമംഗലം, കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിൽ നടക്കാവ് ഈസ്റ്റ് സ്വിമ്മിംഗ് പൂൾ എന്നിവിടങ്ങളിൽ വിദഗ്ധരായ

പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നീന്തൽ പ്രാവീണ്യമുള്ള പത്താം ക്ലാസ്സ് പാസായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് രണ്ട് മാർക്ക് ബോണസ് മാർക്കായി നൽകിവരുന്നുണ്ട്.

## സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം

311 (1877) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളിൽ ഏതെല്ലാം കായിക ഇനങ്ങളുടെ പരിശീലനമാണ് നൽകിവരുന്നത്; സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകളാണ് പ്രവർത്തിക്കുന്നത്; ഇതിൽ എത്ര ഹോസ്റ്റലുകളിൽ പെൺകുട്ടികൾക്ക് അഡ്മിഷൻ നൽകുന്നുണ്ട്?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 23 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ അത്‌ലറ്റിക്സ്, ഫുട്ബോൾ, ഹാൻഡ് ബോൾ, ബാസ്കറ്റ് ബോൾ, ബോക്സിംഗ്, ഖോ-ഖോ,

റസ്‌ലിംഗ്, തായ്ക്വോണ്ടോ, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കബഡി, ഹോക്കി, നെറ്റ് ബോൾ, സോഫ്റ്റ് ബോൾ, വോളീബോൾ, റോവിംഗ്, ആർച്ചറി, ഫെൻസിംഗ്, ജൂഡോ, വെയ്റ്റ് ലിഫ്റ്റിംഗ് എന്നീ കായികയിനങ്ങളിൽ പരിശീലനം നൽകിവരുന്നു. 2021-22 വർഷം 63 സ്പോർട്സ് അക്കാഡമികളിൽ പെൺകുട്ടികൾക്ക് അഡ്മിഷൻ നൽകിയിരുന്നു.

(ബി) സ്പോർട്സ് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, പ്രൊഫഷണൽ കോളേജ്, ആർട്സ് ആൻഡ് സയൻസ് കോളേജ് തിരിച്ചുള്ള എണ്ണം ലഭ്യമാണോ; ഇതിൽ ഓരോന്നിലെയും പെൺകുട്ടികളുടെ എണ്ണം ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് അക്കാഡമികളിൽ എട്ടാം ക്ലാസ് മുതലുള്ള കുട്ടികൾക്കാണ് പ്രവേശനം അനുവദിച്ചുവരുന്നത്. 2021-22 അദ്ധ്യയന വർഷത്തിൽ ജില്ലാ സ്പോർട്സ് അക്കാഡമികളിൽ ആൺ, പെൺ വിഭാഗങ്ങളിലായി 1023 കുട്ടികൾക്കും കോളേജ് സ്പോർട്സ് അക്കാഡമികളിലേയ്ക്ക് ആകെ 796 കുട്ടികൾക്കും സ്കൂൾ സ്പോർട്സ് അക്കാഡമികളിലേയ്ക്ക് ആകെ 218 കുട്ടികൾക്കും പ്രവേശനം അനുവദിച്ചിരുന്നു. ഇതിൽ ജില്ലാ സ്പോർട്സ് അക്കാഡമികളിൽ 333

പെൺകുട്ടികൾക്കും കോളേജ് സ്പോർട്സ് അക്കാഡമികളിൽ 331 പെൺകുട്ടികൾക്കും സ്കൂൾ സ്പോർട്സ് അക്കാഡമികളിൽ 42 പെൺകുട്ടികൾക്കുമാണ് അഡ്മിഷൻ നൽകിയിരുന്നത്. 2022-23 അദ്ധ്യയന വർഷത്തിൽ വിവിധ സ്പോർട്സ് അക്കാഡമികളിലേയ്ക്ക് കായിക താരങ്ങൾക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇവരുടെ ഓരോ ആഴ്ചയിലെയും പരിശീലന സമയവും ഭക്ഷണക്രമവും നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങൾക്ക് എല്ലാ ആഴ്ചയിലെയും പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 6.30 മുതൽ 8.30 വരെയും വൈകുന്നേരം 4.30 മുതൽ 6.30 വരെയും പരിശീലനം നൽകിവരുന്നു. എല്ലാ ദിവസവും കായിക താരങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി നിഷ്കർഷിച്ചിരിക്കുന്ന ഭക്ഷണക്രമം സംബന്ധിച്ച വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് +.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

312 (1878) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

(എ&ബി) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(സി) കോട്ടക്കൽ മണ്ഡലത്തിൽനിന്നും ഏതെല്ലാം പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ?

പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോട്ടയ്ക്കൽ മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്.

## സ്കൂളുകളിൽ കായിക പ്രതിഭകളെ കണ്ടെത്താൻ പദ്ധതി

313 (1879) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾതലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പദ്ധതിക്ക് രൂപം നൽകുമോ?

സ്കൂൾതലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഹെൽത്തി കിഡ്സ്:- കായിക യുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.ടി.-യുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്.

ഗോൾ:- ഫുട്ബോൾ പരിശീലന പദ്ധതി.

ഹൂപ്സ് :- ബാസ്കറ്റ് ബോൾ പരിശീലനം.

സ്പ്രിന്റ്:- ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം.

<u>പഞ്ച്:-</u> സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗിൽ അടിസ്ഥാന പരിശീലനം നൽകുന്ന പദ്ധതി.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>:- 2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പ്രമുഖ കായിക പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ചായ്യോത്ത് സ്പോർട്സ് ഡിവിഷൻ**

314 (1880) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ചായ്യോത്ത് സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്നും ഇവ പരിഹരിച്ച് എപ്പോൾ പദ്ധതി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ&ബി) അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയ കാസർഗോഡ് ചായ്യോത്ത് ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ 7, 8 ക്ലാസ്സുകളിൽ 30 കുട്ടികൾ വീതമുമുള്ള ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് വിഷയം പരിശോധിച്ചുവരുന്നു.

**കായിക ഉപകരണങ്ങളുടെ ഉല്പാദനം**

315 (1881) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് കായിക ഉപകരണങ്ങളുടെ ഉല്പാദനം ശക്തിപ്പെടുത്താനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് കായിക ഉപകരണങ്ങളുടെ ഉൽപ്പാദനം ശക്തിപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഹെൽത്തി കിഡ്സ് ആയോധന മത്സരങ്ങൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, അത്‌ലറ്റിക്സ് എന്നിവയ്ക്കായുള്ള ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾക്ക് പുതിയ സ്പോർട്സ് പോളിസി നടപ്പാക്കാൻ

തീരുമാനിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെക്കുറിച്ച് വിശദമായ റിപ്പോർട്ട് നൽകാമോ?

ഹെൽത്തി കിഡ്സ് പദ്ധതിയുടെ ഭാഗമായി 25 വിദ്യാലയങ്ങളിൽ പ്രത്യേക പരിശീലന പദ്ധതി തുടങ്ങിയിട്ടുണ്ട്. 30 വിദ്യാലയങ്ങളിൽവരുന്ന അദ്ധ്യയന വർഷത്തിൽ തുടങ്ങുവാൻ പദ്ധതി രൂപപ്പെടുത്തിയിട്ടുമുണ്ട്. അഞ്ച് ലക്ഷം കുട്ടികൾക്ക് കായിക പരിശീലനത്തിനായി ഗോൾ (ഫുട്ബോൾ) പദ്ധതിയും പഞ്ച് (ബോക്സിംഗ്), ജൂഡോക്കോ (ജൂഡോ പരിശീലനം), ഹൂപ്സ് (ബാസ്കറ്റ് ബോൾ), സ്പ്രിന്റ് (അത്‌ലറ്റിക്സ്) എന്നീ പദ്ധതികൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയോധന മത്സരങ്ങൾ, ഫുട്ബോൾ, ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ് എന്നിവയ്ക്കായുള്ള ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾക്ക് പുതിയ സ്പോർട്സ് പോളിസി നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**തിരൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങൾ**

316 (1882) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഗ്രാമീണ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്ന പദ്ധതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) തിരൂർ നിയോജക മണ്ഡലത്തിലെ തിരൂർ സ്റ്റേഡിയം ഉൾപ്പെടെ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെയും കളിസ്ഥലങ്ങളുടെയും നവീകരണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) തിരൂർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിക്കായി എസ്.പി.വി. ആയിരുന്ന കിറ്റ്കോ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭ്യമായിട്ടില്ല. കിഫ്ബി അനുശാസിക്കുന്ന രീതിയിലുള്ള ഡി.പി.ആർ. സ്റ്റേഡിയത്തിന്റെ നിലവിലെ സാഹചര്യംകൂടി കണക്കിലെടുത്ത് പുതുക്കേണ്ടതായുണ്ട്. കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കായിക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെന്മാറ മണ്ഡലത്തിലെ കളിസ്ഥലമില്ലാത്ത പഞ്ചായത്തുകൾ**

317 (1883) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ കളിസ്ഥലമില്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ കൊടുവായൂർ, പുതുനഗരം, വടവന്നൂർ, മുതലമട, എലവഞ്ചേരി, നെന്മാറ എന്നീ പഞ്ചായത്തുകളിൽ നിലവിൽ കളിസ്ഥലങ്ങളില്ല.

(ബി) ഇത്തരത്തിലുള്ള പഞ്ചായത്തുകൾക്ക് കളിസ്ഥലം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി

നൽകിക്കൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ നെന്മാറ മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്.

കൊടുവായൂർ പഞ്ചായത്തിന് കളിസ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിക്കുന്നതാണ്.

പുതുനഗരം, വടവന്നൂർ, മുതലമട, എലവഞ്ചേരി എന്നീ പഞ്ചായത്തുകൾക്ക് കളിസ്ഥലം അനുവദിക്കുന്നതിനായി സ്ഥലം ലഭ്യതയുടെയും ഫണ്ട് ലഭ്യതയുടെയും അടിസ്ഥാനത്തിൽ ആയത് പരിശോധിക്കുന്നതാണ്.

## കായികരംഗത്തിന്റെ വളർച്ചയ്ക്ക് നടപടികൾ

318 (1884) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക രംഗത്തെ വളർച്ചയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേരളത്തിൽ കായികരംഗത്തിന്റെ വികസനത്തിനായി കായിക യുവജനകാര്യാലയം മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കായികരംഗത്തെ വളർച്ചയ്ക്കായി ആവിഷ്കരിച്ച വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ

2024 ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പ്രമുഖ കായിക പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. പ്രസ്തുത പദ്ധതിയിലേയ്ക്ക് അത്‌ലറ്റിക്, സൈക്ലിംഗ്, ബോക്സിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ്, കനോയിംഗ് & കയാക്കിംഗ്, റോവിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, ആർച്ചറി, ഷൂട്ടിംഗ് എന്നീ 11 കായികയിനങ്ങൾ തെരഞ്ഞെടുത്തിരുന്നു. ഈ കായികയിനങ്ങളിൽനിന്നും ആർച്ചറി, ഷൂട്ടിംഗ്, എന്നിവ ഒഴികെ ബാക്കിയുള്ള 9 കായിക ഇനങ്ങൾ ആദ്യഘട്ടത്തിൽ ആരംഭിച്ചു. നിലവിൽ ആരംഭിച്ച 9 കായിക ഇനങ്ങളിൽനിന്ന് ദേശീയ അന്തർദ്ദേശീയ നിലവാരമുള്ള 5 കായികയിനങ്ങളായ ബോക്സിംഗ്,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായിക ഇനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഉൾപ്പെടുത്തി തുടങ്ങുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി തുടങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ ബോക്സിംഗ് തിരുവനന്തപുരം ജില്ലയിലും റോവിംഗ് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം തുടർന്നുവരുന്നു. ഓരോ കായികയിനത്തിലും 15 കായികതാരങ്ങൾ വീതമാണ് പരിശീലനം നടത്തിവരുന്നത്. ഓരോ വർഷത്തിലും പരിശീലനത്തിന്റെ മികവ് വിലയിരുത്തി വീഡ് ഔട്ട് നടത്തുന്നുണ്ട്.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കായിക താരങ്ങളെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ

മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചുവരുന്നതോടൊപ്പം കൗൺസിലിലെ പരിശീലകരുടെ കീഴിൽ കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകിവരുന്നുമുണ്ട്. ദേശീയ, അന്തർദ്ദേശീയതലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി സ്കോളർഷിപ്പും അനുവദിച്ചുവരുന്നുണ്ട്. കൗൺസിലിന്റെ കീഴിലുള്ള അന്താരാഷ്ട്ര സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവിടങ്ങളിൽ കായികതാരങ്ങൾക്ക് പരിശീലനം ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മപരിപാടിയിലുൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിച്ചിട്ടുണ്ട്. കായികതാരങ്ങൾക്ക് പരിശീലനം

നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിനുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് കേരള ഫൗണ്ടേഷൻ കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/ നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തുവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് വിവിധ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തികളും സ്പോർട്സ് സ്കൂളുകൾക്കാവശ്യമായ കായിക ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികളും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ (വനം-വന്യജീവി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്) ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവൃത്തികളും വട്ടിയൂർക്കാവ്

ഷൂട്ടിംഗ് അക്കാഡമിയുമായുള്ള അനുബന്ധ പ്രവൃത്തികളും ചെയ്തുവരുന്നു. ജി.വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക നിർമ്മിതികൾ (സിന്തറ്റിക് ട്രാക്ക്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സിന്തറ്റിക് ഹോക്കി ടർഫ്) ഉൾപ്പെടുത്തി നവീകരിക്കുന്ന പ്രവൃത്തികളും ചെയ്തുവരുന്നു. കായികരംഗത്തെ വളർച്ചയ്ക്കായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016-2017 ബഡ്ജറ്റിലും 2017-2018 ബഡ്ജറ്റിലുമായി 59 പദ്ധതികൾ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. ആയതിൽ 8 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. 18 പദ്ധതികളുടെ പ്രവൃത്തി പുരോഗമിക്കുകയും 5 പദ്ധതികൾ ടെണ്ടറിംഗ് ഘട്ടത്തിലുമാണ്. കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന വികസന പ്രവൃത്തികളുടെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി കായിക വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്പോർട്സിനും വിനോദത്തിനും അനുയോജ്യമായ തുറസ്സായ സ്ഥലങ്ങൾ ലഭ്യമല്ലാത്തതാണ് സംസ്ഥാനത്തെ ഗ്രാമീണ കായിക വികസനത്തിന് സർക്കാരിന്റെ മുന്നിലുള്ള

പ്രധാന തടസ്സം. ഇത് പരിഗണിച്ച്, ഓരോ ഗ്രാമത്തിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുന്നതിനുള്ള, ലെവൽ-1 കായിക വിനോദങ്ങൾ വികസിപ്പിക്കുന്നതിനുള്ള, ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിക്ക് രൂപംനല്കുകയും 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ അതിവേഗം പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ഒരു ആഗോള പ്രതിഭാസമാണ് ഔട്ട്ഡോർ ജിം. പരമ്പരാഗത ജിമ്മുകൾ ഒന്നുകിൽ അക്സസ് ചെയ്യാനാകാത്തതോ അല്ലെങ്കിൽ ഒഴിവാക്കുന്നതോ ആയ ഒരു വലിയ ശതമാനം ആളുകൾക്ക് വ്യായാമം ചെയ്യാൻ ഉപബോധമനസ്സോടെ ആളുകളെ പ്രേരിപ്പിക്കാൻ ഔട്ട്ഡോർ ജിമ്മുകൾ സഹായിക്കുന്നു. ആയതിൻപ്രകാരം ഭരണാനുമതി നൽകിയ 9 ഫിറ്റ്നസ് സെന്ററുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 10 ഫിറ്റ്നസ് സെന്ററുകളുടെ നിർമ്മാണപ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ ടൂറിസം വകുപ്പിന്റെ കീഴിൽ 7 ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പിൽനിന്നും പ്രസ്തുത ജില്ലകളിലെ

സ്ഥലം നിശ്ചയിക്കുന്നമുറയ്ക്ക് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുന്നതാണ്.

**കായിക മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ**

319 (1885) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും കളിക്കളത്തിൽ എത്തിക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ കായിക യുവജന കാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ

സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തുവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് വിവിധ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തികളും സ്പോർട്സ് സ്കൂളുകൾക്കാവശ്യമായ കായിക ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ വിവിധ വകുപ്പുകളുടെ (വനം-വന്യജീവി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്) ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവൃത്തികളും വട്ടിയൂർക്കാവ് ഷൂട്ടിംഗ് അക്കാഡമിയുമായുള്ള അനുബന്ധ പ്രവൃത്തികളും ചെയ്തുവരുന്നു. ജി.വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക നിർമ്മിതികൾ (സിന്തറ്റിക് ട്രാക്ക്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സിന്തറ്റിക് ഹോക്കി ടർഫ്) ഉൾപ്പെടുത്തി നവീകരിക്കുന്ന പ്രവൃത്തികളും പൂർത്തിയായി. കായികരംഗത്തെ വളർച്ചയ്ക്കായും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016-2017 ബഡ്ജറ്റിലും 2017-2018 ബഡ്ജറ്റിലുമായി 59 പദ്ധതികൾ എസ്.പി.വി. ആയ കിറ്റ്കോയെ

ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് കിറ്റ്കോ 8 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 പ്രവൃത്തികൾ ഏറെക്കുറെ പൂർത്തീകരിച്ചശേഷം ഫയർ എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചുവരികയാണ്. 18 പദ്ധതികളുടെ പ്രവൃത്തി പുരോഗമിക്കുകയും 5 പദ്ധതികൾ ടെണ്ടറിംഗ് ഘട്ടത്തിലുമാണ്. കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന വികസന പ്രവൃത്തികളുടെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി കായിക വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്പോർട്സിനും വിനോദത്തിനും അനുയോജ്യമായ തുറസ്സായ സ്ഥലങ്ങൾ ലഭ്യമല്ലാത്തതാണ് സംസ്ഥാനത്തെ ഗ്രാമീണ കായിക വികസനത്തിന് സർക്കാരിന്റെ മുന്നിലുള്ള പ്രധാന തടസ്സം. ഇത് പരിഗണിച്ച് ഓരോ ഗ്രാമത്തിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുന്നതിനുള്ള ലെവൽ-1 കായിക വിനോദങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു മഹത്തായ പരിപാടിക്ക് ഗവൺമെന്റ് രൂപം നല്കുകയും 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു

പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽനിന്നും മുൻഗണനാടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥലപരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തെരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. ഇന്ത്യയിൽ അതിവേഗം പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ഒരു ആഗോള പ്രതിഭാസമാണ് ഔട്ട്ഡോർ ജിം. പരമ്പരാഗത ജിമ്മുകൾ ഒന്നുകിൽ അക്സസ് ചെയ്യാനാകാത്തതോ അല്ലെങ്കിൽ ഒഴിവാക്കുന്നതോ ആയ ഒരു വലിയ ശതമാനം ആളുകൾക്ക് വ്യായാമം ചെയ്യാൻ ഉപബോധമനസ്സോടെ ആളുകളെ പ്രേരിപ്പിക്കാൻ ഔട്ട്ഡോർ ജിമ്മുകൾ സഹായിക്കുന്നു. ആയതിനായി ഭരണാനുമതി നൽകിയ 9 ഫിറ്റ്നസ് സെന്ററുകളുടെ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. 10 ഫിറ്റ്നസ് സെന്ററുകളുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമായി പുരോഗമിച്ചുവരികയുമാണ്. ഇവ കൂടാതെ ടൂറിസം വകുപ്പിന്റെ കീഴിൽ 7 ജില്ലകളിൽ (തിരുവനന്തപുരം,

ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പിൽനിന്നും പ്രസ്തുത ജില്ലകളിലെ സ്ഥലം നിശ്ചയിക്കുന്നമുറയ്ക്ക് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുന്നതാണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കിവരുന്ന അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ഉൾക്കൊള്ളിക്കുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ കായികനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്തിന് പുതിയ കായികനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## കായിക പ്രതിഭകൾക്ക് സർക്കാർ ജോലി

320 (1886) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വാഗ്ദാനം ചെയ്യപ്പെട്ട ജോലി ലഭിക്കാത്തതുമൂലം മുൻസർക്കാരിന്റെ കാലത്ത് കായിക പ്രതിഭകൾ സെക്രട്ടേറിയറ്റ് പടിക്കൽ സമരം ചെയ്തതിനെത്തുടർന്ന് സർക്കാർ എന്തൊക്കെ ഉറപ്പുകളാണ് നൽകിയതെന്നും ഇവയിൽ ഏതൊക്കെ കാര്യങ്ങൾ നടപ്പാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായിക പ്രതിഭകൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകിയെന്ന് അറിയിക്കുമോ; എത്ര അപേക്ഷകളിലാണ് ഇനി തീരുമാനം എടുക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ അഭിമാനം ഉയർത്തുന്ന തരത്തിൽ പ്രകടനം നടത്തിയ കായിക പ്രതിഭകൾക്ക് സമയബന്ധിതമായി അർഹതപ്പെട്ട സർക്കാർ ജോലി നൽകുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-സി) 2010-14 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് കായികതാരങ്ങളുമായി വകുപ്പുമന്ത്രി 17-12-2021-ൽ ചേർന്ന യോഗത്തിൽ സ്പോർട്സ് ക്വാട്ടാ നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കാൻ ഒരു ഉന്നതതല സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത

സമിതിയുടെ ആദ്യയോഗം 25-04-2022-ന് ചേരുകയുണ്ടായി. 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ മുഖേനയുള്ള ഒഴിവുകളിൽ നിയമനത്തിനായി പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽനിന്നും 195 കായികതാരങ്ങൾക്ക് 10-02-2020-ൽ നിയമനാനുമതി നൽകിയിട്ടുണ്ട്. 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനായി 86 പേരടങ്ങുന്ന സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത സെലക്ട് ലിസ്റ്റിലുള്ള ഒരു ഉദ്യോഗാർത്ഥി മൂന്ന് വർഷങ്ങളിലെ ലിസ്റ്റിലും 13 ഉദ്യോഗാർത്ഥികൾ രണ്ട് വർഷങ്ങളിലെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത സെലക്ട് ലിസ്റ്റിൽ നിന്നും 24 പേർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ശേഷിക്കുന്ന കായികതാരങ്ങളുടെ നിയമനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. 2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ മുഖേനയുള്ള 249 ഒഴിവുകളിൽ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം കായിക

താരങ്ങൾ സമർപ്പിച്ച അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

**തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ഫിറ്റ്നസ് സെന്റർ**

321 (1887) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഫിറ്റ്നസ് സെന്ററിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുറത്തികാട് കമ്മ്യൂണിറ്റി ഹാളിന്റെ (കെട്ടിട നം.11/309 എ) ഒന്നാം നിലയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനായി 52.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിശ്ചയിച്ച സ്ഥലം കോവിഡ് ട്രീറ്റ്മെന്റ് സെന്ററായി മാറിയതിനാൽ ഫിറ്റ്നസ് സെന്റർ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ആകെ എസ്റ്റിമേറ്റ് 58

ലക്ഷം രൂപയായി വർദ്ധിച്ചു. ഈ സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ആവശ്യമായിവരുന്ന 58 ലക്ഷം രൂപയിൽ ഭരണാനുമതി പ്രകാരമുള്ള തുകയായ 52.20 ലക്ഷം രൂപ കഴിച്ച് ബാക്കിയുള്ള 5.80 ലക്ഷം രൂപ പഞ്ചായത്തിന്റെ ഫണ്ടിൽനിന്നും അനുവദിക്കുകയാണെങ്കിൽ ടി പ്രവൃത്തിയുടെ ദർഘാസ് നടപടികളുമായി മുന്നോട്ടുപോകുവാൻ കഴിയുന്നതാണെന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽനിന്നും അനുകൂല മറുപടി ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**വഖഫ് ബോർഡിലെ ശമ്പള പരിഷ്കരണം**

322 (1888) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-ൽ നടപ്പാക്കിയ ശമ്പള പരിഷ്കരണം കേരള സംസ്ഥാന വഖഫ് ബോർഡിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വഖഫ് ബോർഡിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-ൽ നടപ്പാക്കിയ ശമ്പള പരിഷ്കരണം കേരള സംസ്ഥാന വഖഫ് ബോർഡിലെ ജീവനക്കാർക്ക് ബാധകമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 2021-ലെ ശമ്പള പരിഷ്കരണ റിപ്പോർട്ട് വഖഫ് ബോർഡിൽ നടപ്പിലാക്കിയാൽ സർക്കാരിന് സാമ്പത്തിക ബാധ്യതയുണ്ടാകുമോയെന്ന് വിശദമാക്കാമോ?

2003-ലെ കേരള വഖഫ് ബോർഡ് അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് റൂൾസിൽ സർക്കാരിൽനിന്നും പ്രതിവർഷം അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ അനുവദിക്കുന്ന തുക, വഖഫ് ബോർഡിന്റെ തനത് ഫണ്ടിനുപുറമെ, വഖഫ് ബോർഡ് ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങൾക്കും വിനിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സർക്കാരിനും പ്രസ്തുത ഇനത്തിൽ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതാണ്.

**വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കാൻ നടപടി**

323 (1889) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പല സ്ഥലങ്ങളിലായി അന്യാധീനപ്പെട്ട വഖഫ് സ്വത്തുകൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചുപിടിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**സർവ്വേ പൂർത്തിയായ റെയിൽ പദ്ധതികൾ**

324 (1890) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ നടപടികൾ പൂർത്തിയായ എത്ര റെയിൽ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ലിസ്റ്റ് നൽകാമോ?

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ-റെയിൽ) മുഖേന നടപ്പിലാക്കുന്ന സിൽവർലൈൻ പദ്ധതിയുടെ പ്രാരംഭ സർവ്വേ (LIDAR) കെ-റെയിൽ നടത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ വിശദ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിരേഖ (DPR) കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

അങ്കമാലി-ശബരി പദ്ധതിയുടെ രാമപുരം-എരുമേലി ഭാഗത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ലിഡാർ സർവ്വേ ഇതിനോടകംതന്നെ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി de-freeze ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളെല്ലാം തന്നെ ഇപ്പോൾ വിവിധതലങ്ങളിൽ ആസൂത്രണഘട്ടത്തിലാണ്.

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും ദൈർഘ്യം, എസ്റ്റിമേറ്റ് തുക, സർവ്വേ നടപടികൾ ആരംഭിച്ച തീയതി, സർവ്വേ നടപടികൾ പൂർത്തീകരിച്ച തീയതി എന്നിവ പ്രത്യേകം നൽകാമോ?

സർക്കാർ അംഗീകരിച്ച സിൽവർലൈൻ പദ്ധതിയുടെ ഡി.പി.ആർ. പ്രകാരം 5 വർഷമാണ് പദ്ധതിയുടെ ദൈർഘ്യമായി കണക്കാക്കിയിരുന്നത്. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 63,941 കോടി രൂപയാണ്.

| സർവ്വേ | ആരംഭിച്ച തീയതി | പൂർത്തീകരിച്ച തീയതി |
|---|---|---|
| ലിഡാർ സർവ്വേ | 15-07-2019 | 30-09-2021 |

(സി) റെയിൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ വേണ്ടത്ര പരിഗണന നൽകുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ: വിശദമാക്കാമോ?

ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക നിർമ്മാണ പ്രവർത്തനങ്ങളും അതത് സോണൽ റെയിൽവേയുടെ ഭരണപരിധിയിലാണ് വരുന്നത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമിയേറ്റെടുക്കൽ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പാത ഇരട്ടിപ്പിക്കൽ പദ്ധതികളിൽ തിരുവനന്തപുരം - കന്യാകുമാരി, എറണാകുളം - കായംകുളം എന്നീ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി കൂടുതൽ ട്രെയിനുകൾ ഓടിക്കുവാൻ സാധിക്കുകയും യാത്രാക്ലേശം ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിക്കുകയും ചെയ്യും. കൂടാതെ സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം) പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരികയാണ്. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി റെയിൽവേ

അധികൃതരുമായി യോഗങ്ങൾ നടത്തിവരുന്നു. കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിൽ സിൽവർലൈൻ വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. സിൽവർലൈൻ പാത പദ്ധതി സംസ്ഥാനത്തെ ഒരു മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ്. ഈ പദ്ധതി റെയിൽ മന്ത്രാലയത്തിന്റേയും കേന്ദ്ര മന്ത്രിസഭയുടേയും പരിഗണനയിലാണ്. എം.പി.-മാരുടെ സമ്മേളനത്തിലും കേരള സംസ്ഥാനത്തെ റെയിൽവേ വികസനം ഒരു മുഖ്യ അജണ്ടാ വിഷയമാണ്.

(ഡി) എങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ റെയിൽ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടുംകൂടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുന്നതിന് കേരള സർക്കാരും റെയിൽവേ മന്ത്രാലയവും തമ്മിൽ ധാരണാപത്രം ഒപ്പിടുകയുണ്ടായി.

അതനുസരിച്ച് കേരളത്തിലെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ റെയിൽവേ മന്ത്രാലയവുമായി സംയുക്ത സംരംഭ കമ്പനി കരാർ (ജെ.വി.സി) 01-09-2016-ന് നടപ്പാക്കുകയും 03-01-2017-ന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) എന്ന പേരിൽ കമ്പനി രൂപീകൃതമാകുകയും ചെയ്തു. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും അതിൽ ഇ-സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ഉൾപ്പെടുന്നു. അംഗീകാരം ലഭ്യമായ പദ്ധതികൾ ഒരു പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി.) രൂപീകരിച്ച് അതുവഴി നടപ്പാക്കുന്നതുമായിരിക്കും. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ റെയിൽ വികസനം

ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്.

1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർകോട്

2. തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ

3. നിലമ്പൂർ- നൻജഗുഡ് റെയിൽ ലൈൻ

4. അങ്കമാലി - ശബരി റെയിൽ പദ്ധതി

5. ആർ.ഒ.ബി/ആർ.യു.ബി-കളുടെ നിർമ്മാണം

## ഉപ്പള റെയിൽവെ സ്റ്റേഷനിലെ റിസർവേഷൻ സൗകര്യം

325 (1891) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ ഉപ്പള റെയിൽവേ സ്റ്റേഷനിലെ റിസർവേഷൻ സൗകര്യം നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സ്റ്റേഷനിലെ റിസർവേഷൻ സൗകര്യം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉപ്പള റെയിൽവേ സ്റ്റേഷനിൽ നിലവിലുള്ള യാത്രക്കാരുടെ എണ്ണം കുറവായതിനാൽ ടിക്കറ്റ് റിസർവേഷൻ സൗകര്യം പുന:സ്ഥാപിക്കാൻ സാധിക്കില്ല. യാത്രക്കാരുടെ എണ്ണം കൂടുമ്പോൾ പുന:സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

**നിലമ്പൂർ യാർഡ് റെയിൽവേ അണ്ടർ ബ്രിഡ്ജ്**

326 (1892) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ യാർഡ് റെയിൽവേ അണ്ടർ ബ്രിഡ്ജ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ആർക്കാണെന്നും ഭരണാനുമതിയായി കാലമേറെയായിട്ടും ഇതുവരെയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണവും വിശദമാക്കാമോ;

(ബി) കോവിഡിനെത്തുടർന്ന് നിർത്തിവച്ചിരുന്ന ട്രെയിൻ സർവ്വീസുകൾ 2022 ജൂലൈ 1-ന് പുനരാരംഭിക്കാനിരിക്കെ ലെവൽ

ക്രോസുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ അടിയന്തരമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകുമോ?

(എ&ബി) നിലമ്പൂർ യാർഡ് റോഡ് അണ്ടർ ബ്രിഡ്ജിന്റെ പദ്ധതി നിർവ്വഹണത്തിനായി കേരള സർക്കാരിന്റെയും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. കേരള സർക്കാരും കേന്ദ്ര റെയിൽവേ മന്ത്രാലയവും നിർമ്മാണച്ചെലവ് തുല്യമായി വഹിക്കുന്ന ഈ പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റിന് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള പദ്ധതിയുടെ ഫണ്ടിന്റെ ലഭ്യത പരിശോധിച്ചുവരുന്നു.

(സി) ഷൊർണ്ണൂർ-നിലമ്പൂർ ജംഗ്ഷൻ റെയിൽവേ പാത വൈദ്യുതീകരണത്തിലെ പുരോഗതി വിശദമാക്കാമോ; എന്നത്തേയ്ക്ക് വൈദ്യുതീകരണം പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ആദ്യ റെയിൽവേ ഹരിത ഇടനാഴിയായ (Green Corridor) നിലമ്പൂർ-ഷൊർണ്ണൂർ ബ്രോഡ്ഗേജ് പാതയിലെ

വൈദ്യുതീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വരുന്ന പ്രധാന ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികളും പ്ലാറ്റ്ഫോം നവീകരണ പ്രവർത്തനങ്ങളുമാണ് നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ പുരോഗമിക്കുന്നത്. ചീഫ് പ്രോജക്ട് ഡയറക്ടർ (Central Organisation for Railway Electrification) ചെന്നൈ നോഡൽ ഏജൻസിയായ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണച്ചുമതല പാലക്കാട് റെയിൽവേ ഇലക്ട്രിഫിക്കേഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്കാണ്. ഷൊർണ്ണൂരിൽനിന്ന് നിലമ്പൂർവരെ 67 കിലോമീറ്ററാണ് വൈദ്യുതീകരണം. 1300 തൂണുകളിലായാണ് കാന്റിലിവർ രീതിയിൽ വൈദ്യുതിക്കമ്പികൾ കടന്നുപോകുന്നത്. ട്രാക്ഷൻ സബ്സ്റ്റേഷൻ മേലാറ്റൂരിലും സ്വിച്ചിംഗ് സ്റ്റേഷനുകൾ വാടാനക്കുറിശ്ശിയിലും വാണിയമ്പലത്തും അങ്ങാടിപ്പുറത്തും സ്ഥാപിക്കും. ദക്ഷിണ റെയിൽവേയുടെ 8 വൈദ്യുതീകരണ പദ്ധതിയിൽപ്പെട്ട ഒന്നാണ് ഈ പാത. സെപ്റ്റംബർ-ഒക്ടോബർ മാസത്തോടുകൂടി പണി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## മൃഗസംരക്ഷണ വകുപ്പിന് കീഴിലെ ഉല്പാദന മേഖല

327 (1893) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം കേരളത്തിൽ ഏറെ സാദ്ധ്യതയുള്ള ഒരു മേഖലയായി മൃഗസംരക്ഷണം മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൃഗപരിപാലനരംഗത്തേയ്ക്ക് കൂടുതൽപേർ കടന്നു വന്നിട്ടുണ്ട്. അതുമൂലം വളർത്തുമൃഗങ്ങളുടെയും ഓമനമൃഗങ്ങളുടെയും എണ്ണവും വർദ്ധിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് പ്രതിസന്ധിമൂലം ജോലി നഷ്ടപ്പെട്ട് കേരളത്തിൽ തിരികെയെത്തിയ പ്രവാസികളിൽ നല്ലൊരു പങ്കും ക്ഷീരമേഖല ഒരു ഉപജീവനമാർഗ്ഗമായി കണ്ടെത്തുകയും തത്ഫലമായി ക്ഷീരോത്പാദനം ആനുപാതികമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പാൽ, മുട്ട, ഇറച്ചി എന്നീ ഭക്ഷ്യോല്പന്നങ്ങളുടെ സംസ്ഥാന ഉപയോഗം എത്രയെന്നും സംസ്ഥാനത്തുള്ള ലഭ്യത എത്രയെന്നും എത്ര ശതമാനം ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നുയെന്നും വ്യക്തമാക്കുമോ?

പ്ലാനിംഗ് ബോർഡിന്റെ കണക്കുപ്രകാരം 2020-21-ൽ മുട്ടയുത്പാദനം 217.68 കോടി എണ്ണമാണ്. എന്നാൽ കേരളത്തിന്റെ ആവശ്യകത 533.91 കോടി മുട്ടകളായിരിക്കെ ഈ കുറവുള്ളതിനാൽ 234.92 കോടി മുട്ടകൾ ഇതര സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടിവന്നു. കേരളത്തിന്റെ പാലുല്പാദനം പ്രതിവർഷം 25.34 ലക്ഷം മെട്രിക് ടൺ ആണ്. കേരളത്തിൽ

മൊത്തം പാലിന്റെ ആവശ്യകത 33.37 ലക്ഷം മെട്രിക് ടൺ ആണ്. ഈ സാഹചര്യത്തിൽ, 2.51 ലക്ഷം മെട്രിക് ടൺ പാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും എത്തുന്നു. എന്നാൽ ക്ഷീരസഹകരണ മേഖലയിൽ വിപണനത്തിനാവശ്യമായ മുഴുവൻ പാലും കേരളത്തിൽനിന്നുതന്നെ സംഭരിക്കുവാൻ സാധിക്കുന്നുണ്ട്. 2020-21 വർഷത്തെ പ്ലാനിംഗ് ബോർഡിന്റെ കണക്ക് പ്രകാരം വർഷംതോറും ഇറച്ചിയുടെ ആവശ്യകത 4.94 ലക്ഷം മെട്രിക് ടൺ ആണെന്നിരിക്കെ കേരളത്തിന്റെ ലഭ്യത 4.48 ലക്ഷം മെട്രിക് ടൺ മാത്രമാണ്. ഈ സാഹചര്യത്തിൽ 0.14 മെട്രിക് ടൺ സംസ്കരിച്ച ഇറച്ചി ഇറക്കുമതി ചെയ്യേണ്ടിവന്നു.

(സി) ഇതര സംസ്ഥാനങ്ങൾ ഉൾപ്പെടെ അന്താരാഷ്ട്ര വിപണികളിൽ നിന്നും സംസ്ഥാനത്തെ വിപണിയിൽ ഒരു വർഷം എത്ര കോടി രൂപയുടെ പാൽ, മുട്ട, ഇറച്ചി ഉല്പന്നങ്ങളാണ് എത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഓരോ വർഷവും 2.51 ലക്ഷം മെട്രിക് ടൺ പാലാണ് കേരളത്തിലേയ്ക്ക് ഇതരസംസ്ഥാനങ്ങളിൽനിന്നും എത്തിച്ചേരുന്നത്. ഏകദേശം 1129.5 കോടി രൂപയുടെ പാലാണ് കേരളത്തിലേയ്ക്ക് എത്തുന്നത്. നിലവിൽ പ്രതിദിനം 2.35 കോടി മുട്ടയാണ് ഇതര സംസ്ഥാനങ്ങളിൽനിന്നും നമ്മുടെ

സംസ്ഥാനത്തേയ്ക്ക് എത്തുന്നത്. ഓരോ വർഷവും 850 കോടിയോളം മുട്ടകൾ ഇതരസംസ്ഥാനങ്ങളിൽനിന്നും എത്തുന്നു. ഏകദേശം 3400 കോടി രൂപയുടെ മുട്ടയാണ് ഇപ്രകാരം കേരളത്തിൽ എത്തുന്നത്.

(ഡി) രാജ്യത്തെ പ്രധാന ഉപഭോഗ സംസ്ഥാനമായ കേരളത്തെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനമേഖലയിൽ സ്വയംപര്യാപ്തമാക്കാൻ വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദന മേഖലയിൽ സ്വയംപര്യാപ്തമാക്കാൻ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങളും പദ്ധതികളും ചുവടെ ചേർക്കുന്നു.

**a) പ്രത്യേക കന്നുകുട്ടി പദ്ധതി**

മികച്ച ഉത്പാദനക്ഷമതയുള്ള പശുക്കളെ സൃഷ്ടിക്കാൻ കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. സബ്സിഡി നിരക്കിൽ പ്രസവംവരെ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും വെറ്ററിനറി സേവനവും നൽകിവരുന്നു. 12,500/- രൂപ ഒരു കന്നുകുട്ടിക്ക് സബ്സിഡി നൽകിവരുന്നു.

**b) പോത്തു കുട്ടി വളർത്തൽ പദ്ധതി**

മാംസാവശ്യത്തിലേയ്ക്കായി പോത്തുകുട്ടികളെ കർഷകർ വളർത്തി വിൽക്കുന്നു. ആയതിലേയ്ക്കായി 10000/- രൂപയുടെ സബ്സിഡി ഗുണഭോക്താവിന് നൽകുന്നു. കാള/പോത്തുകുട്ടി പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 2.35 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**c) മുട്ടക്കോഴി പരിപാലന പദ്ധതി**

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനായി കോൺട്രാക്ട് ഫാമിംഗ് പദ്ധതി, വനിതാമിത്രം, കെപ്കോ ആശ്രയ, പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള കോഴിവളർത്തൽ പദ്ധതി, ബ്ലോക്ക്/പഞ്ചായത്തുതല കോഴിവളർത്തൽ പദ്ധതി എന്നിവ നടപ്പിലാക്കുന്നു. കൂടാതെ, ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽനിന്നും മിതമായ നിരക്കിൽ നൽകിവരുന്നു.

**ക്ഷീരവികസന വകുപ്പ്**

ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന

പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ**

പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഇടയാറിൽ പ്രവർത്തിക്കുന്ന സ്ലോട്ടർ ഹൗസിൽ പ്രതിദിനം ഒരു ഷിഫ്റ്റിൽ 400 മൃഗങ്ങളെ കശാപ്പുചെയ്യാനും 26 മെട്രിക് ടൺ ഇറച്ചി ഉൽപ്പാദിപ്പിക്കുന്നതിനും കഴിയും. എം.പി.ഐ.-യുടെ മീറ്റ് പ്രോസ്സസിംഗ് പ്ലാന്റിൽനിന്നും പ്രതിദിനം ഒന്നര മെട്രിക് ടൺ ഇറച്ചി ഉൽപ്പന്നങ്ങൾ സംസ്കരിച്ചുവരുന്നു. മൂല്യവർദ്ധിത ഇറച്ചി ഉൽപ്പന്നങ്ങളായ സോസേജ്, കട്‌ലറ്റ്, കബാബ്, നഗട്ട്സ്, മീറ്റ്ബോൾ, പച്ചക്കറികൾകൂടി മിക്സ് ചെയ്ത ഉൽപ്പന്നങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കാനുമുള്ള ഒരു മൂല്യവർദ്ധിത ഇറച്ചി ഉൽപ്പന്ന ഫാക്ടറി കൊല്ലം ജില്ലയിൽ ഏരൂർ പഞ്ചായത്തിലെ വിളക്കുപാറയിൽ പണി പൂർത്തിയായിട്ടുണ്ട്. ഇറച്ചി ഉത്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനായി ചാലക്കുടിയിൽ കിടാരികളെ വളർത്തിയെടുക്കാനുള്ള കാള/പോത്ത് വളർത്തൽ കേന്ദ്രം, അത്യാധുനിക

രീതിയിലുള്ള സ്ലോട്ടർ ഹൗസ്, ആടുമാടുകളെ ഇറച്ചി ആവശ്യത്തിനായി വളർത്തിയെടുക്കുന്നതിനുള്ള ആട് ഗ്രാമം/പോത്ത് ഗ്രാമം എന്നീ പദ്ധതികളും എം.പി.ഐ. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**രാത്രികാലങ്ങളിൽ മൃഗചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി**

328 (1894) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാത്രികാലങ്ങളിൽ ആവശ്യമായ മൃഗചികിത്സ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് മൃഗാശുപത്രികളുടെ പ്രവർത്തന സമയശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുവാനായി രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നടപ്പിലാക്കുന്നു. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, മൊബൈൽ സർജറി

യൂണിറ്റുകൾ മുതലായ സേവനങ്ങൾക്കൂടി ഉൾപ്പെടുത്തി വാതിൽപ്പടി സേവനം കൂടുതൽ വിപുലപ്പെടുത്തിവരുന്നു.

**വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

329 (1895) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മുഖേന 2021 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

**വർക്കല മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി, ഗോട്ട് സാറ്റലൈറ്റ്, ബയോവേസ്റ്റ് കൺവർട്ടഡ് റ്റു മാന്വർ, മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ, ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി, എമർജൻസി അനിമൽ ഹെൽത്ത് ക്യാമ്പ്, രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി, മിൽക്കിംഗ് മെഷീൻ, ഇന്ററസ്റ്റ് സബ് വെൻഷൻ, ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം.

**വർക്കല മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

തീറ്റപ്പുൽക്കൃഷി സബ്സിഡി, ചോളം സബ്സിഡി, ചാഫ് കട്ടർ സബ്സിഡി, കർഷക സമ്പർക്ക പരിപാടി, ബ്ലോക്ക് ക്ഷീരകർഷക സംഗമം, പുതിയ ക്ഷീരസംഘം പ്രവർത്തന ധനസഹായം, കണ്ടിജൻസി ഫണ്ട്, ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം, സബ്സിഡി നിരക്കിൽ വൈക്കോൽ വിതരണം, കോർപ്പസ് ഫണ്ട്, പുനരുദ്ധാരണം നടത്തിയ സംഘങ്ങൾക്കുള്ള ഫണ്ട്, ഗോധനം, നാടൻപശു യൂണിറ്റ്, 2 പശു യൂണിറ്റ്, 1+1 കോമ്പോസിറ്റ് ഡയറി യൂണിറ്റ്, 3+2 കോമ്പോസിറ്റ് ഡയറി യൂണിറ്റ്, കാലിത്തൊഴുത്ത് നിർമ്മാണം, കർഷകർക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം, കറവ യന്ത്രം സബ്സിഡി.

(ബി) പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾക്ക് എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് ആകെ 9,15,601/- രൂപയും ക്ഷീരവികസന വകുപ്പ് 39,66,672/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

## വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾ

330 (1896) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളുണ്ടോ; എങ്കിൽ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളൊന്നുംതന്നെ ഇല്ല.

**കാസർഗോഡ് ജില്ലയിലെ മൃഗഡോക്ടർമാരുടെ ഒഴിവുകൾ**

331 (1897) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഡോക്ടർമാരുടെ സ്ഥിരം തസ്തികകളിൽ ഒഴിവുള്ള എത്ര മൃഗാശുപത്രികളുണ്ട്; ഈ തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഡോക്ടർമാരുടെ ഒഴിവുകളുള്ള മൃഗാശുപത്രികൾ ഇല്ല.

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ

332 (1898) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ സ്ഥാപിക്കുന്നതിന് വകുപ്പ് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ സ്ഥാപിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്; നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് എ.എച്ച്.ഡി. 5751/2019-സി2 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുതിയ തസ്തിക സൃഷ്ടിക്കാതെ ജീവനക്കാരുടെ പുനർ വിന്യാസത്തിലൂടെ കുടല്ലൂർ സബ്സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) നെടുമാവ് സബ്സെന്റർ കുടല്ലൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് കോട്ടയം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി സബ് സെന്ററിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക വൈക്കം ബ്ലോക്കിൽ 24 മണിക്കൂർ സേവനം നൽകിവരുന്ന വെറ്ററിനറി പോളിക്ലിനിക്കിലേയ്ക്ക് മാറ്റുകയുണ്ടായി. ഈ സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ കുറവ് കൃത്രിമ ബീജസങ്കലനം നടത്തുന്ന മറ്റ് സബ്സെന്റർ കണ്ടെത്തി പുനർവിന്യസിക്കുന്നതിനുള്ള നടപടികളും പുതിയ തസ്തിക സൃഷ്ടിക്കാതെ ജീവനക്കാരുടെ പുനർ വിന്യാസത്തിലൂടെ കുടല്ലൂർ സബ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

333 (1899) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ 2016-നുശേഷം മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

**മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ**

അനുബന്ധം I+ ആയി ചേർത്തിരിക്കുന്നു.

**ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ**

തീറ്റപ്പുൽക്കൃഷി സബ്സിഡി, ചാഫ് കട്ടർ സബ്സിഡി, കർഷക സമ്പർക്ക പരിപാടി, ബ്ലോക്ക് ക്ഷീരകർഷക സംഗമം, കണ്ടിജൻസി ഫണ്ട്, ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം, സബ്സിഡി നിരക്കിൽ വൈക്കോൽ വിതരണം, പുനരുദ്ധാരണം നടത്തിയ സംഘങ്ങൾക്കുള്ള ഫണ്ട്, ഗോധനം, നാടൻപശു യൂണിറ്റ്, 2 പശു യൂണിറ്റ്, 1+1 കോമ്പോസിറ്റ് ഡയറി യൂണിറ്റ്, 5 പശു യൂണിറ്റ്, 3+2 കോമ്പോസിറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയറി യൂണിറ്റ്, കാലിത്തൊഴുത്ത് നിർമ്മാണം, 10 പശു യൂണിറ്റ്, കർഷകർക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം സബ്സിഡി, ഹൈജീനിക് മിൽക്ക് കളക്ഷൻ യൂണിറ്റ്, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ.

(ബി) പാറശ്ശാല ആടുവളർത്തൽ കേന്ദ്രത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ, പ്രവർത്തന പുരോഗതി, അടങ്കൽ തുക ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാമോ?

1. എൻ.എൽ.എം. സെന്റർ ഓഫ് എക്സലൻസ് - 3,20,00,000/-
   (ആട്ടിൻകൂട് നിർമ്മാണം പുരോഗമിച്ചുവരുന്നു, തീറ്റപ്പുല്ല് കൃഷി ചെയ്തുകഴിഞ്ഞു.)
2. ക്വാറന്റൈൻ ഷെഡ് നിർമ്മാണം - 26,50,000/-
   (പണി പൂർത്തിയായിവരുന്നു)
3. ഓഫീസ് നിർമ്മാണം (ഒന്നാം നില) - 54,00,000/-
   (പണി പൂർത്തിയായിവരുന്നു)
4. ആട് ഷെഡ്ഡുകളുടെ നവീകരണം - 41,00,000/-
   (പണി ആരംഭഘട്ടത്തിലാണ്).

(സി) പാറശ്ശാല മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലുമായി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ എത്ര ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നു; പ്രസ്തുത സംഘങ്ങളുടെ പേരും രജിസ്ട്രേഷൻ നമ്പരും തദ്ദേശഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പാറശ്ശാല മണ്ഡലത്തിൽ ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. ക്ഷീരവികസന വകുപ്പിനുകീഴിൽ പാറശ്ശാല മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളുടെ വിവരങ്ങൾ അനുബന്ധം II+ ആയി ചേർത്തിട്ടുണ്ട്.

(ഡി) പ്രസ്തുത ക്ഷീരസംഘങ്ങൾക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭ്യമാക്കിയിട്ടുള്ള ധനസഹായം എത്രയാണെന്നും ഏതെല്ലാം സംഘങ്ങൾക്കാണ് സഹായം ലഭ്യമായിട്ടുള്ളതെന്നും അറിയിക്കാമോ?

അനുബന്ധം III+ ആയി ചേർത്തിരിക്കുന്നു.

## ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 നിയമനം

334 (1900) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ എന്ന് മുതലാണ് നിലവിൽവന്നതെന്ന് വ്യക്തമാക്കാമോ?

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്- 2 തസ്തികയിൽ സംസ്ഥാനത്ത് ആകെ 127 ഒഴിവുകളാണ് നിലവിലുള്ളത്. പ്രസ്തുത ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്കും ഒഴിവുകൾ നിലവിൽ വന്ന കാലയളവുകളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഒഴിവുകളുടെ എണ്ണം | ഒഴിവുകൾ നിലവിൽ വന്ന കാലയളവ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 6 | 17-06-2020 -1<br>12-10-2020 -1<br>30-03-2021 -1<br>29-07-2021 -1<br>30-04-2022 -1<br>31-05-2022 -1 |
| 2 | കൊല്ലം | 24 | 10-06-2020 -1<br>01-05-2021 -1<br>01-06-2021 -8<br>15-07-2021 -1<br>25-08-2021 -11<br>01-09-2021 - 1<br>01-05-2022-1 |
| 3 | പത്തനംതിട്ട | 9 | 01-09-2021 to 01-06-2022 |

| | | | |
|---|---|---|---|
| 4 | കോട്ടയം | 7 | 01-03-2021 -1<br>11-03-2021 -2<br>04-08-2021 -2<br>04-05-2022 -2 |
| 5 | ആലപ്പുഴ | 0 | - |
| 6 | ഇടുക്കി | 10 | 18-06-2020 to<br><br>20-08-2021 |
| 7 | എറണാകുളം | 15 | 01-12-2015 -1<br>01-12-2016 -1<br>01-04-2018 -1<br>25-10-2018 -1<br>01-08-2019 -1<br>01-05-2020 -2<br>01-06-2020-1<br>16-06-2020 -2<br>17-06-2020 -1<br>19-06-2020 -1<br>30-06-2020 -1<br>01-04-2021 -1<br>01-02-2022 -1 |
| 8 | തൃശ്ശൂർ | 14 | 01-07-2019 -1<br>01-09-2019 -1<br>02-12-2020-1<br>21-02-2021 -2<br>31-05-2021 -4<br>20-08-2021 -2<br>01-09-2021 -1<br>07-05-2022 - 1<br>13-05-2022 - 1 |

| | | | |
|---|---|---|---|
| 9 | പാലക്കാട് | 21 | 01-03-2021 to 20-08-2021 |
| 10 | മലപ്പുറം | 10 | 02-03-2018 -1 |
| | | | 01-06-2018 -1 |
| | | | 07-11-2018 -1 |
| | | | 07-03-2019 - 1 |
| | | | 07-06-2019 -3 |
| | | | 19-02-2020 -1 |
| | | | 18-06-2020 -1 |
| | | | 18-01-2022 -1 |
| 11 | കോഴിക്കോട് | 5 | 30-06-2014 -1 |
| | | | 31-07-2017 -1 |
| | | | 31-07-2018 -1 |
| | | | 04-04-2019 -1 |
| | | | 25-09-2019 -1 |
| 12 | വയനാട് | 6 | 13-07-2021 to 17-03-2022 |
| 13 | കണ്ണൂർ | 0 | - |
| 14 | കാസർഗോഡ് | 0 | - |

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിലില്ല.

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഒഴിവുകൾ

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ അവ എത്രയെന്ന് വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 6 |
| 2 | കൊല്ലം | 24 |
| 3 | പത്തനംതിട്ട | 9 |
| 4 | കോട്ടയം | 6 |
| 5 | ആലപ്പുഴ | 0 |
| 6 | ഇടുക്കി | 10 |
| 7 | എറണാകുളം | 15 |
| 8 | തൃശ്ശൂർ | 14 |
| 9 | പാലക്കാട് | 21 |
| 10 | മലപ്പുറം | 10 |
| 11 | കോഴിക്കോട് | 5 |
| 12 | വയനാട് | 6 |
| 13 | കണ്ണൂർ | 0 |
| 14 | കാസർഗോഡ് | 0 |

(ഡി) പ്രസ്തുത തസ്തികയിലെ താൽക്കാലിക ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ടോ; നിയമനം നടത്തിയിട്ടുണ്ടെങ്കിൽ എത്ര നിയമനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കൊല്ലം ജില്ലയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2 താല്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

**കന്നുകാലികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ്**

335 (1901) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിലെ അകിടുവീക്കവും കുളമ്പുരോഗവുംമൂലം മണലൂർ മണ്ഡലത്തിലെ പല പ്രദേശങ്ങളിലും ക്ഷീരകർഷകർ വലിയ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കന്നുകാലികളിലെ അകിടുവീക്കവും കുളമ്പുരോഗവുംമൂലം മണലൂർ മണ്ഡലത്തിലെ പല പ്രദേശങ്ങളിലും ക്ഷീരകർഷകർ വലിയ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് സമ്പൂർണ്ണമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

അകിടുവീക്കം ഒരു പകർച്ചവ്യാധിയല്ലാത്തതിനാൽ പ്രതിരോധ കുത്തിവെയ്പ്പ് ലഭ്യമല്ല. ഫലപ്രദമായ ചികിത്സ നൽകുന്നതിനായി മണലൂർ

മണ്ഡലത്തിലെ എല്ലാ സർക്കാർ മൃഗാശുപത്രികളിലും നിലവിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. 2021 ഒക്ടോബർ മുതൽ ഡിസംബർ വരെ (ബൂസ്റ്റർ വാക്സിനേഷൻ ഉൾപ്പെടെ) നടത്തിയ രണ്ടാംഘട്ട NADCP കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് ക്യാമ്പയിനിൽ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലായി 89.4 ശതമാനം കന്നുകാലികളെ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കിയിട്ടുള്ളതാണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്ത് വാക്സിൻ ലഭ്യമാകുന്നമുറയ്ക്ക് അടുത്തഘട്ടം കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതുമാണ്.

**പെർള ലൈവ് സ്റ്റോക്ക് ചെക്ക് പോസ്റ്റിന് കെട്ടിടം**

336 (1902) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ പെർള ലൈവ്സ്റ്റോക്ക് ചെക്ക് പോസ്റ്റിന് കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന് ഈ വർഷം ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചുവരുന്നു.

**തെരുവുനായ്ക്കളുടെ കടിയേൽക്കുന്നവർക്ക് ധനസഹായം**

337 (1903) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെരുവുനായ്ക്കളുടെ കടിയേൽക്കുന്നവർക്ക് ചികിത്സയ്ക്കായി മൃഗസംരക്ഷണ വകുപ്പിൽനിന്നും ഏതെങ്കിലും തരത്തിലുള്ള ധനസഹായം അനുവദിച്ച് നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

ധനസഹായം അനുവദിക്കുന്നില്ല.

**മുട്ട, ഇറച്ചിക്കോഴി എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത**

338 (1904) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ മുട്ട, ഇറച്ചിക്കോഴി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; സ്വയംപര്യാപ്തത കൈവരിക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതി അറിയിക്കാമോ?

ഇറച്ചി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കേരള ചിക്കൻ പദ്ധതിയും മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽ നിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി മുഖേന വളർത്തി സർക്കാരിന്റെതന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനയും ഡിപ്പാർട്ട്മെന്റ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കെപ്കോയുടെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോതന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾവഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. അതിനുപുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽനിന്നും മിതമായ നിരക്കിൽ നൽകുന്നു. ഇപ്പോൾ

പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന ഈ ഫാമിൽനിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം നടക്കുന്നു. കൂടാതെ വനിതാമിത്രം, കെപ്കോ ആശ്രയ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി, ബ്ലോക്ക് പഞ്ചായത്തുതല കോഴിവളർത്തൽ പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്. കെപ്കോ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏകദേശം 74 കോടി മുട്ട അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തത്ഫലമായി അയൽ സംസ്ഥാനങ്ങളിൽനിന്നുമുള്ള കോഴിമുട്ടയുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ വരവ് സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; നൽകാമോ?

2021-2022 സാമ്പത്തിക വർഷത്തിൽ ഏകദേശം 8,84,28,453 എണ്ണം ഇറച്ചിക്കോഴികളും 2,24,37,02,536 എണ്ണം കോഴിമുട്ടയും മറ്റുസംസ്ഥാനങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ട്.

## ഏറനാട് ഹാച്ചറി

339 (1905) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നിർമ്മാണപ്രവൃത്തി ആരംഭിച്ച ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. കുടിവെള്ളം, വൈദ്യുതി, ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല. കൂടാതെ ഹാച്ചറിയിലേയ്ക്കാവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) എന്തെല്ലാം പദ്ധതികളാണ് ഒന്നാംഘട്ടത്തിൽ നടപ്പിലാക്കുന്നത്; അറിയിക്കുമോ?

2580 സ്ക്വയർഫീറ്റുള്ള ലയർ ഷെഡ് സജ്ജീകരിക്കുന്നതിലൂടെ ആഴ്ചതോറും 1725 കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുവാൻ സാധിക്കും. നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. തുടർനിർമ്മാണം ആവശ്യമുണ്ട്.

(സി) പൂർണ്ണമായും പ്രവർത്തനസജ്ജമാകുമ്പോൾ എന്തെല്ലാം സൗകര്യങ്ങൾ ഇവിടെ ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ?

ആഴ്ചതോറും 1725 കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുവാൻ സാധിക്കും. നിലമ്പൂർ, പെരിന്തൽമണ്ണ താലൂക്കുകളിലെ മുട്ടക്കോഴി ലഭ്യത ഉറപ്പുവരുത്താനാകും.

(ഡി) രണ്ടാംഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായുള്ള ചർച്ചകൾ നടന്നുവരുന്നു.

(ഇ) മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

ഹാച്ചറിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. സ്പെഷ്യൽ ആഫീസറെ നിയമിച്ച് ഉത്തരവായി. ഭാവി പരിപാടികൾക്കുവേണ്ടി മാർഗ്ഗരേഖ രൂപീകരിക്കുകയും അതിൻപ്രകാരം നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**താറാവ് കർഷകർക്കുള്ള നഷ്ടപരിഹാരം**

340 (1906) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ക്രിസ്മസ് സീസണിൽ കുട്ടനാട്ടിൽ വ്യാപകമായി രോഗം ബാധിച്ച് ലക്ഷക്കണക്കിന് താറാവുകൾ ചത്തൊടുങ്ങിയതുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലയിൽ 2021 ഡിസംബർ, 2022 ജനുവരി മാസങ്ങളിലായി പക്ഷിപ്പനി ബാധിച്ച് 46,702 താറാവുകളാണ് മരണപ്പെട്ടത്. രോഗം ബാധിച്ച എപ്പിസെന്ററിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലായി 1,11,217 വളർത്തുപക്ഷികളെ നശിപ്പിക്കുകയുണ്ടായി.

(ബി) ഒട്ടനവധി കർഷകർക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് 66 കർഷകരുടെ താറാവുകളെ കൊന്ന് നശിപ്പിക്കുകയും രോഗം ബാധിച്ച് ചത്തുപോകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 65 കർഷകരുടെ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പഞ്ചായത്തുകളിലും അയൽപഞ്ചായത്തുകളിലും വളർത്തുപക്ഷികളുടെ കടത്തൽ നിരോധിച്ചുകൊണ്ട് കളക്ടറുടെ നിരോധനം നിലവിൽ വന്നതിനുശേഷം പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് താറാവുകളെ മനഃപൂർവ്വം കൊണ്ടുവന്ന് രോഗവ്യാപനം ഉണ്ടാക്കിയതിനാൽ ഒരു കർഷകന്

നഷ്ടപരിഹാരം നല്കിയിട്ടില്ല. മറ്റ് 65 കർഷകർക്കായി 3,01,21,195/- രൂപ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്.

(സി) താറാവ് കർഷകർക്ക് ബോധപൂർവം നഷ്ടപരിഹാരം നിഷേധിക്കാൻ ശ്രമിക്കുന്നവരെ കണ്ടെത്തി തക്കതായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

താറാവ് കർഷകർക്ക് ബോധപൂർവ്വം നഷ്ടപരിഹാരം നിഷേധിക്കാൻ ശ്രമിക്കുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേരള ചിക്കൻ പദ്ധതി**

341 (1907) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള ഇറച്ചി ലഭിക്കുന്നതിനുള്ള കേരള ചിക്കൻ പദ്ധതി ഏതൊക്കെ ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; അറിയിക്കാമോ?

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി പാലക്കാട്, കാസർഗോഡ്, വയനാട്, കണ്ണൂർ, കോട്ടയം, തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം ജില്ലകളിൽ ബ്രോയിലർ റിയറിംഗ് ഫാമുകൾ സ്ഥാപിച്ചു.

(ബി) മുഴുവൻ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ ബ്രോയിലർ ബ്രീഡിംഗ് ഫാമുകൾ ആരംഭിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. ബ്രീഡിംഗ് ഫാമുകൾ ആരംഭിക്കുന്നമുറയ്ക്ക് എല്ലാ ജില്ലകളിലെ കർഷകർക്കും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ സാധിക്കുന്നതുവഴി ടി പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ കഴിയും.

(സി) സംസ്ഥാനത്ത് മുഴുവൻ പഞ്ചായത്തുകളിലും കേരള ചിക്കൻ ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കോഴി ഇറച്ചിയുടെയും കോഴിമുട്ടയുടെയും ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

342 (1908) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിയിറച്ചിയുടെയും മുട്ടയുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഇറച്ചി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കേരള ചിക്കൻ പദ്ധതിയും മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽ നിന്നും മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി മുഖേന വളർത്തി സർക്കാരിന്റെതന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനെയും ഡിപ്പാർട്ട്മെന്റ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കെപ്കോയുടെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോതന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾവഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. അതിനുപുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽനിന്നും മിതമായ നിരക്കിൽ നൽകുന്നു. ഇപ്പോൾ

പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന ഈ ഫാമിൽനിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം നടക്കുന്നു. കൂടാതെ 'വനിതാമിത്രം', 'കെപ്കോ ആശ്രയ', പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി, ബ്ലോക്ക്/ പഞ്ചായത്തുതല കോഴിവളർത്തൽ പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്. കെപ്കോ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏകദേശം 74 കോടി മുട്ട അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തത്ഫലമായി അയൽസംസ്ഥാനങ്ങളിൽ നിന്നുമുള്ള കോഴിമുട്ടയുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

## എരുമേലി വെറ്ററിനറി ക്ലിനിക്കിലെ ഡോക്ടറുടെ ഒഴിവ് നികത്താൻ നടപടി

343 (1909) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി വെറ്ററിനറി ക്ലിനിക്കിൽ കുറെ നാളുകളായി ഡോക്ടറുടെ തസ്തിക

ഒഴിഞ്ഞുകിടക്കുന്നതുമൂലം ക്ഷീരകർഷകർക്കും മറ്റ് മൃഗപരിപാലകർക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ലിനിക്കിൽ അടിയന്തരമായി ഡോക്ടറെ നിയമിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. എരുമേലി വെറ്ററിനറി ഹോസ്പിറ്റലിലെ സീനിയർ വെറ്ററിനറി സർജന്റെ അധിക ചുമതല എരുമേലി മൊബൈൽ ഫാം എയ്ഡ് യൂണിറ്റിലെ വെറ്ററിനറി സർജൻ ഡോ. സുബിൻ എം.എസ്-ന് നൽകിയിട്ടുണ്ട്. എരുമേലി വെറ്ററിനറി ഹോസ്പിറ്റലിലെ ഒഴിവ് നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആറ്റിങ്ങൽ മൃഗാശുപത്രിയിൽ നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ**

344 (1910) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മൃഗാശുപത്രിയിൽ നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; എത്ര തസ്തികകളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

ആറ്റിങ്ങൽ മൃഗാശുപത്രിയിൽ നിലവിൽ രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ, ഉച്ചയ്ക്ക് 2 മണി മുതൽ രാത്രി 8 മണി വരെ, രാത്രി 8 മണി മുതൽ രാവിലെ 8 മണി വരെ എന്നിങ്ങനെ 3 ഷിഫ്റ്റുകളായി 24 മണിക്കൂർ മൃഗചികിൽസ സേവനം നൽകിവരുന്നു.

**ആറ്റിങ്ങൽ മൃഗാശുപത്രിയിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ**

അസുഖ ബാധിതരായ മൃഗങ്ങൾക്ക് പ്രഥമ ശുശ്രൂഷ, വിദഗ്ധ ചികിൽസ, മേജർ/മൈനർ ശസ്ത്രക്രിയകൾ, കൃത്രിമ ബീജാധാനം, പേവിഷ നിർമ്മാർജന പ്രവർത്തനങ്ങൾ, രോഗപ്രതിരോധ കുത്തിവയ്പ്പുകൾ, മൃഗങ്ങൾക്കുള്ള ഇൻഷുറൻസ്, വിവരശേഖരണം, വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾ, ഹെൽത്ത് ക്യാമ്പ്, ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങൾ, വകുപ്പുതല പദ്ധതികളുടെ നടത്തിപ്പ്, ബോധവൽക്കരണ പ്രവർത്തനങ്ങൾ. കൂടാതെ രാത്രികാല അടിയന്തര ചികിൽസാ സേവനം കർഷകരുടെ വീട്ടുപടിക്കൽ മൂന്നാമത്തെ ഷിഫ്റ്റിൽ നൽകിവരുന്നു.

**തസ്തികകൾ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.**

**രാവിലെ 8 മുതൽ 2 വരെ**

ഡ്യൂട്ടി ഡോക്ടർ - 1

ജൂനിയർ റസിഡൻഷ്യൽ ഡോക്ടർ -1 (താൽക്കാലികം)

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ - 1

കാഷ്വൽ സ്വീപ്പർ - 1 (8 - 12 വരെ)

**ഉച്ചയ്ക്ക് 2 മുതൽ 8 വരെ**

ഡ്യൂട്ടി ഡോക്ടർ - 1

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ - 1

**പകൽ 10 മണി മുതൽ 5 വരെ**

സീനിയർ വെറ്ററിനറി സർജൻ - 1

സീനിയർ ക്ലാർക്ക് - 1

അറ്റൻഡന്റ് - 1

**രാത്രി 8 മുതൽ - രാവിലെ 8 വരെ അടിയന്തര ചികിത്സ - വീട്ടുപടിക്കൽ**

1. വെറ്ററിനറി സർജൻ-1

2. അറ്റൻഡന്റ്-1

(ബി) നിലവിൽ എല്ലാ തസ്തികകളിലും ജീവനക്കാരുണ്ടോ; ഏതെങ്കിലും തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടോ; അറിയിക്കാമോ?

നിലവിൽ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക ഒഴിവുണ്ട്.

(സി) പ്രതിദിനം ശരാശരി എത്ര ഔട്ട് പേഷ്യന്റ് രജിസ്ട്രേഷനാണ് നടക്കുന്നത്; നിലവിലെ തസ്തികകൾ പര്യാപ്തമാണോ; കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

പ്രതിദിനം ശരാശരി 130 ഔട്ട് പേഷ്യന്റ് രജിസ്ട്രേഷനുകൾ നടക്കുന്നു. 24 മണിക്കൂർ സേവനം നൽകുന്ന ആറ്റിങ്ങൽ മൃഗാശുപത്രിയിൽ ഒരു അറ്റൻഡന്റ് തസ്തിക പുനർവിന്യാസത്തിലൂടെ സൃഷ്ടിക്കും. ലാബ് ടെക്നീഷ്യൻ തസ്തിക പുനർവിന്യസിച്ച് നല്കുന്നതിന് വകുപ്പിൽ ലഭ്യമല്ല.

**വെറ്ററിനറി ആംബുലൻസ്**

345 (1911) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം മൃഗാശുപത്രികൾക്കാണ് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വെറ്ററിനറി ആംബുലൻസുകൾ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ?

മൃഗാശുപത്രികൾക്ക് മാത്രമായി വെറ്ററിനറി ആംബുലൻസുകൾ ലഭ്യമാക്കിയിട്ടില്ല. എന്നാൽ RKI പദ്ധതി പ്രകാരം 2 മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ എറണാകുളം, കണ്ണൂർ ജില്ലകൾക്കും RKVY പദ്ധതി പ്രകാരം ഓരോ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ, പത്തനംതിട്ട,

പാലക്കാട്, വയനാട് എന്നീ ജില്ലകൾക്കും അനുവദിച്ചിട്ടുണ്ട്. ടി വാഹനങ്ങൾ അതാത് ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളതും ടി വാഹനങ്ങളുടെ ചുമതല അതാത് ജില്ലാ ചീഫ് വെറ്ററിനറി ഓഫീസിൽ നിക്ഷിപ്തമായിട്ടുള്ളതുമാണ്.

(ബി) എല്ലാ മൃഗാശുപത്രികളിലും വെറ്ററിനറി ആംബുലൻസുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആംബുലൻസുകൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ജനങ്ങൾക്ക് ഉപകാരപ്രദമാകുംവിധം വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതിനും ആശുപത്രിയിലെ തിരക്ക് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് 12 മൊബൈൽ ടെലി സർജറി യൂണിറ്റ് ജില്ലകളിലെ വിവിധയിടങ്ങളിൽ തുടങ്ങുവാൻ ആവശ്യമായ വാഹനവും അതിലേയ്ക്കുള്ള ഉപകരണങ്ങളും വാങ്ങുവാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. മൃഗസംരക്ഷണ മേഖലയിൽ നൂതന പരിശോധനാ രീതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൃഗ ചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുമുറ്റത്ത് എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റ് ബ്ലോക്കുതലത്തിൽ നടപ്പിലാക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നുണ്ട്. ഏറ്റവും അടുത്തുള്ള മൊബൈൽ വെറ്ററിനറി

യൂണിറ്റ് വഴി കർഷകന് സേവനം നൽകുന്നതിനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പ്രവർത്തനത്തിന് ഓരോ യൂണിറ്റിലും വെറ്ററിനറി സർജൻ, പാരാ വെറ്റ്, ഡ്രൈവർ-കം-അറ്റൻഡന്റ് എന്നിവരുടെ സേവനം ലഭ്യമാക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

**തിരൂർ വെറ്ററിനറി പോളിക്ലിനിക്**

346 (1912) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ൽ പ്രവർത്തനം ആരംഭിച്ച തിരൂർ വെറ്ററിനറി പോളിക്ലിനിക് കെട്ടിടം കാലപ്പഴക്കത്താൽ അപകട ഭീഷണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരൂർ വെറ്ററിനറി പോളിക്ലിനിക്കിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആധുനിക രീതിയിലുള്ള ചികിത്സാ സംവിധാനം ഒരുക്കുന്നതിനും എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തിരൂർ വെറ്ററിനറി പോളിക്ലിനിക്കിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ

മൃഗസംരക്ഷണ ഓഫീസർക്ക്, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വളവന്നൂർ വെറ്ററിനറി ഡിസ്പെൻസറി ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വളവന്നൂർ വെറ്ററിനറി ഡിസ്പെൻസറി ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രിയാക്കുന്ന വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കാട്ടാക്കട മൃഗാശുപത്രിയെ പോളിക്ലിനിക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള അപേക്ഷ

347 (1913) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താലൂക്കാസ്ഥാനമായ കാട്ടാക്കടയിലുള്ള മൃഗാശുപത്രിയെ പോളിക്ലിനിക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ ആംബുലൻസ് സൗകര്യമുൾപ്പെടെയുള്ള വെറ്ററിനറി കേന്ദ്രം

348 (1914) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് രാത്രികാലങ്ങളിലടക്കം വെറ്ററിനറി സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ആംബുലൻസ് സൗകര്യമുൾപ്പെടെയുള്ള കേന്ദ്രങ്ങൾ ബ്ലോക്കുകളിൽ ആരംഭിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. വാഹനങ്ങളുടെ പർച്ചേസ് കഴിഞ്ഞിട്ടുണ്ട്. വാഹനങ്ങളുടെ ഫാബ്രിക്കേഷൻ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. അവശേഷിക്കുന്ന ബ്ലോക്കുകളിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽനിന്നും ഫണ്ട് കണ്ടെത്തി സേവനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത കേന്ദ്രം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത 2 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു; കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ നടപ്പിലാക്കുന്നതും പരിഗണനയിലുണ്ട്.

**ചാലക്കുടിയിൽ വെറ്ററിനറി പോളിക്ലിനിക്ക്**

349 (1915) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും വെറ്റിനറി പോളിക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ചാലക്കുടി വെറ്ററിനറി ആശുപത്രിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**മടിക്കൈ മാംസ സംസ്കരണ പദ്ധതി**

350 (1916) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ മാംസ സംസ്കരണ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. മടിക്കൈ മാംസ സംസ്കരണ പദ്ധതിയുടെയും റെന്ററിംഗ് പ്ലാന്റിന്റെയും ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ MPI (മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ)-ൽ അന്തിമഘട്ടത്തിലാണ്. ഈ പദ്ധതികൾക്കായുള്ള 50.5 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള മൃഗസംരക്ഷണ വകുപ്പിന്റെ അപേക്ഷ കാസർഗോഡ് റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പിൽനിന്നും മൃഗസംരക്ഷണ വകുപ്പിന് ഭൂമി കൈമാറി കിട്ടിയാലുടൻതന്നെ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കോങ്ങാട് മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ

351 (1917) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും വിവരം ലഭ്യമാക്കുമോ?

കോങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

| **പഞ്ചായത്ത്** | **വെറ്ററിനറി ഡിസ്പെൻസറി/സബ് സെന്റർ കേരളശ്ശേരി** |
|---|---|
| കേരളശ്ശേരി | വെറ്ററിനറി ഡിസ്പെൻസറി |
| | വെറ്ററിനറി സബ്സെന്റർ, വടശ്ശേരി |
| കാഞ്ഞിരപ്പുഴ | വെറ്ററിനറി ഡിസ്പെൻസറി, കാഞ്ഞിരപ്പുഴ |
| | വെറ്ററിനറി സബ്സെന്റർ, വിയ്യകുറുശ്ശി |
| | വെറ്ററിനറി സബ്സെന്റർ, പൂഞ്ചോല |
| കാരാകുറുശ്ശി | വെറ്ററിനറി ഡിസ്പെൻസറി, കാരാകുറുശ്ശി |
| | വെറ്ററിനറി സബ്സെന്റർ, പുല്ലിശ്ശേരി |
| | വെറ്ററിനറി സബ്സെന്റർ, കാരാകുറുശ്ശി |
| തച്ചമ്പാറ | വെറ്ററിനറി ഡിസ്പെൻസറി, മുതുകുറുശ്ശി |
| | വെറ്ററിനറി സബ്സെന്റർ, പാലക്കയം |
| കോങ്ങാട് | വെറ്ററിനറി ഡിസ്പെൻസറി, കോങ്ങാട് |

| | |
|---|---|
| | വെറ്ററിനറി സബ്സെന്റർ, കണ്ടവംപാടം |
| മങ്കര | വെറ്ററിനറി ഡിസ്പെൻസറി, മങ്കര |
| പറളി | വെറ്ററിനറി ഡിസ്പെൻസറി, കല്ലൂർ |
| | വെറ്ററിനറി ഹോസ്പിറ്റൽ, പറളി |
| | വെറ്ററിനറി സബ്സെന്റർ ,മനക്കംപാടം |
| കരിമ്പ | വെറ്ററിനറി ഡിസ്പെൻസറി, കല്ലടിക്കോട് |
| | വെറ്ററിനറി സബ് സെന്റർ, എടക്കുറുശ്ശി |
| മണ്ണൂർ | വെറ്ററിനറി ഡിസ്പെൻസറി, മണ്ണൂർ |
| | വെറ്ററിനറി സബ്സെന്റർ, മണ്ണൂർ |

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും ഒഴിവുകൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) കോങ്ങാട് വെറ്ററിനറി സബ്സെന്റർ കണ്ടവംപാടത്ത് ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ആദിവാസി വിഭാഗങ്ങൾക്കായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

352 (1918) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്കായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ ആദിവാസികൾക്ക് മാത്രമായി മൃഗസംരക്ഷണ വകുപ്പിൽനിന്നും പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ വകുപ്പിലെ പൊതുവായ പദ്ധതികളിലെല്ലാം ടി വിഭാഗത്തിലുള്ളവരും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) 2016 മുതൽ മലപ്പുറം ജില്ലയിലെ ആദിവാസി വിഭാഗങ്ങൾക്കായി മൃഗസംരക്ഷണ വകുപ്പ് ഏതെല്ലാം പദ്ധതികൾക്ക് എത്ര തുകയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ; ഗുണഭോക്താക്കൾ, പ്രദേശം, പദ്ധതി, വർഷം, നടപ്പാക്കിയ ഏജൻസി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിൽ ആദിവാസികൾക്ക് മാത്രമായി മൃഗസംരക്ഷണ വകുപ്പിൽനിന്നും പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(സി) കുടുംബശ്രീവഴി മലപ്പുറം ജില്ലയിലെ ആദിവാസികൾക്ക് കന്നുകുട്ടികളെ വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; പ്രോജക്ട്, വർഷം, തുക, ഗുണഭോക്താക്കളുടെ എണ്ണം, തെരഞ്ഞെടുത്ത മാനദണ്ഡം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. മുരി ഇനത്തിൽപ്പെട്ട കന്നുകുട്ടികളെ കുടുംബശ്രീ അംഗങ്ങളായ ആദിവാസി വനിതകൾക്ക് മലപ്പുറം കുടുംബശ്രീ ജില്ലാ മിഷൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. "കുടുംബശ്രീ പട്ടികവർഗ്ഗ സ്വയംപര്യാപ്ത അയൽക്കൂട്ടം - പ്രത്യേക ഉപജീവന പദ്ധതി - പോത്തുകുട്ടി പരിശീലനം - സബ്സിഡി അനുവദിക്കൽ " പദ്ധതിവഴി 2021-2022 സാമ്പത്തിക വർഷം 143 ഗുണഭോക്താക്കൾക്ക് (ഒരാൾക്ക് രണ്ട് മുരി ഇനത്തിൽപ്പെട്ട കന്നുകുട്ടി വീതം) ആകെ 38,61,000/- രൂപ (27,000/-രൂപ x 143 പേർക്ക്) നൽകിയിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടത്തിൽ 6 മാസക്കാലമായി അംഗമായിട്ടുള്ളവർ, ജില്ലാ മിഷൻ സംഘടിപ്പിച്ച മൃഗപരിപാലന പരിശീലനത്തിൽ പങ്കെടുത്തിട്ടുള്ളവർ എന്നിവരാണ് പദ്ധതിപ്രകാരം ഗുണഭോക്താക്കളായിട്ടുള്ളത്.

(ഡി) ആദിവാസി വിഭാഗങ്ങൾക്ക് കന്നുകുട്ടികളെയും കോഴി, ആട് മുതലായവയെയും വിതരണം ചെയ്യുന്ന പദ്ധതികളിൽ ഇടനിലക്കാരായ

ആളുകൾ ഗുണനിലവാരം കുറഞ്ഞവയെയാണ് വിതരണം ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഏതെങ്കിലും പരാതികൾ മലപ്പുറം ജില്ലയിൽനിന്നും ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ**

353 (1919) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പദ്ധതികളും തുകയും

ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 50,000/-

കൺവേർഷൻ ഓഫ് ബയോവേസ്റ്റ് റ്റു മാന്വർ - 25,000/-

മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ - 13,500/-

എച്ച്.ഡി.സി.- 7,500/-

2022-23 സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും മൃഗസംരക്ഷണ വകുപ്പിന് കീഴിൽ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കേണ്ടതുമായ പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**2019-20**

1. കൺവേർഷൻ ഓഫ് ബയോവേസ്റ്റ് റ്റു മാന്വർ
2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്
3. മിൽക്കിംഗ് മെഷീൻ
4. ഇന്ററസ്റ്റ് സബ്‌വെൻഷൻ
5. ബാക്ക് യാർഡ് പൗൾട്രി ത്രൂ സ്കൂൾസ്
6. എച്ച്.ഡി.സി.
7. ഇൻഫെർട്ടിലിറ്റി ക്യാമ്പ്
8. കൊമേഴ്സ്യൽ ഗോട്ടറി

9. ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ

**2020-21**

1. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്- 1,00,000/

2. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - 7,65,074/-

3. എച്ച്.ഡി.സി.-5,000/-

4. കൊമേഴ്സ്യൽ ഗോട്ടറി - 1,00,000/-

**2021-22**

1. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 50,000/-

2. കൺവേർഷൻ ഓഫ് ബയോവേസ്റ്റ് റ്റു മാന്വർ - 25,000/-

3. മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ - 13,500/-

4. എച്ച്.ഡി.സി. - 7,500/-

2019-20, 2020-21, 2021-22 സാമ്പത്തിക വർഷത്തെ പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്. 2022-23 സാമ്പത്തിക

വർഷത്തിൽ മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിവരുന്നു.

(സി) വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**2021-22**

1. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

   ഭരണാനുമതി തുക - 50,000/-

   ചെലവഴിച്ച തുക - 50,000/-

2. കൺവേർഷൻ ഓഫ് ബയോവേസ്റ്റ് റ്റു മാന്വർ

   ഭരണാനുമതി തുക - 25,000/-

   ചെലവഴിച്ച തുക - 25,000/-

3. മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ

   ഭരണാനുമതി തുക - 13,500/-

   ചെലവഴിച്ച തുക - 13,500/-

4. എച്ച്.ഡി.സി.

ഭരണാനുമതി തുക - 7,500/-

ചെലവഴിച്ച തുക - 7,500/-

**തിരൂരങ്ങാടി താലൂക്കിൽ പോളിക്ലിനിക്**

354 (1920) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്കിൽ പോളിക്ലിനിക് ഇല്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ താലൂക്ക് ആസ്ഥാനമായ ചെമ്മാട് കേന്ദ്രീകരിച്ച് ഒരു പോളിക്ലിനിക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചെമ്മാട് കേന്ദ്രീകരിച്ച് പോളിക്ലിനിക് ആരംഭിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുയെന്ന് വിശദമാക്കാമോ?

തിരൂരങ്ങാടി വെറ്ററിനറി ഡിസ്പെൻസറിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരെ പുനർവിന്യാസം വഴിയോ തസ്തിക സൃഷ്ടിച്ചോ നിയമിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**സബ്സിഡി നിരക്കിൽ വൈക്കോൽ**

355 (1921) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയിൽ വ്യാപകമായി വൈക്കോൽ നശിച്ചതുംമൂലം കന്നുകാലികൾക്ക് ശരിയാംവണ്ണം തീറ്റകൊടുക്കാൻ സാധിക്കാതെ ക്ഷീരകർഷകർ വലിയ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിന് പരിഹാരമായി കഴിഞ്ഞ പ്രളയകാലത്ത് സബ്സിഡി നിരക്കിൽ വൈക്കോൽ ലഭ്യമാക്കിയതുപോലെയുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ക്ഷീരസംഘങ്ങളിൽനിന്നും കർഷകർ വാങ്ങുന്ന കാലിത്തീറ്റയ്ക്കും പച്ചപ്പുല്ലിനും വൈക്കോലിനും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വകുപ്പ് സബ്സിഡി നൽകിവരുന്നുണ്ട്. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കാലിത്തീറ്റ വില നിയന്ത്രണത്തിന്റെ ഭാഗമായി മിൽമയുടെ മിൽമ - ഗോമതി റിച്ച് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 25/- രൂപയും മിൽമ - ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 70/- രൂപയും ഡിസ്കൗണ്ട് നൽകിവരുന്നുണ്ട്. കോവിഡ് റിലീഫ് പദ്ധതിവഴി 2021-22-ൽ 116878 ചാക്ക് കാലിത്തീറ്റ 400/- രൂപ ഡിസ്കൗണ്ട് നിരക്കിൽ മിൽമ വിതരണം ചെയ്തിരുന്നു. പ്രളയകാലത്ത് നൽകിയതുപോലെതന്നെ മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ വൈക്കോൽ/സൈലേജ് വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈക്കോൽ, സൈലേജ് എന്നിവ കർഷകർക്ക് എല്ലാവർഷവും ലഭ്യമാക്കുന്നുണ്ട്. വൈക്കോൽ, സൈലേജ് എന്നിവയ്ക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 126 ലക്ഷം രൂപയിലധികം ഈയിനത്തിൽ സബ്സിഡി നൽകി. 2022-23 സാമ്പത്തിക വർഷത്തിലെ പി&ഐ. ബഡ്ജറ്റിൽ

ഈയിനത്തിൽ 126 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. മിൽമയുടെ മലബാർ മേഖലാ യൂണിയന്റെ സഹോദര സ്ഥാപനമായ എം.ആർ.ഡി.എഫ്. വഴി ഗുണനിലവാരമുള്ള വൈക്കോൽ ക്ഷീര കർഷകർക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കിവരുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീരസംഘം മുഖാന്തരം ക്ഷീര കർഷകർക്ക് കിലോഗ്രാമിന് രണ്ട് രൂപ തോതിൽ സബ്സിഡിയോടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്. പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന കേരള ഫീഡ്സ് - എലൈറ്റ്, കേരള ഫീഡ്സ് - മിടുക്കി എന്നീ കാലിത്തീറ്റയ്ക്ക് സർക്കാർ നയത്തിനനുസൃതമായി വിലക്കിഴിവ് കമ്പനി നൽകിയിട്ടുണ്ട്. നിലവിൽ കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20/- രൂപ വിലക്കിഴിവ് കമ്പനി നല്കിവരുന്നുണ്ട്. കൂടാതെ കേരള ഫീഡ്സ്-എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയേക്കാൾ 135/- രൂപയും കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് 90/- രൂപയും നിലവിൽ വിലക്കുറവുണ്ട്.

## ഗോമിത്ര പോർട്ടൽ

356 (1922) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോമിത്ര പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സോഫ്റ്റ്‌വെയർ കുറച്ചുകൂടി യൂസർ ഫ്രണ്ട്‌ലി ആക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത സോഫ്റ്റ്‌വെയർ കൂടുതൽ യൂസർ ഫ്രണ്ട്‌ലി ആക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ഷീരകർഷകർക്കായി നടപ്പിലാക്കിയ പദ്ധതികൾ

357 (1923) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരകർഷകർക്കായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ

നടപ്പിലാക്കിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽക്കൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. തരിശുഭൂമിയിലെ തീറ്റപ്പുൽക്കൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി എത്ര തുക ചെലവാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന 127,95,18,831/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു. കൂടാതെ ക്ഷീരസാന്ത്വനം ഇൻഷ്വറൻസിനായി 500 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ക്ഷീരസാന്ത്വനം - സമഗ്ര ഇൻഷ്വറൻസ്

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പദ്ധതി പ്രകാരം ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ ആരോഗ്യ സുരക്ഷാ പോളിസി, അപകട സുരക്ഷാ പോളിസി, ലൈഫ് ഇൻഷുറൻസ് പോളിസി, ഗോസുരക്ഷാ പോളിസി എന്നീ ഘടകങ്ങളാണുള്ളത്.

## മിൽമയുടെ മേഖല ഭരണസമിതികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

358 (1924) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ മേഖലാ ഭരണസമിതികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള ശ്രമം നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അഡ്മിനിസ്ട്രേറ്റർമാർക്കും നോമിനേറ്റഡ് അംഗങ്ങൾക്കും വോട്ടവകാശം നൽകിക്കൊണ്ട് തയ്യാറാക്കിയ ഓർഡിനൻസ് ഗവർണർ അംഗീകാരം നൽകാതെ തിരിച്ച് അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

15-ാം കേരള നിയമസഭയുടെ അഞ്ചാമത് സമ്മേളനം 27-06-2022-ന് കൂടാൻ തീരുമാനിച്ചിരിക്കുന്നതിനാൽ ഫയൽ ബഹുമാനപ്പെട്ട ഗവർണർ തിരിച്ചയച്ചിരുന്നു.

(സി) തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാർക്കും നോമിനേറ്റഡ് അംഗങ്ങൾക്കും വോട്ടവകാശം നൽകിക്കൊണ്ട് തയ്യാറാക്കിയ പ്രസ്തുത നിയമ നിർമ്മാണത്തിൽനിന്നും പിന്മാറാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

ബാധകമല്ല.

**രാഷ്ട്രീയ ഗോകുൽ മിഷനിൽ ഉൾപ്പെട്ട പദ്ധതികൾ**

359 (1925) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര വികസനത്തിനായി രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയ എത്ര പദ്ധതികൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണമെന്തെന്ന് അറിയിക്കുമോ;

സമയബന്ധിതമായി അപേക്ഷ പരിഗണിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ?

നാടൻ കന്നുകാലി ജനുസ്സുകളുടെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി കേന്ദ്ര സർക്കാർ തുടക്കം കുറിച്ച ഒരു പദ്ധതിയാണ് “ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതി". കൃത്രിമ ബീജാധാന ശൃംഖലയുടെ വിപുലീകരണം, നിലവിലുള്ള ബീജാധാന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക, കൃത്രിമ ബീജാധാന പദ്ധതിയുടെ മോണിറ്ററിംഗ്, കന്നുകാലികളുടെ വികസനവും സംരക്ഷണവും, മനുഷ്യശേഷി വികസനം, ദ്രവ നൈട്രജന്റെ വിതരണ ശൃംഖല സംവിധാനം ശക്തിപ്പെടുത്തുക, ഫീൽഡ് പെർഫോർമൻസ് റെക്കോർഡിംഗ് പ്രോഗ്രാം നടപ്പിലാക്കുക, ഫെർട്ടിലിറ്റി ക്യാമ്പുകൾ സംഘടിപ്പിക്കുക, സെമൻ സ്റ്റേഷനുകൾ ശക്തിപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് “ രാഷ്ട്രീയ ഗോകുൽ മിഷൻ” പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നത്. കൂടാതെ 2021 മുതൽ 5 വർഷക്കാലത്തേയ്ക്കായി തദ്ദേശീയ ജനുസ്സുകളുടെയും ക്ഷീരമേഖലകളുടെയും വികസനത്തിനായി ഉദ്ദേശിച്ചുകൊണ്ട് രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയിലൂടെ പശു/എരുമ വളർത്തൽ മേഖലയിൽ സ്വകാര്യ സംരംഭകരെയും കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി ദേശീയതലത്തിൽ

“ നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിലൂടെ” (NDDB)-യാണ് നടപ്പിലാക്കിവരുന്നത്. കേരളത്തിലെ കർഷകരുടെ അപേക്ഷകൾ നേരിട്ട് NDDB (Anand, Gujarath) വഴിയാണ് സമർപ്പിക്കേണ്ടത്. പദ്ധതി നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള കാലതാമസം NDDB-യുമായി ചർച്ച ചെയ്ത് വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫീഡ് ഓൺ വീൽസ് പദ്ധതി**

360 (1926) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരുടെ ഉന്നമനത്തിനായി കേരള ഫീഡ്സ് തുടങ്ങുന്ന ഫീഡ് ഓൺ വീൽസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പദ്ധതിയുടെ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

(എ&ബി) കോവിഡ് മഹാമാരിയാലും പ്രകൃതിദുരന്തങ്ങളാലും ദുരിതത്തിലായ ക്ഷീരകർഷകരെ സഹായിക്കുന്നത് ലക്ഷ്യമിട്ടാണ് കേരള ഫീഡ്സ് ലിമിറ്റഡ് KSRTC-യുമായി സഹകരിച്ച് “ ഫീഡ് ഓൺ വീൽസ്” എന്ന പദ്ധതി 2021 നവംബർ മുതൽ ആരംഭിച്ചത്. “ ഫീഡ്

ഓൺ വീൽസ്" എന്നത് കമ്പനി ഉത്പന്നങ്ങളുമായി യാത്ര ചെയ്യുന്ന മൊബൈൽ വില്പനശാലയാണ്. നിലവിൽ ഒരു ബസ് മാത്രമാണ് ഈ സേവനത്തിനായുള്ളത്. എല്ലാ കമ്പനി ഉത്പന്നങ്ങൾക്കും ഇതിൽ പ്രത്യേക വിലക്കിഴിവ് നൽകുന്നുണ്ട്. പൊതുജനങ്ങൾക്കും ക്ഷീരകർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാണ്.

## പാലുത്പാദനത്തിൽ സ്വയംപര്യാപ്തത

361 (1927) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലുത്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുന്നതിൽ കഴിഞ്ഞ 6 വർഷമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചു; പാലുത്പാദനത്തിൽ ഇക്കഴിഞ്ഞ 6 വർഷങ്ങളിൽ എത്രത്തോളം മാറ്റം കൊണ്ടുവരാൻ കഴിഞ്ഞു; സ്വയംപര്യാപ്തതയിലേയ്ക്ക് എത്തണമെങ്കിൽ ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടത്?

സംസ്ഥാനത്തെ പാലുത്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുന്നതിൽ കഴിഞ്ഞ 6 വർഷമായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതി, ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീരഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികൾ, കാലിത്തീറ്റ സബ്സിഡി, ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുല്ലും വൈക്കോലും കർഷകർക്ക് നൽകുന്ന പദ്ധതി, കൂടാതെ വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി കഴിഞ്ഞ ആറുവർഷങ്ങളിലായി 648.19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ ആറുവർഷത്തെ സംസ്ഥാനത്തെ പാലുല്പാദനം (ലക്ഷം മെട്രിക് ടണ്ണിൽ) ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2017-18 | 25.76 |
| 2018-19 | 25.49 |
| 2019-20 | 25.42 |
| 2020-21 | 25.34 |
| 2021-22 | 26.61 |

പാലുൽപ്പാദനത്തിൽ സഹകരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിച്ചുകഴിഞ്ഞിട്ടുണ്ട്. മിൽമയ്ക്ക് ഇപ്പോൾ അന്യസംസ്ഥാനത്തെ ആശ്രയിക്കാതെ പൂർണ്ണമായും കേരളത്തിനകത്തുല്പാദിപ്പിക്കുന്ന പാൽമാത്രം സംഭരിച്ച് വിപണനം നടത്തുവാൻ കഴിയുന്നുണ്ട്. മിൽമയുടെ കഴിഞ്ഞ ആറുവർഷത്തെ പാൽ സംഭരണവും വില്പനയും സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു. മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ കഴിഞ്ഞ 6 വർഷങ്ങളിലായി പാൽസംഭരണം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ ഓരോ സാമ്പത്തിക വർഷവും പി&ഐ. ബഡ്ജറ്റിൽ തുക വകയിരുത്തിക്കൊണ്ട് കർഷകക്ഷേമ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. മലബാർ മേഖലാ യൂണിയൻ ഇപ്പോൾ വിതരണത്തേക്കാൾ കൂടുതൽ സംഭരണം നടത്തുന്നുണ്ട്. അധികമുള്ള പാൽ സംഭരണം കുറവുള്ള മേഖലകളിലേയ്ക്ക് നൽകുന്നുണ്ട്. മേഖലാ യൂണിയനുകൾ നടത്തിവരുന്ന പദ്ധതികൾവഴി എത്രയും പെട്ടെന്ന് സ്വയംപര്യാപ്തതയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. സഹകരണ മേഖലയിലെ 2016-17-ലെ പ്രതിദിന ശരാശരി പാൽ സംഭരണം 16.27 ലക്ഷം ലിറ്ററായിരുന്നത് 2021-22-ൽ 21.19 ലക്ഷം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലിറ്ററായി വർദ്ധിച്ചു. അതായത് പ്രതിദിന സംഭരണത്തിൽ 4.92 ലക്ഷം ലിറ്റർ പാലിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയ്ക്ക് അടുത്തെത്താൻ കഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനായി ക്ഷീര വികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്തെ ക്ഷീര കർഷകരെ സഹായിക്കുന്നതിനായി കന്നുകാലിത്തീറ്റയും വൈക്കോൽപോലുള്ളവയും സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ന്യായവിലയ്ക്ക് എത്തിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ക്ഷീരവികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകന് കാലിത്തീറ്റയ്ക്ക് ധനസഹായം നൽകുന്നുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പ് പച്ചപ്പുല്ലിനും വൈക്കോലിനും സബ്സിഡി നൽകുന്നു. മിൽമയുടെ കീഴിലുള്ള തിരുവനന്തപുരം മേഖലാ

യൂണിയൻ 2021-22 വർഷത്തിൽ കാലിത്തീറ്റ സബ്സിഡി ഇനത്തിൽ 150 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ വൈക്കോൽ/സൈലേജ് വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈക്കോൽ, സൈലേജ് എന്നിവ കർഷകർക്ക് സംഘം മുഖേന എല്ലാ വർഷവും ലഭ്യമാക്കുന്നുണ്ട്. വൈക്കോൽ, സൈലേജ് എന്നിവയ്ക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ സബ്സിഡിയും നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 126 ലക്ഷം രൂപയിലധികം ഈയിനത്തിൽ സബ്സിഡിയായി നൽകി. 2022-23 സാമ്പത്തിക വർഷത്തിലെ പി&ഐ. ബഡ്ജറ്റിൽ ഈയിനത്തിൽ 126 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ ഗുണനിലവാരമുള്ള മിൽമ കാലിത്തീറ്റ ക്ഷീര സംഘങ്ങൾവഴി കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. മേഖലാ യൂണിയന്റെ സഹോദരസ്ഥാപനമായ എം.ആർ.ഡി.എഫ്. വഴി ഗുണനിലവാരമുള്ള വൈക്കോൽ ക്ഷീര കർഷകർക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കിവരുന്നുണ്ട്. അയൽസംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്,

ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീര സംഘം മുഖാന്തരം ക്ഷീര കർഷകർക്ക് കിലോഗ്രാമിന് രണ്ട് രൂപ തോതിൽ സബ്സിഡിയോടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്.

കേരള ഫീഡ്സ് ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന കേരള ഫീഡ്സ് - എലൈറ്റ്, കേരള ഫീഡ്സ് - മിടുക്കി എന്നീ കാലിത്തീറ്റകളുടെ വില 11-12-2019-നാണ് നിശ്ചയിച്ചിട്ടുള്ളത്. അസംസ്കൃത വസ്തുക്കളുടെ വിലയിൽ കുറവുണ്ടായപ്പോൾ എല്ലാംതന്നെ ഈ വിലയിൽനിന്ന് കാലിത്തീറ്റയ്ക്ക് സർക്കാർ നയത്തിനനുസൃതമായി വിലക്കിഴിവ് കമ്പനി നൽകിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിച്ചിട്ടും നിലവിൽ കേരള ഫീഡ്സ്- മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് ₹20/- വിലക്കിഴിവ് കമ്പനി നല്കിവരുന്നുണ്ട്. സ്വകാര്യ മേഖലയിലെ പ്രധാന കാലിത്തീറ്റ ഉൽപ്പാദകർ ഡിസംബർ 2020 മുതൽ മാർച്ച് 2022 വരെയുള്ള കാലയളവിൽ 8 തവണയായി കാലിത്തീറ്റയുടെ വിലയിൽ ₹210/- വർദ്ധനവ് വരുത്തിയിട്ടുണ്ട്. കേരള ഫീഡ്സ്-എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യ മേഖലയിലെ സമാനമായ കാലിത്തീറ്റയേക്കാൾ ₹135/-ഉം കേരള ഫീഡ്സ് - മിടുക്കി കാലിത്തീറ്റയ്ക്ക് ₹ 90/-ഉം നിലവിൽ വിലക്കുറവുണ്ട്. ഗുണമേന്മയുള്ള കാലത്തീറ്റ ഏറ്റവും ന്യായമായ വിലയിൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുക

എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് അസംസ്കൃത വസ്തുക്കളുടെ വില അത്ഭുതപൂർവ്വമായി വർദ്ധിച്ച് ഭീമമായ നഷ്ടം നേരിട്ടിട്ടും കമ്പനി കാലിത്തീറ്റയുടെ വിലയിൽ വർദ്ധനവ് വരുത്താത്തത്.

## ആർ.ഐ.ഡി.എഫ്. സ്കീം

362 (1928) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. സ്കീം മുഖേന മലപ്പുറം ജില്ലയിലെ മൂർനനാട് പാൽപ്പൊടി ഉൽപ്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ സിവിൽ വർക്കുകൾ, മെക്കാനിക്കൽ വർക്കുകൾ, ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ പുരോഗമിച്ചുവരികയാണ്. ആയത് 2023 ജൂലൈ അവസാനത്തിൽ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. മലിനജല നിർമ്മാർജ്ജന പ്ലാന്റ്, ബോയിലറിനായുള്ള കെട്ടിടം, സ്ട്രക്ച്ചറൽ ഗ്ലേസിംഗ് വർക്കുകൾ, പൈപ്പ് ലൈൻ വർക്കുകൾ, ഫയർ ആൻഡ് സേഫ്റ്റി വർക്കുകൾ എന്നിവ പുരോഗമിച്ചുവരുന്നു.

(ബി) കോഴിമുട്ടയുടെയും മാംസത്തിന്റെയും ഉൽപ്പാദനത്തിലും ഉപഭോഗത്തിലും സ്വയംപര്യാപ്തത കൈവരിക്കാൻ പൗൾട്രി വികസന കോർപ്പറേഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് മുട്ട, മാംസം എന്നിവയുടെ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോതന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉല്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. അതിനുപുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽനിന്നും മിതമായ

നിരക്കിൽ ലഭിക്കുന്നതാണ്. ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന ഈ ഫാമിൽനിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ മുട്ടയുല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വനിതാമിത്രം, കെപ്കോ ആശ്രയ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി, ബ്ലോക്ക്/ പഞ്ചായത്ത്തല കോഴിവളർത്തൽ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കെപ്കോ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏകദേശം 74 കോടി മുട്ട അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞുവെന്ന് കണക്കാക്കപ്പെടുന്നു. തൽഫലമായി അയൽ സംസ്ഥാനങ്ങളിൽനിന്നും കോഴിമുട്ടയുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുള്ളതായി കാണുന്നു. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ ഒരു പുതിയ മീറ്റ് പ്രോസസ്സിംഗ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. മണിക്കൂറിൽ 1000 ഇറച്ചിക്കോഴികളെ പ്രോസസ്സ്

ചെയ്യാൻ കഴിയുന്ന ആധുനിക സജ്ജീകരണങ്ങളോടുകൂടിയതായിരിക്കും ഈ പ്ലാന്റ്. കാസർഗോഡ് ജില്ലയിൽ മടിക്കൈ എന്ന സ്ഥലത്ത് മറ്റൊരു ഇറച്ചിക്കോഴി പ്രജനനകേന്ദ്രം സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഈ ഫാം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ലഭിക്കുന്നമുറയ്ക്ക് ഫാമിന്റെ നിർമ്മാണം ആരംഭിക്കുന്നതായിരിക്കും.

**ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത**

363 (1929) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ?

പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയ്ക്ക് അടുത്തെത്താൻ കഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ

വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ക്ഷീരകാർഷിക മേഖലയെക്കുറിച്ച് അടുത്തറിയുന്നതിനും ക്ഷീര പരിപാലനത്തിലേയ്ക്ക് നവാഗതരെ ആകർഷിക്കുന്നതിനും ആവശ്യമായ പഠന, പരിശീലന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ക്ഷീരകാർഷിക മേഖലയെക്കുറിച്ച് അടുത്തറിയുന്നതിനും ക്ഷീരമേഖലയിലേയ്ക്ക് നവാഗതരെ ആകർഷിക്കുന്നതിനും ആവശ്യമായ വിവിധ പഠന, പരിശീലന പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു. ശാസ്ത്രീയ പശുപരിപാലന രീതികൾ, ശുദ്ധമായ പാലുല്പാദനം, പാലുല്പന്ന നിർമ്മാണം, ശാസ്ത്രീയമായ തീറ്റപ്പുൽക്കൃഷി എന്നിങ്ങനെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകിവരുന്നുണ്ട്.

(സി) വകുപ്പിന് കീഴിൽ എവിടെയെല്ലാമാണ് ക്ഷീരകർഷക പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്നും പ്രസ്തുത കേന്ദ്രങ്ങളുടെ

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും അറിയിക്കാമോ?

തിരുവനന്തപുരം, ഓച്ചിറ (കൊല്ലം), കോട്ടയം, ആലത്തൂർ (പാലക്കാട്), കോഴിക്കോട് എന്നിവിടങ്ങളിൽ ക്ഷീര പരിശീലന കേന്ദ്രങ്ങളും ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ, അമ്മകണ്ടകര (പത്തനംതിട്ട), റീജിയണൽ ഡയറി ലാബ്, കാസർഗോഡ് എന്നീ സ്ഥലങ്ങളിലും ക്ഷീരകർഷകർക്ക് പരിശീലനങ്ങൾ നൽകിവരുന്നു. ക്ഷീരപരിശീലന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഓഫീസുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ആലപ്പുഴ പട്ടണക്കാടുള്ള പാലുല്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന വനിതാ ഗ്രൂപ്പുകൾക്ക് പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിപണനം ചെയ്യുന്നതിനുള്ള സൗകര്യം പട്ടണക്കാട് പ്രവർത്തിക്കുന്ന മിൽക്ക് പ്രോഡക്ട്സ് മാനുഫാക്ചറിംഗ് ആൻഡ് ഫെസിലിറ്റേഷൻ സെന്ററിൽ ചെയ്തു കൊടുക്കുന്നു. ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന്റെ

ഓഫ് കാമ്പസ് പരിശീലന കേന്ദ്രം കൂടിയാണിവിടം. തുടക്കകാലത്ത് നിരവധി വനിതാ ഗ്രൂപ്പുകൾക്ക് പരിശീലനം നൽകി പ്രവർത്തനം ആരംഭിച്ചെങ്കിലും നിലവിൽ ഒരു ഗ്രൂപ്പ് മാത്രമാണ് ഇവിടെ പ്രവർത്തനം തുടരുന്നത്. ഈ ഗ്രൂപ്പ് വിവിധങ്ങളായ പാലുല്പന്നങ്ങളുണ്ടാക്കി വിപണനം ചെയ്യുന്നുണ്ടെങ്കിലും കൂടുതൽ വനിതകൾക്ക് ഈ ഫെസിലിറ്റേഷൻ സെന്ററിന്റെ സൗകര്യം ലഭ്യമാക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ആലപ്പുഴ ജില്ല ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 വർഷം ആലപ്പുഴ ജില്ലാ പഞ്ചായത്ത് - പട്ടണക്കാട് ക്ഷീരവികസന വകുപ്പ് മിൽക്ക് പ്രോഡക്ട്സ് മാനുഫാക്ചറിംഗ് ആൻഡ് ഫെസിലിറ്റേഷൻ സെന്ററിൽ ക്ഷീരോല്പന്ന നിർമ്മാണ വിപണന കേന്ദ്രം എന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ പുതുതായി 8 വനിത ഗ്രൂപ്പുകൾക്ക് ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനം നൽകുന്നതിനും അവർക്കുവേണ്ട ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും ഈ ഫെസിലിറ്റേഷൻ സെന്ററിന്റെ പശ്ചാത്തല സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് പാലുല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആകർഷണീയമായ സെയിൽസ് ഔട്ട്ലെറ്റ് ഇവിടെ സജ്ജീകരിക്കാനും ലക്ഷ്യമിടുന്നു. അതിലൂടെ ഈ ഫെസിലിറ്റേഷൻ

സെന്ററിന്റെ പ്രവർത്തനം കൂടുതൽ പേരിൽ എത്തുകയും പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയും ചെയ്യും.

(ഇ) ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്ന സംരംഭകർക്ക് സാമ്പത്തികവും സാങ്കേതികവുമായ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്ന സംരംഭകർക്ക് സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്ന പദ്ധതികൾ സർക്കാർ ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു. അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികൾക്കുള്ള ധനസഹായം സർക്കാരിന്റെ പരിഗണനയിലാണ്. തീറ്റപ്പുൽകൃഷിക്കുള്ള ധനസഹായം കൂടാതെ, സർക്കാർ ധനസഹായത്തോടെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന

കർഷകർക്ക് കാലിത്തീറ്റ സബ്സിഡി, വൈക്കോലിനും പച്ചപ്പുല്ലിനും സബ്സിഡി എന്നിങ്ങനെയുള്ള വിവിധ സാമ്പത്തിക സഹായങ്ങളും നൽകിവരുന്നു.

## വെച്ചൂച്ചിറയിൽ ക്ഷീരോൽപ്പന്ന യൂണിറ്റ്

364 (1930) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിൽപ്പെട്ട വെച്ചൂച്ചിറയിലെ കർഷകർക്ക് ഏറെ ഗുണപ്രദമായ രീതിയിൽ ഒരു മൂല്യവർദ്ധിത ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റാന്നി മണ്ഡലത്തിൽപ്പെട്ട വെച്ചൂച്ചിറയിൽ മൂല്യവർദ്ധിത ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി വകുപ്പുതലത്തിൽ സാധ്യമല്ല. എന്നാൽ വ്യക്തികൾക്കോ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കോ വേണ്ട സാങ്കേതിക സഹായം ക്ഷീരവികസന വകുപ്പിൽനിന്ന് നൽകുന്നതാണ്.

(ബി) ഈ സാമ്പത്തിക വർഷംതന്നെ കർഷക കൂട്ടായ്മകൾ രൂപീകരിച്ച് ആവശ്യമായ തുക വകയിരുത്തി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ക്ഷീര വികസന വകുപ്പ് ഡയറക്ടർക്ക് നൽകാമോ?

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ 4 മുതൽ 10 വരെ അംഗങ്ങളുള്ള ' ക്ഷീരശ്രീ' ഗ്രൂപ്പുകൾ തുടങ്ങുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇത്തരം ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

## കാലിത്തീറ്റ ഉൽപ്പാദനം

365 (1931) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ആവശ്യമായ കാലിത്തീറ്റയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്നും സംസ്ഥാനത്ത് കാലിത്തീറ്റ എത്രമാത്രം ഉൽപാദിപ്പിക്കുന്നുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ആവശ്യമായ കാലിത്തീറ്റയുടെ അളവ് കേരള ഫീഡ്സ് ശാസ്ത്രീയമായി കണക്കാക്കിയിട്ടില്ല. കേരള

ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിലൂടെയുള്ള ആകെ പ്രതിദിന ഉത്പാദന ശേഷി 1750 ടൺ കാലിത്തീറ്റയാണ്. മിൽമയ്ക്ക് പ്രതിദിനം 600 മെട്രിക് ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. നിലവിൽ പ്രതിദിനം 460 മെട്രിക് ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ മലമ്പുഴയിലും ആലപ്പുഴ ജില്ലയിൽ പട്ടണക്കാടുമാണ് മിൽമയുടെ കാലിത്തീറ്റ ഫാക്ടറികളുള്ളത് (പ്രതിദിന ഉൽപ്പാദനശേഷി 300 മെട്രിക് ടൺ).

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന കാലിത്തീറ്റയുടെ അളവ് എത്രയാണ്?

ഇതര സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന കാലിത്തീറ്റയുടെ അളവ് ക്ഷീരവികസന വകുപ്പിലും കേരളാ ഫീഡ്സിലും ലഭ്യമല്ല.

(സി) സംസ്ഥാനത്ത് കാലിത്തീറ്റ ഉൽപ്പാദനശേഷി ഉയർത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര (650 മെട്രിക് ടൺ/ ദിവസം), കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (300 മെട്രിക് ടൺ./ദിവസം), ഇടുക്കി ജില്ലയിലെ അരിക്കുഴ

(500 മെട്രിക് ടൺ/ദിവസം), കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ (300 മെട്രിക് ടൺ./ദിവസം) എന്നീ യൂണിറ്റുകളിൽനിന്നായി കാലിത്തീറ്റ ഉത്പാദിപ്പിച്ച് വിതരണം നടത്തുവാൻ സാധിക്കുന്നുണ്ട്. കേരളാ ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉൽപ്പാദനശേഷി 1750 ടണ്ണായി ഉയർത്തിയിട്ടുണ്ട്. മിൽമയിൽ ക്ഷീര സംഘങ്ങളിലെ കർഷകരിൽനിന്നും ലഭിക്കുന്ന ഇൻഡന്റനുസരിച്ചാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. മിൽമ ഉത്പാദിപ്പിക്കുന്ന തീറ്റയുടെ 70 ശതമാനം സംഘങ്ങൾവഴിയും 24 ശതമാനം സർക്കാർ പദ്ധതികൾവഴിയും കർഷകർക്ക് നൽകിവരുന്നു. കർഷകരുടെ ഇൻഡന്റുകൾ വർദ്ധിക്കുകയാണെങ്കിലും സമയബന്ധിതമായി തീറ്റ വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ മിൽമയ്ക്കുണ്ട്.

(ഡി) കൃഷിക്കാർക്ക് ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ക്ഷീരവികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകന് കാലിത്തീറ്റയ്ക്ക് ധനസഹായം നൽകുന്നുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്ത്

ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റ വില നിയന്ത്രിക്കുവാനുള്ള ബുദ്ധിമുട്ട് നേരിടുന്നത്. കാലിത്തീറ്റ വില നിയന്ത്രിക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. മിൽമ 2019-നുശേഷം കാലിത്തീറ്റ വില വർദ്ധിപ്പിച്ചിട്ടില്ല. നിലവിൽ മിൽമ ഗോമതി റിച്ച് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 25/- രൂപയും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 70/- രൂപയും ഡിസ്കൗണ്ട് നൽകിവരുന്നുണ്ട്. സർക്കാരിന്റെ കോവിഡ് റിലീഫ് പദ്ധതിവഴി 2021-22-ൽ 116878 ചാക്ക് കാലിത്തീറ്റ 400 രൂപ ഡിസ്ക്കൗണ്ട് നിരക്കിൽ മിൽമ വഴി വിതരണം ചെയ്തിരുന്നു. അസംസ്കൃത പദാർത്ഥങ്ങളുടെ ഭീമമായ വില വർദ്ധനവിന് ആനുപാതികമായി വില വർദ്ധിപ്പിക്കാതെ തികച്ചും ന്യായമായ വിലയ്ക്കാണ് കേരളാ ഫീഡ്സ് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നത്.

**ആലത്തൂർ മണ്ഡലത്തിലെ ക്ഷീരസംഘങ്ങൾ**

366 (1932) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലായി എത്ര ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത

സംഘങ്ങളുടെ പേരും രജിസ്ട്രേഷൻ നമ്പരും തദ്ദേശഭരണസ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

ആലത്തൂർ മണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലായി 31 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള സംഘങ്ങളുടെ വിവരങ്ങൾ അനുബന്ധം+ (1) ആയി ചേർക്കുന്നു.

(ബി) പ്രസ്തുത ക്ഷീരസംഘങ്ങൾക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭ്യമാക്കിയിട്ടുള്ള ധനസഹായം എത്രയാണെന്നും ഏതെല്ലാം സംഘങ്ങൾക്കാണ് ധനസഹായം ലഭ്യമായിട്ടുള്ളതെന്നും അറിയിക്കാമോ?

പ്രസ്തുത ക്ഷീരസംഘങ്ങൾക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 78,01,059/- രൂപ ധനസഹായമായി അനുവദിച്ചിരുന്നു. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം+ (2) ആയി ചേർക്കുന്നു.

**വാമനപുരം നിയോജക മണ്ഡലത്തിൽ വെറ്ററിനറി കോളേജ്**

367 (1933) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാമനപുരം നിയോജക മണ്ഡലത്തിലെ പാലോട്ടുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്രമാക്കി ഒരു വെറ്ററിനറി കോളേജ് ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

# 10.00 am]

മി. സ്പീക്കർ: ഇന്നലെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ച സമയത്ത് സന്ദർഭത്തിൽ സഭയിലെ ക്രമമില്ലായ്മയെക്കുറിച്ച് രണ്ടുമൂന്ന് തവണ പറഞ്ഞിരുന്നു. ഇന്ന് ചോദ്യോത്തരവേളയിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച അവസാനത്തെ ചോദ്യം ചോദിക്കുമ്പോഴും പ്രതിപക്ഷത്തുനിന്ന് തുടർച്ചയായി സംസാരിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയായിരുന്നു. ഇടയ്ക്കിടയ്ക്കിങ്ങനെ ആവർത്തിച്ച് പറയേണ്ടിവരുന്നത് പ്രതിപക്ഷനിരയിൽനിന്ന് നിരന്തരമായി സംസാരിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയുണ്ടായതുകൊണ്ടാണ്. ഇന്നലെ രണ്ട് ഭാഗത്തുനിന്നും ആളുകൾ കൂട്ടംകൂടി സംസാരിക്കുന്ന സാഹചര്യത്തിലാണ് ചെയറിന് ഇടപെടേണ്ടിവന്നത്. പൊതുവിൽ അംഗങ്ങളുടെ സമീപനത്തെക്കുറിച്ചാണ്

പറഞ്ഞത്. ചില മാധ്യമങ്ങളിൽ ഇന്നത് ഒരംഗത്തെമാത്രം ശാസിച്ചുവെന്ന നിലയിൽ തെറ്റായി വാർത്ത വന്നിട്ടുണ്ട്. അതായിരുന്നില്ല ശരി. പൊതുവിൽ അംഗങ്ങൾ ഗൗരവമുള്ള പ്രശ്നങ്ങൾ വരുമ്പോൾ അതിൽ താൽപ്പര്യം കാണിക്കാതിരിക്കുകയും വിവാദകാര്യങ്ങളിൽമാത്രം താൽപ്പര്യം പുലർത്തുകയും ചെയ്യുന്നതാണ് ചൂണ്ടിക്കാണിച്ചത്. ഇന്നലെ പറഞ്ഞിട്ടും ഇന്ന് വീണ്ടും പ്രതിപക്ഷഭാഗത്തുനിന്ന് ആവർത്തിക്കുകയുണ്ടായി. ഇത് വീണ്ടും ചെയറിന്

ഓർമ്മിപ്പിക്കേണ്ടിവരുന്നത് സഭയുടെ അന്തസ്സിന് ചേർന്നതല്ലെന്ന് മാത്രം തൽക്കാലം പറയട്ടെ.

## II അടിയന്തരപ്രമേയം

### ആവിക്കൽതോട് മാലിന്യസംസ്കരണ പ്ലാന്റിനെതിരെയുള്ള പ്രതിഷേധസമരം

മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... ആവിക്കൽതോട് മാലിന്യ സംസ്കരണ പ്ലാന്റിനെതിരെ പ്രതിഷേധിച്ച പ്രദേശവാസികളെ മർദ്ദിക്കുകയും കേസെടുക്കുകയും ചെയ്തുകൊണ്ട് ജനകീയ സമരങ്ങളെ അടിച്ചൊതുക്കാൻ പോലീസ് ശ്രമിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിനായി സഭാനടപടികൾ

നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഖരമാലിന്യത്തോടൊപ്പം ദ്രവമാലിന്യവും ശാസ്ത്രീയമായി സംസ്കരിക്കുകയെന്നത് സർക്കാരിന്റെ വികസന ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ ഭാഗമായി നൽകുന്ന വികസനഫണ്ട്, സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകിയ ഫണ്ട്, ലോകബാങ്ക് സഹായംപോലെ മറ്റ് ഏജൻസികളിൽനിന്നുള്ള സാമ്പത്തിക സഹായം എന്നിവ വിനിയോഗിച്ച് ശാസ്ത്രീയവും പ്രായോഗികവുമായ ഖരദ്രവ മാലിന്യസംസ്കരണ സാഹചര്യം കേരളത്തിൽ സാധ്യമാക്കുകയെന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. മറ്റ് വികസന മേഖലകളിലെല്ലാം മാതൃകകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കേരളത്തിൽ മാലിന്യ സംസ്കരണമെന്നത് കടുത്ത വെല്ലുവിളിയായി നിലനിൽക്കുന്ന

സാഹചര്യമുണ്ട്. ഇത് കേരളത്തിലെ പൊതുജനാരോഗ്യത്തെ മാത്രമല്ല, സാമ്പത്തിക വ്യവസ്ഥയെക്കൂടി ബാധിക്കുന്ന അത്യന്തം ഗൗരവമുള്ള വിഷയമാണ്. കേരളം സന്ദർശിക്കുന്ന സ്വദേശികളും വിദേശികളുമായുള്ള ഏതൊരാളും മുന്നോട്ടുവയ്ക്കുന്ന പ്രധാന വിഷയമാണ് വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളും അതുവഴി മലിനീകരിക്കപ്പെടുന്ന പൊതുയിടങ്ങളും ജലാശയങ്ങളും സൃഷ്ടിക്കുന്ന പ്രയാസങ്ങൾ. ഈ വിഷയത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ കഴിഞ്ഞ ആറ് വർഷക്കാലമായി സർക്കാർ നടത്തിവരികയാണ്. ജനകീയ ഇടപെടലുകളിലൂടെ മാലിന്യ ശേഖരണം നടത്തി അവ പരിസ്ഥിതിക്ക് ദോഷകരമല്ലാത്തവിധം സംസ്കരിക്കുകയെന്നത് ഈ സർക്കാരിന്റെ പ്രവർത്തനങ്ങളിലുൾപ്പെടുന്നു. നവകേരള കർമ്മ പരിപാടിയുടെ ഭാഗമായി ഹരിത കേരളം മിഷൻവഴി ധാരാളം ജനകീയ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. 'തെളിനീർ ഒഴുകും നവകേരളം' എന്നത് അതിൽ ഏറ്റവും അവസാനം നടത്തിക്കൊണ്ടിരിക്കുന്ന പരിപാടിയാണ്. ജലസ്രോതസ്സുകളിൽ മാലിന്യം കലരുന്നത് തടയുന്നത് മുതൽ പച്ചത്തുരുത്ത് വരെ അവ നീണ്ടുനിൽക്കുന്നു. കടലിലെ പ്ലാസ്റ്റിക് ഒഴിവാക്കുന്നതിനുള്ള ശുചിത്വസാഗരം പരിപാടി ഇതോടൊപ്പം ചേർത്തുവായിക്കേണ്ട ഒന്നാണ്. ഇത്തരത്തിലുള്ള ജനകീയ

ഇടപെടലുകൾക്കൊപ്പം ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും ഖരമാലിന്യ സംസ്കരണത്തിന് പ്രായോഗികവും പരിസ്ഥിതിസൗഹൃദവുമായ കേന്ദ്രീകൃത പ്ലാന്റുകൾ സ്ഥാപിക്കേണ്ടതും ആവശ്യമാണ്. ജനസാന്ദ്രത കൂടുതലുള്ള നമ്മുടെ നാട്ടിൽ കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ കുടിവെള്ളത്തെപ്പോലും മലിനീകരിക്കുന്ന സാഹചര്യമാണിന്നുള്ളത്. ഏറെ ആരോഗ്യപ്രശ്നങ്ങൾ അതുണ്ടാക്കുന്നുണ്ട്. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്നതാണ് നാം മുന്നോട്ടുവച്ച ഏറ്റവും പ്രധാനപ്പെട്ട ക്യാമ്പയിൻ. അതുകൊണ്ടുതന്നെ നാട്ടിലുണ്ടാകുന്ന മാലിന്യം നാടിനെ മലിനപ്പെടുത്താതിരിക്കാനും ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കാതിരിക്കാനും അവ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുണ്ടെന്ന കാര്യത്തിൽ രാഷ്ട്രീയപരമായോ മറ്റേതെങ്കിലും തരത്തിലോ അഭിപ്രായ വ്യത്യാസമുണ്ടാകുമെന്ന് കരുതുന്നില്ല.

കോഴിക്കോട് ആവിക്കൽതോട് പ്രദേശത്തെ ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കുകയും പരിസ്ഥിതിക്ക് കനത്ത ആഘാതം സൃഷ്ടിക്കുകയും ചെയ്യുന്ന ആവിക്കൽതോട് മാലിന്യ സംസ്കരണ പ്ലാന്റിനെതിരെ ഹർത്താൽ നടത്തിയ തദ്ദേശവാസികളെ ക്രൂരമായി മർദ്ദിച്ചത് പ്രതിഷേധാർഹമാണെന്നും കടുത്ത വകുപ്പുകൾ ചുമത്തി ജനകീയ സമരങ്ങളെ

അടിച്ചമർത്താൻ പോലീസ് നടത്തുന്ന ശ്രമങ്ങൾ ജനങ്ങളിൽ ആശങ്കയുളവാക്കുന്നുണ്ടെന്നുമാണ് ഡോ. എം. കെ. മുനീർ അടിയന്തര പ്രമേയത്തിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഉന്നയിച്ചിട്ടുള്ളത്. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ആവിക്കൽതോട് പ്രദേശത്ത് സ്ഥാപിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റ് ഇന്ന് ലഭ്യമായ ഏറ്റവും മികച്ച സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ളതും പ്രദേശത്തെ ജനങ്ങളുടെ ജീവിതത്തെ ഒരുതരത്തിലും ബാധിക്കാത്തതുമായ പദ്ധതിയാണ്. മാത്രമല്ല അത്യന്തം മലിനീകരിക്കപ്പെട്ട ആവിക്കൽതോടുൾപ്പെടെയുള്ള ജലസ്രോതസ്സുകളും മലിനജലവും ശാസ്ത്രീയമായി സംസ്കരിക്കുന്നതുവഴി അവിടത്തെ ജനങ്ങളുടെ ജീവിതത്തെ ആരോഗ്യകരമാക്കാൻ സഹായിക്കുന്നതുമാണ്. നോട്ടീസിൽ പറഞ്ഞിരിക്കുന്നതുപോലെ ജനങ്ങളുടെ ജീവിതത്തെ ദു:സ്സഹമാക്കുന്ന ഒന്നല്ല; പരിസ്ഥിതിക്ക് കനത്ത ആഘാതം സൃഷ്ടിക്കുന്ന ഒന്നാകാൻ സാദ്ധ്യതയുമില്ല. അമൃത് പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷൻ നടപ്പാക്കുന്ന ഈ പദ്ധതി കോർപ്പറേഷന്റെ കൈവശമുള്ള 74 സെന്റ് ഭൂമിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 60 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള ഈ പദ്ധതി 2023 മാർച്ച് 31-ന് മുമ്പായി

പൂർത്തിയാക്കേണ്ടതാണ്. യഥാർത്ഥത്തിൽ ഇതിനുമുമ്പുതന്നെ പൂർത്തിയാക്കേണ്ടതായിരുന്നു. അമൃത് I-ന്റെ ഭാഗമായാണ് 60 കോടി രൂപ ചെലവുചെയ്ത് കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടുകൂടി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത്. എന്നാൽ പല കാരണങ്ങൾകൊണ്ട് അമൃത് I-ാം ഘട്ടത്തിൽ പൂർത്തിയാക്കാനാകാത്തതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റിനോട് സമയം ദീർഘിപ്പിച്ച് വാങ്ങിയാണ് 2023 മാർച്ച് 31-ന് മുമ്പായി പൂർത്തിയാക്കുന്ന പട്ടികയിൽ ഓൺഗോയിംഗ് വർക്കായി ഇതുൾപ്പെടുത്തിയിട്ടുള്ളത്. അല്ലാത്തപക്ഷം അമൃത് പദ്ധതിയിൽ ലഭ്യമായ ഈ തുക നഷ്ടപ്പെടാൻ ഇടയാകുമെന്ന കാര്യവും നമ്മൾ മനസ്സിലാക്കേണ്ടതാണ്. കൂടാതെ കേരളത്തിലെ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവം സംബന്ധിച്ച് ധാരാളം പരാതികളും കേസുകളും ദേശീയ ഹരിത ട്രിബ്യൂണലിൽ നിലനിൽക്കുന്നുമുണ്ട്. വിവിധ കേസുകളിലായി ധാരാളം നിർദ്ദേശങ്ങൾ ദേശീയ ഹരിത ട്രിബ്യൂണൽ സംസ്ഥാന സർക്കാരിനും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെല്ലാംതന്നെ സമയബന്ധിതമായി നടപ്പാക്കാൻ സർക്കാരിന് ബാദ്ധ്യതയുമുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് യാതൊരു മലിനീകരണ

സാദ്ധ്യതയുമില്ലാതെ നടപ്പിലാക്കുന്ന പദ്ധതിയാണ് ആവിക്കൽതോട് മാലിന്യ സംസ്കരണ പ്ലാന്റ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെയും തീരദേശ പരിപാലന അതോറിറ്റിയുടെയും മറ്റ് ഏജൻസികളുടെയും അനുമതികളും അംഗീകാരവും നേടിയതിനുശേഷമാണ് പദ്ധതി പ്രവർത്തനത്തിനുവേണ്ടിയുള്ള ആരംഭം കുറിച്ചിട്ടുള്ളത്. കരാറുകാർ പ്രവൃത്തി ആരംഭിക്കാൻ തുടങ്ങിയതോടെ ചില ഭാഗങ്ങളിൽനിന്ന് പ്രതിഷേധം ഉയർന്നുവന്നു. പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് 26-08-2021-ന് എല്ലാ കൗൺസിലർമാർക്കുമായി വിശദമായ പദ്ധതി അവതരണം കോർപ്പറേഷൻ നടത്തി. 22-09-2021-ന് വാർഡ്തല കമ്മിറ്റി യോഗം ചേരുന്നതിനുമുമ്പ് 20-09-2021-ന് മേയർ, കൗൺസിലർമാർ, ഓപ്പറേറ്റർമാർ, അമൃത് പദ്ധതിയുടെ ഉദ്യോഗസ്ഥർ, കോൺട്രാക്ടർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കോഴിക്കോട് ഹൈലൈറ്റ് മാളിക സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സന്ദർശിച്ച് സമാനമായ സാഹചര്യം കണ്ട് ബോദ്ധ്യപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള പ്ലാന്റുകൾ കേരളത്തിന്റെ വിവിധ മേഖലകളിൽ ഇപ്പോൾ സ്ഥാപിച്ചുവരികയാണ്. അതിലേറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ആരംഭിച്ചിട്ടുള്ള മാലിന്യ സംസ്കരണ പ്ലാന്റ്. അവിടെ ശ്രീചിത്ര, ആർ.സി.സി., മെഡിക്കൽ

കോളേജ് എന്നീ മൂന്ന് പ്രധാനപ്പെട്ട ആശുപത്രികളുള്ള കാര്യം ഞാൻ പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടതില്ലല്ലോ. അമ്പത് വർഷക്കാലത്തേയ്ക്കുള്ള ദ്രവമാലിന്യ സംസ്കരണ പ്ലാന്റാണ് അവിടെ പ്രവർത്തിക്കുന്നത്. അവിടെ യാതൊരുവിധത്തിലുമുള്ള മലിനീകരണമുണ്ടാകുന്നില്ലെന്ന് മാത്രമല്ല പൊതുജനങ്ങൾ അത് കാണാൻ വരികയുമാണ്. അവരെ ആകർഷിക്കാൻ കഴിയുന്നവിധത്തിൽ നല്ലൊരു പൂന്തോട്ടം വച്ചുപിടിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണമെന്ന് പ്ലാന്റ് ഉദ്ഘാടനം ചെയ്യാൻപോയ സന്ദർഭത്തിൽ അവിടെയുണ്ടായിരുന്ന മേയർ ഉൾപ്പെടെയുള്ള കോർപ്പറേഷൻ ഭാരവാഹികളോട് ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഇക്കൊല്ലത്തെ പദ്ധതിയുടെ ഭാഗമായി മൂന്നുകോടി രൂപ ചെലവഴിച്ച് അതൊരു ഡെസ്റ്റിനേഷൻ സെന്ററാക്കി മാറ്റുന്നതിനുള്ള പ്രവർത്തനത്തിന് കോർപ്പറേഷൻ തുടക്കം കുറിച്ചിരിക്കുകയാണ്. മലിനജലം സംസ്കരിക്കുന്ന പ്രദേശത്ത് ഒരുതരത്തിലുള്ള മാലിന്യപ്രശ്നവും ഉത്ഭവിക്കുന്നില്ല. മാത്രമല്ല, പത്ത് വർഷക്കാലം അതിന്റെ മെയിന്റനൻസ് പൂർണ്ണമായും കൈകാര്യം ചെയ്യുന്നതുൾപ്പെടെയാണ് കോൺട്രാക്ട് നൽകിയിരിക്കുന്നത്. സർവ്വകക്ഷി യോഗങ്ങൾ ചേർന്ന് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പൂർണ്ണ പിന്തുണയോടെ ആവിക്കൽതോട് പദ്ധതി ആരംഭിക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ ഓരോ ദിവസവും സമയം നിശ്ചയിച്ചുകൊണ്ടുതന്നെ തീരുമാനിച്ചിട്ടുള്ളതാണ്. സമയക്കുറവുകൊണ്ട് അത് ഓരോന്നായി ഞാൻ വിശദീകരിക്കുന്നില്ല. 19-01-2022-ന് മേയർ അവിടത്തെ ജനങ്ങളുമായി ചർച്ച നടത്തിയതിനുശേഷം മണ്ണ് പരിശോധനാ നടപടികൾ പുനരാരംഭിച്ചപ്പോൾ ചിലയാളുകളുടെ പ്രതിഷേധത്തെത്തുടർന്ന് പണി നിർത്തിവയ്ക്കുകയുണ്ടായി. പ്രശ്നപരിഹാരത്തിനായി 11-03-2022-ന് മേയറുടെ ചേംബറിൽ ചേർന്ന സർവ്വകക്ഷി യോഗത്തിലെ തീരുമാനവും ജില്ലാ കളക്ടറുടെ നിർദ്ദേശവുംകൂടി പരിഗണിച്ച് പൊതുജന ബോധവൽക്കരണത്തിനായി കോർപ്പറേഷൻ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച സംശയങ്ങളും ചോദ്യങ്ങളും അവയ്ക്കുള്ള മറുപടിയും പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 20-03-2022-ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അമൃത് പദ്ധതിപ്രകാരം നടപ്പിലാക്കിയിട്ടുള്ള ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് സമീപവാസികളെ ഉൾപ്പെടുത്തി സന്ദർശിക്കുകയുണ്ടായി. ഇത്തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് യാതൊരു പാരിസ്ഥിതിക പ്രശ്നമോ സമീപവാസികൾക്ക് പ്രയാസമോ ഉണ്ടാക്കുന്നില്ലെന്ന് നേരിട്ടുകണ്ട് അവർക്ക് ബോദ്ധ്യം വന്നിട്ടുള്ളതാണ്.

ഇതുപോലെയാണ് കണ്ണൂരിലെ പ്ലാന്റിനെ സംബന്ധിച്ചുമുണ്ടായത്. അവിടെ സർവ്വകക്ഷികളും യോജിച്ച് പ്ലാന്റ് വരുന്നതിനെതിരായി നിന്നപ്പോൾ അവിടെയുള്ള ജനങ്ങളും ഇതിനെതിരായിനിന്നു. അവിടെ ഉദ്ഘാടനം നിർവ്വഹിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചിരുന്നത് എന്നെയായിരുന്നു. ഞാനവിടെ പോകുന്നതിനുപകരം, 'നിങ്ങൾ തർക്കമുണ്ടാക്കേണ്ട കാര്യമില്ലെന്നും സമര സമിതിയിലെ ആളുകൾ തിരുവനന്തപുരത്തുവന്ന് ഈ പ്ലാന്റ് കണ്ട് കാര്യങ്ങൾ മനസ്സിലാക്കി പോയാൽ കുഴപ്പമുണ്ടാകില്ലെന്നും' ഞാൻ അവരോട് പറഞ്ഞു. അവർ ഇവിടെ വന്ന് കാര്യങ്ങളെല്ലാം മനസ്സിലാക്കി തിരിച്ചുപോയതിനുശേഷം എതിർപ്പില്ലെന്നുമാത്രമല്ല, അടിയന്തരമായി പണി ആരംഭിക്കാൻ തീരുമാനിക്കുകയും ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുകയുമാണ്. ആവിക്കൽതോട് പദ്ധതിയുടെ ഭാഗമായി യാതൊരുവിധ ആഘാതവും പ്രകൃതിക്കോ ജനങ്ങൾക്കോ ഉണ്ടാകില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഏതാനും ആളുകൾ പദ്ധതിയെ ഇപ്പോഴും എതിർക്കുന്നുവെന്നുള്ളത് സത്യമാണ്. ഇക്കാര്യങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് നല്ല ധാരണയുണ്ടാക്കിക്കൊണ്ടും അവരെ മുഖവിലയ്ക്കെടുത്തുകൊണ്ടും മാത്രമേ ഇത് ഫലപ്രദമായി പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. പോലീസ് നടപടിയെ സംബന്ധിച്ച്

നോട്ടീസിൽ സൂചിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷനിൽ വെള്ളയിൽ ആവിക്കൽതോടിൽ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ നടന്ന പ്രതിഷേധ പ്രകടനങ്ങളും പരിപാടികളുമായി ബന്ധപ്പെട്ട് ആകെ 14 കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ സമരസമിതി 02-07-2022-ന് കോർപ്പറേഷനിലെ മൂന്ന് വാർഡുകളിൽ തീരദേശ ഹർത്താലിന് ആഹ്വാനം ചെയ്തിരുന്നു. ഹർത്താൽ അനുകൂലികൾ അന്നുരാവിലെ ബീച്ച് റോഡിൽ വാഹന ഗതാഗതം തടസ്സപ്പെടുത്തുകയും ക്രമസമാധാന പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്തു. പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടെങ്കിലും അതുകൂട്ടാക്കാതെ ഗതാഗതതടസ്സം സൃഷ്ടിച്ച് സ്ഥലത്ത് പ്രതിഷേധിക്കുന്ന നിലതുടർന്നു. പോലീസ് അവരെ പിരിച്ചുവിടുന്നതിനുള്ള നിലപാടാണ് സ്വീകരിച്ചത്. ഇക്കാര്യത്തിൽ വിവിധ വകുപ്പുകൾപ്രകാരം വെള്ളയിൽ പോലീസ് സ്റ്റേഷനിൽ ക്രൈം 355/2022 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് നൽകിയ നിർദ്ദേശങ്ങൾ ധിക്കരിച്ച് ഇവർ പോലീസിനെ ആക്രമിക്കുകയും ബാരിക്കേഡുകളും കോർപ്പറേഷന്റെ ഇരുമ്പ് തൂണുകളുമുൾപ്പെടെയുള്ള പൊതുമുതൽ നശിപ്പിക്കുകയുമുണ്ടായി. ഇതിനെതിരെ പൊതുമുതൽ നശീകരണ നിയമം ഉൾപ്പെടെയുള്ള

വകുപ്പുകൾപ്രകാരം ക്രൈം 356/2022 നമ്പരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ പരിക്കേറ്റ 8 പോലീസുദ്യോഗസ്ഥർ കോഴിക്കോട് ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന നിലയുണ്ടായി. ആ കേസിൽ ഒരാളെ അറസ്റ്റുചെയ്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുണ്ട്. പരിക്കേറ്റ ഒരാൾ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. എല്ലാ വിഭാഗം ആളുകളുടെയും പരിപൂർണ്ണ പിന്തുണയോടുകൂടിമാത്രമേ ദ്രവമാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ എല്ലാവരുടെയും യോജിച്ച പ്രവർത്തനമാണുണ്ടാകേണ്ടത്.

ഡോ. എം. കെ. മുനീർ: സർ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അവിടെയുള്ള ജനങ്ങൾക്കൊന്നും യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കണമെന്നുള്ളത് അവിടെ എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. എന്നാൽ ഇക്കാര്യത്തിൽ പിടിവാശി ആവശ്യമില്ല. ഗ്രീൻ ട്രിബ്യൂണലിൽ ഇതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് പറയുന്നു. ഈ പ്ലാന്റ് ആവിക്കൽ തോടിൽത്തന്നെ സ്ഥാപിക്കണമെന്ന് ട്രിബ്യൂണൽ പറഞ്ഞിട്ടുണ്ടോ എന്നതാണ് എന്റെ

ചോദ്യം. ആവിക്കൽതോട് പ്രദേശം ബഹുമാനപ്പെട്ട മന്ത്രി വന്ന് കാണണം. മത്സ്യത്തൊഴിലാളികൾ ഒരുമിച്ച് താമസിക്കുന്ന ജനനിബിഡമായിട്ടുള്ള പ്രദേശമാണത്. ഈ സ്ഥലത്തിന്റെ നടുവിലാണ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ പോകുന്നത്. മാത്രമല്ല, ഇതിന്റെ മണ്ണ് പരിശോധന നടന്നത് സംബന്ധിച്ച് അവിടെയുള്ള ആളുകൾ അറിഞ്ഞിട്ടില്ല. ജനങ്ങൾ പ്രതിഷേധിച്ചതിനുശേഷമാണ് ചർച്ചകളിലേയ്ക്ക് പോയത്. അപ്പോഴേയ്ക്കും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, കോൺട്രാക്ടർ ഇത്ര സമയംകൊണ്ട് പണി തീർക്കണമെന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങളെത്തിയിരിക്കുകയാണ്. ആവിക്കൽതോട് പ്രദേശത്തേയ്ക്ക് പല സ്ഥലത്തുനിന്നും എല്ലാ സമയത്തും വെള്ളമെത്താറുണ്ട്. നടക്കാവ്, ചക്കുംകടവ്, ഗാന്ധിറോഡ്, പണിക്കർ റോഡ് എന്നിവിടങ്ങളിലെ വെള്ളം ഒഴുകിയെത്തുന്ന സ്ഥലമാണിത്. ഇപ്പോൾ എല്ലാ മാലിന്യവും കൊണ്ടിടുന്നത് ആവിക്കൽതോടിലാണ്. അതുകൊണ്ടുതന്നെ അവിടെയുള്ള ആളുകൾ പൊറുതിമുട്ടിയിരിക്കുകയാണ്. അതിനുപുറമേ പ്ലാന്റുകൂടി വന്നുകഴിഞ്ഞാൽ എന്തായിരിക്കും സ്ഥിതി? ഇതിന്റെ വാൽവിന് എന്തെങ്കിലും കേട് സംഭവിച്ചാൽ ആ പ്രദേശം മുഴുവൻ മാലിന്യത്തിൽ മുങ്ങുമെന്നുള്ള പേടിയാണ് ജനങ്ങൾക്കുള്ളത്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഗ്രൗണ്ടിലെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ കാര്യം പറഞ്ഞതുപോലെ എത്രയോ നല്ല പ്രദേശങ്ങൾ ഗ്രൗണ്ടായി അവിടെയുണ്ട്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലമുണ്ട്; അതുപോലെ വെങ്ങോലിയിൽ ധാരാളം സ്ഥലമുണ്ട്. ഈ സ്ഥലങ്ങളെല്ലാമുണ്ടായിട്ടും ആവിക്കൽതോടിൽത്തന്നെ ഇത് നടപ്പിലാക്കുമെന്ന് പറയാനുള്ള കാരണമെന്താണ്? അതുകൊണ്ടാണ് ജനങ്ങൾ ഇതിനെതിരെ രംഗത്തിറങ്ങിയത്. അവിടത്തെ മത്സ്യത്തൊഴിലാളികൾ കടലിൽപ്പോയി ഉപജീവനം നടത്തുന്നവരാണ്. ഈ സമരവുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് കഴിഞ്ഞ കുറേദിവസങ്ങളായി അവർക്ക് കടലിൽ പോകാൻ കഴിയുന്നില്ല. അവരുടെ കുടുംബം പട്ടിണിയിലാണ്. അവർ കെട്ടിയ സമരപ്പന്തൽ ഇപ്പോൾ പോലീസ് കയ്യടക്കിയിരിക്കുകയാണ്. സമരം ചെയ്യുന്നവരെ തള്ളിനീക്കി സമരപ്പന്തൽ പോലീസ് കയ്യേറിയ സംഭവം കേരള ചരിത്രത്തിലുണ്ടായിട്ടുണ്ടോ? സമരപ്പന്തലിൽ ഇപ്പോൾ പോലീസുകാരാണെന്ന് പോയി നോക്കിയാൽ കാണാൻ കഴിയും. മാത്രമല്ല, സ്ത്രീകളെയടക്കം അവർ ആക്രമിച്ചു. നാല് സ്ത്രീകൾക്ക് പരിക്കേറ്റിട്ടുണ്ട്. ഇവിടെ മറുപടി പറഞ്ഞ കൂട്ടത്തിൽ അതൊന്നും പറഞ്ഞിട്ടില്ല. 107-ാം വകുപ്പ് ചുമത്തിയാണ് ഇവരുടെ

പേരിൽ കേസ്സെടുത്തിരിക്കുന്നത്. പ്രതിഷേധിക്കുന്നവരെല്ലാം തീവ്രവാദികളാണെന്നാണ് സർക്കാർ നിലപാട്. കെ-റെയിലിനെതിരെ പ്രതിഷേധിച്ചവർ തീവ്രവാദികൾ, ആവിക്കൽതോടിൽ പ്രതിഷേധിച്ചവരും തീവ്രവാദികൾ. ഇവരെല്ലാം തീവ്രവാദികളാണെന്നാണ് ഡെപ്യൂട്ടി മേയർ അവിടെ വന്ന് പറഞ്ഞത്. തീവ്രവാദികളുടെ താവളമായി കേരളം മാറിയെന്ന് പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലജ്ജയില്ലേ? തീവ്രവാദം എന്നത് എല്ലാത്തിൽനിന്നും സർക്കാരിന് രക്ഷപ്പെടാനുള്ള ആയുധമായി പറയുകയാണോ? ഇവരുടെ കയ്യിൽ ആകെയുള്ള ആയുധം പങ്കായമാണ്. അത് അവർ കടലിൽ പോകുമ്പോൾ മാത്രമേ ഉപയോഗിക്കുകയുള്ളൂ. ഈ ചിത്രം ഒന്ന് ശ്രദ്ധിക്കണം. (ഒരു ചിത്രം ഉയർത്തിക്കാട്ടി). അടിച്ചുപരിക്കേൽപ്പിച്ചശേഷം അനങ്ങാൻ പറ്റാതെ കിടക്കുന്ന ഇയാൾ ഏത് ആയുധമെടുത്തെന്നാണ് പറയുന്നത്? മറ്റൊരുദാഹരണംകൂടി സൂചിപ്പിക്കാം. ആ വ്യക്തിയുടെ പേര് റെജീഷ് എന്നാണ്. കണ്ണട ഉപയോഗിക്കാതെ അദ്ദേഹത്തിന് കാണാൻ സാധിക്കില്ല. പ്രശ്നം നടക്കുന്ന സമയത്ത് ഓടുന്നതിനിടയിൽ കണ്ണട താഴെ വീണുപോയി. ഉടൻതന്നെ പോലീസ് വളഞ്ഞിട്ട് അടിക്കുകയായിരുന്നു. നൂറോ ഇരുന്നൂറോ അടി അവന്റെ പുറത്ത് കിട്ടിയിട്ടുണ്ടാകും. ആ സമയത്തും അദ്ദേഹം കണ്ണട

തപ്പിക്കൊണ്ടിരിക്കുകയാണ്. അടിച്ചുപരിക്കേൽപ്പിച്ചെന്നുമാത്രമല്ല, അതിനുശേഷം രണ്ട് പോലീസുകാർ അദ്ദേഹത്തെ തൂക്കിയെടുത്ത് വലിച്ചെറിയുന്ന ചിത്രവും വീഡിയോ ദൃശ്യങ്ങളിലൂടെ ഞാൻ കാണിച്ചുതരാം. ആ നാട്ടിലുള്ള മുഴുവൻ ജനങ്ങളേയും തല്ലിച്ചതച്ചിട്ടാണോ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി മത്സ്യത്തൊഴിലാളികളെക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളത്, 'നാവികരാണ്', 'നമ്മുടെ നാവിക സേനയാണ് ' എന്നാണ്. നാവികസേനയെ ഇങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ വായുസേനയുടെ കാര്യമെന്തായിരിക്കും? നാവിക സേനയിലുള്ള ഓരോരുത്തരേയും ഇഞ്ചിഞ്ചായി ചതച്ചുകൊണ്ടിരിക്കുകയാണ്. അവിടത്തെ ഡെപ്യൂട്ടി മേയർ സംഘർഷാവസ്ഥയുള്ള സ്ഥലത്തെത്തുകയും സംഘർഷം വർദ്ധിപ്പിക്കുകയുമാണ് ചെയ്തത്. ഓരോ സമയവും എന്തിനാണ് അവരെ അസ്വസ്ഥരാക്കിക്കൊണ്ടിരിക്കുന്നത്; എത്രപേർക്കാണ് പരിക്ക് പറ്റിയിട്ടുള്ളതെന്ന് അറിവുണ്ടോ? അവിടെ തീവ്രവാദികളൊന്നുമല്ല, എല്ലാ രാഷ്ട്രീയ കക്ഷികളുമുണ്ട്. ഇപ്പോൾ അടി കിട്ടിയെന്ന് പറഞ്ഞയാൾ സി.പി.ഐ.(എം) അനുഭാവിയായിരുന്നു. രക്ഷയില്ലാതെ അദ്ദേഹം പാർട്ടി മാറി ഇങ്ങോട്ട് വന്നതാണ്. സി.പി.ഐ.(എം) അനുഭാവികൾക്കൊന്നും അവിടെ നിൽക്കാൻ കഴിയുന്നില്ല. അവർ പാർട്ടി മാറിക്കൊണ്ടിരിക്കുന്ന

കാലഘട്ടത്തിലാണ് ആവിക്കൽതോടിൽ എല്ലാവരുടേയും സമ്മതത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് പറയുന്നത്. കോഴിക്കോട് ജില്ലയിലെ ഏത് പാർട്ടിയാണ് ഇതിന് സമ്മതിക്കുന്നത്? സംസ്ഥാന നേതൃത്വവുമായും ഇവിടെയിരിക്കുന്ന നേതാക്കളുമായും ആലോചിച്ച് മറ്റൊരു സ്ഥലത്തേയ്ക്ക് അത് മാറ്റുന്നതിൽ ആർക്കും ഒരു പ്രശ്നവുമില്ല. ട്രീറ്റ്മെന്റ് പ്ലാന്റ് വരണമെന്നുതന്നെയാണ് അവരുടെ ആഗ്രഹം. പക്ഷേ ജനങ്ങൾ തിങ്ങിവസിക്കുന്ന പ്രദേശത്ത് അവരുടെ താൽപ്പര്യങ്ങൾക്കെതിരെ, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും പറയാതെ മണ്ണ് പരിശോധനയടക്കം നടത്തി, അവർക്ക് നേരെ വിളയാട്ടം നടത്താമെന്ന് പോലീസ് വിചാരിച്ചാൽ അത് നടക്കാൻ പോകുന്ന കാര്യമല്ലെന്ന് മാത്രമാണെനിക്ക് പറയാനുള്ളത്. ജനങ്ങൾ ഇതിനെ പ്രതിരോധിക്കുന്ന അവസ്ഥയിൽ ഞങ്ങൾക്ക് ജനങ്ങളുടെ കൂടെ നിൽക്കേണ്ടിവരും. ഇതുസംബന്ധിച്ച് സർവ്വകക്ഷി യോഗം ചേർന്ന് ചർച്ചയ്ക്കുള്ള വഴിയൊരുക്കണം. അതിനുശേഷം മറ്റ് പ്രദേശങ്ങൾകൂടി പരിഗണിക്കണം. പണം നഷ്ടപ്പെടാതെ നമുക്ക് നോക്കാം. ജനവികാരം മാനിക്കാതെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇത് ചെയ്യുന്നതെങ്കിൽ ഒരിക്കലും അതവിടെ നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥാവിശേഷമുണ്ടാകും.

അവിടത്തെ സ്ത്രീകളുടെ മാനസികാവസ്ഥ ദയവായി അങ്ങ് മനസ്സിലാക്കണം. കൊച്ചുകുട്ടികളേയുംകൊണ്ട് രാവും പകലും അവർ സമരത്തിലാണ്. വീടുകളിൽ പോകുന്നില്ല, വീട്ടിൽ ഭക്ഷണമുണ്ടാക്കാൻപോലും കഴിയാത്ത രീതിയിൽ അവർ സമരത്തോടൊപ്പം നിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങളാരെങ്കിലും അവിടത്തെ സ്ത്രീകളോടൊന്ന് സംസാരിക്കണം. റെജീഷ് എന്ന ചെറുപ്പക്കാരന്റെ ഉമ്മയും സഹോദരിയും നോക്കി നിൽക്കെയാണ് അവനെ അടിക്കുന്നത്. അവന് കാഴ്ചക്കുറവാണെന്നും കണ്ണട താഴെ പോയതുകൊണ്ടാണ് അവൻ അവിടെത്തന്നെയിരിക്കുന്നതെന്നും ആ സംഘർഷത്തിനിടയിൽ അവന്റെ ഉമ്മ ഉറക്കെ വിളിച്ചുപറയുന്നുണ്ട്. അവൻ നിലത്തിരുന്ന് കണ്ണട തപ്പിക്കൊണ്ടിരിക്കുമ്പോൾ അവനെ അടിക്കുന്ന രംഗം ഹൃദയം എന്നൊന്നുണ്ടെങ്കിൽ കണ്ണിൽനിന്ന് ഒരിറ്റ് കണ്ണീരുവരാതെ കാണാൻ കഴിയില്ല. ഇത്തരത്തിൽ ക്രൂരമായി ജനങ്ങളെ തല്ലിച്ചതച്ചുകൊണ്ട് ഒരു ട്രീറ്റ്മെന്റ് പ്ലാന്റുണ്ടാക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ് (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... ശ്രീ. പി. കെ. ബഷീർ താങ്കൾ

സീറ്റിലിരിക്കണം. സബ്മിഷനിൽ സാധാരണ അങ്ങനെ അനുവദിക്കാറില്ല. അടിയന്തരപ്രമേയത്തിൽ ബന്ധപ്പെട്ട മണ്ഡലത്തിലെ അംഗത്തിനെ വിഷയം ചുരുക്കി അവതരിപ്പിക്കാൻ അനുവദിക്കാറുണ്ട്. അതാണ് കീഴ്വഴക്കം. കീഴ്വഴക്കമനുസരിച്ചാണ് പോകുന്നത്. കീഴ്വഴക്കം നോക്കിയാൽ മതി. നിങ്ങളാദ്യംപോയി കീഴ്വഴക്കമെന്താണെന്ന് നോക്കണം. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, അങ്ങ് സംസാരിക്കുന്നുണ്ടോ? (....ബഹളം.....) ഞാൻ പറഞ്ഞല്ലോ സബ്മിഷനിൽ സാധാരണ അങ്ങനെ അനുവദിക്കാറില്ല. അടിയന്തരപ്രമേയത്തിൽ അനുവദിക്കാറുണ്ട്. എല്ലാവരും സീറ്റിലിരിക്കണം. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ....., (.....ബഹളം.....) അങ്ങേയ്ക്കാണ് മൈക്ക്. അങ്ങ് സംസാരിക്കുന്നുണ്ടെങ്കിൽ സംസാരിക്കണം. (.....ബഹളം.....)

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ ഒരു പ്രവൃത്തിയാണിത്. (.....ബഹളം.....) ഞാൻ കോർപ്പറേഷൻ മേയറായിരിക്കെ കൊണ്ടുവന്ന ഒരു പദ്ധതിയാണ്. അമൃത് പദ്ധതിയിൽ 120 കോടി രൂപ വകയിരുത്തി അന്നത്തെ കോർപ്പറേഷൻ കൗൺസിൽ ഐകകണ്ഠ്യേന അംഗീകരിച്ചിട്ടുള്ള പദ്ധതിയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി വിശദീകരിച്ചതുപോലെ കേരളത്തിലുടനീളം നടപ്പിലാക്കേണ്ട ഏറ്റവും നല്ല പദ്ധതിയാണിത്.

അവിടെയുള്ള ആളുകളാരും സ്വീവേജ് പദ്ധതി നടപ്പിലാക്കരുതെന്ന് പറയുമെന്ന് എനിക്ക് തോന്നുന്നില്ല.

മി. സ്പീക്കർ: ദയവായി താങ്കൾ ചുരുക്കി സംസാരിക്കണം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, വളരെ പ്രാധാന്യമർഹിക്കുന്ന പദ്ധതിയാണിത്. ആരുടെയും സ്ഥലം കയ്യേറിയിട്ടോ ഏറ്റെടുത്തിട്ടോ അല്ല ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. കോർപ്പറേഷൻ അധീനതയിലുള്ള 74 സെന്റ് സ്ഥലമാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. വെസ്റ്റ് ഹിൽ മുതൽ കോതി വരെയുള്ള 13 എം.എൽ.ഡി.-യുടെ പദ്ധതിയാണ്. അത് രണ്ടാക്കി തിരിച്ച്, 7 എം.എൽ.ഡി.-യുടെ പദ്ധതി ആവിക്കലും 6 എം.എൽ.ഡി. യുടെ പദ്ധതി കോതിയിലുമാക്കി മാറ്റി ചെയ്തതാണ്. അത്രയും സൗകര്യം ചെയ്തുകൊടുത്തതാണ്. എന്നിട്ടുപോലും അവിടത്തെ എസ്.ഡി.പി.ഐ. പ്രവർത്തകരും വെൽഫെയർ പാർട്ടിക്കാരും ചേർന്ന് വ്യാപകമായി അനാവശ്യ പ്രചരണങ്ങൾ നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിന്റെ ഭാഗമായി ഞാൻ ഡോ. എം. കെ. മുനീറിന്റെ വീട്ടിൽ പോയി അദ്ദേഹത്തെ നേരിൽക്കണ്ട് പലതവണ ഈ വിഷയം സംസാരിച്ചിരുന്നു. എന്നിട്ടൊന്നും അദ്ദേഹം വഴങ്ങാതെ ഒരുപാട് പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്

യഥാർത്ഥത്തിൽ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ പദ്ധതി മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകാൻ കഴിയില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി പരിശോധിക്കട്ടെ. ആർക്കും വിരോധമില്ല. എവിടെ വേണമെങ്കിലും നടപ്പിലാക്കിക്കൊള്ളട്ടെ. പക്ഷെ ഇത്രയധികം ആളുകൾക്ക് പ്രയോജനപ്പെടുന്ന ഏറ്റവും വലിയൊരു പദ്ധതി ഇത്തരത്തിലുള്ള തർക്കങ്ങൾ ഉന്നയിച്ച് നഷ്ടപ്പെടുത്തണമോയെന്നാണ് ആലോചിക്കേണ്ടത്. അവിടെയുള്ള ജനങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇവിടെയിരിക്കുന്ന അംഗങ്ങളെല്ലാം സ്വീവേജ് പദ്ധതി എന്താണെന്ന് അറിയുന്നവരാണ്. പ്രതിപക്ഷം ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത് ഒട്ടും ശരിയായ നടപടിയല്ല. എല്ലാവരെയും ബോധ്യപ്പെടുത്തിയശേഷം ഈ പദ്ധതിയിൽ എന്തുവേണമെങ്കിലും ചെയ്യാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഇല്ല. ശ്രീ. എ. പി. അനിൽകുമാർ, കീഴ്വഴക്കം പരിശോധിച്ചാൽ ഇതുസംബന്ധിച്ച് കൃത്യമായി അങ്ങേയ്ക്ക് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട ഒരംഗത്തിന്റെ മണ്ഡലത്തിലെ വിഷയത്തിന് മറ്റൊരംഗമാണ് നോട്ടീസ് നൽകിയതെങ്കിൽ ആ അംഗത്തെ അനുവദിക്കാറുണ്ട്. (....ബഹളം....)

ശ്രീ. പി. കെ. ബഷീർ, അടിയന്തരപ്രമേയവും സബ്മിഷനും തമ്മിലുള്ള വ്യത്യാസമാണ് ആദ്യം മനസ്സിലാക്കേണ്ടത്. ഇന്നലെ സഭയിൽ സബ്മിഷനാണ് ചോദിച്ചത്. അദ്ദേഹം നോട്ടീസ് നൽകിയിരുന്നില്ല. ഇന്നത്തെ വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം നേരത്തെ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ വിഷയമാണിത്. ആ നിലയിൽ എല്ലാം കീഴ്വഴക്കവും നോക്കിയാണ് ചെയ്തിരിക്കുന്നത്. (.....ബഹളം.....) പോയിന്റ് ഓഫ് ഓർഡർ അനുവദിക്കില്ല.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, മുൻ മന്ത്രിയായ ഡോ. എം. കെ. മുനീർ ഇവിടെ കാര്യങ്ങൾ വിശദീകരിക്കുന്ന കൂട്ടത്തിൽ ഗവൺമെന്റിന് എന്തോ പിടിവാശിയും ദുർവാശിയുമുണ്ടെന്ന രീതിയിൽ പറയുകയുണ്ടായി. ഗവൺമെന്റിന് ഒരു പിടിവാശിയും ദുർവാശിയും ഇക്കാര്യത്തിലില്ല. എവിടെയായാലും മാലിന്യ സംസ്കരണ പ്ലാന്റ് വരുമെന്ന് പറയുമ്പോൾ കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങളെല്ലാവരും അത്തരം പ്ലാന്റുകൾക്കെതിരെ മുന്നോട്ടുവരുന്ന സ്ഥിതിയാണ് പൊതുവെയുള്ളത്. ബോധവൽക്കരണത്തെ അടിസ്ഥാനപ്പെടുത്തി മാത്രമേ അതിൽനിന്ന് ജനങ്ങളെ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളൂ. ഇവിടെയും അതുതന്നെയാണ്

ബഹുമാനപ്പെട്ട അവതാരകൻ ചൂണ്ടിക്കാണിച്ചത്. ഡോ. എം. കെ. മുനീർ പറഞ്ഞത് ഞങ്ങളാരും ഈ പ്ലാന്റിനെതിരല്ലായെന്നാണ്. അവിടെ ഒന്നിൽ കൂടുതൽ പ്രാവശ്യം സർവ്വകക്ഷിയോഗം വിളിച്ചുചേർത്തിരുന്നു. ഏറ്റവും അവസാനം വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിലും ഇത് വേണമെന്നുതന്നെയാണ് എല്ലാവരും ഏകകണ്ഠമായി പറഞ്ഞത്. അതിനെത്തുടർന്നാണ് കളക്ടറും എസ്.പി.-യും ഉൾപ്പെടെയുള്ളവരെല്ലാം ഇത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങിയത്. നിർദ്ദിഷ്ട മാലിന്യ പ്ലാന്റ് മാലിന്യം നീക്കംചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. അവിടെ ഒഴുകിയെത്തുന്ന മലിനജലം അവിടെത്തന്നെ കെട്ടിക്കിടക്കുകയാണ്. ആ മലിനജലമുൾപ്പെടെ ദ്രവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാന്റ്വഴി സംസ്കരിക്കാൻ സാധിക്കുന്നതാണ്. ഈ പ്രദേശത്ത് കുമിഞ്ഞുകൂടി കിടക്കുന്ന ദ്രവമാലിന്യം പൂർണ്ണമായും സംസ്കരിക്കുന്നതിനുവേണ്ടി സാധിക്കുന്ന ഒന്നാണിത്. അവിടെയെല്ലാവരും ചേർന്നുകൊണ്ടാണ് ഈ തീരുമാനമെടുത്തത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 74 സെന്റ് സ്ഥലം പൂർണ്ണമായും കോർപ്പറേഷന്റെ അധീനതയിലുള്ളതാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്നുവെന്നുള്ളത് ശരിതന്നെയാണ്. കേരളത്തിൽ ഏതെങ്കിലും പ്രദേശം ജനങ്ങൾ തിങ്ങിപ്പാർക്കാത്ത സ്ഥലമാണോ? തിരുവനന്തപുരം

മെഡിക്കൽ കോളേജ് കോമ്പൗണ്ടിലെ പ്ലാന്റിനെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞല്ലോ. എല്ലാ സൗകര്യങ്ങളോടുംകൂടിയുള്ള സംവിധാനമാണ് രൂപപ്പെടുത്തിയിട്ടുള്ളത്. ഒരു റൗണ്ടുകൂടി സംസ്കരണത്തിനുവേണ്ടി തയ്യാറായാൽ ശുദ്ധജലമായി ഉപയോഗിക്കാൻ കഴിയുമെന്നാണ് ശാസ്ത്രജ്ഞർ പറഞ്ഞത്. ഒരുതരത്തിലുള്ള യന്ത്രസാമഗ്രികളുടെ തകരാറും അവിടെയുണ്ടാകാൻ സാദ്ധ്യതയില്ല. കാരണം ഓരോ നിമിഷവും അതുസംബന്ധിച്ച് കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് 10 വർഷത്തേയ്ക്ക് കോൺട്രാക്ടർക്ക് ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യതയോടുകൂടിയാണ് ടെണ്ടർ ചെയ്യുന്നത്. അപ്പോൾ ഒരു തരത്തിലുമുള്ള പ്രശ്നവുമുണ്ടാകില്ല. അവിടെ സംസ്കരിക്കുന്ന ജലം 3 കിലോമീറ്റർ ചുറ്റളവിൽ കൃഷിക്കുപയോഗിക്കാൻ സാധിക്കുന്നതാണ്. അല്ലെങ്കിൽ വേറെ എന്താവശ്യത്തിന് വേണ്ടിയാണെങ്കിലും ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പിന്നെ എവിടെയാണ് മാലിന്യത്തിന്റെ പ്രശ്നം വരുന്നത്? യാതൊരുതരത്തിലുള്ള പ്രശ്നവും സൃഷ്ടിക്കില്ലെന്നുമാത്രമല്ല, മാലിന്യ പ്ലാന്റ്‌വഴി മാലിന്യമില്ലാത്ത ശുചിത്വമാർന്ന ഒരു പ്രദേശമാക്കി മാറ്റുകയാണ് ചെയ്യുന്നത്. അവിടെ സമരമുണ്ടായി എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചു. യഥാർത്ഥത്തിൽ സമരത്തിനുപിന്നിൽ പ്രവർത്തിച്ചത് എസ്.ഡി.പി.ഐ.-

യും ജമാഅത്തെ ഇസ്ലാമിയുംതന്നെയാണ്. ഒരുസംശയവും വേണ്ട; അവരാണ് ഇതിന്റെ പ്രചാരകരായത്. (.....ബഹളം.....) സർവ്വകക്ഷികൾ പൂർണ്ണമായും അംഗീകരിച്ചതിനുശേഷം അവിടെ കുഴപ്പമുണ്ടാക്കണമെങ്കിൽ തീവ്രവാദ പ്രവർത്തനങ്ങൾകൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ. എല്ലാവരും അതിനുപിന്നിലേയ്ക്ക് വരാൻ സാദ്ധ്യതയുണ്ടെന്നുള്ളത് വേറെകാര്യം. സമരത്തിന് നേതൃത്വപരമായ പങ്കുവഹിക്കാൻ ഒരു രാഷ്ട്രീയപാർട്ടിയും ഉണ്ടായിരുന്നില്ല. പിന്നെയുണ്ടായിരുന്നത് എസ്.ഡി.പി.ഐ.-യും ജമാഅത്തെ ഇസ്ലാമിയും ഉൾപ്പെടെയുള്ള തീവ്രവാദ വിഭാഗങ്ങൾ തന്നെയാണ്. (..... ബഹളം.....) അല്ലെങ്കിൽ അവർ ഉപയോഗിച്ച തെറ്റായ പ്രചരണത്തിൽ വശംവദരായ ആളുകളാണ് അതിൽ കുടുങ്ങിപ്പോയിട്ടുള്ളത്. അവരെയെല്ലാം ശരിയായ ദിശയിലേയ്ക്ക് നയിക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിന് ബഹുമാനപ്പെട്ട മുനീർ ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയപാർട്ടികളിലുംപെട്ട പ്രതിനിധികൾ സജീവമായി രംഗത്തിറങ്ങിയാൽ ഈ പ്രശ്നം പരിഹരിക്കാനാകും.

ഇവിടെ പോലീസുകാരുടെ മർദ്ദനമേറ്റ കാര്യം സൂചിപ്പിച്ചു. പരിക്കേറ്റ 8 പോലീസുകാർക്കാണ് ജനറൽ ആശുപത്രിയിൽ കിടക്കേണ്ടിവന്നത്. ഇങ്ങനെയുള്ള സംഭവം അവിടെയുണ്ടാകണമെന്ന് ആരും ആഗ്രഹിക്കുന്നില്ല.

സ്വീവേജ് പ്ലാന്റുപോലുള്ള ദ്രവമാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള സംവിധാനമൊരുക്കാതെ കേരളത്തിന് മുന്നോട്ടുപോകാൻ സാധിക്കില്ല. 'നവകേരളം' എന്ന കേരളത്തിന്റെ കാഴ്ചപ്പാട് നടപ്പിലാക്കുന്നതിന് വികസനപ്രവർത്തനത്തിന്റെ ഭാഗമായുള്ള വളരെ പ്രധാനപ്പെട്ട ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ. ജനങ്ങളെ അതിന്റെ ശാസ്ത്രീയത ബോദ്ധ്യപ്പെടുത്തുന്നതിന് നമ്മളെല്ലാവരും ചേർന്നുള്ള ബോധപൂർവ്വമായ പ്രവർത്തനമുണ്ടാകണമെന്നും ശാസ്ത്രീയ മാലിന്യസംസ്കരണ കേന്ദ്രങ്ങളില്ലാതെ നമ്മുടെ നാടിന് മുന്നോട്ടുപോകാനാവില്ലെന്നുമാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ആവിക്കൽ തോടിന്റെ നിലവിലെ അവസ്ഥ ഈ മാലിന്യപ്ലാന്റ് സ്ഥാപിക്കുന്നതുവഴി മാറ്റുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. മാലിന്യം കുന്നുകൂടുന്ന സ്ഥിതിയല്ല ഉണ്ടാവുക, അത് പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. അതിന് എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന്റെ അനന്തരഫലമായുണ്ടായ കാര്യങ്ങളെല്ലാം ഗൗരവത്തോടുകൂടിത്തന്നെയാണ് കണ്ടത്. കാരണം എട്ടോളം പോലീസുകാർക്ക് ആശുപത്രിയിൽ കിടക്കേണ്ട അവസ്ഥവന്ന പശ്ചാത്തലം കൂടി കണ്ടുകൊണ്ടുവേണം അവിടെയുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ.

എല്ലാവരുടെയും പിന്തുണയോടുകൂടി ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കണം. കോർപ്പറേഷന്റെ അധീനതയിലുള്ള 74 സെന്റ് സ്ഥലം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാം. കോർപ്പറേഷനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഇതിനെ മാറ്റണമെന്നാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്വീവേജ് പ്ലാന്റ് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ അത്രയും ഡെസ്റ്റിനേഷൻ കേന്ദ്രമാക്കുകയാണ്. കോഴിക്കോട് കോർപ്പറേഷന്റെ 74 സെന്റ് സ്ഥലം ഇതിന് എടുക്കേണ്ടിവരില്ല. കോഴിക്കോട് പട്ടണത്തിന്റെ അടുത്തുള്ള 74 സെന്റ് സ്ഥലത്ത് ആളുകളെ ആകർഷിക്കുന്ന ഒരു പൂന്തോട്ടം, കുട്ടികൾക്ക് ഉല്ലസിക്കുന്നതിനുവേണ്ടിയുള്ള ഒരു പാർക്കുൾപ്പെടെ നിർമ്മിക്കാനാകും. മാലിന്യ സംസ്കരണ പ്ലാന്റ് എന്ന് കേൾക്കുമ്പോൾ നമ്മുടെ ബോധത്തിനുതന്നെ മാറ്റം വരികയാണ്. അത് മാറണം. നേരെമറിച്ച്, മാലിന്യ സംസ്കരണ പ്ലാന്റ് പരിഷ്കൃതസമൂഹത്തിന്റെ ഭാഗമായി അത്യന്താധുനിക രീതിയിലുള്ളതാണ്. ടെക്നോളജി ഉപയോഗിച്ചാണ് അവിടെ പ്രവർത്തിക്കാനുദ്ദേശിക്കുന്നത്. അതുകൂടി വന്നാൽ കോഴിക്കോട് പട്ടണത്തിന്റെ ഏറ്റവും അടുത്തുള്ള പ്രദേശത്ത് നല്ലൊരു ഡെസ്റ്റിനേഷനായി അതിനെ രൂപപ്പെടുത്താൻ കഴിയും. അതിനുവേണ്ടി കോർപ്പറേഷൻകൂടി ശ്രമിക്കുമെന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്.

യാതൊരുതരത്തിലുള്ള മാലിന്യപ്രശ്നവും അവിടെ പിന്നീടുണ്ടാകാൻ പോകുന്നില്ല; ഉള്ള പ്രശ്നം പരിഹരിക്കപ്പെടുകയാണ് ചെയ്യുക. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിൽ ഫസ്റ്റ് പ്രയോറിറ്റി കൊടുക്കേണ്ടത് ഖര-ദ്രവ-മാലിന്യ സംസ്കരണത്തിനാണ് എന്നതിനോട് ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നു. സർക്കാർ ഇത്തരത്തിൽ ചെയ്യുന്ന എല്ലാ പദ്ധതികൾക്കും പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകും. ഇവിടെയുള്ള പ്രശ്നമെന്താണ്; അങ്ങ് കോഴിക്കോട് ആവിക്കൽതോട് എന്ന സ്ഥലത്ത് പോയിട്ടുണ്ടോ? ഞാൻ ആ സ്ഥലത്ത് പോയ ആളാണ്. ആ സ്ഥലം നിങ്ങൾ പോയി കാണണം. ഇതുപോലൊരു പദ്ധതി നടപ്പാക്കാൻ പറ്റിയ സ്ഥലമാണോയെന്ന് പരിശോധിക്കണം. മത്സ്യത്തൊഴിലാളികളുൾപ്പെടെ ആയിരക്കണക്കിനാളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. അവിടെയുള്ള സാധാരണക്കാരായ മനുഷ്യർക്ക്

ഇപ്പോൾത്തന്നെ ജീവിക്കാൻ കഴിയുന്നില്ല. മണ്ണെണ്ണയുടെ വില നമുക്കെല്ലാമറിയാം, കടലിൽ പോകാൻ കഴിയുന്നില്ല; കടലിൽ മത്സ്യലഭ്യത കുറവാണ്. ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന, ദുരിതമനുഭവിക്കുന്ന സമൂഹത്തിലെ ആളുകളാണ്. അവിടെ വീടുകൾ അടുക്കിയടുക്കിവച്ചിരിക്കുന്നതാണ്. അതിനിടയിൽ കോർപ്പറേഷന് സ്ഥലമുണ്ടെന്ന് കരുതി അവിടെയാണോ ഇത് സ്ഥാപിക്കേണ്ടത്? അവിടെ പുഴയ്ക്ക് സമാനമായ വീതിയേറിയ ഒരു തോടുണ്ട്. ആ തോടിന്റെ കരയിലാണ് ഈ മാലിന്യപ്ലാന്റ് സ്ഥാപിക്കുന്നത്. ഒരു വണ്ടി അങ്ങോട്ടുപോയാൽ എതിരെ വരുന്ന വണ്ടിക്ക് സൈഡ് കൊടുക്കാൻപോലും സ്ഥലമില്ലാതെ വളരെ ഇടുങ്ങിയ പ്രദേശമാണത്. അവിടെ നേരത്തെ തണ്ണീർത്തടമായിരുന്ന സ്ഥലം നികത്തിയെടുത്തതാണ്. നിങ്ങൾക്ക് ഇത്രയും സുതാര്യമായ പൂന്തോട്ടമുണ്ടാക്കാനുള്ള പദ്ധതിയായിരുന്നെങ്കിൽ, ഇവിടെ പൂന്തോട്ടം കൊണ്ടുവരാം, ഗംഭീരമാക്കാം എന്നൊക്കെ നേരത്തെ നിങ്ങൾ ജനങ്ങളോട് പറയണ്ടേ; നിങ്ങൾ അങ്ങനെയല്ലല്ലോ ചെയ്തത്? അവിടെ പാർക്കിംഗ് സ്പേസ് എന്ന വ്യാജേന തണ്ണീർത്തടം നികത്തുന്നു, അവിടെയുള്ള ജനങ്ങൾ അറിയുന്നില്ല, വാർഡ് കൗൺസിലർ അറിയുന്നില്ല. ഒരു എസ്.ഡി.പി.ഐ.-യും ഒരു വെൽഫെയർ പാർട്ടിയുമല്ല, യു.ഡി.എഫ്.-ന്റെ കൗൺസിലറാണ്

അവിടെയുള്ളത്. യു.ഡി.എഫ്. വലിയ ഭൂരിപക്ഷത്തിൽ ജയിക്കുന്ന സ്ഥലമാണത്. കൗൺസിലർപോലും അറിയാതെ അവിടെയൊരു പദ്ധതി വരികയാണ്. ഏത് പദ്ധതി കൊണ്ടുവരുമ്പോഴും അത് സുതാര്യമായി കൊണ്ടുവരണ്ടേ? (.....ബഹളം.....) ഞാൻ മന്ത്രിയോടാണ് പറയുന്നത്.

മി. സ്പീക്കർ: പ്ലീസ്....., പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: ഞാൻ എത്ര സംയമനത്തോടുകൂടി, എത്ര മര്യാദയോടുകൂടിയാണ് സംസാരിക്കുന്നത്. എന്തിനാണ് നിങ്ങൾ പ്രകോപിപ്പിക്കുന്നത്? (...ബഹളം...) പ്രതിപക്ഷനേതാവ് പ്രസംഗിക്കുമ്പോൾ നിരന്തരമായി ശല്യപ്പെടുത്തണമെന്ന് നിങ്ങൾ തീരുമാനിച്ചാൽ നടപ്പാക്കുക. ഞങ്ങൾ 41 പേരെയുള്ളൂ. അങ്ങോട്ടും നടപ്പാക്കാം. നിരന്തരമായി ശല്യപ്പെടുത്തുകയാണ്. വളരെ ഗൗരവത്തോടുകൂടി ഞാനൊരു കാര്യം അവതരിപ്പിക്കുകയാണ്. പാവപ്പെട്ട മനുഷ്യരുടെ സങ്കടങ്ങൾ പറയുകയല്ലേ; അതിവിടെയല്ലാതെ എവിടെപ്പോയി പറയണം; അസംബ്ലിയുടെ മുമ്പിൽ മൈക്ക് കെട്ടിവച്ച് പറഞ്ഞാൽ മതിയോ; നിയമസഭയിൽ പറയണ്ടേ; അതിനല്ലേ ഞങ്ങൾ തെരഞ്ഞെടുക്കപ്പെട്ട് ഇവിടെ വന്നിരിക്കുന്നത്? ആര് തടസ്സപ്പെടുത്തിയാലും ഞങ്ങൾ അവതരിപ്പിക്കും. ഇതൊന്നും ശരിയല്ല. ഗൗരവമുള്ള കാര്യമാണ്. തണ്ണീർത്തടം നികത്തി ആരുമറിയാതെ

കൊണ്ടുവരികയാണ്. (....ബഹളം....)

മി. സ്പീക്കർ: ഇങ്ങനെ പോകാനാവില്ല. അദ്ദേഹം സംസാരിക്കട്ടെ. (....ബഹളം....) പ്രതിപക്ഷനേതാവ് തുടരൂ. ചെയർ നോക്കുന്നുണ്ട്. ഇങ്ങനെ തുടർച്ചയായി ഇടപെട്ടുകൊണ്ടിരിക്കാൻ പറ്റില്ല. പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. നിങ്ങളിരിക്കൂ. (....ബഹളം....) ഇരുകൂട്ടരോടും ആവർത്തിച്ച് പറയാറുള്ളതാണ്. ഇപ്പോൾ അദ്ദേഹത്തിന് സംസാരിക്കാനുള്ള അവസരമാണ്. നിങ്ങൾ സമയം കവർന്നെടുക്കരുത്. (....ബഹളം....) ശ്രീ. പി. കെ. ബഷീർ, എല്ലാവരും ഇരുന്നാലും അങ്ങേയ്ക്ക് ഇരിക്കാൻ പറ്റില്ലേ?

ശ്രീ. വി. ഡി. സതീശൻ: വിളപ്പിൽശാല ഉൾപ്പെടെയുള്ള അനുഭവ പാഠങ്ങൾ നമ്മുടെ മുമ്പിലുണ്ട്. എല്ലാവരും തൃക്കാക്കരയിൽ വന്നതാണല്ലോ; തൃക്കാക്കരയുടെ അതിർത്തിയിൽ കടമ്പ്രയാർ ഒഴുകുന്നുണ്ട്. കടമ്പ്രയാറിന്റെ ഇപ്പുറത്തുനിന്ന് നോക്കിയാൽ ബ്രഹ്മപുരം പ്ലാന്റ് കാണാം. എന്തായിരുന്നു പരാതി? ബ്രഹ്മപുരത്തുകാരെ നിങ്ങളൊന്നും കണ്ടിട്ടില്ല, അക്കരെ പോയിട്ടില്ല. കാരണം തൃക്കാക്കരയിൽ അവർക്ക് വോട്ടില്ല. പക്ഷേ അപ്പുറത്തുള്ള മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതിന്റെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഇപ്പുറത്തുള്ള ഫ്ലാറ്റുകളിലും വീടുകളിലുമുള്ള ആളുകൾക്ക്

ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുകയാണ്. ഞങ്ങളൊക്കെ അവിടെപ്പോയി. ഒരുപാട് പ്രശ്നങ്ങൾ അവർ പറയുകയാണ്. കണ്ടാൽ സഹിക്കില്ല. ബ്രഹ്മപുരം പ്ലാന്റ് ഞാനൊരു ഫ്ലാറ്റിന്റെ മുകളിൽ കയറി നോക്കി. മാലിന്യം മുഴുവനും കടമ്പ്രയാറിലേയ്ക്ക് ഒഴുകിപ്പോകുകയാണ്. കോർപ്പറേഷനുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇങ്ങനെയാണ് മാലിന്യ പ്ലാന്റുകൾ കൈകാര്യം ചെയ്യുന്നതെങ്കിൽ നമ്മൾ എവിടെപ്പോയെത്തും; വിളപ്പിൽശാലയിലെ അനുഭവം ഉണ്ടായതെന്താണ്?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിളപ്പിൽശാല മാലിന്യ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ടി പന്ത്രണ്ട് ഏക്കർ ആറ് സെന്റ് ഭൂമി കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്ന അവസരത്തിലാണ് വാങ്ങിയത്. ഞാൻ തിരുവനന്തപുരം കോർപ്പറേഷൻ മേയറായി വന്ന അവസരത്തിലാണ് ബി.ഒ.ടി. അടിസ്ഥാനത്തിൽ കോർപ്പറേഷനോ ഗവൺമെന്റിനോ യാതൊരു ചെലവുമില്ലാതെ ഇന്ന് ലോകത്തെമ്പാടും പരീക്ഷിച്ചുകൊണ്ടിരിക്കുന്ന, വിജയിച്ചുകൊണ്ടിരിക്കുന്ന വളനിർമ്മാണ ഫാക്ടറി അവിടെ സ്ഥാപിച്ചത്. എല്ലാ പാർട്ടികളും സമ്മതിച്ചു. വിജയവാഡയിൽ ഒരു ഫാക്ടറി കൊണ്ടുകാണിച്ചു. പതിനഞ്ച് വർഷം നന്നായി മുന്നോട്ടുപോയിരുന്നു. തെരഞ്ഞെടുപ്പ് സമയത്ത് യു.ഡി.എഫ്.

നേതാക്കൾ അവിടെ വന്ന് 'ഞങ്ങൾ ഈ പ്രാവശ്യം ജയിക്കുമെങ്കിൽ ഈ വിളപ്പിൽശാല പൂട്ടും' എന്ന് പ്രസംഗിച്ചു. ശ്രീ. ശക്തൻ നാടാർ അവിടെ ജയിച്ചു. ആ വാക്ക് പാലിക്കുന്നതിനുവേണ്ടി ബോധപൂർവ്വം രാഷ്ട്രീയപരമായി ആ സ്ഥാപനം പൂട്ടിയതാണ്. അതുകൊണ്ട് പറഞ്ഞുപറഞ്ഞ് വിളപ്പിൽശാല എന്തോ വലിയ പ്രശ്നമാണെന്ന നിലയിലാക്കേണ്ട കാര്യമില്ല.

ശ്രീ. വി. ഡി. സതീശൻ: വിളപ്പിൽശാലയുടെ കാര്യമല്ല ഇവിടെ ചർച്ച ചെയ്യുന്നത്. ഞാൻ ഒരു സൂചന തന്നതാണ്. ജനങ്ങളുടെ എതിർപ്പ് എങ്ങനെയാണുണ്ടായത്? നഗരത്തിന്റെ വിഴുപ്പും നഗരത്തിന്റെ മുഴുവൻ മാലിന്യങ്ങളും ഏറ്റുവാങ്ങേണ്ട സ്ഥലമാണോ ഗ്രാമം? അങ്ങനെയുള്ള സ്ഥലമല്ലല്ലോ. നിങ്ങൾ ആലോചിക്കണം. നല്ല ഉദ്ദേശ്യത്തിലായിരിക്കും ഭൂമി വാങ്ങിയത്. നല്ല ഉദ്ദേശ്യത്തിലായിരിക്കും പ്ലാന്റ് തുടങ്ങിയത്. പക്ഷേ അവിടെ ഉണ്ടായ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത രീതി എങ്ങനെയാണ്. ഏത് പദ്ധതി തുടങ്ങണമെങ്കിലും പദ്ധതിക്കൊരു സുതാര്യതയുണ്ടാകണം. ജനങ്ങളുമായി ആശയവിനിമയം നടത്തണം. പദ്ധതി ആരംഭിച്ചുകഴിഞ്ഞശേഷം അവിടെ സമരം തുടങ്ങിയപ്പോൾ ഭാവിയിൽ പൂന്തോട്ടമാക്കുമെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? ഈ തോടുകളിൽ ധാരാളം മാലിന്യങ്ങൾ വരികയാണ്. ഒരു മഴ പെയ്താൽ വെള്ളം പൊങ്ങുന്ന

സ്ഥലമാണ്. നൂറുകണക്കിന് വീടുകളിൽ വെള്ളം കയറും. പാവപ്പെട്ടവൻ ജീവിക്കുന്ന സ്ഥലമാണ്. മറ്റൊരു സ്ഥലത്തേയ്ക്ക് പോകാൻപോലും ഇടമില്ലാത്ത പാവങ്ങളാണ്. നമ്മുടെ വീട്ടിൽ വെള്ളം കയറിയാൽ വേറൊരു സ്ഥലത്തേയ്ക്കുപോകാം. വേറൊരു സ്ഥലംപോലുമില്ലാത്ത സാധാരണക്കാരായ പാവങ്ങളാണ്. ഈ തണ്ണീർത്തടം നികത്തിയതോടുകൂടി അവിടെ വെള്ളം കൂടുതൽ പൊങ്ങുകയാണ്. അവിടെ ഒരു മാലിന്യ പ്ലാന്റുകൂടി വന്നാൽ എന്താകും അവസ്ഥ? നിരവധി ആരോഗ്യപ്രശ്നങ്ങൾ നിലനിൽക്കുന്ന സ്ഥലംകൂടിയാണ്. മാത്രമല്ല, എല്ലാ ദിവസവും ക്ലീൻ ചെയ്യപ്പെടുന്ന വെള്ളം കൊണ്ടുപോകാൻ അഞ്ഞൂറ് ടാങ്കർ ലോറിയെങ്കിലും വേണ്ടിവരുമെന്നാണ് പറഞ്ഞിരിക്കുന്നത്. അഞ്ച് ടാങ്കർ ലോറി കയറിയാൽ പിന്നെ അവിടെ ഒരു ഇരുചക്രവാഹനംപോലും പോകില്ല. അങ്ങനെയുള്ള സ്ഥലത്ത് എല്ലാ ദിവസവും അഞ്ഞൂറ് ടാങ്കർ ലോറിപോയി ട്രീറ്റ് ചെയ്ത വെള്ളം കൊണ്ടുപോകാൻ പറ്റുമോ? Impossible ആണ്. സാധാരണക്കാരായ മനുഷ്യർ ചോദിക്കുന്ന ചോദ്യങ്ങളാണ്. ഈ സ്ഥലത്തേയ്ക്ക് അഞ്ഞൂറ് ടാങ്കർ ലോറി എങ്ങനെവരുമെന്ന് നമ്മുടെ മുമ്പിൽനിന്ന് ചോദിക്കുകയാണ്. ആ ഇടവഴിയിൽക്കൂടി നമ്മൾതന്നെ ബുദ്ധിമുട്ടിയാണ് അവിടെ എത്തുന്നത്. ആ സ്ഥലത്തേയ്ക്ക് അഞ്ഞൂറ് ടാങ്കർ ലോറി കൊണ്ടുവന്ന് എങ്ങനെ ഈ ട്രീറ്റ് ചെയ്ത

വെള്ളം കൊണ്ടുപോകും? അപ്പോൾ പിന്നെ ട്രീറ്റ് ചെയ്ത വെള്ളം ഒഴുക്കി വിടാൻ പോകുന്നത് ഈ തോട്ടിലേയ്ക്കാണ്. ഈ തോട് ചെന്നെത്തുന്നത് ഹാർബറിലേയ്ക്കാണ്. അവിടത്തെ ഹാർബറിന്റെ പ്രത്യേകത ബ്രേക്ക് വാട്ടർ സിസ്റ്റമാണ്. ഈ ഒഴുകിപ്പോകുന്ന വെള്ളം കെട്ടിനിൽക്കും. അവിടെ അരയ്ക്കൊപ്പം വെള്ളത്തിൽനിന്നാണ് മത്സ്യത്തൊഴിലാളികൾ വഞ്ചികൾ അടുപ്പിച്ച് കരയിലേയ്ക്ക് കയറ്റുന്നത്. ഹാർബറിലേയ്ക്ക് വെള്ളം ഒഴുകിയെത്തിയാൽ ബ്രേക്ക് വാട്ടർ സിസ്റ്റമുള്ള ഒരു സ്ഥലത്ത് ഈ ട്രീറ്റ് ചെയ്ത വെള്ളംമുഴുവൻ കെട്ടിനിൽക്കും. അവരുടെ പരാതികൾ, അവർ ഗൗരവത്തോടുകൂടി അവതരിപ്പിക്കുന്ന കാര്യങ്ങൾ നമുക്ക് മനസ്സിലാകണ്ടേ? ഇത്തരം പരാതികൾ അവർ ഉയർത്തുമ്പോൾ, അവർ സമരം ചെയ്യും. പ്രത്യേകിച്ച് കടപ്പുറത്തുള്ള ആളുകൾ ഒരുപാട് ജീവിത പ്രാരാബ്ധങ്ങളും പ്രശ്നങ്ങളുമുള്ളവരാണ്. നമ്മൾ താമസിക്കുന്ന വീടിന്റെ അടുത്ത് ഇങ്ങനെയൊരു മാലിന്യ പ്ലാന്റ് വന്നാൽ എന്തായിരിക്കും നമ്മുടെയെല്ലാം പ്രതികരണം. നമുക്ക് ഹിപ്പോക്രസി പാടില്ല. നമ്മളൊക്കെ വലിയ ആൾക്കാരല്ലേ. കക്കൂസ് മാലിന്യം കൊണ്ടുപോയി ട്രീറ്റ് ചെയ്യുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നമ്മളൊക്കെ താമസിക്കുന്ന, ഞാനുൾപ്പെടെ താമസിക്കുന്ന വീടിന്റെ അരികിൽ കൊണ്ടുപോയി വച്ചാൽ നമ്മുടെയെല്ലാം പ്രതികരണം

എങ്ങനെയായിരിക്കുമെന്ന് ആലോചിച്ച് നോക്കിയാൽ മതി. ആ പാവങ്ങൾക്ക് ഇങ്ങനെയല്ലേ പ്രതികരിക്കാൻ സാധിക്കുകയുള്ളൂ; നിർത്തി വയ്പ്പിക്കാനും മാറ്റി വയ്പ്പിക്കാനുമുള്ള സ്വാധീനമൊന്നും ഇല്ലല്ലോ? വൈകാരികമായിട്ടുള്ള വിഷയമായെടുത്ത് അവർ അവരുടേതായ രീതിയിൽ സമരം ചെയ്തു. എന്ത് ക്രൂരതയാണ് പോലീസുകാർ ചെയ്തത്. മുഖ്യമന്ത്രി പറഞ്ഞിട്ട് ചില ഉദ്യോഗസ്ഥർ അവരെ മുഴുവൻ തല്ലിച്ചതച്ചതാണെന്നുള്ള ആരോപണം ഞാൻ ഉന്നയിക്കുന്നില്ല. രാജാവിനേക്കാൾ വലിയ രാജഭക്തി കാണിക്കുന്ന ചില ഉദ്യോഗസ്ഥരുണ്ട്. അവർ അവിടെ ചെന്ന് സമരം ചെയ്യുന്നവരെ പ്രകോപിപ്പിക്കുകയാണ് ചെയ്യുന്നത്. നല്ല ഉദ്യോഗസ്ഥരാണെങ്കിൽ പ്രകോപിതരായി വരുന്ന ആളുകളെപ്പോലും കൈകാര്യം ചെയ്യാൻ കഴിയും. ഇത് അതല്ല. ജനങ്ങൾ വൈകാരികമായി പ്രതിഷേധിക്കുമ്പോൾ സ്ത്രീകളെയടക്കം ആക്രമിച്ച് ക്രൂരമായി മർദ്ദിക്കുകയാണ് ചെയ്തത്. ലാത്തിച്ചാർജ്ജിൽ കാലൊടിഞ്ഞ് കിടക്കുന്ന ഒരു സ്ത്രീയെ ഞാൻ കഴിഞ്ഞ പ്രാവശ്യം സന്ദർശിച്ചു. ആ വീട്ടിലേയ്ക്ക് പോകാൻപോലും സാധിക്കില്ല. ഒരാൾ എതിരെ വന്നാൽ നമുക്ക് അങ്ങോട്ട് കടക്കാൻ സാധിക്കില്ല. അയാൾ മാറിയിട്ടേ ആ ഇടവഴിയിൽക്കൂടി കയറാൻ സാധിക്കൂ. ചേരികൾ പോലുള്ള സ്ഥലങ്ങളാണ്. അവിടെ മനുഷ്യർ എങ്ങനെ

ജീവിക്കുന്നുവെന്നത് കണ്ടാൽ സങ്കടംവരും. അവിടെയുള്ള പാവങ്ങളുടെ പ്രതിഷേധമാണ്, പ്രതികരണമാണ്. നമ്മൾ ഇത് ഒന്നുകൂടി ഗൗരവമായെടുക്കണം. ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ പ്രവർത്തനം നിർത്തിവച്ച് ചർച്ച ചെയ്യൂ എന്നാണ്. കോഴിക്കോട് ഇതുപോലൊരു പ്ലാന്റ് പണിയാൻ വേറെ എത്രയോ സ്ഥലങ്ങളുണ്ട്. നിങ്ങൾ എന്തുകൊണ്ട് പാവപ്പെട്ടവരെ ബുദ്ധിമുട്ടിക്കുന്ന രീതിയിൽ ഇങ്ങനെയൊരു സംവിധാനവുമായി പോകുന്നു. ആർക്കും ബുദ്ധിമുട്ടില്ലാത്ത, പ്രയാസമില്ലാത്ത ഇഷ്ടംപോലെ സ്ഥലങ്ങളുണ്ടെന്ന് പ്രമേയാവതരാകൻ പറഞ്ഞല്ലോ. നിങ്ങൾ ഈ വിഷയം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്ത് അവരെ മനസ്സിലാക്കി അവരുടെ ആവലാതികളും പ്രശ്നങ്ങളും പരിഹരിക്കാൻ തയ്യാറാകണം. സമരം ചെയ്യുന്നവർ എസ്.ഡി.പി.ഐ. ആണ്, തീവ്രവാദികളാണ്, ജമാ അത്തെ ഇസ്ലാമിയാണ്, അർബൻ നക്സലൈറ്റാണെന്നാണ് പറയുന്നത്. സമരം ചെയ്യുന്നവരെ മുഴുവൻ തീവ്രവാദികളും അർബൻ നക്സലൈറ്റുകളുമായി ചിത്രീകരിക്കുന്ന രീതി ശരിയല്ല. സാധാരണക്കാരനോട്, പാർശ്വവൽക്കരിക്കപ്പെട്ട ജീവിതം നയിക്കുന്ന പാവപ്പെട്ടവനോടുള്ള ഈ ഗവൺമെന്റിന്റെ അടിച്ചമർത്തൽ നയത്തിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും

വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

മി. സ്പീക്കർ: നേരത്തെ അടിയന്തരപ്രമേയത്തിൽ ഇടപെട്ട് സംസാരിക്കാൻ ശ്രീ. തോട്ടത്തിൽ രവീന്ദ്രന് അവസരം കൊടുത്തതിനെ കുറേയംഗങ്ങൾ ചോദ്യം ചെയ്തു. കീഴ്‌വഴക്കമുണ്ടെന്ന് ചെയർ അപ്പോൾത്തന്നെ വ്യക്തമാക്കിയതുമാണ്. പതിനഞ്ചാം കേരള നിയമസഭയിൽത്തന്നെ 05-08-2021-ന് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ ഇടപെട്ട് സംസാരിക്കാൻ ശ്രീ. വി. ശശിയെ അനുവദിച്ചിട്ടുണ്ട്. പതിനാലാം കേരള നിയമസഭയിൽ നിരവധി ഉദാഹരണങ്ങളുണ്ട്. സബ്മിഷനിൽ ഇടപെട്ട് സംസാരിക്കാൻ അനുവദിക്കാറില്ല. അതുകൊണ്ട് തെറ്റായ ധാരണ സൃഷ്ടിക്കരുത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഡോ. എം. കെ. മുനീറും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അവിടത്തെ ദയനീയ സ്ഥിതി വരച്ചുകാണിച്ചതുകൊണ്ട് ഞാൻ ഇനി ആവർത്തിക്കുന്നില്ല. വെറുതെയൊരു പൂന്തോട്ടമുണ്ടാക്കാനുള്ള സ്ഥലംതന്നെ അവിടെയില്ല. അത്ര thickly populated ആണ് ആ പ്രദേശം. നൂറുശതമാനം സയന്റിഫിക് ആണെങ്കിലും

വേറെ മാലിന്യ പ്രശ്നങ്ങളൊന്നും ഉണ്ടാകുന്നില്ലെങ്കിലും അവിടെയൊരു ട്രീറ്റുമെന്റ് പ്ലാന്റിനുള്ള സ്ഥലമില്ല. ആ പ്രദേശം അത്ര ജനനിബിഡമാണ്. മാലിന്യം സംസ്കരിക്കണ്ട എന്നല്ല, wrong place ആണ് കോർപ്പറേഷൻ തെരഞ്ഞെടുത്തിരിക്കുന്നത്. പല സ്ഥലത്തുനിന്നും ഒഴുകിവരുന്ന വെള്ളം ഈ രീതിയിൽ ട്രീറ്റ് ചെയ്യാൻ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വേറെ സ്ഥലമുണ്ട്. ജനനിബിഡമായിട്ടുള്ള സ്ഥലത്ത് ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തിയില്ല. ബലം പ്രയോഗിച്ച് സ്ഥാപിക്കുക എന്ന പരിപാടിയാണ് ഇപ്പോൾ നടക്കുന്നത്, അത് ശരിയല്ല. അവിടെ നാനാജാതി മതസ്ഥർ ജീവിക്കുന്ന പ്രദേശമാണ്, അവിടെയുള്ളതും മനുഷ്യരാണ്. വളരെ ദയനീയമാണ് അവിടത്തെ കാര്യങ്ങൾ. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ പിടിവാശി ഒഴിവാക്കി ചർച്ചയ്ക്ക് തയ്യാറാകണം. സർവ്വകക്ഷി യോഗം ചേർന്ന് ചർച്ച ചെയ്ത് എവിടെയാണ് നല്ലതെന്ന് അന്തിമ തീരുമാനമെടുക്കാം. ഡോ. എം. കെ. മുനീർ സഹകരിക്കാമെന്ന് പറഞ്ഞല്ലോ. ട്രീറ്റുമെന്റ് പ്ലാന്റ് വേണ്ടെന്ന് പറയുന്നില്ല. ഒന്നുകൂടി ചർച്ച ചെയ്യുന്നതിന് തയ്യാറാകണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. ജനങ്ങളെ അടിച്ചൊതുക്കി ഇത് നടപ്പിലാക്കുകയെന്ന നയം തിരുത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ

പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഡോ. എം. കെ. മുനീറും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട ഉപനേതാവും പറഞ്ഞിരിക്കുന്നത് ചർച്ച ചെയ്യണമെന്നാണ്. ജനസാന്ദ്രതയുള്ള പ്രദേശത്ത് പ്രത്യേകിച്ച് അവരുടെ തൊഴിലിനെക്കൂടി ബാധിക്കുന്ന വിഷയമായതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യണം. ചർച്ച ചെയ്യുമെന്നാണ് എന്റെ പ്രതീക്ഷ. ജനങ്ങളെ അടിച്ചമർത്തി ഈ പ്ലാന്റ് നടപ്പിലാക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന മുദ്രാവാക്യമാണ് മുന്നോട്ടുവയ്ക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. പക്ഷേ അത് പ്രായോഗികതലത്തിൽ ഉണ്ടാകുന്നില്ല. വലിയ തോതിൽ പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ ഇന്നുണ്ടാക്കുന്ന സാമൂഹ്യ

പ്രശ്നം ഞാൻ പറയാതെതന്നെ അങ്ങേയ്ക്കറിയാം. ബ്രഹ്മപുരം അടക്കമുള്ള നിരവധി മാലിന്യ പ്ലാന്റുകൾ ഉദാഹരണമായി നമ്മുടെ മുൻപിലുണ്ട്. അത് കണ്ടുകൊണ്ടുവരുന്ന ജനങ്ങൾ സ്വാഭാവികമായും പ്രതികരിക്കും. ജനനിബിഡമായ പ്രദേശത്താണ് ഈ പ്ലാന്റ് സ്ഥാപിക്കാൻ കോർപ്പറേഷൻ മുന്നോട്ടുവന്നിരിക്കുന്നത്. അതുതന്നെയാണ് അവിടത്തെ ഏറ്റവും വലിയ പ്രശ്നവും. അതിനുപകരം സ്ഥലം പരിശോധിക്കാനും പരിഗണിക്കാനും ഗവൺമെന്റ് തയ്യാറാകണം. പോലീസിന്റെ അതിക്രമത്തിൽ ശക്തമായി പ്രതിഷേധിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ് വെള്ളയിൽ പ്രദേശം. അവരുടെ പ്രശ്നങ്ങളും ആശങ്കകളും എന്താണെന്ന് ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുപകരം പോലീസിനെ ഉപയോഗിച്ച് സ്ത്രീകളെയുൾപ്പെടെ ക്രൂരമായി തല്ലിച്ചതയ്ക്കുന്ന കാഴ്ചയാണ് നമ്മൾ കഴിഞ്ഞ ദിവസം കണ്ടത്. ഒരു സർവ്വകക്ഷി യോഗത്തിലും അവിടെ തീരുമാനമായിട്ടില്ല, ഒരു

കൗൺസിലർപോലും ഈ വിഷയങ്ങൾ അറിയുന്നില്ല. ഇത്തരം വിഷയങ്ങളിലുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കുകയാണ് വേണ്ടത്. പോലീസിനെ ഉപയോഗിച്ച് നടത്തുന്ന ഇത്തരം ക്രൂരമായ നടപടികൾ അവസാനിപ്പിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.)

## 10.56 am]

## III ശ്രദ്ധ ക്ഷണിക്കൽ

### (1) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന നടപടി തിരുത്തൽ

ശ്രീ. പി. നന്ദകുമാർ: സർ, വളരെ ഗൗരവതരവും രാഷ്ട്രീയവും സാമ്പത്തികവുമായി മാനവുമുള്ള ഒരു വിഷയമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ അവതരിപ്പിക്കുന്നത്. കേന്ദ്ര സർക്കാർ നയം സംസ്ഥാനങ്ങളുടെ സാമ്പത്തികാവസ്ഥയെ തകർക്കുന്നതും ഫെഡറൽ സംവിധാനത്തിന്

ആഘാതമേൽപ്പിക്കുന്നതുമാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേന്ദ്ര-സംസ്ഥാനങ്ങൾക്ക് നൽകേണ്ട നികുതി വിഹിതം 42 ശതമാനത്തിൽ നിന്നും 41 ശതമാനമായി കുറച്ചത് നമ്മുടെ സംസ്ഥാനത്തെയും ബാധിച്ചിരിക്കുകയാണ്. പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ നികുതി വിഹിതം 3.875 ശതമാനത്തിൽനിന്നും 1.37 ശതമാനം കുറവുവരുത്തി 2.5 ശതമാനമാക്കി. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ അത് 1.92 ശതമാനമായി കുറച്ചു. കേരളം മാനവവിഭവ സൂചികയിൽ ഉയർന്നുപോയി. മാനവ വികസനത്തിന് സംസ്ഥാനം കൂടുതൽ തുക ചെലവഴിച്ചു. ഇതിപ്പോൾ നമുക്ക് ദ്രോഹമായി വന്നിരിക്കുകയാണ്. ജനജീവിതം മെച്ചപ്പെട്ടത് നന്നല്ല എന്നാണ് കേന്ദ്രം പറയുന്നത്. കേന്ദ്ര നികുതി വിഹിതം വെട്ടിക്കുറച്ചതിന് ഇത് കാരണമായിരിക്കുകയാണ്. ഈ വർഷം ലഭിച്ച റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 19891 കോടി രൂപയാണ്. ഈ ഗ്രാന്റ് രണ്ടുവർഷം കഴിഞ്ഞാൽ ഇല്ലാതാകുകയാണ്. ഈ വിഷയം ശ്രദ്ധിക്കാത്ത പ്രതിപക്ഷം രാജസ്ഥാനിലും ഈ അവസ്ഥ വന്നിരിക്കുകയാണെന്ന കാര്യം ഓർക്കണം. അടുത്തമാസം മുതൽ ജി.എസ്.ടി. കോമ്പൻസേഷനിൽനിന്നും സംസ്ഥാനം ഒഴിവാക്കപ്പെടുകയാണ്. സംസ്ഥാനത്തെ സാമ്പത്തികമായി കൂടുതൽ

ഞെരുക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ കടുത്ത നടപടികൾ സ്വീകരിക്കുകയാണ്. ബഡ്ജറ്റിനുപുറത്തുള്ള കടം public debt-ൽ ഉൾപ്പെടുത്താൻ നീക്കം നടത്തുകയാണ്. സ്റ്റേറ്റ് ഗവൺമെന്റ് എന്തിനൊക്ക കടം എടുക്കുന്നു, എവിടെ നിന്ന് കടമെടുക്കുന്നു, ബാങ്ക് ലോൺ എടുക്കുന്നുണ്ടോയെന്ന കണക്കുകൾ പരിശോധിക്കുന്നതിനായി പെർഫോർമൻസ് ഓഡിറ്റ് ഓഫ് പബ്ലിക് ഡെബ്റ്റ് കേന്ദ്രം പരിശോധിച്ചു കൊണ്ടിരിക്കുകയാണെന്നാണ് പത്ര വാർത്ത. സംസ്ഥാനത്തിന് കടമെടുക്കാനുള്ള അധികാരവും പരിധിയും ഇല്ലാതാക്കലാണ് കേന്ദ്ര ലക്ഷ്യം. കേന്ദ്രത്തിനും കോർപ്പറേറ്റുകൾക്കും എത്ര വേണമെങ്കിലും കടമെടുക്കുന്നതിന് യാതൊരു നിയന്ത്രണവുമില്ല. സംസ്ഥാനത്തിനെ സാമ്പത്തികമായി ഞെരുക്കിയും മെരുക്കിയും കൊല്ലാനുള്ള ഈ നീക്കം ചെറുത്തുതോൽപ്പിക്കാൻ സംസ്ഥാനം ഒറ്റക്കെട്ടായി രംഗത്തുവരണം. ഇതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ ഏകപക്ഷീയമായി ഭേദഗതി വരുത്തിയത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനുള്ള

വിയോജിപ്പ് പതിനഞ്ചാം ധനകാര്യ കമ്മീഷനുമുമ്പാകെ സെപ്തംബർ 2019-ന് സമർപ്പിച്ച സപ്ലിമെന്ററി മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനങ്ങളോട് ആലോചിക്കാതെയെടുത്ത തീരുമാനം കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തിന്റെ ലംഘനമാണെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകളുടെ പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. കേന്ദ്ര സഹായ പദ്ധതികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതത്തിലും ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരം സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കുന്ന കേന്ദ്ര നികുതി വിഹിതത്തിലും മുൻധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് ഗണ്യമായ കുറവാണുണ്ടായിട്ടുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചത് ഞാൻ അംഗീകരിക്കുകയാണ്. കേന്ദ്രം സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം 3.875 ശതമാനത്തിൽനിന്നും 1.925 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19-ലെ കേന്ദ്ര നികുതി വിഹിതമായ

19,038 കോടി രൂപയേക്കാൾ ഗണ്യമായ കുറവാണ് തുടർന്നുള്ള വർഷങ്ങളിലുണ്ടായത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ post devolution revenue deficit grant ആയി 2020-21-ൽ 15,323 കോടി രൂപയും 2021-22-ൽ 19,891 കോടി രൂപയും 2022-23-ൽ 13,174 കോടി രൂപയും 2023-24-ൽ 4,749 കോടി രൂപയും ശിപാർശ ചെയ്തിട്ടുണ്ട്. അതിനുശേഷം ഈ ഗ്രാന്റ് മുന്നോട്ടുവരില്ലെന്ന സ്ഥിതിയിൽ നിൽക്കുകയാണ്. വളരെ ഗൗരവതരമായ ഈ സ്ഥിതി നമ്മളെയെല്ലാം ബാധിക്കുന്നതാണ്. 2024-25 വർഷത്തോടുകൂടി ഈ ഫണ്ട് തീർന്നാൽ പിന്നീട് പണം കിട്ടില്ല. നികുതി വിഹിതത്തിലുണ്ടാകുന്ന കുറവിനെസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് വിവിധ മെമ്മോറാണ്ടങ്ങളിലൂടെ ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ സമർപ്പിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് ധനമന്ത്രാലയം അംഗീകരിച്ചു. അവർ അംഗീകരിച്ച നിർദ്ദേശങ്ങൾ മാത്രമേ നടപ്പിലാക്കാൻ കഴിയൂ എന്നതിനാൽ ഇപ്പോൾ നികുതിവിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള സമീപനം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ലെന്നത് ഗൗരവതരമായ പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, 2022 ജൂലൈ 1 മുതൽ കേരളത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ജി.എസ്.ടി.

കോമ്പൻസേഷനുകൾ ലഭിക്കാത്ത അവസ്ഥ നിൽക്കുന്നതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ മേഖലയിലുമുള്ള സബ്സിഡികളും സംസ്ഥാനങ്ങൾക്കുള്ള ആനുകൂല്യങ്ങളും കുറഞ്ഞിരിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റ്വരെ ഇന്ത്യയിലാകെ ഫുഡ് സബ്സിഡിക്ക് കൊടുത്തിരുന്ന 5,41,330 കോടി രൂപ 2,86,469 കോടി രൂപയായി വെട്ടിക്കുറച്ചതിന്റെ അനുഭവവും കേരളത്തെ ബാധിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെയും മണ്ണെണ്ണ സബ്സിഡിയുടെയും കാര്യത്തിലും വലിയ കുറവാണ് കേരളത്തിന് വന്നുകൊണ്ടിരിക്കുന്നത്. അദ്ദേഹം ഉന്നയിച്ച കണക്കിൽ ഒരു കാര്യംകൂടി പറയേണ്ടതാണെന്ന് ഞാൻ കരുതുന്നു. 50:50 എന്ന തോതിലാണ് ജി.എസ്.ടി. വരുമാനം ഇപ്പോൾ കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിൽ പങ്കുവയ്ക്കുന്നത്. 40 ശതമാനമേ കേന്ദ്രം എടുക്കാൻ പാടുള്ളൂവെന്നും 60 ശതമാനം സംസ്ഥാനങ്ങൾക്ക് കൊടുക്കണമെന്നും ഇക്കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ആകെയുള്ള ചെലവിന്റെ 62.4 ശതമാനം സംസ്ഥാനമാണ് വഹിക്കുന്നത്. എന്നാൽ ആകെയുള്ള വരുമാനത്തിന്റെ 62.7 ശതമാനവും കിട്ടുന്നത് കേന്ദ്ര ഗവൺമെന്റിനാണ്. ഇത് പറഞ്ഞിരിക്കുന്നത് സംസ്ഥാന ഗവൺമെന്റല്ല, പതിനഞ്ചാം ധനകാര്യ കമ്മീഷനാണ്. അതുകൊണ്ട് 60:40 എന്ന ഇപ്പോഴത്തെ പ്രൊവിഷൻ

മാറ്റണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. മറ്റ് പല മേഖലകളിലും ഇതുപോലെയുള്ള വരുമാനനഷ്ടം വന്നിട്ടുണ്ട്. അതുസംബന്ധിച്ച കണക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ജി.എസ്.ടി.-ക്ക് മുമ്പുണ്ടായിരുന്ന സംസ്ഥാന നികുതി വരുമാനത്തിന്റെ 52 ശതമാനമാണ് സംസ്ഥാനങ്ങൾ ത്യജിച്ചത്. എന്നാൽ കേന്ദ്രം 28 ശതമാനം മാത്രമേ ഇതിനായി വിട്ടുകൊടുത്തിട്ടുള്ളൂ. അങ്ങനെയാണ് ജി.എസ്.ടി. നടപ്പായത്. ഇതുനോക്കുമ്പോഴും സംസ്ഥാനവും കേന്ദ്രവും വരുമാനം ത്യജിച്ചതിന്റെ കാര്യത്തിൽ വലിയ വ്യത്യാസമാണ് വന്നിട്ടുള്ളത്. ഇത്തരത്തിൽ ഓരോ മേഖലയിലുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നമ്മൾ ഒരുമിച്ച് നിൽക്കണം. ഏറ്റവുമൊടുവിലായി സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള അളവിനെ വെട്ടിക്കുറയ്ക്കാനുള്ള അതിശക്തമായ നിലപാടെടുത്തിരിക്കുന്നതിൽ നമ്മൾ വ്യത്യസ്ത അഭിപ്രായം പറഞ്ഞിട്ടും ആയത് അംഗീകരിച്ചിട്ടില്ല. നിയമസഭയും കേരള ഗവൺമെന്റും കേരളത്തിലെ ജനങ്ങളും ഒരുമിച്ച് ചേർന്ന് സംസ്ഥാനങ്ങളെ ശ്വാസംമുട്ടിക്കുന്ന കേന്ദ്ര നിലപാടിനെതിരെ ശക്തമായ നിലപാടെടുക്കുകയല്ലാതെ ഒരു തീരുമാനമുണ്ടാകുന്ന സ്ഥിതിയില്ലെന്നതാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗൗരവതരമായ പ്രശ്നം.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, വളരെ വിശദമായി ധനകാര്യ വകുപ്പുമന്ത്രി

മറുപടി പറയുകയുണ്ടായി. അതീവ ഗുരുതരമായ ഈ പ്രശ്നത്തെ സംബന്ധിച്ച് കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ പ്രാഥമിക ചർച്ച വന്നിട്ടുണ്ടാകും. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെയാകെ വികാരം കേന്ദ്ര സർക്കാരിനെ അറിയിക്കത്തക്ക രൂപത്തിലുള്ള ഇടപെടൽ നടത്താൻ സംസ്ഥാന ഗവൺമെന്റിന് കഴിയുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളും അവരുടെ വരുമാനത്തെപ്പറ്റി പറഞ്ഞു. കൂടുതൽ സംസ്ഥാനങ്ങളും ബി.ജെ.പി.-യാണ് ഭരിക്കുന്നത്. ആ സംസ്ഥാനങ്ങൾക്കുൾപ്പെടെ വലിയ വരുമാന നഷ്ടമാണെന്നുള്ള വികാരം പറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ അടുത്ത അഞ്ച് വർഷത്തേയ്ക്കുകൂടി നീട്ടണമെന്നും ആകെ പിരിക്കുന്ന ജി.എസ്.ടി.-യുടെ 60% സംസ്ഥാനങ്ങൾക്കും 40% കേന്ദ്രത്തിനുമെന്നുള്ള അഭിപ്രായത്തോടൊപ്പം പ്രധാനപ്പെട്ട ഒരു കാര്യവുംകൂടി പറഞ്ഞു. അത്യപൂർവ്വ സന്ദർഭങ്ങളിൽ മാത്രം ആർട്ടിക്കിൾ 271 അനുസരിച്ച് ടാക്സുകളുടെമേൽ ഒരു പ്രത്യേക സെസ്സ് ഏർപ്പെടുത്താൻ കേന്ദ്രത്തിനാകും. അത്യപൂർവ്വ അവസരങ്ങളിൽ ഉപയോഗിക്കാവുന്ന ആർട്ടിക്കിൾ 271 എന്ന ഭരണഘടനാ പ്രൊവിഷനുപയോഗിച്ചാണ് ഇപ്പോൾ പെട്രോളിയത്തിന്റെ സെസ്സ്

ഏർപ്പെടുത്തുന്നത്. 2011-12-ൽ കേന്ദ്രത്തിന്റെ ആകെ വരുമാനത്തിന്റെ 10 ശതമാനമായിരുന്ന സെസ്സ് ഇപ്പോൾ 20 ശതമാനത്തിലധികമാണ്. അങ്ങനെ 5.3 ലക്ഷം കോടി രൂപയാണ് 2021-22-ൽ മാത്രമായി അവർ പിരിച്ചെടുത്തത്. ഇങ്ങനെ പിരിച്ചെടുക്കുന്ന പണം സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ട. ഇങ്ങനെ സെസ്സ് വഴി പിരിക്കുന്നതും പാടില്ലെന്ന് ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെട്ടിട്ടും യൂണിയൻ ഫിനാൻസ് മിനിസ്റ്റർ കൃത്യമായ തീരുമാനം പ്രഖ്യാപിച്ചിട്ടില്ല. ഇത് കേന്ദ്ര ഗവൺമെന്റ് ആലോചിച്ച് പ്രഖ്യാപിക്കുമെന്നാണ് കരുതുന്നത്. സംസ്ഥാനങ്ങൾക്ക് നികുതി സംബന്ധിച്ച് അവകാശമുണ്ടെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ "ജി.എസ്.ടി. കൗൺസിൽ വഴിയുള്ളത് ഒരു അഡ്വൈസറി നാച്വർ ആണ്; സംസ്ഥാനങ്ങളുടെ അവകാശത്തെ കൺക്ലൂസീവായി ഇല്ലാതാക്കാൻ ഈ ജി.എസ്.ടി. കൗൺസിലിന് കഴിയില്ല" എന്ന് പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക അവകാശങ്ങളെ ഹനിക്കാനാണ് കേന്ദ്രം ശ്രമിക്കുന്നതെങ്കിൽ വിവിധതലങ്ങളിലേയ്ക്ക് നിയമപരമായും ഭരണഘടനാപരമായുമുള്ള സമീപനങ്ങൾ സ്വീകരിക്കേണ്ടിവരുന്നമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സഭ ഒരുമിച്ച് ഭാവിയിൽ അക്കാര്യങ്ങൾ ചർച്ച

ചെയ്യേണ്ടി വരുമെന്നാണ് ഞാൻ കരുതുന്നത്.

## (2) മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി

ശ്രീ. കെ. പി. എ. മജീദ്: സർ, ദുരിതപൂർണ്ണ ജീവിതം നയിക്കുന്ന സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന അതീവ ഗൗരവതരമായിട്ടുള്ള പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്താനാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. മണ്ണെണ്ണ, ഡീസൽ, പെട്രോൾ എന്നിവയുടെ വിലക്കയറ്റംമൂലവും മത്സ്യബന്ധന മേഖലയിലെ പുതിയ കേന്ദ്ര-സംസ്ഥാന നിയമങ്ങൾമൂലവും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതം അതീവ ദു:സ്സഹമായിരിക്കുകയാണ്. റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് ഒരു ലിറ്ററിന് 86 രൂപയും മത്സ്യഫെഡ് മുഖേന വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് 136 രൂപയുമാണ്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ഇത് യഥാക്രമം 16 രൂപയും 20 രൂപയുമാണ്. കർണ്ണാടകയിൽ ലിറ്ററിന് 35 രൂപയാണ് ഈടാക്കുന്നത്. 2021-22-ലെ സംസ്ഥാന ബഡ്ജറ്റിൽ 25 രൂപ നിരക്കിൽ ആവശ്യമായ അളവിൽ മണ്ണെണ്ണ നൽകുമെന്നും ഇതിനായി 60 കോടി രൂപ വകയിരുത്തുമെന്നും പറഞ്ഞിരുന്നുവെങ്കിലും ഇത് നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത വാഗ്ദാനപ്രകാരം ആവശ്യമായ

അളവിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. തീരക്കടലും ആഴക്കടലും കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുന്ന ബ്ലൂ ഇക്കോണമി എന്ന കേന്ദ്ര സർക്കാർ നിയമവും സെൻട്രൽ മറൈൻ ഫിഷറീസ് പോളിസിയിലെ മത്സ്യത്തൊഴിലാളി വിരുദ്ധനയങ്ങളും പിൻവലിക്കുന്നതിനാവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തണം. അതോടൊപ്പം ഭവനനിർമ്മാണ പദ്ധതി പുന:സ്ഥാപിക്കുന്നതിനും ഫിഷറീസ് സ്കൂളുകൾ നവീകരിക്കുന്നതിനും ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാലാവസ്ഥാ മുന്നറിയിപ്പുമൂലം കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിൽ നൽകുന്ന സഹായധനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്താനാവശ്യമായ നടപടിയെടുക്കണമെന്ന് പ്രത്യേകം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കുറേയേറെ കാര്യങ്ങൾ അനുഭാവപൂർവ്വം ബഹുമാനപ്പെട്ട മന്ത്രി ഇതിനിടയിൽത്തന്നെ ചെയ്തിട്ടുണ്ടെന്ന കാര്യം ഞാൻ മറക്കുന്നില്ല. മത്സ്യത്തൊഴിലാളി യൂണിയനുകളെല്ലാം സമരങ്ങളിലാണ്. മത്സ്യത്തൊഴിലാളി ഫെഡറേഷൻ (എസ്.റ്റി.യു.)-ന്റെ നേതാവ് ശ്രീ. ഉമ്മർ ഒട്ടുമ്മലിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന്റെ മുമ്പിൽ സമരം

നടത്തിയിരുന്നു. അതുപോലെ മത്സ്യത്തൊഴിലാളികളുടെ വിവിധ യൂണിയനുകളും സമരം നടത്തുന്നുണ്ട്. അവരുമായി ചർച്ച നടത്തി സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യണമെന്നുകൂടി ആവശ്യപ്പെടുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട തിരൂരങ്ങാടി അംഗം ഇവിടെ അവതരിപ്പിച്ച വിഷയങ്ങൾ മത്സ്യബന്ധനമേഖലയെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ളവയാണ്. ഇന്ധനവില വർദ്ധനവും നീല സമ്പദ്‌വ്യവസ്ഥയുമടക്കം ഒട്ടനവധി വിഷയങ്ങളാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. ഒന്നാമതായി ചൂണ്ടിക്കാണിച്ചത്, മണ്ണെണ്ണ, ഡീസൽ, പെട്രോൾ എന്നിവയുടെ വിലക്കയറ്റം സംബന്ധിച്ചാണ്. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന മണ്ണെണ്ണയുടെ വിലവർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലുമധികമാണ്. പൊതുവിപണിയിൽ ഇന്ന് മണ്ണെണ്ണയുടെ വില ലിറ്ററിന് 142.77 രൂപയും സിവിൽ സപ്ലൈസ് വകുപ്പുവഴി വിതരണം ചെയ്യുന്ന സബ്സിഡിരഹിത മണ്ണെണ്ണയ്ക്ക് ലിറ്ററിന് 102 രൂപയും ഡീസലിന് ലിറ്ററിന് 96.52 രൂപയും പെട്രോളിന് 107.71 രൂപയുമാണ്. ഇതിൽ മണ്ണെണ്ണയുടെ വിലയാണ് ഏറ്റവും

കൂടുതൽ. ഇത്തരമൊരു സാഹചര്യം മുമ്പുണ്ടായിട്ടില്ല. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വിലവർദ്ധനവ് പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ തകർച്ചയ്ക്ക് കാരണമാകും. പെട്രോളിയം ഉല്പന്നങ്ങളുടെ വിലനിർണ്ണയാവകാശം എണ്ണക്കമ്പനികൾക്ക് നൽകിയതാണ് ഇതിനുള്ള കാരണം. ഇതിന്റെ ഉത്തരവാദിത്വം പ്രതിപക്ഷത്തിനാണ്. നിലവിൽ ബി.ജെ.പി. അതിനൊപ്പം നിൽക്കുന്നുവെന്നതാണ് ഇതിന്റെ മുഖ്യകാരണം. ഒരിക്കൽ ചെയ്ത തെറ്റിന്റെ എല്ലാ ദോഷവശങ്ങളും നമ്മൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ പിന്നാക്കാവസ്ഥയിലുള്ള മേഖല എന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായത്ര മണ്ണെണ്ണ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും ഞാനും പങ്കെടുത്ത് നിരവധി യോഗങ്ങൾ നടത്തി. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിക്ക് നിരവധി തവണ നിവേദനങ്ങൾ അയച്ചു. ഇനിമുതൽ ഒരു ലിറ്റർ മണ്ണെണ്ണപോലും തരില്ലെന്നാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പറയുന്നത്,

അതുമായി ബന്ധപ്പെട്ട് പുതിയ പ്രശ്നം വന്നിരിക്കുകയാണ്. 2014 കാലഘട്ടത്തിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതുവിപണി വില 52 രൂപയായിരുന്നു. അതാണ് വർദ്ധിച്ച് 142 രൂപയിലെത്തിയത്. കഴിഞ്ഞ ഏഴ് മാസത്തിനുള്ളിൽ മണ്ണെണ്ണയുടെ വിലയിൽ 50 രൂപയുടെ വർദ്ധനവാണുണ്ടായിട്ടുള്ളത്. ഇതിനുപുറമേ സിവിൽ സപ്ലൈസ്വഴി വിതരണം ചെയ്യുന്ന സബ്സിഡിരഹിത മണ്ണെണ്ണയ്ക്കും ഈ കാലയളവിൽ 43 രൂപയാണ് കേന്ദ്രം വർദ്ധിപ്പിച്ചത്. നിലവിൽ മത്സ്യഫെഡ് മുഖേന ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 10 വർഷത്തിന് താഴെ കാലപ്പഴക്കമുള്ള 14332 എഞ്ചിനുകൾക്കാണ് ഈ മണ്ണെണ്ണ ഇപ്പോൾ ലഭ്യമാകുന്നത്. എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 140 മുതൽ 190 ലിറ്റർവരെ മണ്ണെണ്ണ ഇത്തരത്തിൽ അനുവദിക്കുന്നുണ്ട്. ഇത് ഈ മേഖലയുടെ മണ്ണെണ്ണയുടെ ആവശ്യത്തിന്റെ കാൽഭാഗംപോലും നിറവേറ്റാൻ പര്യാപ്തമല്ല. മത്സ്യഫെഡ് വഴി അനുവദിക്കുന്ന അതേ അനുപാതത്തിൽ അതായത്, 25 രൂപയ്ക്ക് മണ്ണെണ്ണ അനുവദിക്കണമെങ്കിൽ പ്രതിവർഷം 350 കോടി രൂപ വേണ്ടിവരും. മത്സ്യബന്ധന മേഖലയിലെ രജിസ്റ്റർ ചെയ്ത 14332 എഞ്ചിനുകളുടെ പ്രവർത്തനത്തിന് മാത്രമായി പ്രതിവർഷം ഒരു ലക്ഷം

കിലോലിറ്ററിലധികം മണ്ണെണ്ണ ഇപ്പോൾ ആവശ്യമാണ്. മുപ്പത്തിരണ്ടായിരത്തിലധികം എഞ്ചിനുകൾ നമ്മുടെ നാട്ടിലുണ്ടെന്നതാണ് വസ്തുത. കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന സബ്സിഡിരഹിത മണ്ണെണ്ണ സംസ്ഥാനത്ത് മത്സ്യബന്ധന-കാർഷികമേഖലകളിൽ വിവിധ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ 129 ലിറ്റർ മുതൽ 180 ലിറ്റർ വരെയാണ് മത്സ്യബന്ധനത്തിനായി അനുവദിക്കുന്നത്. 1,08,000 കിലോലിറ്റർ മണ്ണെണ്ണ പ്രതിവർഷം ആവശ്യമുള്ളിടത്ത് ഈ സാമ്പത്തിക വർഷം ഇതുവരെ 2160 കിലോലിറ്റർ മണ്ണെണ്ണ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

വില വർദ്ധിപ്പിച്ചതിനുപിന്നാലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതവും നിർത്തലാക്കുകയാണ്. മണ്ണെണ്ണയ്ക്കുപകരം മത്സ്യബന്ധനത്തിന് പെട്രോളോ ഡീസലോ ഉപയോഗിച്ചുകൂടേയെന്നാണ് കൂടുതൽ മണ്ണെണ്ണ ആവശ്യപ്പെട്ട് നൽകിയ കത്തിന് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി മറുപടിയായി ചോദിച്ചത്. സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ നാലിലൊന്ന് മാത്രമാണ് കേന്ദ്രം അനുവദിക്കുന്നത്. അതും ഇനി പ്രതീക്ഷിക്കേണ്ടെന്ന നിലപാടാണ് കേന്ദ്രത്തിനുള്ളത്. ഇന്ധനമായി പെട്രോളോ ഡീസലോ ഉപയോഗിക്കണമെങ്കിൽ നിലവിലുള്ള എഞ്ചിനുകൾ

മുഴുവൻ മാറ്റണം. അത് കോടാനുകോടി രൂപ സംസ്ഥാന ഗവൺമെന്റിന് ബാധ്യതവരുന്നതും മത്സ്യത്തൊഴിലാളിക്ക് താങ്ങാൻ കഴിയാത്തതുമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.........

ശ്രീ. സജി ചെറിയാൻ: സർ, വളരെ പ്രധാനപ്പെട്ട വിഷയമായതിനാൽ എനിക്ക് സമയം അനുവദിക്കണം. മറ്റൊരു പ്രധാന പ്രശ്നം രജിസ്ട്രേഷൻ ഫീസും ലൈസൻസും സംബന്ധിച്ചാണ്. 2018 ജൂലൈ മാസം മുതൽ പ്രാബല്യത്തിൽവന്ന മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് ഫീസുകൾ 2019 ജൂലൈ 1 മുതൽ കുറവുചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചാണ് നടപ്പാക്കിവരുന്നത്. ഇതുപ്രകാരം 5 മീറ്റർ വരെയുള്ള യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. 25 മീറ്ററിനുമുകളിൽ വലിപ്പമുള്ളതിന് 50,000 രൂപയായിരുന്നത് 25,000 രൂപയായി ഗവൺമെന്റ് കുറച്ചുവെന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇടനിലക്കാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിനും മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നിയമമാണ് മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം. കേരള തീരത്തെ

വിവിധ ഹാർബറുകളിൽ 10 ശതമാനം മുതൽ 20 ശതമാനംവരെ ലേല കമ്മീഷനായി വാങ്ങുന്നുണ്ട്. ഈ ഘട്ടത്തിലാണ് കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമത്തിലെ 5(4) ഉപവകുപ്പുപ്രകാരം ആവശ്യമായ മാറ്റം വരുത്തിയിട്ടുള്ളത്. എല്ലാവരുമായി ചർച്ച ചെയ്താണ് ഈ നിയമം പാസ്സാക്കിയത്. ലേല കമ്മീഷൻ 5 ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്നുമാത്രമല്ല, ഇത്തരത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 40 ശതമാനം മത്സ്യത്തൊഴിലാളികൾക്കുതന്നെ വാർഷിക ഉൽപ്പാദന ബോണസ്സായി നൽകുകയും ചെയ്യുന്നു. 20 ശതമാനം തുക മത്സ്യത്തൊഴിലാളികൾ അംഗമായ സൊസൈറ്റികൾക്ക് വിഭജിച്ചുനൽകുന്നു. 20 ശതമാനം തുക മാത്രമായി ലേല കമ്മീഷൻ കുറച്ചു. 20 ശതമാനം തുക ബന്ധപ്പെട്ട ഹാർബർ/ഫിഷ്‌ലാൻഡിംഗ് സെന്ററിന്റെ വികസനത്തിനായി മാറ്റുന്നു. യാതൊരു തുകയും സർക്കാർ വാങ്ങുന്നില്ല. പിണറായി വിജയൻ സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടമാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.......പ്ലീസ്.....

ശ്രീ. സജി ചെറിയാൻ: സർ, ഒരുകാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ബ്ലൂ ഇക്കോണമി നയം മത്സ്യമേഖലയിൽ പ്രത്യേകിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ

വലിയ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. 20-09-2021-നുമുമ്പുതന്നെ ഈ കാര്യങ്ങളെല്ലാം കാണിച്ച് കേന്ദ്ര ഗവൺമെന്റിന് കത്തയച്ചിരുന്നു. കടലിൽ മീൻപിടിക്കാനുള്ള അവകാശവും മത്സ്യത്തിന്റെ ആദ്യവിൽപ്പന, കടൽമത്സ്യ വിഭവങ്ങൾ എന്നിവയുടെ മേൽനോട്ടവും ഉപയോഗ അവകാശങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാനുള്ള നടപടികളുണ്ടാകണമെന്നാണ് ഗവൺമെന്റ് നിലപാട്. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പും നല്ലനിലയിൽ ഇടപെട്ടതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സമുദ്ര മത്സ്യബന്ധന നിയമത്തിൽ 103-ഓളം ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിഞ്ഞു. ബില്ലിന്റെ പരിധി എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിലും ഹൈ സീയിലും മാത്രമാക്കാൻ കഴിഞ്ഞു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്......... മറുപടി ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഒരു കാര്യം മാത്രമേയുള്ളൂ. ഈ ഗവൺമെന്റിന്റെ അഭിമാനകരമായ പദ്ധതിയാണ് ലൈഫ് മിഷൻ. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ഭവനരഹിതരും അർഹരുമായ 5744 പേരിൽ 3447 പേർ കരാറിൽ ഏർപ്പെട്ട് 1325 ഭവനങ്ങൾ പൂർത്തീകരിച്ച്

ശ്രദ്ധേയമായ പ്രവർത്തനം ലൈഫ് മിഷൻവഴി നടക്കുന്നു. പുനർഗേഹം പദ്ധതിവഴി ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്ന പദ്ധതി നടന്നുവരുന്നു. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ വകുപ്പ് ഇടപെട്ടതിന്റെ ഫലമായി 54 വിദ്യാർത്ഥികൾ എം.ബി.ബി.എസ്.-ന് പഠിക്കുന്ന ചരിത്രമാണ് ഈ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കാൻ കഴിഞ്ഞത്. യൂണിയനുകളുമായി നിരന്തരം ചർച്ച നടത്തുന്ന ഒരു ഗവൺമെന്റാണിത്. ബഹുമാനപ്പെട്ട അംഗം അത് അംഗീകരിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. വീണ്ടും യൂണിയനുകളുമായി ചർച്ച നടത്താം. മത്സ്യമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേന്ദ്ര ഗവൺമെന്റിനെതിരെയുള്ള ശക്തമായ പോരാട്ടത്തിൽ ഭരണപക്ഷത്തോടൊപ്പം പ്രതിപക്ഷംകൂടി മുൻകയ്യെടുക്കണമെന്നും മുന്നോട്ടുവരണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നിലപാടുമൂലമുള്ള ബുദ്ധിമുട്ടുകൾ നാം അനുഭവിക്കുകയാണ്. ഈ വിഷയത്തിൽ കേരളം ഒറ്റക്കെട്ടാണ്, പ്രതിപക്ഷത്തെ എല്ലാ കക്ഷികളുടെയും സഹകരണമുണ്ടാകും. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിന്

കത്തയയ്ക്കുന്നതിനുപുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ വകുപ്പുമന്ത്രിയോ കേന്ദ്ര ഗവൺമെന്റുമായി അർത്ഥപൂർണ്ണമായ ചർച്ച നടത്താൻ തയ്യാറാകണമെന്നാണ് എന്റെ അപേക്ഷ. അങ്ങ് പറഞ്ഞ എല്ലാ കാര്യത്തോടും ഞാൻ യോജിക്കുന്നു.

ശ്രീ. സജി ചെറിയാൻ: സർ, അർത്ഥപൂർണ്ണമായ ചർച്ചയാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ ദിവസവും നടന്നുകൊണ്ടിരിക്കുന്നത്. ചർച്ചയുടെ കുഴപ്പമല്ല. കോൺഗ്രസ്സ് തുടങ്ങിവച്ച കെടുതി ഞങ്ങളിപ്പോൾ അനുഭവിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചശേഷം പ്രതിപക്ഷത്തുനിന്നുള്ള പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി ഒരിക്കൽക്കൂടി കേന്ദ്രഗവൺമെന്റുമായി ഈ വിഷയങ്ങൾ ചർച്ച ചെയ്യാം.

**11.17 am]**

## IV സബ്മിഷൻ

(1) വെള്ളയിൽ പോലീസ് സ്റ്റേഷൻ നിർമ്മാണം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, എന്റെ മണ്ഡലമായ കോഴിക്കോട് നോർത്തിലെ തീരദേശ മേഖലയിലെ വെള്ളയിൽ പോലീസ് സ്റ്റേഷനുമായി

ബന്ധപ്പെട്ട വിഷയമാണ് അവതരിപ്പിക്കുന്നത്. ഫിഷറീസ് വകുപ്പിന്റെ കെട്ടിടം പോലീസ് സ്റ്റേഷനുവേണ്ടി താൽക്കാലികമായി അനുവദിച്ചിരിക്കുകയാണ്. പുതിയ കെട്ടിടം നിർമ്മിക്കാൻ 2018-19-ൽ അനുമതി നൽകുകയും 14-11-2018-ൽ സർക്കാർ ഉത്തരവിറക്കുകയും ചെയ്തതാണ്. പി.ഡബ്ല്യു.ഡി.-യിൽ തുക ഡെപ്പോസിറ്റ് ചെയ്ത് ഒരു വർഷം കാത്തിരുന്നിട്ടും പണി തുടങ്ങാത്തതിനാൽ വാപ്കോസ് എന്ന ഏജൻസിയെ ഏൽപ്പിച്ചു. തുടർന്ന് 20-12-2019-ന് ഇ-ടെണ്ടർ വഴി റൂഫ്കോ ബിൽഡേഴ്സിനെ പ്രവൃത്തി ഏൽപ്പിച്ചു. അവർ ഫൗണ്ടേഷൻ വർക്ക് മാത്രം പൂർത്തിയാക്കി. നിരക്ക് വർദ്ധന ആവശ്യപ്പെട്ടുകൊണ്ട് കരാറുകാർ റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകാത്തതിനാൽ 11-02-2022-ന് കോൺട്രാക്ടർ വർക്ക് നിർത്തി. ഈ സ്റ്റേഷനിൽ എസ്.എച്ച്.ഒ. അടക്കം 39 പോലീസുകാരുണ്ട്. ഞാൻ നേരിട്ടുപോയി കണ്ടതാണ്. വളരെ അസംതൃപ്തിയോടെയാണ് അവരവിടെയിരിക്കുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലും പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ മണ്ഡലമായ ബേപ്പൂരിലും ഇതുപോലുള്ള ഒരു പോലീസ് സ്റ്റേഷനുണ്ട്. ഈ രണ്ട് പോലീസ് സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവൃത്തി ഇതേ അവസ്ഥയിലാണുള്ളത്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഇടപെട്ട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 1,07,00,000 രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. സ്ഥലപരിശോധന, മണ്ണ് പരിശോധന തുടങ്ങിയ പ്രാരംഭപ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് നിർവ്വഹിച്ചു. നിർമ്മാണച്ചുമതല അംഗീകൃത ഏജൻസിയായ വാപ്കോസിനെ ഏൽപ്പിച്ചെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിർവ്വാഹമില്ലെന്ന് കമ്പനി അറിയിച്ചിരുന്നു. തുടർന്ന് നിർമ്മാണം ഏറ്റെടുക്കാൻ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സുൽത്താൻ കനാലിന്റെ പാർശ്വഭിത്തി പുനർനിർമ്മാണം

ശ്രീ. എം. വിജിൻ: സർ, കോവളം മുതൽ ബേക്കൽ വരെ ഉൾനാടൻ ജലഗതാഗത പാതയായി വികസിപ്പിക്കുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമാണ് കല്ല്യാശ്ശേരി മണ്ഡലത്തിലെ കുപ്പം പുഴയെയും പെരുമ്പപ്പുഴയെയും ബന്ധിപ്പിക്കുന്ന കേരളത്തിലെതന്നെ ആദ്യ മനുഷ്യനിർമ്മിത കനാലായ കണ്ണൂരിന്റെ സൂയസ് കനാൽ എന്നറിയപ്പെടുന്ന സുൽത്താൻ കനാൽ. 1999-ൽ ഇ. കെ. നായനാർ സർക്കാരിന്റെ കാലത്താണ് കനാൽ

പുനർനിർമ്മിച്ചത്. എന്നാൽ പില്ലറുകളെ പുറകിലേയ്ക്ക് ഉറപ്പിച്ചുനിർത്തിയ ആങ്കറേജ് ബാറുകൾ ദ്രവിച്ച് കനാലിന്റെ തൂണും സ്ലാബും തകരുകയും കനാലിലേയ്ക്ക് തെന്നിവീഴുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷമുണ്ടായ കനത്തമഴയിൽ വാടിക്കൽ കടവിനും ചൈനാക്ലേ തോടിനുമിടയിലുള്ള 50 മീറ്ററോളം ഭാഗം കനാലിലേയ്ക്ക് തള്ളുകയുണ്ടായി. താൽക്കാലികമായി തെങ്ങിൻ കുറ്റികൾ വച്ചുകൊണ്ടാണ് ഇപ്പോൾ സംരക്ഷിച്ചിരിക്കുന്നത്. ഈ മേയ് മാസമുണ്ടായ മഴയിൽ ചൈനാക്ലേ തോടിന്റെ മേൽഭാഗം 200 മീറ്ററോളം സംരക്ഷണഭിത്തി തകർന്നുവീണ നിലയിലാണ്. നിലവിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവൃത്തിയും ഇതുമൂലം തടസ്സപ്പെട്ടുനിൽക്കുന്ന സാഹചര്യമാണുള്ളത്. ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കുന്ന മലനാട്-മലബാർ റിവർ ക്രൂയിസം പദ്ധതിയെയും ഇത് പ്രതികൂലമായി ബാധിക്കുന്ന നിലയാണുള്ളത്. സുൽത്താൻ കനാലിന്റെ ഇരുകരകളിലുമായി ആയിരത്തോളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പരിസരവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും വലിയ ഭീഷണിയായി പാർശ്വഭിത്തി തകർന്നുകൊണ്ടിരിക്കുന്നതിനാൽ നിലവിൽ രൂക്ഷമായ സാഹചര്യം നിലനിൽക്കുകയാണ്. കനാലിന്റെ അപകടകരമായ അവസ്ഥ പരിഗണിച്ച് സ്ഥിരവും ഫലപ്രദവുമായ സത്വരനടപടി സ്വീകരിക്കണമെന്ന്

ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ന്യൂനമർദ്ദംകാരണം തുടർച്ചയായി പെയ്ത മഴയെത്തുടർന്ന് 18-05-2022-ന് സുൽത്താൻ കനാലിൽ ചൈനാക്ലേ തോടിനടുത്തായി പൈൽ ആൻഡ് സ്ലാബ് പാർശ്വഭിത്തി കനാലിലേയ്ക്ക് ഇടിഞ്ഞുതാഴ്ന്നതിനാൽ സമീപത്തുള്ള വീടുകളും ബണ്ടുറോഡും ഇടിഞ്ഞ് സംരക്ഷണഭിത്തി തകരുകയുണ്ടായി. 20 കൊല്ലംമുമ്പ് നിർമ്മിച്ച പൈൽ ആൻഡ് സ്ലാബ് പലയിടങ്ങളിലും ഇളകിയിട്ടുണ്ട്. ഇതിന് ശാശ്വതപരിഹാരം കാണുന്നതിനായി ആവശ്യമായ പരിശോധനയ്ക്കുശേഷം ഐ.ഡി.ആർ.ബി. ഡിസൈൻ വിഭാഗം രൂപകൽപ്പന നടത്തേണ്ടതുണ്ട്. അതിന്റെയടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്താനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(3) പള്ളിപ്പുറം-കുഴുപ്പിള്ളി വില്ലേജുകളിലെ ഭൂമിക്ക് കരം

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, വൈപ്പിൻ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറം-കുഴുപ്പിള്ളി വില്ലേജുകളിലായി കിടക്കുന്ന അഞ്ഞൂറോളം വരുന്ന കുടുംബങ്ങൾ വർഷങ്ങളായി തീറായി വാങ്ങി കൈവശം വച്ച് അനുഭവിച്ചുവരുന്ന ഭൂമിയുടെ പ്രശ്നമാണ് ഉന്നയിക്കുന്നത്. 1950-ൽ ഫാറൂഖ് കോളേജിന്റെ ആവശ്യങ്ങൾക്കായി വഖഫ് ബോർഡ്

കൊടുത്തതാണെന്ന് അവകാശപ്പെട്ടുകൊണ്ട് നൽകിയ ഒരു പരാതിയെത്തുടർന്ന് വഖഫ് ബോർഡ് സ്വീകരിച്ചിട്ടുള്ള ചില നടപടികൾ ഈ മേഖലയിൽ വലിയ പ്രയാസങ്ങളുണ്ടാക്കിയിരിക്കുകയാണ്. ഭൂരിഭാഗം വരുന്ന മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള സാധാരണ കുടുംബങ്ങളിൽ ആശങ്കയും വലിയ പ്രതിഷേധവും ഇത് ഉയർത്തിയിരിക്കുകയാണ്. തീറാധാരം വാങ്ങിയ ഈ ഭൂമി യഥാർത്ഥത്തിൽ വഖഫ് ബോർഡിന് അവകാശപ്പെട്ടതാണോയെന്ന് സംശയമുണ്ട്. ബഹുമാന്യരായ മുഖ്യമന്ത്രി, വഖഫ് വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവർക്കെല്ലാം നിവേദനങ്ങൾ നൽകിയിട്ടുള്ളതാണ്. അടിയന്തരമായി ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജുകളിലായി കിടക്കുന്ന ഭൂമിയുടെ കരം സ്വീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ റവന്യൂ അധികൃതർ നിർത്തിവച്ചിട്ടുള്ളത് സംബന്ധിച്ച് ഉന്നയിച്ച വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്. കൊച്ചി താലൂക്കിലെ കുഴുപ്പിള്ളി വില്ലേജിൽപ്പെട്ട പഴയ സർവ്വേ 18/1-4-ൽപ്പെട്ട 404 ഏക്കർ 76 സെന്റ് ഭൂമി ഫാറൂഖ് കോളേജിനുവേണ്ടി കൊച്ചി താലൂക്ക്

മട്ടാഞ്ചേരി വില്ലേജിൽ ബംഗ്ലാശ്ശേരി ബംഗ്ലാവിൽ ഇരിക്കും മുസൽമാൻ ഹാജി ഹാബു സേട്ട് മകൻ മുഹമ്മദ് സിദ്ദിക്ക് സേട്ട് വഖഫ് ആധാരം എഴുതി നൽകിയിട്ടുള്ളതാണ്. ഫാറൂഖ് കോളേജിലെ അധികൃതരിൽനിന്നും ടി ഭൂമി പല വ്യക്തികൾക്കായി ആധാരം ചെയ്ത് നൽകിയിട്ടുള്ളതും അവരുടെ പേരിൽ തണ്ടപ്പേർ വച്ച് ടി വ്യക്തികൾ കരം അടച്ച് വന്നിരുന്നതുമാണ്. ഫാറൂഖ് കോളേജിനുവേണ്ടി ട്രസ്റ്റി വി. കെ. ഉണ്ണിക്കോയ സാഹിബ്, S/o. മൊയ്തീൻ കുട്ടി സാഹിബ് കല്ലായിൽ പേരിൽ കിടക്കുന്നുവെന്നും കുഴപ്പിള്ളി എസ്.ആർ.ഒ.-യിലെ 2115/1950 നമ്പർ ആധാരപ്രകാരം ഫാറൂഖ് കോളേജ് മാനേജിംഗ് ട്രസ്റ്റ് കമ്മിറ്റിക്കുവേണ്ടി കമ്മിറ്റിയുടെ അപ്പോഴത്തെ പ്രസിഡന്റ് ഖാൻ ബഹദൂർ പി.കെ. ഉണ്ണിക്കമ്മു സാഹിബ് പേർക്ക് കൊച്ചി താലൂക്ക് മട്ടാഞ്ചേരി വില്ലേജിൽ ബംഗ്ലാശ്ശേരി ബംഗ്ലാവിൽ മുഹമ്മദ് സിദ്ദിഖ് സേട്ട് എഴുതിക്കൊടുത്ത വഖഫ് ആധാരത്തിൽനിന്നും വഴിക്ക് കൈമറിഞ്ഞ് വന്നിട്ടുള്ള 1341/21-ാം നമ്പർ തീറാധാരപ്രകാരമാണ് അപേക്ഷകർക്ക് വസ്തു സിദ്ധിച്ചിട്ടുള്ളതെന്നും മുന്നാധാരങ്ങൾ പരിശോധിച്ച് കണ്ടെത്തിയിട്ടുള്ളതാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കല്ലാതെ ഇതിൽപ്പെട്ട വകകളും അതിൽനിന്നുള്ള ആദായവും ഉപയോഗിക്കുന്നതിന് അവകാശമില്ലാത്തതും ഏതെങ്കിലും കാലത്ത് കോളേജ് നടപ്പിലില്ലാതെ

വരികയാണെങ്കിൽ ഇതിൽപ്പെട്ട വസ്തുവകകൾ ശേഷിക്കുകയാണെങ്കിൽ ശേഷിക്കുന്ന വകകൾ തിരിച്ചെടുക്കുന്നതിന് ആധാരം എഴുതിക്കൊടുത്ത ആളുടെ പിന്തുടർച്ചാവകാശികൾക്ക് അധികാരമുണ്ടെന്നും 2115/1950 നമ്പർ ആധാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1995-ലെ കേന്ദ്ര വഖഫ് നിയമത്തിലും കേരള സ്റ്റേറ്റ് വഖഫ് ചട്ടങ്ങൾ 2019-ലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം വഖഫ് വസ്തുക്കളുടെ സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച വിഷയം 30-11-2021-ൽ ബഹുമാനപ്പെട്ട കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്തിരുന്നു. പ്രസ്തുത യോഗത്തിന്റെ തീരുമാനപ്രകാരം അന്യാധീനപ്പെട്ട വഖഫ് ഭൂമി വീണ്ടെടുക്കുന്നതിനും കണ്ടെത്തുന്നതിനും കയ്യേറ്റമൊഴിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കുകയും ആയതുപ്രകാരം വഖഫിന്റെ പ്രസ്തുത വസ്തു അനധികൃത കൈമാറ്റത്തിലൂടെ കൈവശം വയ്ക്കുന്നവരിൽനിന്നും നികുതി സ്വീകരിക്കുകയോ കൈവശ സർട്ടിഫിക്കറ്റ് നൽകുകയോ പോക്കുവരവ് നടത്തി നൽകുകയോ മറ്റ് നടപടികൾ കൈക്കൊള്ളുകയോ ചെയ്യരുതെന്ന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികളെക്കുറിച്ച് നിയമവശങ്ങൾ

കൂടി വിലയിരുത്തി പരിശോധിച്ചുവരികയുമാണ്. ദീർഘകാലമായി ആധാരപ്രകാരം ഭൂമി കൈവശം വച്ച് ഉപയോഗിച്ചുവരുന്ന ജനങ്ങളുടെ ആശങ്ക സർക്കാർ വളരെ ഗൗരവമായാണ് കാണുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ പരിഹാരം കാണാൻ, ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യപ്രകാരം ബന്ധപ്പെട്ട രണ്ട് മന്ത്രിമാരടങ്ങുന്ന ഉന്നതതല യോഗം ഈ സമ്മേളന കാലയളവിൽത്തന്നെ ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(4) സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കാൻ നടപടി

ശ്രീ. പി. ടി. എ. റഹീം: സർ, വികസന പ്രവർത്തനങ്ങൾക്കായി ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള നടപടികൾ പലപ്പോഴും 10 വർഷത്തിലധികം സമയമെടുക്കുകയാണ്. വലിയ സങ്കീർണ്ണതയാണ് ഈ പ്രതിസന്ധിക്ക് കാരണം. തുച്ഛമായ കണ്ടിജൻസി ചാർജ് അടയ്ക്കുന്നതിനുപോലും സർക്കാരിന്റെ അനുമതി കാത്തുനിൽക്കേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സർവ്വേയർമാർ സർക്കാർ സർവ്വേയ്ക്ക് മുൻഗണന നൽകണമെന്നുള്ള ഒരു പൊതുതീരുമാനം ആവശ്യമാണ്. സ്ഥലമേറ്റെടുക്കൽ പൂർത്തിയായശേഷം പണം നൽകുന്നതിന് കാലതാമസം വരുന്നതിനാൽ

സർക്കാരിന് 12 ശതമാനം പലിശബാദ്ധ്യത കൂടി ഏറ്റെടുക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകി സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിൽ സർവ്വേയർമാർ ഉൾപ്പെടെയുള്ള ടീമിനെ പ്രത്യേകം നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. പൊതു ആവശ്യങ്ങൾക്ക് സ്ഥലമേറ്റെടുക്കുന്നത് LARR (Land Acquisition, Rehabilitation and Resettlement) Act 2013-ലെ നിബന്ധനകൾക്കനുസരിച്ചാണ്. അപ്രകാരം ഏറ്റെടുക്കുന്ന അവസരങ്ങളിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പദ്ധതിക്കുള്ള അനുമതി ഭരണവകുപ്പ് പുറപ്പെടുവിക്കുന്നമുറയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതി റവന്യൂ വകുപ്പ് നൽകുന്നതാണ്. ഇതിൽ പദ്ധതിക്കാവശ്യമുള്ള മുഴുവൻ തുകയും ബന്ധപ്പെട്ട ശീർഷകത്തിൽ നീക്കിവയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ട് 14-02-2019-ലെ സ.ഉ. (എം.എസ്.)56/2019/റവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് കർശനമായി നടപ്പിലാക്കിക്കൊണ്ട് നഷ്ടപരിഹാരം നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതാണ്. സ്ഥലമേറ്റെടുക്കലുമായി മുന്നോട്ടുപോകുന്ന അവസരങ്ങളിൽ 2015-ലെ എൽ.എ.ആർ.ആർ. ചട്ടത്തിലെ ചട്ടം 4(3) r/w 12-04-2018-ലെ സ.ഉ.(അച്ചടി) നമ്പർ 17/2018/റവ. പ്രകാരം നഷ്ടപരിഹാരച്ചെലവിന്റെ 5 ശതമാനം കണ്ടിജൻസി ചാർജ്ജ് അല്ലെങ്കിൽ 50 ലക്ഷം രൂപ ഏതാണോ കുറവ് ആയത് ബന്ധപ്പെട്ട ടി.എസ്.ബി. അക്കൗണ്ടിൽ അർത്ഥനാധികാരി അടയ്ക്കേണ്ടതാണ്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സ്റ്റേഷനറി, കമ്മ്യൂണിക്കേഷൻസ്, പ്രസിദ്ധീകരണം, മാൻപവർ, യാത്ര, വാഹനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകളും ആമീൻ, ഡ്രാഫ്റ്റ്സ്മാൻ എന്നിവരുടെ കൂടാതെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട ചെലവുകളും കണ്ടിജൻസി ചാർജ്ജിൽ നിന്നാണ് വഹിക്കുന്നത്. മാത്രമല്ല, സർവ്വേ & ബൗണ്ടറീസ് ആക്ട് 1961 പ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ, എൽ.എ.ആർ.ആർ. നിയമപ്രകാരമുള്ള 4(1) വിജ്ഞാപനം, വിദഗ്ദ്ധ സമിതി റിപ്പോർട്ട്, സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരമുള്ള സമുചിത സർക്കാർ തീരുമാനം, 11(1) വിജ്ഞാപനം, കരട് & ഒറിജിനൽ റീഹാബിലിറ്റേഷൻ പാക്കേജ്, 19(1) പ്രഖ്യാപനം എന്നിവ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവും സാമൂഹികാഘാത പഠന ഏജൻസിക്കും വിദഗ്ദ്ധ സമിതി അംഗങ്ങൾക്കുമുള്ള ചെലവും കൂടാതെ മറ്റ്

ചെലവുകളും കണ്ടിജൻസി ചാർജ്ജിൽ നിന്നാണ് വഹിക്കുന്നത്. മാത്രമല്ല, 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് സ്ഥലമേറ്റെടുക്കൽ നടപടികൾക്കായുള്ള മുഴുവൻ തുകയും ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ ഓഫീസറുടെ ശീർഷകത്തിൽ കെട്ടിവച്ചാൽ മാത്രമേ അവാർഡ് പാസ്സാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. കണ്ടിജൻസി ചാർജ്ജ് റിവോൾവിംഗ് ഫണ്ടിൽനിന്ന് അനുവദിച്ച് ആയത് തിരിച്ചടയ്ക്കുന്ന കാര്യം നിയമപരമായി പരിശോധിച്ചുവരികയാണ്. 2013-ലെ എൽ.എ.ആർ.ആർ. ആക്ട് സബ് സെക്ഷൻ 3 സെക്ഷൻ 30 പ്രകാരം അവാർഡ് പാസ്സാക്കുന്ന അവസരത്തിൽ ഭൂവുടമയ്ക്ക് മാർക്കറ്റ് വാല്യുവിന്മേൽ 12 ശതമാനം അഡീഷണൽ ലാൻഡ് വാല്യു നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത 12 ശതമാനം അഡീഷണൽ ലാൻഡ് വാല്യു 4(1) വിജ്ഞാപനം (സാമൂഹികാഘാത പഠനം) പുറപ്പെടുവിച്ച തീയതി മുതൽ അവാർഡ് പാസ്സാക്കുന്ന തീയതി വരെയോ ലാൻഡ് കൈവശത്തിൽ എടുക്കുന്ന തീയതിവരെയോ ഏതാണോ ആദ്യം സംഭവിക്കുന്നത് ആ തീയതിവരെ 12 ശതമാനം അഡീഷണൽ ലാൻഡ് വാല്യു നൽകണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. 2015-ലെ എൽ.എ.ആർ.ആർ. റൂൾസ് സെക്ഷൻ 4(6) പ്രകാരം മുഴുവൻ നഷ്ടപരിഹാരത്തുകയും അർത്ഥനാധികാരി

ബന്ധപ്പെട്ട ശീർഷകത്തിൽ കെട്ടിവച്ചാൽ മാത്രമേ അവാർഡ് പാസ്സാക്കുവാൻ നിർവ്വാഹമുള്ളൂ. അവാർഡ് പാസ്സാക്കുന്ന സമയത്ത് ഭ്രവുടമയ്ക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനാൽ പലിശ നൽകുന്ന സാഹചര്യം ഉദിക്കുന്നില്ല. കേന്ദ്ര നിയമമായ എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരമാണ് ഇപ്പോൾ നടത്തിവരുന്നത്. അന്നത്തെ എം.പി. ആയിരുന്ന ഇപ്പോഴത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് ആ കമ്മിറ്റിയിൽ അംഗമായിരുന്നു. സ്വാഭാവികമായും ഈ നിയമ നടപടികളിലൂടെ കടന്നുപോകാതെ നമുക്ക് അനുവാദം നൽകാനാകില്ല. വർദ്ധിപ്പിക്കപ്പെട്ട വിധത്തിലുള്ള നഷ്ടപരിഹാരം നൽകണമെന്നാണ് ഈ വകുപ്പ് നിഷ്കർഷിക്കുന്നത്. അതനുസരിച്ചുമാത്രമേ മുന്നോട്ടുപോകാനാകൂ. അവിടെ തിരുത്ത് വരാനാകില്ല. പക്ഷേ അങ്ങ് ഉന്നയിച്ചത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. പൊതുമരാമത്ത് വകുപ്പിന്റെ ഭ്രമി ഏറ്റെടുക്കൽ നടപടികൾക്കായി 14 ജില്ലകളിലും ഓരോ സ്പെഷ്യൽ തഹസീൽദാർ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(5) <u>കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി</u>

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, കുട്ടനാട്ടുകാരുടെ

ചിരകാലാഭിലാഷവും ഏറെ കാലത്തെ കാത്തിരിപ്പിനൊടുവിൽ പൂർണ്ണമായും പരിഹരിക്കപ്പെട്ടതുമായ ഒന്നാണ് 'കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി'. എന്റെ സഹോദരൻ തോമസ് ചാണ്ടി ഈ ലോകത്തുനിന്നും വിടപറയുന്നതിനുമുമ്പെ എന്നെ ഏൽപ്പിച്ച വലിയൊരു ഉത്തരവാദിത്വമായിരുന്നു ഈ പദ്ധതി. ആദരണീയനായ മുഖ്യമന്ത്രി, റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ ശക്തമായ രീതിയിൽ ഇടപെട്ടതുകൊണ്ട് ഈ കുടിവെള്ള പദ്ധതി സമാപ്തിയിലെത്തിയിരിക്കുകയാണ്. ആറ് മാസത്തിനകം കുട്ടനാട്ടിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളമെത്തിക്കാൻ സാധിക്കുമെന്ന സന്തോഷത്തിലാണ് ഞാനിന്ന് ഈ സഭയിൽ നിൽക്കുന്നത്. അവസാനഘട്ടത്തിൽ പതിമൂന്ന് പഞ്ചായത്തുകളിലും ഓവർഹെഡ് ടാങ്കുണ്ടാക്കണം, 30 എം.എൽ.ഡി. ശേഷിയുള്ള ഈ പ്രോജക്ട് 30 എം.എൽ.ഡി. കൂടിയായി അപ്ഗ്രേഡ് ചെയ്യണം, മെയിൻ ലൈനിൽ പൈപ്പിടുന്ന കുറച്ച് ജോലികൂടി ബാക്കിയുണ്ട്; ഡിസ്ട്രിബ്യൂഷനിലും ഈ പൈപ്പുതന്നെ ഇടാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 300 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിച്ച് ഈ പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാൻ ജലവിഭവ വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്ന്

ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ പറഞ്ഞകാര്യം ഏറെ സന്തോഷകരമാണ്. ഈ പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ അവസാന മിനുക്കുപണികൾ മാത്രമേ ബാക്കിയുള്ളൂ. പതിമൂന്നാം ധനകാര്യ കമ്മീഷൻ 28-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതി നൽകി കുട്ടനാട് കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തി തുടങ്ങി. പിന്നീട് അതിന്റെ ഭാഗമായി നാലരലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി തകഴിയിൽ തുടങ്ങി. എന്നാൽ കനത്ത മഴയെത്തുടർന്നും ജലനിരപ്പ് ഉയർന്നതിനെത്തുടർന്നും ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായി. മാത്രമല്ല, റെയിൽവേ ക്രോസിംഗിന് അനുമതി ലഭിക്കുന്നതിന് റെയിൽവേ ആവശ്യപ്പെട്ട എസ്റ്റിമേറ്റ് പ്രകാരമുള്ള 58,000 രൂപ 06-08-2021-ൽ അടയ്ക്കുകയും റെയിൽവേയുടെ നിർദ്ദേശപ്രകാരം അലൈൻമെന്റ് മാറ്റുന്നതിനുള്ള സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് എൻ.ഐ.ടി.-യെ പദ്ധതിയുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്, ഉടൻതന്നെ റിപ്പോർട്ട് ലഭ്യമാകും. നാളിതുവരെ 56.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ഒന്നാം ഘട്ടത്തിന്റെ ഭാഗമായി രാമങ്കരി, ചമ്പക്കുളം, പള്ളിക്കുന്ന്, വെളിയനാട് പഞ്ചായത്തുകളിലായി പതിമൂവായിരം പേർക്ക് കുടിവെള്ളം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ഈ പദ്ധതി പൂർണ്ണമായും ഫലപ്രാപ്തിയിലെത്തണമെങ്കിൽ കിഫ്ബി പാക്കേജിലുള്ള പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിയണം. പതിമൂന്ന് പഞ്ചായത്തുകൾ ഉൾപ്പെടുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഈ ഘട്ടത്തിനുവേണ്ടി ഏകദേശം 300 കോടിയോളം രൂപയ്ക്ക് ഭരണാനുമതി നൽകി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. 30 ദശലക്ഷം ലിറ്റർ വെള്ളം പ്രതിദിന ഉൽപ്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയും ഉന്നതതല സംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോമീറ്റർ വിതരണ ശൃംഖലയുമുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികളെല്ലാം പൂർത്തിയായിട്ടുണ്ട്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കീഴിൽ നിർമ്മാണം നടക്കുന്ന ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ യൂട്ടിലിറ്റി ഡക്ടിൽക്കൂടി 450 എം.എം.-ൽ കൂടുതൽ വ്യാസമുള്ള പൈപ്പ് സ്ഥാപിക്കാൻ സാധിക്കില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് പമ്പിംഗ് മെയിനിന്റേയും ജലവിതരണ ലൈനിന്റേയും പുതുക്കിയ ഡിസൈൻ തയ്യാറാക്കുകയും വാട്ടർ അതോറിറ്റി,

കെ.എസ്.ടി.പി., കിഫ്ബി എന്നിവയുടെ സംയുക്ത യോഗത്തിൽ കെ.എസ്.ടി.പി.-യുടെ കരാറുകാർ മുഖേന പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ധാരണയാവുകയും പ്രസ്തുത പ്രവൃത്തി കെ.എസ്.ടി.പി.-യെ ഏൽപ്പിക്കുന്നതിന് 19-05-2022-ലെ സർക്കാർ ഉത്തരവിലൂടെ അനുമതി നൽകുകയും ഇതിനായി നൽകിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി കെ.എസ്.ടി.പി.-ക്ക് 20-05-2022-ൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ കഴിയും. കുടിവെള്ള പദ്ധതി മാത്രമല്ല, കുട്ടനാടിനെ പഴയ രീതിയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള സമഗ്ര പദ്ധതിയെ സംബന്ധിച്ചാണ് സർക്കാർ ആലോചിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലും കുട്ടനാടിനെ കാര്യമായി പരിഗണിച്ചിട്ടുണ്ടെന്നുള്ളത് ചെറിയ കാര്യമല്ല. ഒന്നും രണ്ടും പിണറായി സർക്കാരുകളുടെ ഭരണ കാലയളവുകളിൽ ഏറെ താൽപ്പര്യപൂർവ്വം കുട്ടനാടിനെ പരിരക്ഷിക്കുന്ന കാര്യത്തിൽ മുൻകയ്യെടുത്തിട്ടുണ്ട്. പ്രത്യേകിച്ച്, ശുദ്ധജല വിതരണ രംഗത്ത് വലിയ മാറ്റമാണ് വരാൻപോകുന്നത്. കുട്ടനാട്ടിലെ കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ഈ പദ്ധതിയിലൂടെ ആറ് മാസത്തിനകം സാധിക്കുമെന്ന എം.എൽ.എ.-യുടെ പ്രതീക്ഷ പൂവണിയുമെന്നുതന്നെയാണ്

സർക്കാരും പ്രതീക്ഷിക്കുന്നത്.

## (6) യാത്രാനിരോധനം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് മണ്ഡലത്തിലെ ജനങ്ങൾക്ക് തമിഴ്നാട്ടിൽ നിന്നുമുണ്ടായിട്ടുള്ള ഒരു തടസ്സം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മണ്ണാർക്കാടുനിന്നും അട്ടപ്പാടിയിലെ മുള്ളിവഴി തമിഴ്നാട്ടിലെ ഊട്ടിയിലേയ്ക്ക് വർഷങ്ങളോളം പഴക്കമുള്ള ഒരു പാതയുണ്ട്. ഊട്ടിയിലേയ്ക്ക് പോകുന്ന വിനോദസഞ്ചാരികളും തമിഴ്നാട്ടിൽ ബന്ധുവീടുകളുള്ള ആദിവാസികളുൾപ്പെടെയുള്ളവരും ഈ പാതയിലൂടെയാണ് തമിഴ്നാട്ടിലേയ്ക്ക് പോയിരുന്നത്. എന്നാൽ ഈ അടുത്ത കാലത്ത് അവിടെ ചാർജ്ജെടുത്ത ഒരു ഡി.എഫ്.ഒ. അതുവഴിയുള്ള സഞ്ചാരം തടസ്സപ്പെടുത്തി വാഹനങ്ങൾ പോകാൻ അനുവദിക്കുന്നില്ല. ഇതുമൂലം വലിയ ബുദ്ധിമുട്ടാണുണ്ടായിട്ടുള്ളത്. അട്ടപ്പാടിയിൽനിന്ന് മുള്ളി ചെക്ക്പോസ്റ്റ് കഴിഞ്ഞാലുടൻ തമിഴ്നാട് പ്രദേശത്തേയ്ക്കാണ് കടക്കുന്നത്. കുന്ത-മഞ്ചൂർ വഴി 40 കിലോമീറ്റർ സഞ്ചരിച്ചാൽ ഊട്ടിയിലെത്താൻ സാധിക്കും. അതായത് ഈ പാതവഴി നൂറ് കിലോമീറ്റർ സഞ്ചരിച്ചാൽ മണ്ണാർക്കാട്ടുകാർക്കുമാത്രമല്ല, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, ജില്ലകളിലുള്ളവർക്കും ഊട്ടിയിലെത്തിച്ചേരാം.

ഊട്ടിയിലേയ്ക്ക് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരുന്നതിനുള്ള വഴിയാണിത്. മാത്രവുമല്ല, ഇപ്പോൾ ഗവൺമെന്റ് അങ്ങോട്ടുള്ള റോഡ് കെ.എസ്.ടി.പി. വഴി 150 കോടി രൂപ ചെലവഴിച്ച് നവീകരിക്കുന്നുണ്ട്. ഇപ്പോഴുള്ള ഈ തടസ്സം നിലനിൽക്കുകയാണെങ്കിൽ ആ റോഡ് നവീകരിച്ചാൽ മുള്ളി ഊരിൽവന്ന് യാത്ര അവസാനിപ്പിക്കേണ്ടിവരും, അതിനപ്പുറത്തേയ്ക്ക് പോകാൻ കഴിയില്ല. ഇതൊരു അന്തർസംസ്ഥാന പാതയാണ്. ഈ പാത വളരെ മനോഹരമായ പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നത്. അതിലൂടെയുള്ള യാത്ര ഒരു നല്ല അനുഭവമാണ്. ടൂറിസത്തിന് പ്രാധാന്യമുള്ള ഒരു പ്രധാന പാതകൂടിയാണിത്. ഇതുവഴിയുള്ള യാത്ര തമിഴ്നാട്ടിലെ ഒരു ഡി.എഫ്.ഒ. തടസ്സപ്പെടുത്തിയിരിക്കുകയാണ്. ഞാൻ ഈ സബ്മിഷൻ സമർപ്പിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കായിരുന്നു, എന്നാൽ വനം വകുപ്പുമന്ത്രിയാണ് മറുപടി പറയുന്നത്, അതിൽ പ്രശ്നമൊന്നുമില്ല. ഇതൊരു ഇന്റർ സ്റ്റേറ്റ് ഇഷ്യൂ ആയതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് അതുവഴി യാത്ര ചെയ്യുന്നതിനുള്ള തടസ്സം നീക്കണമെന്നുള്ളതുകൊണ്ടാണ് മുഖ്യമന്ത്രിക്ക് കൊടുത്തത്. ഒരു ഉദ്യോഗസ്ഥ സംഘത്തെ അവിടേയ്ക്ക് അയയ്ക്കുകയാണെങ്കിൽ കൂടുതൽ ഫലപ്രദമാകുമായിരുന്നു. കാലങ്ങളായി അനുഭവിച്ചുവന്നിരുന്ന യാത്രാ

സൗകര്യമാണ്. ഒരു അന്തർസംസ്ഥാന പാത ഒരു ഡി.എഫ്.ഒ. തടസ്സപ്പെടുത്തിയാൽ തടസ്സപ്പെടരുത്. ഗവൺമെന്റ് ഇടപെട്ട് ആ പാത തുറക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം ഇവിടെ പരാമർശിച്ചിട്ടുള്ള റോഡ് സംബന്ധിച്ച് അദ്ദേഹംതന്നെ വ്യക്തമാക്കിയതുപോലെ തമിഴ്നാടുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ തടസ്സമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുൾപ്പെടെയുള്ളവർ പ്രസ്തുത പ്രദേശം സന്ദർശിക്കുകയും ആ പ്രശ്നം എന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ദീർഘദൂര സഞ്ചാരികളെ തടയുന്നതായാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ തദ്ദേശവാസികളെയും ആദിവാസികളെയും മഞ്ചൂർ ഭാഗത്ത് താമസിക്കുന്നവരുടെ സ്വകാര്യ വാഹനങ്ങളെയും കാർഷിക വിഭവങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളെയും കടത്തിവിടുന്നുണ്ട്. മുള്ളി മുതൽ മഞ്ചൂർ വരെയുള്ള റോഡ് കോയമ്പത്തൂർ ഫോറസ്റ്റ് ഡിവിഷനിൽ ഉൾപ്പെട്ടതാണ്. ഊട്ടിയിലെ ഈ റോഡിലൂടെയുള്ള ടൂറിസവുമായി ബന്ധപ്പെട്ട കേസ്

തമിഴ്നാട് ഹൈക്കോടതിയിൽ നിലവിലുണ്ടെന്നും പ്രസ്തുത കേസുമായി ബന്ധപ്പെട്ട കോടതി നിർദ്ദേശപ്രകാരമാണ് അവിടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നുമാണ് ആ ഭാഗത്തെ വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനും പ്ലാസ്റ്റിക് വലിച്ചെറിയുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒഴിവാക്കുന്നതിനും കാട്ടുതീയുണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനും വേണ്ടിയാണ് ഇപ്രകാരം വാഹനഗതാഗതം നിയന്ത്രിക്കുന്നതെന്നാണ് അവർ വാക്കാൽ അറിയിച്ചിട്ടുള്ളത്. ഇക്കാര്യം രണ്ട് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് തമിഴ്നാട് വനംവകുപ്പുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ഉചിതമായ മാർഗ്ഗത്തിൽ ബന്ധപ്പെടാനാണ് തീരുമാനിച്ചിട്ടുള്ളത്. കാലതാമസമില്ലാതെ അക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിലുള്ള തമിഴ്നാടിന്റെ പ്രതികരണം വളരെ നിർണ്ണായകമായതുകൊണ്ട് ഇത് പരിഹരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകാൻ നിർവ്വാഹമില്ലെന്ന കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. എന്തായാലും അങ്ങ് ഉന്നയിച്ചത് പരിഹരിക്കപ്പെടേണ്ട പ്രധാന പ്രശ്നമാണ് എന്നുതന്നെയാണ് സർക്കാരിന്റെയും നിലപാട്.

(7) മാധ്യമ പ്രവർത്തകർക്കുള്ള പെൻഷൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2021 ജനവരി 15-ാം തീയതി അവതരിപ്പിച്ച 2021-22-ലെ ബഡ്ജറ്റിൽ ജേർണലിസ്റ്റുകൾക്ക് ആനുകൂല്യം കൊടുക്കുമെന്നുള്ള ഗവൺമെന്റിന്റെ ഒരു വാഗ്ദാനമുണ്ട്. പ്രസ്തുത ആനുകൂല്യം കാലാകാലങ്ങളിൽ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൽ കഴിഞ്ഞ ഗവൺമെന്റും അതിനുമുമ്പുള്ള ഗവൺമെന്റും ഇപ്പോഴുള്ള ഗവൺമെന്റുമുണ്ട്. അവർക്ക് 1,000 രൂപ വർദ്ധനവുണ്ടാകുമെന്ന് പറഞ്ഞിരുന്നു. പക്ഷേ എന്റെ കയ്യിലിരിക്കുന്ന 24-06-2022-ലെ ഉത്തരവിൽ അത് 500 രൂപയാക്കി ചുരുക്കിയിട്ടുണ്ടെന്നാണ് കാണുന്നത്. ഇതെങ്ങനെ സംഭവിച്ചു എന്നെനിക്കറിയില്ല. ഇത് പൂർവ്വസ്ഥിതിയിലെത്തിക്കുവാനും അവർക്ക് 500 രൂപകൂടി വർദ്ധിപ്പിച്ച് നൽകുവാനുമുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ വിഷയം സംബന്ധിച്ച് പത്രപ്രവർത്തക യൂണിയനുമായി സംസാരിച്ചിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞതനുസരിച്ചുള്ള 1,000 രൂപതന്നെ കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അങ്ങയുടെ ഉത്തരവാദിത്വത്തിലും ഇടപെടലിലും സന്തോഷമുണ്ട്. ഇക്കാര്യം അവർവന്ന് ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പഴയ

നിയമമനുസരിച്ച് ഇതിന്റെ കോൺട്രിബ്യൂഷൻ Employer, Employee, Government എന്നിവർ ഷെയർ ചെയ്യുന്നതാണ്. ആ കോൺട്രിബ്യൂഷൻ പലതും വരുന്നില്ല. ഫണ്ടിന്റെ പ്രശ്നമുണ്ട്. ഇപ്പോൾ 1,000 രൂപ നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. അത് നടപ്പിലാക്കും.

(8) <u>വടകര മോഡൽ പോളിടെക്നിക്കിന്റെ പ്രവർത്തനം</u>

<u>ശ്രീമതി കെ. കെ. രമ</u>: സർ, വടകര നിയോജകമണ്ഡലത്തിലെ ഏക സർക്കാർ പോളിടെക്നിക്കായ വടകര മോഡൽ പോളിടെക്നിക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പോളിടെക്നിക്കിന്റെ സമഗ്ര വികസനത്തിനായി എം.എൽ.എ. വിളിച്ചുചേർത്ത യോഗത്തിൽ സ്ഥാപനത്തിന്റെ പരിമിതികൾ നേരിട്ട് ബോധ്യപ്പെട്ടതാണ്. മതിയായ എണ്ണം കമ്പ്യൂട്ടറുകളോ സെമിനാർ ഹാളോ സ്ത്രീകൾക്കായി ബാത്ത്റൂമോ സ്ഥാപനത്തിന്റെ മുഖമായ മുഖ്യ കവാടമോ ഇല്ലാത്ത അവസ്ഥയാണ്. ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് നിർബന്ധമായും ഉണ്ടായിരിക്കേണ്ട കമ്പ്യൂട്ടറുകളുടെ എണ്ണം ഇവിടെ നാമമാത്രമാണ്. ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ നടത്തിയ പരിശോധനയിൽ ഇക്കാര്യം

എടുത്തുപറയുകയും ചെയ്തിട്ടുള്ളതാണ്. അടുത്ത അദ്ധ്യയന വർഷത്തോടെ 100 കമ്പ്യൂട്ടറുകളെങ്കിലുമുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ ലാബ് ഒരുക്കാത്തപക്ഷം AICTE-യുടെ അംഗീകാരം നഷ്ടമാകുന്ന സ്ഥിതിയാണ്. വിപുലമായ കമ്പ്യൂട്ടർ ലാബ് തയ്യാറാക്കിയാൽ കോളേജിൽ എൻ.ബി.എ. അക്രഡിറ്റേഷനുള്ള മാനദണ്ഡങ്ങൾ പൂർത്തിയാക്കാം. മാത്രമല്ല, പ്രദേശത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഓൺലൈൻ പരീക്ഷകൾ എഴുതുന്നതിനുള്ള എക്സാമിനേഷൻ സെന്ററായിക്കൂടി പ്രയോജനപ്പെടുത്താൻ കഴിയും. 1988 മുതൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 4 ബ്രാഞ്ചുകളാണുള്ളത്. ഇതിൽ പുതുതായി തുടങ്ങിയ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് ബ്രാഞ്ചിനാവശ്യമായ ക്ലാസ്സ് മുറികളും വർക്ക്ഷോപ്പുകളും ലാബുകളും നിലവിലില്ല. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയില്ലാത്തതിനാൽ നിലവിലുള്ള കെട്ടിടത്തിന് മൂന്നാംനില നിർമ്മിക്കുക എന്നത് മാത്രമാണ് ഏക പോംവഴി. ഏതാനും ക്ലാസ് മുറികളുടെ നിർമ്മാണത്തിനായി ഐ.എച്ച്.ആർ.ഡി.-യിൽനിന്നും തുക കണ്ടെത്താൻ ശ്രമിക്കുമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇത് സ്ഥാപനത്തിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിന് പര്യാപ്തമല്ല. ഒരു ടെക്നിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിൽ അത്യന്താപേക്ഷിതമായി ഉണ്ടായിരിക്കേണ്ട ഒന്നാണ്

സെമിനാർ ഹാൾ. ഇവിടെ സെമിനാർ ഹാൾ നിർമ്മിക്കണമെന്നത് പ്രദേശവാസികളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഏറെ നാളത്തെ ആവശ്യമാണ്. സെമിനാർ ഹാൾ നിർമ്മിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിരുന്നു. 20% തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾക്ക് അതേ സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ചില്ലെങ്കിൽ തൊട്ടടുത്ത വർഷം തുക വകയിരുത്താറുണ്ട്. എന്നാൽ ഈ പദ്ധതിയുടെ കാര്യത്തിൽ രണ്ടും ഉണ്ടായിട്ടില്ല. ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ വടകര മോഡൽ പോളിടെക്നിക്കിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 1988-ൽ പ്രവർത്തനമാരംഭിച്ച വടകര മോഡൽ പോളിടെക്നിക് കോളേജിൽ AICTE നിഷ്കർഷിക്കുന്ന എല്ലാ ഭൗതിക സാഹചര്യങ്ങളും നിലവിലുണ്ട്. വടകര മോഡൽ പോളിടെക്നിക് കോളേജിന്റെ 2022-23 അക്കാദമിക് വർഷത്തേയ്ക്കുള്ള AICTE അപ്രൂവലിനുവേണ്ടി ഐ.എച്ച്.ആർ.ഡി. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ

ഡെഫിഷ്യൻസി ഒന്നുമില്ലെന്നാണ് AICTE വെബ് പോർട്ടലിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കെട്ടിടത്തിന്റെ രണ്ടാംനിലയുടെ അടുത്ത ഘട്ടം നിർമ്മിക്കുന്നതിന് 100 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പദ്ധതി ഭരണാനുമതിക്കായി വകുപ്പിൽ ലഭ്യമായിട്ടുള്ള പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. കോളേജിന്റെ നിലവിലുള്ള ഫ്രണ്ട് ഗേറ്റ്, ചുറ്റുമതിൽ എന്നിവ കൂടുതൽ ആകർഷകമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. AICTE-യുടെയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ലാബ്, ലൈബ്രറി സൗകര്യങ്ങൾ എന്നിവ വടകര മോഡൽ പോളിടെക്നിക് കോളേജിൽ നിലവിലുണ്ട്. ഇതിനായി പ്ലാൻ ഫണ്ടിൽനിന്നും എല്ലാ വർഷവും ഐ.എച്ച്.ആർ.ഡി.-ക്ക് തുക അനുവദിക്കാറുണ്ട്. ആവശ്യമുള്ളപക്ഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കൂടാതെ വടകര മോഡൽ പോളിടെക്നിക് കോളേജിന് എൻ.ബി.എ. അക്രഡിറ്റേഷനാവശ്യമായ നടപടികളും ഐ.എച്ച്.ആർ.ഡി. സ്വീകരിച്ചുവരുന്നുണ്ട്.

## (9) പി. എസ്. സി. വഴി നിയമനം

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിലെ പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലംവരെയുള്ള അദ്ധ്യാപകരെ വാർത്തെടുക്കുന്ന സ്ഥാപനങ്ങളാണ് ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററുകളും ബി.എഡ്. ട്രെയിനിംഗ് കോളേജുകളും. നിരവധി പരിശീലനങ്ങളും മറ്റും നൽകുന്ന സ്ഥാപനങ്ങളാണ് ഇവ. നിലവിൽ DIET (District Institute for Education and Training)-ൽ സ്പെഷ്യൽ റൂൾ വന്നെങ്കിലും ഇതുവരെ അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. നോട്ടിഫിക്കേഷൻ വന്നിട്ടില്ല. യു.ജി.സി. നോംസ് പ്രകാരം പ്രവർത്തിക്കുന്ന ട്രെയിനിംഗ് കോളേജുകളിലുൾപ്പെടെ സ്കൂൾ അദ്ധ്യാപകർ ബൈ ട്രാൻസ്ഫർ മുഖേന വരികയാണ്. ആവശ്യത്തിന് എം.എഡ്., നെറ്റ് ക്വാളിഫിക്കേഷനുകളുള്ള അദ്ധ്യാപകർ ഇല്ലാതിരുന്ന മുൻകാലങ്ങളിൽ ഇവിടെ ബൈ ട്രാൻസ്ഫർ വേണ്ടിവന്നിട്ടുണ്ടാകും. ഇന്ന് ഇഷ്ടംപോലെ അദ്ധ്യാപകരുണ്ട്. എം.എഡ്. കഴിഞ്ഞ് ജെ.ആർ.എഫ്., പി.എച്ച്.ഡി. ചെയ്തവർ, യു.ജി.സി. നെറ്റ് ക്വാളിഫൈഡായ അഭ്യസ്തവിദ്യർ തുടങ്ങിയവർ നിരവധിയുണ്ട്. ഇവർക്ക് ജോലി നൽകുന്നതിനുപകരം അദ്ധ്യാപക സംഘടനകളെ സ്വാധീനിച്ച് ചിലർ ബൈ ട്രാൻസ്ഫറിലൂടെ കേരളത്തിലെ ട്രെയിനിംഗ് കോളേജുകൾ, DIET-കൾ, ടി.ടി.ഐ.-കൾ എന്നിവിടങ്ങളിൽ

അദ്ധ്യാപകരായി വരുന്നത് ശരിയായ രീതിയല്ല. പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ഇടപെടേണ്ട വിഷയമാണിത്. കേരളത്തിലെ DIET-കൾ, ടി.ടി.ഐ.-കൾ, ട്രെയിനിംഗ് കോളേജുകൾ എന്നിവിടങ്ങളിലെ ബൈ ട്രാൻസ്ഫർവഴിയുള്ള അദ്ധ്യാപക നിയമനം റദ്ദ് ചെയ്യണമെന്നും ഇവിടെയെല്ലാം അദ്ധ്യാപകരെ നിയമിക്കാൻ പി.എസ്.സി. മുഖാന്തരം ഉത്തരവിറക്കണമെന്നും ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്ത് 23 ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു ഗവൺമെന്റ് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗേജ് ട്രെയിനിംഗ് (ഹിന്ദി), ഒരു ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെ 25 സർക്കാർ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ളത്. പ്രസ്തുത സ്ഥാപനങ്ങളിൽ കെ.ഇ.ആർ. പ്രകാരം അംഗീകരിക്കപ്പെട്ട 115 അദ്ധ്യാപക തസ്തികകളാണുള്ളത്. ഈ തസ്തികകളിലേയ്ക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് നടത്തുന്നത്. DIET-കളിലെ അദ്ധ്യാപക നിയമനത്തിനുള്ള നിയമനരീതി വ്യക്തമാക്കിക്കൊണ്ട് 19-02-2021-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിൻപ്രകാരം കാറ്റഗറി III - 3 ലക്ചറർ ഒഴിവുകൾ 50% നേരിട്ടും 50% തസ്തികമാറ്റം

വഴിയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻവഴിയുള്ള നിയമനമാണ് നടത്തിവരുന്നത്. അപ്രകാരമുള്ള നിയമനത്തിനായി നിലവിൽ 150 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1955-ലെ പന്ത്രണ്ടാമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനമാണ് The State Council of Education Research and Training (SCERT). നിലവിൽ അന്യത്ര സേവനം, കരാർ, ദിവസവേതന അടിസ്ഥാനത്തിലാണ് ഫാക്കൽറ്റികളെയും ജീവനക്കാരെയും നിയമിക്കുന്നത്. SCERT-യിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്ന കാര്യം പരിശോധിക്കുന്നതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ 4 ബി.എഡ്. ട്രെയിനിംഗ് കോളേജുകളാണുള്ളത്. Government College of Teacher Education- Trivandrum, Government College of Teacher Education- Thalassery, Government College of Teacher Education- Kozhikode, Institute of Advanced Studies in Education- Thrissur എന്നിവയാണവ. ഈ നാല് സർക്കാർ ബി.എഡ്. ട്രെയിനിംഗ് കോളേജുകളിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻവഴി ബൈ ട്രാൻസ്ഫർ നിയമനവും ബൈ

ട്രാൻസ്ഫർ നിയമനത്തിന് അപേക്ഷകരില്ലെങ്കിൽ പി.എസ്.സി. വഴി നേരിട്ടും നിയമനം നൽകിവരുന്നു. എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ അതത് മാനേജുമെന്റുകളാണ് അദ്ധ്യാപക നിയമനം നടത്തുന്നത്. അദ്ധ്യാപക സംഘടനയ്ക്ക് പ്രത്യേക പ്രയോറിറ്റി നൽകി ഒരു സ്ഥലത്തും നിയമനം നടത്തുന്നില്ല.

(10) ചാത്തന്നൂരിൽ സബ് ആർ.ടി. ഓഫീസ്

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂർ ആസ്ഥാനമായി മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഒരു സബ് ആർ.ടി. ഓഫീസ് അടിയന്തരമായി ആരംഭിക്കേണ്ട ആവശ്യകതയാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇതിനുമുൻപ് പല തവണയും നാടിന്റെ ദശാബ്ദങ്ങളായുള്ള ഈ ആവശ്യത്തിന്മേൽ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. മുൻഗണന നൽകേണ്ട ഈ പ്രദേശം ഒഴിവാക്കി മറ്റുപല സ്ഥലങ്ങളിലും പുതിയ സബ് ആർ.ടി. ഓഫീസുകൾ അനുവദിക്കുന്ന സ്ഥിതിയാണ് ഇതിനകമുണ്ടായിട്ടുള്ളത്. അങ്ങ് ഗതാഗത വകുപ്പുമന്ത്രിയുടെ ചുമതലയേറ്റശേഷവും ഈ വിഷയം നിവേദനമായി അങ്ങേയ്ക്ക് നൽകിയിട്ടുള്ളതാണ്. ആറ്റിങ്ങലിനുശേഷം 40 കിലോമീറ്റർ കഴിഞ്ഞ് കൊല്ലം ജില്ലാ ആസ്ഥാനത്തുമാത്രമാണ് സബ് ആർ.ടി. ഓഫീസുള്ളത്. പരവൂർ മുനിസിപ്പാലിറ്റി ഉൾപ്പെടെയുള്ള പ്രദേശം

ചാത്തന്നൂർ മണ്ഡലത്തിൽ ഉണ്ടെങ്കിലും മറ്റ് സ്ഥലങ്ങളിൽ നഗരസഭയുള്ള എല്ലായിടങ്ങളിലും സബ് ആർ.ടി. ഓഫീസ് സ്ഥാപിച്ചിട്ടുള്ളതാണ്, ചാത്തന്നൂർ മാത്രമാണ് ഒഴിവായിട്ടുള്ളത്. 2014-ലെ ഗതാഗത കമ്മീഷൻ ചാത്തന്നൂരിൽ സബ് ആർ.ടി. ഓഫീസ് സ്ഥാപിക്കണമെന്ന് സർക്കാരിന് ശിപാർശ ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയുടെ തെക്കൻ മേഖലയിലെ ജനങ്ങൾ ഏകദേശം 38-40 കിലോമീറ്ററോളം സഞ്ചരിച്ചാലാണ് കൊല്ലം ആർ.ടി. ഓഫീസിൽ എത്താൻകഴിയുന്നത്. ഈ ആർ.ടി. ഓഫീസ് അനുവദിക്കുന്നതുകൊണ്ട് കൊല്ലം ജില്ലയിലെ തെക്കൻ മേഖലയിലെ ജനങ്ങൾക്കും സമീപ പ്രദേശങ്ങളിലെ ജനങ്ങൾക്കും ഗുണകരമാകുമെന്ന് മാത്രമല്ല, കൊല്ലം ജില്ലാ ആർ.ടി. ഓഫീസിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കാനും കഴിയും. ചാത്തന്നൂരിലെ മിനി സിവിൽ സ്റ്റേഷൻ കേന്ദ്രീകരിച്ച് കെട്ടിടവും ഫർണിച്ചറും ഉൾപ്പെടെ എല്ലാ ഭൗതിക സൗകര്യങ്ങളും അവിടെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. ചാത്തന്നൂർ ആസ്ഥാനമായി ഒരു സബ് ആർ.ടി. ഓഫീസ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, അനുഭാവപൂർവ്വം പരിഗണിക്കേണ്ടതും വളരെ ന്യായവുമായ ആവശ്യമാണ് ബഹുമാനപ്പെട്ട

അംഗം ഉന്നയിച്ചിരിക്കുന്നത്. കേരളത്തിൽ നിലവിൽ 68 സബ് ആർ.ടി. ഓഫീസുകളാണുള്ളത്. 11/2019-ലാണ് ഏറ്റവും അവസാനം 7 പുതിയ സബ് ആർ.ടി. ഓഫീസുകൾ കേരളത്തിൽ രൂപീകരിച്ചത്. സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നതുൾപ്പെടെ, ഇതുപോലെയുള്ള പുതിയ ഓഫീസുകൾ പുതിയതായി അനുവദിക്കുന്നതിനുള്ള പ്രധാന തടസ്സം സാമ്പത്തിക പ്രതിസന്ധിയാണ്. ചാത്തന്നൂർ കേന്ദ്രമാക്കി പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ മോട്ടോർ വാഹന വകുപ്പിൽനിന്ന് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഇല്ലാത്ത താലൂക്കുകളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, റൂറൽ റീജിയണൽ ഓഫീസ് എന്നിവ തുടങ്ങുന്നതിനാണ് പ്രൊപ്പോസൽ. സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് ചാത്തന്നൂരിൽ പുതിയ സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിനാണ് മുൻഗണന നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് പുതിയതായി സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുമ്പോൾ ചാത്തന്നൂരിന്റെ കാര്യത്തിൽ മുന്തിയ പരിഗണന നൽകുന്നതാണ്.

## 11.54 am]

## V ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ
ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം
ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള

തുക 2022-23 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-2023 | | | | |
|---|---|---|---|---|---|---|
| | | 18-03-2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| IX | വാഹന നികുതികൾ | 72,57,81,000 | -- | 145,15,61,000 | -- | 145,15,61,000 |
| XXXIII | മത്സ്യബന്ധനം | 139,14,81,000 | 69,49,00,000 | 278,29,61,000 | 138,98,00,000 | 417,27,61,000 |
| XLI | ഗതാഗതം | 28,89,46,000 | 494,94,98,000 | 57,78,92,000 | 989,89,95,000 | 1047,68,87,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. അൻവർ സാദത്ത്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാതെ വാഹനനികുതി ഉയർത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വാഹന നികുതി ഉയർത്തിയിട്ടും വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇരുചക്രവാഹനങ്ങളുടെ നികുതി

ഉയർത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് രണ്ട് ലക്ഷം രൂപ വരെ വിലയുള്ള ഇരുചക്ര വാഹനങ്ങളുടെ വാഹനനികുതി ഉയർത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രളയവും കോവിഡും ദുരിതത്തിലാക്കിയ സാഹചര്യത്തിലും ബൈക്കുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ നികുതി വർദ്ധിപ്പിച്ചതായും പഴയ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തുകയും ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വാഹന രജിസ്ട്രേഷൻ, അനുബന്ധസേവനങ്ങൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം ഫലപ്രദമല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഭാരത് രജിസ്ട്രേഷൻ പ്രകാരം വാഹനങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി

വിമുക്തമാക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിലെ അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മോട്ടോർ വാഹന ചെക്ക് പോസ്റ്റുകൾ കാലാനുസൃതമായി നവീകരിക്കാൻ നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മദ്യപിച്ച് വാഹനം ഓടിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോൺട്രാക്റ്റ് ക്യാര്യേജ് നികുതി അടച്ചശേഷം സ്റ്റേജ് കാര്യേജ് ആയി സർവ്വീസ് നടത്തുന്നതു തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഹരിത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് മതിയായ ചാർജിംഗ് സ്റ്റേഷനുകൾ

സജ്ജമാക്കുന്നതിന്  നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സേഫ് കേരള പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതായി  പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 145,15,61,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീമതി ഉമ തോമസ്

2. ശ്രീ. സി. ആർ. മഹേഷ്

3. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

4. ശ്രീ. സജീവ് ജോസഫ്

5. ശ്രീ. സനീഷ് കുമാർ ജോസഫ്

6. ഡോ. മാത്യു കുഴൽനാടൻ

**ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മണ്ണെണ്ണയുടെ വിലവർദ്ധനവ് കാരണം മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് മത്സ്യഫെഡ് മുഖേന മണ്ണെണ്ണ വിലകുറച്ച് വിതരണം ചെയ്യണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മത്സ്യബന്ധന ബോട്ടുകളുടെ

ഉപയോഗത്തിനുള്ള പെട്രോളിയം ഇന്ധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലാവസ്ഥ വ്യതിയാനവും മത്സ്യത്തിന്റെ ലഭ്യതക്കുറവുംമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അന്യ സംസ്ഥാനങ്ങളിൽ നിന്നുവരുന്നതുൾപ്പെടെ കോൾഡ് സ്റ്റോറേജ് സംവിധാനമില്ലാത്ത വാഹനങ്ങളിൽ പഴകിയതും കേടായതുമായ മത്സ്യം വിപണനം നടത്തുന്നുവെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മത്സ്യഫെഡ് ആരംഭിച്ച മൊബൈൽ മീൻ വിപണന സംവിധാനമായ അന്തിപ്പച്ചയിലെ ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ മുനീർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് അവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അശാസ്ത്രീയമായ മീൻപിടിത്തം മൂലം കേരള തീരത്തെ മത്സ്യസമ്പത്തിൽ ശോഷണം ഉണ്ടായിരിക്കുന്നുവെന്നും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുന്നില്ലായെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അന്തിപ്പച്ച പദ്ധതിയിൽ അഴിമതിയുണ്ടെന്നും മത്സ്യസംഭരണം, വില്പന എന്നിവയുമായി ബന്ധപ്പെട്ട് മത്സ്യഫെഡിൽ നടന്നുവെന്നു പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്താൻ തയ്യാറാകുന്നില്ലായെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തീരദേശ റോഡുകളുടെ നിലവാരമുയർത്താൻ സർക്കാർ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (യന്ത്രവൽകൃത ബോട്ടുകൾ ട്രോളിംഗ് നിരോധനം ലംഘിക്കുന്നില്ല എന്നുറപ്പാക്കാൻ കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് ("അന്തിപ്പച്ച" പ്രോജക്ടുമായി ബന്ധപ്പെട്ട് മത്സ്യഫെഡിൽ അഴിമതി നടന്നുവെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മണ്ണെണ്ണ ദൗർലഭ്യംമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മത്സ്യത്തൊഴിലാളികളുടെ ഉപയോഗത്തിനായി നൽകുന്ന മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ വിലകുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മണ്ണെണ്ണ വില ഉയരുന്നതും, ദൗർലഭ്യവും കാരണം മത്സ്യത്തൊഴിലാളികൾ പ്രതിസന്ധി

നേരിടുന്നുവെന്നും മത്സ്യഫെഡ് മുഖേന കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നില്ലെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ട്രോളിംഗ് നിരോധന കാലത്ത് വറുതിയിലാകുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ട്രോളിംഗ് നിരോധനകാലത്ത് വിദേശ ട്രോളറുകൾ കേരളതീരത്ത് മത്സ്യബന്ധനം നടത്തുന്നുവെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭവനരഹിതരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കടലിൽ അപകടത്തിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ ബന്ധുക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മത്സ്യഫെഡിന്റെ അന്തിപ്പച്ചയിൽ സാമ്പത്തിക ക്രമക്കേട് നടന്നുവെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം

ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 417,27,61,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മത്സ്യവിപണന സംസ്കരണ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മത്സ്യവിപണന മാർക്കറ്റുകൾ സ്ത്രീസൗഹൃദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് യഥാസമയം ശമ്പളം വിതരണം ചെയ്യുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം എല്ലാ മാസവും 5-ാം തീയതിക്കുമുമ്പ് വിതരണം ചെയ്യണമെന്ന ഹൈക്കോടതി നിർദ്ദേശം പാലിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം വിതരണം ചെയ്യാതെ ദുരിതത്തിലാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നിലവിലുള്ള സർവ്വീസുകൾ

വെട്ടിക്കുറച്ചതായും ലാഭകരമായ സർവ്വീസുകളെ പുതിയ കമ്പനിക്ക് കീഴിലാക്കിയതായും ജീവനക്കാർക്ക് യഥാസമയം വേതനം നൽകാത്തതായും അത് മൂലം കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്ന നയം സ്വീകരിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർവ്വീസ് വൈവിധ്യവത്കരണത്തിലൂടെയും ടിക്കറ്റിതര വരുമാനങ്ങൾ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളിലൂടെയും കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യുടെ

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിലും ടിക്കറ്റ്-ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളുടെ പ്രവർത്തനം ശരിയായരീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ സമുച്ചയങ്ങളിലെ അഴിമതിയും ക്രമക്കേടുകളും തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യുടെ

വിവിധ നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടായതായി പറയപ്പെടുന്ന അഴിമതികൾ അന്വേഷിച്ച് നടപടി സ്വീകരിക്കാത്ത വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ-സ്വിഫ്റ്റ് എന്ന കമ്പനി രൂപീകരിച്ചതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ തകർച്ചയ്ക്ക് വഴിയൊരുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യുടെ തനതുവരുമാനം ഉയർത്തുന്നതിനും കാലാനുസൃതമായി ഷെഡ്യൂളുകൾ പരിഷ്കരിക്കുന്നതിനും ജീവനക്കാരുടെ വിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി പൊതുഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്ന സമീപനം സ്വീകരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യെ തകർത്തുകൊണ്ട് സിൽവർലൈൻ പോലുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ

ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളുടെ ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പൊതുഗതാഗത സംവിധാനമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യെ കടക്കെണിയിൽനിന്നും രക്ഷിച്ച് നിലനിർത്തുന്നതിനായി സർക്കാർ പ്രത്യേക ധനസഹായം അനുവദിക്കാൻ തയ്യാറാകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ലോക്ഡൗൺ നിയന്ത്രണങ്ങളെ

തുടർന്ന് നിർത്തി വച്ച സർവ്വീസുകൾ പൂർണ്ണമായും പുനരാരംഭിച്ചുകൊണ്ട് സർവ്വീസ് വൈവിധ്യവത്ക്കരണത്തിലൂടെയും മാനേജ്മെന്റിലെ പ്രൊഫഷണൽ സമീപനത്തിലൂടെയും കെ.എസ്.ആർ.ടി.സി.-യെ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായുള്ള സുശീൽഖന്ന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇന്ധന ചെലവ് കുറയ്ക്കുന്നതിനും അന്തരീക്ഷ മലിനീകരണം തടയുന്നതിനും കൂടുതൽ ഇലക്ട്രിക്

വാഹനങ്ങൾ നിരത്തിലിറക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1047,68,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കൂടിയാലോചനകൾ നടത്താതെ കൂടിയ തുകയ്ക്ക് അനെർട്ടിൽനിന്നും വാടകയ്ക്ക് ഇലക്ട്രിക് കാറുകൾ എടുത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മൂന്ന് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച് ഒന്നിച്ച് ചർച്ച നടത്താവുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ഡി. പ്രസേനൻ]

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ സംസാരിക്കുന്ന പ്രധാനപ്പെട്ട വിഷയം 'മത്സ്യബന്ധനം' ആയതിനാൽ കവി ആലങ്കോട് ലീലാകൃഷ്ണന്റെ കവിതയിലെ നാലുവരികൾ ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്.

" നനഞ്ഞ തീരമാണെനിക്കു ജീവിതം
നിറഞ്ഞ കണ്ണുനീർ പുളിപ്പുവറ്റാത്ത,
കറുത്ത ജീവനിൽ പിടഞ്ഞുനിൽക്കിലും,
എടുത്തതൊക്കെയും തിരിച്ചുനൽകുന്ന-
വെളുത്ത ജന്മമാണെനിക്കു സാഗരം."

മത്സ്യത്തൊഴിലാളികളുടേതുമാത്രമല്ല, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ കണ്ണുനീരിൽ കുതിർന്ന സ്വപ്നങ്ങളെ സാക്ഷാത്കരിച്ച സ്നേഹസാഗരമാണ് ഈ സർക്കാർ. ദൈനംദിനം ശോഷിക്കുന്ന കടൽസമ്പത്ത്, കാലാവസ്ഥാ കെടുതികൾ, ഉയർന്ന മീൻപിടുത്തച്ചെലവ് തുടങ്ങിയ കാരണങ്ങളാൽ

മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വലിയതോതിൽ കുറവ് സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ രാജ്യത്തെ മത്സ്യോത്പാദനത്തിലും കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. 1995-96 കാലയളവിൽ കേരളത്തിലെ മത്സ്യോത്പാദനം 26 ശതമാനമുണ്ടായിരുന്നത് ഇപ്പോൾ 12.5 ശതമാനമായി കുറഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾ വലിയ പ്രയാസം അഭിമുഖീകരിക്കുകയാണ്. മാത്രമല്ല, ട്രോളിംഗിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റ് വളരെയധികം ഉദാരമാക്കിയിരിക്കുന്നത് പ്രസ്തുത സാഹചര്യത്തെ കൂടുതൽ മൂർച്ഛിപ്പിക്കുകയാണ്. കേന്ദ്ര സർക്കാർ മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതോടൊപ്പം മത്സ്യത്തൊഴിലാളിയുടെ പഞ്ഞമാസ സമ്പാദ്യ സമാശ്വാസ പദ്ധതി വിഹിതം നാലുവർഷമായി നൽകുന്നുമില്ല. ഇപ്പോൾ ഈ തുക പൂർണ്ണമായും നൽകുന്നത് സംസ്ഥാനമാണ്. പ്രസ്തുത തുക 2700 രൂപയിൽനിന്നും 4500 രൂപയായി വർദ്ധിപ്പിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. മണ്ണെണ്ണയുടെ വില അടിക്കടി വർദ്ധിപ്പിക്കുക, തീരസംരക്ഷണത്തിനുള്ള തുക നൽകാതിരിക്കുക, ഹാർബറുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കാതിരിക്കുക, സമ്പാദ്യ സമാശ്വാസ പദ്ധതി അട്ടിമറിക്കുക തുടങ്ങിയ കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ

ബഹുമാനപ്പെട്ട കെ. പി. എ. മജീദ് ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തു. ഭരണ-പ്രതിപക്ഷാംഗങ്ങൾ യോജിച്ചുനിന്നുകൊണ്ട് ഈ വിഷയങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതാണ്. ഇത്തരം പ്രയാസങ്ങളുടെ നടുവിലും ആവശ്യമായ ഇടപെടലുകൾ നടത്തുന്ന കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രിയെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ശ്രദ്ധയിൽവരുന്ന ഓരോ വിഷയങ്ങളെയും കൃത്യതയോടെ വീക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ആത്മവിശ്വാസം പകരുന്നതിനും അങ്ങ് നടത്തുന്ന ഇടപെടലുകളെ ഞാൻ സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയുടെയും ശ്രീ. സി. ആർ. മഹേഷിന്റെയും മണ്ഡലങ്ങളിൽപ്പെട്ട നാല് മത്സ്യത്തൊഴിലാളികൾ അപകടത്തിൽ മരണപ്പെട്ടു. അതിൽ ഒരാൾക്കുമാത്രമേ ക്ഷേമനിധി അംഗത്വമുണ്ടായിരുന്നുള്ളൂവെങ്കിലും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപവീതം സഹായധനം നൽകുമെന്ന തീരുമാനമെടുത്തത് സ്വാഗതാർഹമാണ്. കാലാവസ്ഥാ പ്രശ്നങ്ങളാൽ മത്സ്യത്തൊഴിലാളികൾക്ക് കടലിൽപ്പോകാൻ കഴിയാത്ത

സാഹചര്യം വന്നപ്പോൾ ഏകദേശം 47 കോടി 84 ലക്ഷം രൂപ ചെലവഴിച്ച് ചരിത്രത്തിലാദ്യമായി ഒരു കുടുംബത്തിന് 3000 രൂപവീതം നൽകാൻ തയ്യാറായി. മത്സ്യത്തൊഴിലാളി പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്തുന്നതിനും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും അവരെ രക്ഷിക്കുന്നതിനുമായി 'മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം' കൊണ്ടുവരാൻ തീരുമാനമെടുത്തതും മത്സ്യത്തൊഴിലാളി വനിതകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള SAF പദ്ധതി (Society for Assistance to Fisherwomen) ആവിഷ്കരിച്ചതും മത്സ്യഫെഡ് അടക്കമുള്ള സ്ഥാപനങ്ങളെ ഉപയോഗിച്ച് പുതിയ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനായി നടപടി സ്വീകരിച്ചതും മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നതവിദ്യാഭ്യാസത്തിനായുള്ള ഇടപെടലും പ്രശംസനീയമാണ്. മത്സ്യത്തൊഴിലാളികളുടെ മക്കളിൽ പലരും ഇന്ന് ഡോക്ടർമാരായി മാറിക്കഴിഞ്ഞുവെന്ന കാര്യം അഭിമാനത്തോടെ പറയാൻകഴിയും. കൂടാതെ ബാങ്കിംഗ് മേഖലയിലും സിവിൽ സർവ്വീസ് രംഗത്തും എത്തിപ്പെടുന്നതിനും പി.എസ്.സി. പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലനവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

കടൽക്ഷോഭം വരുമ്പോൾ കയറിക്കിടക്കാൻ കിടപ്പാടമില്ലാതെ, കടൽകയറിയ ചെറ്റക്കുടിലിൽനിന്നും ഏതെങ്കിലും ദുരിതാശ്വാസ ക്യാമ്പിൽ അഭയം തേടേണ്ടിവന്നിരുന്ന, വർഷങ്ങളോളം അത്തരം ക്യാമ്പുകളിൽ താമസിക്കാൻ വിധിക്കപ്പെട്ടിരുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളിക്ക് 'പുനർഗേഹം' പദ്ധതിയിലൂടെ 10 ലക്ഷം രൂപ നൽകാൻ കഴിഞ്ഞു. അത്തരം കാര്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. കടലിന്റെ തീരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി മാറത്തടിച്ച് നിലവിളിക്കുന്ന കാഴ്ചയുണ്ടാകാതിരിക്കാൻ ഗവൺമെന്റെടുത്ത തീരുമാനത്തെ ആർക്കാണ് എതിർക്കാൻ കഴിയുക? 'പുനർഗേഹം' പദ്ധതിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന തടസ്സങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടി പ്രശംസനീയമാണ്. തീരദേശമേഖലയിൽ 50 മീറ്റർ ദൂരപരിധിക്കുള്ളിലുള്ളവരെ മാറ്റിതാമസിപ്പിക്കുമ്പോൾ അഞ്ച് സെന്റ് ഭൂമിയോ വലിയ വീടോ സ്വന്തമായുള്ള വ്യക്തികൾക്ക് ലഭ്യമാകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത ആലോചിക്കണമെന്ന് ഈ സന്ദർഭത്തിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മത്സ്യത്തൊഴിലാളി മേഖല ഇന്നുനേരിടുന്ന ഗുരുതരമായ പ്രശ്നം അവരുടെ വരുമാനത്തിലുള്ള കുറവും ഈ

മേഖലയെ സംബന്ധിച്ച കേന്ദ്ര നയങ്ങളുമാണ്. സംസ്ഥാനത്തിന്റെ പരിധിയിൽനിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന ഒട്ടനവധി കാര്യങ്ങൾ ചെയ്തുകൊണ്ട് സർക്കാർ മുന്നോട്ടുപോകുകയാണ്. മാലിന്യങ്ങളിൽനിന്ന് നമ്മുടെ കടലിനെയും കായലുകളെയും സംരക്ഷിക്കുന്നതിനായി രൂപംകൊടുത്ത മാതൃകാ പദ്ധതിയടക്കമുള്ള കാര്യങ്ങൾ അഭിനന്ദനാർഹമാണ്.

ഗതാഗത മേഖലയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. രാജ്യത്താകെ മോട്ടോർ വ്യവസായ രംഗത്ത് 5 കോടി ജനങ്ങൾ തൊഴിലെടുക്കുന്നുണ്ട്. ഇന്ന് ഈ മേഖല കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഇന്നത്തെ ചോദ്യോത്തരവേളയിൽ കുറേയേറെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനായി നടത്തുന്ന പരിശ്രമങ്ങളെ സ്വാഗതം ചെയ്യുമ്പോൾത്തന്നെ ട്രേഡ് യൂണിയൻ സംഘടനകളെ വിശ്വാസത്തിലെടുത്തുകൊണ്ട് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് തയ്യാറാകണമെന്ന അഭ്യർത്ഥനകൂടി മുന്നോട്ടുവയ്ക്കുകയാണ്. ഈ ഗവൺമെന്റ് വരുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത 3200 കോടി രൂപയായിരുന്നു. ഇതിന്റെ പലിശയും

മുതലുമായി ഒരു മാസം 3 കോടി രൂപ തിരിച്ചടയ്ക്കണമായിരുന്നു. ഈ വിഷയത്തിന് ഒരു പരിഹാരമെന്നനിലയിൽ ഗവൺമെന്റുതന്നെ ജാമ്യംനിന്നുകൊണ്ട് പ്രതിമാസ തിരിച്ചടവ് 98 ലക്ഷംരൂപയാക്കി കുറയ്ക്കുന്നതിനും അതിനായി കോർപ്പറേഷന്റെ ദിവസേനയുള്ള കളക്ഷനിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്കുതന്നെ തുക തിരിച്ചടയ്ക്കാൻ കഴിയുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവരുന്നതിനുമായി നടപടി സ്വീകരിച്ചത് ഒരിക്കലും മറക്കാൻ കഴിയില്ല. കെ.എസ്.ആർ.ടി.സി.-ക്ക് ഈ ഗവൺമെന്റ് മാസം 30 കോടി രൂപ അധിക ധനസഹായം നൽകുന്നുണ്ട്. കൂടാതെ ശമ്പളം നൽകുന്നതിനായി പ്രതിമാസം 30 കോടി രൂപ വേറെയും നൽകുന്നുണ്ട്. ഈ നിലയിൽ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ നടത്തുന്ന നീക്കങ്ങളെ അഭിമാനത്തോടെ അംഗീകരിക്കുകയാണ്. എന്നാൽ ഇതിനെ തകർക്കുന്നതരത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇന്ധനവില വർദ്ധനവും ഇൻഷ്വറൻസ് പ്രീമിയത്തിലെ വർദ്ധനവും നികുതി വർദ്ധനവും ചേസിസിന്റെയും സ്പെയർപാർട്സുകളുടെയും വില വർദ്ധനവും ഈ സ്ഥാപനത്തെ തകർക്കുകയാണ്. കേരളത്തിൽ നേരത്തെ അൻപതിനായിരത്തോളം സ്വകാര്യ ബസുകളുണ്ടായിരുന്നെങ്കിൽ ഇന്നത് ഏഴായിരം ബസുകളായി കുറഞ്ഞിരിക്കുകയാണ്. ലാഭകരമായിരുന്നെങ്കിൽ

ആരെങ്കിലും ആ ബിസിനസ് നിർത്തുമോ? അതായത്, പ്രതിസന്ധി നിറഞ്ഞ ഘട്ടത്തിലും കാര്യങ്ങൾ ഇത്രയും കൃത്യതയോടെ നടത്തിക്കൊണ്ട് പോകാനാണ് ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങളിൽ ഞാൻ ഗതാഗത വകുപ്പുമന്ത്രിയെ അനുമോദിക്കുകയാണ്.

ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി പറയുകയാണ്. ഇന്നത്തെ പത്രത്തിൽ കെ.പി.സി.സി. പ്രസിഡന്റിന്റെ ഒരു ഫേസ്ബുക്ക് പോസ്റ്റ് വായിക്കാനിടയായി. അക്കാര്യം ഇവിടെ സൂചിപ്പിക്കാതെ പോകുന്നത് ശരിയല്ല. അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പോസ്റ്റ് നിങ്ങളിൽപലരും വായിച്ചുകാണും. അദ്ദേഹത്തിൽനിന്നും മറ്റൊന്നും പ്രതീക്ഷിച്ചിട്ടുകാര്യമില്ല. 'നമ്പ്രേത്തിൽനിന്നും നന്മ പ്രതീക്ഷിക്കാൻ കഴിയുമോ?', ഒരിക്കലും പ്രതീക്ഷിക്കാൻ കഴിയില്ല. അദ്ദേഹം കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി തരംതാണ നിലയിൽ എന്തെല്ലാം ആക്ഷേപങ്ങളും ആരോപണങ്ങളുമാണ് ഉന്നയിക്കുന്നത്; ഇതാണോ ഒരു പാർട്ടിയുടെ അദ്ധ്യക്ഷന്റെ വാക്കുകൾ? 'ഈ മുഖ്യമന്ത്രിയോടൊപ്പം സഭയിൽ ഇരിക്കുന്നവരെക്കുറിച്ച് ഞാൻ ദുഃഖിക്കുന്നു' എന്ന് അദ്ദേഹം പറയുന്നു. അപ്പുറത്തിരിക്കുന്നവർക്കും അത്തരത്തിലുള്ള ദുഃഖമുണ്ടോ? ഉണ്ടെങ്കിൽ അത് അറിഞ്ഞാൽ കൊള്ളാം. ശ്രീ. പിണറായി വിജയൻ എന്ന മുഖ്യമന്ത്രി

ഇനിയും നാല് വർഷംകൂടി കേരളം ഭരിക്കും. ഇടതുപക്ഷ ജനാധിപത്യ മുന്നണി വളരെ കൃത്യതയോടെ മുന്നോട്ടുപോകുകതന്നെ ചെയ്യും. ആർക്കെങ്കിലും അതിൽ നാണക്കേടുണ്ടെങ്കിൽ അവർ രാജിവച്ചാൽ ഞങ്ങളുടെ എണ്ണം കുറച്ചുകൂടി വർദ്ധിപ്പിക്കാൻ സാധിക്കും. അതിനുള്ള അവസരമുണ്ടാക്കിത്തരണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്, അപേക്ഷിക്കുകയാണ്. സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുമ്പോഴും പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കുമ്പോഴുമാണ് ജനാധിപത്യം അർത്ഥവത്താകുന്നത്. അത്തരത്തിലുള്ള ഒരു സർക്കാരാണ് ശ്രീ. പിണറായി വിജയൻ സർക്കാർ. നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല, ഈ സർക്കാരിന് ഒരു നായകനുണ്ട്. എന്നാൽ നിങ്ങൾക്ക് ഒരു നായകനെ ചൂണ്ടിക്കാണിക്കാൻ പറ്റുമോ? ഞങ്ങൾക്കൊരു നായകനുണ്ട്, അത് സഖാവ് പിണറായി വിജയനാണ്. കേരളം നെഞ്ചിലേറ്റിയ ജനനേതാവാണ് അദ്ദേഹം. സമരങ്ങളുടെയും സംഘാടനത്തിന്റെയും രംഗങ്ങളിലൂടെ വളർന്ന് അതുല്യനാണെന്ന് തെളിയിച്ച നേതാവാണ് സഖാവ് പിണറായി വിജയൻ. വികസനം സംബന്ധിച്ച വിശാല കാഴ്ചപ്പാടും ഭരണനിർവ്വഹണത്തിലെ മികവും ചേർന്ന് നവകേരള സൃഷ്ടിക്കായി കേരളം കാത്തുകരുതിവച്ച നേതാവാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി

വിജയനെന്ന് അഭിമാനത്തോടെ ഞങ്ങൾ പറയുന്നു. 'ഇവിടെ ഒന്നും നടക്കില്ല, ആരുവന്നാലും ഒന്നുംനടക്കില്ല' എന്ന പഴമൊഴി മാറിയില്ലേ? ഇവിടെ എല്ലാം നടക്കും. യു.ഡി.എഫ്. എഴുതിത്തള്ളിയ പല പദ്ധതികളും യാഥാർത്ഥ്യമായില്ലേ? അതൊക്കെ പറയാൻ ധാരാളം സമയം വേണമെന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ശ്രീ. പിണറായി വിജയനെന്ന ഇച്ഛാശക്തിയുള്ള ഭരണാധികാരിയുടെ കരുത്തെന്താണെന്നും കഴിവെന്താണെന്നും മനസ്സിലാക്കാൻ ദേശീയപാതാ വികസനത്തിന്റെ കാര്യം മാത്രമെടുത്താൽമതി. കർമ്മകുശലനായ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ നേതൃശേഷിയുടെ തെളിവും കേരളത്തെ വളർച്ചയിൽനിന്നും വളർച്ചയിലേയ്ക്ക് നയിക്കുകയാണ്. അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. പ്രതിസന്ധിയുടെ കാലഘട്ടങ്ങളിൽ കേരളത്തിലെ ഓരോ കുടുംബത്തിനും സ്നേഹം പകർന്നുനൽകിയ മനുഷ്യസ്നേഹിയായ സഖാവ് പിണറായി വിജയന്റെ നേതൃത്വം ഓരോ മലയാളിയും ആഗ്രഹിക്കുന്നുവെന്നതിന്റെ തെളിവാണ് രണ്ടാം ഗവൺമെന്റിനെ ഇത്രവലിയ ഭൂരിപക്ഷത്തോടുകൂടി നയിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചത്. അദ്ദേഹത്തെ നിങ്ങൾ വല്ലാതെ ഭയപ്പെടുകയാണ്. ജനാധിപത്യ മാർഗ്ഗത്തിലൂടെ അധികാരം തിരിച്ചുപിടിക്കാനാകില്ലെന്ന് യു.ഡി.എഫ്. കരുതുകയാണ്. അതുകൊണ്ട്

കേരളത്തിലെ ഉന്നതരായ കോൺഗ്രസ് നേതാക്കളുടെ ക്രിമിനൽ ബുദ്ധിയിൽ വിരിയിച്ചെടുത്ത ഒരാശയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയുള്ള വ്യക്തിപരമായ അധിക്ഷേപങ്ങളെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങൾക്ക് ഏതെങ്കിലും ഒരു വിഷയത്തിൽ പോസിറ്റീവ് നിലപാടോ സമീപനമോ ഉണ്ടോ? നിങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. 'ഞങ്ങളുടെ മുഖ്യശത്രു ബി.ജെ.പി. എന്നുള്ളതല്ല, ബി.ജെ.പി.-യോടൊപ്പം കേരളത്തിലെ സി.പി.ഐ.(എം) ആണ് ' എന്നാണ് ശ്രീ. രാഹുൽഗാന്ധി കഴിഞ്ഞ ദിവസം പറഞ്ഞത്. അത് അദ്ദേഹം സ്വമേധയാ പറഞ്ഞതാണെന്ന് ഞാൻ കരുതുന്നില്ല. അദ്ദേഹത്തിന് എഴുതിക്കൊടുത്തത് വായിച്ചതായിരിക്കാം. പക്ഷേ ഇതെല്ലാം ഈ നാട്ടിലെ ജനങ്ങൾ കാണുന്നുണ്ടെന്ന് കോൺഗ്രസ് മനസ്സിലാക്കണം. ഇവിടെ ലോക കേരള സഭ സംഘടിപ്പിച്ചപ്പോൾ എന്ത് നിലപാടാണ് നിങ്ങളെടുത്തത്; പെട്ടിയും തൂക്കി ആഴ്ചതോറും മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്നവരല്ലേ നിങ്ങൾ; എന്നിട്ട് അവിടെനിന്നുവന്ന പ്രവാസികളുടെ ഭക്ഷണത്തിന്റെയും താമസത്തിന്റെയും പേര് പറഞ്ഞ് നിങ്ങൾ അവരെ ആക്ഷേപിക്കാനല്ലേ നോക്കിയത്; അവരല്ലേ നമ്മുടെ കരുത്ത്; നമ്മുടെ നാട്ടിലെ പ്രതിസന്ധി ഘട്ടങ്ങളിൽ നമ്മളെ കയ്യയച്ച് സഹായിച്ചവരല്ലേ അവർ; അങ്ങനെയുള്ള പ്രവാസികളെ ആക്ഷേപിച്ചത്

ശരിയായിരുന്നോ; നിങ്ങളെ രാഷ്ട്രീയമായി വിശ്വസിക്കുന്നവർക്കുപോലും നിങ്ങളെടുത്ത ആ നിലപാടിനെ പരസ്യമായി വിമർശിക്കേണ്ടി വന്നില്ലേ; ഏത് കാര്യത്തിനാണ് നിങ്ങൾക്ക് ആത്മാർത്ഥതയുള്ളത്? നിങ്ങളെ കൈവെള്ളയിൽ കൊണ്ടുനടക്കുന്ന പ്രവാസികളുടെ കാര്യത്തിലെടുത്ത നിലപാട് കേരളത്തിലെ ജനങ്ങൾ ഒരിക്കലും മറക്കുന്നതല്ല. സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പേരുപറഞ്ഞ് കഷ്ടപ്പെടുന്നവർക്കുവേണ്ടി ബക്കിങ്ഹാമിലും ഷാർജയിലുമൊക്കെ പോയി 500 പൗണ്ട് വീതം വാങ്ങിക്കൊണ്ടുവന്നകാര്യം ഓർത്തിരുന്നുവെങ്കിൽ അവരോട് ഈ ക്രൂരത കാണിക്കാൻ നിങ്ങൾക്ക് കഴിയില്ലായെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇപ്പോൾ നിങ്ങളുടെ നിലവാരം എവിടെയെത്തി നിൽക്കുന്നു? സംഘ്പരിവാറിന്റെ ചട്ടുകമായ ഒരു കള്ളക്കടത്തുകാരി മൊഴി മാറ്റിമാറ്റി പറയുമ്പോൾ അതിൽ വീണുപോകുന്നവരായി നിങ്ങൾ അധ:പതിക്കുകയല്ലേ; കേരളത്തെ വർഗ്ഗീയമായി വേർതിരിക്കാൻ നടക്കുന്നവരുടെയും ന്യൂനപക്ഷങ്ങളെ ഉന്മൂലനം ചെയ്യാൻ നടക്കുന്നവരുടെയും കയ്യിലേയ്ക്ക് യു.ഡി.എഫ്.-ന് പോകാൻ കഴിയുമോ? അത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബടക്കമുള്ള മുസ്ലീംലീഗിന്റെ അംഗങ്ങളെങ്കിലും ആലോചിക്കണം. കോൺഗ്രസ്സിനെ നയിക്കുന്ന പ്രസിഡന്റ് ആ നിലയിലായതുകൊണ്ട്

കോൺഗ്രസ്സിനെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. ലോകത്തിന് മാതൃകയാണ് ഈ സർക്കാർ. പ്രകടന പത്രികയിൽ പറഞ്ഞ എല്ലാ വാഗ്ദാനങ്ങളും നിറവേറ്റിക്കഴിഞ്ഞു.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു. ദയവായി അവസാനിപ്പിക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഒരു പ്രോഗ്രസ് കാർഡ് പുറത്തിറക്കി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെയൊരു മത്സരമുണ്ട്, ഇപ്പോഴത്തെ പ്രതിപക്ഷ നേതാവിന് പതിനാറാം കേരള നിയമസഭയിലും പ്രതിപക്ഷ നേതാവ് തന്നെയാകാനുള്ള മത്സരമാണത്. ഇടതുപക്ഷ സർക്കാർ ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനം ഓരോന്നായി നിറവേറ്റുകയാണ്. കേരളത്തിന്റെ വികസനം തകർക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ നാടിനുവേണ്ടി എന്നും എപ്പോഴും സഖാവ് പിണറായി വിജയൻ മുന്നിട്ടിറങ്ങിയിട്ടുണ്ട്. കേരളം വിറങ്ങലിച്ചുനിന്ന അവസരങ്ങളിൽ ജാഗ്രതയോടുകൂടി സർക്കാർ സംവിധാനത്തെ ചലിപ്പിച്ച്, ജനങ്ങൾക്ക് ആത്മവിശ്വാസം പകർന്ന് സർക്കാരിനെ ശാസ്ത്രീയമായി അദ്ദേഹം മുന്നോട്ടുനയിച്ചു. അതൊക്കെക്കൊണ്ടാണ് കേരളജനത അദ്ദേഹത്തെ

ക്യാപ്റ്റനാക്കാൻ തയ്യാറായത്. അദ്ദേഹം കേരളത്തിന്റെ ക്യാപ്റ്റനായി വന്നത് ഒരു സുപ്രഭാതത്തിലല്ല. കേരള ജനതയെ കൈപിടിച്ചുയർത്തി, ദുരന്ത മുഖങ്ങളിൽ നെഞ്ച് നിവർത്തിനിന്ന് ആത്മധൈര്യം പകർന്നതുകൊണ്ടാണ് അദ്ദേഹത്തെ ക്യാപ്റ്റനാക്കിയത്. അതിൽ കോൺഗ്രസും യു.ഡി.എഫ്.-ഉം അസൂയപ്പെട്ടിട്ട് കാര്യമില്ല. സഖാവ് പിണറായി വിജയൻ കേരളത്തിലെ ഇടതുപക്ഷമുന്നണി സർക്കാരിനെ മുന്നോട്ടുനയിക്കുന്നുവെന്ന് മാത്രമല്ല, ഇനിയും 25 വർഷക്കാലം കേരളത്തെ മുന്നോട്ടുനയിക്കാനുള്ള സമഗ്ര പദ്ധതിയാണ് സർക്കാർ ആവിഷ്കരിക്കുന്നത്. (....മൈക്ക് ഓഫ്....) ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട പി. പി. ചിത്തരഞ്ജൻ മത്സ്യമേഖലയിൽനിന്ന് വരുന്ന ഒരംഗമാണ്. അതുമായി ബന്ധപ്പെട്ട് കുറച്ചുകാര്യങ്ങൾ പറഞ്ഞെങ്കിലും അദ്ദേഹം അധികസമയം വിനിയോഗിച്ചത് മറ്റ് കാര്യങ്ങൾ പറയുന്നതിനുവേണ്ടിയാണ്. അദ്ദേഹംതന്നെ സഭയുടെ അന്തസ്സിനെക്കുറിച്ച് പറയുമ്പോൾ സത്യത്തിൽ അത്ഭുതം തോന്നുകയാണ്. ഇവിടെ സംസാരിക്കുന്നവരെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ മണിയടിക്കുന്നു. പക്ഷേ ഈ നിയമസഭയെ ഒരു കൂട്ടമണിയടിയാക്കി മാറ്ററുത്

എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനാധിപത്യം കൂടുതൽ സുന്ദരമാകുന്നത് പ്രതിപക്ഷംകൂടി ചേരുമ്പോഴാണ്. പക്ഷേ ജനാധിപത്യത്തിൽ നിങ്ങൾക്ക് ലഭിച്ച ഭൂരിപക്ഷത്തെ ഉപയോഗപ്പെടുത്തി പ്രതിപക്ഷ ശബ്ദത്തെ ഇല്ലാതാക്കി എന്നുപറയുമ്പോൾ ജനാധിപത്യത്തെ കശാപ്പുചെയ്യാൻ ജനാധിപത്യത്തെതന്നെ ഉപയോഗിക്കുന്ന ഒരു തന്ത്രവും കീഴ്വഴക്കവുമാണ് നിയമസഭയിൽ കാണുന്നത്. സർക്കാരിന് മംഗളപത്രമെഴുതുന്ന പണിയാണ് പ്രതിപക്ഷത്തിനും പ്രതിപക്ഷ നേതാവിനുമെന്ന് ഭരണപക്ഷം കരുതുന്നത് തെറ്റാണ്. നേരത്തെ ശ്രീ. രമേശ് ചെന്നിത്തല നിങ്ങൾക്ക് വളരെ മോശക്കാരനായിരുന്നു. കാരണം ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികൾ, അതിന്റെ കഥകൾ അദ്ദേഹം തെളിവുസഹിതം നിയമസഭയ്ക്കകത്തും പുറത്തും കോടതിയിലും കൊണ്ടുവന്നിട്ടുണ്ട്. അതിൽ അദ്ദേഹം വിജയിക്കുന്നതായി കാലം തെളിയിക്കുകയും ചെയ്തു. അതുകൊണ്ട് അദ്ദേഹം മോശക്കാരനായി. ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും നിങ്ങൾക്ക് മോശക്കാരനാണ്. അദ്ദേഹവും മലയാളികൾക്ക് മനസ്സിലാകുന്ന ഭാഷയിൽ ജനകീയ വിഷയങ്ങൾ ഈ നിയമസഭയ്ക്കകത്തും പുറത്തും മനോഹരമായി അവതരിപ്പിക്കുന്നുവെന്നതുകൊണ്ടാണ് അദ്ദേഹം പ്രസംഗിക്കുമ്പോൾ

തടസ്സപ്പെടുത്തുകയും ആക്ഷേപിക്കുകയും മോശക്കാരനാക്കുകയും ചെയ്യുന്നത്. നിങ്ങൾ പ്രതിപക്ഷനേതാവിനെ എത്രത്തോളം മോശക്കാരനായി കാണുന്നുവോ കേരള സമൂഹം അദ്ദേഹത്തെ അത്രയേറെ സ്വീകരിക്കുന്നു എന്നതാണ് നിങ്ങളെ ഏറെ അസ്വസ്ഥരാക്കുന്നതെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുകൊണ്ട് ഭരണപക്ഷത്തിന്റെ സർട്ടിഫിക്കറ്റ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ആവശ്യമില്ല. കേരളത്തിലെ ജനലക്ഷങ്ങളുടെ സർട്ടിഫിക്കറ്റ് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനുണ്ടെന്ന് ഈ അവസരത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. നിയമസഭയിലെ ഭരണപക്ഷാംഗങ്ങളുടെ പ്രസംഗങ്ങളും അവരുടെ ആക്രോശവും മുദ്രാവാക്യം വിളികളും ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ പലപ്പോഴുമുണ്ടാകുന്ന അശരീരിയും കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ഇരുതലമൂരി എന്ന ജീവിയെയാണ്. കാരണം ആ ജീവിയുടെ തലയേതാണ് വാലേതാണെന്നറിയാൻ വലിയ ബുദ്ധിമുട്ടാണ്. ലോകത്തിന്റെ വിവിധ കോണുകളിൽനിന്ന് ഈ സഭയെ നോക്കുന്നവർക്ക് ഇവിടെ ഭരണപക്ഷം ആരാണ്, പ്രതിപക്ഷം ആരാണെന്ന് തിരിച്ചറിയാൻ സാധിക്കില്ല. സഭയുടെ കീഴ്വഴക്കങ്ങളിൽ മുൻകാല ചരിത്രത്തിൽ ഇല്ലാത്തവിധം സഭാനടപടികൾ പ്രക്ഷുബ്ധമാകുന്ന അന്തരീക്ഷത്തിൽ

മന്ത്രിമാർ എരിതീയിൽ എണ്ണയൊഴിച്ച് മുദ്രാവാക്യം വിളിക്കുന്നതിനും കലുഷിതമാക്കുന്നതിനുംവേണ്ടിയുള്ള ശ്രമങ്ങൾക്ക് നേതൃത്വം പകരുന്നു. ഇത് ശരിയാണോയെന്ന് നിങ്ങൾതന്നെ ആലോചിക്കണം.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സഭചേരുന്ന ഈ അവസരത്തിൽ തീരദേശമേഖലയിലുള്ളവർ വറുതിയിലും കഷ്ടപ്പാടിലും സങ്കടത്തിലുമാണ് കഴിയുന്നത്. അവർ രൂക്ഷമായ കടലാക്രമണം നേരിടുകയാണ്. വരുംദിവസങ്ങളിൽ അത് കൂടുതൽ രൂക്ഷമാകുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പിൽ പറയുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ആലപ്പാട് 18 കിലോമീറ്ററോളം തീരപ്രദേശമുള്ള ഖനനം നടക്കുന്ന പ്രദേശമാണ്. അവിടെ ഖനനം നടത്തുന്നത് പൊതുമേഖലാ സ്ഥാപനമാണ്. ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അറിവിലേയ്ക്കുകൂടി പറയുകയാണ്, പൊതുമേഖലാ സ്ഥാപനം ഖനനം നടത്തുന്നതുകൊണ്ട് ഖനനം ഖനനമല്ലാതാകുന്നില്ല. ഇന്ത്യയുടെ ഭൂപടത്തിൽ കേരളം ഒരു പൊട്ടുപോലെയാണെങ്കിൽ കേരളത്തിൽ ആലപ്പാട് എന്ന പ്രദേശം മണ്ണുപോലെയായിരിക്കുകയാണ്. കടലും കായലും ഏത് നിമിഷവും ഒന്നിക്കുന്ന അപകടകരമായ സാഹചര്യം ആലപ്പാട്ടുണ്ട്. അവിടെ കടൽഭിത്തി നിർമ്മാണമുൾപ്പെടെയുള്ള പണികൾക്ക് അടിയന്തരമായി

സർക്കാർ പണം അനുവദിക്കാറുണ്ടെങ്കിലും പാറ കിട്ടാനില്ലെന്നാണ് പറയുന്നത്. എന്നാൽ സ്വകാര്യവ്യക്തികൾക്ക് അംബരചുംബികളായ മണിമാളികകൾ കെട്ടിപ്പൊക്കാനും അവരുടെ സ്വകാര്യ ആവശ്യങ്ങൾക്കുംവേണ്ടി ഹനുമാൻ മരുത്വാമല ചുമന്നുകൊണ്ടുപോകുന്നതുപോലെ കിഴക്കുനിന്നും വാഹനത്തിൽ പാറ പടിഞ്ഞാറോട്ടുകൊണ്ടുപോകുന്നത് കടലുകയറി വീടും റോഡും ആരാധനാലയങ്ങളും തകർന്നുപോയ മത്സ്യമേഖലയിൽ താമസിക്കുന്ന പാവപ്പെട്ടവർ കണ്ണീരോടുകൂടി കണ്ടുകൊണ്ടിരിക്കുന്നൊരു യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ വകുപ്പല്ലെങ്കിൽക്കൂടി അങ്ങുമായി ബന്ധപ്പെട്ടുനിൽക്കുന്ന മേഖലയായതുകൊണ്ട് ഇവർ അനുഭവിക്കുന്ന സങ്കടത്തിന് റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് അടിയന്തര പരിഹാരം കാണണം; അടിയന്തരമായി പാറ ലഭ്യമാക്കി കടൽ ഭിത്തി നിർമ്മിക്കണം. ഇല്ലെങ്കിൽ വലിയ ജനകീയ പ്രക്ഷോഭം തീരദേശമേഖലയിലുണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. മണ്ണെണ്ണയുടെയും ഡീസലിന്റെയും കാര്യം ഇവിടെ പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് യാതൊരു മര്യാദയും മനുഷ്യത്വവുമില്ലാതെയാണ് ഇന്ധനവില വർദ്ധിപ്പിക്കുന്നത്. അതിനെതിരെയുള്ള എല്ലാ സംയുക്ത സമരങ്ങൾക്കും

പ്രക്ഷോഭങ്ങൾക്കും നീക്കങ്ങൾക്കും ഈയവസരത്തിൽ പിന്തുണ നൽകുന്നു. മറ്റൊരു പ്രധാനപ്പെട്ട വിഷയം സൂചിപ്പിക്കാനുള്ളത് സുനാമി കോളനികളിൽ ജീവിക്കുന്നവരുടെ നരകയാതനയെ സംബന്ധിച്ചാണ്. കേരളത്തിൽ സുനാമി ദുരന്തം വിതച്ചിട്ട് 16 വർഷമായി. ആലപ്പാട് നൂറുകണക്കിനാളുകളാണ് അന്ന് മരിച്ചത്. അവിടെ ജീവിക്കുന്ന അവരുടെ ഉറ്റവരും ബന്ധുക്കളുമായവരുടെ ജീവിതം പുഴുവരിച്ച ജീവിതങ്ങളായി മാറിയിരിക്കുകയാണ്. യാതൊരു സുരക്ഷാക്രമീകരണങ്ങളും നടത്താതെ അന്ന് അടിയന്തരമായി നിർമ്മിക്കപ്പെട്ട വീടുകളാണവിടെയുള്ളത്. ചതുപ്പുനിലങ്ങളിലാണ് അവ നിർമ്മിച്ചത്. ചെറിയ മഴ പെയ്താൽപ്പോലും സുനാമി കോളനികളിൽ വെള്ളം കെട്ടിനിൽക്കുകയാണ്. അതുമൂലം കുട്ടികൾക്ക് അസുഖം ബാധിക്കുകയാണ്. ഏതുനിമിഷവും ഈ വീടുകൾ ഇടിഞ്ഞുവീഴാവുന്ന അവസ്ഥയിലാണ്. വീടിന്റെ കട്ടള, ജനാല തുടങ്ങിയവ അടർന്നുതാഴെ വീഴുകയാണ്. രക്ഷകർത്താക്കൾ കുട്ടികളുടെ സുരക്ഷിതത്വവും മരണഭയവുമോർത്ത് അവരെ ബന്ധുവീടുകളിൽ മാറ്റി താമസിപ്പിച്ചിരിക്കുകയാണ്. ഈ വിഷയം ഞാൻ പല തവണ നിയമസഭയിൽ പറഞ്ഞതാണ്. റവന്യൂ വകുപ്പിനാണ് ഇതിന് കൂടുതൽ ഉത്തരവാദിത്വമുള്ളത്. പക്ഷേ ഫിഷറീസ് വകുപ്പുമന്ത്രിയെ തീരദേശമേഖല വളരെ പ്രതീക്ഷയോടുകൂടിയാണ് കാണുന്നത്.

അദ്ദേഹത്തിന്റെ പല പരിഷ്കാരങ്ങളെയും പലപ്പോഴും അഭിനന്ദിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ നരകജീവിതം നയിക്കുന്ന കേരളത്തിലെ സുനാമി കോളനികളുടെ നവീകരണത്തിനുവേണ്ടി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും സംസ്ഥാന സർക്കാരും ഗ്രാമപ്രദേശങ്ങളിലുള്ള മറ്റ് വീടുകളുടെ മെയിന്റനൻസിന് പണം അനുവദിക്കുന്നുണ്ട്. എന്നാൽ 16 വർഷമായി സുനാമി കോളനികളിൽ ജീവിച്ചിരിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നയാപൈസപോലും അനുവദിച്ചിട്ടില്ലെന്നുള്ളത് സങ്കടകരമായ യാഥാർത്ഥ്യമാണ്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഒരുപാട് വിഷയങ്ങൾ പറയാനുണ്ട്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട നിയമങ്ങൾ കൊണ്ടുവന്നപ്പോൾ ഹാർബറുകൾ നവീകരിക്കുമെന്ന് പറഞ്ഞു.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. സി. ആർ. മഹേഷ്: സർ, ബഹുമാനപ്പെട്ട മന്ത്രി കരുനാഗപ്പള്ളി ആലപ്പാട്, അഴീക്കൽ ഹാർബറുകൾ സന്ദർശിക്കുകയും അത് ഹൈടെക്കാക്കി നവീകരിക്കാൻവേണ്ടിയുള്ള പദ്ധതികൾ പ്രഖ്യാപിച്ചതുമാണ്. ആ

പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ അങ്ങ് ഇടപെടണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ഗതാഗത വകുപ്പുമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്, അങ്ങ് ഗ്രാമവണ്ടി പ്രഖ്യാപിച്ചു. എന്നാൽ കേരളത്തിലെവിടെയെങ്കിലും ആ ഗ്രാമവണ്ടി ഓടിയതായി അറിയാമോ; ഉണ്ടെങ്കിൽ എത്ര വണ്ടികളാണ് ഓടുന്നത്? എങ്ങുമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ നഷ്ടത്തിലാണ്. പക്ഷേ അങ്ങ് റോഡിലൂടെ പോകുമ്പോൾ ഗ്രാമപ്രദേശങ്ങളിലെയും പട്ടണങ്ങളിലെയും ബസ് സ്റ്റാൻഡുകളിലിരിക്കുന്ന ദൈന്യതയാർന്ന മനുഷ്യരൂപങ്ങളെ ഒന്ന് കാണണം. എല്ലാവർക്കും രണ്ടും മൂന്നും വാഹനങ്ങളുള്ള ഈ കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-യെ മാത്രം പ്രതീക്ഷിച്ചിരിക്കുന്നവർ ആരാണ്?

മി. ചെയർമാൻ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. സി. ആർ. മഹേഷ്: സർ, അവർ സമൂഹത്തിലെ ഏറ്റവും പാവങ്ങളും പട്ടിണിക്കാരും ജീവിതത്തിൽ യാത്ര ചെയ്യാൻ മറ്റൊരു മാർഗ്ഗമില്ലാത്തവരുമാണ്. അവരിൽ കൂടുതൽപേരും അസുഖ ബാധിതരായിട്ടുള്ളവരാണ്. ഉദാഹരണത്തിന് കരുനാഗപ്പള്ളിയിൽനിന്നും

തിരുവനന്തപുരം മെഡിക്കൽ കോളേജ്, ആർ.സി.സി., ശ്രീചിത്ര തിരുനാൾ ആശുപത്രി, വണ്ടാനം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേയ്ക്ക് ആഴ്ചയിൽ രണ്ടുംമൂന്നും തവണ പോകേണ്ട പാവപ്പെട്ട രോഗികൾക്ക് യാത്രചെയ്യാനുള്ള സൗകര്യമൊരുക്കണം. കെ.എസ്.ആർ.ടി.സി.-യിലെ എത്ര സർവ്വീസ് വെട്ടിക്കുറച്ചാലും, പാവപ്പെട്ട രോഗികൾ പോകുന്ന ഈ ബസ് സർവ്വീസുകൾ നിലനിർത്തുകയോ പുനരാവിഷ്ക്കരിക്കുകയോ ചെയ്യണം. (....മൈക്ക് ഓഫ്....)

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, വാഹന നികുതി, ഗതാഗതം, മത്സ്യബന്ധനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. പ്രതിപക്ഷം ഇപ്പോൾ വലിയ കോലാഹലത്തിലാണ്. ബഹളങ്ങളുടെയും വിവാദങ്ങളുടെയും നടുവിലും നടുത്തളത്തിലുമാണ് അവരിപ്പോൾ നിൽക്കുന്നത്. കാതലായ വിമർശനങ്ങളും ജനകീയപ്രശ്നങ്ങളും ഉന്നയിക്കേണ്ട നിയമസഭയെ അതല്ലാത്ത രൂപത്തിൽ എങ്ങനെ കലുഷിതമാക്കാൻ കഴിയുമെന്നുമാത്രം ആലോചിക്കുകയാണ്. ഭരണപക്ഷം ഇരുതലമൂരിയാണെന്ന് എനിക്കുമുമ്പ് സംസാരിച്ച കരുനാഗപ്പള്ളി അംഗം പറഞ്ഞു. എല്ലാതരത്തിലുള്ള വിമർശനങ്ങളും പറയുന്നു. വികസന പ്രവർത്തനങ്ങൾക്കെതിരായ സമീപനമാണ് അവർ കാണിക്കുന്നത്.

എന്നാൽ ഭരണപക്ഷം അതെല്ലാം കേട്ടിരുന്നുകൊള്ളണമെന്ന സമീപനവും അവർ സ്വീകരിക്കുകയാണ്. ഇതെങ്ങനെയാണ് ഒത്തുപോകുന്നു എന്നതാണ് എന്റെ സംശയം. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പ് പരാജയത്തിൽ പതറിപ്പോയശേഷം ആകെ കിട്ടിയ പിടിവള്ളിയാണ് തൃക്കാക്കര മണ്ഡലത്തിലെ വിജയം. 'തൃക്കാക്കരമാനിയ' ബാധിച്ചതുപോലെയാണ് ഇപ്പോൾ പ്രതിപക്ഷം. ഇന്ന് രാവിലെ കൊണ്ടുവന്ന അടിയന്തരപ്രമേയം ആവിക്കൽതോട് മാലിന്യ സംസ്കരണ പ്ലാന്റ് സംബന്ധിച്ചാണ്. കടമ്പ്രയാറിനെ സംബന്ധിച്ചും പറയുകയുണ്ടായി. പിന്നീട് തൃക്കാക്കരയിൽനിന്ന് പ്ലാന്റിലേയ്ക്ക് നോക്കാനാണ് പറഞ്ഞത്. തൃക്കാക്കരയിൽനിന്ന് എന്തിനാണ് പ്ലാന്റിലേയ്ക്ക് നോക്കുന്നത്? തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ജയിച്ചു. അതുസംബന്ധിച്ച് കൃത്യമായി പരിശോധിച്ച് ഏതെങ്കിലും അർത്ഥത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ അത് ഗവൺമെന്റ്തലത്തിലും പാർട്ടിതലത്തിലും പരിശോധന നടത്തി അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകാൻ തീരുമാനിക്കപ്പെട്ട പ്രസ്ഥാനമാണ് എൽ.ഡി.എഫ്. അതുകൊണ്ട് ഒരു വിഷമവും വിചാരിക്കേണ്ടതില്ല. ഇത് ആളുകൾ ഏതെങ്കിലും അർത്ഥത്തിൽ സൂചന നൽകുന്നതുപോലെയോ ഒരു കുട്ടിയെ

പിതാവ് തലോടുന്നതുപോലെയോ ഉള്ള റിസൾട്ടായിമാത്രം കാണും. തീർച്ചയായും അതിനുള്ള പരിഹാരവുമുണ്ടാക്കും. ഇന്ന് ഈ നിയമസഭാ സമ്മേളനം തുടങ്ങിയതിന്റെ അഞ്ചാം ദിവസമാണ്. ഇതുവരെ നാടിന്റെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയം പ്രതിപക്ഷം സഭയിൽ ഉന്നയിച്ചോയെന്ന് നോക്കണം. കാതലായൊരു വിഷയം സഭയിൽ ഉന്നയിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 2022 മേയ് 19-ാം തീയതി ജനസമക്ഷം ഒരു പ്രോഗ്രസ് റിപ്പോർട്ട് സർക്കാർ അവതരിപ്പിച്ചു. എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞ 900 വാഗ്ദാനങ്ങളിൽ ഏകദേശം 758-ഓളം വാഗ്ദാനങ്ങൾ ആരംഭദശയിലാണെന്ന് ആ റിപ്പോർട്ടിലുണ്ട്. ഇത് പ്രതിപക്ഷത്തിന് സഹിക്കാൻ കഴിയുന്നതല്ലല്ലോ? ഒരു വർഷംകൊണ്ടുതന്നെ ഇത്രയും പ്രോജക്ടുകൾ മുമ്പോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ടെങ്കിൽ വരുംദിവസങ്ങളിൽ അത് മുഴുവൻ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. ആ പൂർത്തീകരണമെല്ലാം ജനം വളരെ ഗൗരവത്തിലെടുക്കും. ലൈഫ് പദ്ധതി, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പ്രകൃതി എന്നിവയുമായി ബന്ധപ്പെട്ട വേറെ പദ്ധതികൾ, ഇവയെല്ലാം നടപ്പാക്കാൻ സർക്കാർ ശ്രമിക്കുമ്പോൾ കോലാഹലമുണ്ടാക്കി

അവ നടപ്പാക്കാതെ പോകാനുള്ള ശ്രമമാണ് അപ്പുറത്തുള്ളവർ നടത്തുന്നത്. ഈ പ്രോജക്റ്റുകളില്ലാതെ പോയാൽ എങ്ങനെ നേട്ടമുണ്ടാക്കാൻ സാധിക്കും, അടുത്ത പ്രാവശ്യം എങ്ങനെ ഭരണത്തിൽ കയറാമെന്നൊക്കെയാകും ചിന്തിക്കുന്നത്. ഇടതുപക്ഷത്തിനെ വെട്ടിച്ച് അപ്പുറത്തേയ്ക്കുപോകാൻ കേരളത്തിലെ ജനങ്ങൾ ഇവരെ അനുവദിക്കില്ലെന്ന് ആവർത്തിച്ചുറപ്പിക്കുന്ന രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. മുഖ്യമന്ത്രിയാകാമെന്നുള്ള സ്വപ്നം ശ്രീ. രമേശ് ചെന്നിത്തലയിൽനിന്ന് തട്ടിപ്പറിച്ച് ശ്രീ. വി. ഡി. സതീശൻ കൊണ്ടുപോയി. അതുകൊണ്ട് പ്രതിപക്ഷ ധർമ്മം നിർവ്വഹിക്കാൻ സാധിക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. സംഘ് പരിവാർ മെനഞ്ഞ കഥകളിലെ ചീട്ടുകൊട്ടാരങ്ങൾ തകർന്നടിയുന്നതുപോലെ തകർന്നുപോകുന്നതല്ല ചങ്കുറപ്പുള്ള കമ്മ്യൂണിസ്റ്റുകാരന്റെ ജീവിതമെന്ന് സവിനയം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ശ്രീ. വി. ഡി. സതീശൻ അടക്കമുള്ള പ്രതിപക്ഷനേതാക്കൾ ഒന്ന് ശ്രദ്ധിക്കണം. " അമ്പ് കുമ്പളത്ത്, വില്ല് ചേപ്പാട്ട്, എയ്യുന്ന നായ ഹരിപ്പാട്ട്" എന്ന പഴഞ്ചൊല്ല് നിങ്ങളെക്കുറിച്ചാണോ പറഞ്ഞതെന്ന് എനിക്ക് സംശയമുണ്ട്. ഇതെല്ലാം പല വിഭാഗങ്ങളിലായി മാറിമറിഞ്ഞുപോകുന്ന സ്ഥിതി നമുക്ക് കാണാൻ സാധിക്കും. തൃക്കാക്കരയിൽ

20-20, ആർ.എസ്.എസ്., മറ്റ് പല കക്ഷികൾ എന്നിവരുമായുള്ള കൂട്ടുകെട്ട് കേരളം മുഴുവൻ വ്യാപിപ്പിക്കാൻ സാധിക്കുമോയെന്നുള്ള ആലോചനയൊക്കെ അപ്പുറത്തുണ്ടാകും. പക്ഷേ ഇത് കേരളമായതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞ പ്രാവശ്യം ലഭിച്ച വോട്ടിനേക്കാൾ കൂടുതൽ വോട്ട് ഇപ്രാവശ്യം ലഭിച്ചുവെന്നുള്ളത് ചിന്തിക്കേണ്ട കാര്യമാണ്. അടുത്ത തെരഞ്ഞെടുപ്പിൽ തീർച്ചയായും ഞങ്ങൾ ബാറ്റുകൊണ്ട് മറുപടി പറയുമെന്നുതന്നെയാണ് സൂചിപ്പിക്കാനുള്ളത്. വയനാടിനെ സംബന്ധിച്ച് എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും വലിയ വാർത്തകളാണ് വരുന്നത്. ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ ഫോട്ടോ ഉൾപ്പെടെ തകർത്ത സംഭവത്തെക്കുറിച്ച് നാട്ടിലാകെ പറയുന്നുണ്ട്. എനിക്ക് ഒന്നേ കൂട്ടിച്ചേർക്കാനുള്ളൂ. ഒരിക്കലും കോൺഗ്രസുകാർ ഗാന്ധിജിയുടെ ഫോട്ടോ കരുതിക്കൂട്ടി തകർത്തതാകാൻ വഴിയില്ല. ചിലപ്പോൾ ഫോട്ടോയിലുള്ള ആൾ ആരാണെന്നറിയാതെ തല്ലിത്തകർത്തതായിരിക്കും. ഗാന്ധിജിയെപ്പോലും മറന്നുപോകുന്ന, ഗാന്ധിജി ആരാണെന്നുപോലും അറിയാത്ത, നേതാക്കന്മാരുടെയും അണികളുടെയും എണ്ണം ആ പാർട്ടിയിൽ വർദ്ധിച്ചുവരുന്നുവെന്നുള്ള കാര്യം അവർ ഓർക്കേണ്ടതുണ്ട്. ഈ സന്ദർഭത്തിലും അതീവ ഗൗരവമായ ചില

പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റും നമ്മുടെ സംസ്ഥാനവുമായും ബന്ധപ്പെട്ടുവരുന്നുണ്ട്. ഒരു സ്ഥിരം തൊഴിൽ എന്ന ഇന്ത്യയിലെ യുവാക്കളുടെ സ്വപ്നം തകർത്തെറിഞ്ഞ 'അഗ്നിപഥ്' സേനാ വിഷയത്തിൽ രാജ്യം ഇന്നും കത്തിക്കൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിൽ ഇവിടത്തെ പണിയെന്താണ്? ഇവർ ബിരിയാണി ചെമ്പിൽ കമിഴ്ന്ന് കിടക്കുകയാണ്. സംഘ് പരിവാർ ഫ്രെയിം ചെയ്ത സ്വർണ്ണക്കടത്ത് കഥയാണിതെന്ന് പ്രധാനപ്പെട്ട നേതാക്കൾക്കുപോലും തിരിച്ചറിയാൻ സാധിക്കുന്നില്ല. ചിലർ അർത്ഥഗർഭമായ മൗനം പാലിക്കുന്നുണ്ട്. ബഹുമാന്യരായ രമേശ് ചെന്നിത്തല, തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങിയ ചിലർ ഇതുസംബന്ധിച്ച് അധികം പറയുന്നില്ല. എന്നാൽ ചില മാധ്യമങ്ങളുൾപ്പെടെ പറയുന്നത് അരിയാഹാരം കഴിക്കുന്നവർപോലും അത്ഭുതപ്പെടുന്ന കാര്യമാണെന്നാണ്. കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള വിമാനത്താവളത്തിലൂടെ ആരാണ് സ്വർണ്ണം കടത്തിയത്; ആർക്കാണ് സ്വർണ്ണം അയച്ചത്; പിടിക്കപ്പെട്ടപ്പോൾ ആരെയാണ് ആദ്യം സഹായത്തിന് വിളിച്ചത്; അതറിയണ്ടേ; പ്രതി പുറത്തിറങ്ങിയപ്പോൾ ജോലി കൊടുത്തതാരാണ്? ഈ വക സംശയങ്ങൾ ഇ.ഡി.-ക്കില്ല, ബി.ജെ.പി.-ക്കില്ലാത്തതുകൊണ്ട് യു.ഡി.എഫ്.-നുമില്ല. ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതിനുപകരം വീട്ടിലിരിക്കുന്ന

ആളുകളെയുൾപ്പെടെ നിയമസഭയിലേയ്ക്ക് വലിച്ചിഴയ്ക്കുകയാണ്. പാഞ്ചാലിയെ ദുശ്ശാസനൻ വസ്ത്രാക്ഷേപം ചെയ്യുന്നതുപോലുള്ള പണി നടത്തുകയാണ്. അതിനായി ഏതുരീതിയും അവലംബിക്കുമെന്ന് ഇവർ തുടരെത്തുടരെ വ്യക്തമാക്കുകയാണ്. മാധ്യമങ്ങളിൽ വാർത്ത വരുന്നതാണ് ഇവർക്ക് കാര്യം. എന്നാൽ അതിന്റെ സത്യാവസ്ഥയിലേയ്ക്ക് കാര്യങ്ങൾ കൃത്യമായി കൊണ്ടുപോകാൻ ശ്രദ്ധിക്കുന്നുണ്ടോയെന്നതാണ് പ്രധാനപ്പെട്ട കാര്യം.

ഗതാഗത നയത്തിൽ ഗുണപരമായ പല മാറ്റങ്ങളും സംഭവിച്ച ഒരു വർഷമാണ് കടന്നുപോകുന്നത്. ഇലക്ട്രിക് ത്രീ വീലർ, ഇലക്ട്രിക് ഫോർ വീലർ എന്നിവയുടെ ഒറ്റത്തവണ നികുതി അഞ്ച് ശതമാനമാക്കി കുറച്ചു. മറ്റുള്ളവയ്ക്ക് ഇരുപത്തിയൊന്ന് ശതമാനമുള്ളപ്പോൾ ഇവയ്ക്ക് അഞ്ച് ശതമാനമാക്കി കുറച്ചത് നല്ലൊരു നയ പരിപാടിയാണ്. 'ഇ-വാഹനം', 'വാഹൻ സാരഥി' എന്നീ ഓൺലൈൻ സംവിധാനങ്ങൾ ജനങ്ങൾക്ക് ഗുണകരമാണ്. കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്ത സ്ഥാപനമാക്കാനുള്ള പുതിയ സംരംഭമായ കെ.എസ്.ആർ.ടി.സി.സ്വിഫ്റ്റ് സ്വാഗതാർഹമാണ്. മണ്ണെണ്ണ വില വർദ്ധനവുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ശക്തമായ പ്രതിഷേധം സംഘടിപ്പിക്കാൻ സാധിക്കുന്ന സംസ്ഥാനമായി കേരളം രൂപപ്പെട്ടുവരുന്നത് വലിയ കാര്യമാണ്. തീരദേശ മേഖലയുടെ 50

മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് പുനർഗേഹം പദ്ധതിയിലുൾപ്പെടുന്നത്. അത് 100 മീറ്ററിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. ചെറുമീനുകളെപ്പോലും പിടിക്കാൻ സാധിക്കുന്ന വൻകിട യാനങ്ങൾക്കും കപ്പലുകൾക്കും അനുമതി നൽകുന്ന കേന്ദ്ര സർക്കാർ നയം സംബന്ധിച്ച് എന്തുചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കേണ്ടതുണ്ട്. തന്നെക്കാൾ വളർന്ന കണ്ണനെ, മകനാണെങ്കിലും കൊല്ലുന്ന പെരുന്തച്ചൻ സമീപനം സ്വീകരിക്കുന്ന കേന്ദ്ര സർക്കാരിനോട് ഒരുമിച്ച് മറുപടി പറയേണ്ട സമയമാകുന്നു.

മി. ചെയർമാൻ: യെസ്... പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കയ്പമംഗലം പ്രദേശത്ത് കടൽത്തീരം സംരക്ഷിക്കാൻ ടെട്രോപാഡ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ എത്രയുംവേഗം നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്ന് ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കൽ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടതായിരുന്നു.

ഇന്ധനവില വർദ്ധനവ് കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വക്കുറവുകൊണ്ട് സംഭവിച്ചതാണെന്നും സംസ്ഥാന ഗവൺമെന്റിന് അതിൽ യാതൊരു പങ്കുമില്ലെന്നതരത്തിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ് ഒഴിയുകയാണ് ചെയ്തത്. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടതാണ് ഇന്ധനവിലയുമായി ബന്ധപ്പെട്ട വിഷയം. 25 രൂപ സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകാമെന്ന് തെരഞ്ഞെടുപ്പ് സമയത്ത് എൽ.ഡി.എഫ്. പ്രകടന പത്രികയിൽ പറഞ്ഞകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ഓർമ്മയിലുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. 600 കിലോമീറ്റർ വരുന്ന തീരദേശമേഖലയിൽ അധിവസിക്കുന്ന പാവങ്ങളിൽ പാവങ്ങളായ മത്സ്യത്തൊഴിലാളികളനുഭവിക്കുന്ന ദുരിതങ്ങളും പ്രയാസങ്ങളും വിവരണാതീതമാണ്. ഇതുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്ന പതിനൊന്ന് സംഘടനകൾ കക്ഷി രാഷ്ട്രീയത്തിനതീതമായി ഒരു ദിവസത്തെ സമരം നടത്തുകയും ഈ മേഖലയിലെ അടിയന്തരപ്രാധാന്യമുള്ള വിഷയങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. അതിനുശേഷം മത്സ്യത്തൊഴിലാളി ഫെഡറേഷൻ (എസ്.ടി.യു.) പ്രസിഡന്റ് ശ്രീ. ഉമ്മർ

ഒട്ടുമ്മലിന്റെ നേതൃത്വത്തിൽ 2022 മേയ് 27 മുതൽ ജൂൺ 1 വരെ ഒരു സമരജാഥ സംഘടിപ്പിക്കുകയുണ്ടായി. നിയമസഭാ മാർച്ചോടുകൂടിയാണ് ആ ജാഥ അവസാനിച്ചത്. അതിനുശേഷം ഈ വിഷയവുമായി ബന്ധപ്പെട്ട് അവർ അനുഭവിക്കുന്ന പ്രയാസങ്ങൾ, ദാരിദ്ര്യം, കെടുതികൾ, കഷ്ടപ്പാട് തുടങ്ങി സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഇടപെടേണ്ട കാര്യങ്ങളെ സംബന്ധിച്ച് യൂണിയൻ നേതാക്കൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. അക്കാര്യത്തിൽ ഇതുവരെ ഒരു തീരുമാനമുണ്ടായിട്ടില്ല. ഈ മേഖല അഭിമുഖീകരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി യൂണിയൻ നേതാക്കളുമായി ചർച്ച നടത്തി സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാൻ മുന്നോട്ടുവരണം. മത്സ്യബന്ധന മേഖലയേയും മത്സ്യത്തൊഴിലാളികളേയും സഹായിക്കേണ്ട മത്സ്യഫെഡിൽനിന്നും അഴിമതിയുടെ കഥകളാണ് പുറത്തുവരുന്നത്. മത്സ്യത്തൊഴിലാളികളിൽനിന്നും സംഭരിക്കുന്ന മത്സ്യം വിൽക്കുന്നതിന്റെ മറവിൽ ഫിഷറീസ് വകുപ്പിൽ നടക്കുന്ന തട്ടിപ്പിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരണം. കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് രണ്ട് ജീവനക്കാരുടെ മാത്രം തലയിൽ

കെട്ടിവച്ച് കുറ്റവാളികളെ രക്ഷിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. കൊല്ലം ജില്ലയിലെ തട്ടിപ്പുമാത്രമാണ് പുറത്തുവന്നിരിക്കുന്നത്. സമാന രീതിയിലുള്ള തട്ടിപ്പുകൾ പല ജില്ലകളിലും നടന്നിട്ടുണ്ടെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. ഇതിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആവശ്യപ്പെട്ടിട്ടുണ്ട്. ഫിഷറീസ് ഡയറക്ടറേറ്റിൽ വകുപ്പുമന്ത്രി നടത്തിയ മിന്നൽ പരിശോധനയുടെ വാർത്തകൾ പുറത്തുവന്നതും ഗൗരവമേറിയ വിഷയമാണ്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. ട്രോളിംഗ് നിരോധനവും കാലാവസ്ഥാ വ്യതിയാനങ്ങളുടെ മുന്നറിയിപ്പും കാരണം കടലിൽ പോകാനാകാതെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ പട്ടിണി കിടക്കുമ്പോൾ അവരുടെ പേരിൽ തട്ടിപ്പുകൾ നടത്തുന്നത് മനുഷ്യത്വരഹിതമാണ്. മത്സ്യഫെഡിൽ വ്യാപകമായി പിൻവാതിൽ നിയമനങ്ങളാണ് നടക്കുന്നത്. മത്സ്യഫെഡിലെ കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ കൈകാര്യം ചെയ്യുന്നതും ഇത്തരത്തിൽ പിൻവാതിൽ നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിച്ചവരാണ്. മത്സ്യത്തൊഴിലാളികളിൽനിന്നും സംഭരിച്ചുവെന്ന വ്യാജേന അയൽ സംസ്ഥാനങ്ങളിൽനിന്നും മീൻ എത്തിക്കുന്നത് കടുത്ത വഞ്ചനയാണ്. അങ്ങ്

മന്ത്രിയായതിനുശേഷം എന്റെ മണ്ഡലത്തിലെ തീരദേശ മേഖലകൾ സന്ദർശിക്കുകയുണ്ടായി. കടലുണ്ടി നഗരം, ആനങ്ങാടി, പരപ്പാൽ തുടങ്ങിയ പ്രദേശങ്ങൾ സന്ദർശിക്കുന്ന സമയത്ത് ജില്ലാ കളക്ടർ അടക്കമുള്ള ഉദ്യോഗസ്ഥർ, എം.എൽ.എ. എന്ന നിലയ്ക്ക് ഞാനും മറ്റ് ജനപ്രതിനിധികളുമെല്ലാം അങ്ങയുടെ കൂടെയുണ്ടായിരുന്നു. അന്ന് അങ്ങ് അടിയന്തരപ്രാധാന്യത്തോടുകൂടി ചെയ്യുമെന്ന് പറഞ്ഞ കാര്യങ്ങളൊന്നും ഈ സമയംവരെ ചെയ്തിട്ടില്ലെന്നുള്ളത് വളരെ വേദനയോടുകൂടി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പരപ്പാൽ ബീച്ചിൽ തീരശോഷണവും കടലാക്രമണവുംമൂലം പതിനഞ്ചോളം വീട്ടുകാർക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ്. അവിടെ ഗതാഗതമാർഗ്ഗവും ശുദ്ധജല സംവിധാനവുമില്ല. ഇലക്ട്രിസിറ്റി ലൈനടക്കം താൽക്കാലിക സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ പ്രശ്നം കഴിഞ്ഞ ആറ് വർഷമായി നിരന്തരം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പരിഹാരമുണ്ടായിട്ടില്ല. പുലിമുട്ട് നിർമ്മാണമാണ് പ്രായോഗിക മാർഗ്ഗമെന്ന് വിദഗ്ദ്ധ സമിതി അഭിപ്രായപ്പെട്ടിരുന്നു. സാധ്യതാപഠനവുമായി ബന്ധപ്പെട്ട ഫയൽ വർഷങ്ങളായി തീർപ്പാകാതെ കിടക്കുകയാണ്. അതുപോലെ കടലുണ്ടി നഗരത്തിലെ ബോട്ട്ജെട്ടിയിൽ പ്രളയാനന്തരം മണ്ണും ചെളിയും മണലും

കെട്ടിക്കിടന്ന് കടലും പുഴയും സംഗമിക്കുന്ന അഴിമുഖത്ത് വള്ളങ്ങളും ബോട്ടുകളും കരയ്ക്കടുപ്പിക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ തീരുമാനമുണ്ടാകുമെന്നാണ് അന്ന് അവിടെവച്ച് അങ്ങ് പറഞ്ഞത്. പക്ഷെ ഇതുവരെ ഒരു നടപടിയുമുണ്ടായിട്ടില്ല. ഇപ്പോഴും ബോട്ടുകളും വള്ളങ്ങളും ജെട്ടിയിലടുപ്പിക്കാൻ സാധിക്കാത്ത തരത്തിൽ മണ്ണും ചെളിയും മണലും കുന്നുകൂടി കിടക്കുകയാണ്. അതുപോലെ ആനങ്ങാടി ഫിഷ് ലാൻഡിംഗ് സെന്റർ നവീകരിക്കുന്നതിന്റെ ഭാഗമായി മിനി ഹാർബറടക്കമുള്ള സൗകര്യങ്ങളൊരുക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കാൻ ഉദ്യോഗസ്ഥരോട് അന്ന് അങ്ങ് പറഞ്ഞിരുന്നതാണ്, അതിനും നടപടിയെടുത്തിട്ടില്ല. ആനങ്ങാടിയിൽ കടൽഭിത്തിയില്ലാത്തതിനാൽ നിരവധി വീടുകൾ തകർച്ചാഭീഷണിയിലാണ്. ഇത് പരിഹരിക്കാൻ ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചെങ്കിലും നടപടി വൈകുകയാണ്. അതുകൊണ്ട് എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഈ വിഷയത്തിൽ അങ്ങ് പ്രത്യേക താൽപ്പര്യമെടുത്ത് ഇത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുണ്ടെന്ന് കരുതിയാണ് ഇതെല്ലാം ഞാൻ പറഞ്ഞത്.

മി. ചെയർമാൻ: ഇവിടെ നാല് മന്ത്രിമാരുണ്ട്. സീറ്റിലില്ലാത്ത മന്ത്രിമാർ അവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, 2016-ൽ ആദ്യ പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് ഏകദേശം 42000 തൊഴിലാളികൾ കെ.എസ്.ആർ.ടി.സി.-യിലുണ്ടായിരുന്നു. ഇപ്പോൾ അത് 26000 ആയി ചുരുങ്ങി. 42000 തൊഴിലാളികളുള്ളതുകൊണ്ടാണ് കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമെന്ന് കെ.എസ്.ആർ.ടി.സി. അറിയപ്പെടാൻ കാരണം. കഴിഞ്ഞ ഒരു വർഷത്തെ അനുഭവംകൊണ്ട് ഈ വകുപ്പ് പൂർണ്ണ പരാജയമാണെന്ന് കേരളം ഭരിക്കുന്ന രണ്ടാമത്തെ കക്ഷിയുടെ ട്രേഡ് യൂണിയൻ നേതാവ് പരാമർശം നടത്തിയിട്ടുള്ളകാര്യം ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോഴിക്കോട് വിമാനത്താവളവുമായി ബന്ധപ്പെട്ട വിഷയമാണ് അവസാനമായി എനിക്ക് സൂചിപ്പിക്കാനുള്ളത്. ദിവസവും പതിനെട്ടോളം സർവ്വീസുകളും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ഒട്ടനവധി സർവ്വീസുകളുമുള്ള സംസ്ഥാനത്തെ ഏക പൊതുമേഖലാ എയർപോർട്ടായ കരിപ്പൂരിൽനിന്ന് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിലവിലില്ല. കരിപ്പൂർ വിമാനത്താവളത്തിൽ ദിവസവും വരുന്ന ആയിരക്കണക്കിന്

ആളുകളിൽ തൊണ്ണൂറ് ശതമാനവും സാധാരണക്കാരാണ്. അവർക്ക് എയർപോർട്ടിൽനിന്നും കോഴിക്കോട്, മലപ്പുറം, വയനാട്, പാലക്കാട്, തൃശ്ശൂർ തുടങ്ങിയ ജില്ലകളിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യാൻ ബസ് സർവ്വീസില്ല. ഇത്തരത്തിൽ സാധാരണക്കാരായ യാത്രക്കാർക്ക് വിമാന ഷെഡ്യൂൾ അനുസരിച്ച് ഉപകാരപ്രദമായ ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടിയുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. പി. സുമോദ്: സർ, വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. 2021 മാർച്ച് 1-ന് നടത്തിയ കണക്കനുസരിച്ച് 1,40,00,000 വാഹനങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാഹനങ്ങളുള്ള സംസ്ഥാനമെന്ന നിലയിൽ വാഹനങ്ങളുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, ഡ്രൈവിംഗ് ലൈസൻസ്, പെർമിറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നേടിയെടുക്കുന്നതിന് ഓൺലൈൻ സംവിധാനം വളരെ കാര്യക്ഷമമായി ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ നടപ്പിലാക്കുകയും പതിനഞ്ച് ലക്ഷം പേർക്ക് അതിന്റെ ഗുണം ലഭിക്കുകയും ചെയ്തു. വീട്ടിലിരുന്ന് ടെസ്റ്റിന് ഹാജരാകാൻ കഴിയുന്ന online learner's licence testing platform എന്ന നൂതന നടപടിയുൾപ്പെടെ ഇന്ത്യയിലാദ്യമായി കേരളത്തിലെ ഗതാഗത

വകുപ്പ് നടപ്പിലാക്കി. ഇപ്പോൾ അത് ഇന്ത്യാ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. നിലവിലെ ഡ്രൈവിംഗ് ലൈസൻസുകൾ ലാമിനേറ്റഡ് പ്ലാസ്റ്റിക് കടലാസ് രൂപത്തിലായതിനാൽ പലപ്പോഴും അവ കാലഹരണപ്പെട്ട് നശിച്ചുപോകുന്ന സ്ഥിതിയുണ്ട്. അതിന്റെ പ്രിന്റിംഗ് മാറ്റി സ്മാർട്ട് കാർഡ് അല്ലെങ്കിൽ പി.വി.സി. കാർഡാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എന്റെ മണ്ഡലമായ തരൂരിലെ വടക്കഞ്ചേരിയിലെ പന്നിയങ്കര ടോൾ പ്ലാസയുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. പാലക്കാട് ടൗണിൽനിന്നും തൃശ്ശൂർ ടൗണിലേയ്ക്ക് ഏതാണ്ട് നൂറ്റിനാൽപ്പതോളം പ്രൈവറ്റ് ബസ്സുകൾ പാലക്കാട്, ആലത്തൂർ, തരൂർ അസംബ്ലി മണ്ഡലങ്ങൾ, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ അസംബ്ലി മണ്ഡലം, നെന്മാറ അസംബ്ലി മണ്ഡലത്തിൽനിന്നുൾപ്പെടെ പൊതുഗതാഗത സംവിധാനമെന്ന രൂപത്തിൽ ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ കെ.എം.സി. എന്ന കരാർ കമ്പനി ഈ ബസ്സുകളിൽനിന്ന് ഒരു മാസം 25,000/- രൂപ കൊള്ളയടിക്കുന്ന സമീപനം കഴിഞ്ഞ അഞ്ച് മാസക്കാലമായി ഈ ടോൾ പ്ലാസയിലുണ്ട്. കൊള്ളക്കാരെപ്പോലെ വേലികെട്ടി വലിയ രൂപത്തിലുള്ള ചൂഷണമാണ് ഈ കരാർ കമ്പനി നടത്തുന്നത്. ഇത് ഈ ബസ്സുകളെ ആശ്രയിക്കുന്ന രോഗികൾ, വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് പ്രയാസം

സൃഷ്ടിക്കുന്നുണ്ട്. ബസ് ജീവനക്കാരുടെ നേതൃത്വത്തിൽ ഒരു മാസക്കാലം അവിടെ സമരം നടത്തി. കേന്ദ്ര സർക്കാരാണ് ടോൾ പിരിക്കാൻ കെ.എം.സി. എന്ന കമ്പനിയെ ഏൽപ്പിച്ചിട്ടുള്ളത്. കോവിഡ് പ്രതിസന്ധിക്കുശേഷം ബസ് സർവ്വീസ് പഴയതുപോലെയാകുന്നതേയുള്ളൂ. വേണ്ടത്ര യാത്രക്കാരില്ലാത്തതും ഡീസലിന്റെ വില വർദ്ധിക്കുന്നതുമുൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ട്. എന്നാൽ വാളയാർ ടോൾ പ്ലാസയിലും തൃശ്ശൂർ ജില്ലയിലെ പാലിയേക്കര ടോൾ പ്ലാസയിലും ഇത്ര ഭീമമായ ടോൾ പിരിവില്ല. ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടാൻ ഗതാഗത വകുപ്പുമന്ത്രി മുൻകയ്യെടുക്കണം. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് പദ്ധതിയുമായി ബന്ധപ്പെട്ട ബസ്സുകൾ സർവ്വീസ് നടത്തുന്നത് സ്വകാര്യ സർവ്വീസുകൾ കുത്തകയാക്കി വച്ചിരിക്കുന്ന റൂട്ടുകളിലൂടെയാണ്. ചെന്നൈയിലേയ്ക്കും ബാംഗ്ലൂരിലേയ്ക്കും പോയിവരുന്നതിന് കഴിഞ്ഞ വിഷുക്കാലത്ത് സ്വകാര്യ ബസ്സുകൾ 2,800/- രൂപയാണ്, അതായത് മൂന്നിരട്ടിയാണ് ഈടാക്കിയിരുന്നത്. അത്തരം സ്ഥലങ്ങളിലേയ്ക്ക് കെ-സ്വിഫ്റ്റിൽ 1,264/- രൂപയ്ക്ക് പോയിവരാൻ സാധിക്കുന്ന രീതിയിലുള്ള യാത്രാ സൗകര്യം സജ്ജീകരിച്ചിട്ടുണ്ട്; അതിലുപരി സ്വകാര്യ ബസ് മുതലാളിമാരുടെ ചൂഷണത്തിന് ബദൽ എന്ന നിലയിൽ കെ-സ്വിഫ്റ്റ്

മാറിയിട്ടുണ്ട്. പൊതുഗതാഗതത്തിന് കെ-സ്വിഫ്റ്റ് ഗുണകരമായി മാറുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. 2021 നവംബർ മാസം മുതൽ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് വിനോദയാത്ര എന്ന നിലയിൽ കെ.എസ്.ആർ.ടി.സി. ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കി. 'ആനവണ്ടിയിലെ വിനോദയാത്ര' എന്നപേരിൽ ചാലക്കുടിയിൽനിന്ന് മലക്കപ്പാറയിലേയ്ക്കും മലപ്പുറത്തുനിന്ന് മൂന്നാറിലേയ്ക്കും കേരളത്തിലെ ഡിപ്പോകളിൽനിന്ന് യാത്രാ സർവ്വീസ് നടപ്പിലാക്കിയതുവഴി കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം 'ഷോപ്പ് ഓൺ വീൽസ്' എന്ന പദ്ധതിയിലൂടെ പഴക്കംചെന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളെ രൂപമാറ്റം വരുത്തി വാണിജ്യ സ്ഥാപനങ്ങളാക്കി മാറ്റാനും സാധിച്ചു. പലസ്ഥലങ്ങളിലും ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ളവ വിൽപ്പന നടത്തുന്ന കേന്ദ്രങ്ങളാക്കി അതിനെ മാറ്റിയിട്ടുണ്ട്. വൈക്കത്ത് കെ.ടി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ രണ്ട് നിലകളിലുള്ള റെസ്റ്റോറന്റ് പ്രവർത്തിക്കുന്നു. പാലക്കാട് കെ.എസ്.ആർ.ടി.സി.-യിൽ മിൽമയുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതും എടുത്തുപറയേണ്ട ഒന്നാണ്. കെ.എസ്.ആർ.ടി.സി. 'ഫീഡർ സർവ്വീസ്' ഫലപ്രദമായി ആരംഭിച്ചു. കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക്

യാത്രാ കണക്റ്റിവിറ്റി ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഒരു ടൗണിൽ ഇറങ്ങിയാൽ പിന്നീട് പോകേണ്ടത് മൂന്നോ നാലോ കിലോമീറ്റർ ഉൾപ്രദേശത്തേയ്ക്കാണ്. അത്തരം കേന്ദ്രങ്ങളിലേയ്ക്ക് ഓട്ടോറിക്ഷ തൊഴിലാളികളുമായി ചേർന്ന് കണക്റ്റിവിറ്റി ലഭ്യമാക്കാൻ കെ.എസ്.ആർ.ടി.സി. തയ്യാറാകണം. അതിനാവശ്യമായ പദ്ധതികൾ നടപ്പിൽവരുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

'സുഭിക്ഷ കേരളം' പദ്ധതിയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന 2,078 കോടി രൂപയുടെ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിവരുന്നത് അഭിമാനകരമായ കാര്യമാണ്. 448 പഞ്ചായത്തുകളിലായി 10774 കുളങ്ങളിൽ മത്സ്യകൃഷി ആരംഭിച്ചു. കടലില്ലാത്ത പാലക്കാട് ജില്ലയിലെ ബഹുഭൂരിപക്ഷം മണ്ഡലങ്ങളിലും ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. 'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി' എന്ന ജനകീയ ക്യാമ്പയിന് 2021 ജൂലൈ 10-ഓടുകൂടി കേരളത്തിൽ തുടക്കംകുറിച്ചു. 2025-ഓടുകൂടി മത്സ്യോല്പാദനം ഇരട്ടിയാക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട് മത്സ്യഫെഡുകൾ മുഖേന സഹകരണ ബാങ്കുകൾക്കുകീഴിൽ ആരംഭിച്ച ഫ്രാഞ്ചൈസി മാർട്ടുകൾ ഫലപ്രദമാക്കണം. പാലക്കാട് ജില്ലയിലെ

സഹകരണ ബാങ്കുകളിലെ ഇത്തരം ഫ്രാഞ്ചൈസികളിലൂടെ വിഷരഹിത മത്സ്യലഭ്യത ഫലപ്രദമായി കൊണ്ടുവരാൻ സാധിക്കണം. കേരളത്തിൽ രണ്ടാം പിണറായി സർക്കാർ ചരിത്രപരമായ കടമ നിറവേറ്റി പ്രയാണം തുടർന്നുകൊണ്ടിരിക്കുകയാണ്. 1957-ലും 1967-ലും ഇടതുപക്ഷ ഗവൺമെന്റ് കേരളം ഭരിച്ചു. 1987-നുശേഷം പലഘട്ടങ്ങളിൽ അഞ്ച് വർഷം എൽ.ഡി.എഫ്. അഞ്ച് വർഷം യു.ഡി.എഫ്. എന്ന രൂപത്തിലായിരുന്നു കേരളത്തിലെ ഭരണം. എന്നാൽ 2016-ലെ ഒന്നാം പിണറായി സർക്കാർ നടപ്പിലാക്കിയ ജനക്ഷേമ പദ്ധതികളിലൂടെ എങ്ങനെയാണ് നവകേരളം നിർമ്മിക്കേണ്ടതെന്ന് കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിന് കാണിച്ചുകൊടുത്തു. 2025-ഓടുകൂടി ആറുവരിപ്പാത കേരളത്തിൽ യാഥാർത്ഥ്യമാകുകയാണ്. ഇങ്ങനെ എല്ലാ മേഖലകളിലും അനസ്യൂതമായ മാറ്റങ്ങൾ നടപ്പിലാക്കുന്ന ഗവൺമെന്റാണിത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 680000 കുട്ടികൾ പൊതുവിദ്യാഭ്യാസ രംഗത്തിലൂടെ ഒന്നാം ക്ലാസിലേയ്ക്ക് പുതിയതായി എത്തിച്ചേർന്നു. കേരളത്തിലെ 45000-ത്തോളം വരുന്ന ക്ലാസ് മുറികളെ ഹൈടെക്കാക്കി മാറ്റി. രണ്ടാം പിണറായി സർക്കാർ വിദ്യാഭ്യാസ മേഖലയിൽ ലക്ഷ്യമിടുന്നത് പത്ത് ലക്ഷം വിദ്യാർത്ഥികളെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക്

കൊണ്ടുവരികയെന്നതാണ്. ലൈഫ് പദ്ധതിവഴി പത്ത് വർഷത്തിനുള്ളിൽ അഞ്ച് ലക്ഷം വീടുകൾ നൽകാനാവശ്യമായ പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തുകയാണ്. നോളജ് ഇക്കോണമി മിഷൻ, എല്ലാവരും കൃഷിയിലേയ്ക്ക് തുടങ്ങിയ ഒട്ടേറെ ബൃഹത് പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പി.എസ്.സി. മുഖേന പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി ഉറപ്പുവരുത്താനാവശ്യമായ നടപടിക്രമങ്ങൾ നടപ്പിലാക്കുകയും 165000 പേർക്ക് ജോലി നൽകുകയും ചെയ്തു. അഭ്യസ്തവിദ്യരായ വീട്ടമ്മമാർ, ചെറുപ്പക്കാർ ഉൾപ്പെടെയുള്ളവർക്ക് നോളജ് ഇക്കോണമി മിഷൻ മുഖാന്തരം K-DISC-മായി സംയോജിപ്പിച്ച് ഫലപ്രദമായ ജോലികൾ നൽകാനുള്ള പ്ലാറ്റ്ഫോമിലേയ്ക്കും വിപ്ലവകരമായ രീതിയിലേയ്ക്കും ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുന്ന കാഴ്ച കാണാൻ സാധിക്കും. നവകേരളം കെട്ടിപ്പടുക്കേണ്ടതിനനുസരിച്ചുള്ള തീരുമാനങ്ങളിലേയ്ക്കും പ്രവർത്തനങ്ങളിലേയ്ക്കും പടിപടിയായി മുന്നേറിക്കൊണ്ടിരിക്കുന്ന സർക്കാരിനെ ദുർബ്ബലപ്പെടുത്താനുള്ള ശ്രമങ്ങളാണ് കഴിഞ്ഞ ഒരു വർഷക്കാലമായി യു.ഡി.എഫ്. വിശിഷ്യാ കോൺഗ്രസ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നേമം നിയോജക മണ്ഡലത്തിൽ ദുർബലനായ സ്ഥാനാർത്ഥിയെ നിർത്തി 2016-ൽ

നിയമസഭയ്ക്ക് ഒരു ബി.ജെ.പി. എം.എൽ.എ.-യെ സംഭാവന ചെയ്തത് കോൺഗ്രസ്സാണ്. ഇപ്പോൾ കേരള നിയമസഭയിൽ ബി.ജെ.പി. എം.എൽ.എ. ഇല്ല. എന്നാൽ ബി.ജെ.പി.-യുടെ ശബ്ദം സഭയിൽ കൊണ്ടുവരുന്നതിനാവശ്യമായ തീരുമാനങ്ങൾ വളരെ കൃത്യമായി യു.ഡി.എഫ്. നടത്തുകയാണ്. രാഷ്ട്രീയത്തിൽ അറിവും തിരിച്ചറിവും ആവശ്യമാണ്. ഇപ്പോൾ കേരളത്തിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന എല്ലാ വിവാദങ്ങളുടെയും പിന്നിൽ ബി.ജെ.പി. ആണ്. ബി.ജെ.പി.-യുടെ കയ്യിലെ കളിപ്പാവയായ സ്വപ്ന സുരേഷ് പറയുന്നതുകേട്ട് കേരളത്തിന്റെ ക്രമസമാധാനാന്തരീക്ഷം തകർക്കാനുള്ള ശ്രമങ്ങളാണ് നിയമസഭയ്ക്കകത്തും പുറത്തും യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. അട്ടപ്പാടിയിലെ എച്ച്.ആർ.ഡി.എസ്. എന്ന എൻ.ജി.ഒ.-യിൽ വലിയ ശമ്പളം വാങ്ങുന്ന സ്ത്രീയാണ് സ്വപ്ന സുരേഷ്. അട്ടപ്പാടിയിലെ ഷോളയൂർ പഞ്ചായത്തിൽ പാവപ്പെട്ട ആദിവാസികൾക്ക് കിടന്നുറങ്ങാൻ എന്ന പേരിൽ 192-ഓളം വീടുകൾ എച്ച്.ആർ.ഡി.എസ്. നിർമ്മിച്ചു. എന്നാൽ ആ വീടുകൾ വാസയോഗ്യമല്ലാത്തതിനാൽ ആദിവാസി കുടുംബങ്ങൾ ആ വീടുകളിലേയ്ക്ക് പോയിട്ടില്ല. വന്യമൃഗങ്ങൾ വന്നാൽ തകർന്നുപോകുന്ന രൂപത്തിലുള്ള തട്ടിക്കൂട്ട് വീടുകളെ സംബന്ധിച്ച് കളക്ടർക്കുൾപ്പെടെ നൽകിയ പരാതി

പാലക്കാട് ജില്ലയിൽ നിലനിൽക്കുകയാണ്. അങ്ങനെ ആർ.എസ്.എസ്.-മായി ബന്ധമുള്ള ഏജൻസിയുടെ കളിപ്പാവയായ ഒരു സ്ത്രീക്കുവേണ്ടി സഭയ്ക്കകത്തും പുറത്തും കോലാഹലങ്ങളും ബി.ജെ.പി.-യെ സഹായിക്കുന്ന നിലപാടെടുക്കുന്ന സാഹചര്യവും മനസ്സിലാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിമാനത്തിൽവച്ച് അപായപ്പെടുത്താൻ ശ്രമിക്കുകയും അത് തടഞ്ഞ എൽ.ഡി.എഫ്. കൺവീനർ സഖാവ് ഇ. പി. ജയരാജനെ അക്രമിയായി ചിത്രീകരിക്കുകയുമാണ് ചെയ്യുന്നത്. ആ നിലയിൽ കേരളത്തിലെ ക്രമസമാധാന അന്തരീക്ഷത്തെ തകർക്കുകയാണ്. മുഖ്യമന്ത്രിയെ അപായപ്പെടുത്താൻ വന്നാൽ കടലമിഠായി കൊടുത്ത് സ്വീകരിക്കണോ? കേരളത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായ സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി ഓഫീസ് ആക്രമിക്കാൻ ഗൂഢാലോചന നടത്തുന്ന തരത്തിലേയ്ക്ക് കേരളത്തിലെ യു.ഡി.എഫ്.-ഉം കോൺഗ്രസ്സും മാറുന്ന സാഹചര്യമുണ്ടായി.

<u>മി. ചെയർമാൻ</u>: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, കേരളത്തിലെ ക്രമസമാധാനാന്തരീക്ഷം തകർക്കാനും അക്രമങ്ങളെ പ്രോത്സാഹിപ്പിക്കാനുമാവശ്യമായ

സമീപനങ്ങളാണ് യു.ഡി.എഫ്.-ന്റെയും കോൺഗ്രസ്സിന്റെയും ഭാഗത്തുനിന്നുണ്ടാകുന്നത്. ഇതെല്ലാം പൊതുജനം കൃത്യമായും തിരിച്ചറിയുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കെ.എസ്.ആർ.ടി.സി.-യിൽ കയറി അഞ്ചാമത്തെ ഗിയർ മാറിക്കഴിയുമ്പോൾത്തന്നെ ഇറങ്ങേണ്ട സാഹചര്യമുള്ളതുകൊണ്ടും ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രിയുടെ വകുപ്പിൽ ഒരുപാട് ചാകര നടക്കുന്നുണ്ടെങ്കിലും അങ്ങോട്ട് കടന്നുചെല്ലാൻ സാധിക്കാത്ത അവസ്ഥയായതുകൊണ്ടും എന്റെ പ്രസംഗം ഗതാഗത വകുപ്പിൽ മാത്രമായി അവസാനിപ്പിക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. തോപ്പിൽ ഭാസിയുടെ രചനയിൽ മലയാളത്തിലെ ഒരു പത്രപ്രവർത്തകൻകൂടിയായിരുന്ന ശ്രീ. പി. ശ്രീകുമാർ 1985-ൽ സംവിധാനം ചെയ്ത ചലച്ചിത്രമാണ് 'കയ്യും തലയും പുറത്തിടരുത്'. ഒരുപാടാളുകൾ കണ്ട സിനിമയായിരിക്കുമത്. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് പറയുമ്പോഴൊക്കെ ആ സിനിമയാണ് എനിക്ക് ഓർമ്മ വരുന്നത്. കാരണം, കെടുകാര്യസ്ഥതകൊണ്ടും താൽപ്പര്യക്കുറവുകൊണ്ടും നിലപാടുകൾകൊണ്ടും നല്ലൊരു പൊതുമേഖലാ സ്ഥാപനത്തെ എങ്ങനെയാണ് ഇല്ലാതാക്കാൻ കഴിയുന്നതെന്നുള്ളതിന്റെ ഉദാഹരണം കൃത്യമായി അവതരിപ്പിച്ചിട്ടുള്ള,

സാമൂഹിക-രാഷ്ട്രീയ സിനിമയുടെ സാദ്ധ്യതകളെ നന്നായി ഉപയോഗിച്ച ഒരു ചിത്രമായിരുന്നു അത്. ആ കഥയിലേയ്ക്ക് പോകാനുള്ള സമയക്കുറവുകൊണ്ടാണ് പറയാത്തത്. എങ്കിലും കാണാത്തവർ ആ ചിത്രം തീർച്ചയായും കാണണം. കെ.എസ്.ആർ.ടി.സി. ഇന്നത്തെ അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നതിന് ഒരുപാട് ഘടകങ്ങൾക്ക് പങ്കുണ്ട്. ഗതാഗത വകുപ്പുമായി വലിയ ആത്മബന്ധം കേരള കോൺഗ്രസ്സിനുണ്ട്. കാരണം കോൺഗ്രസ് ഏത് കാലത്തൊക്കെ അധികാരത്തിൽ വന്നിട്ടുണ്ടോ, അന്നൊക്കെ കേരള കോൺഗ്രസ്സിന്റെ സ്ഥിരം വകുപ്പായിരുന്നു ഗതാഗത വകുപ്പ്. കെ. എം. ജോർജ്ജ്, എന്റെ അച്ഛൻ കെ. നാരായണക്കുറുപ്പ്, ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉൾപ്പെടെയുള്ളവർ ഗതാഗത വകുപ്പുമന്ത്രിയായിരുന്നവരാണ്. കെ.എസ്.ആർ.ടി.സി. എപ്പോഴും കേരള കോൺഗ്രസ്സിന്റെ സ്വന്തമാണ്. ഒരു പാർട്ടിയിലെ പല ഘടകമാണ് ഗതാഗത വകുപ്പുമന്ത്രിയും ഞങ്ങളുമെങ്കിലും ചങ്ങമ്പുഴ പറഞ്ഞതുപോലെ, 'ഇരുമെയ്യാണെങ്കിലും നമ്മളൊറ്റക്കരളല്ലേ' എന്നുപറയുന്ന ഒരവസ്ഥയുണ്ട്. അതുകൊണ്ട് അങ്ങയുടെ വകുപ്പിൽ നടക്കുന്ന നല്ല പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും ഈയവസരത്തിൽ അറിയിക്കുകയാണ്. ഇവിടെ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിനെക്കുറിച്ച് പറഞ്ഞു. കെ.എസ്.ആർ.ടി.സി.

ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ നിലനിൽക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചുമരുണ്ടെങ്കിൽ മാത്രമേ ചിത്രം വരയ്ക്കാൻ കഴിയൂ. അതുപോലെ എന്ത് എതിർപ്പുണ്ടെങ്കിലും പുതിയ ആശയങ്ങൾ കെ.എസ്.ആർ.ടി.സി.-യിൽ കൊണ്ടുവരണം. അനുഭവങ്ങളുടെ വെളിച്ചത്തിൽ പുതിയ കാഴ്ചപ്പാടുകളോടെ മുമ്പോട്ടുപോകണം. കെ.എസ്.ആർ.ടി.സി.-യുടെ ഭാഗമായി മാറിക്കഴിഞ്ഞ പ്രൊഫഷണലിസം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇവിടെ ആരും പറയാതെ പോയൊരു കാര്യമുണ്ട്, അത് പറയാതിരിക്കുന്നത് ശരിയല്ല. ഈ പ്രതിസന്ധിക്കിടയിലും ഇന്ധനക്ഷമതയുമായി ബന്ധപ്പെട്ട് കേന്ദ്ര പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷന്റെ അംഗീകാരം കെ.എസ്.ആർ.ടി.സി.-ക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളിലേയ്ക്കുള്ള മാറ്റത്തിന് തുടക്കമിടാനും പ്രതിസന്ധിക്കിടയിലും പതിമൂന്നര കോടി രൂപ ചെലവഴിച്ച് ശമ്പള പരിഷ്കരണം നടപ്പാക്കാൻ കഴിഞ്ഞതോടൊപ്പം കാര്യക്ഷമമായ ഒരു പ്രൊഫഷണൽ മാനേജ്മെന്റ് ഈ രംഗത്ത് കൊണ്ടുവരാനും സാധിച്ചത് അഭിനന്ദനാർഹമാണ്. ഏതാണ്ട് പതിമൂന്ന് കോടി രൂപ ടിക്കറ്റിതര വരുമാനമുണ്ടാക്കാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യിൽ ധാരാളം നല്ല മാറ്റങ്ങളുണ്ടാകുന്നുണ്ട്. ആ പ്രൊഫഷണൽ മാനേജ്മെന്റിനെ ഏറ്റവും

ഭംഗിയായി മുമ്പോട്ടുകൊണ്ടുപോകുവാൻ കഴിയുകയെന്നതാണ് പ്രധാനപ്പെട്ട കാര്യം. കേന്ദ്ര ഗവൺമെന്റ് നയമാണെങ്കിലും മറ്റേത് നയമാണെങ്കിലും എന്തുവന്നാലും 'ഇല മുള്ളിൽ വീണാലും മുള്ള് ഇലയിൽ വീണാലും ഇലയ്ക്കാണ് കേട്' എന്ന് പറഞ്ഞതുപോലെ, ബൾക്ക് പർച്ചേസ് ഉൾപ്പെടെയുള്ളതിന്റെയെല്ലാം പാപഭാരം അനുഭവിക്കേണ്ടിവരുന്നത് കെ.എസ്.ആർ.ടി.സി.-യാണ്. അതുകൊണ്ടുതന്നെ നമ്മുടെയെല്ലാം കാര്യക്ഷമമായ ഇടപെടൽ ഇതിലുണ്ടാകണം. എന്റെ അച്ഛന്റെ കാലത്ത് ആരംഭിച്ചതാണ് പൊൻകുന്നം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ. അതൊരു ഓപ്പറേറ്റിംഗ് സെന്ററായി മാറ്റാനുദ്ദേശിക്കുന്നുവെന്ന വാർത്തകൾ കേൾക്കുന്നുണ്ട്. അച്ഛനായി ഉണ്ടാക്കിയത് മകനായി നശിപ്പിച്ചുവെന്ന പരാതി എന്റെ പേരിലുണ്ടാകാൻ ഇടയാകാതെ പൊൻകുന്നം സ്റ്റേഷനെ ഓപ്പറേറ്റിംഗ് സെന്റർ മാത്രമായി ഒതുക്കാതെ അതിന്റെ കൂടുതൽ വികസനത്തിന് അങ്ങയുടെ പങ്കുണ്ടാകണമെന്നുകൂടി സൂചിപ്പിക്കുകയാണ്. ക്രിയാത്മകമായ നിരവധി നിലപാടുകളുമായി കെ.എസ്.ആർ.ടി.സി. മുന്നോട്ടുപോകുകയാണ്. കേരളത്തിന്റെ പൊതുഗതാഗതത്തെ ശാക്തീകരിക്കുന്ന പ്രവർത്തനങ്ങളിൽ ഇനിയും മുമ്പോട്ടുപോകാൻ കഴിയട്ടെ. ഇതര വകുപ്പുകളെക്കുറിച്ച് ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. കഴിഞ്ഞ

ദിവസം ഒരു ടൂറിസ്റ്റ് ബസിൽ പൂത്തിരി കത്തിച്ച എന്നൊരു വാർത്ത കണ്ടു. അത്തരം കാര്യത്തിൽ ഗതാഗത വകുപ്പ് ശക്തമായ ഇടപെടൽ നടത്തണം. പുതിയ ബൈക്കുകളുടെ വരവോടെ ഒരുപാട് അപകടങ്ങളും അനേകം യുവാക്കളുടെ മരണവുമുണ്ടാകുന്നു. അതുകൊണ്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ കർശന പരിശോധനകൾ കൂടുതലുണ്ടാകണം. ഇത്തരം അനാവശ്യ പ്രവണതകളെ മുളയിലേ നുള്ളിക്കളയുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരിക്കൽക്കൂടി കെ.എസ്.ആർ.ടി.സി.-യിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആഘോഷിക്കപ്പെടുന്ന കേരള മോഡൽ വികസനത്തിന്റെ പുറമ്പോക്കുകളിലേയ്ക്ക് വലിച്ചെറിയപ്പെടുന്ന വിഭാഗമാണ് ദളിതരെയും ആദിവാസികളെയുംപോലെ മത്സ്യത്തൊഴിലാളികളും. വികസനത്തിന്റെ നേട്ടങ്ങളൊന്നും അരിച്ചിറങ്ങാത്തവിധം വേർതിരിക്കപ്പെട്ട ജനതയാണ് മത്സ്യത്തൊഴിലാളികൾ. കൊടുങ്കാറ്റോ, കടൽക്ഷോഭമോ, മറ്റ് പ്രകൃതി ദുരന്തങ്ങളോ ഉണ്ടാകുമ്പോൾ മാത്രം ചർച്ചയിൽ ഇടംനേടുന്ന ഒരു വിഭാഗം. ഇവരുടെ ജീവിതനിലവാരം മൗലികമായി മെച്ചപ്പെടുത്തുന്നതിനുള്ള ഒരു

അടിസ്ഥാന സൗകര്യങ്ങളും ഈ വിഭാഗങ്ങളെ തേടിയെത്താറില്ല. കടലിലെ മത്സ്യലഭ്യതയും തീരെ കുറവായിരിക്കുന്നു. പട്ടിണിയും ദുരിതങ്ങളുമായി മത്സ്യത്തൊഴിലാളികൾ ദുരിതപൂർണ്ണ ജീവിതം നയിക്കുന്ന സമയത്താണ് മണ്ണെണ്ണവില വർദ്ധനകൂടി വന്നത്. അതിൽ കേന്ദ്ര ഗവൺമെന്റ് നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. യോജിച്ച പ്രക്ഷോഭം ഇക്കാര്യത്തിൽ ആവശ്യമാണ്. മണ്ണെണ്ണയുടെ സബ്സിഡിയുമായി ബന്ധപ്പെട്ടാണ് അതോടൊപ്പം പറയാനുള്ളത്. ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 48 രൂപ വിലയുള്ള സമയത്ത് 25 രൂപയായിരുന്നു സബ്സിഡി. 136 രൂപ വിലയുള്ളപ്പോഴും 25 രൂപയാണ് സബ്സിഡി. സബ്സിഡി വർദ്ധിപ്പിച്ച് ഇവരെ രക്ഷിക്കുന്ന മാർഗ്ഗത്തിലേയ്ക്ക് സർക്കാർ എത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കടലിൽ പോകുന്നവർ അപകടത്തിൽപ്പെടുമ്പോഴും ഹൃദയസ്തംഭനംമൂലമുള്ള അസുഖങ്ങളുണ്ടാകുമ്പോഴും അവർക്ക് യഥാസമയം ചികിത്സ ലഭിക്കാതെ പോകുന്നത് മരണത്തിനിടയാക്കുന്നുണ്ട്. അതുകൊണ്ട് ഹാർബറുകളിൽ ഡോക്ടർമാരുടെ സേവനവും പ്രാഥമിക ചികിത്സയും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കണം. അങ്ങനെയാകുമ്പോൾ മരണനിരക്ക് കുറയ്ക്കാൻ കഴിയും. ആവർത്തിച്ചുവരുന്ന പ്രകൃതിക്ഷോഭങ്ങളുള്ള ദിവസങ്ങളിൽ തീരദേശത്തുള്ളവർ പട്ടിണിയിലാണ്. കടലിൽ

പോകുന്നതിൽനിന്ന് വിലക്കുന്ന ദിവസങ്ങളിലെല്ലാം ഓരോ മത്സ്യത്തൊഴിലാളിക്കും സർക്കാർ നിശ്ചയിച്ച മിനിമം കൂലി ലഭ്യമാക്കണം. അവർക്കുമാത്രമല്ല, സ്ത്രീകളുൾപ്പെടെയുള്ള മത്സ്യവിതരണ തൊഴിലാളികൾക്കുകൂടി ഇത് ലഭ്യമാക്കണം. കടലിൽപ്പോയാൽ മാത്രം അടുപ്പുപുകയുന്ന 60-ഉം 70-ഉം വയസ്സുകഴിഞ്ഞ മത്സ്യത്തൊഴിലാളികളുടെ ജീവിതാവസ്ഥ വളരെ ദുഷ്കരമാണ്. 60 വയസ്സ് കഴിഞ്ഞവർക്കുള്ള ക്ഷേമപെൻഷൻ ലഭിക്കുന്നവർ കടലിൽവച്ച് മരണമടഞ്ഞാൽ യാതൊരാനുകൂല്യവും ലഭിക്കുന്നില്ലെന്നുള്ളത് വളരെ ക്രൂരമാണ്. ഇക്കാര്യവും പുനഃപരിശോധിക്കേണ്ടതാണ്. കടൽക്ഷോഭത്തിൽ വീടും ഉപജീവന മാർഗ്ഗവും നഷ്ടപ്പെട്ടവർ കഴിഞ്ഞ നാലഞ്ചുവർഷമായി ക്യാമ്പുകളിൽ കഴിയുകയാണ്. ഈ നിയമസഭാ മന്ദിരത്തിന്റെ ആറോ ഏഴോ കിലോമീറ്ററിനപ്പുറത്തുപോലും ഇത്തരം ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. പത്ത് ചതുരശ്രയടി വിസ്തീർണ്ണമുള്ള സ്ഥലത്ത് അഞ്ചും ആറും അംഗങ്ങളുള്ള കുടുംബങ്ങൾ താമസിക്കുകയാണ്. മാരക രോഗസാദ്ധ്യതയുള്ള പൊട്ടിപ്പൊളിഞ്ഞ ആസ്ബസ്റ്റോസ് ഷീറ്റിനടിയിൽ മഴയിലും വെയിലിലും രോഗത്തിലും ദുരിതത്തിലും കൊതുകിന്റെയും ക്ഷുദ്രജീവികളുടെയും ഉപദ്രവങ്ങൾ സഹിച്ചും ജീവിക്കുന്നത് ഈ നാട്ടിലെ പൗരന്മാർതന്നെയാണ്.

തീരദേശത്തിന്റെ ദുരിതപൂർണ്ണ കാഴ്ചയാണിത്. അച്ഛനും അമ്മയും മക്കളും വെവ്വേറെ വീടുകളിൽ വീട്ടുകാരുടെ ഔദാര്യത്തിൽ കഴിയുന്ന സാഹചര്യവുമുണ്ട്. പ്രളയദുരിതത്തിന്റെ കാലഘട്ടത്തിൽ കേരളത്തിലെ സൈനികരെന്ന് വാഴ്ത്തപ്പെട്ടവരാണ് ഇങ്ങനെ കഴിയുന്നതെന്ന് നാം ഓർക്കണം. ക്യാമ്പുകളിൽ കഴിയുന്ന മുതിർന്നവർക്ക് 60 രൂപയും കുട്ടികൾക്ക് 30 രൂപയുമാണ് ചെലവിന് കണക്കാക്കിയിരിക്കുന്നത്. അത് 150-ഉം 90-ഉം രൂപയാക്കി ഉയർത്തണം. അതുപോലെ ക്യാമ്പുകളിൽ കഴിയുന്നവരെ വാസയോഗ്യമായ സ്ഥലത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കണം. പുനർഗേഹം പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് മാന്യമായ വീട് വയ്ക്കാനാവശ്യമായ തുക നൽകണം. വികസനാവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന വ്യവസ്ഥകൾ കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കുകൂടി ബാധകമാക്കണം. കെ.എസ്.ആർ.ടി.സി. കെടുകാര്യസ്ഥതയുടെ കൂത്തരങ്ങായി മാറിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ സൗജന്യമായി അനുവദിച്ച ജൻറം ഉൾപ്പെടെയുള്ള ബസ്സുകൾ വിവിധ ഡിപ്പോകളിൽ തുരുമ്പുപിടിച്ച് നശിക്കുകയാണ്. ജൻറം ലോക്കൽ ബസുകൾ ആക്രിയായി കണക്കാക്കി പൊളിച്ചു നീക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്ന് മനസ്സിലാക്കുകയാണ്. യാർഡുകളിൽ തുരുമ്പുപിടിച്ച് കിടക്കുന്ന പഴഞ്ചൻ

വാഹനങ്ങളെ ക്ലാസ് മുറികളാക്കാനുള്ള വിചിത്ര ആശയങ്ങളാണ് മുന്നോട്ടുവച്ചത്. പലഭാഗങ്ങളിലും ഇതിനെതിരെ എതിർപ്പ് ഉയർന്നുവന്നപ്പോൾ താൽക്കാലികമായി അത് അവസാനിപ്പിച്ചതായാണ് മനസ്സിലാക്കുന്നത്. ഡ്രൈവർ-കണ്ടക്ടർ അനുപാതം കൃത്യമല്ലാത്തതുകൊണ്ടും ജീവനക്കാർ കൃത്യമായി ഡ്യൂട്ടിക്കെത്താത്തതുകൊണ്ടും ഡിപ്പോകളിൽ മതിയായ ജീവനക്കാരില്ലാത്തതുകൊണ്ടും ദിവസേന 500 സർവ്വീസുകൾ നടത്താൻ കഴിയാതെ പോകുന്നുവെന്നത് അമ്പരപ്പിക്കുന്നതാണ്. അതുപോലെ കെ.എസ്.ആർ.ടി.സി.-യുടെ കണ്ണായ സ്ഥലങ്ങളിൽ നിർമ്മിച്ച പല ഷോപ്പിംഗ് കോംപ്ലക്സുകളും മാർക്കറ്റിംഗ് കാഴ്ചപ്പാടോടുകൂടിയല്ല നിർമ്മിച്ചിട്ടുള്ളത്.

<u>മി. ചെയർമാൻ</u>: യെസ്... കൺക്ലൂഡ് ചെയ്യൂ... സമയമായി.

<u>ശ്രീമതി കെ. കെ. രമ</u>: സർ, കെട്ടിടങ്ങൾ പലതും ഒഴിഞ്ഞു കിടക്കുകയും ഉപയോഗ്യശൂന്യമായി പോകുകയുമാണ്. ഒരു ബസ് ഓടിക്കാൻ ശരാശരി ഇരുപതിനായിരം രൂപ ചെലവ് കണക്കാക്കുമ്പോൾ വരവായി ലഭിക്കുന്നത് പതിനാറായിരം രൂപയാണ്. നാലായിരം രൂപ നഷ്ടത്തിലാണ് പല ബസുകളും ഓടിക്കൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി. കടുത്ത പ്രതിസന്ധിയിലൂടെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്.

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിനെ സംബന്ധിച്ച് രാവിലെ ഇവിടെ സൂചിപ്പിച്ചു. കെ.എസ്.ആർ.ടി.സി. അധികൃതരുടെ കെടുകാര്യസ്ഥതയും നടപടികളും കാണുമ്പോൾ കെ-റെയിലിൽ കയറാൻ ആളുകളെ കൂട്ടുന്ന സംഘടിത ശ്രമത്തിന്റെ ഭാഗമായാണോയെന്ന് ജനങ്ങൾ സംശയിച്ചാൽ അവരെ തെറ്റുപറയാൻ കഴിയില്ല.

മി. ചെയർമാൻ: യെസ്...., കൺക്ലൂഡ് ചെയ്യൂ...

ശ്രീമതി കെ. കെ. രമ: സർ, സാധാരണക്കാർ കോവിഡും ലോക്ഡൗണും രണ്ട് പ്രളയങ്ങളും പേമാരിയും അതിജീവിച്ച് ജീവിതം കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടുമ്പോൾ, സംസ്ഥാന സർക്കാർ സാധാരണക്കാരുടെ വാഹനമായ മോട്ടോർ ബൈക്കിനുവരെ നികുതി കൂട്ടിയും പഴയ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തിയും ജനങ്ങളെ കൂടുതൽ ശ്വാസംമുട്ടിക്കുകയാണ്. കോടികൾ മുടക്കി ക്യാമറകൾ സ്ഥാപിച്ച് പിഴ ഈടാക്കുന്നതിന് പുറമെയാണിത്. ദുരിതപൂർണ്ണമായ ജീവിതത്തിലൂടെയാണ് കേരളത്തിലെ ജനങ്ങൾ കടന്നുപോകുന്നത്. ജനങ്ങളുടെ കഷ്ടപ്പാടുകൾ കാണാത്ത ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ]

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളം ശ്രീലങ്കയുടെ അവസ്ഥയിലേയ്ക്ക് പോകുന്നുവെന്ന രീതിയിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി തുലനം ചെയ്യാൻ ഇന്നലെയും ഇന്നുമൊക്കെയായി പ്രതിപക്ഷം ശ്രമിക്കുകയാണ്. ഇന്ത്യൻ രൂപയുടെ മൂല്യം ഡോളറിന് 79 രൂപയിലേയ്ക്ക് കൂപ്പുകുത്തിയിട്ടും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ തകർച്ചയെ സംബന്ധിച്ച് ഒരക്ഷരം പറയാൻ ഇവർക്ക് സാധിക്കുന്നില്ല. മോദി പ്രണയം ഇവരെ എന്തുമാത്രം അധഃപതിപ്പിച്ചിരിക്കുന്നുവെന്നാണ് നാം കാണേണ്ടത്. ശ്രീ. നരേന്ദ്ര മോദിയോടുള്ള പ്രണയം മരംചുറ്റലിൽനിന്നും അതിന്റെ തീവ്രതയിലേയ്ക്കെത്തിയെന്നതിന്റെ ലക്ഷണമാണിത്. ഇന്നലെ മഹാരാഷ്ട്രയിൽ നടന്ന അവിശ്വാസപ്രമേയ ചർച്ചയിൽ ശ്രീ. അശോക് ശങ്കർ റാവു ചവാൻ ഉൾപ്പെടെയുള്ള 11 കോൺഗ്രസ് എം.എൽ.എ.-മാർ ഹാജരാകുകപോലും ചെയ്തില്ല. മാത്രമല്ല, കോൺഗ്രസ്സിന്റെ എം.എൽ.എ.-മാർക്ക് വിപ്പുപോലും നൽകിയില്ലെന്ന് പറയുമ്പോൾ ഈ മോദി പ്രണയം കോൺഗ്രസ്സിനെ എവിടെ എത്തിച്ചുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കേന്ദ്ര സർക്കാർ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ജി.എസ്.ടി.

വിഹിതം നിർത്തിയിരിക്കുകയാണ്. ഏതാണ്ട് 19,891 കോടി രൂപയാണ് റവന്യൂ കമ്മി ഗ്രാന്റിനത്തിൽ സംസ്ഥാനത്തിന് ലഭിച്ചിരുന്നത്. അത് പടിപടിയായി കുറഞ്ഞ് അടുത്ത വർഷമാകുമ്പോൾ 4,749 കോടി രൂപയാകും. ഏതാണ്ട് 15,000 കോടി രൂപ കേന്ദ്ര ഗ്രാന്റിനത്തിൽ കുറയുകയാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതവും ഈ ഇനത്തിൽ കുറഞ്ഞുപോകുകയാണ്. കേരളത്തെ ഒരു രീതിയിൽ രാഷ്ട്രീയ ഗൂഢാലോചനയിലൂടെ ഞെരുക്കുകയും മറ്റൊരു രീതിയിൽ സാമ്പത്തികമായി ഞെരുക്കുകയും ചെയ്യുകയാണ്. ഇതിനെ സംബന്ധിച്ച് പണ്ഡിത ശിരോമണികളായ പ്രതിപക്ഷം പറയുന്നില്ലെന്ന സങ്കടം ഞാനിവിടെ പങ്കുവയ്ക്കുന്നു. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ മത്സ്യമേഖലയിൽ വളരെ ശ്രദ്ധേയമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കാനും മത്സ്യത്തിന് ന്യായമായ വില ലഭിക്കാനുംവേണ്ടി മത്സ്യസഹകരണ സംഘങ്ങളെ ഉപയോഗിച്ചുള്ള ശ്രമങ്ങൾ നടത്തി. രാജ്യത്തെ ഏറ്റവും മികച്ച കടലോര അർദ്ധസർക്കാർ സ്ഥാപനത്തിനുള്ള ദേശീയ പുരസ്കാരം മത്സ്യഫെഡ്ഡിനാണ് ലഭിച്ചത്. ഇവിടെ ശ്രീ. പി. അബ്ദുൽ ഹമീദ് മത്സ്യഫെഡ്ഡിലെ ചില പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി.

മത്സ്യസഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായ മത്സ്യഫെഡ്ഡിലെ ഉദ്യോഗസ്ഥരുടെ ചെയ്തികൾക്കെതിരെ സർക്കാർ കർശന നടപടി സ്വീകരിച്ചുവെന്നുമാത്രമല്ല, സർക്കാർ അതിന്മേലുള്ള അന്വേഷണവും നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ മത്സ്യഫെഡ് പാടില്ലെന്ന രീതിയിൽ പ്രചരണം നടത്തുന്നത് ഇതിനെ തകർത്ത് ചില മത്സ്യമുതലാളിമാരുടെ താൽപ്പര്യം സംരക്ഷിക്കുന്ന സ്ഥിതിയിലേയ്ക്കെത്തിക്കും. അതുകൊണ്ട് അക്കാര്യത്തിൽ സർക്കാർ ജാഗ്രത പാലിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മത്സ്യഫെഡ്ഡിന്റെ ഒൻപത് സംഭരണ കേന്ദ്രങ്ങൾ, 140 മണ്ഡലങ്ങളിലെ ഫിഷ് ബൂത്തുകൾ, 52 നിയോജകമണ്ഡലങ്ങളിലെ ഫിഷ് മാർട്ട് എന്നിവ ശ്രദ്ധേയമായ കാൽവയ്പ്പുകളാണ്. അതുപോലെ തീരദേശ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ആധുനികവും ശുചിത്വപൂർണ്ണവുമായ മത്സ്യ മാർക്കറ്റുകൾ - ഉണക്ക, പച്ച മത്സ്യങ്ങൾക്കുവേണ്ടി പ്രത്യേക സ്റ്റാളുകൾ, മത്സ്യം കഴുകി വൃത്തിയാക്കുന്നതിനുള്ള സിങ്കുകൾ, മലിനജലം പൂർണ്ണമായും ഒഴുകുന്നതിനുള്ള ഡ്രെയിനേജ്, തൊഴിലാളികൾക്കുള്ള വിശ്രമമുറി എന്നിങ്ങനെ മത്സ്യ മേഖലയിൽ വളരെ ശ്രദ്ധേയമായ ചുവടുവയ്പ്പുകളാണ് നടത്തുന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 51 മത്സ്യ മാർക്കറ്റുകൾ

ആധുനികവൽക്കരിക്കുന്നതിനുവേണ്ടി 20.57 കോടി രൂപ കിഫ്ബി ഫണ്ട് ലഭ്യമായിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ എന്ന നിലയിൽ ഇന്ത്യയ്ക്ക് മാതൃകയായ 'പുനർഗേഹം' വളരെ ശ്രദ്ധേയമായ പദ്ധതിയാണ്. ഒരു വീടിന് പത്ത് ലക്ഷം രൂപ കണക്കാക്കിയുള്ള പദ്ധതിയാണത്. കടൽക്ഷോഭങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ വീട് നഷ്ടപ്പെടുന്ന പഴയകാല കഥകൾക്ക് അറുതിവന്നിരിക്കുന്നു. ആ മേഖലയിൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നടത്തുന്ന ആത്മാർത്ഥവും ശ്രദ്ധേയവുമായ നടപടികൾക്ക് പ്രതിപക്ഷത്തിന്റെതന്നെ കയ്യടി കിട്ടുന്നു എന്നത് തികച്ചും അഭിനന്ദനാർഹമായ കാര്യങ്ങളാണ്. മത്സ്യത്തൊഴിലാളി മേഖലയിലെ വളരെ ഗൗരവമുള്ള പ്രശ്നം ഇവിടെ ചർച്ച ചെയ്തു. മത്സ്യമേഖലയിൽ ആഗോള ചലനങ്ങളുണ്ടായിരിക്കുകയാണ്. ജൂൺ 12-ാം തീയതി മുതൽ 17-ാം തീയതി വരെ ജനീവയിൽ ചേർന്ന സമ്മേളനം മത്സ്യമേഖലയിലെ സബ്സിഡി പൂർണ്ണമായും എടുത്തുകളഞ്ഞിരിക്കുകയാണ്. സബ്സിഡി നിർത്താനായി കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി ശ്രീ. പീയുഷ് ഗോയൽ കയ്യടിച്ചുകൊടുത്തിരിക്കുകയാണ്. യഥാർത്ഥത്തിൽ പത്ത് ശതമാനംവരുന്ന ഈ മേഖലയിലുള്ള അമിത ചൂഷണത്തിന്റെ കാരണക്കാർ നരസിംഹറാവു സർക്കാരാണ്. 1990-കളിൽ നരസിംഹറാവു നടപ്പിലാക്കിയ അടക്കക്കൊല്ലി

വലകളുടെയും വമ്പൻ കപ്പലുകളുടെയും വരവോടുകൂടിയാണ് മത്സ്യബന്ധനം ഒരു വ്യവസായമാക്കി മാറ്റി കുത്തകകളെ ആകർഷിക്കുന്ന തരത്തിലേയ്ക്കുവന്നത്. ഇതിന് ശിക്ഷിക്കപ്പെടുന്നത് നിരപരാധികളായ പാവപ്പെട്ട മത്സ്യത്തൊഴിലാളികളും അവരുടെ യാനങ്ങളടക്കമുള്ള സംവിധാനങ്ങളുമാണ്. 130 മീറ്റർ നീളമുള്ള കപ്പലുകൾ ഉപയോഗിച്ച് കടലിന്റെ ആവാസവ്യവസ്ഥയെ തകർക്കുകയാണ്. ആധുനിക സംസ്കരണ സംവിധാനങ്ങളും ശീതീകരണ സംവിധാനവും ഈ കപ്പലുകളിലുണ്ട്. ഈ രീതിയാണ് കടലിനെയും അതിന്റെ മത്സ്യസമ്പത്തിനെയും തകർത്തതെന്നിരിക്കെ ചെറിയ ബോട്ടുകളും വള്ളങ്ങളുമുപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്ന സംവിധാനമാണ് ഇപ്പോൾ കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കേരള സർക്കാർ മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി പാവപ്പെട്ട തൊഴിലാളികളെ രക്ഷിച്ചിരുന്നതാണ്. ഇപ്പോൾ അത് 102 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. 48 രൂപയുണ്ടായിരുന്നതായി ബഹുമാനപ്പെട്ട വടകര അംഗം പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണയുടെ വില പടിപടിയായി ഉയർത്തിയാൽ ഈ സാമ്പത്തിക തകർച്ചയിൽ കേരളത്തിന് എത്രമാത്രം സബ്സിഡി നൽകാൻ കഴിയും. അന്ധമായ മാർക്സിസ്റ്റ് വിരോധംകൊണ്ട് യുക്തിരഹിത

ആക്ഷേപങ്ങൾ ഉന്നയിക്കുന്ന നടപടി അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരുമാസം 2160000 ലിറ്റർ മണ്ണെണ്ണ മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്കാവശ്യമാണ്. അത് കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചിരിക്കുകയാണ്. പരമ്പരാഗത മോട്ടോർ ഘടിപ്പിച്ച 43383 ചെറുകിട മത്സ്യബന്ധന യാനങ്ങളും 6433 യന്ത്രവൽകൃത ബോട്ടുകളും 11 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളും മാത്രമാണ് കേരളത്തിലുള്ളത്. എന്നുപറഞ്ഞാൽ മഹാഭൂരിഭാഗവും പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ്. അവരുടെ കഞ്ഞികുടി മുട്ടിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇതിനെതിരായി ശക്തമായ പ്രതിഷേധം ഉയർന്നുവരേണ്ടതുണ്ട്. ചാവക്കാട്-മുനക്കക്കടവ് ഫിഷ് ലാൻഡിംഗ് സെന്റർ ഹാർബറായി ഉയർത്താനുള്ള നടപടി സ്വീകരിക്കണം.

കേരളത്തിലെ കോൺഗ്രസ്സിന്റെ തകർച്ചപോലെ തകർന്ന സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തുന്നതിനുള്ള ശക്തമായ നടപടി സംസ്ഥാന ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും നേതൃത്വത്തിൽ നടക്കുന്നുണ്ട്. ടിക്കറ്റിതര വരുമാനം 11 കോടി രൂപയിലെത്തിയതാണ് അതിൽ ഏറ്റവും പ്രധാനം. 11 വർഷമായി നടപ്പിലാക്കാൻ കഴിയാതിരുന്ന ശമ്പള പരിഷ്കരണം

നടപ്പിലാക്കുന്നതിനുവേണ്ടി പ്രതിമാസം 15 കോടി രൂപ അധികചെലവ് വരുത്തിക്കൊണ്ടാണെങ്കിലും മുന്നോട്ടുവന്ന ഗവൺമെന്റിനെ പ്രത്യേകം അഭിനന്ദിക്കുന്നു. ഒരു വർഷത്തിൽ 2,000 കോടി രൂപ സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചുകൊണ്ടാണ് ഈ ശ്രദ്ധേയമായ നടപടി സ്വീകരിച്ചത്. സിറ്റി സർക്കുലർ സർവ്വീസുകൾ നടപ്പിലാക്കി. മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ആയാസരഹിതമായ യാത്രയ്ക്കുവേണ്ടി കെ.എസ്.ആർ.ടി.സി.-യും ഫിഷറീസ് വകുപ്പും ചേർന്ന് സമുദ്ര സർവ്വീസ് നടപ്പിലാക്കി. കേരളത്തിലാദ്യമായി വാട്ടർ ടാക്സി ആരംഭിക്കാൻ ഈ സർക്കാരിന് സാധിച്ചു. കായൽ സൗന്ദര്യം ആസ്വദിക്കാൻ സാധിക്കുന്ന രീതിയിൽ 'സീ അഷ്ടമുടി' ബോട്ട് സർവ്വീസും ഈ കാലയളവിൽ നടത്താൻ കഴിഞ്ഞു. ഇന്ത്യയിലാദ്യമായി ഓൺലൈൻ ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് പ്ലാറ്റ്ഫോം കേരളത്തിൽ സജ്ജമാക്കി. എട്ട് ലക്ഷത്തോളം അപേക്ഷകർക്ക് ഇതിന്റെ ഗുണം ലഭിച്ചു. കേരളത്തിലെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി ബ്ലാക്ക് സ്പോട്ട് മാപ്പിംഗ് നടപ്പിലാക്കി. ഇലക്ട്രിക് ആട്ടോറിക്ഷകൾക്ക് ആദ്യത്തെ അഞ്ചുവർഷം നികുതി പൂർണ്ണമായും ഒഴിവാക്കി. കേരളത്തിലെ മുഴുവൻ സ്ത്രീകളും ഇന്ന് ഗതാഗത വകുപ്പുമന്ത്രിയെ ബഹുമാനിക്കുന്നു. കാരണം 1960-ലെ സിവിൽ സർവ്വീസ് ചട്ടം 93(e) അനുസരിച്ച് സ്ത്രീധനം

കൊടുക്കാനും വാങ്ങാനും പാടില്ലാത്തതാണ്. എന്നാൽ ഇവിടെ ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അദ്ദേഹത്തിന്റെ ഭാര്യയായ വിസ്മയ എന്ന പെൺകുട്ടിയെ സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിച്ച് മരണപ്പെടുന്ന സ്ഥിതിയുണ്ടായി. ആ ഉദ്യോഗസ്ഥനെ രാജ്യരാമാനം സർവ്വീസിൽനിന്നും പിരിച്ചുവിട്ട ഒറ്റക്കാരണം മതി ബഹുമാനപ്പെട്ട മന്ത്രിയും ഈ ഗവൺമെന്റും ചരിത്രത്തിന്റെ ഭാഗമാകാൻ. സ്ത്രീകളുടെ സംരക്ഷണത്തിനൊപ്പം നിന്നവരാരാണെന്ന് ചരിത്രം രേഖപ്പെടുത്തുന്ന നടപടിയാണിതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഷാജ് കിരണിനെപ്പോലെത്തന്നെ ഒരു കിരൺ കുമാറിനെയാണ് ഈ ഗവൺമെന്റ് പിരിച്ചുവിട്ടതെന്ന കാര്യംകൂടി ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്. ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനത്തിനായി എം.എൽ.എ. ഫണ്ടിൽനിന്നും ഞാൻ 75 ലക്ഷം രൂപ കൊടുത്തിരുന്നു. അടുത്തവർഷവും കൊടുക്കാൻ സന്നദ്ധമായിട്ടുണ്ട്. അതിന്റെ നടപടികൾ എങ്ങും എത്തിയിട്ടില്ല. ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധേയമായി നടത്തണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ആർ.ടി. ഓഫീസുകൾ കാര്യക്ഷമമാക്കണം. അതിലെ ഇടനിലക്കാരെയും കമ്മീഷൻ ഏജന്റുമാരെയും ഒഴിവാക്കുന്നതിനുള്ള

നടപടി സ്വീകരിച്ചിട്ടുണ്ട്; അത് കുറച്ചുകൂടി ശക്തമായ രീതിയിൽ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഇവിടത്തെ യു.ഡി.എഫ്. എം.എൽ.എ.-മാർ കഴിഞ്ഞദിവസം വയനാട്ടിൽ പോയി. ടൂർ പോയതല്ല, വയനാട് എം.പി.-യെ സ്വീകരിക്കാൻ പോയതാണ്. സ്വന്തം അച്ഛൻ പണി കഴിഞ്ഞുവരുമ്പോൾ 'അച്ഛാ സ്വാഗതം' എന്ന് ഏതെങ്കിലും മക്കൾ പറയുമോ? ഇതിലും വലിയ വിരോധാഭാസമെന്താണ്; നാല് ലക്ഷത്തിൽ ചില്വാനം വോട്ടിന് നാട്ടിലെ ജനങ്ങൾ ജയിപ്പിച്ച ഒരാളല്ലേ? യഥാർത്ഥത്തിൽ വയനാട്ടിലെ ജനങ്ങളോട് കാണിച്ച നീതി നിഷേധത്തിന്റെ ഭാഗമായി കോൺഗ്രസ്സിലെ ശ്രീ. ഷാഫി പറമ്പിൽ ഉൾപ്പെടെയുള്ളവർ പ്രതിഷേധ സൂചകമായി കറുത്ത കുപ്പായവുമിട്ട് സ്വീകരിക്കാൻ പോകേണ്ടത് വയനാട്ടിലേയ്ക്കല്ലേ? കോൺഗ്രസ് ഇപ്പോൾ ആ നിലയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റിനെ രാഷ്ട്രീയമായി നേരിടാൻ കോൺഗ്രസ്സിന്റെ കയ്യിൽ, യു.ഡി.എഫ്.-ന്റെ കയ്യിൽ ആയുധങ്ങളില്ലാതായിരിക്കുന്നു. രാമായണത്തിലെ 'മന്ഥര' എന്ന കഥാപാത്രം കൈകേയിയെ ഉപയോഗപ്പെടുത്തി ശ്രീരാമന്റെ ഭരണം കളഞ്ഞതുപോലെ ശ്രീ. പിണറായി വിജയന്റെ ഭരണം നഷ്ടപ്പെടുത്താൻ ചില അഭിനവ മന്ഥരമാരെ ഉപയോഗിക്കുന്ന സമീപനമാണ് കോൺഗ്രസ്

സ്വീകരിച്ചിട്ടുള്ളത്. ഗവൺമെന്റ് ഇച്ഛാശക്തിയോടെ ചർച്ചയ്ക്ക് സന്നദ്ധമായി അടിയന്തരപ്രമേയം ചർച്ച ചെയ്തു. അടിയന്തരപ്രമേയ ചർച്ച കഴിഞ്ഞപ്പോൾ പ്രതിപക്ഷനേതാവ് പറഞ്ഞത് സി.ബി.ഐ.-ക്ക് വിടണമെന്നാണ്. എന്നുമുതലാണ് പ്രതിപക്ഷനേതാവിന് സി.ബി.ഐ. പ്രേമം തുടങ്ങിയത്? ശ്രീ. പി. ചിദംബരത്തെ മതിൽചാടി പിടിച്ചതാണ് സി.ബി.ഐ., ചിദംബരത്തിന്റെ മകൻ കാർത്തി ചിദംബരത്തെ പിടിച്ചത് സി.ബി.ഐ. സി.ബി.ഐ.-യേയോ എൻ.ഐ.എ.-യേയോ ആരെവേണമെങ്കിലും കൊണ്ടുവന്നോ എന്നുപറഞ്ഞ് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തെഴുതി. അന്വേഷണം നടത്തിയിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രോമത്തെ പിടിക്കാൻ കഴിയാത്തവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകൾ, ഭാര്യയുൾപ്പെടെയുള്ള കുടുംബാംഗങ്ങളെ പുലഭ്യം പറയാനും പത്രസമ്മേളനം നടത്താനുമുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അപ്രതീക്ഷിതമായൊരു നിയോഗമാണ് ഒട്ടനവധി മഹാരഥന്മാർ ഭരണനൈപുണ്യംകൊണ്ട് വിസ്മയപ്പെടുത്തിയ

ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ഒരംഗമായി പ്രവർത്തിക്കാൻ ലഭിച്ച ഈ അവസരമെന്ന് ഞാൻ കരുതുന്നു. ഈ അവസരം നൽകിയ എന്റെ തൃക്കാക്കര ജനതയ്ക്കും ഇതിനായി പ്രവർത്തിച്ച എന്റെ എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി പറഞ്ഞുകൊണ്ട് തുടങ്ങട്ടെ. ജനങ്ങൾക്ക് മെച്ചപ്പെട്ട പൊതുഗതാഗത സംവിധാനമൊരുക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്. കെ.എസ്.ആർ.ടി.സി.-യെ ലാഭമുണ്ടാക്കുന്ന സ്ഥാപനമെന്നതിനേക്കാൾ ഇതൊരു അത്യാവശ്യ സർവ്വീസായിക്കണ്ട് അത് നിലനിർത്തുകയെന്നതായിരിക്കണം സർക്കാരിന്റെ കർത്തവ്യം. എന്നാൽ ഈ സേവനമേഖലയെ നിരുത്സാഹപ്പെടുത്തുന്നതും പൊതുഗതാഗത ചുമതലയിൽനിന്നും ഒഴിവാക്കുന്നതിനുമുള്ള ശ്രമമാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത് എന്നത് ഖേദകരമാണ്. സംസ്ഥാനത്തെ പൊതുഗതാഗതം നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഒരു ഗതാഗതനയം നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണം. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം ഒരു മരീചികയാണ്. അത് എന്ന്, എപ്പോൾ, ആർക്കെല്ലാം കിട്ടുമെന്നത് പ്രവചിക്കാൻപോലും സാദ്ധ്യമല്ലാത്ത സ്ഥിതിയാണിന്നുള്ളത്. ജോലി ചെയ്താൽ അതിന് വേതനം ലഭിക്കണമെന്നത് ഏതൊരു പൗരന്റെയും അവകാശമാണ്. ഈ

വേതനത്തിനായി സത്യാഗ്രഹം നടത്തേണ്ടിവരുന്നതും കോടതിയെ സമീപിക്കേണ്ടിവരുന്നതും വിരോധാഭാസമാണ്. ദീർഘദൂര യാത്രയ്ക്ക് സഹായകരമെന്ന പേരിൽ കെ.എസ്.ആർ.ടി.സി. തുടങ്ങിയ സംവിധാനമാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്. അതിന്റെ രൂപീകരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുതന്നെ സ്വകാര്യവൽക്കരണത്തിന് മുൻതൂക്കം നൽകുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസുകൾ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിക്കുകയാണെങ്കിൽ കൂടുതൽ വരുമാനം ലഭിക്കുകയും സാധാരണക്കാർക്ക് പ്രയോജനകരമാകുകയും ചെയ്യും. തൃക്കാക്കര മണ്ഡലത്തിലെ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇൻഫോപാർക്കിൽനിന്നും രാത്രി 9.00 മണി കഴിഞ്ഞാൽ എറണാകുളത്തേയ്ക്ക് ബസ് സർവ്വീസില്ല. നൈറ്റ് ഷിഫ്റ്റ് കഴിഞ്ഞിറങ്ങുന്ന ജീവനക്കാർക്ക് ഇത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ആയതിനാൽ ഇൻഫോ പാർക്കിൽനിന്നും എറണാകുളത്തേയ്ക്ക് 9.00 മണിക്കുശേഷവും ഇടവേളകളിലായി സർവ്വീസ് നടത്തണം. അതുപോലെ തൃപ്പൂണിത്തുറ-ഏരൂർ-അറക്കക്കടവ് വഴി വെണ്ണലയ്ക്കും പാലാരിവട്ടം ബൈപ്പാസ് വഴി ഇടപ്പള്ളി-വരാപ്പുഴ റൂട്ടുകളിലും സർക്കുലർ സർവ്വീസ്

ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ഉതിയൂർ മേഖലയിൽ നിലവിൽ 6 ബസ് സർവ്വീസ് ഉണ്ടായിരുന്നത് ഇപ്പോൾ 2 ആയി കുറഞ്ഞിരിക്കുകയാണ്. സാധാരണക്കാരായ ജനങ്ങൾക്ക് ഇത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ആയതിനാൽ ഈ മേഖലയിലും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കൊച്ചി മെട്രോയുടെ പാലാരിവട്ടം മുതൽ ഇൻഫോപാർക്കുവരെയുള്ള രണ്ടാംഘട്ട പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇത് പൂർത്തീകരിക്കുമ്പോൾ ഒരു പ്രദേശത്തെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമാകും. കൊച്ചി വാട്ടർ മെട്രോയുടെ പണി പൂർത്തിയാക്കി അടിയന്തരമായി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം. മത്സ്യബന്ധന മേഖലയിൽ വളരെയധികം യാതനകൾ അനുഭവിക്കുന്ന വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. പ്രകൃതിക്ഷോഭവും കടലാക്രമണവുംമൂലം വീടും സ്ഥലവും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്കാവശ്യമായ സഹായം യഥാസമയം ലഭ്യമാക്കുന്നില്ല. 'കുനിന്മേൽ കുരു' എന്നപോലെ ദൈനംദിനം ഉയരുന്ന മണ്ണെണ്ണ വില വർദ്ധനവിൽ സർക്കാർ സബ്സിഡി നൽകാൻ തയ്യാറാകണം. തൃക്കാക്കരയുടെ സൗഭാഗ്യമാണ് ഉപതെരഞ്ഞെടുപ്പെന്ന് ചിലരെങ്കിലും

കുത്തിനോവിച്ചിട്ടുണ്ടെങ്കിലും എന്റെ ജീവിതത്തിലെ കറുത്ത അദ്ധ്യായമാണ് ഈ ഉപതെരഞ്ഞെടുപ്പും വിജയവുമെല്ലാം. എങ്കിലും പി. ടി. തോമസ് ഉയർത്തിപ്പിടിച്ച ജനപക്ഷ രാഷ്ട്രീയം പിന്തുടർന്ന് പ്രവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പി. ടി. തോമസ് തുടങ്ങിവച്ചതും പാതിവഴിയിലാക്കിയതുമായ ഒട്ടനവധി ജനഹിത വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും തൃക്കാക്കരയിലെ സമഗ്ര വികസനത്തിന് രാഷ്ട്രീയമോ മതസാമുദായിക വർഗ്ഗ-വർണ്ണ വ്യത്യാസമോ കൂടാതെ നൂറുശതമാനം ആത്മാർത്ഥതയോടെ പ്രവർത്തനനിരതയാകുക എന്നതാണ് എന്റെ ലക്ഷ്യം. തൃക്കാക്കരയുടെ സമഗ്രവികസനമെന്ന പി. ടി. തോമസിന്റെയും അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരിയെന്ന നിലയിൽ എന്റെയും ലക്ഷ്യ പൂർത്തീകരണത്തിന് കേരള സർക്കാരിന്റെ എല്ലാ പിന്തുണയും ഉറപ്പാക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം, ഉപതെരഞ്ഞെടുപ്പ് സമയത്ത് എണ്ണയിട്ട യന്ത്രംപോലെ കേരളത്തിന്റെ മുഖ്യമന്ത്രിയും 20 മന്ത്രിമാരും മറ്റ് ഭരണ സംവിധാനങ്ങളും അരയും തലയും മുറുക്കി തൃക്കാക്കരയിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒന്നൊന്നായി മനസ്സിലാക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഹൈടെക് മണ്ഡലങ്ങളിലൊന്നായ തൃക്കാക്കരയിലെ ഗതാഗതക്കുരുക്ക്, ശുദ്ധജലക്ഷാമം, ടെക്കികൾ

ഉൾപ്പെടെയുള്ള യുവാക്കൾ നേരിടുന്ന പ്രശ്നങ്ങൾ, ചമ്പക്കര മാർക്കറ്റുപോലെ മത്സ്യവിപണന രംഗത്തെ പ്രശ്നങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യരംഗത്തെ വെല്ലുവിളികൾ, വിദ്യാഭ്യാസം, ടൂറിസം, പുനരധിവാസം, വെള്ളക്കെട്ട് തുടങ്ങി നിരവധി പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഉപതെരഞ്ഞെടുപ്പ് സമയത്ത് ജനങ്ങളിൽനിന്ന് നേരിട്ട് മനസ്സിലാക്കിയിട്ടുണ്ട്. കേവലം തെരഞ്ഞെടുപ്പ് വിജയം ലക്ഷ്യമിട്ടുള്ള ഗിമ്മിക്ക് മാത്രമല്ല ഈ വാഗ്ദാനങ്ങളെന്ന് തുടർന്നുള്ള കാലയളവിൽ എൽ.ഡി.എഫ്. സർക്കാരിന് ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള അവസരം കൂടിയാണിതെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും മന്ത്രിമാരെയും ഓർമ്മിപ്പിക്കുകയാണ്. കണക്കിലെ കസർത്തുകൾ നിരത്തി തൃക്കാക്കരയിലെ മിന്നുന്ന ഭൂരിപക്ഷം വിജയമേയല്ലെന്ന് സമർത്ഥിക്കാനുള്ള ശ്രമമാണ് കഴിഞ്ഞ സഭാദിനങ്ങളിൽ ഭരണപക്ഷത്തെ ചിലയാളുകൾ നടത്തിയത്. ഞാനൊന്നു പറയട്ടെ, ഒരു മതഭ്രാന്തന്മാരുടെയും വോട്ടല്ല, ഒരു അരാഷ്ട്രീയ വാദികളുടെയും വോട്ടല്ല, മറിച്ച് തന്റെ തട്ടകത്തിലെ ജനങ്ങളെ ജീവനുതുല്യം സ്നേഹിച്ച, ഉറക്കത്തിൽപ്പോലും അവരുടെ പ്രശ്നങ്ങളെ ജാഗ്രതയോടെ കണ്ട തൃക്കാക്കര ജനതയുടെ മനസ്സിന്റെ അകത്തളങ്ങളിൽ ഇടംനേടിയ ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ പി. ടി. തോമസ് എന്ന

ഉത്തരവാദിത്വപ്പെട്ട ജനനായകന്റെ പ്രവൃത്തികളുടെ ഫലമാണ് പ്രതിപക്ഷത്തിന്റെ വിജയം. ഇത് സഹതാപത്തിന്റേതല്ല, മറിച്ച് സത്പ്രവർത്തനത്തിനുള്ള ജനങ്ങളുടെ സമ്മാനംതന്നെയാണ്. 2022 മേയ് 31-ന് ഉപതെരഞ്ഞെടുപ്പ് ദിവസം 35 ലക്ഷം രൂപ മുടക്കി ആറേഴ് ഇംഗ്ലീഷ്, മലയാളം പത്രങ്ങളിലായി വന്ന പരസ്യമുണ്ട് (പത്രം ഉയർത്തിക്കാട്ടി). അതിൽ 'ഉറപ്പാകുന്ന വികസനം' (Committed to Development) സംബന്ധിച്ച കാര്യങ്ങൾ പറയുന്നുണ്ട്. അത് ഞാനിവിടെ ഓർമ്മയ്ക്കായി കൊണ്ടുവന്നിട്ടുണ്ട്. ഇതെല്ലാം എനിക്ക് നടത്തിത്തന്നാൽ മാത്രം മതിയാകും. പൊതുഗതാഗത സംവിധാനത്തെപ്പോലും തകർത്തുകൊണ്ട് ജനദ്രോഹപരവും പരിസ്ഥിതിയെ തകർക്കുന്നതും സംസ്ഥാനത്തെ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്നതുമായ സിൽവർ ലൈൻ പദ്ധതിയുമായി മുന്നോട്ടുപോകുന്ന ഈ സർക്കാരിന്റെ വികലമായ നയങ്ങളോട് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. മത്സ്യബന്ധനത്തിനായി വീട്ടിൽനിന്നും ഇറങ്ങിപ്പോകുന്ന തങ്ങളുടെ ഉറ്റവർ ആരായിരുന്നാലും നിശ്ചിത ദിവസം കഴിഞ്ഞിട്ടും തിരിച്ചെത്താതെയാകുമ്പോൾ ലക്ഷദ്വീപിലെ സ്ത്രീകൾ

കണ്ണീരലകളുമായി കടലോരത്ത് ചെന്ന് കടലമ്മയെനോക്കി പാടുന്ന ഒരു പാട്ടുണ്ട്. 'കാറ്റുവിളിപ്പാട്ട്' എന്നാണ് അതിനെ പറയാറുള്ളത്. കടലിന്റെ അഗാധതയിലെവിടെയോ അകപ്പെട്ടുപോയ പായ്കപ്പലിനെ കരയ്ക്കടുപ്പിക്കണമെന്ന് വിലപിച്ചുകൊണ്ടുള്ള സ്ത്രീകളുടെ പാട്ടും കരച്ചിലും കേട്ടുകൊണ്ട് കടലമ്മ കാറ്റിനെവിട്ട് പായ്കപ്പലിനെ കരയിലേയ്ക്ക് അടുപ്പിക്കുമെന്നുള്ളത് പാവപ്പെട്ടവരുടെ ഒരു വിശ്വാസമാണ്. വിശ്വാസം ശരിയായാലും തെറ്റായാലും കാറ്റിന്റെ ഗതിയനുസരിച്ച് ചലിക്കുന്ന പായ്കപ്പൽ കരയ്ക്കടുക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഇത് ഇവിടെയുള്ളതല്ല, ലക്ഷദ്വീപിന്റെ ഒരു കഥയാണ്. കേരളത്തിൽ ഇതുപോലെയാണോ? കേരളത്തിലെ തീരദേശവാസികൾ ദുരിതക്കയത്തിൽ മുങ്ങിത്താഴുന്ന അവസരങ്ങളിലെല്ലാം ഇടതുപക്ഷ സർക്കാരും ബഹുമാന്യനായ മുഖ്യമന്ത്രിയും ഒരു കാറ്റുവിളിപ്പാട്ടുമില്ലാതെ അവർക്ക് ആശ്വാസത്തിന്റെ തെളിനീരുമായി സാന്ത്വന സ്പർശനം പകരുന്ന സ്ഥിതിയാണ് കഴിഞ്ഞ ഭരണത്തിലും ഈ ഭരണത്തിലും കണ്ടിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവിടെ എല്ലാ ഭാഗങ്ങളിലും എത്തിക്കൊണ്ടാണ് അവർക്ക് ആശ്വാസമേകിയിട്ടുള്ളത്. ഓഖി ദുരന്തത്തിന്റെയും പ്രളയത്തിന്റെയും സാഹചര്യത്തിൽ ദുരിത ബാധിത

ഭൂമിയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനം നടത്തിയത് ഇടതുപക്ഷ മുന്നണി സർക്കാരാണെന്ന് ഓർമ്മിപ്പിച്ചിട്ടുള്ള അനുഭവമാണ് നമുക്കെല്ലാവർക്കുമുള്ളത്. ഈ അനുഭവങ്ങളുടെ ഉല്പന്നമായാണ് കടലോരവാസികളുടെകൂടി പിന്തുണയോടെ എൽ.ഡി.എഫ്. സർക്കാരിന് തുടർഭരണം ലഭിച്ചതെന്നുള്ളത് നാം തിരിച്ചറിയുകയാണ്. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് 10 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചതും 192 പേർക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ചുനൽകിയതും ഈ സർക്കാരാണ്. പാവപ്പെട്ട ജനവിഭാഗങ്ങൾ ഇന്നും കഷ്ടപ്പാടിലാണെന്നും ഈ സർക്കാർ ഒന്നും ചെയ്തിട്ടില്ലെന്നും പ്രതിപക്ഷം പറയുമ്പോൾ ആറ് വർഷത്തിനുമുമ്പുള്ള സ്ഥിതി പരിശോധിക്കേണ്ടതുണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെയും കാണാതായവരുടെയും കുടുംബാംഗങ്ങൾക്ക് സമാനതകളില്ലാത്ത പുനരധിവാസത്തിന് 20 ലക്ഷം രൂപ ധനസഹായമായി നൽകി. 'പുനർഗേഹം' പദ്ധതിയിൽ രജിസ്ട്രേഷൻ ഫീ ഒഴിവാക്കിക്കൊടുത്തതുവഴി 60,000 രൂപ അധികം കൊടുക്കുന്നതിന്റെ ഫലം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളത് വലിയ ആശ്വാസമാണ്. കുടിലുകളിലെ വാസവും തോരാത്ത കണ്ണീരും കടലോര മേഖലയിലെ ജീവിതസാഹചര്യവുമെല്ലാം വിധിയാണെന്ന് കരുതി സമാധാനിക്കുന്ന

നിലയാണുള്ളത്. ഇവർക്ക് ആശ്വാസം പകർന്നുകൊണ്ട് എല്ലാ രീതിയിലും അവരോടൊപ്പം നിൽക്കുന്ന സർക്കാരാണുള്ളത്. തീരദേശത്തെ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നവർ ഏതുസമയത്തും തങ്ങളുടെ കുടിലും സമ്പാദ്യവും കടലെടുക്കുമെന്നുള്ള ഭീതിയിലാണ് കഴിഞ്ഞിരുന്നത്. ദുഷ്കരമായിട്ടുള്ള ഈ സ്ഥലത്തുനിന്നും മാറി താമസിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽപ്പോലും കഴിയാതിരുന്ന കാലമുണ്ടായിരുന്നു. ആ പാവങ്ങൾ എവിടെ പോകാനാണെന്നുള്ള ചിന്തയിൽ, മറ്റൊരു ഭൂമിയുമില്ലാത്തതും പുതുതായി ഭൂമി വാങ്ങാനും വീട് വയ്ക്കാനും കഴിവില്ലാത്തതും അവസരം ലഭിച്ചാൽ മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചുകൊണ്ട് കാത്തിരിക്കുന്നതുമായ നിരവധിപേരുണ്ട്. അപേക്ഷ നൽകിയിട്ടുള്ള 18685 പേരിൽ 3187 പേർക്ക് ഭൂമി കണ്ടെത്തുകയും 1265 വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ ക്യൂ.എസ്.എസ്. കോളനിയിൽ 114 ഭവനങ്ങളുടെ നിർമ്മാണമാണ് അന്തിമഘട്ടത്തിലുള്ളത്. കോഴിക്കോട് ജില്ലയിൽ അഞ്ച് ഭവന സമുച്ചയങ്ങൾക്കുവേണ്ടി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ പൂർത്തീകരിച്ച് ബാക്കിയുള്ളവ വളരെ വേഗത്തിൽ തുടങ്ങണമെന്ന് അഭ്യർത്ഥിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ

ഭവനങ്ങൾ പൂർത്തിയാക്കുന്നതോടൊപ്പം അവരുടെ സ്വപ്നങ്ങളാണ് മഴവില്ലുപോലെ വർണ്ണാഭമായി വിടർന്നുനിൽക്കുന്നത്. അവരുടെ കണ്ണുകളിൽ തെളിയുന്ന സന്തോഷമാണ് ഈ സർക്കാരിന്റെ അഭിമാനവും നേട്ടവും. മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി 2021-22 വർഷം 150 സൂക്ഷ്മ തൊഴിൽ സംരംഭങ്ങളും 400 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും ആരംഭിച്ചു. ഓൺലൈൻ മാർക്കറ്റിംഗ് മുതൽ ചെറുകിട സംരംഭങ്ങൾ വരെയുള്ള വിവിധ പദ്ധതികൾ ഏറ്റെടുത്ത് 'സാഫ് ' വനിതാ മുന്നേറ്റത്തിന്റെ മാതൃകയായിക്കഴിഞ്ഞു. മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളെ ദത്തെടുക്കുന്ന പദ്ധതിപ്രകാരം 12 കുട്ടികളെ ദത്തെടുത്ത് പഠനം ഉറപ്പാക്കി. മത്സ്യത്തൊഴിലാളി മേഖലയിലും സർക്കാരിന്റെ ജെൻഡർ പരിഗണനയാണ് ഇതിലൂടെ വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയെയും സർക്കാരിനെയും പ്രത്യേകം അഭിനന്ദിക്കാൻ ഈ സമയം ഉപയോഗിക്കുകയാണ്. ഗതാഗത രംഗത്ത് വലിയ മുന്നേറ്റമാണുണ്ടായിട്ടുള്ളത്. പുതുമയാർന്ന വ്യത്യസ്ത സംവിധാനങ്ങളൊരുക്കിക്കൊണ്ടാണ് ഗതാഗത വകുപ്പ് മുന്നോട്ടുപോകുന്നത്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് സർവ്വീസ് ഇതിനൊരുദാഹരണം മാത്രമാണ്. മത്സ്യവില്പനയിലേർപ്പെടുന്ന വനിതകൾക്ക് സൗജന്യ

യാത്രയൊരുക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് 'സമുദ്ര' എന്ന പദ്ധതി ആരംഭിച്ചു. നേട്ടങ്ങളുടെ പട്ടിക ഒരുപാട് നീണ്ടുപോകുകയാണ്. ഒരു ദിവസം സമയമുണ്ടായാൽപ്പോലും അത് പറഞ്ഞുതീർക്കാൻ സാധിക്കാത്തതാണ് ഈ സർക്കാരിന്റെ നേട്ടങ്ങളുടെ സൂചിക. തീരദൈർഘ്യം ഏറ്റവും കൂടുതലുള്ള എന്റെ മണ്ഡലമായ കൊയിലാണ്ടിയിലെ കാപ്പാട് പ്രദേശത്തെ റോഡുകളെല്ലാം കഴിഞ്ഞ കടലാക്രമണത്തിൽ തകർന്നുപോയിരിക്കുകയാണ്. റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി ആരംഭിക്കുകയും അതിന്റെ ഭാഗമായുള്ള പഠനം നടത്താനായി ഏജൻസിയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മിക്കുന്നതടക്കമുള്ള കാര്യങ്ങൾ എത്രയും വേഗത്തിലാക്കാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. എല്ലാ ക്ഷേമവും ഐശ്വര്യവും ലഭ്യമാക്കുന്ന രീതിയിലുള്ള പ്രവർത്തനമാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ദീർഘവീക്ഷണത്തോടെ കേരളത്തിന്റെ ഭാവി കരുപ്പിടിപ്പിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ് ഈ സർക്കാർ. എന്നാൽ പ്രതിപക്ഷം എങ്ങനെയാണ് പ്രവർത്തിക്കുന്നത്? 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും, ചോര തന്നെ കൊതുകിന് കൗതുകം' എന്ന വാക്യം ഇപ്പോൾ ഓർമ്മിക്കുകയാണ്. പ്രതിപക്ഷത്തിന്റെ കോലാഹലങ്ങൾ കാണുമ്പോൾ ഈ

ചൊല്ല് ആവർത്തിക്കാതിരിക്കാൻ സാധിക്കില്ല. 36 തവണ സ്വർണ്ണം കടത്തിയെന്ന് സ്വയം വെളിപ്പെടുത്തിയ കള്ളക്കടത്തുകാരിയായ ഒരു സ്ത്രീ രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും ഓരോ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം തൊണ്ടതൊടാതെ വിഴുങ്ങിക്കൊണ്ടാണ് സഭയിൽവന്ന് വലിയ രീതിയിൽ ഇവർ ആക്രോശിക്കുന്നത്. ഇതൊക്കെ കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്. പ്രതിപക്ഷത്തിന് ജനങ്ങളോട് എന്ത് പ്രതിബദ്ധതയാണുള്ളത്? ഈ സർക്കാരിന്റെ തുടക്കത്തിൽ പ്രതിപക്ഷം പറഞ്ഞത്, ഇനിമുതൽ കഴിഞ്ഞ അഞ്ചുവർഷം ഉണ്ടായതുപോലെയല്ലെന്നും ഞങ്ങൾ പുതിയ തീരുമാനങ്ങൾ എടുത്തുവന്നിരിക്കുകയാണെന്നും ക്രിയാത്മക പ്രതിപക്ഷമായിരിക്കുമെന്നുമാണ്. മുന്നിൽ ഇരുന്നയാളെ പിന്നിലേയ്ക്കിരുത്തിയാൽ ക്രിയാത്മകമാകുമോ എന്നാണ് ചോദിക്കാനുള്ളത്. പഴയ വീഞ്ഞുതന്നെ പുതിയ കുപ്പിയിലാക്കിയതുകൊണ്ട് കാര്യമൊന്നുമില്ലല്ലോ? അനാവശ്യ വിവാദങ്ങൾ കുത്തിപ്പൊക്കിക്കൊണ്ട് അപസർപ്പക കഥകളെ വെല്ലുന്ന രീതിയിലുള്ള തിരക്കഥകളുമായി ഓരോ ദിവസവും വന്നുകൊണ്ടിരിക്കുകയാണ്. സ്വർണ്ണക്കടത്തിന്റെ കാര്യം രണ്ടുവർഷം ഇ.ഡി.-യും എൻ.ഐ.എ.-യും കസ്റ്റംസും അരിച്ചുപെറുക്കി

അന്വേഷിച്ചതല്ലേ? ഇപ്പോൾ വീണ്ടും ഇത് ആവർത്തിക്കുകയാണ്. വിഷയ ദാരിദ്ര്യമാണ് ഇവരുടെ പ്രശ്നം. 36 തവണ സ്വർണ്ണം കടത്തിയത് ആരാണ്; കൊടുത്തുവിട്ടത് ആരാണ്; ആർക്കുവേണ്ടിയാണ് സ്വർണ്ണം കൊണ്ടുവന്നിട്ടുള്ളതെന്ന് ഈ ഏജൻസികളോട് ഒരു പ്രാവശ്യമെങ്കിലും പ്രതിപക്ഷം ചോദിച്ചിട്ടുണ്ടോ? ചോദിക്കില്ല. കാരണം ഇവർക്ക് സത്യം അറിയണ്ട. എപ്പോഴും സർക്കാരിനെ പുകമറയ്ക്കുള്ളിൽ നിർത്തി നാടിന്റെ സ്വപ്നപദ്ധതികളെ തകർക്കണമെന്നാണ് ഇവരുടെ ആഗ്രഹം. അല്ലെങ്കിൽ തങ്ങൾക്ക് ഒരിക്കലും ഭരണത്തിലെത്താനാവില്ലെന്ന ഭയം പ്രതിപക്ഷത്തിന്റെ സമനില തെറ്റിച്ചിരിക്കുകയാണ്. രാജ്യം കത്തിയെരിയുകയാണ്, സൈന്യത്തിൽപ്പോലും അഗ്നിവീരന്മാർ എന്ന പേരിൽ സംഘ് പരിവാരങ്ങളെ കുത്തിനിറയ്ക്കുന്ന രാജ്യമായി മാറിയിരിക്കുകയാണ്. കോർപ്പറേറ്റുവൽക്കരണത്തിന്റെ ഉച്ചസ്ഥായിയാണിപ്പോൾ. പ്രതിപക്ഷം ഇതിനെതിരായി എന്തെങ്കിലും പറയുന്നുണ്ടോ? ഉദയ്പൂർ കൊലപാതകികൾക്ക് ആർ.എസ്.എസ്.-മായുള്ള ബന്ധം മതേതരവാദികളെ ഞെട്ടിപ്പിക്കുന്നതാണ്. ഇതിനെക്കുറിച്ചും ഒരക്ഷരവും പ്രതിപക്ഷത്തിന് പറയാനില്ല. ഇന്ത്യയിലെ മുഖ്യപ്രതിപക്ഷം എന്നവകാശപ്പെടുന്ന കോൺഗ്രസ് എന്താണ് കാണിച്ചുകൊണ്ടിരിക്കുന്നത്? ഇല്ലാത്ത കഥകൾ

പറഞ്ഞ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന വികസനങ്ങളെയില്ലാതാക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം. ഈ ഗവൺമെന്റിനെ അട്ടിമറിക്കുക എന്ന അജണ്ടയുമായാണ് പ്രതിപക്ഷം പോകുന്നത്. ബി.ജെ.പി.-യുടെ തിരക്കഥ ആടിത്തിമിർക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. എൻ.ഐ.എ. രാജ്യദ്രോഹ കുറ്റമുൾപ്പെടെ ചാർത്തി ജയിലിലടച്ച പ്രതി പുറത്തിറങ്ങിയയുടൻ സംഘ് പരിവാർ നയിക്കുന്ന സ്ഥാപനത്തിൽ ചെല്ലും ചെലവും കൊടുത്തുകൊണ്ടാണ് പ്രതിഷ്ഠിച്ചത്. അത് എന്തിനാണെന്ന് അറിയാത്തവർ ആരാണ് കേരളത്തിലുള്ളത്? ഇന്നത്തെ ഈ തിരക്കഥ ഇവിടെകൊണ്ടുവന്ന് അലക്കുമ്പോൾ കേരളത്തിലെ അരി ഭക്ഷണം കഴിക്കുന്ന എല്ലാവർക്കുമറിയാം ഇതെന്തിനുവേണ്ടിയുള്ളതാണെന്ന്. ബിരിയാണിച്ചെമ്പാണ് അവസാനം വന്നുപെട്ടിട്ടുള്ളത്. അതുകൊണ്ട് കുറേ ദിവസം ഇവിടെനിന്ന് വലിയ രീതിയിലുള്ള പ്രതിഷേധം രേഖപ്പെടുത്തി. അത് വേവാതെപോയ ബിരിയാണിയായി മാറി. ദം ആയിട്ടില്ല എന്നുള്ളതാണ് അതിന്റെ കാര്യം. സംഘ് പരിവാർ നടത്തിയിട്ടുള്ള കള്ളക്കടത്തിന്റെ ഉള്ളുകള്ളികൾ പുറത്തുകൊണ്ടുവരാതിരിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റിനെയും അവരുടെ വർഗ്ഗീയ അജണ്ടകളെയും നഖശിഖാന്തം എതിർക്കുന്ന ഇടതുപക്ഷത്തെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഇല്ലാതാക്കുന്നതിനുള്ള ശ്രമമാണവർ

നടത്തുന്നത്. ഈ ക്രിമിനൽ സംഘത്തെയാണ് കോൺഗ്രസ് അതിന്റെ നിലനിൽപ്പിനായി അവസാന അത്താണിയായി കൂട്ടുപിടിച്ചിരിക്കുന്നത്. സ്വന്തം പാർട്ടിയുടെ നേതൃത്വം ദേശീയ അന്വേഷണ ഏജൻസികളുടെ പിടിയിലകപ്പെട്ട് ചക്രശ്വാസം വലിക്കുന്നതിന് ഇവർക്ക് ഒന്നും പറയാനില്ല. ശ്രീ. രാഹുൽ ഗാന്ധിയുൾപ്പെടെയുള്ള നേതാക്കളെല്ലാം എൻ.ഐ.എ.-യുടെ അന്വേഷണത്തിന് വിധേയമായിരിക്കുന്നു. ആ ഭാഗത്തെക്കുറിച്ച് ഇവർക്ക് ഒരക്ഷരം പറയാനില്ല. അതിനെതിരായി പ്രതികരിക്കാൻ സാധിക്കാത്തവിധത്തിൽ കോൺഗ്രസ് സംഘ് പരിവാർ ബന്ധത്തിൽ കുരുങ്ങിക്കിടക്കുകയാണ്. അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധവും ഏതുവിധേനയും അധികാരത്തിലെത്തുകയെന്നുള്ള അത്യാഗ്രഹവുമാണ് പ്രതിപക്ഷ പാർട്ടികളെ ഇന്ന് നയിക്കുന്നത്. നമുക്കെല്ലാവർക്കും മക്കളുണ്ട്, നമ്മളെല്ലാവരും രാഷ്ട്രീയ പ്രവർത്തകരാണ്. നമ്മുടെ കുടുംബത്തെ ഈ രീതിയിലുള്ള ചർച്ചയിലേയ്ക്ക് വലിച്ചിടുമ്പോൾ നമ്മൾ ഒരു കാര്യം ഓർക്കണം. ഒരുപക്ഷേ നമ്മുടെ മക്കളെല്ലാം നമ്മളെക്കാളും കഴിവുള്ളവരായിരിക്കും. സ്വന്തമായി ജോലിയും മറ്റും ഉള്ളവരായിരിക്കും. അവരെയെല്ലാം വിവാദങ്ങളിൽ ഉൾപ്പെടുത്തി അവരുടെ ജീവിതംതന്നെ മുരടിപ്പിക്കുകയെന്ന രീതിയിലേയ്ക്കുപോകുമ്പോൾ അവനവനെപ്പറ്റികൂടി ഒന്ന് ഓർക്കേണ്ടതുണ്ട്.

അനാവശ്യ വിവാദത്തിലേയ്ക്ക് ഇതെല്ലാം വലിച്ചിഴയ്ക്കുന്നത് വിഷയദാരിദ്ര്യം കൊണ്ടാണെന്ന് പറയാതെവയ്യ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അപായപ്പെടുത്താൻ ഗുണ്ടകളെ അയച്ചില്ലേ? മുഖ്യമന്ത്രി പോകുന്ന വഴിയിലുടനീളം കരിങ്കൊടി കാണിക്കുന്ന രീതി കഴിഞ്ഞ ദിവസം ആവർത്തിച്ചു. എവിടെയും ക്ലച്ച് പിടിക്കാതെപോയിട്ടുള്ള ഒരു സ്ഥിതിയാണ്.

മി. ചെയർമാൻ: സമയം കഴിഞ്ഞു.

ശ്രീമതി കാനത്തിൽ ജമീല: സർ, പണ്ടും ഇതുപോലുള്ള കാര്യങ്ങൾ ചെയ്തതാണ്. ഗുണ്ടാത്തലവന്മാരെ ട്രെയിനിൽ വിട്ടുകൊണ്ട് സി.പി.ഐ.(എം) നേതാവ് ശ്രീ. ഇ. പി. ജയരാജനെയടക്കം വകവരുത്താൻവേണ്ടിയുള്ള കാര്യങ്ങൾ ചെയ്തിട്ടുള്ളവരാണ്. ഗുണ്ടാത്തലവന്മാരായ ആളുകൾ പാർട്ടിയുടെ നേതാക്കന്മാരാണെങ്കിൽ ഈ രീതിയിൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂവെന്നത് ഉറപ്പാണ്.

മി. ചെയർമാൻ: സഹകരിക്കണം, പ്രസംഗം അവസാനിപ്പിക്കണം.

ശ്രീമതി കാനത്തിൽ ജമീല: സർ, 1959 സ്വപ്നംകണ്ട് വർഗ്ഗീയവാദികളെ കൂട്ടുപിടിച്ച് കേരളത്തെ കലാപഭൂമിയാക്കാൻ കഴിയുമോയെന്ന പ്രതീക്ഷയിലാണെങ്കിൽ നിങ്ങൾക്ക് തെറ്റിയെന്നാണ് പ്രതിപക്ഷത്തോട് പറയുവാനുള്ളത്. കാലം ഒരുപാട് മാറി, അന്നത്തെ

കാലമല്ല ഇന്ന്. കേരള ജനത തിരിച്ചറിയും എന്നുള്ളതിന് ഒരു സംശയവുമില്ല. ആ രീതിയിലാണ് കേരളജനത ഈ ഗവൺമെന്റിനെയും ഇടതുപക്ഷത്തെയും നെഞ്ചിലേറ്റിയിട്ടുള്ളതെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. തൊടുത്തുവിട്ടത് ഓരോന്നും ബൂമറാങ്ങ്പോലെ തിരിച്ചടിക്കും. 41 എന്നുള്ളത് ആദ്യത്തെ നാല് ഒഴിവാക്കി അവസാനം 1 വരെ എത്തുന്ന രീതിയിലേയ്ക്ക്, കോൺഗ്രസ് എന്ന, യു.ഡി.എഫ്. എന്ന പാർട്ടിയില്ലാതാകുന്ന രീതിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്.

മി. ചെയർമാൻ: ശ്രീമതി കാനത്തിൽ ജമീല, പ്രസംഗം അവസാനിപ്പിക്കണം.

ശ്രീമതി കാനത്തിൽ ജമീല: സർ, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. വർഗ്ഗീയതയ്ക്ക് കൂട്ടുപിടിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഇവർ നടത്തുന്നത്. ഇവരോടൊപ്പം കൂട്ടുനിൽക്കുകയാണോ എന്നാണ് ഇവിടെ സാമുദായിക പ്രസംഗം നടത്തുന്ന ലീഗുകാരോട് ചോദിക്കാനുള്ളത്. അതുകൊണ്ട് ഇതെല്ലാം തിരിച്ചറിഞ്ഞ് ഇനിയെങ്കിലും നന്നാവണമെന്ന് പ്രതിപക്ഷത്തോട് അപേക്ഷിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഏറ്റവും പ്രിയങ്കരരായ രണ്ട് മന്ത്രിമാരാണ് വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുള്ളത്. കോവിഡ് മഹാമാരിയെയും പ്രകൃതി ദുരന്തങ്ങളെയും അതിജീവിച്ച് കേരളം നല്ലരീതിയിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ധാരാളം പ്രതിസന്ധികളിലൂടെയാണ് സംസ്ഥാനം കടന്നുപോയത്. എന്നാൽ ഇന്ന് ഒരു വികസന കുതിപ്പിലാണ് കേരളം പോകുന്നത്. എന്ത് കുറ്റം കണ്ടുപിടിക്കാമെന്നാണ് പ്രതിപക്ഷത്തുള്ളവർ ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ അവരെ ബോധവൽക്കരിക്കാനാണ് ഭരണപക്ഷത്തുള്ളവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത് രണ്ടുകൂട്ടരും അങ്ങോട്ടുമിങ്ങോട്ടും അംഗീകരിക്കുന്നില്ലെന്നതാണ് ഏറ്റവും വലിയ പ്രയാസം. നല്ലകാര്യം ചെയ്താലും അത് മനസ്സിലാക്കാനുള്ള കഴിവ് പ്രതിപക്ഷത്തിനില്ല. അത് അംഗീകരിക്കാൻ അവർക്ക് ബുദ്ധിമുട്ടുണ്ട്. നല്ലത് ചെയ്താൽ അത് നല്ലതാണെന്ന് പറയാനുള്ള മാനസികാവസ്ഥ പ്രതിപക്ഷത്തിനുണ്ടാകണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് വളരെ വാചാലമായി എല്ലാവരും

സംസാരിച്ചു. എസ്.ഡബ്ല്യൂ.ടി.ഡി. (സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്) എന്ന സംവിധാനത്തെക്കുറിച്ച് പറയുമ്പോൾ കുട്ടനാടിനെക്കുറിച്ച് പറഞ്ഞുവെന്ന് പറയും. വാട്ടർ ട്രാൻസ്പോർട്ട് ഇല്ലെങ്കിൽ ഞങ്ങളെപ്പോലെയുള്ളവർക്ക് ജീവിക്കാൻ കഴിയില്ല. വാട്ടർ ട്രാൻസ്പോർട്ട് ഡയറക്ടർ ശ്രീ. ഷാജി വി. നായർ ഓഫീസേഴ്സ് ഗാലറിയിലുണ്ടാകാൻ സാധ്യതയുണ്ട്. ഇതിന്റെ മാനേജിംഗ് ഡയറക്ടറായി വളരെ ശക്തനായ എ.ഡി.ജി.പി.-യെയാണ് നിയമിച്ചിട്ടുള്ളത്. നല്ലരീതിയിൽ കാര്യങ്ങൾ മുന്നോട്ടുപോകുന്നുണ്ടെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. ആലപ്പുഴ, കുട്ടനാട് പ്രദേശങ്ങളിലുള്ള നൂറോളം തുരുത്തുകളിലേയ്ക്ക് പോകാനുള്ള ഏകമാർഗ്ഗം വാട്ടർ ട്രാൻസ്പോർട്ടാണ്. എപ്പോൾ ആവശ്യപ്പെട്ടാലും 5 പേർക്കായാലും 10 പേർക്കായാലും അതിന്റെ ഡി.ടി.ഒ.-യും ഡയറക്ടറും ബോട്ട് വിട്ടുനൽകിയിട്ടുള്ള അവസരങ്ങളുണ്ടായിട്ടുണ്ട്. അതൊന്നും വിസ്മരിച്ചുകൊണ്ടല്ല സംസാരിക്കുന്നത്. കുറച്ചുകൂടി കാര്യക്ഷമമായ ബോട്ടുകളും അതിനുള്ള സംവിധാനങ്ങളുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിങ്ങൾ ഇടയ്ക്കുകയറി എന്നെ കുഴപ്പിക്കല്ലേ. ഞാൻ ശ്രീമതി ഉമ തോമസിനെപ്പോലെ പുതിയ ആളാണ്. അവരുടെ പ്രസംഗം വളരെ ഗംഭീരമായിരുന്നു. തീർച്ചയായും അത് അംഗീകരിച്ചേ മതിയാകൂ.

ഏത്തവാഴയുടെ ചുവട്ടിൽ പാളയംകോടൻ ഉണ്ടാകില്ലെന്ന് നാട്ടിൽ പറയുന്നതുപോലെ പി. ടി. തോമസിന്റെ ഭാര്യയല്ലേ? ഒരു കാരണവശാലും മോശമാകാൻ സാദ്ധ്യതയില്ല. പി. ടി. തോമസ് മരിക്കുന്നതിന് മൂന്നുനാല് മാസങ്ങൾക്കുമുമ്പ് ആരാധ്യനായ മുഖ്യമന്ത്രി ഞങ്ങൾക്ക് ക്ലാസെടുത്ത സമയത്ത് 'പി. ടി. തോമസിനെപ്പോലെ ശക്തരായ ആളുകൾ മറുവശത്തുണ്ടെന്ന് ഓർത്തുകൊണ്ടുവേണം നിങ്ങൾ സംസാരിക്കാൻ' എന്ന് പറഞ്ഞതാണ് എനിക്കിപ്പോൾ ഓർമ്മ വരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞങ്ങൾ എപ്പോഴും സപ്പോർട്ട് ചെയ്യുന്നത് ആ ഒരൊറ്റ വാക്കിലാണ്. അത്രയും ഉൾക്കൊള്ളാൻ മനസ്സുള്ള മുഖ്യമന്ത്രിയാണ് കേരള മുഖ്യമന്ത്രി എന്നുപറയാതിരിക്കാൻ കഴിയില്ല. ഈ വിഷയം ഇനിയും പറഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ പ്രകീർത്തിച്ചെന്നും പറഞ്ഞ് അതും പ്രശ്നമാക്കും. അതുകൊണ്ട് ആ വിഷയത്തിലേയ്ക്ക് ഞാൻ കൂടുതൽ പോകുന്നില്ല. വാട്ടർ ട്രാൻസ്പോർട്ട് വളരെ കാര്യക്ഷമമായി നടത്തണം. എടത്വയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കുറച്ച് മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും അത് കുറേക്കൂടി കാര്യക്ഷമമാക്കണം. അവിടെനിന്നും പല സ്ഥലങ്ങളിലേയ്ക്കും ബസ് സർവ്വീസുണ്ടായിരുന്നത് അടുത്ത കാലങ്ങളിൽ നിർത്തലാക്കി. അത് പുനഃസ്ഥാപിക്കണം. ആലപ്പുഴ-ചങ്ങനാശ്ശേരി

റോഡിന്റെ വർക്ക് നടത്തുന്നതുകൊണ്ട് ധാരാളം പ്രതിസന്ധികളിൽക്കൂടിയാണ് അവിടത്തെ ജനങ്ങൾ കടന്നുപോകുന്നത്. ഒരു വാഹനത്തിനുതന്നെ പോകാനുള്ള സ്ഥലമില്ലാത്ത അവസ്ഥയാണ്. അത് പരിഗണിച്ചുകൊണ്ട് പല സ്റ്റോപ്പുകളും നിർത്തലാക്കി മങ്കൊമ്പ് വരെയും പിന്നീട് അവിടെനിന്നും സർവ്വീസ് നടത്തുന്നുണ്ട്. ഇപ്പോൾ ആലപ്പുഴയിൽനിന്ന് ചങ്ങനാശ്ശേരിവരെ ബസ് സർവ്വീസ് നടത്തുന്നുണ്ട്. എന്നിരുന്നാലും കുറച്ചുകൂടി കാര്യക്ഷമമായ രീതിയിൽ കുട്ടനാട്ടിലെയും ആലപ്പുഴയിലെയും ജനങ്ങളെ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഏറ്റവുമധികമുള്ള സ്ഥലമാണ് ആലപ്പുഴ. അഞ്ച് എം.എൽ.എ.-മാരെയും രണ്ട് മന്ത്രിമാരെയും ഞാൻ പ്രത്യേകം എടുത്തുപറഞ്ഞു. വേമ്പനാട് കായൽ എക്കലും പോളയുംകൊണ്ട് നിറഞ്ഞുകിടക്കുന്നതിനാൽ മത്സ്യത്തിന് വളരാൻ സാധ്യതക്കുറവാണ്. കഴിഞ്ഞ പ്രാവശ്യം ഞാൻ ഇതുസംബന്ധിച്ച് സൂചിപ്പിച്ചപ്പോൾ രണ്ടുമൂന്ന് മന്ത്രിമാരുമായി ചേർന്ന് അതിനുള്ള സംവിധാനത്തിലേയ്ക്ക് പോകുമെന്ന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി പറഞ്ഞിരുന്നു. മത്സ്യമുണ്ടെങ്കിൽ മാത്രമേ അതിനെ പിടിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് മത്സ്യങ്ങൾക്ക് വളരാനുള്ള സംവിധാനം അടിയന്തരമായി വേമ്പനാട് കായലിലുണ്ടാക്കണം.

മീൻ വിപണിയെക്കുറിച്ചാണ് അടുത്തതായി പറയാനുള്ളത്. വെളുപ്പിന് നാലും അഞ്ചും മണിക്ക് മീൻ പിടിച്ചുകൊണ്ടുവന്ന് വിൽക്കാനുള്ള സംവിധാനമുണ്ടെങ്കിലും അത് സ്റ്റോർ ചെയ്യാനും മറ്റ് സ്ഥലങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കാനുമുള്ള സംവിധാനമുണ്ടാകണം. 1984-ൽ കുവൈറ്റിലേയ്ക്ക് ആദ്യമായി എയർ ഇന്ത്യ സർവ്വീസ് നടത്തിയപ്പോൾ ഇവിടെനിന്നും ജീവനുള്ള കരിമീനും വരാലുമൊക്കെ കൊണ്ടുപോയിട്ടുള്ള സന്ദർഭമുണ്ടായിട്ടുണ്ട്. അന്ന് ഇവിടെയിരിക്കുന്ന എം.എൽ.എ.-മാരിൽ എത്രപേരുണ്ടെന്ന് എനിക്കറിയില്ല. പണ്ട് ചങ്ങനാശ്ശേരിയിൽ ജീവനുള്ള മത്സ്യം വിൽക്കുന്ന മാർക്കറ്റുണ്ടായിരുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് അത് കൂടുതൽ പ്രയോജനകരമാണ്. ഞങ്ങളുടെ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ രാത്രി മുഴുവൻ മത്സ്യം പിടിക്കുകയും രാവിലെ അവ വിൽക്കുകയും ചെയ്യുന്ന സംവിധാനമാണുള്ളത്. അതിൽ കൊഞ്ചും വാളയും മറ്റെല്ലാ മത്സ്യങ്ങളുമുണ്ട്. ഇതെല്ലാം വിപണിയെ കീഴടക്കുന്നതും ധാരാളം വിറ്റഴിയുന്നതുമായ മത്സ്യങ്ങളാണ്. അതിനുള്ള സംവിധാനമുണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ പ്രത്യേക താല്പര്യം കാണുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അതിനേക്കാളുപരി ഓരോ പ്രദേശങ്ങളിലും മത്സ്യം സ്റ്റോർ ചെയ്യാനുള്ള സംവിധാനമുണ്ടാകണം. ഇവിടെ

മത്സ്യഫെഡിനെക്കുറിച്ച് പറഞ്ഞു. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽക്കൂടി പോകുമ്പോൾ വഴിയരികിൽ മീൻ ആട്ടി ആളുകളെ വിളിക്കുന്നത് കാണാൻ കഴിയും. ഇത്തരം വിപണിയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഒരു ദിവസം കഴിഞ്ഞാൽ ആ മീനെല്ലാം ചീഞ്ഞുപോകും. ഇങ്ങനെയുള്ള ഏരിയകളിൽ മീൻ നല്ലരീതിയിൽ സ്റ്റോർ ചെയ്ത് ഫ്രഷായി കൊടുക്കാനുള്ള സംവിധാനമൊരുക്കേണ്ടത് ആവശ്യമാണ്. ഞങ്ങളുടെ പ്രദേശത്തെ ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കണം. ആരാധ്യനായ മന്ത്രി ശ്രീ. ആന്റണി രാജു എസ്.ഡബ്ല്യൂ.ടി.ഡി. കുറച്ചുകൂടി കാര്യക്ഷമമാക്കുകയും ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ പ്രശ്നം പരിഹരിക്കുകയും ആരാധ്യനായ മന്ത്രി ശ്രീ. സജി ചെറിയാൻ വേമ്പനാട് കായലിനെ നവീകരിച്ചുകൊണ്ട് മത്സ്യം വളരാനുള്ള സംവിധാനമൊരുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഈ സാമ്പത്തിക വർഷത്തെ വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട ചർച്ചയാണ് ഇന്നിവിടെ നടക്കുന്നത്. 60 ശതമാനത്തോളം തീരപ്രദേശമുള്ള മണ്ഡലത്തിൽനിന്നുള്ള സഭാംഗവും ഭാഷാ ന്യൂനപക്ഷ പ്രതിനിധിയുമാണ്

ഞാൻ. എന്റെ നാട്ടിൽ കടലും കടലോരവും മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതാണ്. ഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് എന്റെ പാഠ്യപദ്ധതിയിലുണ്ടായിരുന്ന കർണ്ണാടകത്തിലെ ഏറ്റവും പ്രശസ്തനായ ദത്താത്രേയ രാമചന്ദ്ര ബെന്ദ്ര (Dattatreya Ramachandra Bendre)-യുടെ ഒരു കവിത ഞാനിവിടെ ഉച്ചരിക്കുകയാണ്.

" ഇദു ഉപ്പ് നീറ കടലല്ലൊ
ഇദു നമ്മ ഒടലല്ലെ
ഇതറ നെലയു
കണ്ണറളിദാഗ
കൺ ഹൊറളിദാഗ
ഹൊളയൂദു ഇദറ കളയു"

ഈ കവിത എന്റെ നാട്ടിലെയും കേരളത്തിലെയും മത്സ്യത്തൊഴിലാളികൾക്കുവേണ്ടി അവരുടെ പ്രയാസവും ദുരിതവും മത്സ്യം ലഭ്യമാകാത്ത അവസ്ഥയിലും കടലാക്രമണം അഭിമുഖീകരിക്കുന്ന സന്ദർഭത്തിലും ഈ സഭയിൽ ഞാൻ സമർപ്പിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ മണ്ണെണ്ണയുടെ വില വർദ്ധനവ് സംബന്ധിച്ച വിഷയം ശ്രീ. കെ. പി. എ. മജീദ് ശ്രദ്ധ ക്ഷണിക്കലിലൂടെ അവതരിപ്പിച്ചു. മറ്റ് പല അംഗങ്ങളും ഇക്കാര്യം സൂചിപ്പിച്ചു. മത്സ്യത്തൊഴിലാളി ബോട്ടുകളിലെ 80 ശതമാനം എഞ്ചിനുകളും

മണ്ണെണ്ണയിലാണ് പ്രവർത്തിക്കുന്നത്. മണ്ണെണ്ണയുടെ വില വർദ്ധനവുമൂലം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ ഉയർന്ന ചെലവ് വേണ്ടിവരുന്നതിനാൽ അവരുടെ വരുമാനം കുത്തനെ ഇടിയുന്ന സ്ഥിതിയാണ്. മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള സബ്സിഡിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. അതോടൊപ്പം 60 വയസ്സ് കഴിഞ്ഞ മത്സ്യത്തൊഴിലാളികളുടെ പേരിലുള്ള യാനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കി നൽകാത്ത സ്ഥിതിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഇത് പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിരവധി മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് കെട്ടിട നമ്പർ ലഭിക്കാതെ പ്രയാസപ്പെടുന്നുണ്ട്. തീരദേശ പരിപാലന നിയമത്തിൽ ഇളവുനൽകി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഈ വിഷയവും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ നടപ്പാക്കിവരുന്ന 'സമ്പാദ്യ ആശ്വാസ' പദ്ധതിയിൽ കഴിഞ്ഞ സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ 250 രൂപ വീതം അടച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മാർച്ച് മുതൽ മേയ് വരെയുള്ള 1500/- രൂപ വീതമുള്ള ആശ്വാസ തുക എത്രയുംവേഗം ലഭ്യമാക്കണം. അതോടൊപ്പം കോവിഡ്കാല സമാശ്വാസമായി ഒരു വീടിന്

3,000/- രൂപ വീതമുള്ള ധനസഹായം വീട്ടിലെ മത്സ്യത്തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് വർദ്ധിപ്പിക്കണം. ഇപ്പോഴത്തെ മന്ത്രിസഭയുടെ തുടക്കത്തിൽത്തന്നെ ബഹുമാന്യനായ മത്സ്യബന്ധന വകുപ്പുമന്ത്രി മഞ്ചേശ്വരം മണ്ഡലത്തിലെ മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ സന്ദർശിച്ചതാണ്. അത് നന്ദിയോടെ ഞാനിവിടെ ഓർക്കുകയാണ്. പ്രസ്തുത ഫിഷിംഗ് ഹാർബർ നാളിതുവരെയും പ്രവൃത്തിപഥത്തിലെത്തിയിട്ടില്ല. അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനായി ഹാർബർ മാനേജ്മെന്റ് സൊസൈറ്റി യാഥാർത്ഥ്യമാക്കാൻ ബഹുമാന്യനായ മന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ആ പ്രദേശത്തെ 17 കോടി രൂപയുടെ പാലം യാഥാർത്ഥ്യമായാൽ മാത്രമേ മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ പ്രയാസങ്ങളും പ്രശ്നങ്ങളും അകറ്റാൻ കഴിയൂ. ഇത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യമാണ്. പദ്ധതി ടെണ്ടറെടുത്ത കരാറുകാരൻ കോവിഡുകാലത്ത് മരണപ്പെടുകയും വിലയിൽ വ്യത്യാസം വരികയും ചെയ്തു. പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് മഞ്ചേശ്വരത്തെ മത്സ്യത്തൊഴിലാളികളുടെ സ്വപ്നമായ മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണം. മഞ്ചേശ്വരം താലൂക്ക് നിലവിൽ വന്ന് വർഷങ്ങൾ കഴിഞ്ഞു. മഞ്ചേശ്വരം

സബ് ആർ.ടി. ഓഫീസ് സ്ഥാപിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എട്ട് വർഷം കഴിഞ്ഞിട്ടും ഈ ആവശ്യം പൂവണിഞ്ഞിട്ടില്ല. ഒരു സമയത്ത് കെ.എൽ. 85 എന്ന നമ്പർപോലും മഞ്ചേശ്വരത്തുകാർ പത്രങ്ങളിൽനിന്ന് വായിച്ചറിഞ്ഞു. മഞ്ചേശ്വരം ആർ.ടി. ഓഫീസ് യാഥാർത്ഥ്യമാക്കാൻ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. മംഗലാപുരം വിമാനത്താവളത്തിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തണമെന്നും കേരളത്തിന്റെ അതിർത്തി ജില്ലയിലെ കുട്ടികൾക്ക് മംഗലാപുരത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ കൺസഷൻ അനുവദിക്കണമെന്നും ആവശ്യപ്പെടുകയാണ്.

എന്റെ മണ്ഡലത്തിലെ ഒരു കൊലപാതകവുമായി ബന്ധപ്പെട്ട വിഷയം ഇന്നലെ സബ്മിഷനായി അവതരിപ്പിച്ചിരുന്നു. ഞാനും ഇതേ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് കത്ത് നൽകിയതാണ്. പ്രവാസിയായ അബൂബക്കർ സിദ്ദിഖ് എന്ന ഒരു യുവ ബിസിനസ്സുകാരനെ അതിക്രൂരമായും പൈശാചികമായും കൊലപ്പെടുത്തിയ സംഭവം കേരളത്തിലെ മാധ്യമങ്ങൾ ചർച്ച ചെയ്തതാണ്. അബൂബക്കർ സിദ്ദിഖിന്റെ കൊലപാതകം നടന്നതിനുശേഷം കഴിഞ്ഞ വെള്ളിയാഴ്ച രാവിലെ ഞാനും

എന്റെ പാർട്ടിയിലെ നേതാക്കന്മാരും ആ വീട് സന്ദർശിച്ചതാണ്. അബൂബക്കർ സിദ്ദിഖ് മാത്രമല്ല, അബൂബക്കർ സിദ്ദിഖിന്റെ ജ്യേഷ്ഠൻ അൻവർ, അൻവറിന്റെ സുഹൃത്ത് അമീർ, അൻസാരി എന്നിവരെ ക്വട്ടേഷൻ സംഘം അതിക്രൂരമായി ആക്രമിക്കുകയും അബൂബക്കർ സിദ്ദിഖ് കൊല ചെയ്യപ്പെടുകയുമുണ്ടായി. ഇവിടെ പോലീസ് സംവിധാനത്തെക്കുറിച്ച് ചോദ്യങ്ങൾ ഉയരുകയാണ്. അബൂബക്കർ സിദ്ദിഖിന്റെ ജ്യേഷ്ഠൻ അൻവറിനെയും അൻവറിന്റെ സുഹൃത്ത് അൻസാരിയേയും രണ്ടുമൂന്ന് ദിവസം അതിക്രൂരമായി തലകീഴായി കെട്ടിത്തൂക്കി അക്രമിച്ചിട്ടുപോലും നമ്മുടെ പോലീസിന് അത് തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നത് വേദനാജനകമായ കാര്യമാണ്. ആ വീട് സന്ദർശിച്ച സമയത്ത് കണ്ട അബൂബക്കർ സിദ്ദിഖിന്റെ ഒൻപത് മാസം പ്രായമുള്ള ഖദീജത്ത് മെഹ്ദ എന്ന കുഞ്ഞിന്റെ മുഖം ഇപ്പോഴും മാഞ്ഞുപോകുന്നില്ല. ബഹുമാന്യനായ ഇ. ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉൾപ്പെടെ ഞങ്ങൾ അഞ്ച് എം.എൽ.എ.-മാർ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് കാസർഗോഡ് കൊലപാതകത്തിന്റെ യഥാർത്ഥ പ്രതികൾക്ക് ശിക്ഷ ലഭിക്കാൻ പഴുതുകളടച്ച അന്വേഷണം ആവശ്യപ്പെട്ടിരിക്കുകയാണ്. മഞ്ചേശ്വരം-കുമ്പള പോലീസ് സ്റ്റേഷനുകൾക്കിടയിൽ പൈവളിക-ഉപ്പള

കേന്ദ്രീകൃതമായി പോലീസ് സ്റ്റേഷൻ എന്ന വിഷയം നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ഒരുപക്ഷെ ആ പോലീസ് സ്റ്റേഷൻ യാഥാർത്ഥ്യമായാൽ ഇത്തരത്തിലുള്ള ഒരുപാട് ഗുണ്ടകളെയും ക്വട്ടേഷൻ സംഘങ്ങളെയും അമർച്ച ചെയ്ത് എന്റെ നാട്ടിൽ അബൂബക്കർ സിദ്ദിഖിന്റെ കൊലപാതകം അവസാനത്തെ കൊലപാതകമാക്കി മാറ്റാൻ കഴിയും. അബൂബക്കർ സിദ്ദിഖിന്റെ യഥാർത്ഥ കൊലയാളികളെ പോലീസിന് പിടിക്കാൻ കഴിയുമോയെന്ന ചോദ്യം ഇപ്പോഴും നാട്ടുകാർ ഉയർത്തിക്കൊണ്ടിരിക്കുകയാണ്. ഇനിയൊരു കൊലപാതകം മഞ്ചേശ്വരത്തുണ്ടാകരുത്, ഇനിയൊരു വിധവയും അനാഥക്കുഞ്ഞുങ്ങളും എന്റെ മണ്ഡലത്തിലുണ്ടാകരുതെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അബൂബക്കർ സിദ്ദിഖിന്റെ കൊലപാതകത്തിന്റെ യഥാർത്ഥ പ്രതികൾ ഗൾഫിൽ പോയെന്നാണ് പറയുന്നത്. അവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുമെന്ന് ജില്ലയിലെ എം.എൽ.എ.-മാർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാഗ്ദാനം നൽകിയതാണ്. ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്ന് എന്റെ മണ്ഡലത്തിലെ കൊലയാളി സംഘങ്ങളെ അമർച്ച ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

അതിർത്തിയിലേയ്ക്ക് കയറാൻ പതിനാറ് വഴികളുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മഞ്ചേശ്വരത്തെ പല പ്രദേശങ്ങളിലും പട്ടാപ്പകൽ മോഷണം നടന്നു. പതിനെട്ട് മോഷണക്കേസുകളാണ് ആറ് മാസത്തിനിടയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കുറ്റവാളികളെ പിടിക്കാൻ കഴിയുന്നില്ല.

മി. ചെയർമാൻ: അങ്ങ് ദയവായി പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ എന്നത് ഒരാവശ്യമാണ്. മുഴുവൻ വിവരങ്ങളും ഞങ്ങൾ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിച്ചതാണ്. മഞ്ചേശ്വരം - കുമ്പള സ്റ്റേഷനുകൾക്കിടയിൽ പൈവളിക-ഉപ്പള കേന്ദ്രീകരിച്ച് ഒരു സ്റ്റേഷൻ നിലവിൽ വന്നാൽ അത് വളരെ പ്രയോജനകരമാണ്. അതിർത്തിയായതിനാൽ ക്രിമിനലുകളെ പോലീസ് പിന്തുടരുന്ന സാഹചര്യത്തിൽ അവർ മംഗലാപുരം, വിട്ട്ല, പുത്തൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് കടക്കുന്നുണ്ട്. അവിടേയ്ക്ക് കേരള പോലീസിന് പോകാൻ കഴിയാത്ത സാഹചര്യം വരുന്നുണ്ട്. മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള-പൈവളിക കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിനുള്ള അഭ്യർത്ഥനയും അബൂബക്കർ സിദ്ദിഖ്

കൊലപാതക കേസിലെ പ്രതികളെ മുഴുവനും പഴുതുകളടച്ച് പിടികൂടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. സി. മുകുന്ദൻ: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നമ്മുടെയെല്ലാം അഭിമാനമാണ്. കേരളത്തിന്റെ സൈന്യമാണ് മത്സ്യത്തൊഴിലാളികൾ. കേരളത്തിൽ കഴിഞ്ഞ പ്രളയ കാലത്ത് ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി അവർ മുന്നിൽനിന്നുതന്നെ പ്രവർത്തിച്ചു. എൽ.ഡി.എഫ്. സർക്കാർ നിരവധി ക്ഷേമപദ്ധതികൾ മത്സ്യബന്ധന മേഖലയിൽ നടപ്പാക്കുന്നുണ്ട്. വീട് വയ്ക്കുന്നതുമായും കുട്ടികളുടെ വിദ്യാഭ്യാസവുമായും ബന്ധപ്പെട്ട കാര്യങ്ങളിലും സർക്കാർ വളരെയധികം ശ്രദ്ധചെലുത്തുന്നുണ്ട്. മത്സ്യഫെഡ്വഴി പലിശരഹിത വായ്പയായി 25 ലക്ഷം രൂപവരെ ഒരു വള്ളത്തിന് നൽകുന്നത് മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസമാണ്. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10,000/- രൂപ ധനസഹായം സർക്കാർ നൽകിവരുന്നുണ്ട്. ജൂലൈ 30 വരെ സംസ്ഥാനത്ത് ട്രോളിംഗ് നിരോധനമാണ്. ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുമെന്ന്

ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മേയ് 15 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതേസമയം കേന്ദ്രസർക്കാർ ഇപ്പോൾ മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. 137 രൂപയിലധികം നൽകി മണ്ണെണ്ണ വാങ്ങി ഉപയോഗിക്കേണ്ട നിലയാണ് ഇപ്പോഴുള്ളത്. 30 ലിറ്റർ മണ്ണെണ്ണയ്ക്ക് ഒരു ലിറ്റർ ഓയിൽ വേണം. അതിന്റെ വില 280 രൂപയാണ്. എഞ്ചിൻ പ്രവർത്തിക്കാൻ പെട്രോൾ വേണം. പെട്രോളിനും ദിവസംതോറും വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ചെറുവള്ളങ്ങളിൽ മീൻപിടിച്ച് ജീവിക്കുന്നവരുടെയും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും ജീവിതം ഈ അവസ്ഥയിൽ ദുരിതപൂർണ്ണമാവുകയാണ്. കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ വില ദിനംപ്രതി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ സർക്കാരിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത 14481 മത്സ്യബന്ധന യാനങ്ങളിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിനാളുകൾ വലിയ ദുരിതത്തിലാണ്. കടലിൽപ്പോയി അദ്ധ്വാനിച്ചുകിട്ടുന്ന മീൻ വിറ്റ് ലഭിക്കുന്ന പണം മണ്ണെണ്ണയ്ക്കുപോലും തികയാത്ത അവസ്ഥയാണ്. കേന്ദ്ര സർക്കാരിന്റെ ഇത്തരം തെറ്റായ നയങ്ങൾ മത്സ്യത്തൊഴിലാളികളുടെ കടം വർദ്ധിക്കാൻ കാരണമാകുകയാണ്. മണ്ണെണ്ണ വില കുറയ്ക്കണമെന്നും മത്സ്യബന്ധന

മേഖലയിലെ പ്രശ്നങ്ങളും കേന്ദ്ര സർക്കാരിനോട് പല തവണ സംസ്ഥാന സർക്കാർ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും മണ്ണെണ്ണ വില കുറയ്ക്കുന്നതിന് യാതൊരു നടപടിയും കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളുടെയിടയിൽനിന്ന് വലിയ രീതിയിലുള്ള പ്രതിഷേധം ഉയർന്നുവരികയാണ്. മണ്ണെണ്ണയ്ക്കുപകരം പെട്രോളോ ഡീസലോ ഉപയോഗിച്ചുകൂടേയെന്നാണ് കേന്ദ്ര സർക്കാർ ചോദിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ജീവിത പ്രശ്നങ്ങൾ കേന്ദ്ര സർക്കാർ കണ്ടില്ലെന്ന് നടിക്കുകയാണ്. ചെറുവള്ളങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്നതരം നല്ല ഡീസൽ എഞ്ചിനുകളില്ല. വർഷങ്ങൾക്കുമുമ്പ് 100 കിലോഗ്രാം ഭാരമുള്ള ഡീസൽ എഞ്ചിനുകൾ പരീക്ഷിച്ചെങ്കിലും നിരവധി പ്രശ്നങ്ങൾ അതിനുണ്ടായതിനാൽ ആരും അത് ഉപയോഗിക്കാതായി. കേന്ദ്ര സർക്കാരിനും അവരുടെ ഉദ്യോഗസ്ഥർക്കും ഇത്തരം കാര്യങ്ങളൊന്നും അറിയില്ല. മണ്ണെണ്ണ വില അടിയന്തരമായി കുറയ്ക്കുന്നതിനും കേന്ദ്രം സബ്സിഡി നൽകുന്നതിനുമായി ഈ സഭയിലെ അംഗങ്ങൾ ഒറ്റക്കെട്ടായി നിൽക്കണം. ഇപ്പോൾ ട്രോളിംഗ് നിരോധനകാലമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധനസമയത്ത് ഇളവുകളുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടാകുന്നുണ്ട്.

പോലീസും ചില ഉദ്യോഗസ്ഥരും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ അനാവശ്യമായി ബുദ്ധിമുട്ടിക്കുന്നുണ്ട്. അനുവദനീയമായ വലകൾ ഉപയോഗിച്ച് മീൻ പിടിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദ്രോഹിക്കരുത്. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര കാലാവസ്ഥാ പ്രവചനം തെറ്റുന്ന സന്ദർഭങ്ങൾ ധാരാളമുണ്ടാകാറുണ്ട്. അപ്പോൾ ദുരിതമനുഭവിക്കുന്നത് മത്സ്യത്തൊഴിലാളികളാണ്. കാലാവസ്ഥാ പ്രവചനം കൃത്യമല്ലാതാകുമ്പോൾ തൊഴിലാളികൾക്ക് കേരളത്തിലാകമാനം മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാതെവരുന്നു. കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിൽ സർക്കാർ സാമ്പത്തികസഹായം നൽകുമെന്ന് പ്രഖ്യാപിച്ച നടപടി കൂടുതൽ കാര്യക്ഷമമാക്കണം. പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി സർക്കാർ ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളുടെയും ഫലം ഇല്ലാതാക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാരും കാലാവസ്ഥാ നിരീക്ഷകരും ചെയ്യുന്നത്. വൻകിടക്കാരെ മാത്രമാണ് കേന്ദ്രം സംരക്ഷിക്കുന്നത്. അതേസമയം കേരളം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കൊപ്പമാണ്; അവരുടെ ക്ഷേമമാണ് സർക്കാരിന്റെ

ലക്ഷ്യം. മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ പുതിയ പദ്ധതികൾ നടപ്പിലാക്കണം. മത്സ്യബന്ധനത്തിനായി പുതിയ വല വാങ്ങുന്നതിന് കൃത്യസമയത്ത് ലോൺ പാസ്സാക്കുന്നുണ്ട്. എന്നാൽ വല കിട്ടുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കി കൃത്യസമയത്ത് വല ലഭ്യമാക്കുന്നതിനാവശ്യമായ നടപടി വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കടലിൽവച്ച് മത്സ്യത്തൊഴിലാളി മരണപ്പെട്ടാൽ പോസ്റ്റ്മോർട്ടം നടപടി ഒഴിവാക്കി ക്ഷേമനിധി വിഹിതമായ 10 ലക്ഷം രൂപയും ഇൻഷ്വറൻസ് തുകയായ 10 ലക്ഷം രൂപയും ചേർത്ത് മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ട്രോളിംഗുമായി ബന്ധപ്പെട്ട് പോലീസിന്റെ ഇടപെടലും പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. അതിൽ വകുപ്പിന്റെ ഇടപെടലുണ്ടാകണമെന്നും മിനി ഹാർബർ പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ

പിന്തുണയ്ക്കുകയാണ്. മാതൃകാപരമായ നിരവധി പ്രവർത്തനങ്ങളാണ് കേരളത്തിന്റെ മത്സ്യമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. കാലാകാലങ്ങളായി വോട്ട് ബാങ്കായാണ് പലപ്പോഴും യു.ഡി.എഫ്. തീരദേശത്തെ കണ്ടിരുന്നത്. ഇലക്ഷൻ വരുമ്പോഴെല്ലാം കേരളത്തിന്റെ പ്രമുഖനായ ഒരു നേതാവ് ഡൽഹിയിൽനിന്ന് ഇങ്ങോട്ടുവരും. അദ്ദേഹം തീരദേശത്തുകൂടി റോഡ് ഷോ നടത്തും. വരുന്നത് പഴയ പ്രതിരോധമന്ത്രിയായിരുന്ന ആളാണ്. അദ്ദേഹത്തെ ഉപയോഗിച്ചാണ് റോഡ് ഷോ നടത്താറുള്ളത്. തൃക്കാക്കരയിൽ ഞങ്ങൾ വന്നപ്പോൾ നിങ്ങൾ ജാതിയും മതവും തിരിച്ചൊക്കെ വർത്തമാനം പറഞ്ഞല്ലോ; ഇവിടെ ശ്രീ. എ. കെ. ആന്റണി അടക്കമുള്ള ആളുകളെ തീരദേശത്ത് വിടുന്നതിന്റെ ഉദ്ദേശ്യമെന്താണ്? ഞാൻ ചോദിക്കുന്നത്, അത്തരം വോട്ട് ബാങ്ക് രാഷ്ട്രീയം, പ്രീണനരാഷ്ട്രീയം കാലാകാലങ്ങളിൽ നടത്തി വോട്ട് വാങ്ങിയിട്ടുള്ള ആൾക്കാരല്ലേ നിങ്ങൾ? തീരദേശമേഖലയിൽ..... (......ബഹളം....) ഞാൻ പ്രസംഗിക്കട്ടെ, നിങ്ങൾക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: പ്രസംഗത്തിനുശേഷം അനുവദിക്കാം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ]

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഇവിടെ കാലാകാലങ്ങളിൽ തീരദേശമേഖലയെ വഞ്ചിക്കുന്ന നയസമീപനം സ്വീകരിച്ചിട്ടുള്ള പാർട്ടിയല്ലേ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം? എൽ.ഡി.എഫ്. ഗവൺമെന്റ് വരുമ്പോഴാണ് എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ അവിടെ നടത്താൻ കഴിഞ്ഞിട്ടുള്ളത്. ഞാൻ ഇത് വെറുതെ പറഞ്ഞതല്ല. നേരത്തെ പറഞ്ഞ നേതാവടക്കം റോഡ് ഷോയും മറ്റ് കാര്യങ്ങളുമൊക്കെ നടത്തിയപ്പോഴും കേരളത്തിന്റെ തീരദേശ മേഖലകളിൽ ആരാണ് മുൻപിലുള്ളത്? രാഷ്ട്രീയമായി കേരളത്തിലെ തീരദേശമേഖലയിൽ എൽ.ഡി.എഫ്.-ന് മുൻതൂക്കം ലഭിച്ചിരിക്കുകയാണ്. അവിടെ ഭൂരിഭാഗം പഞ്ചായത്ത് വാർഡുകളിലും നിയമസഭാ സീറ്റുകളിലും എൽ.ഡി.എഫ്. ജയിക്കുന്നു. തിരുവനന്തപുരം നഗരസഭയിലടക്കം വലിയ നിലയിലുള്ള വിജയമുണ്ടാകുന്നു. എന്നുപറഞ്ഞാൽ, യു.ഡി.എഫ്.-ന്റെ വഞ്ചനയും കാപട്യവും തീരദേശത്തെ ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് മാറ്റം വന്നിരിക്കുന്നത്. കോവിഡ്-19 മഹാമാരി വന്നപ്പോൾ പട്ടിണിയിലായ ജനങ്ങളെ സഹായിക്കാനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും ഗവൺമെന്റ് നടത്തി. അതിന്റെ ഭാഗമായി വലിയ നിലയിലുള്ള മാറ്റമുണ്ടായി. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ വലിയ പുരോഗതിയുണ്ടായി. പറയുക മാത്രമല്ല, ആ

കാര്യങ്ങളെല്ലാം നടപ്പാക്കുന്ന ഗവൺമെന്റാണ് എൽ.ഡി.എഫ്. എന്ന് തീരദേശ ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് രാഷ്ട്രീയമായി അവർ മാറി ചിന്തിക്കാൻ തയ്യാറായതും ഇടതുപക്ഷത്തിന് തുടർഭരണം ലഭിച്ചതും. അല്ലാതെ നിങ്ങൾ കാണുന്നതുപോലെയല്ല. പാവപ്പെട്ട ജനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടത്തിയതിന്റെ ഭാഗമായിട്ടാണെന്ന് നമുക്കെല്ലാവർക്കുമറിയാം. പ്രളയകാലഘട്ടത്തിൽ ഞാൻ തിരുവനന്തപുരം നഗരസഭയുടെ മേയറായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരുദിവസം അർദ്ധരാത്രി എല്ലാവരെയും വിളിച്ച് എല്ലാവരും ഒരുമിച്ചിറങ്ങണമെന്നും വള്ളങ്ങളും ബോട്ടുകളും എത്തിക്കുന്നതിനാവശ്യമായ ക്രമീകരണമൊരുക്കണമെന്നും പറഞ്ഞു. അന്ന് ഞങ്ങളൊക്കെ ഉറക്കമൊഴിഞ്ഞ് ആ കാര്യത്തിനായി നിൽക്കുകയാണ്. പൂന്തുറയിലും വിഴിഞ്ഞത്തും വേളിയിലും മര്യനാടുമൊക്കെയുള്ള പാവപ്പെട്ട ചെറുപ്പക്കാർ അവരുടെ ജീവനോപാധികളായ വള്ളങ്ങളും ബോട്ടുകളുമായി പ്രളയബാധിത മേഖലകളിലേയ്ക്ക് വന്നത് ഞാൻ ഓർമ്മിക്കുകയാണ്. പ്രളയബാധിത മേഖലകളിൽ സേവനം ചെയ്ത് ആയിരക്കണക്കിനാളുകളെ രക്ഷിക്കാനുള്ള വലിയ മനസ്സ് ആ പാവപ്പെട്ട മത്സ്യത്തൊഴിലാളികളും ചെറുപ്പക്കാരും കാണിച്ചുവെന്നത് നമുക്കെല്ലാവർക്കും അഭിമാനം നൽകുന്ന കാര്യമാണ്.

അത് അംഗീകരിച്ചതുകൊണ്ടാണ് 'കേരളത്തിന്റെ സേനയാണ് തീരദേശത്തിന്റെ ചെറുപ്പക്കാർ' എന്ന് പ്രഖ്യാപിക്കുന്ന നില കേരളത്തിലെ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. അദ്ദേഹം അവർക്ക് ഒരു ബിഗ് സല്യൂട്ട് കൊടുത്തു. കേരളത്തിലെ ജനങ്ങളുടെ ആദരവാണ് മുഖ്യമന്ത്രി ആ ചെറുപ്പക്കാർക്ക് കൊടുത്തതെന്നുള്ളത് നിങ്ങൾ കാണണം. അതുമാത്രമല്ല, മത്സ്യത്തൊഴിലാളികളെ ജനം ശ്രദ്ധിക്കാൻ തുടങ്ങി. അന്താരാഷ്ട്രതലത്തിൽ മത്സ്യത്തൊഴിലാളികളുടെ സേവനത്തെയും അവരുടെ ധീരതയെയും മാനിക്കുന്ന നിലയിലേയ്ക്ക് ലോകംപോലും വന്നുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. അതോടൊപ്പംതന്നെ ഞാൻ ചില കാര്യങ്ങൾകൂടി പറയാൻ ആഗ്രഹിക്കുന്നു. കേരളത്തിന്റെ രാഷ്ട്രീയരംഗത്ത് ഇത്രയും മലീമസമായ അന്തരീക്ഷം സൃഷ്ടിച്ചതാരാണ്; ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന യു.ഡി.എഫ്. അല്ലേ? സരിതയുടെ കഥമുതൽ നിങ്ങൾ എന്നെക്കൊണ്ട് പറയിപ്പിക്കണ്ട. കേരളത്തിന്റെ രാഷ്ട്രീയരംഗം മലീമസമാക്കുന്നതിൽ നിങ്ങൾ വഹിച്ച പങ്ക് വിസ്മരിക്കാൻ കഴിയാത്തതാണ്. ഇപ്പോൾ ഒരു സ്വപ്നയെയുംകൊണ്ട് നടക്കുകയാണ്. സരിതയെ വിട്ട് ഇപ്പോൾ സ്വപ്നയാണ് യു.ഡി.എഫ്.-ന്റെ വലിയ ഹരമായി നിൽക്കുന്നത്. ഇത് കേരളത്തിന്റെ രാഷ്ട്രീയരംഗത്തെ മലീമസമാക്കുകയല്ലേ ചെയ്യുന്നത്? ഒരു

കള്ളക്കടത്തുകാരിയുടെ മൊഴിയെ മുൻനിർത്തി വലിയ കലാപം അഴിച്ചുവിടുകയും അതിന്റെ ഭാഗമായി അക്രമങ്ങൾ അഴിച്ചുവിടുകയുമാണ്. ആ അക്രമങ്ങളെ ന്യായീകരിക്കുന്ന കാര്യംകൂടി വരികയാണ്. കെ.പി.സി.സി. മുൻ അദ്ധ്യക്ഷൻ, ശ്രീ. കെ. മുരളീധരൻ, ക്രമസമാധാനം പാലിക്കേണ്ട ഉത്തരവാദിത്വം ഞങ്ങൾക്കല്ല, അത് ഭരണകക്ഷിക്കാണെന്നാണ് പറഞ്ഞത്. എന്നുപറഞ്ഞാൽ നിങ്ങൾ അഴിഞ്ഞാടിക്കോ; എന്തുവേണമെങ്കിലും ചെയ്തോ എന്ന സമീപനമാണ്. മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽ ആക്രമണം നടത്തിയപ്പോൾ കെ.പി.സി.സി. പ്രസിഡന്റ് 'ഞങ്ങളുടെ കുട്ടികൾ' എന്നാണ് പറഞ്ഞത്. പ്രതിപക്ഷനേതാവാണെങ്കിൽ അതിന്റെ അപ്പുറമാണ്; ഞങ്ങൾ നനഞ്ഞല്ലോ; ഇനി കുളിച്ചുകയറാം എന്നാണ്. എന്നുപറഞ്ഞാൽ വിമാനത്താവളത്തിലടക്കം കൈക്കൊണ്ട നിലപാടിനെ ന്യായീകരിച്ചുകൊണ്ട് ഞാൻകൂടി അറിഞ്ഞുകൊണ്ട് ചെയ്തതാണെന്ന് പത്രസമ്മേളനത്തിലടക്കം ഒരുളുപ്പുമില്ലാതെ പറയുന്ന നിലയിലേയ്ക്ക് കേരളത്തിന്റെ പ്രതിപക്ഷനേതാവ് മാറിയില്ലേ? ഇന്നലെ മുഖ്യമന്ത്രി നിങ്ങൾ എന്തേ അപലപിക്കാത്തതെന്ന് ആവർത്തിച്ചുചോദിച്ചു. ഞങ്ങളുടെ ഭാഗത്ത് തെറ്റുപറ്റിയാൽ ഞങ്ങൾ അതിനെ അപലപിക്കും; നടപടിയെടുക്കും. ഇപ്പോൾ എസ്.എഫ്.ഐ.-യുടെ ജില്ലാഘടകം പിരിച്ചുവിട്ടു. ഞങ്ങളൊക്കെ

വളരെ അതിശയത്തോടുകൂടിയാണ് അത് കേട്ടത്. ഞാൻ എസ്.എഫ്.ഐ.-യുടെ മുൻ ഭാരവാഹിയായിരുന്ന ആളാണ്. ഒരു ജില്ലാഘടകത്തെ പിരിച്ചുവിട്ടുകൊണ്ട് മാതൃകാപരമായ തീരുമാനം എസ്.എഫ്.ഐ.-യുടെ സ്റ്റേറ്റ് കമ്മിറ്റി എടുത്തിരിക്കുകയാണ്. അതിനെ നിങ്ങൾ അഭിനന്ദിക്കണ്ടേ? അവർ ചെയ്തത് തെറ്റാണെന്ന് പാർട്ടിയുടെ സമുന്നതരായ നേതാക്കൾ, മുഖ്യമന്ത്രിയടക്കം പറഞ്ഞ് ആ കമ്മിറ്റിയെ ശാസിക്കാനും തെറ്റുതിരുത്താനുമാവശ്യമായ നടപടിയുമായി മുന്നോട്ടുപോകുമ്പോൾ അതിനെക്കുറിച്ചുപോലും ഒരക്ഷരം മിണ്ടാൻ നിങ്ങൾ തയ്യാറായോ? തയ്യാറായില്ലെന്നുമാത്രമല്ല, കലാപങ്ങൾ അഴിച്ചുവിടുകയാണ് നിങ്ങൾ ചെയ്യുന്നത്. ഇവിടെ ബി.ജെ.പി.-ക്ക് ഇടപെടാനുള്ള അവസരമുണ്ടാക്കാനാണ് ഈ കലാപം അഴിച്ചുവിടുന്നത്. കേരളത്തിൽ കലാപമാണ്, ക്രമസമാധാനം പോയി എന്നുപറഞ്ഞ് ബി.ജെ.പി.-ക്കാരെ ഇവിടേയ്ക്ക് സ്വാഗതം ചെയ്യാനുള്ള, കേന്ദ്ര ഗവൺമെന്റിന്റെ പിടിവള്ളി ഇങ്ങോട്ടിടാനുള്ള പരിശ്രമം യു.ഡി.എഫ്.-ന്റെ ഭാഗമായി വരുന്നുവെന്നാണ് നാം കാണേണ്ടത്. ഈ കള്ളക്കടത്തുകാരുടെ ഇപ്പോഴുള്ള നേതാക്കൾ ആരാണ്; ബി.ജെ.പി. അല്ലേ? കേന്ദ്ര ഭരണകക്ഷിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു സ്ത്രീ നടത്തുന്ന നാടകങ്ങൾക്ക് ഇന്ന് യു.ഡി.എഫ്.-ന്റെ വലിയ

കുഴലൂത്ത് നടക്കുകയാണ്. യു.ഡി.എഫ്-ന്റെ ഭാഗമായി വലിയ സപ്പോർട്ട് നടക്കുകയാണ്. ഇപ്പോൾ ദക്ഷിണേന്ത്യ പിടിക്കാൻവേണ്ടി ബി.ജെ.പി.-യുടെ ശിബിരം നടക്കുകയാണ്. കോൺഗ്രസ് നടത്തിയ ശിബിരം പോലെയല്ല. 2025 ആകുന്നതോടുകൂടി ഇന്ത്യ മുഴുവൻ ആർ.എസ്.എസ്.-ന്റെ കൈപ്പിടിയിലേയ്ക്ക് കൊണ്ടുവരുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയാണ്. അതിൽ പ്രധാനമായും ലക്ഷ്യമിടുന്നത് കേരളമാണ്. അതിന് കാരണം കേരളത്തിലാണ് ഇടതുപക്ഷമുള്ളത് എന്നതാണ്. ആ ഇടതുപക്ഷത്തെ ഇല്ലാതാക്കിയാൽമാത്രമേ തങ്ങളുടെ അജണ്ട ഇവിടെ വേരുറപ്പിക്കാൻ കഴിയുകയുള്ളൂവെന്ന് കൃത്യമായ ബോധ്യം ആർ.എസ്.എസ്.-നുണ്ട്. ആർ.എസ്.എസ്.-നെ നമുക്കെല്ലാവർക്കുമറിയാം. ബി.ജെ.പി.-ക്ക് വലിയ സ്വാധീനം കേരളത്തിലില്ലെങ്കിൽപ്പോലും ഏറ്റവും കൂടുതൽ ശാഖകൾ കേരളത്തിലുള്ളത് ആർ.എസ്.എസ്.-നാണ്. നിങ്ങളല്ലേ അതിന് വളം വച്ചുകൊടുക്കുന്നത്; ഇന്ത്യയിൽ കോൺഗ്രസ് ഭരിച്ചിരുന്ന മറ്റ് സംസ്ഥാനങ്ങളിലെ അവസ്ഥയെന്താണ്; അതെല്ലാം ബി.ജെ.പി.-യുടെ കരങ്ങളിലേയ്ക്ക് നിങ്ങൾ കൊണ്ടുവച്ചുകൊടുത്തില്ലേ? ഇവിടെയും സ്വപ്നയുടെ നാടകം കാണിച്ച് ബി.ജെ.പി. കളിക്കുമ്പോൾ അതിനൊപ്പംനിന്ന് നിങ്ങൾ കാണിക്കുന്നത് നിങ്ങളുടെ നാശത്തിനാണെന്നുകൂടിയാണ് ഞാൻ

സൂചിപ്പിക്കുന്നത്. യു.ഡി.എഫ്.-ന്റെ സ്ഥാനം ബി.ജെ.പി.-ക്ക് പിടിക്കാൻവേണ്ടിയുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. അത് മനസ്സിലാക്കാതെ നിങ്ങൾ ചില വേലത്തരങ്ങൾ കാണിക്കുന്നുവെന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രത്യയശാസ്ത്രപരമായി ശത്രുക്കളായ ഇടതുപക്ഷത്തെ ഇല്ലാതാക്കുകയെന്നുള്ള ലക്ഷ്യം ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കുമുണ്ട് എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ബി.ജെ.പി.-യുടെ നേതാവ് പറഞ്ഞു ഞങ്ങൾക്ക് 30 സീറ്റ് കിട്ടിയാൽ ഭരണം പിടിക്കുമെന്ന്. എങ്ങനെയാണ് 140 എം.എൽ.എ.-മാരുള്ള കേരള നിയമസഭയിൽ 30 സീറ്റ് കിട്ടിയാൽ ബി.ജെ.പി. ഭരണം പിടിക്കുന്നത്; അവർ ആരെ കണ്ടുകൊണ്ടാണ് ഭരണം കിട്ടുമെന്ന് പറഞ്ഞത്; ഈ പ്രതിപക്ഷത്തിരിക്കുന്ന ബാക്കിയുള്ള യു.ഡി.എഫ്. എം.എൽ.എ.-മാരെ ചാക്കിട്ടുപിടിച്ച് ഭരണം പിടിക്കുമെന്നല്ലേ ബി.ജെ.പി.-യുടെ നേതാവ് പറഞ്ഞത്? അത് അതിശയകരമായ കാര്യമല്ല. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും അത്തരം കാര്യങ്ങൾ നടക്കുകയല്ലേ; കോൺഗ്രസ്സിന്റെ കൈപ്പത്തി ചിഹ്നത്തിൽ മത്സരിച്ച് ബി.ജെ.പി.-യുടെ പാളയത്തിലേയ്ക്ക് പോയ എത്രയോ അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. അത് സാധാരണ

ഏതെങ്കിലും എം.എൽ.എ. മാത്രമല്ല. ഞാൻ ഉദാഹരണങ്ങൾ പറയാൻ ഉദ്ദേശിക്കുന്നില്ല. കോൺഗ്രസ്സിന്റെ വലിയ നേതാക്കന്മാർവരെ ബി.ജെ.പി.-യുടെ കൂടാരത്തിലേയ്ക്കുപോയത് നമുക്കെല്ലാവർക്കുമറിയാം. അതുകൂടി കണ്ടിട്ടാണ് പറഞ്ഞത്. ഈ നിലയിലാണ് 30 സീറ്റ് കിട്ടിയാൽ മതിയെന്ന് പറയുന്ന സാഹചര്യമുണ്ടായത്. ഇത് ജനം നന്നായി മനസ്സിലാക്കി. കഴിഞ്ഞ അഞ്ചുവർഷക്കാലം ഈ സർക്കാരിനെ കരിവാരിത്തേയ്ക്കാൻവേണ്ടി വലിയ പരിശ്രമംതന്നെ നടത്തി. എന്തെങ്കിലും ഫലം കണ്ടോ? ഈ പറഞ്ഞ സ്വപ്നയുടെ ആദ്യ എപ്പിസോഡ് ആ സമയങ്ങളിൽ ഉണ്ടായിരുന്നല്ലോ; എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും സി.ബി.ഐ.-യും കസ്റ്റംസും കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ ഏജൻസികളും ഇവിടെവന്ന് പരിശോധിച്ച് അതെല്ലാം മാധ്യമങ്ങളുടെ സഹായത്തോടുകൂടി നിങ്ങൾ തെരഞ്ഞെടുപ്പ് രംഗത്ത് ചർച്ച ചെയ്തിട്ട് എന്തെങ്കിലും ഗുണം നിങ്ങൾക്കുണ്ടായോ? ഗുണമുണ്ടായത് ഞങ്ങൾക്കാണ്. ഞങ്ങൾക്ക് 99 സീറ്റായി വർദ്ധിച്ച് കേരളത്തിൽ തുടർഭരണത്തിലേയ്ക്ക് വരാൻ കഴിഞ്ഞുവെന്നുള്ളതാണ്. നിങ്ങൾക്ക് അവിടെത്തന്നെ ഇരിക്കാനുള്ള യോഗവും ജനങ്ങൾ ഉണ്ടാക്കിത്തന്നു. ഇ.ഡി. കേസിൽ മുഖ്യമന്ത്രി രാജി വയ്ക്കണമെന്നാണ് ഇവിടെ ആവശ്യപ്പെട്ടത്. എന്നാൽ ഡൽഹിയിൽ രാഹുൽ

ഗാന്ധിയെ ചോദ്യം ചെയ്യുന്നത് നിർത്തിവയ്ക്കണമേ എന്നാവശ്യപ്പെട്ടുകൊണ്ടാണ് എം.പി.-മാർ സമരം നടത്തിയത്. എന്ത് വിരോധാഭാസമാണിത്; നിങ്ങൾ ഒരു നിലപാടെടുക്കണ്ടേ? ഇവിടെ കേന്ദ്ര ഭരണകക്ഷിയായ ബി.ജെ.പി. പല സംസ്ഥാനങ്ങളിലും അവരുടെ ഇത്തരം ഡിപ്പാർട്ട്മെന്റുകളെ ഉപയോഗിച്ച് അവിടത്തെ ഭരണകക്ഷിയെയോ രാഷ്ട്രീയ പാർട്ടികളെയോ ഇല്ലാതാക്കാനുള്ള പരിശ്രമം നടത്തുകയാണ്. അക്കാര്യം ഞങ്ങളുടെ പാർട്ടിയും ഞങ്ങളുടെ മുഖ്യമന്ത്രിയും അടക്കമുള്ള ആളുകൾ കൃത്യമായി പറഞ്ഞിട്ടുള്ളതാണ്. നിങ്ങൾ എന്തുകൊണ്ടാണ് അത് മനസ്സിലാക്കാത്തത്? കേരളത്തിൽ ഒരു നയം, കേന്ദ്രത്തിൽ വേറൊരു നയം എന്ന രീതിയാണ് നിങ്ങൾ സ്വീകരിക്കുന്നത്. രാഹുൽ ഗാന്ധിയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്യാൻ വിളിച്ചപ്പോൾ നിങ്ങളെല്ലാവരും അവിടെപ്പോയി സമരം ചെയ്തു. ഞാൻ ചോദിക്കട്ടെ, ബി.ജെ.പി. ഗവൺമെന്റ് പെട്രോളിന്റെ വില വർദ്ധിപ്പിച്ചപ്പോൾ നിങ്ങൾ എവിടെപ്പോയിരുന്നു; നിങ്ങളാണല്ലോ രാജ്യത്തെ മുഖ്യ പ്രതിപക്ഷമായി ഇപ്പോഴുള്ളത്; ഡീസലിന്റെയും മണ്ണെണ്ണയുടെയും പാചക വാതകത്തിന്റെയും മറ്റ് അവശ്യസാധനങ്ങളുടെയും വില വർദ്ധിപ്പിച്ചപ്പോൾ കോൺഗ്രസ് എവിടെ പോയിരുന്നു? ബി.ജെ.പി.-ക്കെതിരെ സമരം ചെയ്യാൻ, പാർലമെന്റിൽ

ശബ്ദിക്കാൻ നിങ്ങളുടെ എം.പി.-മാരെയും നേതാക്കന്മാരെയും കണ്ടില്ലല്ലോ. പൗരത്വ നിയമ ഭേദഗതിയടക്കം വന്നപ്പോൾ നിങ്ങളുടെ പല എം.പി.-മാരും ഹാജരാകാതിരുന്നത് നമ്മളെല്ലാവരും ചർച്ച ചെയ്തതാണ്. അതൊന്നും വിശദമായി പറയാൻ ആഗ്രഹിക്കുന്നില്ല. പൗരത്വ നിയമ ഭേദഗതിയടക്കം പാസ്സാക്കിയെടുക്കാൻ അവർക്ക് സാധിച്ചില്ലേ? അതുമാത്രമല്ല ലേബർ കോഡുകൾ അടക്കമുള്ള എത്ര ബില്ലുകൾ നിങ്ങളുടെ സഹായത്തോടുകൂടിത്തന്നെ, നിങ്ങൾ മിണ്ടാതെ ഇരുന്നുകൊടുത്ത് പാസ്സാക്കിയെടുക്കുന്ന സ്ഥിതി പാർലമെന്റിനകത്ത് വന്നുവെന്നുള്ളത് കാണാതിരുന്നുകൂട. ഇന്ത്യയുടെ സാമൂഹ്യസ്ഥിതിയും സാമൂഹ്യഘടനയും മനസ്സിലാക്കാതെ രാജ്യത്തെ പട്ടാളത്തെപ്പോലും കൈപ്പിടിയിലൊതുക്കാൻ ബി.ജെ.പി. ഗവൺമെന്റ് പരിശ്രമിക്കുന്നതിന്റെ ഭാഗമാണ് അഗ്നിവീരന്മാരെ സൃഷ്ടിക്കാനുള്ള നീക്കം. നാലുവർഷത്തെ സേവനത്തിനുശേഷം ഈ ചെറുപ്പക്കാരെ അനാഥമാക്കി പറഞ്ഞുവിടുന്നതാണ്. അവർക്ക് 30,000/- രൂപ ശമ്പളം കൊടുക്കും, അത് കഴിയുമ്പോൾ 11 ലക്ഷം രൂപ കൊടുത്ത് പറഞ്ഞുവിടും. അങ്ങനെ പറഞ്ഞുവിടുന്ന പട്ടാളക്കാരെ ഞങ്ങളുടെ പാർട്ടി ഓഫീസിലെ കാവൽക്കാരാക്കി മാറ്റുമെന്നാണ് ബി.ജെ.പി.-യുടെ നേതാവ് പറഞ്ഞത്. ഇതിനെതിരെ പ്രതിഷേധിക്കാൻ ആരെങ്കിലും ഉണ്ടായിരുന്നോ;

ഡി.വൈ.എഫ്.ഐ. അടക്കമുള്ള യുവജന സംഘടനകൾ ആ വിഷയമെടുത്ത് ഡൽഹിയിലും കേരളത്തിലുമടക്കം ഞങ്ങൾക്ക് സ്വാധീനമുള്ള മുഴുവൻ സ്ഥലങ്ങളിലും ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് മുന്നോട്ടുവരാൻ തയ്യാറായി. കോൺഗ്രസ് എവിടെപ്പോയി; നിങ്ങൾ മറുപടി പറയണ്ടേ? ഇത്തരം കാര്യങ്ങളിൽ നിങ്ങളുടെ മൗനമാണ് നിങ്ങളുടെ വിനാശത്തിന് കാരണമായിട്ടുള്ളതെന്നുകൂടി കാണണം. അതുപോലെ കർഷക സമരം നടന്നപ്പോൾ കോൺഗ്രസ് എവിടെപ്പോയിരുന്നു; ചൈനയിൽ പോയിരുന്നോ? നിങ്ങൾ ചൈനയിൽ പോകുന്നത് നല്ലതാണ്. അവിടെപ്പോയി കമ്മ്യൂണിസം പഠിച്ച് ഇങ്ങോട്ടുവരാം. കർഷകരുടെ ഐതിഹാസിക സമരം വന്നപ്പോൾ, പൗരത്വ ഭേദഗതി ബില്ലിനെതിരെയുള്ള സമരം വന്നപ്പോൾ, തൊഴിലാളികളുടെ ലേബർ കോഡിന്റെ വിഷയം വന്നപ്പോഴൊക്കെ നിങ്ങളുടെ ആളുകൾ സൈലന്റായിനിന്നു. ഐ.എൻ.ടി.യു.സി. പോലെയുള്ള ചില തൊഴിലാളി സംഘടനകൾ ഞങ്ങളുമായി ചേർന്ന് സമരം നടത്താൻ തയ്യാറായെന്നുള്ളതൊഴിച്ചാൽ എന്താണ് നടന്നിട്ടുള്ളത്? ഇത്തരം കാര്യങ്ങൾ മനസ്സിലാക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പ്രതിപക്ഷത്തിനോട് സൂചിപ്പിക്കാനുള്ളത്.

പാർശ്വവൽക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും മത്സ്യബന്ധന

മേഖലയ്ക്കും തീരദേശത്തിനും ഏറെ പ്രയോജനപ്പെടുന്ന പദ്ധതികൾ നടപ്പാക്കിയ ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ മികച്ച നിലയിലുള്ള ഇടപെടൽ നടത്താൻ സാധിച്ചു. കടൽസമ്പത്തിന്റെ സംരക്ഷണവും സുസ്ഥിര വികസനവും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ അവകാശ സംരക്ഷണവും ശുദ്ധമായ മത്സ്യം ലഭിക്കാനുള്ള ഉപഭോക്താക്കളുടെ അവകാശവും തീരദേശത്തിന്റെ അടിസ്ഥാന വികസനവും കണ്ടുകൊണ്ടുള്ള സംയോജിത പ്രവർത്തനമാണ് ഈ ഗവൺമെന്റ് നടത്തിയതെന്ന് നമുക്കെല്ലാവർക്കുമറിയാം. ഒന്നാം പിണറായി ഗവൺമെന്റ് ഭരിക്കുമ്പോഴാണ് രാജ്യത്താദ്യമായി മത്സ്യത്തൊഴിലാളികൾക്ക് പുനരധിവാസ പദ്ധതി നടപ്പാക്കിയത്. മുട്ടത്തറയിൽ ഞാൻകൂടി പങ്കെടുത്ത ചടങ്ങിലാണ് 192 കുടുംബങ്ങൾക്ക് വീടുവച്ചുകൊടുക്കാൻ സാധിച്ചത്. പലപ്പോഴും യു.ഡി.എഫ്. പറയും, പക്ഷേ അത് പറച്ചിൽ മാത്രമേയുള്ളൂവെന്നാണ് കാണാൻ സാധിക്കുന്നത്. 2,450 കോടി രൂപയുടെ വിപുലമായ പദ്ധതികൾ, ഭൂമി കൊടുക്കുന്നതിനുള്ള പദ്ധതികൾ, നിരവധി പുനരുദ്ധാരണ പദ്ധതികൾ എന്നിവ സർക്കാർ ആവിഷ്കരിച്ചു. എനിക്കുമുന്നേ സംസാരിച്ച ഒരുപാടുപേർ ആ കാര്യങ്ങൾ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് വിശദമായി പോകുന്നില്ല.

തീരദേശത്തിന്റെ പ്രാദേശിക, സാമ്പത്തിക വികസനമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഈ ഗവൺമെന്റ് നേതൃത്വം വഹിച്ചിട്ടുണ്ട്. 145-ലധികം റോഡുകൾ നിർമ്മിച്ചു. കിഫ്ബി മുഖാന്തരം ഇരുപത് തീരദേശ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചു. ആരോഗ്യസുരക്ഷയ്ക്ക് തീരാരോഗ്യം പദ്ധതി, മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുവേണ്ടിയുള്ള പദ്ധതികൾ, റിവോൾവിംഗ് ഫണ്ട്, സംരംഭക പദ്ധതി, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് എന്നിവ നടപ്പിലാക്കി. ടൗട്ടേ ചുഴലിക്കാറ്റിന്റെയും ഓഖിയുടേയും സമയത്ത് കൃത്യമായി ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഒന്നുരണ്ട് നിർദ്ദേശങ്ങൾകൂടി മുന്നോട്ടുവയ്ക്കുകയാണ്. എൽ.എസ്.ജി.ഡി. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നിർബന്ധിത വകയിരുത്തലായി കുറേ പണം ചെലവഴിക്കുന്നുണ്ട്. ഫിഷറീസ് വകുപ്പും ഇതേ പദ്ധതികൾ നടപ്പാക്കുകയാണ്. ഇത് ഡ്യൂപ്ലിക്കേഷന് വഴിയൊരുക്കുന്നുണ്ടോയെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കണം. അതിലിടപെട്ടാൽ കുറേയധികം ആളുകൾക്ക് കൃത്യമായി ആനുകൂല്യമെത്തിക്കാൻ സാധിക്കും. ഈ പദ്ധതികളുടെ അവലോകനവും സ്കൂട്ടിനിയും നടത്തണമെന്ന നിർദ്ദേശംകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. നല്ല മത്സ്യം ലഭ്യമാക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോൾ

കേരളത്തിലേയ്ക്ക് അന്യസംസ്ഥാനങ്ങളിൽനിന്ന് മായംചേർത്ത മത്സ്യം വരുന്നുവെന്നുള്ളത് നമുക്കെല്ലാമറിയാവുന്ന കാര്യമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പ് വളരെയധികം കാര്യക്ഷമമായി ഇടപെടുന്നുണ്ട്. ഫിഷറീസ് വകുപ്പും ശുദ്ധമായ മത്സ്യം ലഭിക്കാനാവശ്യമായ ഇടപെടൽ നടത്തണം. മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകൾക്കുനേരെ ഒറ്റപ്പെട്ട പല സംഭവങ്ങളും നടക്കുന്നുണ്ട്. മാന്യമായി കച്ചവടം നടത്താൻ നല്ല ഷോപ്പുകൾ നിർമ്മിച്ചുകൊടുത്ത് അവരെ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതി ഗവൺമെന്റ് തയ്യാറാക്കണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

എന്റെ മണ്ഡലത്തിലെ പേരൂർക്കട, വികാസ് ഭവൻ ഡിപ്പോ അടക്കമുള്ളവയുടെ ഭൂമി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾക്ക് നേതൃത്വം നൽകണം. സിറ്റി സർക്കുലർ പദ്ധതിയുടെ റൂട്ടുകൾ പരിശോധിച്ച് ലാഭകരമാക്കി മാറ്റുന്നതിനുള്ള ഇടപെടലുണ്ടാകണം. സ്കൂൾ വാഹനങ്ങളുടെ ടാക്സുമായി ബന്ധപ്പെട്ട വിഷയം എല്ലാ എം.എൽ.എ.-മാർക്കും ബുദ്ധിമുട്ടായി മാറിയിരിക്കുകയാണ്. ടാക്സ് അടയ്ക്കാൻവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്നും നൽകാമോയെന്നാണ് എല്ലാവരും ചോദിക്കുന്നത്. അതിനാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ

ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, മൂന്നുതവണ കേരളത്തിന്റെ മുഖ്യമന്ത്രിയും കേന്ദ്ര പ്രതിരോധമന്ത്രിയുമായിരുന്ന ഇന്ത്യയിലെ മതേതരത്വത്തിന്റെ ഉന്നത വക്താവായ ശ്രീ. എ. കെ. ആന്റണി കേരളത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തുന്നത് വർഗ്ഗീയമായിട്ടാണെന്ന ധ്വനി വരുന്നതരത്തിൽ വട്ടിയൂർക്കാവ് അംഗം പറഞ്ഞ വാക്കുകൾ സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: അത് പരിശോധിക്കാം.+

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട വട്ടിയൂർക്കാവ് അംഗത്തിന്റെ മണ്ഡലത്തിലുള്ള കേരളാ പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി ഓഫീസ് അദ്ദേഹത്തിന്റെ സഹപ്രവർത്തകർ ജാഥയായി വന്ന് അടിച്ചുതകർത്തതിനെ അപലപിച്ച ഏതെങ്കിലുമൊരു സി.പി.ഐ.(എം) നേതാവിന്റെ പേര് പറയാൻ സാധിക്കുമോ? എ.കെ.ജി. സെന്റർ ആക്രമിച്ചപ്പോൾ പ്രതിപക്ഷനേതാവ് അപലപിച്ച മാതൃക നിങ്ങൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബി.ജെ.പി.-ക്ക് 30 സീറ്റ്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 12023/ഇ.ബി./2022/നി.സെ., തീയതി 05-07-2022) സഭാരേഖകളിൽ നിലനിർത്തി.

കിട്ടിയാൽ ഭരണം നേടുമെന്ന് ഒരു ബി.ജെ.പി. നേതാവ് പറഞ്ഞ വാക്ക് അദ്ദേഹം ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ഒരംഗംപോലും ജയിച്ചില്ലെങ്കിലും കേരളത്തിൽ ഇപ്പോൾ ബി.ജെ.പി.-ക്ക് ഭരണം കിട്ടിയതുപോലെതന്നെയാണ്. അംഗീകൃത ട്രേഡ് യൂണിയന്റെ 300 ജീവനക്കാർക്ക് പ്രൊട്ടക്ഷൻ നൽകുന്നതാണ് കെ.എസ്.ആർ.ടി.സി.-യുടെ ഏറ്റവും വലിയ പ്രതിസന്ധിയെന്ന് ഇന്ന് ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പറയുകയുണ്ടായി. പ്രൊട്ടക്ഷൻ നൽകുന്നതുകൊണ്ട് ഒരു രൂപയുടെയെങ്കിലും നഷ്ടം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്നുണ്ടോ; അവർക്ക് ഒരു വർഷത്തെ ട്രാൻസ്ഫർ ഇല്ലെന്നേയുള്ളൂ. അവർ അവരുടെ ജോലി മുഴുവനും അവിടെ നിർവ്വഹിക്കണം. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് മറ്റ് റൂട്ടുകളിലേയ്ക്ക് സർവ്വീസ് നടത്തുമെന്ന് പറഞ്ഞു. ഇപ്പോൾ ദീർഘദൂര സർവ്വീസുകൾ മാത്രമാണ് സ്വിഫ്റ്റ് നടത്തുന്നത്. 500 പുതിയ സ്വിഫ്റ്റ് ബസ്സുകൾ ഇറക്കി സർവ്വീസ് നടത്തിയാൽ നിലവിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ എവിടെ സർവ്വീസ് നടത്തുമെന്ന് സർക്കാർ വ്യക്തമാക്കണം. കെ.എസ്.ആർ.ടി.സി.-യിൽ 40000 ജീവനക്കാരുണ്ടായിരുന്നത് ഇടതുപക്ഷ സർക്കാർ 25000 ആയി കുറച്ചിട്ട് പ്രതിസന്ധി പരിഹരിക്കാൻ സാധിച്ചോ?

38 ലക്ഷമുണ്ടായിരുന്ന യാത്രക്കാർ ഇപ്പോൾ പതിനെട്ടും ഇരുപതും ലക്ഷമായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 5000 ഷെഡ്യൂളുകൾ ഉണ്ടായിരുന്നത് 3500 ഷെഡ്യൂളുകളായി കുറച്ചാൽ എങ്ങനെയാണ് യാത്രക്കാരുടെ എണ്ണം കൂടുന്നത്? ഇത്രയും ഷെഡ്യൂളുകൾ കുറച്ചിട്ടും ജീവനക്കാർ ആത്മാർത്ഥതയോടുകൂടി ജോലി ചെയ്യതുകൊണ്ടാണ് വരുമാനം വർദ്ധിച്ചതെന്ന് ഓർക്കണം. ആ ജീവനക്കാർക്ക് കൃത്യമായി ശമ്പളം കൊടുക്കാത്തതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ചട്ടം 285 പ്രകാരം, മത്സ്യഫെഡിന്റെ അഴിമതി സംബന്ധിച്ച് ഞാൻ എഴുതി തന്നിട്ടുണ്ട്. മത്സ്യം വാങ്ങുന്നതിലും വിൽക്കുന്നതിലും വലിയ ക്രമക്കേടാണ് നടക്കുന്നത്. മത്സ്യഫെഡ് അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. മുൻ ഫിഷറീസ് വകുപ്പുമന്ത്രിയുടെ ജില്ലയായ കൊല്ലം ജില്ലയിൽ 'അന്തിപ്പച്ച' വഴി ഒരു കോടി രൂപയുടെ അഴിമതിയാണ് നടന്നത്. ബഹുമാനപ്പെട്ട മന്ത്രി അറിയാതെയാണോ ഇത് നടന്നത്? കൊല്ലം ജില്ലയിൽ മാത്രമല്ല, കേരളത്തിലെ എല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള അഴിമതിയുണ്ട്. അഴിമതി സംബന്ധിച്ച് അന്വേഷിക്കാൻ മന്ത്രി തയ്യാറാകുമോ? തുറമുഖങ്ങളിൽനിന്നും മീൻ വാങ്ങുന്നതിന്റെ പേരിലുള്ള കോടിക്കണക്കിന് രൂപയുടെ അഴിമതി കണ്ടെത്തിയിട്ടും അധികൃതർ

പൂഴ്ത്തിവച്ചിരിക്കുകയാണ്. വല ഉൾപ്പെടെയുള്ള മത്സ്യബന്ധന സാമഗ്രികൾ വിറ്റഴിച്ചതിന്റെ പേരിൽ നടത്തിയ അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണം രാഷ്ട്രീയ സമ്മർദ്ദംകൊണ്ട് നിങ്ങൾ മരവിപ്പിച്ചിരിക്കുകയാണ്. ശക്തികുളങ്ങര, നീണ്ടകര തുറമുഖങ്ങളിൽനിന്ന് മത്സ്യം സംഭരിക്കുന്നതിനുപുറമേ സി.പി.ഐ.(എം) നിയന്ത്രണത്തിലുള്ള സംഘത്തിന്റെ പ്രസിഡന്റും ഉദ്യോഗസ്ഥനും ചേർന്ന് കോടിക്കണക്കിന് രൂപയുടെ മത്സ്യമാണ് ഏജൻസികൾവഴി നേരിട്ട് വാങ്ങുന്നത്. വർഷങ്ങളായി നടത്തുന്ന തട്ടിപ്പ് സംബന്ധിച്ച് ഇന്റേണൽ ഓഡിറ്റ് വിഭാഗം കണ്ടെത്തിയ റിപ്പോർട്ട് സർക്കാർ പൂഴ്ത്തിവച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയത് മാത്രമാണ് അതിൽ എടുത്ത നടപടി. മത്സ്യഫെഡിന്റെ അമ്പലപ്പുഴയിലെ വ്യാസാ സ്റ്റോർ കേന്ദ്രീകരിച്ച് നടത്തിയ 2.33 കോടി രൂപയുടെ തട്ടിപ്പാണ് കണ്ടെത്തിയത്. അതിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. സ്റ്റോറിലേയ്ക്ക് വരുന്ന വല സ്റ്റോക്കിൽ രേഖപ്പെടുത്താതെ ക്ലാപ്പനയിലെ ഒരു സ്ഥാപനത്തിലേയ്ക്ക് കടത്തി സി.ഐ.ടി.യു. അംഗമായ സെയിൽസ്മാൻ 2018-19-ൽ മാത്രം 65 ലക്ഷം രൂപയുടെ ക്രമക്കേട് നടത്തിയെന്ന് തെളിഞ്ഞിരിക്കുകയാണ്. വിരമിച്ച ആ ജീവനക്കാരെ വീണ്ടും നിയമിക്കാനാണ് മത്സ്യഫെഡ് തയ്യാറായിട്ടുള്ളത്. ഏതൊക്കെ

ഏജൻസികളാണ് പുറത്തുനിന്ന് മത്സ്യം സംഭരിക്കുന്നതെന്ന ലിസ്റ്റ് പുറത്തുവിടാൻ തയ്യാറാകുമോയെന്ന് ഞാൻ മന്ത്രിയെ വെല്ലുവിളിക്കുകയാണ്. സി.പി.ഐ.(എം) ബിനാമി അല്ലെങ്കിൽ സി.പി.ഐ.(എം) നേതാക്കന്മാർക്ക് നേരിട്ട് ബന്ധമുള്ള ഏജൻസികൾ വഴിയാണ് മത്സ്യം കൊണ്ടുവരുന്നത്. വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് മത്സ്യം വാങ്ങുന്നതിലൂടെ കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് ഈ ഏജൻസികളും ഇവരും നടത്തിക്കൊണ്ടിരിക്കുന്നത്. ആറ് കൊല്ലംകൊണ്ട് കോടികളുടെ അഴിമതിയാണ് ഇവിടെ നടത്തിയത്. കോവിഡ് ട്രീറ്റ്മെന്റ് സെന്ററുകളിലേയ്ക്ക് പഴകിയ മത്സ്യമാണ് മത്സ്യഫെഡ് വിതരണം ചെയ്തത്. കോവിഡ് കാലത്ത് ലോക്ഡൗൺമൂലം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിഞ്ഞില്ല. പിന്നെ എവിടെനിന്നാണ് ഈ മത്സ്യം വന്നത്? കോവിഡ് രോഗികൾക്ക് പഴകിയ മത്സ്യം നൽകിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മീൻ സംഭരിക്കുന്നതിനുവേണ്ടി നീണ്ടകര ഭാഗത്ത് നിങ്ങളുടെ ഏറ്റവും അടുത്തയാളുകൾ ഭീമാകാരമായ സംഭരണികളുണ്ടാക്കിവച്ചിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടാത്തതല്ല. അതിനെക്കുറിച്ച് അന്വേഷിക്കാൻ

തയ്യാറാകണം. ഈ ഏജൻസികൾക്ക് രജിസ്ട്രേഷനോ ലൈസൻസോ ഇല്ല. പ്രാഥമിക സംഘങ്ങളിൽ കൊടുക്കുന്ന മത്സ്യങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് സഹകരണ വിഭാഗം നടത്തും. മത്സ്യഫെഡിന്റെ ഇന്റേണൽ വിഭാഗമാണ് മത്സ്യഫെഡിന്റെ ഓഡിറ്റ് നടത്തുന്നത്. ഒരു പ്രാഥമിക സംഘം 50 ലക്ഷം രൂപയുടെ മത്സ്യം മത്സ്യഫെഡിന് നൽകിയാൽ മത്സ്യഫെഡ് അത് 70 ലക്ഷത്തിന്റേതോ ഒരു കോടിയുടേതോ ആക്കും. പ്രാഥമിക സംഘത്തിന്റെ കണക്കുകളും മത്സ്യഫെഡിന്റെ കണക്കുകളും ഒരേ ഓഡിറ്റ് ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായാൽ കോടികളുടെ അഴിമതിയായിരിക്കും പുറത്തുവരാൻ പോകുന്നത്. തൊഴിൽരഹിതരായ ചെറുപ്പക്കാർ പി.എസ്.സി. നിയമനത്തിനുവേണ്ടി ശയന പ്രദക്ഷിണം നടത്തിയും മുട്ടിലിഴഞ്ഞും സമരം ചെയ്യുമ്പോഴാണ് 350 പേരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചത്. ഈ 350 പേരിൽ ബഹുഭൂരിപക്ഷവും മത്സ്യക്കച്ചവടക്കാരായ ഏജൻസികളുടെയും സി.പി.ഐ. (എം)-ന്റെയും ആളുകളാണ്. ഈ താൽക്കാലിക ജീവനക്കാരെ വച്ചാണ് അഴിമതി നടത്തുന്നത്. കരിക്കാടി ചെമ്മീനും കടൽ ഞണ്ടുമൊക്കെ ബോട്ടിൽ പോയാണ് പിടിക്കേണ്ടത്. കോവിഡ് കാലത്ത് ഇതെല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വന്നത്.

മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽനിന്നും രക്ഷപ്പെടുത്തുന്നതിനുവേണ്ടി 1984-ൽ കെ. കരുണാകരൻ രൂപം നൽകിയ മത്സ്യഫെഡ് ഇന്ന് കോടികളുടെ അഴിമതി നടത്തുന്ന സ്ഥാപനമായി മാറിയിരിക്കുകയാണ്. വ്യാസാ സ്റ്റോർ വഴി കേരളത്തിലുടനീളം 18 കോടി രൂപയുടെ അഴിമതിയാണ് നടത്തിയിരിക്കുന്നത്. പ്രാഥമിക സംഘത്തിൽ നിന്നെടുക്കുന്ന മത്സ്യത്തിന്റെ കണക്കും മത്സ്യഫെഡിൽ രേഖപ്പെടുത്തുന്ന കണക്കും തമ്മിൽ വലിയ അന്തരമാണ് കാണാൻ സാധിക്കുന്നത്. 25 കോടി രൂപയുടെ ക്രമക്കേടാണ് മത്സ്യഫെഡ് നടത്തിയിരിക്കുന്നത്. അന്തിപ്പച്ചയിൽ മാത്രം 10.50 കോടി രൂപയുടെ അഴിമതിയാണ് നടന്നിരിക്കുന്നത്. കേരളത്തിലുടനീളം 53.50 കോടി രൂപയുടെ അഴിമതിയാണ് ഈ ആറ് വർഷംകൊണ്ട് മത്സ്യഫെഡിൽ മാത്രം നടത്തിയിട്ടുള്ളത്. ഇതിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തണം. നിങ്ങളുടെ മടിയിൽ കനമില്ലെന്ന് തെളിയിക്കാൻ നിങ്ങൾ അന്വേഷണം നടത്തണം. നിങ്ങൾക്ക് യാതൊരു പങ്കുമില്ലെങ്കിൽ ജുഡീഷ്യൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഗതാഗത വകുപ്പിന്റെ

ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് വിലയേറിയ നിർദ്ദേശങ്ങളിലൂടെയും ക്രിയാത്മക വിമർശനങ്ങളിലൂടെയും അഭിപ്രായപ്രകടനം രേഖപ്പെടുത്തിയ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. എല്ലാ ദിവസവും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ ഇതുപോലെ നന്നായി സഹകരിച്ചാൽ സഭാനടപടികൾ ഭംഗിയായി നടക്കും. ഇന്ന് വളരെ ക്രിയാത്മകമായ സമീപനമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. അതിന് പ്രതിപക്ഷനേതാവിനോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. സംസ്ഥാന ഖജനാവിലേയ്ക്ക് വലിയ സംഭാവന നൽകുന്ന വകുപ്പാണ് ഗതാഗത വകുപ്പ്. ഗതാഗത വകുപ്പിന് ഇങ്ങോട്ടുതരുന്ന കാര്യങ്ങൾക്കുമാത്രമേ കണക്ക് പറയാറുള്ളൂ. അങ്ങോട്ട് കൊടുക്കുന്ന കാര്യത്തെക്കുറിച്ച് പലപ്പോഴും കണക്ക് പറയാറില്ല. 2021-22 സാമ്പത്തിക വർഷം മോട്ടോർ വാഹന വകുപ്പ് മാത്രം 3982 കോടി രൂപയാണ് ഖജനാവിലേയ്ക്ക് വരുമാനമുണ്ടാക്കി കൊടുത്തത്. ലക്ഷ്യത്തേക്കാൾ 1.03% അധികം വരുമാനമുണ്ടാക്കിക്കൊടുത്തു. കെ.എസ്.ആർ.ടി.സി.-യും ജല ഗതാഗത വകുപ്പും മോട്ടോർ വാഹന വകുപ്പും ഒരുമിച്ചെടുത്താൽ വലിയ ലാഭമുള്ള വകുപ്പാണ് ഗതാഗത വകുപ്പ്. അതുകൊണ്ട് ഈ വകുപ്പിനെക്കുറിച്ച് പറയുമ്പോൾ എപ്പോഴും കെ.എസ്.ആർ.ടി.സി. എന്നുപറഞ്ഞ് വകുപ്പിലെ കുറ്റങ്ങൾമാത്രം

കണ്ടെത്താൻ ശ്രമിക്കുന്നത് ശരിയല്ല. നാമെല്ലാം ഗൗരവമായി കാണേണ്ട ഒരു പ്രധാന പ്രശ്നം ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. കേന്ദ്ര സർക്കാർ 26-08-2021-ൽ പുറപ്പെടുവിച്ച BH സീരീസ് വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച ഉത്തരവ് സംസ്ഥാനങ്ങളെ അടിച്ചേൽപ്പിക്കാൻ തുടങ്ങിയാൽ സംസ്ഥാന ഖജനാവിന് വലിയ പ്രതിസന്ധിയുണ്ടാക്കുന്ന ഒന്നായി മാറാൻ പോകുകയാണ്. ഇത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കുന്നതാണ്. ഭരണഘടനാവിരുദ്ധമായ ഇത്തരം നീക്കങ്ങൾക്കെതിരെയുള്ള നിലപാടിന്റെ ഭാഗമായി ഇതുൾപ്പെടെയുള്ള ഉത്തരവുകൾ നടപ്പിലാക്കണോ വേണ്ടയോ എന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. 1,60,41,495 വാഹനങ്ങളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആസൂത്രണ ബോർഡിന്റെ കണക്കുപ്രകാരം കേരളത്തിൽ 1000 പേർക്ക് 463 വാഹനങ്ങളാണുള്ളത്. ദേശീയ ശരാശരിപോലും 1000-ൽ 18 പേർക്കാണ്. അമേരിക്കയിൽ 1000 പേർക്ക് 507 വാഹനങ്ങളും ചൈനയിൽ 1000 പേർക്ക് 47 വാഹനങ്ങളുമാണുള്ളത്. അങ്ങനെ നോക്കുമ്പോൾ ജനസംഖ്യയുടെ ഏതാണ്ട് പകുതിയോളം വാഹനങ്ങളുള്ള ഒരു സംസ്ഥാനമെന്ന നിലയ്ക്ക് ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ഏറെ ബന്ധമുള്ളതാണ് മോട്ടോർ വാഹന

വകുപ്പ്. ഈ വകുപ്പിൽ ഏജന്റുമാരുടെ ഇടപെടൽ സമ്പൂർണ്ണമായി ഒഴിവാക്കുന്നതിനും അഴിമതി കുറച്ചുകൊണ്ടുവരുന്നതിനുമായി വാഹന ഉടമകൾക്ക് യഥാസമയം സേവനങ്ങൾ നൽകാൻ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയത് ഈ വർഷമാണ്. പിണറായി സർക്കാരിന്റെ പ്രഖ്യാപിത നയമായ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി സേവനങ്ങൾ അനായാസം അതിവേഗം നൽകുകയെന്ന ലക്ഷ്യത്തോടുകൂടി കാര്യക്ഷമമായ സോഫ്റ്റ്‌വെയർ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് വികസിപ്പിച്ചിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽത്തന്നെ ഇപ്പോൾ ലഭ്യമാകുകയാണ്. കഴിഞ്ഞ ഒരു വർഷം 15 ലക്ഷത്തിലധികം അപേക്ഷകളിൽ ആർ.ടി. ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ ഉപഭോക്താക്കൾക്ക് സേവനങ്ങൾ നൽകി. ഓൺലൈൻ മോഡ് വഴി പ്രവാസി സമൂഹത്തിന് അന്താരാഷ്ട്ര ഡ്രൈവിംഗ് ലൈസൻസിൽ പെർമിറ്റ് നൽകുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കി. മുൻകാലങ്ങളിൽ വിദേശത്തുള്ളവർക്ക് പെർമിറ്റ് പുതുക്കാൻ നേരിട്ട് വരേണ്ട അവസ്ഥയുണ്ടായിരുന്നു. പുതിയ പെർമിറ്റുകൾ, സ്പെഷ്യൽ പെർമിറ്റുകൾ

എന്നിവ നൽകുന്നത് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ലേണേഴ്സ് ലൈസൻസ് മുതലായവ നൽകുന്നതിനുള്ള ഓൺലൈൻ സേവന ഡെലിവറി സിസ്റ്റം നിലവിൽവന്നു. ആധാർ അധിഷ്ഠിത ഫേസ്‌ലെസ്സ് സംവിധാനങ്ങൾവഴി വാഹനങ്ങളുടെ ഉടമസ്ഥാവകാശം, മേൽവിലാസം, ഹൈപ്പോത്തിക്കേഷൻ തുടങ്ങിയ സേവനങ്ങൾക്കായി അപേക്ഷകർ ഇനി ഓഫീസുകളിൽ പോകേണ്ട ആവശ്യമില്ല. ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുവേണ്ടി സമർപ്പിക്കേണ്ട മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, നേത്ര പരിശോധനാ സർട്ടിഫിക്കറ്റ് എന്നിവ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡോക്ടർമാർക്ക് ഓൺലൈനിൽ അപ്‌ലോഡ് ചെയ്യാൻ അനുവാദം നൽകിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറി. ഇതുമൂലം ഡോക്ടർമാരുടെ വ്യാജ സീൽ നിർമ്മിച്ച് വ്യാജ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നത് പൂർണ്ണമായും തടയാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലാദ്യമായി ആയുർവേദ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റുകൾക്കുകൂടി അംഗീകാരം നൽകിക്കൊണ്ട് ഈ വർഷം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം പി. പി. സുമോദ് നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡാക്കി മാറ്റുന്നതിനെ സംബന്ധിച്ച് പറഞ്ഞു. ലാമിനേറ്റ് ചെയ്ത ലൈസൻസ്

കൊടുക്കുന്ന സംസ്ഥാനം ഇന്ത്യയിൽ എന്നല്ല ഒരുപക്ഷേ ലോകത്തുതന്നെ വേറെയുണ്ടാകില്ല. നിലവിലുള്ള ലൈസൻസ് സ്മാർട്ട് ലൈസൻസാക്കി മാറ്റാൻ 2014 മുതൽ കേരളം ശ്രമം നടത്തുകയാണ്. ഈ ശ്രമങ്ങളെ അട്ടിമറിക്കുന്ന വിധത്തിൽ നിയമക്കുരുക്കിലാക്കി, ബന്ധപ്പെട്ട ടെണ്ടറുകളിൽ പങ്കെടുത്ത ആളുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് അതിപ്പോൾ ഫ്രീസ് ചെയ്തുവച്ചിരിക്കുന്ന അവസ്ഥയിലാണ്. ഈ സാഹചര്യത്തിൽ സ്മാർട്ട് കാർഡ് ലൈസൻസിനേക്കാൾ ഭേദപ്പെട്ട രാജ്യാന്തര നിലവാരമുള്ളതും ഹോളോഗ്രാം പതിപ്പിച്ചതും എല്ലാ സെക്യൂരിറ്റി ഫീച്ചേഴ്സുള്ളതുമായ 'എലഗന്റ് ഡ്രൈവിംഗ് ലൈസൻസ് കാർഡ് ' രണ്ടുമാസത്തിനുള്ളിൽ കൊണ്ടുവരുന്നതാണ്. ടോൾ പ്ലാസയുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. ടോൾ പ്ലാസയുടെ നിയന്ത്രണം കേന്ദ്ര ഗവൺമെന്റിനാണ്. രണ്ടുമാസങ്ങൾക്കുമുമ്പ് ഞാൻ കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയെ നേരിട്ടുകണ്ട് കേരളത്തിലെ ടോൾ പ്ലാസകളിലെ ചൂഷണം അവസാനിപ്പിക്കണമെന്ന നിവേദനം സമർപ്പിച്ചതിനെത്തുടർന്ന് ഇതുസംബന്ധിച്ച പഠനം നടത്താൻ തയ്യാറാകുമെന്നാണ് അറിയിപ്പ് കിട്ടിയത്. സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ കാര്യമായി ഒന്നും ചെയ്യാൻ കഴിയില്ല. കോവിഡ് മഹാമാരിക്കുശേഷം വിദ്യാർത്ഥികളുടെ

യാത്രാസുരക്ഷ ഉറപ്പാക്കാൻ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് "വിദ്യാ വാഹൻ" എന്ന പദ്ധതി ആവിഷ്കരിച്ചു. സാധാരണയായി ബസ്സുകൾ ആഫീസുകളിലേയ്ക്ക് പരിശോധനയ്ക്കായി കൊണ്ടുപോകുകയാണ് ചെയ്യുന്നത്. എന്നാൽ ഈ വർഷം ഉദ്യോഗസ്ഥർ സ്കൂളുകളിൽ നേരിട്ടെത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ പരിശോധിച്ച് സർട്ടിഫിക്കറ്റുകൾ നൽകാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഫയൽ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി മോട്ടർ വാഹന വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് മന്ത്രിയുൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ നേരിട്ട് പങ്കെടുക്കുന്ന "വാഹനീയം" അദാലത്തിന് തുടക്കംകുറിച്ചു. കോട്ടയം, എറണാകുളം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ കെട്ടിക്കിടന്ന 3990 ഫയലുകളാണ് ഈ പദ്ധതിയിലൂടെ തീർപ്പാക്കിയത്. അവശേഷിക്കുന്ന 8 ജില്ലകളിലെ ഫയൽ തീർപ്പാക്കൽ പദ്ധതി ആഗസ്റ്റ് മാസംതന്നെ പൂർത്തിയാക്കുന്നതാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്വകാര്യ വാഹന ഉടമകൾ നേരിട്ട പ്രയാസം വളരെ വലുതായിരുന്നു. ഇത് മനസ്സിലാക്കി കോൺട്രാക്ട്/സ്റ്റേജ് ക്യാര്യേജ് വാഹന ഉടമകൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം രണ്ട് ക്വാർട്ടർ നികുതി പൂർണ്ണമായി ഒഴിവാക്കിക്കൊടുത്തു. വാഹന പെരുപ്പംമൂലം

അപകടങ്ങൾ വർദ്ധിക്കാതിരിക്കാൻ വിവിധ എൻഫോഴ്സ്മെന്റ് ഡ്രൈവുകളാണ് സംസ്ഥാനം നടത്തിയിരുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമ്മിത ബുദ്ധി)-ന്റെ സഹായത്തോടുകൂടി ആധുനിക ക്യാമറകൾ ഘടിപ്പിച്ചതിനെക്കുറിച്ച് ശ്രീമതി കെ. കെ. രമ സൂചിപ്പിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ എന്നീ അത്യാധുനിക സാങ്കേതിക വിദ്യയോടുകൂടിയ ക്യാമറകൾ, സ്പീഡ് റഡാറുകൾ തുടങ്ങിയവ സ്ഥാപിച്ച് എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിനായി 14 ജില്ലകളിലും കൺട്രോൾ റൂമുകൾ സജ്ജമാക്കി പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തിവരികയാണ്. സെപ്തംബർ മാസത്തോടുകൂടി പൂർണ്ണതോതിൽ ഇത് പ്രവർത്തനമാരംഭിക്കുന്നതാണ്. എല്ലാം രാഷ്ട്രീയ കണ്ണുകളിലൂടെ കണ്ട് വിമർശിക്കുന്നത് നല്ലതാണോയെന്ന് പ്രതിപക്ഷം പരിശോധിക്കുന്നത് ഉചിതമായിരിക്കും. വിമർശിക്കാൻ വേണ്ടി വിമർശിക്കരുത്. നല്ലതിനെ നല്ലതെന്ന് പറഞ്ഞില്ലെങ്കിലും അതിനെ കണ്ണടച്ച് വിമർശിക്കരുത്. എന്തിനാണ് ആർട്ടിഫിഷ്യൽ ക്യാമറ സ്ഥാപിക്കുന്നത്? കുടുംബമായി യാത്ര ചെയ്യുമ്പോൾ റോഡുകളിൽ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ വാഹനങ്ങൾ തടഞ്ഞുനിർത്തി

മണിക്കൂറുകളോളം പരിശോധന നടത്തി അവരെ വിഷമിപ്പിക്കുകയും അവരുടെ ലൈസൻസ്, വാഹന പെർമിറ്റ് എന്നിവ പരിശോധിക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതി ഒരു കാലഘട്ടംവരെ പറഞ്ഞിരുന്നില്ലേ? അതുപോലെ ഉദ്യോഗസ്ഥർ ഇഷ്ടമുള്ളവർക്ക് വിവേചനത്തിന്റെ അടിസ്ഥാനത്തിൽ ഫൈൻ ഒഴിവാക്കിക്കൊടുക്കുകയും ഇഷ്ടമില്ലാത്തവരിൽനിന്നും വലിയ തോതിൽ ഫൈൻ ഈടാക്കുകയും കൈക്കൂലി വാങ്ങുകയും ചെയ്യുന്നുവെന്നുള്ള ആരോപണമുണ്ട്. ഇത്തരം ആരോപണങ്ങൾക്ക് വിരാമമിട്ടുകൊണ്ട്, ജനങ്ങൾക്ക് വിവേചനവും ബുദ്ധിമുട്ടുമില്ലാതെ, വാഹന നിയമം ലംഘിക്കുന്നവരെ പിടികൂടാനും അവരുടെ പേരിൽ ശിക്ഷ നടപ്പാക്കാനും ഫൈൻ ഈടാക്കാനുമുള്ള സംവിധാനമാണ് 726 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിക്കുന്നതോടുകൂടി സാധ്യമാകുന്നത്. ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചതുപോലെ ഇത് ആളുകളെ ഉപദ്രവിക്കാനുള്ളതല്ല മറിച്ച്, വാഹന നിയമങ്ങൾ നടപ്പിലാക്കാനും നിയമമനുസരിച്ച് ഓടിക്കുന്നവർക്ക് സഹായം ചെയ്യാനും ഉദ്യോഗസ്ഥരുടെ അനാവശ്യ ഇടപെടലുകൾ ഒഴിവാക്കാനുംവേണ്ടിയുള്ള സംവിധാനമാണിത്. അതിനെ സ്വാഗതം ചെയ്തില്ലെങ്കിലും

ആക്ഷേപിക്കുന്നത് ശരിയാണോ എന്ന് ആത്മപരിശോധന നടത്തണം. യാത്രാസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി 243231 വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ചുകഴിഞ്ഞു. ഈ വർഷം അത് 5 ലക്ഷമായി ഉയർത്താനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. യാത്രാ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം (ITS) നടപ്പാക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. വാഹനങ്ങൾ പുറപ്പെടുന്നതും വരുന്നതുമായ സമയം, വാഹനങ്ങളുടെ റൂട്ട് മാപ്പ്, സീറ്റ് ലഭ്യത, റിസർവേഷൻ എന്നിവ ഉൾപ്പെടുന്ന ഓൺലൈൻ ആപ്ലിക്കേഷനുൾപ്പെടുന്നതാണ് ട്രാവൽ ഡിമാന്റ് മാനേജ്മെന്റ് സിസ്റ്റം. ഇ-ഓട്ടോറിക്ഷകൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. നിലവിലെ പെട്രോൾ, ഡീസൽ ഓട്ടോറിക്ഷകൾ ഇലക്ട്രിക് ഓട്ടോറിക്ഷകളായി മാറ്റുന്നതിനുള്ള റിട്രോ-ഫിറ്റ്മെന്റ് സബ്സിഡി നൽകാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഇ-മൊബിലിറ്റി പ്രൊമോഷൻ സ്കീമിന്റെ ഭാഗമായി കൂടുതൽ ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി.-യുമായി ചേർന്ന് ഗതാഗത വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. Automatic Weigh-in-Motion Bridges,

നിരീക്ഷണ ക്യാമറകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ച് നിലവിലുള്ള അതിർത്തി ചെക്ക് പോസ്റ്റുകളെ കോൺടാക്റ്റ്ലെസ് ചെക്ക് പോസ്റ്റുകളാക്കി മാറ്റാനുള്ള പദ്ധതിക്ക് രൂപം നൽകുകയാണ്. ചെക്ക് പോസ്റ്റുകളിൽ വാഹനങ്ങളെ തടഞ്ഞ് നിർത്തുന്നു, അമിതഭാരം കയറ്റിപ്പോകുന്നവരെ ചിലർ സഹായിക്കുന്നു എന്നിങ്ങനെയുള്ള പരാതികൾക്ക് Automatic Weigh-in-Motion Bridges സ്ഥാപിക്കുന്നതോടുകൂടി അന്ത്യംവരുന്നതാണ്. റോഡ് സുരക്ഷ ഉറപ്പാക്കാൻ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് മോട്ടോർ വാഹന വകുപ്പ് നിരീക്ഷണം നടത്താനുള്ള പദ്ധതിക്ക് രൂപം നൽകിക്കഴിഞ്ഞു. മോട്ടോർ വാഹന വകുപ്പ് നൽകുന്ന സേവനങ്ങൾ കടലാസ് രഹിതമാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്മാർട്ട് എൻഫോഴ്സ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആധുനിക സ്മാർട്ട് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ സജ്ജമായിക്കൊണ്ടിരിക്കുകയാണ്.

ആലപ്പുഴ ആസ്ഥാനമാക്കി 1968-ൽ ആരംഭിച്ചതാണ് ജലഗതാഗത വകുപ്പ്. 64 ബോട്ടുകളുപയോഗിച്ച് പ്രതിദിനം 80000 പേർക്കാണ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് ഇപ്പോൾ യാത്രാസൗകര്യം

ഒരുക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സ്വപ്നപദ്ധതിയായ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് അവലോകനം ചെയ്യുന്ന കോവളം-ബേക്കൽ 616 കിലോമീറ്റർ ദൈർഘ്യമുള്ള ജലപാത യാഥാർത്ഥ്യമാകുന്നതോടുകൂടി ജലഗതാഗത മേഖലയിൽ കേരളത്തിൽ വലിയ കുതിപ്പാണുണ്ടാകാൻ പോകുന്നത്. കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ റോഡിൽ ഇന്നനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാനും ചരക്കുഗതാഗതം സുഗമമാക്കാനും വിനോദ സഞ്ചാര മേഖലയിൽ വലിയ മാറ്റമുണ്ടാക്കാനും ഇടവരുന്നതാണ് കോവളം-ബേക്കൽ 616 കിലോമീറ്റർ ജലപാത. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നും നേരിട്ട് അവലോകനം നടത്തിയെന്നുള്ളത് എത്രമാത്രം ശ്രദ്ധയോടുകൂടിയാണ് അദ്ദേഹം ഈ പ്രവർത്തനത്തെ കാണുന്നതെന്നതിന് തെളിവാണ്. അത് യാഥാർത്ഥ്യമാകുന്നതോടുകൂടി കേരളത്തിന്റെ വികസനത്തിൽ വലിയ കുതിപ്പാണുണ്ടാകാൻ പോകുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ആ പദ്ധതി എന്ന് പൂർത്തിയാകും?

<u>ശ്രീ. ആന്റണി രാജു</u>: സർ, നൽകുന്ന ഉറപ്പുകളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുന്ന ഗവൺമെന്റാണ് സംസ്ഥാനം ഭരിക്കുന്നതെന്നതുകൊണ്ട് അങ്ങേയ്ക്ക് ഇതിനെക്കുറിച്ച് യാതൊരാശങ്കയും

വേണ്ട. കഴിഞ്ഞ സെപ്തംബറിൽ എറണാകുളം, ആലപ്പുഴ മേഖലകളിൽ 100-ഉം 75-ഉം സീറ്റിംഗ് കപ്പാസിറ്റിയുള്ള രണ്ട് catamaran (കറ്റാമറാൻ) ബോട്ടുകൾ ഇറക്കാൻ കഴിഞ്ഞു. 75 പാസഞ്ചർ കപ്പാസിറ്റിയുള്ള നാല് സോളാർ ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. 100 പാസഞ്ചർ കപ്പാസിറ്റിയുള്ള ഇന്ത്യയിലെ ആദ്യ സൗരോർജ്ജ വൈദ്യുത ബോട്ടിന്റെ നിർമ്മാണവും ഈ വർഷം പൂർത്തിയാക്കാൻ കഴിയും. യാത്രക്കാരെയും വിനോദസഞ്ചാരികളെയും ഒരുപോലെ ആകർഷിക്കുന്ന 90 സീറ്റുള്ള ഡബിൾഡക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട് അടുത്ത രണ്ട് മാസത്തിനുള്ളിൽ സർവ്വീസ് തുടങ്ങുന്നതാണ്. നാല് വാട്ടർ ടാക്സികൾക്ക് ഭരണാനുമതി നൽകി; ഇന്ത്യയിലാദ്യമായി രണ്ട് വാട്ടർ ടാക്സികൾ ആലപ്പുഴയിലും പറശ്ശിനിക്കടവിലും ആരംഭിച്ചുകഴിഞ്ഞു. മൂന്നാമത്തെയും നാലാമത്തെയും വാട്ടർ ടാക്സികളുടെ പണി പൂർത്തിയാക്കിവരികയാണ്. ഇന്ത്യയിലെ ആദ്യ Solar Electric RORO 2023 മാർച്ചിൽ പൂർത്തിയാകുന്നതാണ്. കണ്ടെയ്നറുകളുൾപ്പെടെ നാല് ട്രക്കുകൾ കയറ്റാവുന്ന രീതിയിലാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. 120 പേർക്ക് സഞ്ചരിക്കാവുന്ന വേഗ-2 മോഡൽ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട് ഈ വർഷാവസാനം നിർമ്മാണം പൂർത്തിയാകുന്നതാണ്. കുട്ടനാട്ടിലെ വാട്ടർ

ട്രാൻസ്പോർട്ടിന് പ്രത്യേക ശ്രദ്ധകൊടുക്കുകയും അവിടെ ഒരു പരാതിക്കും ഇടവരാത്തവിധം കാര്യങ്ങൾ ക്രമീകരിക്കണമെന്ന് പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പല കാരണങ്ങൾകൊണ്ടും ഏറെ ചർച്ചയ്ക്ക് വിധേയമായ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. നിലവിൽവന്ന 1965 മുതൽ നഷ്ടത്തിന്റെ കഥകൾ മാത്രമാണ് ഈ സ്ഥാപനത്തെക്കുറിച്ച് കേട്ടിട്ടുള്ളത്. സാധാരണ ജനങ്ങളുമായി ഏറെ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമെന്ന നിലയിലും ജനങ്ങൾ ഏറെ കരുതലോടുകൂടി നോക്കിക്കാണുന്ന മേഖലയെന്ന നിലയിലും ചെറുതും വലുതുമായ നിരവധി പ്രശ്നങ്ങളെക്കുറിച്ച് എല്ലാ ദിവസവും വാർത്തക്കിടമുള്ള സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. എന്നതുകൊണ്ട് അതിലെനിക്ക് ദുഃഖമില്ല. കോവിഡ് മഹാമാരി കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കി. യാത്രക്കാരുടെ കുറവും ഇന്ധനവില വർദ്ധനവും ഇതിനെ കൂടുതൽ പ്രതിസന്ധിയിലാക്കി. കോവിഡിനുമുമ്പ് കെ.എസ്.ആർ.ടി.സി.-യെ ആശ്രയിച്ചിരുന്നത് 28 ലക്ഷം യാത്രക്കാരായിരുന്നെങ്കിൽ കോവിഡിനുശേഷം അത് 18 ലക്ഷമായി കുറഞ്ഞു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചുരുക്കി സംസാരിക്കണം.

<u>ശ്രീ. ആന്റണി രാജു</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയവും ഇന്ധനവിലയിലുണ്ടായ അപ്രതീക്ഷിത വർദ്ധനവുമാണ് എല്ലാ കണക്കുകൂട്ടലുകളെയും പലപ്പോഴും തെറ്റിക്കുന്നത്. 2021 ഡിസംബർ മാസം ബൾക്ക് പർച്ചേസ്സായി കെ.എസ്.ആർ.ടി.സി.-ക്ക് 84.6 രൂപയ്ക്കാണ് ഡീസൽ ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ ബൾക്ക് പർച്ചേസ് ഡീസലിന്റെ വില 132 രൂപയാണ്. ഇതുമൂലം വലിയ സാമ്പത്തികാഘാതമാണ് കെ.എസ്.ആർ.ടി.സി.ക്ക് അപ്രതീക്ഷിതമായി നേരിടേണ്ടിവരുന്നത്. ഇതിനെതിരെ ഇന്ത്യയിലാദ്യമായി നീതിപീഠത്തെ സമീപിച്ച പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. ബഹുമാനപ്പെട്ട ഹൈക്കോടതി അനുകൂലവിധി പുറപ്പെടുവിച്ചതിനെതിരെ എണ്ണക്കമ്പനിക്കാർ അപ്പീൽ നൽകിയപ്പോൾ ആർബിട്രേഷന് കോടതി തീരുമാനമെടുത്തു. അതിനെതിരെ കെ.എസ്.ആർ.ടി.സി. ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുകയും ആർബിട്രേഷനുവിട്ട നടപടിയെ ബഹുമാനപ്പെട്ട സുപ്രീംകോടതി സ്റ്റേ ചെയ്തിരിക്കുകയുമാണ്. നിലവിൽ ഈ കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഇന്ധനവില വൻതോതിൽ വർദ്ധിച്ചതുമൂലം പ്രതിമാസം കോടിക്കണക്കിന് രൂപയുടെ അധികച്ചെലവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ആറേഴ്

മാസങ്ങൾക്കുമുമ്പ് കെ.എസ്.ആർ.ടി.സി. പുതിയതായി യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുടങ്ങിയതുകൊണ്ടുമാത്രമാണ് ഇതിൽനിന്നും ഒരു പരിധിവരെയെങ്കിലും പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. 2010-നുശേഷം നടപ്പാക്കാതിരുന്ന ശമ്പള പരിഷ്കരണം 2022 ജനുവരി മുതൽ നടപ്പിലാക്കിക്കൊണ്ട് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പാലിക്കുകയാണ് ചെയ്തത്. ഇതിനുവേണ്ടി പതിമൂന്നര കോടി രൂപയുടെ അധികചെലവുണ്ടായിയെന്നത് വസ്തുതയാണ്.

<u>മി. സ്പീക്കർ</u>: ഇക്കാര്യങ്ങളെല്ലാം രാവിലെ പറഞ്ഞതാണ്.

<u>ശ്രീ. ആന്റണി രാജു</u>: സർ, കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമാക്കുന്നതിന് ശ്രമകരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സുശീൽഖന്ന റിപ്പോർട്ട് സമയബന്ധിതമായി നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. മാനേജ്മെന്റിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ സുശീൽഖന്ന റിപ്പോർട്ട് ശിപാർശ ചെയ്തതുപ്രകാരം പതിറ്റാണ്ടുകൾക്കുശേഷം ആദ്യമായി കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണൽ ബോർഡ് രൂപീകരിച്ചത് ഈ ഗവൺമെന്റാണ്. 98 കേന്ദ്രങ്ങളിൽ പ്രവർത്തിച്ചിരുന്ന അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളുടെ എണ്ണം സുശീൽഖന്ന റിപ്പോർട്ടിലെ ശിപാർശപ്രകാരം ഈ മാസം 18-ാം

തീയതിമുതൽ 15 ആയി ചുരുങ്ങുകയാണ്. തിരുവനന്തപുരത്ത് രണ്ടും മറ്റ് 13 ജില്ലാ കേന്ദ്രങ്ങളിലുമാണ് ഇത് വിഭാവനം ചെയ്യുന്നത്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ മാറിക്കഴിഞ്ഞാൽ ഡിപ്പോകളുടെ പ്രവർത്തനം ബുദ്ധിമുട്ടാകുമോ; വാഹനങ്ങൾ അവിടെനിന്നും കൊണ്ടുപോകുമോ; ഓപ്പറേറ്റിംഗ് സെന്റർ പൂട്ടുമോ തുടങ്ങി നിരവധി ആശങ്കകൾ ഇതുമായി ബന്ധപ്പെട്ടുണ്ട്. 7511 ബസ്സുകളുള്ള കർണ്ണാടകത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളുടെ എണ്ണം 15 ആണ്. എന്നാൽ കേരളത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളുടെ എണ്ണം 98 ആണ്. യൂണിയൻ നേതാവെന്നനിലയിൽ മാത്രമായി ശ്രീ. എം. വിൻസെന്റ് സംസാരിക്കരുത്, ജനപ്രതിനിധിയെന്ന നിലയിൽ സംസാരിക്കണം. സ്റ്റാഫിന്റെ എണ്ണം കർണ്ണാടകത്തിൽ 35654-ഉം കേരളത്തിലിത് 26173-ഉം കർണ്ണാടകയിലെ വർക്ക്ഷോപ്പുകളുടെ എണ്ണം 16-ഉം കേരളത്തിലെ വർക്ക്ഷോപ്പുകളുടെ എണ്ണം 98-ഉം ആണ്. ഈ വരുന്ന ദിവസങ്ങളിൽ വർക്ക്ഷോപ്പുകളുടെ എണ്ണം 98 എന്നത് 22 ആക്കി കുറയ്ക്കുകയാണ്. വർക്ക്ഷോപ്പുകൾ സ്ഥാപിച്ച് പർച്ചേസ് നടത്തി സ്പെയർപാർട്സുകൾ കൊള്ളയടിക്കുന്ന ഏർപ്പാട് അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ചുരുക്കണം.

<u>ശ്രീ. ആന്റണി രാജു</u>: സർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ ജില്ലാ കേന്ദ്രങ്ങളിലേയ്ക്കാണ് മാറുന്നത്. ഏതെങ്കിലും ജില്ലാ കേന്ദ്രങ്ങളിൽ ഇപ്പോൾ സ്ഥലസൗകര്യം ലഭ്യമല്ലെങ്കിൽ തൊട്ടടുത്ത സ്ഥലസൗകര്യമുള്ളിടത്തേയ്ക്ക് മാറുകയും ജില്ലാ കേന്ദ്രങ്ങളിൽ ഓഫീസ് സംവിധാനങ്ങൾക്കുള്ള സ്ഥലസൗകര്യം ലഭ്യമാകുന്നമുറയ്ക്ക് ഈ ഓഫീസ് അങ്ങോട്ടുമാറ്റുകയും ചെയ്യുമെന്ന കാര്യത്തിൽ ഉറപ്പുനൽകുകയാണ്. 2017-ൽ വിഭാവനം ചെയ്ത കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. കാലങ്ങളായി ജൻറം ബസ്സുകൾ സ്ക്രാപ്പ് വിലയ്ക്ക് വിൽക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവരുമ്പോൾ 920 ബസ്സുകളാണ് സ്ക്രാപ്പിനായി മാറ്റിയിട്ടിരുന്നത്. അതിൽ 374 എണ്ണം വിറ്റുകഴിഞ്ഞു. എന്തുകൊണ്ടാണ് ജൻറം ബസ്സുകൾക്ക് ഈ അവസ്ഥ വരുന്നത്? ജൻറം ബസ്സുകളുടെ വലിയ തോതിലുള്ള അറ്റകുറ്റപ്പണി, ഗിയർ കേബിൾ മാറ്റേണ്ട അവസ്ഥ, കുറഞ്ഞ ഇന്ധനക്ഷമത എന്നിവമൂലം ഒരു ബസ്സ് ഒരു പ്രാവശ്യം നന്നാക്കണമെങ്കിൽ അഡീഷണലായി 25 ലക്ഷം രൂപ വേണം. ഇന്ധനക്ഷമത ഡീസൽ ബസ്സിനേക്കാൾ പകുതിയാണ്. കാലങ്ങളായി നിലച്ചുകിടന്ന തൊടുപുഴ-പാലാ ബസ് ടെർമിനൽ കോംപ്ലക്സ് പൂർത്തിയാക്കി തുറന്നുകൊടുത്തു.

അതുസംബന്ധിച്ച് അവിടത്തെ അംഗങ്ങൾ പറയട്ടെ, കോട്ടയത്തും ചങ്ങനാശ്ശേരിയിലും ആരംഭിച്ച പുതിയ യാർഡിന്റെ നിർമ്മാണം പൂർത്തിയായിവരികയാണ്. ഞാനും ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനും ചേർന്നാണ് ഈ പദ്ധതിക്ക് രൂപംനൽകിയത്. ഈ മാസംതന്നെ അത് തുറന്ന് കൊടുക്കാൻ സാധിക്കും. ഹരിപ്പാട്-മലപ്പുറം-നിലമ്പൂർ ബസ് ടെർമിനൽ കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കാനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തിവരികയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം ജി-സ്പാർക്കിലൂടെ നൽകി സുതാര്യത വരുത്താൻ കഴിഞ്ഞു. ഇതുവരെ മാന്വലായാണ് ചെയ്തുകൊണ്ടിരുന്നത്. 25000 പേർക്ക് മാന്വലായി അറ്റൻഡൻസ് എടുത്ത് ശമ്പളം നൽകുന്ന രീതി എത്രമാത്രം വികലമാണെന്ന് നമുക്കറിയാം. ജി-സ്പാർക്ക് സംവിധാനം 2022 ജൂലൈയിൽ നിലവിൽ വന്നതോടുകൂടി അതിന് അവസാനമുണ്ടായിരിക്കുകയാണ്.

ഗ്രാമവണ്ടിയെക്കുറിച്ചുകൂടി സൂചിപ്പിച്ച് അവസാനിപ്പിക്കുകയാണ്. എത്ര ഗ്രാമവണ്ടി ഓടിയെന്ന് ബഹുമാനപ്പെട്ട സി. ആർ. മഹേഷ് ചോദിച്ചു. കഴിഞ്ഞ ഡിമാൻഡിൽ പറഞ്ഞതുകൊണ്ട് പിറ്റേദിവസം വണ്ടി ഓടിക്കാൻ സാധിക്കുമോ? ഗ്രാമപഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും

പ്രവർത്തന പദ്ധതികളിൽ ഉൾക്കൊള്ളിച്ച്, അതിനുള്ള പണം കണ്ടെത്തി മാറ്റിവച്ചാൽ മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള ബൃഹത്തായ പദ്ധതിയാണ് നടന്നുകൊണ്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും ഞാനും നിരന്തരം യോഗം ചേർന്ന് ഉത്തരവിറക്കിയതിന്റെ പശ്ചാത്തലത്തിൽ ഗ്രാമവണ്ടി പദ്ധതി യാഥാർത്ഥ്യമാകുകയാണ്. ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ പിന്തുണയെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലാണ് ഈ പദ്ധതി ആദ്യഘട്ടത്തിൽ തുടങ്ങുന്നത്. പാറശ്ശാല എം.എൽ.എ. ശ്രീ. സി. കെ. ഹരീന്ദ്രന്റെ നേതൃത്വത്തിൽ പഞ്ചായത്തുകളുമായി യോജിച്ച് നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി ഗ്രാമവണ്ടി പദ്ധതിയുടെ പ്രഖ്യാപനം ജൂലൈ 30-ാം തീയതി കേരളത്തിന്റെ തെക്കേയറ്റത്തെ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിൽനിന്നും ജൈത്രയാത്ര ആരംഭിക്കുകയാണ്. പ്രതിപക്ഷ എം.എൽ.എ.-മാരോട് എനിക്ക് പറയാനുള്ളത്, ഇവിടെയിരുന്ന് 'വണ്ടിയില്ല' എന്നുപറഞ്ഞിട്ട് കാര്യമില്ല. അവരവരുടെ നിയോജകമണ്ഡലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ യോജിപ്പിച്ച് ഇതിനായി മുൻകയ്യെടുക്കണം. ഇന്ധനം മാത്രം

നിറച്ചാൽമതി, വണ്ടി ഞങ്ങൾ വാങ്ങും, കണ്ടക്ടറെയും ഡ്രൈവറെയും തരും, മെയിന്റനൻസും നടത്തും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്പോൺസർമാരെയും കണ്ടെത്താം. പാറശ്ശാലയിൽ ആരംഭിക്കുന്ന ഈ പദ്ധതി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കാൻ ജനപ്രതിനിധികൾ മുന്നോട്ടുവരണം. ഇന്ത്യയിലാദ്യമായാണ് ഗ്രാമവണ്ടി പദ്ധതി ആരംഭിക്കുന്നത്. സ്വാതന്ത്ര്യം ലഭിച്ച് 75 വർഷം കഴിഞ്ഞിട്ടും ഇന്നും വാഹനങ്ങൾ എത്തിച്ചേരാത്ത ഗ്രാമങ്ങൾ കേരളത്തിലുണ്ട്. അത്തരം ഗ്രാമങ്ങളിൽ ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കി കേരളത്തിലെ ഗതാഗത പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ സാധിക്കുന്നതാണ്. സമയക്കുറവുള്ളതുകൊണ്ട് കൂടുതലൊന്നും പറയുന്നില്ല; പ്രസംഗം അവസാനിപ്പിക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. ന

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ വളരെ ഗുരുതരമായ ആക്ഷേപം ഉന്നയിച്ച് ഇന്ത്യൻ ഭരണഘടനയെ അവഹേളിച്ചുകൊണ്ടും ഭരണഘടനാ ശിൽപ്പികളെ അപകീർത്തിപ്പെടുത്തിക്കൊണ്ടും മതേതരത്വത്തെയും ജനാധിപത്യത്തെയും

തള്ളിപ്പറഞ്ഞുകൊണ്ടും സത്യപ്രതിജ്ഞാലംഘനം നടത്തിയിരിക്കുകയാണ്. ഒരു നിമിഷംപോലും മന്ത്രിക്കസേരയിൽ ഇരിക്കാൻ അദ്ദേഹം യോഗ്യനല്ല. അതുകൊണ്ട് അദ്ദേഹം രാജിവയ്ക്കണം. രാജി വച്ചില്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മന്ത്രിസഭയിൽനിന്ന് അദ്ദേഹത്തെ പുറത്താക്കണം. അത് ചെയ്യാത്തതുകൊണ്ട് അദ്ദേഹത്തിന്റെ മറുപടി ഞങ്ങൾ പൂർണ്ണമായി ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഇതുസംബന്ധിച്ച് എനിക്കുള്ള മറുപടി പറയാൻ സാധിക്കില്ലേ?

മി. സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാനുള്ള അവസരമാണ്. അങ്ങ് സംക്ഷിപ്തമായി സംസാരിക്കൂ.

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ആക്ഷേപം ഞാൻ തള്ളിക്കളയുന്നു. മല്ലപ്പള്ളിയിൽ നടന്ന ഒരു പരിപാടിയിൽ ഞാൻ ഭരണഘടനയെ വിമർശിച്ചുവെന്ന രീതിയിൽ വരുന്ന വാർത്തകൾ വളച്ചൊടിക്കപ്പെട്ടതാണ്. അവിടെ സി.പി.ഐ.(എം)-ന്റെ ഒരു

പാർട്ടി പ്രോഗ്രാമായിരുന്നു. ഭരണഘടനയെ ബഹുമാനിക്കുകയും അതിന്റെ ഉദാത്തമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന പൊതുപ്രവർത്തകനാണ് ഞാൻ. ഞാനുൾപ്പെടുന്ന പ്രസ്ഥാനം ഭരണഘടനയെയും അത് ഉയർത്തിപ്പിടിച്ചിട്ടുള്ള മൂല്യങ്ങളെയും സംരക്ഷിക്കണമെന്ന ആവശ്യം രാജ്യമെമ്പാടും ഉയർത്തിപ്പിടിക്കുന്നതിന് മുൻപന്തിയിലാണ്. നമ്മുടെ ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങൾ സാമൂഹിക നീതിയും സാമ്പത്തിക സുരക്ഷയും എല്ലാവർക്കും ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇവ നടപ്പിലാക്കി കിട്ടണമെന്ന ആവശ്യവുമായി കോടതിയെ സമീപിക്കാനുള്ള അവകാശം ഭരണഘടനയിൽ എഴുതിച്ചേർക്കപ്പെട്ടിട്ടില്ല. രാജ്യത്ത് ചൂഷണം ചെയ്യപ്പെടുന്ന ജനകോടികൾക്ക് നീതി ലഭിക്കണമെങ്കിൽ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങൾക്ക് കൂടുതൽ ശാക്തീകരണം അനിവാര്യമാണ്. അല്ലെങ്കിൽ വർദ്ധിച്ചുവരുന്ന അസമത്വങ്ങൾക്കെതിരെ പ്രതിരോധം തീർക്കുന്നതിൽ ഭരണഘടനയ്ക്ക് ശക്തിയുണ്ടാകില്ല എന്ന ആശങ്കയാണ് ഞാൻ എന്റേതായ വാക്കുകളിൽ പ്രകടിപ്പിച്ചത്. ഒരിക്കൽപ്പോലും ഭരണഘടനയ്ക്ക് അവമതിപ്പുണ്ടാക്കാനോ അതിനെതിരായ കാര്യങ്ങൾ പറയാനോ ഞാൻ ഉദ്ദേശിച്ചിട്ടില്ല. സ്വതന്ത്ര ഭാരതത്തിൽ നമ്മുടെ ഭരണകൂട

സംവിധാനങ്ങൾ ഈ തത്വങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതിന്റെ ഫലമായി സാമ്പത്തിക-സാമൂഹിക അസമത്വങ്ങൾ വർദ്ധിച്ചുവന്നിരിക്കുകയാണ്. നിർദ്ദേശക തത്വങ്ങൾക്ക് ഊടും പാവും നൽകുന്ന നിയമനിർമ്മാണം നടത്താൻ ശ്രമംനടത്തിയ ഇടതുപക്ഷ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരുകളെ ഭരണഘടനയുടെ വകുപ്പുകൾ ദുരുപയോഗം ചെയ്ത് അട്ടിമറിച്ച അനുഭവവും നമ്മുടെ മുമ്പിലുണ്ട്. കേരളം അതിനുദാഹരണമാണ്. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷത, ജനാധിപത്യം, ഫെഡറൽ സംവിധാനം എന്നീ തത്വങ്ങൾ കടുത്ത വെല്ലുവിളിയാണ് വർത്തമാനകാലത്ത് നേരിട്ടുകൊണ്ടിരിക്കുന്നത്. തൊഴിലാളികൾക്കുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിന് നിലവിലുണ്ടായിരുന്ന നിയമങ്ങളെല്ലാം റദ്ദാക്കിക്കൊണ്ട് ലേബർ കോഡുകൾ രാജ്യത്ത് അടിച്ചേൽപ്പിച്ചത് കൊടിയ ചൂഷണത്തിന് വഴിവയ്ക്കുമെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഇതെല്ലാം രാജ്യത്ത് ഭരണത്തിന് നേതൃത്വം നൽകുന്ന ഭരണകൂട സംവിധാനങ്ങൾ സ്വീകരിക്കുന്ന നയങ്ങളുടെ ഫലമാണ്. ഈ നയങ്ങളാണ് ഭരണഘടനയുടെ അന്തഃസത്തയെയും മൂല്യങ്ങളെയും തകർക്കുന്നത് എന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഭരണഘടനാ നിർമ്മാതാക്കളുടെ വീക്ഷണം സാർത്ഥകമാകാതെ പോയത് ഇതുവരെയുള്ള

കേന്ദ്ര സർക്കാരുകളുടെ രാഷ്ട്രീയ-ജനവിരുദ്ധ നയങ്ങളുടെ ഫലമാണ്. സ്വാതന്ത്ര്യം ലഭിച്ച് 75 വർഷമായിട്ടും നമ്മുടെ രാജ്യത്ത് മഹാഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങൾക്ക് സാമൂഹ്യനീതി നിഷേധിക്കപ്പെടുന്നത് ചൂണ്ടിക്കാണിക്കുകയെന്ന ഒരു പൊതുപ്രവർത്തകന്റെ കടമ നിർവ്വഹിക്കുക മാത്രമാണ് ഞാൻ ചെയ്തിട്ടുള്ളത്. എന്റെ ഈ പ്രസംഗ സന്ദർഭത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ സർവ്വശ്രീ മാത്യു ടി. തോമസും പ്രമോദ് നാരായണും പങ്കെടുത്തിട്ടുണ്ട്. ഞാൻ എന്റെ പ്രസംഗത്തിന്റെ ആദ്യാവസാനം ഭരണഘടനയെ ബഹുമാനിച്ചുകൊണ്ടും അംഗീകരിച്ചുകൊണ്ടും ഒരു രാഷ്ട്രീയ പ്രസംഗം നടത്തി. അവിടെയുണ്ടായിരുന്ന ഒരാൾക്കും വ്യത്യസ്ത അഭിപ്രായം ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. എങ്കിൽപ്പോലും മേൽപ്പറഞ്ഞ കാര്യങ്ങൾ ശക്തിയായി ഞാൻ അവതരിപ്പിക്കുമ്പോൾ എന്റേതായ ഒരു ശൈലിയിൽ അവതരിപ്പിച്ചു. ഏതെങ്കിലും രീതിയിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടാനും ഞാൻ ഉദ്ദേശിക്കാത്ത കാര്യങ്ങൾക്ക് പ്രചരണം ലഭിക്കാനും ഇടവന്നിട്ടുണ്ടെങ്കിൽ രാജ്യത്തിന്റെ ഭരണഘടനയോട് കൂറും വിധേയത്വവുമുള്ള ഒരു മന്ത്രിയെന്ന നിലയിൽ, ഒരു വ്യക്തിയെന്ന നിലയിൽ ഞാൻ അതിയായ ദുഃഖവും ഖേദവും പ്രകടിപ്പിക്കുന്നുവെന്ന കാര്യം സഭയെ ബോധ്യപ്പെടുത്താൻ ഞാൻ

ആഗ്രഹിക്കുകയാണ്.

മത്സ്യബന്ധന വകുപ്പിനെ സംബന്ധിച്ച് ഒട്ടേറെ നിർദ്ദേശങ്ങളും ഭാവിയിൽ നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള അഭിപ്രായങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്ന് വന്നിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് ഇപ്പോൾ കാര്യങ്ങൾ നടപ്പിലാക്കിവരുന്നത്. 590 കിലോമീറ്റർ നീളത്തിൽ കരയിൽനിന്ന് 12 നോട്ടിക്കൽ മൈൽവരെ ഏകദേശം 13,000 സ്ക്വയർ കിലോമീറ്ററുള്ള കേരളത്തിന്റെ സമുദ്ര അധികാരപരിധി നമുക്കുണ്ടെങ്കിൽപ്പോലും ഇത് കേന്ദ്ര സർക്കാരിന്റെകൂടി വിഷയമെന്ന നിലയിൽ ഇവിടെയുണ്ടാകുന്ന ചെറുതും വലുതുമായ എല്ലാ പ്രശ്നങ്ങളും കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുത്തിക്കൊണ്ടുമാത്രമേ നമുക്ക് കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ. എന്നാൽ നമ്മുടെ കഴിവിന്റെയും അധികാരപരിധിയുടെയും ഉള്ളിൽനിന്നുകൊണ്ട് കഴിഞ്ഞ ആറുവർഷം ചെയ്യാവുന്നതിന്റെ പരമാവധി സഹായം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ടെന്ന കാര്യം അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. രാവിലെ നടന്ന ചർച്ചയിൽ ഭവനനിർമ്മാണത്തെ സംബന്ധിച്ച് പറഞ്ഞു. ലൈഫ് മിഷൻ വഴി

നിശ്ചയിക്കപ്പെട്ട 5700-ഓളം പേർക്ക് ഭവനം നിർമ്മിക്കുന്ന പദ്ധതി മുന്നോട്ടുപോകുന്നു. അതുകൂടാതെ പുനർഗേഹം പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം അത് ഒഴിവാക്കി 60,000/- രൂപ ഗുണഭോക്താക്കൾക്ക് കൂടുതലായി ലഭിക്കുന്ന സ്ഥിതിയുണ്ടാക്കി. ഭൂമി പരിത്യജിക്കുക എന്ന വ്യവസ്ഥ ഒഴിവാക്കി. ആ നിലയിൽ തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നവരെ പൂർണ്ണമായും പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ ബൃഹത് പദ്ധതി പ്രകാരം 276 ഭവനസമുച്ചയങ്ങൾ പൂർത്തീകരിച്ച് കൊടുത്തുകഴിഞ്ഞു. മാറിത്താമസിക്കാൻ താൽപ്പര്യപ്പെടുന്ന 8235 പേരിൽ 3305 പേർക്ക് ഭൂമി കണ്ടെത്തി രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 1451 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ഇപ്പോൾ ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരികയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒരു കാര്യം പൊതുവായി സഭയിൽ പറയാൻ ആഗ്രഹിക്കുകയാണ്. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി നൽകുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ മുൻകയ്യെടുക്കണമെന്ന്

സൂചിപ്പിക്കുകയാണ്. കേരളത്തിന്റെ ഭവനനിർമ്മാണ രംഗത്ത് വലിയൊരു പദ്ധതി ഗവൺമെന്റ് നടപ്പാക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തീകരിക്കുമ്പോൾ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ഭവനമുള്ള സംസ്ഥാനമായി കേരളം മാറുമെന്ന കാര്യത്തിൽ സംശയം വേണ്ട എന്ന് ഞാൻ ഉറപ്പിച്ചുപറയുകയാണ്. അപകട ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് ചരിത്രപരമായ ദൗത്യമാണ് നിർവ്വഹിച്ചത്. കേരളത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കഴിഞ്ഞ 15 വർഷമായി ഇൻഷ്വറൻസ് തുക ലഭിക്കാതിരുന്ന പ്രശ്നം ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചു. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു തിരുവനന്തപുരത്തും ഞാൻ കോഴിക്കോടും രണ്ട് അദാലത്തുകൾ നടത്തി. മരണപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ 201 അപേക്ഷകളിന്മേലാണ് തീരുമാനമെടുത്തത്. അവരുടെ കണ്ണുനീർ കാണുക എന്നത് പ്രയാസകരമായിരുന്നു. 201 അപേക്ഷകളിൽ 146 അപേക്ഷകൾ തീർപ്പാക്കിയെന്ന് ഞാൻ അഭിമാനത്തോടെ പറയുന്നു. 14.21 കോടി രൂപ ഇൻഷ്വറൻസ് കമ്പനിയിൽനിന്ന് മത്സ്യത്തൊഴിലാളികൾക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം വാങ്ങിക്കൊടുത്തു. അവശേഷിക്കുന്ന 55 കേസ്സുകൾ പല കാരണങ്ങളാൽ പരിഹരിക്കപ്പെടാൻ കഴിയാത്തവയാണ്.

ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നിട്ടുണ്ട്. അതോടൊപ്പം ഹാർട്ട് അറ്റാക്കുപോലുള്ള ചില പ്രത്യേക കാരണങ്ങൾകൊണ്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് 7 വർഷം കഴിഞ്ഞതിനുശേഷം മാത്രമേ ഇൻഷ്വറൻസ് തുക ലഭിക്കുകയുള്ളൂവെന്ന കാര്യംകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് വേഗത്തിൽതന്നെ മുഴുവൻ പേർക്കും ഇൻഷ്വറൻസ് തുക ലഭിക്കാനുള്ള നടപടി പൂർത്തീകരിക്കുന്നതാണ്. ഇതിനേക്കാൾ സുപ്രധാനമായ ഒരു തീരുമാനംകൂടി ഗവൺമെന്റ് എടുത്തു. കടലിൽവച്ച് അപകടത്തിൽപ്പെട്ട് മരണമടയുന്ന എല്ലാവർക്കും ഇൻഷ്വറൻസ് കിട്ടില്ല. ചില മത്സ്യത്തൊഴിലാളികൾ ഇൻഷ്വറൻസ് ഇല്ലാതെയായിരിക്കും കടലിൽ പോയിട്ടുള്ളത്. അതുപോലെതന്നെ ഹാർട്ട് അറ്റാക്ക് വന്നാൽ ഇൻഷ്വറൻസ് ലഭിക്കില്ല. കടലിൽപ്പോയ മത്സ്യത്തൊഴിലാളികൾക്ക് ഏത് കാരണത്താൽ മരണം സംഭവിച്ചാലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 5 ലക്ഷം രൂപ നൽകുന്ന പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി വലിയഴീക്കൽ മരണപ്പെട്ട 4 പേരുടെ കുടുംബങ്ങൾക്ക് പണം നൽകിക്കഴിഞ്ഞു. ഇന്ത്യയിൽ ആദ്യമായി ഇത്തരമൊരു പദ്ധതി നടപ്പാക്കുന്ന സംസ്ഥാനം കേരളമാണ്. 1,44,831 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കോവിഡ്, ചുഴലിക്കാറ്റ്, തുടങ്ങിയ

വിഷയങ്ങളുമായി ബന്ധപ്പെട്ട് സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. അതുപോലെതന്നെ എടുത്തുപറയേണ്ട മറ്റൊരു കാര്യം, കാലാവസ്ഥാ മുന്നറിയിപ്പുമൂലം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിലേയ്ക്കുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ഇന്ത്യയിൽ ആദ്യമായി നടപ്പാക്കുന്നത് കേരളത്തിലാണ്. മത്സ്യ ബോർഡ് മുഖാന്തരം 32 കോടി രൂപയും രണ്ട് ഘട്ടങ്ങളിലായി മത്സ്യവകുപ്പ് മുഖാന്തരം 48 കോടി രൂപയും 18 കോടി രൂപയുമുൾപ്പെടെ 100 കോടിയോളം രൂപയുടെ ധനസഹായം 2021-22 വർഷത്തിൽ കൊടുത്തുകഴിഞ്ഞു. ഇന്ത്യയിലാദ്യമായാണ് ഇങ്ങനെയൊരു പദ്ധതി നടപ്പിലാക്കിയത്. അതും അഭിമാനകരമായ ഒരു പദ്ധതിയാണ്. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പുതിയ ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിച്ച് അവിടെ 36 പുതിയ തസ്തികകൾ സൃഷ്ടിച്ചത് അഭിമാനകരമായ നേട്ടമാണ്. വനിതാ മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് സൗജന്യ യാത്ര ഒരുക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് നടപ്പാക്കുന്ന 'സമുദ്ര' ബസ് സർവ്വീസ് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനമായി ഇത് മാറിയിരിക്കുകയാണ്. മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും സംബന്ധിച്ച

നിയമം നിയമസഭ പാസ്സാക്കി അതിന്റെ ചട്ടം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആ നിയമം നടപ്പാക്കുന്നതോടുകൂടി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ പൂർണ്ണമായും രക്ഷിക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. കാൻസർ, വൃക്ക മാറ്റിവയ്ക്കൽ, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയവയ്ക്കുള്ള ചികിത്സാ ധനസഹായ പദ്ധതി മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം 178 മത്സ്യത്തൊഴിലാളികൾക്ക് 40,46,055 രൂപ ഈ പദ്ധതിയിൽ ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞു. 'സാന്ത്വന തീരം' എന്ന ബൃഹത് പദ്ധതിയിലേയ്ക്ക് മാറുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് കടൽ സുരക്ഷ സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. അതിന്റെ ഭാഗമായി കടൽക്ഷോഭം രൂക്ഷമായി അനുഭവപ്പെടുന്ന പത്ത് ഹാർബറുകളിൽ ആവശ്യമായ സുരക്ഷാ സ്ക്വാഡുകളെ നിയോഗിച്ച് അവർക്കാവശ്യമായ യാനങ്ങൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ പൂർത്തിയായിക്കഴിഞ്ഞുവെന്ന് അഭിമാനത്തോടെ പറയുന്നു. തൊഴിലാളികൾക്ക് അപകടമുണ്ടാവുകയാണെങ്കിൽ അവരെ സംരക്ഷിക്കുന്നതിനുള്ള സുരക്ഷാസംവിധാനം വിഴിഞ്ഞം, നീണ്ടകര,

വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ, ആലപ്പുഴ, തൃശ്ശൂർ, പൊന്നാനി, കാസർഗോഡ്, മുതലപ്പൊഴി തുടങ്ങിയ എല്ലാ ഹാർബറുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ലക്ഷം തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുകയെന്നത് ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രഖ്യാപനമാണ്. ഫിഷറീസ് വകുപ്പ് വ്യവസായ വകുപ്പുമായി ചേർന്ന് ധാരാളം പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണ്. വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി Society for Assistance to Fisherwomen (SAF) വഴി നൂറുകണക്കിന് പുതിയ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തിക്കഴിഞ്ഞു. ഏതാണ്ട് 150 സൂക്ഷ്മ തൊഴിൽ സംരംഭങ്ങളും 400 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും രൂപീകരിക്കുകയും അതുമായി ബന്ധപ്പെട്ട മറ്റുപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ അനാഥരാകില്ല. അവരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതിപ്രകാരം പന്ത്രണ്ട് കുട്ടികളെ ഗവൺമെന്റ് ദത്തെടുത്തു. ബഹുമാനപ്പെട്ട അംഗങ്ങൾ മണ്ണെണ്ണയുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. അതുസംബന്ധിച്ച് രാവിലെ പറഞ്ഞതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതിനെതിരെ യോജിച്ചുള്ള സമരമാർഗ്ഗത്തെപ്പറ്റിയാണ് ഞാൻ രാവിലെ പറഞ്ഞത്. ഏതാണ്ട് ഒരു ലക്ഷം കിലോ ലിറ്റർ മണ്ണെണ്ണ

കേരളത്തിനാവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നിലപാട് തിരുത്തണമെന്ന് ശക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെ ഭാഗമായി ഒറ്റ ദിവസംകൊണ്ട് സിവിൽ സപ്ലൈസ് വകുപ്പും ഫിഷറീസ് വകുപ്പുംചേർന്ന് ഫെബ്രുവരി 27-ന് മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന 14,332 എഞ്ചിനുകളിലും മണ്ണെണ്ണ പെർമിറ്റിനുള്ള പരിശോധന നടത്തിയത് ഈ ഗവൺമെന്റിന്റെ കാലത്താണെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. സ്കൂൾ കെട്ടിടങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ, ഹാർബറുകളുടെ നവീകരണം തുടങ്ങിയ ആവശ്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പല കാര്യങ്ങളിലും ഇതിനകം ഇടപെടാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ധാരാളം വികസന പ്രവർത്തനങ്ങൾ ഫിഷറീസ് മേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. തീരസംരക്ഷണം മത്സ്യവകുപ്പിന്റെ കീഴിലല്ലെങ്കിലും കേരള ചരിത്രത്തിലാദ്യമായി ഏറ്റവും കൂടുതൽ പണം ഇറിഗേഷൻ വകുപ്പ് ആ മേഖലയിൽ ചെലവാക്കിയിട്ടുണ്ട്. യാതൊരു ബുദ്ധിമുട്ടുകളുമുണ്ടാകാത്ത രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. മത്സ്യകൃഷി വ്യാപനം, 'എവിടെയെല്ലാം ജലാശയമുണ്ടോ അവിടെയെല്ലാം മത്സ്യകൃഷി' നടത്തുക, കുളങ്ങളിലെ മത്സ്യകൃഷി എന്നിവ

പ്രോത്സാഹിപ്പിച്ചുവരുന്നു. ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ എന്ന പുതിയ സംവിധാനം എല്ലാ ജില്ലകളിലും രൂപീകരിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും ഡിമാന്റുള്ള മത്സ്യങ്ങളായ കരിമീൻ, കാളാഞ്ചി, വനാമി ചെമ്മീൻ, വരാൽ, പൂമീൻ, തിലോപ്പി, കല്ലേമുട്ടി മുതലായ മത്സ്യയിനങ്ങൾ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പുമന്ത്രിയുമായി രണ്ട് യോഗങ്ങൾ ചേർന്നിട്ടുണ്ട്. 'ഒരു നെല്ലും ഒരു മീനും' കൃഷി വ്യാപകമായി നടപ്പാക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. മത്സ്യഫെഡ് സഹകരണ സംഘങ്ങളുമായി ചേർന്ന് 112 ഫിഷ് ഔട്ട്ലെറ്റുകൾ ആരംഭിച്ചു. ഉൾനാടൻ മത്സ്യമേഖലയിലെ റിസർവോയറുകളിൽ ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾകൂടി വിൽപ്പന നടത്തുന്നതിനുള്ള ഔട്ട്ലെറ്റുകൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും ഈ വർഷം ഓരോ ഔട്ട്ലെറ്റുകൾ വീതം ആരംഭിച്ച് ഉൽപ്പാദിപ്പിക്കുന്ന മത്സ്യം ന്യായവിലയ്ക്ക് എടുത്ത് മത്സ്യത്തൊഴിലാളിക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വമെടുക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പാക്കിക്കൊണ്ടുള്ള പ്രവർത്തനവും ഈ കാലയളവിൽ നടപ്പാക്കിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ

പതിനാല് പദ്ധതികൾ ഇ-സേവനത്തിൽ ഉൾപ്പെടുത്തിയകാര്യം അറിയിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. വരുന്ന അഞ്ചുവർഷക്കാലം നടപ്പാക്കാൻ പോകുന്നതും കഴിഞ്ഞ അഞ്ചുവർഷക്കാലത്തെയും പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കാൻ ഒരുപാട് കാര്യങ്ങളുണ്ട്, അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോൾ കണ്ണുനീരില്ലാത്ത തീരം കേരളത്തിലുണ്ടാകുമെന്ന് ഉറപ്പുപറയുകയാണ്.

മത്സ്യഫെഡിലെ പണാപഹരണവുമായി ബന്ധപ്പെട്ട് അനാവശ്യമായ ആരോപണം യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുമുണ്ടായി. 'അന്തിപ്പച്ച' വാഹനംവഴി മത്സ്യം വിറ്റ പണം ബാങ്കിൽ നിക്ഷേപിക്കുന്നതിൽ കൊല്ലം കോമൺ പ്രീ-പ്രോസസിംഗ് സെന്ററിൽ (സി.പി.സി.) സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറെ അന്വേഷണത്തിനായി ചുമതലപ്പെടുത്തി. ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ സി.പി.സി.-യിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ സെന്ററിലെ കരാർ ജീവനക്കാരനും അക്കൗണ്ടന്റുമായിരുന്ന എം. മഹേഷ്, അന്തിപ്പച്ച യൂണിറ്റുകളിൽനിന്നും മത്സ്യം വിറ്റവകയിൽ ലഭിക്കുന്ന ഡെയ്‌ലി സെയിൽസ് റിപ്പോർട്ടുപ്രകാരമുള്ള

യഥാർത്ഥ തുക മറച്ചുവച്ച് കുറഞ്ഞ തുക മാത്രം ക്യാഷ് ബുക്കിലും ടാലി സിസ്റ്റത്തിലും രേഖപ്പെടുത്തുകയും ഇപ്രകാരം രേഖപ്പെടുത്തുന്ന തുകമാത്രം ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തുകൊണ്ട് 90 ലക്ഷം രൂപയുടെ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട് വിഭാഗം കൈകാര്യം ചെയ്തിരുന്ന താൽക്കാലിക ജീവനക്കാരനായ എം. മഹേഷിനെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും സ്ഥിരം ജീവനക്കാരനായ കെ. അനിമോനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. ഇവർക്കെതിരെ പോലീസിൽ പരാതി നൽകുകയും മഹേഷിനെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കരാർ വ്യവസ്ഥയിൽ പുനർനിയമനം നൽകിയ മണിയപ്പനെ കരാർ കാലാവധി 31-05-2022-ന് അവസാനിച്ചമുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, കോമൺ പ്രീ-പ്രോസസിംഗ് സെന്ററിന്റെ മാനേജർ ചുമതല വഹിച്ചിരുന്ന ലിസി അഗസ്റ്റിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും നീതു പി. എസ്., പ്രോജക്ട് ഓഫീസർ (കരാർ), സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), എസ്. അനീഷ് എന്നിവരെ സർവ്വീസിൽനിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 20-10-2021-ന് സംഘത്തിന്റെ

ചാർജെടുത്ത ഡോ. എൻ. നൗഷാദിന്റെ വിശദീകരണം വാങ്ങി നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ഈ സ്ഥാപനത്തിൽ നടന്ന അഴിമതിയെക്കുറിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യഫെഡിൽ നടന്നിട്ടുള്ള മുഴുവൻ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ച കാര്യം സഭയെ അറിയിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മറ്റ് കാര്യങ്ങളൊന്നും വിശദീകരിക്കുന്നില്ല; എന്നാലും ഒന്നുരണ്ട് കാര്യങ്ങൾ പറയാതെ പോകാൻ പറ്റില്ല.

മി. സ്പീക്കർ: ഇപ്പോൾ തന്നെ സമയം അതിക്രമിച്ചിരിക്കുന്നു.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ കൃത്യസമയത്തുതന്നെ അവസാനിപ്പിക്കാം. ധാരാളം രാഷ്ട്രീയ പ്രശ്നങ്ങൾ ഇവിടെ ചർച്ചചെയ്യുവന്നു. കേരളത്തിൽ തുടർഭരണം വന്നതാണ് യു.ഡി.എഫ്.-ന്റെ പ്രശ്നം. ഇവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങൾ അവർക്ക് സഹിക്കാൻ കഴിയുന്നില്ല. ആ വികസന പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുന്നതിനുവേണ്ടി ക്ഷേമപ്രവർത്തനങ്ങളെ തകർക്കണം. ഒരുപാട് പ്രതിസന്ധികളിലൂടെയാണ്

കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ചുവർഷം മുന്നോട്ടുപോയത്. വികസന പ്രവർത്തനങ്ങളെ ഇല്ലായ്മചെയ്ത് കേരളത്തിൽ അരാജകത്വം സൃഷ്ടിക്കാൻ നടത്തുന്ന ബോധപൂർവ്വമായ ശ്രമമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ചെറിയ കാര്യങ്ങൾപോലും ഉയർത്തിക്കൊണ്ടുവന്ന് ആളുകളെ വ്യക്തിപരമായി ആക്ഷേപിക്കുകയും മോശപ്പെടുത്തുകയും കുടുംബാംഗങ്ങളെ ആക്ഷേപിക്കുകയും ചെയ്യുകയാണ്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പ്രതിപക്ഷം കൊണ്ടുവന്ന ഒരുപാട് വിവാദങ്ങളിലൊന്നാണ് സ്പ്രിംഗ്ലർ. അക്കാര്യം ഇവിടെ ഏറ്റവും ശക്തമായി ഉന്നയിച്ചത് ശ്രീ. രമേശ് ചെന്നിത്തലയാണ്. അദ്ദേഹത്തിനും എനിക്കും അറിയാവുന്നൊരു കാര്യമുണ്ട്. ബിഷപ്പ്മൂർ കോളേജിലെ പ്രൊഫസറായിരുന്ന എന്റെ അദ്ധ്യാപകൻ കെ. പി. തോമസിന്റെ മകനായ ശ്രീ. രാജി തോമസാണ് സ്പ്രിംഗ്ലറിന്റെ ഉടമ. മാവേലിക്കര കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിനോട് ചേർന്നാണ് അദ്ദേഹത്തിന്റെ വീട്. കോൺഗ്രസ് കുടുംബമാണ് അദ്ദേഹത്തിന്റേത്. ശ്രീ. രാജി തോമസിന്റെ കമ്പനിയുമായി ബന്ധപ്പെട്ട് ഒരു കാര്യവുമില്ലാത്ത വിവാദമാണ് ഇവിടെ ഉന്നയിച്ചത്. 20 കോടിയോളം രൂപ മുടക്കി കേരളത്തെ കോവിഡ് സമയത്ത് സഹായിക്കാനായി താൽപ്പര്യപ്പെട്ട് മുന്നോട്ടുവന്ന ഏജൻസിയെ

ആക്ഷേപിച്ച് തിരിച്ചയയ്ക്കുകയായിരുന്നു. ഞാൻ ഈ വിഷയം ഇവിടെ ഉന്നയിക്കാൻ കാര്യം, അത് മറ്റ് തരത്തിലേയ്ക്കുള്ള ആക്ഷേപങ്ങളിലേയ്ക്ക് എത്തിയിരിക്കുന്നു. അതിലേയ്ക്കൊന്നും ഞാനിപ്പോൾ പോകുന്നില്ല. ഒരുകാരണവശാലും ഇത്തരം കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ പാടില്ലെന്ന് ഇപ്പോഴിവിടെ പ്രതിപക്ഷമില്ലെങ്കിലും മനസ്സിലാക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പക്ഷേ സ്പ്രിംഗ്ലർ വിവാദം, ബ്രൂവറി വിവാദം, ഊരാളുങ്കൽ വിഷയം, കിഫ്ബി മസാല ബോണ്ട്, ഹെലികോപ്റ്റർ വിവാദം, സംസ്ഥാനത്തിന്റെ കടം, ബിരിയാണി ചെമ്പ് എന്നീ വിഷയങ്ങളൊന്നും ക്ലച്ച് പിടിച്ചില്ല. ഇതെല്ലാം ക്ലച്ച് പിടിക്കാതെ വന്നപ്പോൾ എങ്ങനെയെങ്കിലും കേരളത്തിലെ ഇടതുപക്ഷത്തെ തകർക്കുന്നതിന് കമ്മ്യൂണിസ്റ്റ്-ഇടതുപക്ഷ വിരുദ്ധരെ ഒന്നിപ്പിച്ചുകൊണ്ടുള്ള നീക്കമാണ് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനെ അതിശക്തമായ രാഷ്ട്രീയ നിലപാടിലൂടെ അതിജീവിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും ഗവൺമെന്റിനും കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുംവേണ്ട. ആഴക്കടൽ മത്സ്യബന്ധനത്തിന്റെ ഭാഗമായി കേരളത്തെ അമേരിക്കയ്ക്ക് അടിയറവച്ചുവെന്ന ആക്ഷേപവും സഭയിൽ ഉന്നയിക്കപ്പെട്ടതാണ്. അതെല്ലാം ഏതുവഴി പോയെന്നുപോലും അറിയില്ല. ആ ആരോപണങ്ങളൊന്നും

ഇപ്പോൾ അന്തരീക്ഷത്തിലില്ല. എനിക്ക് ഏറ്റവും സ്നേഹമുള്ള, ഞങ്ങളുടെ പ്രിയപ്പെട്ട ശ്രീമതി കെ. കെ. ശൈലജ ടീച്ചറും മുൻസ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനും കണ്ണട വാങ്ങിയതിനെക്കുറിച്ചുപോലും ആക്ഷേപം ഉന്നയിച്ചവരാണ് യു.ഡി.എഫ്.-കാർ. ഇതൊന്നും ക്ലച്ച് പിടിക്കാതായ സാഹചര്യത്തിലാണ് യു.ഡി.എഫ്. പുതിയ ആക്ഷേപങ്ങൾ ഉന്നയിക്കുന്നത്. ഇത്രയും ആക്ഷേപങ്ങൾ ഈ ഗവൺമെന്റിനെതിരെ ഉന്നയിക്കുമ്പോൾ കേന്ദ്ര സർക്കാരിനെക്കുറിച്ച് ഇവർ എന്തെങ്കിലും പറയുന്നുണ്ടോ? നോട്ട് നിരോധനം, സഹകരണ മേഖലയെ തകർക്കാനുള്ള നീക്കം, പൗരത്വ ഭേദഗതി ബിൽ, കർഷക സമരം, ലക്ഷദ്വീപിനെതിരെയുള്ള നീക്കം, തൊഴിലാളി വിരുദ്ധ നിയമങ്ങൾ, ഫെഡറൽ സംവിധാനങ്ങളെ തകർക്കാനുള്ള സമീപനം, കാശ്മീർ പ്രശ്നം, ജി.എസ്.ടി. സംബന്ധിച്ച കേന്ദ്ര നിലപാട്, ന്യൂനപക്ഷ വിരുദ്ധ നിലപാട്, കേരളത്തിനോടുള്ള അവഗണന, ജി.എസ്.ടി. കുടിശ്ശിക, പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കൽ എന്നിങ്ങനെ കേരളവുമായി ബന്ധപ്പെട്ട എത്രയെത്ര പ്രശ്നങ്ങളാണുള്ളത്. കോട്ടയത്തെ പേപ്പർ മിൽ സംബന്ധിച്ച് ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ, കടം വാങ്ങുന്നതിന് അനുമതി നിഷേധിക്കുന്ന പ്രശ്നങ്ങൾ, കിഫ്ബിക്കെതിരെയുള്ള സി.&എ.ജി. റിപ്പോർട്ടും അതുമായി ബന്ധപ്പെട്ട

പ്രശ്നങ്ങളും. ഇത്തരത്തിലുള്ള നിരവധി കാര്യങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ട്. ഇതിനെക്കുറിച്ചൊന്നും ഒരക്ഷരം നിയമസഭയിൽ പറയാനോ പ്രതികരിക്കാനോ തയ്യാറാകാത്ത പ്രതിപക്ഷം എന്റെയൊരു പ്രസംഗത്തിന്റെ കാര്യം കിട്ടിയപ്പോൾ അതിൽപ്പിടിച്ച് വന്നിരിക്കുകയാണ്. ആളുകളെ ആക്ഷേപിച്ച് കേരളത്തിന്റെ സമാധാനാന്തരീക്ഷം തകർക്കാനുള്ള ശ്രമമാണ് അവർ നടത്തുന്നത്. എ.കെ.ജി. സെന്റർ ആക്രമണം അതിന്റെ ഭാഗമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കൊല്ലാനല്ലേ ശ്രമിച്ചത്? ഈയിടെ ഞാൻ ആലപ്പുഴ പ്രസംഗിച്ചു. അതും ഭരണഘടനാ പ്രശ്നമാകുമോ എന്നെനിക്കറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാത്രചെയ്ത ഫ്ലൈറ്റിലുണ്ടായിരുന്ന മൂന്ന് അരോഗദൃഢഗാത്രർ മുഖ്യമന്ത്രിയെ ഫ്ലൈറ്റിൽവച്ച് ആക്രമിക്കാൻ ശ്രമംനടത്തി. ശ്രീ. ഇ. പി. ജയരാജൻ തടഞ്ഞില്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? അതിനെക്കുറിച്ച് ഇവിടെയാരും പറയുന്നില്ല. ഇവർ മൂന്നുപേരുംചേർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിച്ച് കൊലപ്പെടുത്തിയാൽ കേരളത്തിലുണ്ടാകുന്ന അവസ്ഥയെക്കുറിച്ച് യു.ഡി.എഫ്.-ന് നല്ല ധാരണയുണ്ട്. കേരളം കലാപകലുഷിതമാക്കാൻ അവർ നടത്തിയ ബോധപൂർവ്വമായ ശ്രമമായിരുന്നു ആ ആക്രമണം. അത് പരാജയപ്പെട്ടപ്പോഴാണ് കേരളത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയുടെ

കേന്ദ്രമായ എ.കെ.ജി. സെന്റർ ആക്രമിക്കാൻ തയ്യാറായത്. അതും പരാജയപ്പെട്ടു. അങ്ങനെ അക്രമങ്ങളും കൊലപാതക ശ്രമങ്ങളും നടത്തി കേരളത്തിൽ കലാപകലുഷിതമായ അന്തരീക്ഷമുണ്ടാക്കാനാണ് ഇവർ ശ്രമിക്കുന്നത്. ഡോ. മാത്യു കുഴൽനാടൻ നല്ല വക്കീലാണെന്നാണ് പറയുന്നത്. സംഘ്പരിവാർ ചായ്‌വുള്ള സ്വദേശി ജാഗരൺമഞ്ചിന്റെ നേതാവിനുവേണ്ടി കിഫ്ബിക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് വാദിച്ചത് ഡോ. മാത്യു കുഴൽനാടനാണ്. വികസനം തകർക്കുവാനുള്ള ആർ.എസ്.എസ്.-ന്റെ കോടാലിയായി അദ്ദേഹം പ്രവർത്തിക്കുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം കഴിഞ്ഞ ദിവസം സഭയിൽ പ്രസംഗം നടത്തി. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും കുടുംബത്തേയും ആക്ഷേപിച്ചുകൊണ്ടുള്ളതായിരുന്നു. "ഞാൻ വെല്ലുവിളിക്കുകയാണ്, എന്റെ വെല്ലുവിളി അങ്ങ് ഏറ്റെടുക്കണം" എന്നാണ് അദ്ദേഹം ഇന്നലെ പറഞ്ഞത്. പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായി ബന്ധപ്പെട്ട് യാതൊരു ബന്ധവുമില്ലാത്ത വസ്തുതകളാണ് ആരോപണങ്ങളായി ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകളെ അപകീർത്തിപ്പെടുത്താനുള്ള കുടിലബുദ്ധിയാണ് ഡോ. മാത്യു കുഴൽനാടൻ നടത്തിയത്. പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് ലോകത്തിലെ ഏറ്റവും വലിയ കൺസൾട്ടൻസി കമ്പനികളിലൊന്നാണ്.

കേരളം പോലുള്ള കൊച്ചുസംസ്ഥാനത്തെ ചെറിയ കരാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകളുടെ ബന്ധംവഴി നേടേണ്ട ഗതികേട് ആ കമ്പനിക്കില്ല. ആ കമ്പനിയെക്കുറിച്ച് പഠിച്ചതുകൊണ്ടാണ് ഞാനിത് പറയുന്നത്. 2022-23-ൽ കേരള ബഡ്ജറ്റിൽ വിവരസാങ്കേതിക മേഖലയ്ക്ക് 559 കോടി രൂപയാണ് അനുവദിച്ചത്. പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന്റെ 2021 വർഷത്തെ റവന്യൂ കാണിച്ചിരിക്കുന്നത് 45.14 ബില്ല്യൺ ഡോളറാണ്. നമ്മുടെ കണക്കിൽ 3.56 ലക്ഷം കോടി രൂപ. ഇത്രയും ആസ്തിയുള്ള സ്ഥാപനവുമായി എന്ത് ബന്ധം പറയാനാണ്? എന്തൊരു പച്ചക്കള്ളമാണ് പറയുന്നത്. ശ്രീ. ജയ്ക് ബാലകുമാറിന്റെ കാര്യം ഇവിടെ ഉന്നയിച്ചു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകൾതന്നെ പറഞ്ഞിട്ടുണ്ട്. അദ്ദേഹം കമ്പനിയുടെ മെന്ററല്ല. ഉന്നത വ്യക്തികളെ കമ്പനി ഡയറക്ടർ ബോർഡിൽ സാധാരണ നിയമിക്കാറുണ്ട്. അവരുടെ കസിന്റെ സുഹൃത്തായതുകൊണ്ട് നിയമിച്ചുവെന്ന് അവർ പറഞ്ഞിട്ടുണ്ട്. ശ്രീ. ജയ്ക് ബാലകുമാർ അമേരിക്കയിൽ ജോലി ചെയ്യുന്ന അമേരിക്കൻ പൗരത്വമുള്ള വ്യക്തിയാണ്. അദ്ദേഹത്തിന് ഏഷ്യയിലെ പ്രവർത്തനങ്ങളുമായി യാതൊരു ബന്ധവുമില്ല. ലളിതമായ ഭാഷയിൽപ്പറഞ്ഞാൽ സീനിയർ കണ്ടക്ടർ കേരളത്തിലെ കെ.എസ്.ആർ.ടി.സി.-യെയോ ഇലക്ട്രിസിറ്റി

ബോർഡിനെയോ പ്രവർത്തിപ്പിക്കാൻ മുൻകയ്യെടുക്കും എന്നുപറയുന്നതുപോലുണ്ട്. യാതൊരു ബന്ധവുമില്ലാത്ത ഒരാളെക്കുറിച്ച് ഡോ. മാത്യു കുഴൽനാടൻ ആക്ഷേപമുന്നയിച്ചത് ബോധപൂർവ്വമാണ്. പിന്നീട് അദ്ദേഹം പറഞ്ഞത് മെന്ററെ സംബന്ധിച്ചാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃത്യമായ മറുപടി പറഞ്ഞിട്ടുണ്ട്. ശ്രീമതി വീണാ വിജയന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഞാൻ പരിശോധിച്ചു. വർഷങ്ങളായി 'ഒറാക്കിൾ' എന്ന അമേരിക്കൻ കമ്പനിയിലടക്കം ഏറ്റവും ശ്രദ്ധേയമായി, പ്രശസ്തമായി പ്രവർത്തിക്കുന്ന വ്യക്തിയാണ് അവർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകളായതുകൊണ്ട്, അല്ലെങ്കിൽ മന്ത്രിമാരുടെ മക്കളായതുകൊണ്ട് അവർക്കാർക്കും ഒന്നും ചെയ്യാൻ പറ്റില്ലേ? എനിക്ക് മൂന്ന് പെൺകുട്ടികളാണ്. അവർ പഠിച്ച് ഏതെങ്കിലും ജോലിയോ ബിസിനസ്സോ ചെയ്യാൻ പോയാൽ എനിക്കെന്ത് ചെയ്യാൻ പറ്റും? അപ്പോൾ എക്സ്പീരിയൻസ്ഡായിട്ടുള്ള, 10 വർഷം ഒറാക്കിൾ പോലുള്ള ലോകപ്രശസ്ത ഐ.ടി. സ്ഥാപനത്തിൽ പ്രവർത്തിച്ച ഒരു വ്യക്തി ബിസിനസ്സിന്റെ ഭാഗമായി ഒരു കമ്പനി ആരംഭിച്ചതിലെന്താണ് അപമാനം; അതിനെ ഏതെല്ലാം തരത്തിലാണ് ആക്ഷേപിക്കുന്നത്? നിയമസഭ പോലുള്ള വേദിയിൽ തെറ്റായ കാര്യങ്ങൾ ഉന്നയിക്കുന്നതിനെയാണ് ഞാൻ ആർഗ്യൂ ചെയ്യുന്നത്. ഇതെല്ലാം

ഏഷ്യാനെറ്റിന്റെ ഇന്റർവ്യൂവിൽ അവർ പറഞ്ഞിട്ടുണ്ട്. ഇത്തരം ആരോപണം നിയമസഭയിൽ ഉന്നയിക്കുമ്പോൾ ഗൗരവമായൊരു പ്രശ്നമായി ഞാൻ കാണുന്നു. ഇത്തരം അസംബന്ധങ്ങൾ തെളിയിക്കാനാണ് ഡോ. മാത്യു കുഴൽനാടൻ ആവശ്യപ്പെടുന്നത്. അസംബന്ധങ്ങൾ തെളിയിക്കേണ്ട ജോലി ഞങ്ങൾക്കല്ല. അത് തെളിയിക്കാൻവേണ്ടി അദ്ദേഹംതന്നെ കെ.പി.സി.സി. ഓഫീസിൽ പത്രസമ്മേളനം നടത്തി. പക്ഷേ അത് പൊളിഞ്ഞുപോയി. വലിയ വക്കീലാണെന്ന് പറഞ്ഞിട്ടാണല്ലോ അദ്ദേഹമെല്ലാം പറയുന്നത്. ആ പത്രസമ്മേളനത്തിൽ ഇങ്ങനെയുള്ള കള്ളത്തരങ്ങൾ പറയുമ്പോൾ തെളിയിക്കാനുള്ള ബാധ്യതയുമുണ്ട്. അതുകൊണ്ട് കള്ളത്തരം പറഞ്ഞ, നിയമസഭയെ തെറ്റിദ്ധരിപ്പിച്ച അദ്ദേഹംതന്നെ ഇത് തെളിയിക്കാനുള്ള ബാധ്യത ഏറ്റെടുക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഇപ്പോൾതന്നെ 13 മിനിട്ട് അധികമായി.

ശ്രീ. സജി ചെറിയാൻ: സർ, സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട കാര്യത്തിലും തെറ്റായ കാര്യങ്ങളാണ് പ്രചരിപ്പിക്കുന്നത്. അതുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ആർ.എസ്.എസ്.-ന്റെ ബന്ധമുള്ള HRDS-ൽ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി

ഡയറക്ടറായിരുന്ന സ്വന്തമായി കാർ, വീട്, സെക്യൂരിറ്റി, വക്കീൽ എല്ലാമുണ്ടായിരുന്നയാളാണ്. അവർ 164-ാം വകുപ്പ് പ്രകാരം മൊഴി കൊടുത്തു. ഫെബ്രുവരി 18-ന് ഈ സ്ഥാപനത്തിന്റെ ജോലിക്കാരിയായി മാറുന്നതിനുമുമ്പ് അവർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നല്ലതായിരുന്നു. അദ്ദേഹം വളരെ ആരാധ്യനാണ്, ബഹുമാന്യനാണ്, പേഴ്സണലായി അറിയില്ല, അച്ഛനെപ്പോലെയാണ്, പേര് പറയാനായി ആരൊക്കെയോ സമ്മർദ്ദം ചെലുത്തുന്നു, കോൺസുലേറ്റ് ജനറലിനോടൊപ്പം മാത്രമാണ് അവിടെ പോയിട്ടുള്ളത് എന്ന് പറഞ്ഞ ഒരാൾ തെറ്റായ കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പറ്റി, ഈ പറയുന്ന ജോലി കിട്ടി 2022 ഫെബ്രുവരി 18-നുശേഷം ഉന്നയിക്കുന്നത് ബോധപൂർവ്വമാണ്. ഇത്തരം കാര്യങ്ങളെല്ലാം ഹൈലൈറ്റ് ചെയ്തുകൊണ്ട് കേരളത്തിൽ കലാപവും ആക്രമണവും സംഘടിപ്പിക്കാൻ നടത്തുന്ന യു.ഡി.എഫ്.-ന്റെ ഹീനമായ പരിശ്രമങ്ങൾക്കെതിരെ ജാഗ്രത വേണമെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ ഏറ്റവും പാവപ്പെട്ട ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തീരദേശത്തും ഉൾനാടൻ മേഖലയിലും അവശതയനുഭവിക്കുന്നവരെ സഹായിക്കാൻവേണ്ടി ഈ കഴിഞ്ഞ അഞ്ച് വർഷവും ഈ വർഷവും ശ്രീ. പിണറായി വിജയൻ ഗവൺമെന്റ്

നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ എല്ലാവരുടെയും പിന്തുണയോടുകൂടി കൂടുതൽ കാര്യക്ഷമമാക്കി മുന്നോട്ട് കൊണ്ടുപോകണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ**

(വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ്സ് ചെയ്തില്ല.)

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

(മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ്സ് ചെയ്തില്ല.)

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

(ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ

പ്രസ്സ് ചെയ്തില്ല.)

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളിയിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-2023 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ 6-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.32-ന് പിരിഞ്ഞു.)

* * * * *